# അഷ്ടാംഗസംഗ്രഹം

## ശാരീരസ്ഥാനം

BHARATHA VILASAM PRESS
TRICHUR

കെ. വി. യം.

ശ്രീഃ.

# അഷ്ടാംഗസംഗ്രഹം

## ശാരീരസ്ഥാനം.

"ലീലാപ്ലവം"

എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയത്.

വ്യാഖ്യാതാവ്:

കെ. വാസുദേവൻ മൂസ്സത്.

തൃശ്ശിവപേരൂർ

ഭാരതവിലാസം അച്ചുക്കൂടത്തിൽ

അച്ചടിച്ചത്.

1100.

വില ഉറുപ്പിക ഒന്ന്.

പകർപ്പവകാശം ടി. അച്ചുക്കൂടത്തിലേക്കുള്ളതാകുന്നു.

# വിഷയാനുക്രമം.


| അദ്ധ്യായം. | വിഷയം. | ഭാഗം. |
| --- | --- | --- |
| 1. | പുത്രകാമീയം ... ... ... | 1_31 |
| 2. | ഗർഭാവക്രാന്തി ... ... ... | 31_56 |
| 3. | ഗർഭോപചാരണീയം ... ... ... | 56_74 |
| 4. | ഗർഭവ്യാപത്ത് ... ... ... | 74_97 |
| 5. | അങ്ഗവിഭാഗം ... ... ... | 97_128 |
| 6. | സിരാവിഭാഗം ... ... ... | 129_148 |
| 7. | മർമ്മവിഭാഗം ... ... ... | 149_163 |
| 8. | പ്രകൃതിഭേദീയം ... ... ... | 163_183 |
| 9. | വികൃതിവിജ്ഞാനീയം ... ... ... | 183_192 |
| 10. | വികൃതേഹാവിജ്ഞാനീയം ... ... | 192_199 |
| 11. | വികൃതവ്യാധിവിജ്ഞാനീയം ... ... | 200_212 |
| 12. | ദൂതാദിവിജ്ഞാനീയം ... ... ... | 212_228 |

# മുഖവുര.

ശ്രീവാഗ്ഭടാചാൎയ്യകൃതമായ "അഷ്ടാംഗസംഗ്രഹ"ത്തിന്റെ സൂത്രസ്ഥാനം മിസ്റ്റർ കെ. വാസുദേവൻമൂസ്സതിനാൽ ഉണ്ടാക്കപ്പെട്ട "ലീലാപ്ലവം" എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടി, ഭാരതവിലാസം അച്ചുകൂടത്തിൽനിന്ന് ഇതിന്നു മുമ്പുതന്നെ അച്ചടിച്ചു പ്രസിദ്ധംചെയ്തിട്ടുണ്ടല്ലോ. അതിനെത്തുടൎന്നുകൊണ്ട് ശാരീരസ്ഥാനവും ഇതാ ലീലാപ്ലവവ്യാഖ്യാനത്തോടുകൂടിത്തന്നെ പ്രസിദ്ധംചെയ്യുന്നു എന്നത് ഈ ഗ്രന്ഥത്തെ സകൌതുകം പ്രതീക്ഷിച്ചിരിക്കുന്നവൎക്കു സന്തോഷകരമായ ഒരു സംഗതിയാണ്.

ശരീരത്തിന്റെ ഉല്പത്തിമുതൽ മരണംവരെയുള്ള ഭാവങ്ങളെ വിവരിക്കുന്നതാകകൊണ്ടാണ് "ശാരീരസ്ഥാനം" എന്ന് ഈ സ്ഥാനത്തിന്നു നാമകരണം ചെയ്തിട്ടുള്ളത്. ഈ സ്ഥാനത്തിൽ പന്ത്രണ്ട് അദ്ധ്യായങ്ങളാണുള്ളത്. ഈ പന്ത്രണ്ടദ്ധ്യായങ്ങളിലടങ്ങിയിട്ടുള്ള സംഗതികൾ "അഷ്ടാംഗഹൃദയ"ത്തിൽ ആറദ്ധ്യായങ്ങളെക്കൊണ്ടേ ആചാൎയ്യൻ പറഞ്ഞിട്ടുള്ളു. ഈ ഏകസംഗതികൊണ്ടുതന്നെ പ്രസ്തുതമായ "സംഗ്രഹ"ത്തിലെ ശാരീരസ്ഥാനത്തിന്നുള്ള വിഷയവൃത്തി ഏവരാലും ഊഹ്യമാകുന്നു.

ഈ ശാരീരസ്ഥാനം വൈദ്യന്മാരും വിദ്യാൎത്ഥികളും മാത്രമല്ല, പ്രായേണ എല്ലാ സ്ത്രീപുരുഷന്മാരും പഠിച്ചറിയേണ്ട വിഷയങ്ങളെക്കൊണ്ടു പൂൎണ്ണമായിട്ടാണിരിക്കുന്നത്. വിശേഷിച്ച് പുത്രകാമീയം, ഗൎഭാവക്രാന്തി, ഗൎഭോപചരണീയം, ഗൎഭവ്യാപത്ത് എന്ന ആദ്യത്തെ നാലദ്ധ്യായങ്ങളിൽ പറഞ്ഞിട്ടുള്ള സംഗതികൾ ദാമ്പത്യജീവിതത്തിൽ ഏൎപ്പെട്ടിരിക്കുന്ന സകലസ്ത്രീപുരുഷന്മാരും വായിച്ചു പഠിക്കേണ്ടതാണ്.

ശരീരത്തിലുള്ള അംഗങ്ങൾ, മൎമ്മങ്ങൾ, സിരകൾ മുതലായവയെപ്പററിയ നിരൂപണത്തിൽ ആയുൎവ്വേദാചാൎയ്യന്മാരുടെ ദൃഷ്ടി

എത്രത്തോളം സൂക്ഷ്മമായി ചെന്നിരുന്നു എന്ന് ഈ സ്ഥാനംകൊണ്ട് അറിയാവുന്നതാണ്. അംഗപരീക്ഷയുടെ വിഷയത്തിൽ ശവപരിശോധന നടത്തുവാൻ ഉപദേശിക്കുന്ന ആചാൎയ്യൻ, ആയുൎവ്വേദത്തെ അപൂൎണ്ണമെന്നും ശാരീരഭാഗത്തിൽ വികലമെന്നും പറയുന്ന പാശ്ചാത്യവൈദ്യന്മാരുടെ പ്രശംസകൾപോലും പാത്രമാകുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

ഏററവും ഗഹനവും വിഷയപൂൎണ്ണവുമായ ഈ ഗ്രന്ഥത്തെ വ്യാഖ്യാനിക്കുന്നതിൽ വ്യാഖ്യാതാവ് "ഇന്ദു"വ്യാഖ്യാതാവിനെത്തന്നെയാണ് അവലംബിച്ചിട്ടുള്ളത്. വ്യാഖ്യാനത്തെ സ്ഥാലീപുലാകന്യായേന പരിശോധിച്ചതിൽ ഇതു പാട്ടുള്ളേടത്തോളം ലളിതമായിരിക്കുന്നതുകൂടാതെ ഇന്ദുവ്യാഖ്യാതാവിൻെറ അഭിപ്രായങ്ങളെ വിശദീകരിക്കുവാൻ ഏററക്കുറെ ഉപകരിക്കുകയും ചെയ്യുന്നുണ്ടെന്നു കണ്ടിരിക്കുന്നു.

ആയുൎവ്വേദഗ്രന്ഥങ്ങളിൽ, ഔഷധങ്ങളുടെ ഭാഷാപൎയ്യായം പറയുന്ന സംഗതിയാണ് പ്രായേണ വൃദ്ധവൈദ്യന്മാരെപ്പോലും വിഭ്രമിപ്പിക്കുന്നതായ ഒരംശം. ആ വിഷയത്തിൽ നൈഘണ്ടുകന്മാരെ ആശ്രയിക്കയേ നിവൃത്തിയുള്ളു എന്ന നിലയിലാണിരിക്കുന്നത്. ഈ വ്യാഖ്യാതാവ് പല നിഘണ്ടുക്കളേയും ആശ്രയിച്ചിരിക്കയാൽ ചില പൎയ്യായങ്ങളുടെ കാൎയ്യത്തിൽ അല്പാല്പമായ അഭിപ്രായഭേദത്തിന്ന് ഇടവന്നേക്കാവുന്നതാണ്.

ഈ ശാരീരസ്ഥാനത്തെപ്പോലെ തന്നെ, ബാക്കിയുള്ള നിദാനം മുതലായ സ്ഥാനങ്ങളേയും ക്രമേണ വ്യാഖ്യാനിക്കുവാൻ മിസ്റ്റർ മൂസ്സതും പ്രസിദ്ധംചെയ്വാൻ ഭാരതവിലാസം അച്ചുകൂടക്കാരും ശ്രമിച്ചു കാണ്മാനാഗ്രഹിക്കയും, ആ ശ്രമം വിജയകരമായി വരുവാൻ പ്രാൎത്ഥിക്കയും ചെയ്യുന്നു.

തൃശ്ശിവപേരൂര്,
൧൦൯൯ കുംഭം ൨൩

എന്ന്
തൃശ്ശിവപേരൂർ തൈക്കാട്ട്
വാസുദേവൻ മൂസ്സ്.

# അഷ്ടാംഗസംഗ്രഹം.

## ശാരീരസ്ഥാനം.

(ലീലാപ്ലവവ്യാഖ്യാസഹിതം)

## പ്രഥമോഽദ്ധ്യായഃ.

അഥാതഃ പുത്രകാമീയമദ്ധ്യായം വ്യാഖ്യാസ്യാമഃ ।
ഇതിഹസ്മാഹുരാത്രേയാദയോ മഹർഷയഃ ॥

### വ്യാഖ്യാനപ്രാരംഭഃ.

ഗുരുവരചരണയുഗാരുണ-
സരസിജവിസൃമരപരാഗപരമാണുഃ ।
മാമകമാനസഹംസം
മേദുരമോദോദയം കുരുതാൽ ॥

ആദ്യത്തെ സ്ഥാനത്തിൽ തന്ത്രകാരൻ സർവ്വതന്ത്രവ്യാപകങ്ങളായ അർത്ഥങ്ങളുടെ സൂത്രണം ചെയ്തുവല്ലോ. ആ അർത്ഥങ്ങൾ ഈ തന്ത്രത്തിൽ എല്ലാ ഘട്ടങ്ങളിലും ആവശ്യമുള്ളവയാണ്; ഓരോ ഘട്ടത്തിലും പ്രത്യേകം പ്രത്യേകം പറയുക എന്നുവെച്ചാൽ തന്ത്രകാരനും ശിഷ്യന്മാർക്കും വലിയ ക്ലേശം നേരിടും; അതുകൊണ്ടാണ് അവയെ സൂത്രണംചെയ്തത്. ശേഷമുള്ള സ്ഥാനങ്ങളിൽ പ്രഥമസൂത്രിതമായ അർത്ഥസമൂഹത്തെ വിസ്തരിക്കുകയാണു ചെയ്യുന്നത്. ഈ തന്ത്രത്തിൽ പ്രാധാന്യേന ഉപേയമായിട്ടുള്ളത് ശരീരവും തദധിഷ്ഠാതൃഭൂതമായ ആയുസ്സുമാകയാൽ ദ്വിതീയസ്ഥാനത്തിങ്കൽ ശരീരത്തെയാണു വിഷയീകരിച്ചിട്ടുള്ളത്. ശാരീരസ്ഥാനത്തിൽ ആദ്യം ചെയ്യേണ്ടതു ശരീരസ്വരൂപനിർണ്ണയമാകുന്നു. ശരീര

സ്വരൂപപ്രാപ്തി ജനനത്തിന്നധീനമാണ്. ജനനമാകട്ടെ അതിന്നുള്ള കാരണങ്ങളെ ആശ്രയിച്ചിരിക്കുന്നു. ജനനകാരണങ്ങളിൽ പ്രാധാന്യം പിതാവിന്നാണ്. ആകയാൽ ആദ്യം പിതാവിന്റെ അനുഷ്ഠേയത്തെ പ്രദൎശിപ്പിക്കുന്നതിന്നായിട്ട് ആദ്യത്തെ അദ്ധ്യായം ആരംഭിക്കുന്നു. അഥാത ഇതി — അനന്തരം പുത്രകാമീയമെന്ന പേരായ അദ്ധ്യായത്തെ പറയുവാൻപോകുന്നു. ആത്രേയാദികളായ മഹൎഷിമാർ ഇങ്ങിനെ പറഞ്ഞു, പുത്രകാമീയം=പുത്രകാമന്മാൎക്കു ഹിതം (അതായത്തു പുത്രപ്രാപ്ത്യുപായപ്രദൎശകത്വേന ഹിതകരം) ആയിട്ടുള്ളത്; പുത്രകാമന്മാർ=പുത്രനെ ഇച്ഛിക്കുന്നവർ; എന്ന് അദ്ധ്യായസംജ്ഞയുടെ അൎത്ഥം.

അഥ ഖലു പുമാനേകവിംശതിവൎഷഃ കന്യാമതുല്യഗോത്രാം തുല്യാഭിജനാമസഞ്ചാരിരോഗകുലപ്രസൂതാം രൂപശീലലക്ഷണസമ്പന്നാമന്യൂനാവിനഷ്ടദന്തൌഷ്ഠകൎണ്ണനാസാനഖകേശസ്തനീം മൃദുമരോഗപ്രകൃതിമകപിലാമപിംഗലാമഹീനാധികാംഗീം ദ്വാദശവൎഷദേശീയാമമരഭുജഗസരിദചലവൃക്ഷപക്ഷിനക്ഷത്രാന്ത്യപ്രേഷ്യഭീഷണകനാമാന്യനുദ്വഹന്തീമനഘാമനിന്ദ്യാമനിന്ദ്യേന വിധിനോദ്വഹേൽ॥

സാ — 'അഥ' എന്നതിന്നു മംഗളമൎത്ഥം. ഏകവിംശതിവൎഷൻ, അതായത്തു ഇരുപത്തൊന്നുവയസ്സുചെന്ന പുരുഷൻ ലോകാചാരത്തിന്നു വിരോധമല്ലാത്ത വിധിയനുസരിച്ച് കന്യകയെ വിവാഹം ചെയ്യണം. വിവാഹം ചെയ്യപ്പെടുന്ന കന്യക ഗോത്രം ഒന്നായിട്ടുള്ളവളായിരിക്കരുതു. ഗോത്രം എന്നാൽ വസിഷ്ഠഗോത്രം, വിശ്വാമിത്രഗോത്രം എന്നു തുടങ്ങി ഓരോ ഋഷികളുടെ നാമത്തോടുകൂടി ലോകത്തിൽ പ്രസിദ്ധമായ വംശമെന്നൎത്ഥം. തുല്യമായ അഭിജനത്തോടുകൂടിയവളായിരിക്കയും വേണം. അഭിജനം=കുലം. ധനം, നടവടിമുതലായതുകൊണ്ടു തന്റെ തറവാടിനോടു തുല്യമായ തറവാട്ടിൽനിന്നുവേണം കന്യകയെ വിവാഹം ചെയ്യാനെന്ന സാരം. അപ്രകാരംതന്നെ കന്യക അസഞ്ചാരിരോഗകുലപ്രസൂത (=കുഷ്ഠംമുതലായ പകൎച്ചവ്യാധികളില്ലാത്തകുലത്തിൽ പിറന്നവൾ)യുമായിരിക്കണം. നല്ല രൂപഗുണം, സൽസ്വഭാവം, ശുഭലക്ഷണങ്ങൾ എന്നിവയോടുകൂടിയവളുമായിരിക്കണം. അന്യൂനങ്ങളായും അവിനഷ്ടങ്ങളായും ഇരിക്കുന്ന പല്ല്, ചുണ്ട്, കാത്, മൂക്ക്, നഖം, കേശം, സ്തനം എന്നിവയോടുകൂടിയവളുമായിരിക്കണം. ദന്താദികൾ ഉണ്ടായിട്ടില്ലാത്തവളോ ഉണ്ടായിട്ടു നശിച്ചവളോ ആയിരിക്കരുതെന്നു സാരം. അപ്രകാ

രംതന്നെ മൃദ്വി(=ശരീരംകൊണ്ടും സ്വഭാവംകൊണ്ടും മൃദുത്വമുള്ളവൾ) ആയിരിക്കയും വേണം. അരോഗപ്രകൃതിയായിരിക്കയും വേണം. കപില (പീതലോഹിതം) നിറമോ പിംഗല (അരുണലോഹിതം) നിറമോ ഉള്ളവളായിരിക്കരുത്. കൈ, കണ്ണ്, വിരൽ മുതലായ അംഗങ്ങൾ ഹീനങ്ങളായോ അധികങ്ങളായോ ഉള്ളവളുമായിരിക്കരുതു. ദ്വാദശവർഷദേശീയ (=ഏകദേശം പന്ത്രണ്ടുവയസ്സുചെന്നവൾ) ആയിരിക്കയുംവേണം. അപ്രകാരംതന്നെ അമരാദിനാമങ്ങളെ വഹിക്കാത്തവളുമായിരിക്കണം. അമരനാമങ്ങൾ=ശചീ, സഹസ്രാക്ഷീ, ഉമാ, ലക്ഷ്മീ മുതലായ പേരുകൾ. ഭുജഗനാമങ്ങൾ=ഗോധാ, തക്ഷകീ മുതലായ പേരുകൾ. സരിന്നാമങ്ങൾ=ഗംഗാ, യമുനാ, സരസ്വതീ തുടങ്ങിയ പേരുകൾ. അചലനാമങ്ങൾ=മേരുമലയവിന്ധ്യാദികളായ പേരുകൾ. വൃക്ഷനാമങ്ങൾ=മധൂകികാ, ബദരീ, ശമീ മുതലായ പേരുകൾ. പക്ഷിനാമങ്ങൾ=ഹംസീ, ബലാകാ, ചകോരീ, കോകിലാ മുതലായ പേരുകൾ. നക്ഷത്രനാമങ്ങൾ=രോഹിണീ, രേവതീ, മഘാ മുതലായ പേരുകൾ. അന്ത്യനാമങ്ങൾ=അന്ത്യജാതിക്കാരായ രജകചണ്ഡാലാദികളുടെ ഇടയിൽ പ്രസിദ്ധങ്ങളായ പേരുകൾ. പ്രേഷ്യനാമങ്ങൾ=ദാസന്മാർ ശില്പികൾ തുടങ്ങിയവരിൽ പ്രസിദ്ധങ്ങളായ പേരുകൾ. ഭീഷണകനാമങ്ങൾ=കേൾക്കുന്നവർക്ക് ഭയംതോന്നിക്കുന്ന അസൃഗാവലിമുതലായ പേരുകൾ. മേൽപറഞ്ഞപ്രകാരമുള്ള പേരുകളോടുകൂടിയവളെ വിവാഹംചെയ്യരുതെന്നു സാരം. അപ്രകാരം അനഘ (=നിർദ്ദോഷ)യും അനിന്ദ്യയുമായിരിക്കുന്ന കന്യകയെവേണം വിവാഹംചെയ്യാൻ.

തസ്യാം ഷോഡശവർഷായാം പഞ്ചവിംശതിവർഷഃ പുരുഷഃ പുത്രാർത്ഥം പ്രയതേത । തദാ ഹി തൌ പ്രാപ്തവീര്യൌ വീര്യാന്വിതമപത്യം ജനയതഃ । ഊനപഞ്ചവിംശതിവർഷേണോനഷോഡശവർഷായാമാഹിതോ ഗർഭഃ കുക്ഷിസ്ഥ ഏവ വിനാശമാപ്നുയാദല്പായുർബ്ബലാരോഗ്യവിഭവോ വാ സ്യാദ്വികലേന്ദ്രിയോ വാ । ഋതാവാദ്യേ ച രാത്രിത്രയേ തഥാ ദുഷ്ടേ ശുക്ലാർത്തവേ ഇതി॥

സാ—മേൽപ്രകാരം ചേർക്കപ്പെട്ട കന്യകക്കു പതിനാറുവയസ്സ് പ്രായമായാൽ അപ്പോഴക്ക് ഇരുപത്തഞ്ചുവയസ്സു പ്രായമായവനായ പുരുഷൻ അവളിൽ പുത്രോൽപാദനത്തിന്നായി പ്രയത്നംചെയ്യണം. ഇങ്ങിനെ വയസ്സ് ക്ലിപ്തപ്പെടുത്തുവാൻ കാരണമെന്തെന്നു പറയുന്നു. തദാ ഹി—അപ്പോൾ, അതായതു ഭാര്യക്കു പതിനാറും ഭർത്താവിന്നിരുപത

ഞ്ഞും വയസ്സാകുമ്പോൾ, ആ ദമ്പതിമാർ വീര്യാതിശയത്തോടുകൂടിയവരാകയും വീര്യാന്വിതമായ സന്താനത്തെ ഉൽപാദിപ്പിക്കയും ചെയ്യും. ഇരുപത്തഞ്ചുവയസ്സിൽ കുറഞ്ഞവനായ പുരുഷൻ പതിനാറുവയസ്സിൽ കുറഞ്ഞവളായ സ്ത്രീയിൽ ഗർഭോൽപാദനംചെയ്താൽ ആ ഗർഭം ചിലപ്പോൾ കുക്ഷിയിൽ കിടന്നുതന്നെ വിനാശത്തെ പ്രാപിക്കയും, ചിലപ്പോൾ ആയുസ്സും ബലവും ആരോഗ്യവും വിഭവവും കുറഞ്ഞിരിക്കയും, ചിലപ്പോൾ ഒന്നോ അധികമോ ഇന്ദ്രിയങ്ങൾക്കു വൈകല്യത്തോടുകൂടിയതായി ഭവിക്കയും ചെയ്യും. ദമ്പതിമാരുടെ വയസ്സുകുറവുകൊണ്ടുമാത്രമല്ലാ ഇങ്ങിനെ വരുള്ളൂ എന്നു പറയുന്നു. ഋതാവിതി— സ്ത്രീ ഋതുവായിട്ട് ആദ്യത്തെ മൂന്നു രാത്രിയിലും, അപ്രകാരംതന്നെ പുരുഷന്റെ ശുക്ലവും സ്ത്രീയുടെ രക്തവും ആഹാരവിഹാരാദികളെക്കൊണ്ട് വാതാദിദോഷങ്ങളാൽ ദുഷ്ടമായിരിക്കുമ്പോഴും ആധാനംചെയ്യപ്പെട്ട ഗർഭവും മേൽപ്രകാരം കുക്ഷിസ്ഥമായിട്ടുതന്നെ നശിക്കുക മുതലായവയോടുകൂടിയതായിഭവിക്കും.

അനന്തരം ശുക്ലാർത്തവങ്ങൾ എന്നുവെച്ചാൽ എന്താണെന്നും, അവ എങ്ങിനെ ഗർഭജന്മാദികളിൽ ഉപകരിക്കുമെന്നും, അവക്ക് എങ്ങിനെ ഉപഘാതം ഭവിക്കുമെന്നും പറയുന്നു:—

തത്രാഹാരസ്യ സമ്യക്പരിണതസ്യ ക്രമാന്മജ്ജാനമനുപ്രാപ്തസ്യ സാരഃ ശുക്ലസംജ്ഞാം ലഭതേ । തത്തു ക്ഷീര ഇവ സർപ്പിരിക്ഷുരസ ഇവ ഗുഡഃ ശരീരേ ശുക്ലധരാം കലാമാശ്രിത്യ സ്രുതം സർവ്വാംഗവ്യാപിതയാ സ്ഥിതമ് । വിശേഷതശ്ച മജ്ജമുഷ്കസ്തനേഷു । ഹർഷോദീരിതന്തു സംഘട്ടനേന ഹൃദയാവേശാൽ പിണ്ഡീഭൂതമംഗാദംഗാൽ പ്രവർത്തതേ । തൽ സൌമ്യം സ്നിഗ്ദ്ധം ഗുരു ശുക്ലം മധുഗന്ധി മധുരം പിച്ഛിലം ബഹു ബഹളം ഘൃതതൈലക്ഷൌദ്രാന്യതമവർണ്ണഞ്ച ശുക്ലം ഗർഭാധാനയോഗ്യം ഭവതി।

സാ— ചതുർവ്വിധമായ ആഹാരവും ഭക്ഷിച്ച് വഴിപോലെ പരിണാമത്തെ പ്രാപിച്ചിട്ടു ധാതുക്കളിലുള്ള അഗ്നിയെക്കൊണ്ടും ജഠരാഗ്നിയെക്കൊണ്ടും രസാദിധാതുക്കളിൽ ഓരോന്നിലും ക്രമേണ നയിക്കപ്പെട്ടുമല്ലോ. അങ്ങിനെ ക്രമത്തിൽ ധാതുക്കൾതോറും പ്രവേശിപ്പിക്കപ്പെട്ടുന്നതായ ആഹാരം മജ്ജധാതുവിൽ പ്രവേശിപ്പിക്കപ്പെട്ടാൽ ആ ആഹാരത്തിന്നു യാതൊരു സാരമുണ്ടോ അതുതന്നെയാണ് ശുക്ലം എന്ന സംജ്ഞയെ പ്രാപിക്കുന്നത്. ഈ ശുക്ലമെന്നതു മുകളിൽ പറയുവാൻ പോ

കുന്നതായ ശുക്ലധരാ എന്ന കലയെ ആശ്രയിച്ച് സൃതമായി ഭവിച്ചിട്ട് സൎവ്വാംഗങ്ങളിലും വ്യാപിച്ച നിലയിൽ സ്ഥിതിചെയ്യുന്നു. ദൃഷ്ടാന്തം പറയുന്നു. ക്ഷീരേ ഇതി—പാലിൽ നെയ്യ് യാതൊരുപ്രകാരമോ അതുപ്രകാരവും കരിമ്പിൻനീരിൽ ശൎക്കര യാതൊരുപ്രകാരമോ അതുപ്രകാരവും ആണ് ദേഹത്തിൽ ശുക്ലം സ്ഥിതിചെയ്യുന്നത്. പാലിൽ നെയ് കാണപ്പെടുന്നില്ലെങ്കിലും ക്രിയാസംസ്കാരാദികളെക്കൊണ്ട് അത് അഭിവ്യക്തമായിത്തീരുന്നു. അതുപോലെതന്നെ കരിമ്പിൻനീരിൽ ശൎക്കരയും. ഇങ്ങിനെതന്നെ ദേഹത്തിൽ സൎവ്വാംഗവ്യാപിയായും ദേഹസ്ഥിതമായ അവസ്ഥയിൽ അദൃശ്യമായും എന്നാൽ ക്രിയാസംസ്കാരാദിവശാൽ അഭിവ്യക്തമായിത്തീരാവുന്നവിധത്തിലും ആണ് ശുക്ലം സ്ഥിതിചെയ്യുന്നതെന്നു സാരം. പാൽ മുതലായവയിൽ നെയ് മുതലായവയുടെ അസ്തിത്വം അനുമാനലഭ്യമായതുപോലെ പ്രകൃതത്തിൽ ദേഹത്തിൽ ശുക്ലത്തിന്റെ അസ്തിത്വവും കണ്ടുകൊൾക. അഥവാ ഈ ദൃഷ്ടാന്തം കാൎയ്യകാരണമാത്രത്തിങ്കലാണെന്നു ഗ്രഹിച്ചുകൊൾക. ഈ ശുക്ലം ദേഹത്തിങ്കൽ സൎവ്വാംഗവ്യാപ്തമാണെന്നിരിക്കിലും മജ്ജ, വൃഷണം, സ്തനം എന്നിവയിൽ ഇതു വിശേഷിച്ചും സ്ഥിതിചെയ്യുന്നുണ്ട്. ഏവംഭൂതമായ ശുക്ലം അംഗനാസംയോഗത്തിങ്കൽ ഹൎഷത്താൽ ഉദീരിതമായി സംഘട്ടനം ഹേതുവായി ഹൃദയത്തെ ആവേശിച്ച് പിണ്ഡീഭൂതമായിട്ട് എല്ലാ അംഗങ്ങളിൽനിന്നും പ്രവൎത്തിക്കുന്നു. ഇങ്ങിനെയുള്ള ശുക്ലം സൌമ്യസ്നിഗ്ദ്ധാദിഗുണയുക്തമായിരുന്നാൽ അതു ഗൎഭാധാനയോഗ്യമായി ഭവിക്കുന്നു. സൌമ്യം=സോമഗുണഭൂയിഷ്ഠം. സ്നിഗ്ദ്ധം=മെഴുക്കുള്ളത്. ഗുരു=ഘനമുള്ളത്. മധുഗന്ധി=തേനിന്റെ ഗന്ധംപോലെയിരിക്കുന്ന ഗന്ധത്തോടുകൂടിയത്. മധുരം=മധുരരസത്തോടുകൂടിയത്. പിച്ഛിലം=വഴുപ്പുള്ളത്. ബഹു=വളരെയുള്ളത്. ബഹളം=നാതിഘനം. ഘൃത..................വൎണ്ണം=നെയ്, എണ്ണ, തേൻ ഇവയിലൊന്നിന്റെ വൎണ്ണംപോലെയിരിക്കുന്ന വൎണ്ണത്തോടുകൂടിയത്. ഏതദ്വിപരീതമായിരുന്നാൽ ആ ശുക്ലം ഗൎഭാധാനത്തിന്ന് അയോഗ്യമാണെന്നും ഗ്രഹിക്കേണ്ടതാണ്.

ഇപ്രകാരം ശുക്ലത്തിന്റെ സ്വരൂപം പറഞ്ഞിട്ട് ഇനി ആൎത്തവത്തിന്റെ സ്വരൂപത്തെപ്പറയുന്നു:—

**തഥാ രക്തമേവ ച സ്ത്രീണാം മാഃസ മാഃസേ ഗൎഭകോഷ്ഠമനുപ്രാപ്യ ത്ര്യഹം പ്രവൎത്തമാനമാൎത്തവമിത്യാഹുഃ । അതിപ്രസംഗേനാപ്രവൃത്തൌ വാ തദേവാസൃഗ്ദരം പ്രദരം വ്യാപദഞ്ച രക്തയോ**

നിസംജ്ഞാം ലഭതേ । തത്സാധനേ രക്തപിത്തചികിത്സിതം ഗുഹ്യരോഗപ്രതിഷേധം ചേക്ഷേത ॥

സാ—അപ്രകാരംതന്നെ സ്ത്രീകൾക്കു മാസംതോറും പ്രവർത്തിക്കുന്നതായ രക്തത്തെത്തന്നെ ആചാര്യന്മാർ ആർത്തവമെന്നു പറയുന്നു. എങ്ങിനെയിരിക്കുന്നതായ രക്തമെന്നുവെച്ചാൽ പറയുന്നു. ഗർഭകോഷ്ഠമിതി—സ്ത്രീകളുടെ ദേഹത്തിൽനിന്നെല്ലാം പുറപ്പെട്ടു് ഗർഭകോഷ്ഠത്തെ പ്രാപിച്ചു് മാസംതോറും മൂന്നുദിവസം ബഹിഃപ്രവർത്തിക്കുന്നതായ രക്തത്തെയാണ് ആർത്തവമെന്നു പറയുന്നതു്. രക്തം കേവലം ബഹിഃപ്രവർത്തിക്കുകമാത്രം ചെയ്യുന്നതുകൊണ്ടു് അതിന്നു് ആർത്തവമെന്ന സംജ്ഞ ലഭിക്കുന്നില്ല. ആർത്തവശബ്ദത്തിന്നു് ഋതുവിങ്കൽ ഭവിക്കുന്നതെന്നാണർത്ഥം. ഋതു എന്നുവെച്ചാൽ നിഷിക്തമായ ബീജത്തിന്റെ ഫലപ്രസവത്തിന്നനുഗുണമായ കാലമാകുന്നു. അങ്ങിനെയുള്ള ഋതുവിങ്കൽ ആദ്യത്തെ മൂന്നുദിവസം രക്തം തീർച്ചയായും ബഹിഃപ്രവർത്തിക്കുന്നതാകുന്നു. എന്നാൽ അതുതന്നെ അതിയായിട്ടു് ഋതുകാലത്തിങ്കലോ അങ്ങിനെയല്ലാത്ത കാലത്തിങ്കലോ പ്രവർത്തിക്കുന്നതായാൽ അസൃഗ്ദരം, പ്രദരം എന്നുമുതലായ സംജ്ഞയെ ലഭിക്കുന്നു. ഇതിന്റെ ലക്ഷണം മുകളിൽ പറയപ്പെടും. ഋതുലക്ഷണമാകട്ടെ ഇവിടെത്തന്നെ അടുത്തു പറയപ്പെടും. ഇനി രക്തത്തിന്റെ അതിപ്രവൃത്തിക്കുള്ള ചികിത്സയെ പറയുന്നു. തത്സാധന ഇതി—അതിന്റെ അതായതു അസൃഗ്ദരത്തിന്റെ സാധനത്തിങ്കൽ രക്തപിത്തത്തിന്നുള്ള ചികിത്സയേയും ഗുഹ്യരോഗപ്രതിഷേധത്തേയും നോക്കേണ്ടതാണ്. യോനിയിൽക്കൂടെയുള്ള രക്തത്തിന്റെ അതിപ്രവൃത്തി ചിലപ്പോൾ രക്തപിത്തമായും മററു ചിലപ്പോൾ ഗുഹ്യരോഗങ്ങളിലൊന്നായും പരിണമിക്കുമെന്നും ആകയാൽ അതിന്നു് ആ വക ചികിത്സകൾതന്നെ ചെയ്യേണമെന്നും സാരം.

ഇനി രക്തത്തിന്റെ അപ്രവൃത്തിയെപ്പററി പറയുന്നു:—

വാതകഫാവൃതമാർഗ്ഗാണാഞ്ചാപ്രവർത്തമാനം പിത്തളൈരുപചാരേൽ । തദ്ധി വർദ്ധമാനമപ്രവർത്തമാനം സശൂലമശൂലം വാ ജീവരഹിതം വാതളാന്യാസേവമാനായാ യോഷിതോ ഗർഭലിംഗാനി ദർശയൻ ഗുല്മീഭവതി । തത്ര ഗുല്മചികിത്സിതമീക്ഷേത ॥

സാ—മേല്പറഞ്ഞ ആർത്തവംതന്നെ ചിലപ്പോൾ, വാതകഫങ്ങളാൽ ആവരണം ചെയ്യപ്പെട്ട രക്തമാർഗ്ഗത്തോടുകൂടിയവരായ സ്ത്രീകൾക്കു പുറമേ പ്രവർത്തിക്കുകയില്ല. അപ്രകാരം അപ്രവർത്തമാനമായ രക്തത്തെ പി

തളങ്ങളായ ദ്രവ്യങ്ങളെക്കൊണ്ട് ഉപചരിക്കണം. എന്തുകൊണ്ടെന്നാൽ പറയുന്നു. തദ്രീതി— ആ രക്തം പുറത്തുപോകാതെ ഉള്ളിൽ തന്നെ നിന്നു വർദ്ധിക്കുന്നതായിട്ട്, അന്തർഭാഗത്തിങ്കൽ മഹാസ്രോതസ്സിൽ നിക്ഷിപ്തമായ ശുക്ലത്തോടുകൂടിയോ കൂടാതെയോ വലുതായിത്തീരും. യാതൊരു സ്ത്രീ വാതകരങ്ങളായ ആഹാരങ്ങളെ സേവിക്കുന്നുവോ അവർക്ക് ആ വർദ്ധമാനമായ രക്തം ജീവനില്ലാതെ ഗർഭചിഹ്നങ്ങളെ (അതായത് മുലയിൽ പാൽവരിക മുതലായവയെ) കാണിക്കുന്നതായി ഭവിച്ചിട്ട് ഗുന്മനായി പരിണമിക്കും. ഇങ്ങിനെ രക്തഗുന്മനായി പരിണമിച്ചതായ രക്തത്തിന്റെ സാധനത്തിന്നു ഗുന്മചികിത്സയെ നോക്കേണ്ടതാണ്. ഇങ്ങിനെയുള്ള രക്തത്തിന്നു ഗുന്മചികിത്സയിൽ പ്രത്യേകം ചികിത്സ പറയപ്പെട്ടിട്ടുണ്ട്.

കദാചിദ്വാ ഗർഭ ഇവ വാതോദരം ഭവതി തദ്വാതോപശമനൈരുപശാമ്യതി ॥

സാ— ചിലപ്പോൾ മേൽപ്രകാരം അന്തർഭാഗത്തിങ്കൽ അപ്രവൎത്തമാനമായ രക്തം ഗുന്മലക്ഷണങ്ങളോടുകൂടാതെയും ഗർഭം എന്നപോലെ (അതായത് കേവലം ഗർഭസാദൃശ്യത്തോടുകൂടിയതായിട്ട്) ഭവിച്ച് വാതോദരമായി പരിണമിക്കും. അതു വാതോപശമനങ്ങളായ ദ്രവ്യങ്ങളെക്കൊണ്ട് ഉപശമിക്കും.

തദേവ കദാചിദാൎത്തവം സൌമ്യൈൎബ്ബൃംഹണൈൎമ്മതിരാഹാരവിഹാരൈഃ സ്തംഭിതമനുപദ്രവമേവോദരം ഗർഭാധിഷ്ഠിതമിവ വൎദ്ധയതി । യേന താമഗൎഭാം ഗർഭിണീമാഹുൎമ്മൂഢാഃ । തതോ വിപരീതൈസ്തൂദ്ഭൃതാ വാ പ്രവൃത്തേ രക്തേ ഗർഭശരീരമപശ്യന്തോ ഭൂതഹൃതമിത്യജ്ഞാ ബ്രുവതേ । യസ്മാത്സംഭവത്യോജസോപഹരണം രക്ഷോഭിസ്തു ശരീരാപഹരണമശിഷ്ടപാദശകേഭ്യാ । ഇച്ഛാശക്ത്യാഹി പ്രവൃത്തേരുപലബ്ധിഃ । ന ച ദൃശ്യതേ കസ്യചിദമാനുഷൈർദ്ദേഹോപഹാരഃ ॥

സാ— ചിലപ്പോൾ ആ ആൎത്തവംതന്നെ സൌമ്യങ്ങളായും ബൃംഹണസ്വഭാവങ്ങളായുമിരിക്കുന്ന ആഹാരവിഹാരങ്ങളാൽ സ്തംഭിതമായിട്ട് യാതൊരുപദ്രവത്തോടുംകൂടാതെ തന്നെ ഉദരത്തെ വർദ്ധിപ്പിക്കും. എന്നാൽ ഉദരം ഗർഭത്താൽ അധിഷ്ഠിതമായതുപോലെ തോന്നും. അതു ഹേതുവായിട്ട് യാഥാൎത്ഥ്യപരിജ്ഞാനബഹിഷ്കൃതന്മാരായ മൂഢന്മാർ ഗർഭമില്ലാത്തവളായിത്തന്നെയിരിക്കുന്ന സ്ത്രീയെ ഗർഭിണി എന്നു പറഞ്ഞു

ന്നു. അനന്തരം ആ രക്തവൃദ്ധിക്കു കാരണമായ സൌമ്യദ്രവ്യങ്ങൾക്കു വിപരീതങ്ങളായ വസ്തുക്കളെക്കൊണ്ടോ അഥവാ യദൃച്ഛയാതന്നെയോ ആ രക്തം പ്രവൃത്തമാകയും ഗൎഭശരീരത്തെ കാണാതാകയും ചെയ്യുമ്പോൾ ആ മൂഢന്മാർ ഗൎഭം ഭൂതത്താൽ ഹൃതമായി എന്നു പറയുന്നു. രക്ഷസ്സുകൾ ഓജസ്സിനെയാണപഹരിക്കുക, ശരീരത്തെയല്ല. ശരീരത്തെ അപഹരിക്കുന്നതു രക്ഷസ്സുകൾക്ക് അനിഷ്ടമാണ്. അതിന്നവൎക്കു ശക്തിയുമില്ല. ശക്തിയുണ്ടെങ്കിലും അനിഷ്ടമായ കാൎയ്യത്തിൽ പ്രവൎത്തിക്കാതിരിക്കുന്നതും, കാൎയ്യം ഇഷ്ടമാണെങ്കിലും ശക്തിയില്ലെങ്കിൽ പ്രവൎത്തിക്കാതിരിക്കുന്നതും പതിവാണ്. ശരീരാപഹരണത്തിന്നാകട്ടെ രക്ഷസ്സുകൾക്കു ഇഷ്ടവുമില്ല ശക്തിയുമില്ല. അതുകൊണ്ട് അതു സംഭാവ്യമല്ലെന്നു സാരം. എന്നുമാത്രമല്ല അമാനുഷരായ ഭൂതാദികൾ ദേഹത്തെ അപഹരിച്ചതായി കേട്ടിട്ടുമില്ല.

**യദി ച ദൃഷ്ടമപി സമുല്ലംഘ്യ കേചിദതിശക്തിയുക്താ ഗൎഭസ്യ ശരീരാക്ഷേപേ പ്രവൎത്തന്തേ തദാ കഥമിവ പ്രാപ്താവസരാസ്തുജ്ജനനീമുപേക്ഷേരൻ ॥**

സാ—ഇനി ഏററവും ശക്തിയോടുകൂടിയവരും മാതാവിന്റെ ശരീരാപഹരണത്തിന്നുകൂടി സാമൎത്ഥ്യമുള്ളവരുമായ ഭൂതങ്ങൾ ദേഹാപഹരണത്തിങ്കൽ പ്രവൎത്തിക്കുന്ന പക്ഷം നല്ല അവസരത്തിൽ കണ്ടെത്തിയ ഗൎഭമാതാവിനെ എങ്ങിനെ ഉപേക്ഷിക്കും? സ്ഥൂലമായും ധാരാളം ഉപയോഗാൎഹമായും ഇരിക്കുന്ന മാതാവിന്റെ ദേഹത്തെ വിട്ട് ഏററവും സൂക്ഷ്മമായ ശിശുവിന്റെ ദേഹത്തെ ഭൂതങ്ങൾ അപഹരിക്കുമോ? അതുകൊണ്ട് ഭൂതാപഹരണശങ്ക അടിസ്ഥാനരഹിതമായിട്ടുണ്ടാകുന്നതാണെന്നു സാരം.

ശുദ്ധമായ ആൎത്തവത്തിന്റെ ലക്ഷണം പറയുന്നു:—

**ആൎത്തവം പുനശ്ശശരുധിരലാക്ഷാരസോപമം ധൌതഞ്ച വിരജ്യമാനം ശുദ്ധമാഹുഃ ॥**

സാ—മേൽപറഞ്ഞതായ ആൎത്തവം ശശരുധിരോപമത്വാദികളോടുകൂടിയതായിരുന്നാൽ അതിനെ ശുദ്ധമെന്ന് ആചാൎയ്യന്മാർ പറയുന്നു. ശശ......................പമം=മുയലിന്റെ രക്തത്തോടും കോലരക്കിന്റെ ചാറോടും സദൃശം. ധൌതമായാൽ വിരജ്യമാനം=വസ്ത്രത്തിന്മേൽ പററിയിട്ട് കഴുകിയാൽ പോകുന്നതു.

**യഥാ ച ബാലസ്യ ജീൎണ്ണസ്യ വാ തരോഃ പുഷ്പഫലം പുഷ്പ**

ഫലസ്യ വാ തദ്വിധസ്യ ഗന്ധോ നോപലഭ്യതേ തഥൈവ നോന ഷോഡശാതീതസപ്തതിവർഷസ്യ പുംസഃ ശുക്ലരോമാദയോ യോഷിതശ്ചാനദ്വാദശാതീതപഞ്ചാശദ്വർഷായാ രജസ്തന്യാദയ ഇതി ॥

സാ—യാതൊരുപ്രകാരം ഏറ്റവും ഇളയതായോ ജീർണ്ണമായോ ഉള്ള മരത്തിന്നു പൂവും കായും ഉണ്ടാകുന്നില്ലയോ, അതുപോലെയുള്ള (അതായതു ഏറ്റവും ഇളയതോ ജീർണ്ണമോ ആയ) പൂവിന്നും കായിന്നും ഗന്ധം ഉണ്ടാകുന്നില്ലയോ അതുപ്രകാരംതന്നെ പതിനാറു വയസ്സിൽ കുറഞ്ഞവനും എഴുപതുവയസ്സിൽ കവിഞ്ഞവനുമായ പുരുഷന്നു ശുക്ലം രോമം മുതലായവയും, പന്ത്രണ്ടുവയസ്സിൽ കുറവോ അമ്പതുവയസ്സിൽ കൂടുതലോ ആയ സ്ത്രീക്കു് രജസ്സ് (=ആർത്തവം) മുലപ്പാൽ മുതലായവയും ഉണ്ടാകുന്നില്ല. പുരുഷന്നു ശുക്ലവും സ്ത്രീക്കു് ആർത്തവവും സ്വതേ ഉണ്ടായിരുന്നാലും അവ ദേശകാലവശാൽ മാത്രമേ വ്യക്തമായി ഭവിക്കുകയുള്ളുവെന്നു സാരം. [ഇവിടെ രോമശബ്ദത്തിന്നു ഗുഹ്യാദിരോമമെന്നുള്ള അർത്ഥത്തെ ഗ്രഹിക്കണം.]

അഥ ശുദ്ധശുക്ലാർത്തവമരോഗം മിഥഃസാനുരക്തം മിഥുനമുപസ്നേഹ്യ വിധിവത്സംശോധ്യാസ്ഥാപനാനുവാസനാഭ്യാമുപാചരേൽ । വിശേഷതസ്തു ഘൃതക്ഷീരവദ്ഭിർമ്മധുരൌഷധസംസ്കാരൈഃ പുരുഷം । തൈലേന നാരീം പിത്തളൈശ്ച മാംസൈഃ । ഏവം ഹി സമാനഗുണതയാ ശുക്ലാർത്തവമാപ്യായതേ ॥

സാ—അനന്തരം ശുദ്ധമായ ശുക്ലാർത്തവങ്ങളോടുകൂടിയും രോഗങ്ങളോടുകൂടാതെയുമിരിക്കുന്നവരും അന്യോന്യാനുരാഗത്തോടുകൂടിയവരുമായ സ്ത്രീപുരുഷന്മാരെ വിധിപോലെ സ്നേഹോപചാരവും സംശോധനവും ചെയ്യിച്ചിട്ടു് കഷായവസ്തികൊണ്ടും സ്നേഹവസ്തികൊണ്ടും ഉപചരിക്കണം. ഇങ്ങിനെ ചെയ്യുന്നതു പ്രശസ്തങ്ങളായ തിഥിമുഹൂർത്തനക്ഷത്രങ്ങളിലും ആർത്തവത്തിന്നടുത്ത കാലത്തും വേണ്ടതാണ്. ഇത്രയും പറഞ്ഞതു സ്ത്രീപുരുഷന്മാർക്കു രണ്ടുപേർക്കും സാമാന്യമായി ചെയ്യേണ്ടതാണ്. പ്രത്യേകം ചെയ്യേണ്ടതിനെ പറയുന്നു. വിശേഷത ഇതി—വിശേഷിച്ചും പുരുഷനെ നെയ്യ് പാൽ എന്നിവയോടു ചേർന്നവയായും മധുരസ്വാദുനിഷ്ടങ്ങളായുമിരിക്കുന്ന ഔഷധാന്നസംസ്കാരങ്ങളെക്കൊണ്ടു് ഉപചരിക്കണം. സ്ത്രീയെയാകട്ടേ തൈലംകൊണ്ടും പിത്തവർദ്ധനങ്ങളായ മാംസങ്ങളെക്കൊണ്ടും ഉപരിക്കണം. ആനൂപസത്വങ്ങളുടെ മാംസങ്ങൾ

പിത്തവൎദ്ധനങ്ങളാകുന്നു. ഇപ്രകാരം ചെയ്താൽ ശുക്ലാൎത്തവങ്ങൾ രണ്ടും സമാനഗുണങ്ങളായ ദ്രവ്യങ്ങളുടെ സംയോഗംനിമിത്തം വൎദ്ധിക്കും.

ഇനി ശുക്ലാൎത്തവങ്ങളുടെ ദോഷങ്ങളെ വിവരിക്കുന്നു:—

വാതപിത്തശ്ലേഷ്മകുണപഗന്ധിഗ്രന്ഥിപൂയക്ഷീണമൂത്രപുരീഷരേതാംസി ത്വബീജാനി ഭവന്തി । തത്ര തനു രൂക്ഷം ഫേനിലമരുണമല്പം വിച്ഛിന്നം സരുജം ചിരാച്ച നിഷിച്യതേ വാതേന । കിഞ്ചിൽ പീതമപിച്ഛിലമാനീലം വാ ഓഷാദിവ പ്രവൎത്തതേ പിത്തേന । മജ്ജോപസംസൃഷ്ടം പ്രഭൂതം വിബദ്ധം ചാംഭസി ച കിഞ്ചിന്മജ്ജതി ശ്ലേഷ്മണാ । കുണപഗന്ധ്യനല്പം രക്തേന । ഗ്രന്ഥിഭൂതം വാതശ്ലേഷ്മഭ്യാം । പൂതിപൂയനിഭം പിത്തശ്ലേഷ്മഭ്യാം । ക്ഷീണം വാതപിത്താഭ്യാം । തദുക്തം സസാധനം പ്രാക് । മൂത്രപുരീഷഗന്ധി സന്നിപാതേന ॥

സാ—അവയിൽവെച്ച് ആഹാരാദിവശാൽ അശുദ്ധങ്ങളായ രേതസ്സുകൾ (=ശുക്ലങ്ങൾ) വാതശുക്ലം, പിത്തശുക്ലം, കഫശുക്ലം, കുണപഗന്ധിശുക്ലം, ഗ്രന്ഥിശുക്ലം, പൂയശുക്ലം, ക്ഷീണശുക്ലം, മൂത്രശുക്ലം, പുരീഷശുക്ലം എന്നിവയാകുന്നു. ദുഷ്ടങ്ങളായ ആ ശുക്ലങ്ങൾ അബീജങ്ങൾ(അതായതു ഗൎഭാധാനത്തിന്ന് അശക്തങ്ങൾ) ആകുന്നു. അനന്തരം വാതാദിദുഷ്ടമായ ശുക്ലത്തിന്റെ ലക്ഷണത്തെ ദോഷക്രമേണ പറയുന്നു. തത്രേതി— വാതത്താൽ ദുഷ്ടമായ ശുക്ലം തനുവായും രൂക്ഷമായും നുരയോടുകൂടിയതായും അരുണവൎണ്ണമായും അല്പമായും ഭവിക്കും. അതു മുറിഞ്ഞുംകൊണ്ടും വേദനയോടുകൂടിയും ചിരനേരംകൊണ്ടും പ്രവൎത്തിക്കും. പിത്തദുഷ്ടമായ ശുക്ലം അല്പം മഞ്ഞനിറത്തോടുകൂടിയതായോ അപിച്ഛിലം (=വഴുപ്പില്ലാത്തത്) ആയോ ഈഷന്നീലമായോ പ്രവൎത്തിക്കും. പ്രവൃത്തികാലത്തിൽ ശുക്ലദ്വാരം എരിയുന്നതുപോലെ തോന്നുകയും ചെയ്യും. കഫത്താൽ ദുഷ്ടമായ ശുക്ലം മജ്ജധാതുവിനോടു കലൎന്നതായും ധാരാളമായും വിബദ്ധമായും പ്രവൎത്തിക്കും. അതു ജലത്തിൽ വീഴ്ത്തിയാൽ കുറച്ചൊന്നു മുങ്ങുകയും ചെയ്യും. കുണപഗന്ധി എന്നതു രക്തത്താൽ ദൂഷിതമായ ശുക്ലമാകുന്നു. അതു ശവത്തിന്റെ ഗന്ധംപോലെയിരിക്കുന്ന ഗന്ധത്തോടുകൂടിയതായും അനല്പമായും ഭവിക്കും. ഗ്രന്ഥിശുക്ലം വാതകഫങ്ങളാൽ ദൂഷിതമാകുന്നു. ആയതു കട്ടപിടിച്ചുംകൊണ്ടിരിക്കും. പൂയശുക്ലം പിത്തകഫങ്ങളാൽ ദൂഷിതമാകുന്നു. അതു ദുൎഗ്ഗന്ധത്തോടുകൂടിയതായും ചലംപോലെയുള്ളതായും ഭവിക്കും. ക്ഷീണശുക്ലം വാതപിത്തങ്ങളാൽ ദൂഷിതമാകുന്നു. അതു ശുക്ലത്തിനുള്ള ക്ഷയംതന്നെയാകുന്നു. വാതപിത്ത

ങ്ങളാൽ ചെയ്യപ്പെടുന്നതായ ശുക്ലക്ഷയത്തിന്റെ ലക്ഷണം മുമ്പ് (അതായതു ദോഷാദിവിജ്ഞാനീയത്തിൽ) അതിനുള്ള ചികിത്സയോടുകൂടി പറയപ്പെട്ടിട്ടുണ്ട്. മൂത്രശുക്ലം മൂത്രത്തിന്റെ ഗന്ധമുള്ളതായ ശുക്ലവും, പുരീഷശുക്ലം മലത്തിന്റെ ഗന്ധമുള്ളതായ ശുക്ലവുമാകുന്നു. ഇവയുടെ ഉൽപത്തി ത്രിദോഷങ്ങളുടെ സന്നിപാതംകൊണ്ടാകുന്നു. ഇങ്ങിനെ വാതാദികളാൽ വെവ്വേറെയായും സംസർഗ്ഗസന്നിപാതങ്ങളെക്കൊണ്ടുമുള്ള ശുക്ലദോഷം പറയപ്പെട്ടു. ഇനി ആർത്തവദോഷത്തെ പറയുന്നു.

**ആർത്തവമപി ശുക്ലവദ്ദോഷൈരുപസൃഷ്ടമബീജമേവ । തസ്യ ലിംഗം നാമ ച പൂർവ്വവൽ ॥**

സാ— സ്ത്രീയുടെ ആർത്തവവും പുരുഷന്റെ ശുക്ലമെന്നപോലെതന്നെ വാതാദിദോഷങ്ങളാൽ ദൂഷിതമായിത്തീർന്നാൽ അബീജം (=ഗർഭഗ്രഹണാക്ഷമം) തന്നെയാകുന്നു. ആർത്തവദോഷത്തിന്റെ ലക്ഷണവും പേരും ശുക്ലത്തിന്റേതുപോലെതന്നെ. എന്നുവെച്ചാൽ വാതാർത്തവം, പിത്താർത്തവം, കഫാർത്തവം, കുണപഗന്ധ്യാർത്തവം, ഗ്രന്ഥ്യാർത്തവം, പൂയാർത്തവം, ക്ഷീണാർത്തവം, മൂത്രാർത്തവം, പുരീഷാർത്തവം എന്നിങ്ങിനെയാണ് ആർത്തവദോഷത്തിന്റെ പേരുകളെന്നും ഇവക്കു ക്രമത്തിൽ ശുക്ലത്തിനു പറഞ്ഞതുപോലെതന്നെ തരുക്ഷതാദികളായ ലക്ഷണങ്ങൾ ഭവിക്കുമെന്നും താല്പര്യം.

ഇനി ശുക്ലാർത്തവദോഷങ്ങളുടെ സാദ്ധ്യാസാദ്ധ്യനിരൂപണവും സാധനോപായവും പറയുന്നു.

**തേഷു കുണപഗ്രന്ഥിപൂയക്ഷീണരേതാംസി കൃച്ഛ്രസാദ്ധ്യാനി । മൂത്രപുരീഷശുക്ലാർത്തവം ത്വസാദ്ധ്യം കുണപഗ്രന്ഥിപൂയാർത്തവഞ്ച । തത്രാദ്യാംസ്ത്രീൻ ശുക്ലാർത്തവദോഷാൻ യഥാസ്വം ദോഷസാധനേന സാധയേൽ । ഗുഹ്യയോനിരോഗപ്രതിഷേധേന ചോഭയാൻ ॥**

സാ— ദുഷ്ടങ്ങളായ ആ ശുക്ലാർത്തവങ്ങളിൽവെച്ച് കുണപഗന്ധി, ഗ്രന്ഥിശുക്ലം, പൂയശുക്ലം, ക്ഷീണശുക്ലം എന്നിവ കൃച്ഛ്രസാദ്ധ്യങ്ങളാകുന്നു. മൂത്രംകൊണ്ടും പുരീഷംകൊണ്ടുമുള്ള ശുക്രാർത്തവങ്ങൾ രണ്ടും അസാദ്ധ്യങ്ങളാകുന്നു. കുണപാർത്തവം, ഗ്രന്ഥ്യാർത്തവം, പൂയാർത്തവം എന്നിവയും അസാദ്ധ്യങ്ങളാകുന്നു. അവ ഒരിക്കലും പ്രജോൽപാദനശക്തങ്ങളായി ഭവിക്കുകയില്ലെന്നു സാരം. അവയിൽവെച്ച് സാദ്ധ്യങ്ങളായിട്ടുള്ള ആദ്യത്തെ മൂന്നുതരം ശുക്ലാർത്തവദോഷങ്ങളെ (അതായതു വാതാദി

കളെക്കൊണ്ടുള്ളവയെ) യഥാസ്വം വാതാദിദോഷങ്ങൾക്കുള്ള ഔഷധങ്ങളെക്കൊണ്ടു സാധിപ്പിക്കണം. ഗുഹ്യരോഗങ്ങളുടേയും യോനിരോഗങ്ങളുടേയും പ്രതിഷേധത്തിങ്കൽ പറയപ്പെട്ട വിധിയനുസരിച്ചുള്ള ചികിത്സയെക്കൊണ്ടും സാധിപ്പിക്കണം. ദോഷങ്ങൾക്കുള്ള ചികിത്സയും ഗുഹ്യയോനിരോഗങ്ങളിലുള്ള ചികിത്സയും ചെയ്താൽ അവ ശമിക്കുമെന്നു സാരം.

അപി ച— വാതികേ ശുക്ലാർത്തവേ വസുകസൈന്ധവഫലാമ്ലസിദ്ധം യവക്ഷാരപ്രതീവാപം സർപ്പിഷ്പാനം । വില്വവിദാരീസിദ്ധം ക്ഷീരയുക്തമാസ്ഥാപനം । മധുകഭദ്രദാരുസിദ്ധം തൈലമനുവാസനം । ക്ഷീരകുളീരരസസിദ്ധം തൈലമുത്തരവസ്തിഃ । പൈത്തികേ കാണ്ഡേക്ഷുശ്വദംഷ്ട്രാഗുളൂചീസിദ്ധം മൂർവ്വാമധുകപ്രതീവാപം സർപ്പിഷ്പാനം । ത്രിവൃച്ചൂർണ്ണസ്സഘൃതോ വിരേകഃ । പയസ്യാശ്രീപർണ്ണീസിദ്ധം ക്ഷീരയുക്തമാസ്ഥാപനം । മധുകമുൽഗപർണ്ണീസിദ്ധം തൈലമനുവാസനമുത്തരവസ്തിശ്ച । ശ്ലൈഷ്മികേ പാഷാണഭേദാശ്മന്തകാമലകക്വാഥസിദ്ധം പിപ്പലീമധുകചൂർണ്ണപ്രതീവാപം സർപ്പിഷ്പാനം । മദനഫലകഷായോ വമനം । ദന്തീവിളംഗചൂർണ്ണസ്ത്രൈഫലലീഢോ വിരേകഃ । രാജവൃക്ഷമദനഫലകഷായഃപ്രഗാഢമാസ്ഥാപനം । മധുകപിപ്പലീസിദ്ധം തൈലമനുവാസനമുത്തരവസ്തിശ്ച ॥

സാ— 'അപി ച' എന്നാദിയായി വിശേഷചികിത്സയെ പറയുന്നു. വാതംകൊണ്ടുള്ള ശുക്ലദോഷങ്ങളിൽ വസുകാദികളെക്കൊണ്ടു സിദ്ധമായി യവക്ഷാരം പ്രതീവാപമായി ചേർത്തിട്ടുള്ള നെയ്യു പാനം ചെയ്യണം. വസുകം=രോമകം (താർതാവൽ). സൈന്ധവം-മാണിമന്ഥം (ഇന്തുപ്പ്). ഫലാമ്ലം=ദാഡിമാദി. യവക്ഷാരം=ചവൽക്കാരം. പ്രതീവാപമെന്നാൽ സിദ്ധമായ ഘൃതത്തിൽ ചൂർണ്ണത്തെ പിന്നെ ചേർക്കപ്പെടുന്ന വസ്തുവാകുന്നു (കല്കം). വില്വം (=കൂവളം). വിദാരീ(=മുതുക്കിൻകിഴങ്ങു) എന്നിവകൊണ്ടു ക്വാഥകല്പനാനുസാരേണ ഉണ്ടാക്കപ്പെട്ടതായ കഷായത്തിൽ പാലും ചേർത്തു അതുകൊണ്ടു കഷായവസ്തിയേയും ചെയ്യണം. മധുകം (=എരട്ടിമധുരം) ഭദ്രദാരു(=ദേവതാരം) എന്നിവകൊണ്ടു കാച്ചിയ തൈലംകൊണ്ടു സ്നേഹവസ്തിയേയും ചെയ്യണം. പാലും കുളീര(=ഞണ്ട്) മാംസരസവും ചേർത്തു കാച്ചിയ തൈലംകൊണ്ട് ഉത്തരവസ്തിയേയും ചെയ്യണം. ഇത്രയുമാണ് വാതത്തിങ്കലുള്ള ചികിത്സകൾ. പിത്തംകൊണ്ടുള്ള

ശുക്ലദോഷത്തിൽ കാണ്ഡേക്ഷു (=കരിമ്പിൻവേര്) ശ്വദംഷ്ട്രാ(=നാങ്ങുരണംവേര്) ഗുളൂചി(=ചിറ്റമൃത്) എന്നിവ കഷായവും മൂർവ്വാ(=പെരികുരുമ്പവേര്) മധുകം (=എരട്ടിമധുരം) ഇവ കല്ക്കവുമായി കാച്ചിയ നൈ സേവിക്കണം. ത്രിവൃൽചൂർണ്ണം (=ത്രികോല്പക്കൊന്നയുടെ പൊടി) നെയ്യിൽ കുഴച്ചു സേവിച്ചു വിരേചനവും ചെയ്യണം. പയസ്യാ (=അടപതിയൻകിഴങ്ങ്) ശ്രീപർണ്ണീ (=കുമ്പിൾവേര്) എന്നിവ കഷായംവെച്ചു പാൽ ചേർത്തു അതുകൊണ്ടു കഷായവസ്തിയും ചെയ്യണം. മധുകം (=എരട്ടിമധുരം) മുൽഗപർണ്ണീ (=കാട്ടുപയറിൻവേര്) എന്നിവകൊണ്ടു കാച്ചിയ തൈലം കൊണ്ടു സ്നേഹവസ്തിയും ഉത്തരവസ്തിയും ചെയ്കയും വേണം. ഇത്രയുമാണ് പിത്തത്തിങ്കൽ ചെയ്യേണ്ട ചികിത്സ. കഫംകൊണ്ടുള്ള ശുക്ലദോഷത്തിൽ പാഷാണഭേദം (=കന്മതം) അശ്മന്തകം (=കല്ലുർവഞ്ഞി) ആമലകം (=നെല്ലിക്ക) ഇവയുടെ കഷായത്തിൽ പിപ്പലി (=തിപ്പലി) മധുകം (=എരട്ടിമധുരം) എന്നിവയുടെ പൊടി കല്ക്കംചേർത്തു കാച്ചിയതായ നൈ സേവിക്കണം. മദനഫലം (=മലങ്കാരക്ക) കഷായംവെച്ചു അതുകൊണ്ടു ഛർദ്ദിപ്പിക്കുകയും വേണം. ദന്തീ (=നാകദന്തിവേര്) വിഡംഗം (=വിഴാലരി) എന്നിവയുടെ പൊടി എണ്ണയിൽ ചാലിച്ചു സേവിച്ചു വിരേചനവും ചെയ്യണം. രാജവൃക്ഷം (=കൊന്ന) മദനഫലം (=മലങ്കാരക്ക) എന്നിവയുടെ കഷായം ധാരാളം ചേർത്തതുകൊണ്ടു കഷായവസ്തിയും ചെയ്യണം. മധുകം (=എരട്ടിമധുരം) പിപ്പലി (=തിപ്പലി) എന്നിവകൊണ്ടു സിദ്ധമായ തൈലംകൊണ്ടു് സ്നേഹവസ്തിയും ഉത്തരവസ്തിയും ചെയ്കയും വേണം. ഇങ്ങിനെ വാതാദിശുക്ലദോഷങ്ങൾക്കുള്ള ചികിത്സകൾ പറയപ്പെട്ടു.

അനന്തരം ആർത്തവദോഷത്തിനുള്ള ചികിത്സയെ പറയുന്നു—

വാതജേ പുഷ്പദോഷേ ഭാർങ്ഗീമധുകഭദ്രദാരുസിദ്ധം സർപ്പിഃപാനം । കാശ്മര്യക്ഷുദ്രസഹാസിദ്ധം വാ ക്ഷീരമ് । മധുകസ്യഗാലവിന്നാകല്കം പയസ്സർപ്പിസ്സഹിതം പ്രിയംഗുതിലകല്കം വാ യോനൌ ധാരയേൽ । സരളമുൽഗപർണ്ണീകഷായഃ പ്രക്ഷാളനം । പിത്തജേ കാകോളീദ്വയവിദാരീമൂലകഷായമുൽപലപത്മകകഷായം മധൂകപുഷ്പകാശ്മര്യഫലകഷായം വാ സശർക്കരം പിബേൽ । ശ്വേതചന്ദനകഷായം വാ സക്ഷൌദ്രം । ധവധാതകീകല്കം വാ । ഘൃതേന വാ മധുകമധുരസാമൃദ്വീകാകല്കമ് । ശമ്യാകഗവാക്ഷീക്ഷീരം വിരേകഃ । ചന്ദനപയസ്യാകല്കം യോനൌ ധാരയേൽ । ഗൈരികാരിഷ്ടകഷായഃ

പ്രക്ഷാളനം । ശ്ലൈഷ്മികേ കുടജകടുകാശ്വഗന്ധാക്വാഥം പിബേൽ । സമാക്ഷികം വാ ക്ഷീരിവൃക്ഷപ്രവാളക്വാഥമേതേഷാമേവ വാ ചൂർണ്ണം മധുഘൃതാഭ്യാം ലിഹ്യാൽ । മദനഫലകഷായേണ വമനമ് । തൽകല്ക്കമേവ ച യോനൌ ധാരയേൽ । ലോധ്രതിന്ദുകകഷായേണ പ്രക്ഷാളനം ബസ്തമേഷമൂത്രം വാ ॥

സം—വാതംകൊണ്ടുള്ള പുഷ്പ(=ആർത്തവ)ദോഷത്തിൽ ഭാർങ്ഗി(=ചെറുതേക്കിൻവേർ) മധുകം (=എരട്ടിമധുരം) ഭദ്രദാരു (=ദേവതാരം) എന്നിവകൊണ്ടു കാച്ചിയ നൈ സേവിക്കണം. അല്ലെങ്കിൽ കാശ്മര്യം(=കുമിഴിൻവേർ) ക്ഷുദ്രസഹാ (=മുവ്വിലവേർ) എന്നിവയിട്ടു കറുക്കിയ പാൽ സേവിക്കാം. മധുകം (=എരട്ടിമധുരം) സൃഗാലവിന്നാ (=മോച്ചമി) എന്നിവ അരച്ച കല്ക്കം പാലും നെയ്യും ചേർത്തു യോനിയിൽ ധരിക്കുകയുമാകാം. പ്രിയംഗു (=ഞാഴൽ) തിലം (=എള്ള്) എന്നിവയുടെ കല്ക്കവും യോനിയിൽ ധരിക്കാം. സരളം(=ചരളം) മുൽഗപർണ്ണീ=(കാട്ടുപയററിൻവേർ) എന്നിവയുടെ കഷായംകൊണ്ടു യോനിയിൽ ധാരയും ചെയ്യണം. ഇത്രയുമാണ് വാതത്തിങ്കലുള്ള ചികിത്സ. പിത്തംകൊണ്ടുള്ള ആർത്തവദോഷത്തിൽ കാകോളീദ്വയം (=കാകോളിയും ക്ഷീരകാകോളിയും) വിദാരീമൂലം (=മുതുക്കിൻകിഴങ്ങ്) എന്നിവയുടെ കഷായമൊ ഉൽപലം (=ചെങ്ങഴിനീർക്കിഴങ്ങ്) പത്മകം (പതിമുകം) എന്നിവയുടെ കഷായമോ മധൂകപുഷ്പം (=ഇരിപ്പപ്പൂവ്) കാശ്മര്യഫലം (=കുമിഴിൻകായ) എന്നിവയുടെ കഷായമോ പഞ്ചസാര മേപ്പൊടി ചേർത്തു സേവിക്കണം. ശ്വേതചന്ദനം(=വെളുത്ത ചന്ദനം) കഷായംവെച്ചു തേൻചേർത്തു സേവിക്കുകയുമാം. ധവം (=ഞമ) ധാതകീ(=താതിരിപ്പൂവ്) എന്നിവയുടെ കല്ക്കമോ, മധുകം(=എരട്ടിമധുരം) മധുരസാ(=പൂനർമുരിങ്ങവേർ) മൃദ്വീകാ (=മുന്തിരിങ്ങ) ഇവയുടെ കല്ക്കമോ നൈചേർത്തു സേവിക്കുകയുമാം. ശമ്യാകം (=കൊന്നത്തൊലി) ഗവാക്ഷി (=കാട്ടുവെള്ളരിവേർ) ക്ഷീരം എന്നിവകൊണ്ടു വിരേചനവും ചെയ്യാം. ചന്ദനം, പയസ്യാ (=അടപതിയൻ) എന്നിവ അരച്ച കല്ക്കത്തെ യോനിയിൽ ധരിക്കുകയും ഗൈരികം (=കാവിമണ്ണ്) അരിഷ്ടം (=വേപ്പിൻതൊലി) എന്നിവയുടെ കഷായംകൊണ്ട് യോനിയിൽ ധാരചെയ്കയും വേണം. ഇത്രയുമാണ് പിത്തത്തിങ്കലുള്ള ചികിത്സ. കഫംകൊണ്ടുള്ള ആർത്തവദോഷത്തിങ്കൽ കുടജം (=കുടകപ്പാലയരി) കടുകാ (=കടുകരോഹിണി) അശ്വഗന്ധാ (=അമുക്കുരം) എന്നിവയുടെ കഷായം സേവിക്കണം. അല്ലെങ്കിൽ ക്ഷീ

രിവൃക്ഷ(നാല്പാമര)ത്തിൻെറ കൂമ്പു കഷായംവെച്ച് തേൻ മേമ്പൊടിചേ ത്തു സേവിക്കാം. ഇവയുടെ (അതായതു നാല്പാമരക്കൂമ്പിൻെറ) തന്നെ അരച്ചുണക്കിയ ചൂൎണ്ണം തേനും നെയ്യും ചേൎത്തു ചാലിച്ച് നക്കി സേവിക്കുകയുമാം. മദനഫല (=മലംകാരക്ക)യുടെ കഷായംകൊണ്ടു ഛൎദ്ദിപ്പിക്കുകയും അതരച്ച കല്ക്കംതന്നെ യോനിയിൽ ധരിക്കുകയും വേണം. ലോധ്രം (=പാച്ചോററിത്തൊലി) തിന്ദുകം (=വെളുത്ത പനിച്ചകം) എന്നിവയുടെ കഷായംകൊണ്ടു യോനി കഴുകുകയും വേണം. അല്ലാത്തപക്ഷം ബസ്തം (=കോലാട്) മേഷം (=ചെറിയാട്) എന്നിവയുടെ മൂത്രം കൊണ്ടും യോനി പ്രക്ഷാളനം ചെയ്യാം. ഇങ്ങിനെ വാതാദിദൂഷിതങ്ങളായ ആൎത്തവങ്ങളുടെ ചികിത്സകൾ പറയപ്പെട്ടു.

ഇനി കുണപാദികളായ ശുക്ലാൎത്തവദോഷങ്ങളുടെ ചികിത്സയെ പറയുന്നു:—

**കുണപരേതസി ധാതകീപുഷ്പഖദിരാൎജ്ജുനദാഡിമൈസ്സിദ്ധമസനാദിഭിൎവ്വാ സൎപ്പിഃ പായയേൽ । ഗ്രന്ഥിരേതസി പാഷാണഭിനാ പലാശഭസ്മനാ വാ । പൂയരേതസി പരൂഷകാദിന്യഗ്രോധാദിഭ്യാം । മൂത്രപുരീഷരേതസി വായുനാനതിവികൃതേ ഹിംഗുശീരചിത്രകൈരഥവാ ചിത്രകവിളങ്ഗകപ്രിയംഗുഹിംഗുസമംഗാമൃണാളസിദ്ധമേലാമോചചൂൎണ്ണപ്രതീവാപമ് । തഥാ ഗ്രന്ഥ്യാൎത്തവേ പാഠാത്രികടുകവൃക്ഷകകാഥമ് । കുണപപൂയാൎത്തവേ ചന്ദനകാഥം പിബേൽ । ത്രിഫലാകല്ക്കകാഥൌ ച്ചാത്ര ധാരണാചമനേ ॥**

സാ—കുണപശുക്ലത്തിങ്കൽ ധാതകീപുഷ്പം (=താതിരിപ്പൂവ്) ഖദിരം (=കരിങ്ങാലിക്കാതൽ) അൎജ്ജുനം (=നീർമരുത്) ഡാഡിമം (=നീർമാതളം) എന്നിവകൊണ്ടോ അഥവാ അസനാദികളെക്കൊണ്ടോ സിദ്ധമായ നെയ്യ് സേവിപ്പിക്കണം. ഗ്രന്ഥ്യാൎത്തവത്തിങ്കൽ പാഷാണഭിത്ത് (=കല്ലൂർവഞ്ഞി) കൊണ്ടോ പലാശഭസ്മംകൊണ്ടോ സിദ്ധമായ നെയ്യ് സേവിപ്പിക്കണം. പൂയശുക്ലത്തിങ്കൽ പരൂഷകാദിഗണംകൊണ്ടും ന്യഗ്രോധാദിഗണംകൊണ്ടും സിദ്ധമായ നെയ്യ് സേവിപ്പിക്കണം. മൂത്രപുരീഷശുക്ലങ്ങൾ വായുവിനാൽ അധികം വികൃതം (ദൂഷിതം) ആയിട്ടില്ലെങ്കിൽ ഹിംഗു (=കായം) ഉശീരം (=രാമച്ചം) ചിത്രകം (=കൊടുവേലിക്കിഴങ്ങ്) എന്നിവകൊണ്ടു കാച്ചിയ ഘൃതമോ, അഥവാ ചിത്രകം (=കൊടുവേലി) വിഴുന്നകം (=പലകപ്പയ്യാന) പ്രിയംഗു (=ഞാഴൽപൂ

ഷ്ട്) ഹിംഗു (=കായം) സമംഗാ (=പറച്ചുണ്ടവേർ) മൃണാളം (=താമരവളയം) എന്നിവ കഷായവും ഏലത്തരി ഏലവംഗം എന്നിവ കല്ക്കവുമായി കാച്ചിയ ഘൃതമോ സേവിപ്പിക്കേണം. അപ്രകാരംതന്നെ ഗ്രന്ഥ്യാർത്തവത്തിങ്കൽ പാഠാ (=പാടക്കിഴങ്ങ്) ത്രികണ്ടകം (=ഞെരിഞ്ഞിൽ) വൃക്ഷകം (=കുടകപ്പാല) എന്നിവയുടെ കഷായത്തെ സേവിപ്പിക്കേണം. കുണപാർത്തവത്തിങ്കലും പൂയാർത്തവത്തിങ്കലും ചന്ദനകഷായത്തെ സേവിക്കേണം. അവയിൽ രണ്ടിലും ത്രിഫല അരച്ച കല്ക്കം യോനിയിൽ ധരിക്കുകയും ത്രിഫലക്കഷായം കൊണ്ടു പ്രക്ഷാളനം ചെയ്കയും വേണം. [''മൂത്രപുരീഷരേതസി വായുനാനതിവികൃതേ'' എന്നു പറഞ്ഞതുകൊണ്ടു വായുവിനാൽ അതിവികൃതമായാൽ അവ അസാദ്ധ്യങ്ങളാണെന്നു ധരിക്കേണ്ടതാണ്.]

**സർവ്വേഷു ച ശുക്ലാർത്തവദോഷേഷു സ്ത്രീപുംസൌ സ്നേഹാദി കർമ്മഭിർവിശേഷേണ ചോത്തരവസ്തിഭിഃ പുനഃ പുനരുപാചരേൽ । യഥാസ്വഞ്ച യോനൌ കല്ക്കാഃ പിചുഭിശ്ച । ഇത്യേവം വിശുദ്ധശുക്ലാർത്തവൌ പൂർവ്വോക്തം വിധിമാസേവേതാം ॥**

സാ—എല്ലാത്തരം ശുക്ലാർത്തവദോഷങ്ങളിലും സ്ത്രീപുരുഷന്മാരെ സ്നേഹാദികളായ കർമ്മങ്ങളെക്കൊണ്ടും വിശേഷിച്ച് ഉത്തരവസ്തികളെക്കൊണ്ടും ഉപചരിക്കേണം. ദോഷകോപാദികളനുസരിച്ച് ഉചിതങ്ങളായ ഔഷധങ്ങളരച്ച് യോനിയിൽവെച്ച ശീലയിടുകയും വേണം. ഇപ്രകാരം വിശുദ്ധങ്ങളായ ശുക്ലാർത്തവങ്ങളോടുകൂടിയവരായിട്ടുവേണം മുമ്പു പറയപ്പെട്ട ഘൃതക്ഷീരതൈലമാംസാദിവിധിയെ അനുഷ്ഠിക്കുവാൻ.

അനന്തരം ഋതുകാലത്തെ അറിയുവാനായി പറയുന്നു:—

**ഋതുസ്തു ദൃഷ്ടാർത്തവോ ദ്വാദശരാത്രം ഭവതി । ഷോഡശരാത്രമിത്യന്യേ । ശുദ്ധയോനിഗർഭാശയാർത്തവായാ മാസമപി കേചിൽ । തഥാദൃഷ്ടാർത്തവോപ്യസ്തീത്യപരേ ॥**

സാ—ഋതുവെന്നത് മാസംതോറുമുള്ള ആർത്തവദർശനത്തിന്നു ശേഷം പന്ത്രണ്ടുരാത്രിയാകുന്നു. മററു ചില ആചാർയ്യന്മാർ പതിനാറുരാത്രിയാണ് ഋതുകാലമെന്നും പറയുന്നുണ്ട്. യോനിയും ഗർഭാശയവും ആർത്തവവും ശുദ്ധങ്ങളായിട്ടുള്ളവളായ സ്ത്രീക്ക് ഒരുമാസം മുഴുവൻ ഋതുകാലമാണെന്നു വേറെ ചില ആചാർയ്യന്മാരും പറയുന്നു. ആർത്തവദർശനംകൂടാതെയും ഋതു ഭവിക്കുമെന്നു വേറെ ചില ആചാർയ്യന്മാരും പറയുന്നു. ഇങ്ങിനെ പ്രസ്തുതവിഷയത്തെപ്പററി നാലുവിധം മതങ്ങൾ ഉണ്ട്. ഗർ

ത്തിന്റെ അറിയതദൎശനം ഹേതുവായിട്ടാണ് ഇങ്ങിനെ നാലുമതങ്ങൾ പ്രവൃത്തങ്ങളായിട്ടുള്ളത് എന്നു ഗ്രഹിക്കേണ്ടതാകുന്നു.

ഋതുമതിയായവളുടെ ലക്ഷണത്തെ പറയുന്നു:—

ക്ഷാമപ്രസന്നവദനാം സ്ഫുരച്ഛ്രോണിപയോധരാം
സ്രസ്താക്ഷികുക്ഷിം പുംസ്കാമാം വിദ്യാദൃതുമതീം സ്ത്രിയം.
പത്മം സങ്കോചമായാതി ദിനേऽതീതേ യഥാ തഥാ
ഋതാവതീതേ യോനിഃ സ്യാച്ഛുക്ലം നാതഃ പ്രതീച്ഛതി.
മാസേനോപചിതം രക്തം ധമനീഭ്യാമൃതൗ പുനഃ
ഈഷൽകൃഷ്ണം വിഗന്ധഞ്ച വായുൎയ്യോനിമുഖാന്നുദേൽ.

സാ.—ക്ഷാമപ്രസന്നവദനതാദികളോടുകൂടിയ സ്ത്രീയെ ഋതുമതിയെന്ന് അറിയണം. ക്ഷാമപ്രസന്നവദനാ=മെലിഞ്ഞും തെളിഞ്ഞും ഇരിക്കുന്ന മുഖത്തോടുകൂടിയവൾ. സ്ഫുരച്ഛ്രോണിപയോധരാ=സ്ഫുരിക്കുന്നതായ ശ്രോണിപ്രദേശത്തോടും സ്തനങ്ങളോടുംകൂടിയവൾ. സ്രസ്താക്ഷികുക്ഷി=സ്രസ്തങ്ങൾ (സന്ധിബന്ധങ്ങളിൽനിന്ന ശിഥിലീഭൂതങ്ങൾ) ആയ നേത്രങ്ങളോടും ഉദരത്തോടുംകൂടിയവൾ. പുംസ്കാമാ=പുരുഷങ്കൽ കാമമുള്ളവൾ. ഋതുകാലത്തല്ലാതെ ഗൎഭധാരണം ഭവിക്കാതിരിപ്പാനുള്ള കാരണം പറയുന്നു. പത്മമിതി—ദിനം അവസാനിച്ചാൽ താമരപ്പൂവ് യാതൊരുപ്രകാരം കൂമ്പിപ്പോകുന്നുവോ അതുപ്രകാരം ഋതുകഴിഞ്ഞാൽ യോനിയും സംകുചിതമായി ഭവിക്കുന്നു. അതുകൊണ്ട് ഋത്വന്യകാലത്തിൽ യോനി ശുക്ലത്തെ പ്രതിഗ്രഹിക്കുന്നില്ല. ഈ ഉപമയിൽ ദിനത്തിന്നും ഋതുവിന്നും തമ്മിലും പത്മത്തിന്നും യോനിക്കും തമ്മിലും സാദൃശ്യം നിബന്ധിക്കപ്പെട്ടിരിക്കുന്നു. യോനി ശുക്ലത്തെ പ്രതിഗ്രഹിച്ചാലേ ഗൎഭമുണ്ടാകയുള്ളൂ. ഋതുവല്ലാത്ത കാലത്തു യോനി കൂമ്പിപ്പോകുന്നതുകൊണ്ട് അന്ന് ശുക്ലാൎത്തവസംയോഗവും തൽഫലമായ ഗൎഭവും ഭവിക്കയില്ലെന്നു സാരം. ഋതുവിങ്കലാകട്ടെ വായു ഒരു മാസംകൊണ്ട് ഉപചിതമായ രക്തത്തെ ധമനികളിൽക്കൂടേ യോനിമുഖത്തിങ്കൽനിന്നു കുറഞ്ഞൊന്ന് കൃഷ്ണവൎണ്ണമായും ദുൎഗ്ഗന്ധത്തോടുകൂടിയതായും പുറത്തേക്കു പ്രവൎത്തിപ്പിക്കും. [ഈ രക്തം ഋതുവിന്റെ ആദ്യത്തെ മൂന്നുദിവസം മാത്രമേ ബഹിഃസ്രവിക്കയുള്ളൂ. മൂന്നുദിവസത്തിന്നുശേഷം അതു കേവലം ഉപചയിക്കുകയേ ഉള്ളൂ.]

ഇനി ഋതുമതിയായ സ്ത്രീയുടെ കൎത്തവ്യത്തെ പറയുന്നു:—

തതഃ പുഷ്പദൎശനപ്രഥമദിവസാൽ പ്രഭൃതി ബ്രഹ്മചാരിണീ

സ്നാനാദ്യലങ്കാരരഹിതാ ദർഭസംസ്തരശായിനീ ത്രിരാത്രമാസീത । പർണ്ണശരാവകരതലാന്യതമേന യാവകം പയസാ സിദ്ധമല്പം കർശനാർത്ഥമശ്നീയാൽ । തീക്ഷ്ണോഷ്ണാമ്ലലവണാനി ച വർജ്ജയേൽ ॥

സാ — അനന്തരം ആർത്തവദർശനാദിങ്കൽ ഒന്നാമത്തെ ദിവസം മുതൽക്കു മൂന്നുരാത്രി സ്ത്രീ ബ്രഹ്മചാരിണി (=പുരുഷസംഗരഹിത) യായും സ്നാനം മുതലായുള്ള അലങ്കാര (=ശോഭാർത്ഥമായുള്ള സംസ്കാരം) ത്തോടുകൂടാത്തവളായും ദർഭശയ്യയിൽ കിടക്കുന്നവളായും ഇരിക്കണം. ആ മൂന്നു രാത്രികളിൽ പാൽചേർത്തു പാകംചെയ്തതായ യവച്ചോറ്, പർണ്ണം (=ഇല) ശരാവം (=ചരാത്) കരതലം (=ഉള്ളൻകയ്യ്) എന്നിവയിലൊന്നിൽ ആക്കിയിട്ടു ഭക്ഷിക്കണം. ഇങ്ങിനെ ഭക്ഷിക്കുന്നതു അല്പമായിട്ടുവേണം താനും. അല്പമാക്കുന്നതു ദേഹത്തിൻെറ കർശനത്തിനായിട്ടാകുന്നു. കർശനം വരുത്തുന്നത് രക്തത്തിൻെറയും മാംസത്തിൻെറയും ശുദ്ധിക്കായിട്ടാകുന്നു. മേല്പറഞ്ഞ മൂന്നുദിവസങ്ങളിൽ തീക്ഷ്ണവും ഉഷ്ണവും അമ്ലവും ലവണവുമായ ദ്രവ്യങ്ങളെ വർജ്ജിക്കയും വേണം. അങ്ങിനെ ചെയ്യുന്നത് രക്തം അശുദ്ധമാകാതിരിക്കുവാനാകുന്നു.

ചതുർത്ഥേഹന്യുദ്വർത്തിതാ ശീതസലിലസ്നാതാനുലിപ്താലംകൃതാ ശുക്ലമാല്യാംബരാ കൃതമംഗളസ്വസ്ത്യയനൈവംവിധമേവ ഭർത്താരം പശ്യേദനന്യമനാഃ । തദ്ധി യാദൃശമേവ പശ്യതി ചിന്തയതി വാ താദൃശം പ്രസൂത ഇതി ॥

സാ — നാലാമത്തെ ദിവസത്തിൽ ഉദ്വർത്തിതാ (=മേൽതേച്ചവൾ) യായി തണുത്ത വെള്ളത്തിൽ കുളിച്ച് ദേഹം അലങ്കരിച്ച് വെളുത്ത മാല്യവും വസ്ത്രവും ധരിച്ച് മംഗളകർമ്മത്തെയും സ്വസ്ത്യയനത്തേയും ചെയ്തവളായിട്ട് അപ്രകാരംതന്നെയിരിക്കുന്ന (അതായത് ഉദ്വർത്തനാദികളെ ചെയ്തവനായിരിക്കുന്ന) ഭർത്താവിനെ മറെറാന്നിലും മനസ്സുപോകാത്തവളായിട്ട് കാണണം. എന്തുകൊണ്ടെന്നു പറയുന്നു. തദ്ധീതി— അപ്പോൾ എങ്ങിനെയിരിക്കുന്നവനെ കാണുകയോ വിചാരിക്കയോ ചെയ്യുന്നുവോ അങ്ങിനെയിരിക്കുന്ന പുത്രനെയാണവൾ പ്രസവിക്കുക. ഭർത്തൃതുല്യനായ പുത്രനെ ഇച്ഛിക്കുന്നതു സ്ത്രീധർമ്മമാകയാൽ ഋതുസ്നാനം ചെയ്തു ഉടനെ ഭർത്താവിനെ സന്ദർശിക്കണമെന്നു സാരം.

അതഃ സ്നാനാൽ പുനരപി ഗുണവൽപുത്രാർത്ഥീ ത്രിരാത്രമുപേക്ഷേത । പുഷ്പദർശനാത്സപ്തരാത്രമ് । അഥാഷ്ടമ്യാം ദശമ്യാം ദ്വാദശ്യാം ച രാത്രൌ പുത്രകാമഃ സംവസേൽ । പഞ്ചമ്യാം സപ്തമ്യാം

നവമ്യാം വാ ദുഹിതൃകാമഃ । താസൂത്തരോത്തരമായുരാരോഗ്യൈശ്വൎയ്യസൗഭാഗ്യബലവൎണ്ണേന്ദ്രിയസമ്പദപത്യസ്യ ഭവതി അതഃപരം ത്വുത്തരോത്തരമായുരാദീനാം ഹ്രാസഃ ॥

സാ—അനന്തരം ഭാൎയ്യയുടെ ഋതുസ്നാനത്തിനുശേഷവും പുരുഷൻ വിശിഷ്ടഗുണങ്ങളോടുകൂടിയ പുത്രനെ ഇച്ഛിക്കുന്നു പക്ഷം പിന്നെയും മൂന്നുരാത്രി അവളെ ഉപേക്ഷിക്കണം, അതായതു സംഗംചെയ്യരുത്. കുളിച്ച ദിവസത്തിന്നു മുമ്പും പിമ്പും മുമ്മൂന്നുരാത്രിയും കുളിച്ച ദിവസം രാത്രിയുംകൂടി ആൎത്തവദൎശനം മുതൽക്ക് ഏഴുരാത്രികളിൽ ഗമിക്കരുത്. അനന്തരം എട്ടാമത്തേയോ പത്താമത്തേയോ പന്ത്രണ്ടാമത്തേയോ രാത്രിയിങ്കൽ പുത്രനുണ്ടാവേണമെന്നു മോഹിക്കുന്നവൻ സഹശയനം ചെയ്യണം. പുത്രിയെ കാമിക്കുന്നവനാകട്ടെ അഞ്ചാമത്തേയോ ഏഴാമത്തേയോ ഒമ്പതാമത്തേയോ രാത്രിയിങ്കൽ സഹശയനം ചെയ്യണം. ഈ പക്ഷത്തിങ്കൽ കുളിച്ചദിവസം മാത്രമേ ഉപേക്ഷിക്കപ്പെടുന്നുള്ളു. പിന്നത്തെ മൂന്നുരാത്രി ഉപേക്ഷിക്കപ്പെടാതിരിക്കുന്നതു പുത്രിയുടെ സംഭവത്തിന്നു കാരണം പ്രാധാന്യേന മാതാവിൻെറ ആൎത്തവമാണെന്നുള്ളതാകുന്നു. ഇങ്ങിനെ എട്ട്, പത്ത്, പന്ത്രണ്ട് രാത്രികൾ പുത്രരാത്രികളും അഞ്ച്, ഏഴ്, ഒമ്പത് രാത്രികൾ പുത്രീരാത്രികളുമാകുന്നു. ഇവയിൽ മേല്പോട്ടു മേല്പോട്ടു പറഞ്ഞ രാത്രികളിൽ ഉൽപാദനം ചെയ്താൽ സന്താനത്തിന്ന് ആയുസ്സ്, ആരോഗ്യം, ഐശ്വൎയ്യം, സൌഭാഗ്യം, ബലം, വൎണ്ണം, ഇന്ദ്രിയശക്തി എന്നിവ അധികമധികം ഉണ്ടാകും. ആകയാൽ പുത്രോൽപാദനത്തിന്ന് എട്ടാംരാത്രിയേക്കാൾ പത്താംരാത്രിയും അതിനേക്കാൾ പന്ത്രണ്ടാംരാത്രിയും ശ്രേഷ്ഠമാകുന്നു. പുത്ര്യുൽപാദനത്തിന്ന് അഞ്ചാം രാത്രിയേക്കാൾ ഏഴാംരാത്രിയും അതിനേക്കാൾ ഒമ്പതാംരാത്രിയും നല്ലതാണ്. പന്ത്രണ്ടാംരാത്രി കഴിഞ്ഞതിനുശേഷം, അതായത് പതിമൂന്നാമത്തേത് മുതലായ രാത്രികളിൽ ഉൽപാദനംചെയ്താൽ പുത്രനും ഒമ്പതാംരാത്രിക്കുശേഷം, അതായത് പത്താമത്തേതു മുതലായ രാത്രികളിൽ ഉൽപാദനംചെയ്താൽ പുത്രിക്കും ആയുരാരോഗ്യാദികൾക്ക് ഉത്തരോത്തരം ഹാനിയും ഭവിക്കും [‘അതഃപരം’ എന്നതിന്നു പുത്രരാത്രികളിലും പുത്രീരാത്രികളിലും ഒടുവിലത്തേതിനുശേഷം എന്നൎത്ഥമാണ് ഇന്ദുവ്യാഖ്യാതാവ് കാണിച്ചിട്ടുള്ളത്. മററു ചിലർ ‘അതഃപര’മെന്നതിന്നു പന്ത്രണ്ടാംരാത്രിക്കുശേഷം എന്നുതന്നെ അൎത്ഥം പറഞ്ഞിരിക്കുന്നു.]

അത്ര ശ്ലോകൗ— രാത്രിഷ്വല്പീഭവത്യാൎത്തവമയുഗ്മാസ്വപത്യ

തേ । തസ്മാത്താസു ക്രമാൽ പുത്രസ്യ ദുഹിതുശ്ച ജന്മ । അത ഏവ ചാനുപരതാർത്തവദശ്നാം പുത്രാർത്ഥീ വിപ്രകൃഷ്ടേഷ്വപ്യഹസ്സു നോപേയാൽ । യദി ത്വാഹാരാനുരോധാദയുഗ്മാസു ശുക്ലസ്യാധികതാ യുഗ്മാസു ച ന്യൂനതാ സ്യാത്തതഃ പുമാൻ സ്ത്ര്യാകൃതിർദ്ദുർബ്ബലോ ഹീനാംഗോ വാ ജായതേ । സ്ത്രീ ച പുരുഷാകൃതിർദ്ദുർബ്ബലാ ഹീനാംഗീ വാ । ഏകാദശീത്രയോദശ്യോസ്തു നപുംസകം സ്യാൽ ॥

സാ.— അവയിൽവെച്ച് യുഗ്മകൾ (=സമകൾ; രണ്ടാമത്തേത് നാലാമത്തേത് മുതലായവ) ആയ രാത്രികളിൽ, സമമായ ദോഷബലാദികളോടുകൂടിയവരും യഥോക്തവയസ്സിലിരിക്കുന്നവരുമായ സ്ത്രീകൾക്ക് ആർത്തവം അല്പമായി ഭവിക്കയും, അയുഗ്മകൾ (=വിഷമകൾ; ഒന്നാമത്തേത് മൂന്നാമത്തേത് മുതലായവ) ആയ രാത്രികളിൽ ആർത്തവം അധികമായിരിക്കയും ചെയ്യും. അതു ഹേതുവായിട്ട്, അതായതു യുഗ്മരാത്രികളിൽ ആർത്തവം കുറഞ്ഞും ശുക്ലം അധികമായും ഇരിക്കുന്നതുകൊണ്ട് യുഗ്മരാത്രികളിൽ പുത്രന്റേയും അയുഗ്മരാത്രികളിൽ തദ്വിപരീതമായതുകൊണ്ട് പുത്രിയുടേയും ജനനം ഭവിക്കുന്നു. അതുകൊണ്ടുതന്നെ പുത്രനെ ഇച്ഛിക്കുന്നവൻ ആർത്തവദശ്നം മാറാത്തവളായ സ്ത്രീയെ വിപ്രകൃഷ്ടങ്ങൾ (=അകന്നവ) ആയ ദിവസങ്ങളിലും ഗമിക്കരുത്. രജോദശ്നദിനത്തിൽനിന്നു വളരെ അകന്നവയായ എട്ടാംരാത്രി മുതലായവയിൽക്കൂടിയും സ്ത്രീയുടെ ആർത്തവദശ്നം നിലച്ചിട്ടില്ലെങ്കിൽ പുത്രകാമനായവൻ അവളെ ഗമിക്കരുതെന്നത്ഥം. ശുക്ലാധിക്യമാണ് ഏതുവിധത്തിലായാലും പുത്രോൽപത്തിക്കു കാരണമെന്നു സാരം. ഇനി ആഹാരത്തിന്റെ സ്ഥിതിയനുസരിച്ച് പുത്രിരാത്രികളായ അയുഗ്മരാത്രികളിൽ ശുക്ലത്തിന്ന് ആധിക്യവും പുത്രരാത്ര്യാദികളായ യുഗ്മരാത്രികളിൽ ശുക്ലത്തിന്നു ന്യൂനതയും ഭവിക്കമെങ്കിൽ അന്നുണ്ടാകുന്ന പുരുഷൻ സ്ത്രീയുടെ ആകൃതിപോലെയിരിക്കുന്ന ആകൃതിയോടുകൂടിയവനോ ബലഹീനനോ അംഗവൈകല്യമുള്ളവനോ ആയും, അന്നുണ്ടാകുന്ന സ്ത്രീ പുരുഷന്റെ ആകൃതിപോലെയുള്ള ആകൃതിയോടുകൂടിയവളോ ബലഹീനയോ അംഗവൈകല്യമുള്ളവളോ ആയും ജനിക്കും. പതിനൊന്നാമത്തേയും പതിമൂന്നാമത്തേയും രാത്രികളിൽ ഉണ്ടാകുന്ന സന്താനമാകട്ടേ നപുംസകമായി ഭവിക്കും. ഇങ്ങിനെ ശുക്ലാർത്തവങ്ങളെപ്പററിയും ഗർഭോൽപത്തിപ്രകാരത്തെപ്പററിയും പറഞ്ഞു കഴിഞ്ഞു.

അഥേദാനീം പുത്രീയം വിധാനമാചരേൽ । ശുദ്ധായാ

സ്യ മന്ത്രവജ്ജിതമ് । യാദൃശഞ്ച പുത്രമാശംസീത തദ്രൂപവണ്ണചരിതാൻ ജനപദാനനുചിന്തയേതി സ്ത്രീ വാച്യാ । തജ്ജനപദാഹാരവിഹാരോപചാരപരിച്ഛദാംശ്ചാനുവിദധീത ॥

സാ—'ഇതി' എന്നതിന്നു മംഗളമത്ഥം. മംഗളാനന്തരം ഉപാദ്ധ്യായർ പുത്രനു ഹിതമായിട്ടുള്ള വിധിയെ അനുഷ്ഠിക്കണം. സ്ത്രീ ശൂദ്രയാണെന്നിരിക്കൽ ആ വിധിയെ മന്ത്രത്തോടുകൂടാതെ ചെയ്യണം. സ്ത്രീ യാതൊരുപ്രകാരമുള്ള പുത്രനെ ഇച്ഛിക്കുന്നുവോ അതുപോലെയുള്ള രൂപത്തോടും വണ്ണത്തോടും കമ്മത്തോടും കൂടിയ ജനപദങ്ങളെ അനുചിന്തിച്ചാലും എന്നിങ്ങിനെ ഉപാദ്ധ്യായൻ സ്ത്രീയോടു പറയണം. സ്ത്രീ താൻ വിചാരിക്കുന്നതായ ജനപദത്തിലെ ആഹാരം, വിഹാരം, ഉപചാരം, പരിച്ഛദം (വേഷം) എന്നിവയെ അനുകരിക്കുകയും വേണം. ഇങ്ങിനെയാണ് ഗഭാധാനത്തിന്റെ ക്രിയ.

കമ്മാന്തേ ച പുമാൻ മാസം ബ്രഹ്മചാരീ സപ്പിഃക്ഷീരാഭ്യാം ശാല്യോദനമഭിപ്രാശ്യ നാത്യാശിതഃ സുചീ സ്രഗ്വീ സുമനാഃ പ്രീണിതാംഗഃ ശുക്ലനിവസനോ മൌഹൂത്തികാനുമതേ രാത്രിഭാഗേ കല്യാണാനി ചിന്തയാനസ്സുരഭികാമഃ സ്വാസ്തീണ്ണം ശയനം ദക്ഷിണേന പാദേന പ്രാഗാരോഹേൽ । തഥൈവ ച പ്രമദാ കശിതാംഗീ തൈലമാഷോത്തരാഹാരാ പൂവ്വം വാമപാദേന പുരുഷസ്യ ദക്ഷിണതഃ ശയ്യാമധിരോഹേൽ । തത്ര മന്ത്രം പ്രയുഞ്ജീത ।

( മന്ത്രഃ )

ആയുരസി സവ്വതഃ പ്രതിഷ്ഠാസി ധാതാ ത്വാ ദധാതു വിധാതാ ത്വാം ദധാതു ബ്രഹ്മവച്ച്വസാ ഭവേതി ।

ബ്രഹ്മാ ബൃഹസ്പതിവിഷ്ണുസ്സോമസ്സൂയ്യസ്തഥാശ്വിനൌ
ഭഗോഥ മിത്രാവരുണൌ വീരം ദധതു മേ സുതം ॥

ഇതി ॥

സാ—മേൽപറഞ്ഞ കമ്മത്തിന്റെ അവസാനത്തിങ്കൽ പുരുഷൻ ഒരു മാസം ബ്രഹ്മചാരിയായി പാലും നെയ്യും കൂട്ടി ശാല്യന്നത്തെ ഭക്ഷിച്ചും അധികമായി ഭക്ഷിക്കാതെയും സുചിയായും മാലയെ ധരിക്കുന്നവനായും മനഃപ്രസാദത്തോടുകൂടിയവനായും പ്രീണിതം (=തപ്പിതം) ആയ അംഗത്തോടുകൂടിയവനായും വെളുത്ത വസ്ത്രത്തെ ധരിക്കുന്നവനായും ഇരിക്കണം. എന്നിട്ടു മൌഹൂത്തികനാൽ അനുവദിക്കപ്പെട്ടതായ രാത്രി

ഭാഗത്തിൽ കല്യാണങ്ങളെ (=മംഗളങ്ങളെ) ചിന്തിക്കുന്നവനും അവളിൽ കാമത്തോടുകൂടിയവനും ആയിട്ട്, നല്ലവണ്ണം വിരിക്കപ്പെട്ടതായ ശയ്യയിൽ വലത്തുകാൽ മുമ്പിൽവെച്ച് കയറണം. സ്ത്രീയും പുരുഷനു പറഞ്ഞ വിശേഷണങ്ങളാൽ വിശിഷ്ടയായിട്ടും വിശേഷിച്ച് മുൻപറഞ്ഞപ്രകാരം യവാന്നത്തെ ഭുജിച്ച് കർശിതാംഗിയും എണ്ണയും ഉഴുന്നും ധാരാളം ചേർത്ത ആഹാരത്തെ ചെയ്തവളുമായിട്ടും എടത്തുകാൽ മുമ്പിൽ വെച്ച് പുരുഷന്റെ വലത്തുഭാഗത്തായി ശയ്യയിൽ കയറണം. ആ സമയത്ത് 'ആയുരസി' ഇത്യാദിയായ മന്ത്രത്തെ പ്രയോഗിക്കണം. മന്ത്രത്തിന്റെ അർത്ഥം ഊഹിക്കേണ്ടതാകുന്നു.

**തതഃ പരസ്പരം സാമഭിരഭിസാന്ത്വ്യ സംഹർഷമനുകൂലം സംവിശേതാമ് । പശ്ചാൽപ്പേ മൈഥുനാം ശീതോദകേന സഹസാ പരിഷിഞ്ചേൽ ॥**

സം—ഇങ്ങിനെ ശയ്യാരോഹണം കഴിഞ്ഞതിനുശേഷം സൗമ്യങ്ങളായ അനുനയവാക്കുകളെക്കൊണ്ട ഭർത്താവ് ഭാര്യയേയും ഭാര്യ ഭർത്താവിനേയും സാന്ത്വനംചെയ്ത് ഹർഷത്തോടുകൂടിയും അനുകൂലമായും ശയനംചെയ്യണം. പശ്ചാൽപ്പമായാൽ, അതായത് മൈഥുനം അവസാനിച്ചാൽ സ്ത്രീയെ പെട്ടെന്ന് തണുത്ത വെള്ളംകൊണ്ട തളിക്കുകയും വേണം.

സ്ത്രീ മേൽപ്രകാരമല്ലാതെയിരുന്നാലുള്ള ദോഷത്തെപ്പറയുന്നു:—

**അത്യാശിതാ ക്ഷുധിതാ പിപാസിതാ ഭീതാ വിമനാഃ ശോകാർത്താ ക്രുദ്ധാതിമേദുരാന്യകാമാ വ്യവായകാമാ വാ ന ഗർഭം ധത്തേ വിഗുണം വാ । തഥാ പുരുഷോപി ॥ ന ചാസാവധഃസ്ത്രീ സ്യാൽ । തഥാ ഹി സ്ത്രീചേഷ്ടഃ പുമാൻ ജായതേ പുംശ്ചേഷ്ടാ വാ സ്ത്രീ । ന ച ന്യുബ്ജാം പാർശ്വഗതാം വാ സേവേത । ന്യുബ്ജായാം വാതോ ബലവാൻ സ യോനിം പീഡയതി ॥ ദക്ഷിണപാർശ്വഗതായാഃ ശ്ലേഷ്മാ പീഡിതശ്ച്യുതഃ പിദധാതി ഗർഭാശയമ് ॥ വാമപാർശ്വഗതായാസ്തു പിത്തം വിദഹതി രക്തശുക്ലേ । തസ്മാദുത്താനാ ബീജം ഗൃഹ്ണീയാൽ । തഥാ ഹി യഥാസ്ഥാനമവതിഷ്ഠന്തി ദോഷാഃ ॥**

സം—ഇതിൽ (=മൈഥുനത്തിൽ) സ്ത്രീ അത്യാശിതാദികളോടുകൂടിയവളായിരുന്നാൽ ഗർഭത്തെ ധരിക്കതന്നെ ചെയ്യാതിരിക്കയോ വിഗുണമായ ഗർഭത്തെ ധരിക്കയോ ചെയ്യും. പുരുഷനും അപ്രകാരമേ

ന്ന അത്യാശിതാദികളെ വജ്ജിക്കേണ്ടതാകുന്നു. (അത്യാശിതാ=അതിമാത്രമായി ഭക്ഷിച്ചവൾ. ക്ഷുധിതാ=വിശപ്പുള്ളവൾ. പിപാസിതാ=വെള്ളംദാഹമുള്ളവൾ. ഭീതാ=പേടിച്ചവൾ. വിമനസ്സ്=മനസ്സിനന്വേഷമില്ലാത്തവൾ. ശോകാർത്താ=ദുഃഖംകൊണ്ടു പരവശയായവൾ. ക്രുദ്ധാ=കോപിച്ചവൾ. അതിമേദുരാ=അധികം തടിച്ചവൾ, അകർശിതാ. അന്യകാമാ=അന്യന്മാർ കാമത്തോടുകൂടിയവൾ. വ്യവായകാമാ=മൈഥുനകാമാ) പുരുഷനു വിശേഷത്തെപ്പറയുന്നു. ന ചോതി—സംയോഗത്തിങ്കൽ പുരുഷൻ സ്ത്രീയുടെ അധോഭാഗത്ത് കിടക്കരുത്. അങ്ങിനെ ചെയ്താൽ പുരുഷനാണുണ്ടാകുന്നതെങ്കിൽ സ്ത്രീകളുടെ ചേഷ്ടകളുള്ളവനായും സ്ത്രീയാണുണ്ടാകുന്നതെങ്കിൽ പുരുഷന്മാരുടെ ചേഷ്ടകളുള്ളവളായും ഭവിക്കും. എന്നുതന്നെയല്ല, സ്ത്രീയെ ന്യുബ്ജ (=അധോമുഖി)യോ പാർശ്വസ്ഥയോ ആയിട്ടു സേവിക്കരുത്. സ്ത്രീ മലൎന്നുകിടന്നിട്ടേ മൈഥുനംചെയ്യാവു എന്നു സാരം. ന്യുബ്ജയായിട്ടായാൽ വായു ബലവാനായി ഭവിക്കുകയും അതു യോനിയെ പീഡിപ്പിക്കയും ചെയ്യും. വലത്തെപാർശ്വത്തിൽ സ്ത്രീ കിടന്നു സംഗംചെയ്താൽ കഫം അമർക്കപ്പെട്ട് സ്ഥാനത്തിങ്കൽനിന്നു ച്യുതമായിട്ട് ഗർഭാശയത്തെ ആവരണംചെയ്യും. ഇടത്തെപാർശ്വത്തിങ്കൽകിടന്നിട്ടായാൽ അപ്രകാരംതന്നെ പിത്തം സ്ഥാനച്യുതമായിട്ട് രക്തത്തെയും ശുക്ലത്തെയും ദഹിപ്പിക്കും. കഫം ദക്ഷിണപാർശ്വത്തിങ്കലും പിത്തം വാമപാർശ്വത്തിങ്കലുമാണാശ്രയിച്ചിരിക്കുന്നതെന്നുള്ളതാണ് ഇതിന്നു കാരണം. ആകയാൽ സ്ത്രീ മലൎന്നു കിടന്നുംകൊണ്ട് വേണം ബീജത്തെ ഗ്രഹിക്കുവാൻ. അങ്ങിനെയായാൽ വാതാദിദോഷങ്ങൾ യഥാസ്ഥാനംതന്നെ നില്ക്കും.

ഗർഭാധാനാനന്തരം ചെയ്യേണ്ടതു പറയുന്നു:—

ലബ്ധഗർഭാം ചൈനാം വിദിത്വാ പ്രാഗ്വ്യക്തീഭാവാദ് ഗർഭസ്യ പുഷ്യേ പുംസവനാനി പ്രയുഞ്ജീത । ദശരാത്രമിത്യന്യേ । അത്രാപി യുഗ്മദിനേഷ്വിതി കേചിൽ । പ്രത്യഹമിത്യപരേ ॥

സാ—സ്ത്രീ ഗർഭവതിയായി എന്ന് കുക്ഷിഗൗരവാദികളായ ലക്ഷണങ്ങളെക്കൊണ്ടറിഞ്ഞാൽ വൈദ്യൻ ഗർഭത്തിനു വ്യക്തതവരുന്നതിന്നുമുമ്പ് പുഷ്യ (=പൂയം) നക്ഷത്രത്തോടുകൂടിയ ദിവസം മേലിൽ പറയപ്പെടുന്ന പുംസവനയോഗങ്ങളെ പ്രയോഗിക്കണം. പുമാൻ സൂയതേ അനേനേതി പുംസവനം, അതായതു പുരുഷപ്രജയാവാനുള്ള യോഗം എന്നു പുംസവനശബ്ദത്തിന്നർത്ഥം. ആകയാൽ പുത്രാർത്ഥിനിയാകണ

ങ്കിൽ മാത്രമേ പുംസവനം വേണ്ടതുള്ളൂ എന്നു സിദ്ധിച്ചു. മററു ചില ആചാര്യന്മാർ പുംസവനയോഗങ്ങളെ പന്ത്രണ്ടു് ദിവസം പ്രയോഗിക്കേണമെന്നു പറയുന്നു. ആ ദിവസങ്ങളിൽതന്നെയും യുഗ്മ (=എരട്ടയായ; രണ്ടു് നാലു് തുടങ്ങിയ) ദിനങ്ങളിലേ വേണ്ടൂ എന്നു വേറെ ചിലരുടെ മതം. ദിവസംതോറും വേണമെന്നു മററുചിലരും പറയുന്നു. ഇനി പുംസവനയോഗങ്ങളെ പറയുന്നു.

തദ്യഥാ — ലക്ഷ്മണാവടശുംഗസഹദേവാവിശ്വദേവാനാമന്യതമം ക്ഷീരേണാഭിഷുത്യ ത്രീംശ്ചതുരോ വാ ബിന്ദൂൻ ദക്ഷിണേ നാസാപുടേ സ്വയമാസിഞ്ചേൽ പുത്രകാമാ വാമേ തു ദുഹിതൃകാമാ । ന ചൈതാം നിഷ്ഠീവേൽ । തഥാ പുഷ്യോദ്ധൃതായാഃ ശ്വേതബൃഹത്യാ മൂലകല്ക്കാദ്രസം നാവയേൽ । തദ്വച്ചോല്പലപത്രം കുമുദപത്രം ലക്ഷ്മണാമൂലം വടശുംഗാണി ചാഷ്ടൌ ച നാവയേൽ ॥

സാ — ലക്ഷ്മണാ=തിരുതാളിവേര്. വടശുംഗം=പേരാലിൻകൂമ്പ്. സഹദേവാ=പൂവ്വാംകുറുന്തില. വിശ്വദേവാ=ശംഖുപുഷ്പത്തിൻവേര്. ഇവയിൽ ഒന്നു് പാലിൽ ഉരസികലക്കി മൂന്നോ നാലോ തുള്ളി സ്ത്രീയുടെ വലത്തെ മൂക്കിൽ തിരിശീലകൊണ്ടു് മുക്കി ഒഴിച്ചു് ഊതിക്കയററുക. സ്ത്രീപ്രജയെയാണു് ഇച്ഛിക്കുന്നതെങ്കിൽ മേൽപ്രകാരംതന്നെ എടത്തെമൂക്കിൽ ഒഴിക്കണം. [ഇപ്രകാരം പുംസവനയോഗത്തെ പ്രയോഗിക്കുന്നതു പുരുഷപ്രസവത്തിന്നും ഗർഭവൃദ്ധിക്കും വേണ്ടിയുള്ള പവിത്രങ്ങളായ മന്ത്രങ്ങളെ ജപിച്ചിട്ടു വേണ്ടതാണു്]. ഇങ്ങിനെ മൂക്കിൽ കയററിയ ഔഷധബിന്ദുക്കളെ നിഷ്ഠീവനംചെയ്യരുതു (എന്നുവെച്ചാൽ വായിൽക്കൂടേ പുറത്തേക്കു കളയരുതെന്നർത്ഥം). പുരുഷപ്രജോൽപാദകമായ പുംസവനത്തിന്റെ കൂട്ടത്തിൽ 'വാമേ ച ദുഹിതൃകാമാ' എന്നിങ്ങിനെ സ്ത്രീസവനത്തെപ്പററി പറഞ്ഞതു കേവലം പ്രാസംഗികമായിട്ടാണെന്നും പുത്രകാമയുടെ വലത്തേ മൂക്കിലും പുത്രീകാമയുടെ എടത്തേമൂക്കിലുമാണൌഷധം പ്രയോഗിക്കേണ്ടതെന്നുള്ള വിശേഷം ഗ്രഹിപ്പിക്കുവാൻവേണ്ടിയാണു് ഇങ്ങിനെ പറഞ്ഞതെന്നും ഗ്രഹിക്കേണ്ടതാകുന്നു. ഇങ്ങിനെ ഒരു പുംസവനയോഗം പറയപ്പെട്ടു. യോഗാന്തരത്തെപ്പറയുന്നു. തഥേതി — പൂയംനക്ഷത്രത്തിൽ പറിച്ചെടുത്ത ശ്വേതബൃഹതി (=വെൾവഴുതിന)യുടെ വേരരച്ചു കല്ക്കം പിഴിഞ്ഞിട്ടുള്ള ചാറു് മേൽപ്രകാരം മൂക്കിൽകയററി നസ്യംചെയ്യുകയുമാകാം. അപ്രകാരംതന്നെ ഉൽപലപത്രം (=ചെങ്ങഴിനീർപൂവ്വിന്റെ ഇല) കുമുദപത്രം (=ആമ്പലിന്നി

ഛ) ലക്ഷ്മണാമൂലം (=തിരുതാളിവേര്) എട്ടു പേരാലിൻകൂമ്പുകൾ ഇവയിലൊന്നിന്റെ രസംകൊണ്ടും മൂക്കിൽ നസ്യംചെയ്യാം.

ശുക്ലമാല്യാംബരധരാ ച നാരീ പുഷ്യോദ്ധൃതായാ ലക്ഷ്മണായാ മൂലകല്ക്കമുദുംബരമാത്രം പയസാ പിബേൽ പുത്രസ്യോൽപാദനായ സ്ഥിതയേ ച । തദ്വദ്ഗൌരദണ്ഡമപാമാർഗ്ഗം ജീവകർഷഭകൌ *ശംഖപുഷ്പീമണ്ഡവ്യം സഹചരന്നാഗജിഹ്വാമഗ്നിജിഹ്വാമഷ്ടൌ വാ വടശൃംഗാണി । ശാലിപിഷ്ടസ്യ ച പച്യമാനസ്യോഷ്മാണമാഘ്രായ തദ്രസം ദേഹള്യാം സ്ഥിതാ പൂർവ്വവന്നാവയേൽ ॥

സാ—സ്ത്രീ വെളുത്ത മാലയും വസ്ത്രവും ധരിക്കുന്നവളായിട്ടു പൂയം നക്ഷത്രത്തിൽ പറിച്ചെടുത്ത ലക്ഷ്മണ (=തിരുതാളി) യുടെ വേരരച്ചകല്ക്കം ഉദുംബര (=അത്തിക്കായ) പ്രമാണം പാലിൽകലക്കി സേവിക്കണം. ഇത് പുത്രന്റെ ഉൽപാദനത്തിന്നും നിലനില്പിന്നും നല്ലതാകുന്നു. ഇതു ഗർഭിണിയുടെ മൂക്കിൽക്കൂടേയോ വായിൽക്കൂടേയോ സേവിക്കാമെന്നു ചിലർ പറയുന്നുണ്ട്. ഇതു സേവിച്ചാൽ വ്യക്തീഭൂതനായ പുത്രന്നു വലിയ രക്ഷയാകുന്നു. ഈ ലക്ഷ്മണാമൂലത്തിന്റെ വിധിപ്രകാരംതന്നെ ഗൌരദണ്ഡമായ അപാമാർഗ്ഗംമുതലായവയിൽ ഒന്നോ രണ്ടോ അധികമോ കൂട്ടത്തെ യഥാലാഭം പാലിൽ സേവിച്ചാലും ഫലം മേൽപ്രകാരംതന്നെയാകുന്നു. ഗൌരദണ്ഡാപാമാർഗ്ഗം=തണ്ടുവെളുത്ത കടലാടിയുടെ വേര്. ജീവകർഷഭകങ്ങൾ=ജീവകവും ഇടവകവും. ശംഖപുഷ്പീ=ശംഖപുഷ്പത്തിൻവേര്. അണ്ഡവ്യാ (അവ്യംഗാ)=ഓരിലത്താമര. സഹചരം=കരിംകുറുഞ്ഞിവേര്. നാഗജിഹ്വ=പുല്ലാംകുറുന്തില (പുത്രഞ്ചാരി) അഗ്നിജിഹ്വാ=മേത്തോന്നി. എട്ടു വടശൃംഗങ്ങൾ=എട്ടു പേരാലിൻകൂമ്പുകൾ. ഇവയാണ് സേവിക്കേണ്ടത്. അപ്രകാരംതന്നെ ചെന്നെല്ലരിയുടെ മാവ് അരച്ചതു അഗ്നിയിൽ വേവിച്ച് അതു വേവുമ്പോൾ ആ ആവിയെ ഘ്രാണിച്ച് അതു പിഴിഞ്ഞതായ നീരിനേയും മുമ്പറഞ്ഞപ്രകാരം മൂക്കിൽ ഒഴിച്ചു നസ്യംചെയ്യണം. ഈ നസ്യംചെയ്യുന്നതു പുറത്തേ കോലായിൽ ഇരുന്നിട്ടാണ് വേണ്ടതു.

യച്ചാന്യദപി ബ്രാഹ്മണാ വൃദ്ധസ്ത്രിയോ വാ ബ്രൂയുസ്തച്ച കുര്യാൽ । തതഃ പ്രജാസ്ഥാപനാഖ്യാ ദശൌഷധീഃ ശിരസാ ദക്ഷിണേന ച പാണിനാ ധാരയേൽ । ഏതാഭിശ്ച സിദ്ധം പയോ ഘൃതം വാ പിബേൽ । ഏതാഭിരേവ ച പുഷ്യേ പുഷ്യേ സ്നായാൽ സദാ ച സമാലഭേത । തഥാ സർവ്വാസാം ജീവനീയാനാമൌഷധീ

നാം സദോപയോഗൈസ്തൈസ്തൈർവ്വിധാനൈരിതി ഗർഭസ്ഥാപനാനി ॥

സാ— മേല്പറഞ്ഞതു കൂടാതേയും ബ്രാഹ്മണരോ വൃദ്ധസ്ത്രീകളോ യാതൊന്നു ചെയ്വാൻ പറയുന്നുവോ അതിനെയെല്ലാം ചെയ്യണം. വൃദ്ധസ്ത്രീകൾ എന്നു പറഞ്ഞതുകൊണ്ടു് ഗർഭിണിയുടെ ഹേയോപാദേയങ്ങളേയും അവയുടെ ഫലങ്ങളേയും ശീലിച്ചും അനുഭവിച്ചും അറിഞ്ഞിട്ടുള്ള സ്ത്രീകൾ എന്നു ഗ്രഹിക്കണം. അല്ലാതെ വയസ്സായിട്ടുള്ള സ്ത്രീകൾ പറയുന്നതുപോലെയെല്ലാം പ്രവർത്തിക്കേണമെന്നർത്ഥമില്ല. അപ്രകാരംതന്നെ ബ്രാഹ്മണപദത്തെ ഉപാദാനംചെയ്തിട്ടുള്ളതു് ശ്രൌതസ്മാർത്തവിധാനങ്ങളുടെ ഉപലക്ഷണത്തിന്നായിട്ടാകുന്നു. അനന്തരം പ്രജാസ്ഥാപനങ്ങൾ എന്നു പേരായ പത്തു് ഓഷധികളെ (അതായതു് ഐന്ദ്രീബ്രാഹ്മീ ഇത്യാദികളായ ദശൌഷധികളെ) ഗർഭിണി ശിരസ്സിൽ ചൂടുകയും വലത്തെ കൈകൊണ്ടു ധരിക്കുകയും വേണം. ആ പ്രജാസ്ഥാപനൌഷധങ്ങളെക്കൊണ്ടുതന്നെ ക്ഷീരപാകവിധാനേന സിദ്ധമായ പാലിനേയോ അതുകളെക്കൊണ്ടു കാച്ചിയ നെയ്യിനേയോ സേവിക്കയും വേണം. ഈ ഔഷധങ്ങളെക്കൊണ്ടുതന്നെ പൂയനക്ഷത്രംതോറും സ്നാനംചെയ്കയും, ഈ ഔഷധങ്ങളോടു സദാ സംസർഗ്ഗിക്കുകയും വേണം. അപ്രകാരംതന്നെ ജീവനീയങ്ങളായ എല്ലാ ഔഷധങ്ങളേയും ക്ഷീരഘൃതാദിവിവിധവിധാനങ്ങളെക്കൊണ്ടുപയോഗിക്കുന്നതും ഗർഭസ്ഥാപനത്തിന്നു നല്ലതാകുന്നു.

സൌമ്യാകൃതിവചനോപചാരചേഷ്ടാശ്ച പ്രിയഹിതാനുവർത്തിനഃ പരിചാരകാസ്തഥാ ഭർത്തേതി । പുനശ്ചൈനാം മാസാദുപേയാൽ ॥

സാ— ഗർഭിണിയുടെ *പരിചാരകന്മാരും അപ്രകാരം ഭർത്താവും സൌമ്യങ്ങളായ ആകൃതി, വചനം, ഉപചാരം, ചേഷ്ട എന്നിവയോടു കൂടിയവരും പ്രിയ(=ഇഷ്ട)ന്മാരും ഹിതന്മാരും അനുവർത്തനശീലന്മാരും ആയിരിക്കുന്നതും ഗർഭസ്ഥാപനമാകുന്നു. ഗർഭിണിയായ സ്ത്രീയെ ഗർഭധാരണത്തിന്നു ശേഷം ഒരുമാസം കഴിഞ്ഞിട്ടുവേണം ഭർത്താവു് ഗമിക്കുവാൻ. ഇതു മാസാനന്തരം ഗമിക്കേണമെന്നു വിധിക്കുവാനല്ലാ ഒരുമാസം ഗമിക്കരുതെന്നു നിഷേധിക്കുവാനായിട്ടാണു് പറഞ്ഞിട്ടുള്ളതെന്നു ഗ്രഹിക്കേണ്ടതാണു്.

അനന്തരം ഗർഭത്തിന്നു വർണ്ണവിശേഷം വരുവാനുള്ള ഹേതുവിനെ പറയുന്നു:—

തത്ര ശുക്ലേ ശുക്ലേ ഘൃതമണ്ഡാഭേ വാ ഗൎഭസ്യ ഗൌരത്വം തൈലാഭേ കൃഷ്ണത്വം മധ്വാഭേ ശ്യാമത്വമ് । തഥാ ക്ഷീരാദിമധുരാണാമുപയോഗാന്മാതുരുദകവിഹാരാച്ച ഗൌരതാ തിലാന്നവിദാഹിനാ കൃഷ്ണതാ । വ്യാമിശ്രാണാം ശ്യാവതാ। ദേശകുലാനുവൃത്തിതശ്ച വൎണ്ണഭേദഃ ॥

സാ—അതിൽവെച്ച് പിതാവിന്റെ ശുക്ലം ശുക്ലവൎണ്ണമോ ഘൃതമണ്ഡത്തിന്റെ നിറംപോലെയുള്ള നിറത്തോടുകൂടിയതോ ആയിരുന്നാൽ ഗൎഭസ്ഥനായ ശിശുവിന്നു ഗൌരവൎണ്ണത്വം ഭവിക്കും. ശുക്ലം തൈലത്തിന്റെ നിറത്തോടുകൂടിയിരുന്നാൽ ശിശുവിന്നു കൃഷ്ണവൎണ്ണത്വവും തേനിന്റെ നിറത്തോടുകൂടിയിരുന്നാൽ ശ്യാമവൎണ്ണത്വവും ഭവിക്കും. പുരുഷന്റെ ശുക്ലത്തിന്നു ആഹാരാദിവശാൽ പലനിറവും വരാമല്ലോ. ആ നിറത്തെ അനുസരിച്ചാണ് കുട്ടിയുടെ നിറം ഭവിക്കുക എന്നു സാരം. ഇതുകൊണ്ട് വൎണ്ണവിശേഷോൽപത്തി പിത്രായത്തമാണെന്നു സിദ്ധിച്ചു. അപ്രകാരംതന്നെ ഗൎഭിണിയായ മാതാവ് ചെയ്യുന്ന ആഹാരവിഹാരങ്ങളും വൎണ്ണവിശേഷം പ്രതി കാരണമാണെന്നു പറയുന്നു. തഥേതി—മാതാവ് പാൽമുതലായ മധുരദ്രവ്യങ്ങളെ (അതായതു സൌമ്യദ്രവ്യങ്ങളെ എന്നൎത്ഥം) സേവിക്കയും ജലക്രീഡ ചെയ്കയും ചെയ്താൽ ഗൎഭത്തിന്നു ഗൌരവൎണ്ണത്വവും, തിലാന്നം (=എൾച്ചോറ്) വിദാഹിയായ അന്നം എന്നിവയെ (അതായതു ആഗ്നേയദ്രവ്യങ്ങളെ എന്നൎത്ഥം) ശീലിച്ചാൽ ഗൎഭത്തിന്നു കൃഷ്ണവൎണ്ണത്വവും, വ്യാമിശ്രങ്ങൾ (അതായതു സൌമ്യത്വവും ആഗ്നേയത്വവുമുള്ളവ) ആയ ദ്രവ്യങ്ങൾ ഉപയോഗിച്ചാൽ ഗൎഭത്തിന്നു ശ്യാവവൎണ്ണത്വവും ഭവിക്കും. ഇപ്രകാരംതന്നെ ദേശം, കുലം, എന്നിവയുടെ അനുവൃത്തി ഹേതുവായിട്ടും വൎണ്ണഭേദം ഭവിക്കുന്നു. ഔത്തരാഹന്മാൎക്കു ഗൌരവൎണ്ണവും ദാക്ഷിണാത്യന്മാരായ ആന്ധ്രദ്രമിഡപാണ്ഡ്യാദികൾക്കു കൃഷ്ണവൎണ്ണവും മദ്ധ്യദേശത്തിങ്കലുള്ളവൎക്കു ശ്യാവവൎണ്ണവും ഭവിക്കുന്നതു ദേശഭേദത്തിന്നും ശില്പ്യാദികുലങ്ങളിൽ പിറന്നവൎക്കു ചിലൎക്കു ഗൌരത്വവും ചിലൎക്കു കൃഷ്ണത്വവും ചിലൎക്കു ശ്യാവത്വവും ഭവിക്കുന്നതു കുലഭേദത്തിന്നും ഉദാഹരണമാകുന്നു.

ഇതുകൂടാതെയും വൎണ്ണവിശേഷോൽപത്തിക്കു കാരണമുണ്ടെന്നു പറയുന്നു:—

തഥാ തേജോധാതോരുദകാകാശധാതുസംപൃക്താൽ ഗൌരതാ । ഭൂവായുസംപൃക്താൽ കൃഷ്ണതാ । സൎവ്വധാതുസാമ്യേ ശ്യാമതാ ॥

സാ—അപ്രകാരംതന്നെ ഗർഭാരംഭകമഹാഭൂതങ്ങളിൽവെച്ച് തേജസ്സ് എന്ന ഭൂതത്തിന്ന് ജലം, ആകാശം എന്നീ ഭൂതങ്ങളുടെ സംപർക്കമുണ്ടായിരുന്നാൽ ഗർഭത്തിന്നു ഗൌരവർണ്ണത്വവും, ഭൂമി വായു എന്നിവയുടെ സംപർക്കമുണ്ടായിരുന്നാൽ കൃഷ്ണവർണ്ണത്വവും, സർവ്വഭൂതങ്ങളും സമങ്ങളായിരുന്നാൽ ശ്യാമവർണ്ണത്വവും ഭവിക്കും. വർണ്ണവിശേഷകത്ത്വത്തിങ്കൽ തേജസ്സ് എന്ന ഭൂതത്തിന്നു പ്രാധാന്യമുള്ളതുകൊണ്ട് അതിൻെറ ആധിക്യമനുസരിച്ചിരിക്കും വർണ്ണവിശേഷോൽപ്പത്തി എന്നു കാണുക. ഇപ്പറഞ്ഞ ആഹാരവിഹാരങ്ങളും, ദേശകുലാദികളും, ഭൂതാധിക്യവും നാനാവിധഭേദങ്ങളെക്കൊണ്ടു പരസ്പരം ഭിന്നങ്ങളായിരിക്കുമ്പോൾ അവയുടെ മിശ്രീഭാവമാണ് വർണ്ണങ്ങളുടെ മാനം. ഇപ്രകാരം ഗർഭസ്ഥശിശുവിന്നു വർണ്ണവിശേഷകാരകങ്ങളായ ഭാവങ്ങൾ പറയപ്പെട്ടു.

ഇനി സത്വവിശേഷങ്ങൾക്കും കാരണമുണ്ടെന്നു കാണിക്കുന്നു:—

**സത്വവിശേഷകരാണി പുനർമ്മാതാപിതൃസത്വാദയോന്തർവ്വത്ന്യാഃ ശ്രുതയശ്ചാഭീക്ഷ്ണം സ്വോചിതഞ്ച കർമ്മ ഭവതി പൂർവ്വാഭ്യാസശ്ചേതി ॥**

സാ—മാതാപിതാക്കന്മാരുടെ സത്വം (ചിത്തം, മനസ്സ്) മുതലായവയും, ഗർഭിണിയുടെ വീണ്ടും വീണ്ടുമുള്ള ശ്രുതികളും, സ്വോചിതമായ കർമ്മവും, പൂർവ്വജന്മത്തിലെ അഭ്യാസവും ഗർഭസ്ഥശിശുവിന്നു സത്വവിശേഷത്തെ ചെയ്യുന്നവയാകുന്നു. സത്വം എന്നുവെച്ചാൽ ശുദ്ധമായ മനസ്സ് എന്നർത്ഥമാകുന്നു. അതാണ് ഗർഭത്തിങ്കൽ പ്രധാനം. ചേതനാസ്വരൂപനാണെങ്കിലും മനസ്സിനോടു സംയുക്തനായ പരമാത്മാവിൻെറ ചേതനാദികളെക്കൊണ്ട് വ്യക്തമായിട്ടുള്ള ചൈതന്യത്തെ മനസ്സിങ്കൽ ഉപചരിക്കുന്നതുകൊണ്ടാണ് മനസ്സിനെ സത്വമെന്നു പറയുന്നത്. ആ മനസ്സിന്ന് രജോഗുണംകൊണ്ടും തമോഗുണംകൊണ്ടും അശുദ്ധിഭവിക്കും. അവതന്നെ അസംഖ്യപ്രകാരത്തിൽ പരസ്പരം ഭിന്നങ്ങളായിട്ട് സത്വവിശേഷങ്ങളെ ഉണ്ടാക്കുന്നു. ഗർഭത്തിൻെറ സത്വവിശേഷപ്രാപ്തിക്കു കാരണം മാതാപിതാക്കന്മാരുടെ സത്വാദികളാകുന്നു. ആദിശബ്ദംകൊണ്ട് ശീലകുലാചാരശൌചാദികളെ ഗ്രഹിക്കണം. ഗർഭിണിയായവൾ പൌനഃപുന്യേന ചെയ്യുന്ന ധർമ്മകഥാശ്രവണങ്ങളും സത്വവിശേഷകാരണമാകുന്നു. ഇതുകൊണ്ട് ഗർഭിണി സുസത്വന്മാരായ ബുദ്ധാദികളുടെ കഥകളെ നിരന്തരം കേൾക്കുന്നതായാൽ പുത്രനും അതുപോലെ സുസ

ത്വനാകുമെന്നും അല്ലെങ്കിൽ ദുസ്സത്വനാകുമെന്നും സിദ്ധിക്കുന്നു. പൂർവ്വോപാചിതകർമ്മമെന്നതിന്നു ഗർഭസ്ഥനായ ജീവനാൽ അന്യജന്മത്തിങ്കൽ സഞ്ചിതമായ കർമ്മമെന്നർത്ഥമാകുന്നു. അതും സത്വവിശേഷോൽപത്തിക്കു കാരണമാണ്. പൂർവ്വാഭ്യാസമെന്നതിന്നു പൂർവ്വജന്മസംസ്കാരങ്ങളിൽ അഭ്യസ്തമായ വാസനയെന്നത്രെ അർത്ഥം. അതും സത്വവിശേഷകാരണത്തിന്നു കാരണമാണ്.

ഭവന്തി ചാത്ര—

ഘൃതക്ഷീരാദിനിത്യാസു മുദിതാസു കഫാത്മസു
ആർത്തവം തിഷ്ഠതി ചിരം വിപരീതാസു ചാന്യഥാ ॥

സാ—ഘൃതക്ഷീരാദിനിത്യകളും മറ്റുമായുള്ള സ്ത്രീകളിൽ ആർത്തവം അധികകാലത്തോളം നില്ക്കും. തദ്വിപരീതകളായവരിൽ നില്ക്കുകയില്ല. ഘൃതക്ഷീരാദിനിത്യകൾ=നെയ്യ് പാൽ മുതലായവ നിത്യം ശീലിക്കുന്നവർ. മുദിതകൾ=നിത്യം സന്തോഷത്തോടുകൂടിയിരിക്കുന്നവർ. കഫാത്മാക്കൾ=കഫപ്രകൃതികൾ.

ശുദ്ധശുക്ലാർത്തവമിത്യാദിയായിപ്പറഞ്ഞതിന്നു കാരണം പറയുന്നു:—

നിപാതാദേവ ഗൃഹ്ണാതി രാഗം വാസോ യഥാമലം
ധ്രുവം ഗർഭം തഥാ ബീജം ക്ഷേത്രം ബീജമുപസ്കൃതം ॥

സാ—അമലം (=നിർമ്മലം) ആയ വസ്ത്രം നിപാതമാത്രംകൊണ്ടു തന്നെ യാതൊരു പ്രകാരം രാഗത്തെ (=ചായത്തെ) അവശ്യം ഗ്രഹിക്കുന്നുവോ അതുപ്രകാരംതന്നെ ഉപസ്കൃതം (=ശുദ്ധി മുതലായ സംസ്കാരങ്ങളെച്ചെയ്ത് യോഗ്യതയെ ഉണ്ടാക്കിയത്) ആയ ക്ഷേത്രം(=സ്ത്രീശരീരം) തീർച്ചയായും ബീജത്തെയും അപ്രകാരംതന്നെ ബീജം ഗർഭത്തെയും തീർച്ചയായും ഗ്രഹിക്കുന്നു.

ഗർഭത്തിന്റെ വ്യക്തീഭാവത്തിന് മുമ്പു പുംസവനം ചെയ്യുന്നതിന്റെ ഫലസിദ്ധിയെ സഹേതുകം ഉപപാദിക്കുന്നു:—

അവിരുദ്ധേ ധ്രുവം ദൈവേ കാലയുക്തസ്യ കർമ്മണഃ
സിദ്ധിഃ പുംസവനാദ്യസ്മാൽ പൂർവ്വം വ്യക്തേഃ പ്രയോജയേൽ ॥

സാ—ദൈവം വിരുദ്ധമല്ലാതിരിക്കുമ്പോൾ ഫലാവാപ്തിയോഗ്യമായ കാലത്തിങ്കൽ ചെയ്യപ്പെടുന്ന കർമ്മത്തിന്നു തീർച്ചയായും സിദ്ധി ഭവിക്കും. അതുകൊണ്ടു ഗർഭത്തിന്റെ വ്യക്തിഭാവത്തിന്നു മുമ്പായിത്തന്നെ പുംസവനം മുതലായവയെ ചെയ്യണം. അന്യലിംഗാഭിമുഖമായ ബീജത്തെ നിവൃത്തമാക്കിത്തീർത്തു യഥാഭിമതലിംഗയോജനം ചെയ്വാൻ ദ്രവ്യ

ത്തിന്നു പ്രഭാവമുണ്ടെന്നു സാരം. ദൈവം വിരുദ്ധമായിരിക്കുമ്പോളാകട്ടേ യഥാകാലം പ്രയുക്തമായ കൎമ്മത്തിന്നും ചിലപ്പോൾ സിദ്ധിയുണ്ടായില്ലെന്നു വരാം. വിരുദ്ധമായ ദൈവം ബലവത്തായും പൂൎവ്വജന്മത്തിലെ ദുഷ്കൎമ്മം ഫലോന്മുഖമായും ഇരിക്കുമ്പോളാണങ്ങിനെ വരുന്നത്.

ഇങ്ങിനെ സംസ്കാരാദികളെക്കൊണ്ടുണ്ടായ പുത്രനെക്കൊണ്ടുള്ള പ്രയോജനത്തെപ്പറയുന്നു:—

ജാതാശ്ചൈവം രൂപവന്തോ മഹാസത്വാശ്ചിരായുഷഃ
ഋണാന്മോചയിതാരഃ സ്യുസ്സുപുത്രാഃ പുത്രിണാം മതാഃ ॥

സാ—ഇപ്രകാരം ഉണ്ടായ സുപുത്രന്മാർ സൌന്ദൎയ്യത്തോടുകൂടിയവരായും വലിയ ധൈൎയ്യമുള്ളവരായും ദീൎഘായുസ്സുകളായും ഭവിക്കും. അവർ പുത്രികളായവരെ ഋണത്തിങ്കൽനിന്നു മോചിപ്പിക്കുന്നവരായി ഭവിക്കും. പുത്രൻ പിറക്കുന്നത് ദേവൎഷിപിതൃക്കളോടു ഋണവാനായിട്ടാണെന്നു ശ്രുതിവചനമുണ്ട്.

ദേവതാചാരശൌചാദിരതാ സൂതേ മഹാഗുണമ്
ധാവത്യേവഞ്ചരിതം പ്രാഗ് ജന്മാഭ്യാസയോഗതഃ ॥

സാ—ദേവന്മാരിലും സദാചാരത്തിങ്കലും ശൌചത്തിങ്കലും മററും താൽപൎയ്യമുള്ളവളായ സ്ത്രീ ഏററവും ഗുണവാനായ പുത്രനെ പ്രസവിക്കുന്നു. അങ്ങിനെയുള്ള മാതാവിന്റെ പുത്രനെ പൂൎവ്വാനേകജന്മാഭ്യാസവശാൽ അങ്ങിനെതന്നെയിരിക്കുന്ന (അതായതു ദേവതാചാരാദിരതതയോടുകൂടിയ) കൎമ്മം അനുധാവനം (=പിൻതുടരുക) ചെയ്യുകയും ചെയ്യുന്നു.

അനന്തരം ഒരു ഭ്രാന്തിയെ നിവാരണം ചെയ്യുന്നു:—

യോഷിതോപി സ്രവത്യേവ ശുക്ലം പുംസസ്സമാഗമേ
ഗൎഭസ്യ തന്ന കിഞ്ചിത്തു കരോതീതി ന ചിന്ത്യതേ ॥

സാ—സ്ത്രീസംഗത്തിൽ പുരുഷന്നു ശുക്ലം സ്രവിക്കുന്നതുപോലെ വിശിഷ്ടപുംയോഗത്തിൽ സ്ത്രീക്കും ശുക്ലം സ്രവിക്കുന്നുണ്ട്. ഇതുകൊണ്ടു സ്ത്രീപുരുഷന്മാൎക്കു രണ്ടുപേൎക്കും രതിഭാവം സമമാണെന്നും, ലിംഗസാമ്യവും കാലസാമ്യവുമുള്ളവരായ ദമ്പതിമാൎക്കു ഗ്ലാന്യാദികളായ അനുഭവങ്ങളും സമാനമാണെന്നും സിദ്ധിക്കുന്നു. ഇങ്ങിനെയുള്ള സ്ത്രീശുക്ലം ഗൎഭോൽപത്തിയെക്കുറിച്ച് ഒരുപകാരവും ചെയ്യാത്തതുകൊണ്ട് അതിവിടെ ചിന്തിക്കപ്പെടുന്നില്ല. സ്ത്രീശരീരത്തിങ്കൽനിന്നു ബഹിഃസ്രുതമായ

ശുക്ലത്തിന്നു ക്ഷേത്രപ്രവേശം ഉണ്ടാകയില്ലല്ലോ. പിന്നെ അതെങ്ങിനെ ഗർഭത്തിന്നുപകരിക്കും?

ഇത്യഷ്ടാംഗസംഗ്രഹേ ശാരീരസ്ഥാനേ
പ്രഥമോദ്ധ്യായഃ
സമാപ്തഃ.

# ദ്വിതീയോദ്ധ്യായഃ.

മുമ്പത്തെ അദ്ധ്യായത്തിൽ പുത്രകാമനെപ്പററി പറഞ്ഞുവല്ലോ. ഇനി ആ പുത്രനു ബീജനിഃഷേകാനന്തരമുള്ള യോഗക്ഷേമങ്ങളെന്തെന്നും, ഗർഭം മാതാവിങ്കൽ സ്ഥിതിചെയ്യുന്നതെങ്ങിനെയെന്നും, അതിന്നു കേടുഭവിക്കാതിരിക്കുന്നതെങ്ങിനെയെന്നും, സുഖപ്രസവം എങ്ങിനെയെന്നും കാണിപ്പാനായി അദ്ധ്യായം ആരംഭിക്കുന്നു:—

**അഥാതോ ഗർഭാവക്രാന്തിം ശാരീരം വ്യാഖ്യാസ്യാമഃ । ഇതിഹസ്മാഹുരാത്രേയാദയോ മഹർഷയഃ ॥**

സാ—അനന്തരം ഗർഭാവക്രാന്തി എന്ന ശാരീരത്തെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു. ഗർഭാവക്രാന്തി=ഗർഭത്തിൻെറ അവക്രാന്തി. ഗർഭം=മനസ്സംയോഗത്താൽ ചേതനനായ ജീവനാൽ അധിഷ്ഠിതങ്ങളായ പഞ്ചഭൂതങ്ങളുടെ വികാരം. അവക്രാന്തി=അവക്രമണം, പ്രാപ്തി, സമുപലാഭം. ഗർഭാവക്രാന്തിയെപ്പററി പറയുന്ന അദ്ധ്യായത്തിന് ഉപചാരേണ ആ സംജ്ഞയെ കല്പിച്ചിരിക്കുന്നു.

**ഗതേ പുരാണേ രജസി നവേവസ്ഥിതേ ശുദ്ധേ ഗർഭാശയേ മാർഗ്ഗേ ച ബീജാത്മനാ ശുക്ലമവികൃതമവികൃതേന വായുനാ പ്രേരിതമന്യൈശ്ച മഹാഭൂതൈരനുഗതമാർത്തവേനാഭിമൂർച്ഛിതമനുക്ഷമേവ രാഗാദിക്ലേശവശാനുവർത്തിനാ സ്വകർമ്മചോദിതേന മനോജവേന ജീവേനാഭിസംസൃഷ്ടം ഗർഭാശയമുപയാതി ॥**

സാ—പഴയതായ ദുഷ്ടരക്തം വായുവിനാൽ ഋതുകാലത്തിൽ ആദ്യത്തെ മൂന്നു ദിവസം പുറത്തേക്കു കളയപ്പെട്ടു് ആർത്തവമെന്നു പറയപ്പെടുന്ന പുതിയ രക്തം അവസ്ഥിതം (=ലബ്ധപ്രതിഷ്ഠം) ആയി ശുദ്ധമായിരിക്കയും ഗർഭാശയവും അതിൻെറ മാർഗ്ഗവും ദോഷാനുപഹതമായി ശുദ്ധ

മായിരിക്കയും ചെയ്യുമ്പോൾ (ഈ ശുദ്ധി സ്വാഭാവികി എന്നും ഔപാധികി എന്നും രണ്ടുവിധം. ഔപാധികീ=ദ്രവ്യസംസ്കാരകൃതാ. 'ശുദ്ധേ' എന്നത് രജസ്സിനോടും ഗർഭാശയത്തോടും മാർഗ്ഗത്തോടും സംബന്ധിക്കുന്നു), ബീജാത്മനാ, അതായതു ഗർഭകാരണമഹാഭൂതസ്വഭാവേന സ്ഥിതിചെയ്യുന്നതായ ശുക്ലാ അവികൃതമായും, ഹർഷാദീരിതമായി അവികൃതമായിരിക്കുന്ന വായുവിനാൽ സർവ്വാംഗങ്ങളിൽനിന്നും പ്രേരിതമായും, സൂക്ഷ്മസ്വരൂപികളും മനസ്സിന്റെ സഹചാരികളുമായ തന്മാത്രകൾ എന്നു പേരായ മററു മഹാഭൂതങ്ങളാൽ അനുഗതമായും, സ്ത്രീക്ഷേത്രത്തെ പ്രാപിച്ചു കർമ്മവശാൽ ആർത്തവത്തോടു അഭിമൂർച്ഛിതം (=മിശ്രീഭൂതം) ആയും, അനന്തരം, അതായതു മിശ്രീഭാവകാലത്തെക്കാൾ കുറഞ്ഞ സമയത്തിൽതന്നെ, രാഗാദിക്ലേശങ്ങൾക്കധീനനായി വിളങ്ങുന്നവനും സ്വകർമ്മചോദിതനും മനോവേഗനുമായ ജീവനാൽ അഭിസംസൃഷ്ടം (=പ്രാപ്തസംയോഗം) ആയും ഭവിച്ചിട്ടു സ്ത്രീയുടെ ഗർഭാശയത്തെ പ്രാപിക്കുന്നു. രാഗാദിക്ലേശങ്ങൾ=രാഗം, ദ്വേഷം, അവിദ്യാ, അസ്മിതാ, അഭിനിവേശം എന്ന പഞ്ചക്ലേശങ്ങൾ. [ ഈ അഞ്ചും മിത്ഥ്യാജ്ഞാനങ്ങളാകുന്നു. രാഗമെന്നാൽ സുഖാശയും, ദ്വേഷമെന്നാൽ രാഗാപ്രാപ്തിയിലുള്ള ക്രോധവും, അവിദ്യാ എന്നതു പ്രമാണാപ്രമാണങ്ങളെപ്പററിയ അന്യഥാജ്ഞാനവും, അസ്മിതാഭിനിവേശങ്ങൾ മോഹങ്ങളുമാകുന്നു. ഇവയിൽ അവിദ്യയാണ് മററു നാലിന്നും മൂലം. ഈ അവിദ്യയുടെ സ്വഭാവം എങ്ങിനെയെന്നാൽ—അനിത്യമായ പൃഥിവ്യാദിയിങ്കൽ നിത്യബുദ്ധി, അശുചിയായ സ്ത്രീശരീരാദിയിങ്കൽ ശുചിബുദ്ധി, തൽകാലസുഖവും അവസാനവിരസവുമായ ദുഃഖത്തിങ്കൽ സുഖബുദ്ധി, ബാഹ്യോപകരണഭാവസമവായമായ ശരീരത്തിങ്കൽ ആത്മബുദ്ധി എന്നിവ ഭവിക്കുകയാകുന്നു. അസ്മിതയുടെ സ്വഭാവം ആത്മാവിന്നും ബുദ്ധിക്കും തമ്മിൽ അഭേദത്തെ ഗ്രഹിക്കുകയാകുന്നു. രാഗത്തിന്റെ സ്വഭാവം മുമ്പനുഭവിക്കപ്പെട്ട സുഖത്തിന്റെ സ്മരണകൊണ്ടു വീണ്ടും തൽപ്രാപ്തിയിൽ ആഗ്രഹം ജനിക്കുയാകുന്നു. ദ്വേഷത്തിന്റെസ്വഭാവം മുമ്പനുഭവിക്കപ്പെട്ട ദുഃഖത്തെ ഓർത്ത് അതിന്റെ കാരണത്തെ തൽക്കാലത്തെക്കു നശിപ്പിപ്പാനുള്ള ആഗ്രഹമുണ്ടാകയാകുന്നു. ഈ പഞ്ചക്ലേശങ്ങളുടെ വശവർത്തിയാണ് ജീവൻ. ഇവയിൽ പ്രധാനമായ അവിദ്യ അനാദിയുമാകുന്നു. ജീവാത്മാവിന്റെ ശുഭാശുഭകർമ്മങ്ങൾ പച്യമാനങ്ങളായിട്ട് അവിദ്യയെ പോഷിപ്പിക്കുന്നു. അതുകൊണ്ടു കർമ്മഫലാനുരൂപങ്ങളായ യോന്യന്തരങ്ങ

ളിൽ ആത്മാവിന്ന മനഃപ്രഭൃതികളുടെ സംയോഗം ഭവിക്കുന്നു. ഇതിനെയാണ് ജന്മശബ്ദേന വ്യവഹരിക്കുന്നത്. ഇതാണ് നിത്യനായ ആത്മാവിനു ജന്മത്തെപ്പറയുന്നതിൻെറ സ്വരൂപം. പ്രകൃതത്തിൽ ജീവന്നു നല്കിയിരിക്കുന്ന 'മനോജവേന' എന്ന വിശേഷണംകൊണ്ട് ആചാര്യൻ, ആത്മാവ് നിഷ്ക്രിയനാണെങ്കിലും മനസ്സിനോടു സംയോഗം വരുമ്പോൾ ക്രിയാവാനായി ഭവിക്കുന്നുവെന്നു കാണിക്കുന്നതുപോലെ തോന്നുന്നു ]

കാര്യ്യാണാഞ്ച കാരണാനുവിധായിത്വാത്തത്സഭാഗതാം പ്രതിപദ്യതേ । തത ഏവ ച ശുക്ലസ്യ ബാഹുല്യാൽ പുമാനാർത്തവസ്യ ബാഹുല്യാൽ സ്ത്രീ തയോസ്സാമ്യേന നപുംസകമ്। ശുക്ലാർത്തവേ നിലേന ഖണ്ഡശോ ഭിന്നേ യഥാവിഭാഗമപത്യാനാമുൽപത്തിഃ । വികൃതേ വിയോന്യാകൃതീനാഞ്ച ॥

സാ— കാര്യ്യങ്ങൾ കാരണങ്ങൾക്കനുസരിച്ചിരിക്കുന്നതുകൊണ്ട് മേല്പറഞ്ഞ ശുക്ലം തത്സഭാഗതയെ (കാരണസാദൃശ്യത്തെ) പ്രാപിക്കുന്നു. കാര്യ്യം കാരണത്തിൻെറ സ്വരൂപത്തെ അനുസരിച്ചിരിക്കും. എള്ളിൽനിന്ന് എള്ളുതന്നെയല്ലാതെ ഉഴുന്നുണ്ടാകയില്ലല്ലോ. കാരണം ഇവിടെ മാതാപിതാക്കന്മാരുടെ ഭൂതദേശകാലാഹാരാദികമാകുന്നു. ഗർഭത്തിൻെറ ആകൃത്യാദിസംഭവവും ആകൃത്യാദിവൈലക്ഷണ്യവും മേല്പറഞ്ഞ ഭൂതദേശകാലാഹാരാദികളുടെ ഭേദമനുസരിച്ചാകുന്നു. ഈ കാരണാനുവിധായിത്വംതന്നെയാണ് പ്രജയുടെ ലിംഗഭേദത്തിന്നും ഹേതുവെന്നു പറയുന്നു. തത ഇതി— അതുഹേതുവായിട്ടുതന്നെ ശുക്ലത്തിൻെറ ബാഹുല്യംഹേതുവായിട്ടു പുരുഷനും രക്തത്തിൻെറ ബാഹുല്യംഹേതുവായിട്ടു സ്ത്രീയും ശുക്ലാർത്തവങ്ങളുടെ സാമ്യംകൊണ്ട് നപുംസകവും ഭവിക്കുന്നു. ശുക്ലം പുംസ്കാരണമാകയാൽ തദാധിക്യംകൊണ്ടു പുരുഷൻ ജനിക്കുമെന്നും രക്തം സ്ത്രീകാരണമാകയാൽ തദാധിക്യംകൊണ്ടു സ്ത്രീ ഭവിക്കുമെന്നും ഉഭയസാമ്യത്തിങ്കൽ ഉഭയലക്ഷണങ്ങളോടുകൂടിയ നപുംസകം ഭവിക്കുമെന്നും സാരം. മിശ്രീഭൂതമായ ശുക്ലാർത്തവം വായുവിനാൽ പല ഖണ്ഡങ്ങളായി ഭേദിപ്പിക്കപ്പെട്ടിരുന്നാൽ ആ വിഭാഗമനുസരിച്ച് അനേകം കുട്ടികൾ ഉണ്ടാകും. ശുക്ലാർത്തവം വായുവിനാലോ ദോഷാന്തരത്താലോ വികൃതമായിട്ടിരുന്നാൽ വിയോനികളും വികൃതാകൃതികളുമായ കുട്ടികൾ പിറക്കും. വിയോനികൾ=മൃഗമേഷമാർജ്ജാരാദികൾ. വികൃതാകൃതികൾ=കാണപംഗ്വാദികൾ.

ഗർഭഗ്രഹണലക്ഷണങ്ങളെപ്പറയുന്നു:—

അഥ സദ്യോഗൃഹീതഗർഭായാ ലിംഗം യോന്യാ ബീജഗ്രഹണം തൃപ്തിർഗ്ഗുരിമാ സ്ഫുരണം ശുക്ലാർത്തവയോരനനുബന്ധശ്ച। തഥാ പ്രഹർഷോ ഹൃല്ലാസസ്സ്വഗാത്രേഷു സാദഃ പ്രസേകോ ഹൃദയവ്യഥാ ഗ്ലാനിഃ പിപാസാ ച। ക്രമേണ തു വ്യക്തഗർഭായാഃ കുക്ഷിമാത്രഗൗരവം ക്ഷാമനേത്രസ്വരതാ യോനിരോമസംലുലനം നിദ്രാ ജൃംഭണം മൂർച്ഛാ ഛർദ്ദിരരുചിഃ പാദശോഫോ ഹൃല്ലേഖോഽഭിലാഷസ്തേഷു തേഷു ഭാവേഷൂച്ചാവചേഷു ഭവതീതി ॥

സാ—സദ്യോഗൃഹീതഗർഭയായ (അതായതു ഗർഭം ഗ്രഹിച്ച ഉടനേയുള്ള) സ്ത്രീക്ക് യോനികൊണ്ടു ബീജഗ്രഹണംമുതൽ പിപാസവരേയുള്ള ലക്ഷണം ഭവിക്കും. യോനികൊണ്ടു ബീജഗ്രഹണം=ശുക്ലം പുറത്തേക്കു സ്രവിക്കാതെ യോനിയിൽതന്നെ പെട്ടിരിക്കുക. തൃപ്തി=രതാനഭിലാഷം അല്ലെങ്കിൽ ശരീരപ്രീണനം. ഗുരുതാ=ദേഹത്തിന്നു കനം. സ്ഫുരണം=അംഗചലനം. ശുക്ലാർത്തവാനനുബന്ധം=ശുക്ലാർത്തവങ്ങൾക്ക് അപ്രതിബന്ധം. പ്രഹർഷം=സന്തോഷം. ഹൃല്ലാസം=ഹൃദയോൽക്ലേശത്തോടുകൂടിയ പ്രസേകം (=വായിൽ വെള്ളംതെളിയൽ). സ്വഗാത്രസാദാദികൾ സ്പഷ്ടങ്ങൾ. ഗർഭം വ്യക്തമായി ഭവിച്ചാലത്തെ ലക്ഷണം ക്രമേണ കുക്ഷിമാത്രഗൗരവാദികളായി ഭവിക്കും. ക്രമേണ എന്നതിന്ന് ഗർഭം വളരുന്നതനുസരിച്ച് എന്നർത്ഥം. കുക്ഷിമാത്രഗൗരവം=വയറിന്നുമാത്രം കനം. ക്ഷാമനേത്രസ്വരതാ=കണ്ണുകൾ കൃശമായിരിക്കുകയും ഒച്ച ചെറുതായിരിക്കയും ചെയ്യുക. യോനിരോമസംലുലനം=യോനിക്കും രോമങ്ങൾക്കും ഇളക്കം, അഥവാ യോനിയിലെ രോമങ്ങൾക്ക് വ്യാലോലതാ. നിദ്രമുതൽ അഭിലാഷംവരെയുള്ളവ സ്പഷ്ടാർത്ഥങ്ങൾ. ഉച്ചാവചങ്ങളായ ഭാവങ്ങളിൽ അഭിലാഷം=ഇവിടെപ്പറയാത്തവയായ പലതരം ആഹാരവിഹാരാദികളിൽ ആഗ്രഹം. [ഗർഭം വ്യക്തമായാലത്തെ ലക്ഷണം എന്നു പറഞ്ഞതുകൊണ്ട് അസംപൂർണ്ണഗർഭയായ ഗർഭിണിയുടെ ലക്ഷണം എന്നു ഗ്രഹിക്കണം.]

തസ്യാശ്ച രജോവാഹിനാം സ്രോതസാം വർത്മാന്യുപരുധ്യന്തേ ഗർഭേണ। തസ്മാത്തത് പരമാർത്തവം ന ദൃശ്യതേ। തതസ്തദധഃ പ്രതിഹതമപരമപരം ചോപചീയമാനമപരേത്യാഹുഃ। ജരായുരിത്യന്യേ। സ്ഥിതേ രക്തേ രോമരാജിഃ പ്രാദുർഭവതി ॥

സാ—സ്ത്രീ വ്യക്തഗർഭയായാൽ അവളുടെ രജോവഹങ്ങളായ സ്രോതസ്സുകളുടെ മാർഗ്ഗങ്ങൾ (ഈ സ്രോതസ്സുകളിൽക്കൂടെയാണ് ഋതുകാലത്തിൽ മലിനരക്തം പുറത്തേക്കു പോകുന്നത്) ഗർഭത്താൽ നിരോധിക്കപ്പെടുന്നു. അതു ഹേതുവായിട്ട് ഗർഭം വ്യക്തമായതിനുശേഷം ആർത്തവം കാണപ്പെടുന്നില്ല. (അഥവാ വല്ലപ്പോഴും ആർത്തവം കാണപ്പെടുന്നുവെങ്കിൽ അതു വൈകൃതമാകുന്നു) ഇങ്ങിനെ ഗർഭത്താൽ കീഴ്പോട്ടുപോകാൻ പാടില്ലാതെ തടുക്കപ്പെട്ടതായ രക്തം ആഹാരപരിണാമവശാൽ പ്രതിദിനം അപരമായി അപരമായി (=പുതുപുതുതായിട്ടെന്നർത്ഥം) വർദ്ധിക്കുന്നതായി ഭവിച്ചിട്ട് ഗർഭാശയത്തിങ്കൽത്തന്നെ അപരാ (=ഗർഭശയ്യാ) എന്ന പേരോടുകൂടിയതായി പരിണമിക്കുന്നു എന്നു ചിലർ പറയുന്നു. മറ്റു ചില ആചാര്യന്മാർ ആ രക്തംതന്നെ ജരായുവായിപ്പരിണമിക്കുന്നു എന്നു പറയുന്നു. (അപരാ=മറുപിള്ള. ജരായു=ഗർഭകോശം.) ആ രക്തം കോഷ്ഠത്തിങ്കൽത്തന്നെ സ്ഥിതമായിരിക്കുമ്പോൾ ഗർഭിണിക്കു നാഭിയുടെ ചുവട്ടിൽ രോമരാജി ഉണ്ടാകുന്നു.

ജരായുശേഷശ്ചോർദ്ധ്വമസ്യാഃ പ്രതിപദ്യതേ । തസ്മാൽ പീനകപോലപയോധരതാ കൃഷ്ണൗഷ്ഠചൂചുകതാ ച । സ്തനാശ്രയമേവ ച കഫോപരഞ്ജിതം സ്തന്യതാമുപഗതം പ്രസൂതായാഃ പുനരാഹാരരസേനാപ്യായതേ ॥

സാ—ജരായുഭാവേന പരിണതമായതിൽനിന്നു ശേഷമായ രക്തം ഊർദ്ധ്വഭാഗത്തേക്കു പ്രാപിക്കും. അതു ഹേതുവായിട്ട് ഗർഭിണിയുടെ കവിൾത്തടങ്ങളും സ്തനങ്ങളും തടിക്കുകയും ചുണ്ടും ചൂചുക(=മുലക്കണ്ണ്)ങ്ങളും കൃഷ്ണവർണ്ണങ്ങളായി ഭവിക്കുകയും ചെയ്യും. അങ്ങിനെ ഊർദ്ധ്വഭാഗപ്രവൃത്തമായ രക്തത്തിൽ യാതൊരംശം സ്തനത്തെ ആശ്രിതമായി ഭവിക്കുന്നുവോ അത് സ്തനസ്ഥിതവും ശ്വേതവർണ്ണവുമായ കഫത്താൽ ഉപരഞ്ജിതം (=നിറംപിടിപ്പിക്കപ്പെട്ടത്; വെളുപ്പിക്കപ്പെട്ടത്) ആയി മുലപ്പാലായി ഭവിക്കുന്നു. പ്രസവിച്ചാൽപിന്നെ അത് (സ്തന്യം) ആഹാരരസത്താൽ വർദ്ധിപ്പിക്കപ്പെടുന്നു.

അനന്തരം പ്രസവപര്യന്തമുള്ള ഗർഭത്തിന്റെ സ്ഥിതിയെ പറയുന്നു:—

തത്ര പ്രഥമേ മാസേ കലലം ജായതേ । ദ്വിതീയേ ഘനഃ പേശ്യർബ്ബുദം വാ । തൈഃ ക്രമാൽ പുംസ്ത്രീനപുംസകാനി । തൃതീയേ പഞ്ചധാ പ്രരോഹതി । തദ്യഥാ—സക്ഥിനീ ബാഹൂ ശിരശ്ച ।

സകൃദ്വാദിപ്രകാരേണൈകകാലമേവ ച സർവ്വാംഗാവയവേന്ദ്രിയാണി യുഗപത്സംഭവന്ത്യന്യത്ര ജന്മാന്തരകാലജേഭ്യോ ദന്താദിഭ്യഃ । ക്രമേണ തു സ്ഫുടീഭവന്തി । ഏഷാ പ്രകൃതിഃ । വികൃതിരതോഽന്യഥാ ॥

സാ — ഗർഭേ ചന പരിണതമായ ശുക്ലാർത്തവം ആദ്യത്തെ മാസത്തിൽ കലലമായിഭവിക്കും. കലലം=കഠിനതയോടുകൂടിയ പിണ്ഡം. രണ്ടാമത്തെ മാസത്തിൽ ഘനമായോ പേശിയായോ അർബ്ബുദമായോ ഭവിക്കും. ഘനം=അതിദീർഘമല്ലാത്ത മാംസഖണ്ഡം. പേശീ=ചതുരശ്രാകൃതിയിലുള്ള മാംസഖണ്ഡം. അർബ്ബുദം=വൃത്താകൃതിയിലുള്ള മാംസഖണ്ഡം. ഇവയിൽവെച്ച് ഘനത്തിൽനിന്നു പുരുഷനും പേശിയിൽനിന്നു സ്ത്രീയും അർബ്ബുദത്തിൽനിന്നു നപുംസകവും ഉണ്ടാകുന്നു. മൂന്നാംമാസത്തിൽ (ഘനമോ പേശിയോ അർബ്ബുദമോ ഏതായിരുന്നാലും) അഞ്ചുപ്രകാരത്തിൽ പ്രരോഹിക്കുന്നു (അഞ്ച് അവയവങ്ങൾ വ്യക്തീഭവിക്കുന്നുവെന്നു സാരം) അവ ഏവയെന്നാൽ — രണ്ടു കാലുകളും രണ്ടു കൈകളും ശിരസ്സുമാകുന്നു ഈ കാൽമുതലായവ ഉണ്ടാകുന്ന കാലത്തുതന്നെ ശരീരത്തിന്റെ എല്ലാ അവയവങ്ങളും ഇന്ദ്രിയങ്ങളും ഒന്നിച്ചുതന്നെ ഉണ്ടാകുന്നു. എന്നാൽ പല്ല് മുതലായവ (ആദിശബ്ദംകൊണ്ട് രോമാദികളെ ഗ്രഹിക്കണം) മാത്രം അപ്പോൾ ഉണ്ടാകുന്നില്ല. അവകൾ അനന്തരമേ ഉണ്ടാകയുള്ളൂ. ഇങ്ങിനെ ഉണ്ടായ അവയവങ്ങളും ഇന്ദ്രിയങ്ങളും പിന്നെ ക്രമേണ സ്ഫുടങ്ങളായി ഭവിക്കുന്നു. ഇതാണ് ഗർഭവൃദ്ധിയുടെ പ്രകൃതി. ഇതിൽനിന്നു അന്യപ്രകാരമായാൽ വികൃതിയാകുന്നു. ഗർഭത്തിന്റെ ഉപഘാതത്തിന്നു കാരണമില്ലാതിരുന്നാൽ മേൽപറഞ്ഞപ്രകാരം ഭവിക്കുമെന്നും ഉപഘാതകാരണമുണ്ടായാൽ ഇങ്ങിനെയല്ലാതെ ഭവിക്കുമെന്നും അതു വികൃതിയാണെന്നും താൽപര്യം.

രണ്ടാംമാസത്തിൽ ഘനമോ പേശിയോ അർബ്ബുദമോ ആയി ഭവിക്കുമെന്നും അവയിൽനിന്നു പുംസ്ത്രീനപുംസകങ്ങളുണ്ടാവുമെന്നും പറഞ്ഞുവല്ലോ. എന്നാൽ കരചരണാദികളായ അംഗാവയവങ്ങൾ സദൃശങ്ങളായിരിക്കുമ്പോൾ ഗർഭത്തിന്ന് ലിംഗവ്യത്യാസം എങ്ങിനെ ഭവിക്കുന്നു? എന്നാണെങ്കിൽ പറയുന്നു:—

യഥാസ്വഞ്ച ഗർഭസ്യ പുംസ്ത്രീനപുംസകാന്യതമലിംഗാനുരൂപാ ഭാവാ മനസി ശരീരേ ച സന്തിഷ്ഠന്തേ । വൈശേഷികലിംഗസാംകര്യേ തു യതോ ഭൂയസ്ത്വം തതോഽന്യതരാ ഭാവാഃ ॥

സാ—ഗർഭത്തിന്റെ മനസ്സിലും ശരീരത്തിലും കൂടി പുരുഷനോ സ്ത്രീയോ നപുംസകമോ മൂന്നിലൊന്നായതിനനുരൂപങ്ങളായ ഭാവങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്. ഗർഭം ഭവിക്കുമ്പോൾത്തന്നെ സ്വകർമ്മഹേതുകങ്ങളായ ഭീരുത്വാദികൾ മനസ്സിലും അധോഗുരുത്വാദികൾ ശരീരത്തിലും സ്ഥിതിചെയ്യുമെന്നു സാരം. അക്ലൈബ്യം അധോഗുരുത്വം മുതലായവ പുല്ലിംഗവിശേഷഭാവങ്ങളും ക്ലൈബ്യം മുതലായിട്ടുള്ളവ സ്ത്രീലിംഗവിശേഷഭാവങ്ങളും രണ്ടും കലർന്നവ നപുംസകഭാവങ്ങളുമാണെന്നു ഇനി പറയപ്പെടും. ആ വൈശേഷികലിംഗങ്ങൾ സംകീർണ്ണങ്ങളായിരുന്നാൽ സ്ത്രീപുരുഷന്മാരുടെ ഭാവങ്ങളിൽ ഏതിനു പ്രകർഷമുണ്ടോ അതനുസരിച്ച് സ്ത്രീയോ പുരുഷനോ ഭവിക്കും. ഉഭയഭാവങ്ങൾക്കും പ്രകർഷമുണ്ടെങ്കിൽ നപുംസകമായിട്ടും ഭവിക്കും.

ഇനി സ്ത്രീപുന്നപുംസകലിംഗാനുരൂപങ്ങളായ ആ ഭാവങ്ങൾ ഏവയെന്നു പറയുന്നു:—

**തദ്യഥാ— ക്ലൈബ്യം ഭീരുത്വമവൈശാരദ്യം മോഹോനവസ്ഥാനമധോഗുരുത്വമസംഹനനം ശൈഥില്യം മാർദ്ദവം ഗർഭാശയബീജഭാഗസ്തഥായുക്താശ്ചാപരേ സ്ത്രീകരാ ഭാവാഃ । തതോ വിപരീതാഃ പുംസ്കരാഃ । സംകീർണ്ണാ നപുംസകകരാഃ ॥**

സാ—'തദ്യഥാ' എന്നതിന് അവയെത്തന്നെ വിവരിക്കുന്നു എന്നർത്ഥം. ക്ലൈബ്യം മുതലായ മനോധർമ്മങ്ങളും അധോഗുരുത്വം മുതലായ ശരീരധർമ്മങ്ങളും സ്ത്രീകരങ്ങളായ ഭാവങ്ങളാകുന്നു. സ്വകർമ്മഹേതുകങ്ങളായ ഈ ഭാവങ്ങളാണ് സ്ത്രീത്വം എന്ന വിശേഷത്തെ ഉളവാക്കുന്നത്. ക്ലൈബ്യം=നിരുത്സാഹത്വം [illegible]ഹേതുവായിട്ടുള്ള ക്ലീബത്വം. ഭീരുത്വം=ഭയശീലത്വം. അവൈശാരദ്യം=മൌഢ്യം. മോഹം=അസമ്യക്ജ്ഞാനം. അനവസ്ഥാനം=ചലചിത്തത്വം. (ഇത്രയും മനസ്സിനെ ആശ്രയിച്ച സ്ത്രീഭാവങ്ങൾ). അധോഗുരുത്വം=ശരീരത്തിന്റെ പശ്ചിമഭാഗത്തിങ്കൽ ഗൌരവം. അസംഹനനം=മാംസാസ്ഥിസന്ധ്യാദികൾക്ക് അനിവിഷ്ടത്വം. ശൈഥില്യം=ദേഹാവയവങ്ങൾക്ക് അനിബിഡത്വം. മാർദ്ദവം=മയം. ഗർഭാശയബീജഭാഗം=ഗർഭാശയകാരണമായ ബീജഭാഗം (ഇതു ഹേതുവായിട്ടാണ് സ്ത്രീശരീരത്തിങ്കൽ ഗർഭാശയം എന്നു പേരായ അന്തരവയവം ഉണ്ടാകുന്നത്). തഥായുക്തങ്ങളായ മറവുള്ളവ=[illegible]നിസ്തനാദികളായ ബീജഭാഗങ്ങൾ. സ്തനാദികൾ ജന്മോത്തരകാലജങ്ങളാണെങ്കിലും തദ്കാരണങ്ങളായ ബീജഭാഗങ്ങൾ അന്തർല്ലീ[illegible]

ച്ചു കിടക്കുന്നുണ്ട് (ഇത്രയുമാണ് ശരീരാശ്രിതങ്ങളായ സ്ത്രീഭാവങ്ങൾ) ഇങ്ങിനെ മനസ്സിനേയും ശരീരത്തേയും ആശ്രയിച്ച ഭാവങ്ങൾക്കു നേരെ വിപരീതങ്ങളായ ഭാവങ്ങളാണ് പുംസ്ത്വകരങ്ങളായ ഭാവങ്ങൾ. ഇവ സംകീർണ്ണങ്ങൾ (അതായത് സാമ്യത്തോടുകൂടി മിശ്രീഭൂതങ്ങൾ) ആയാൽ അവ നപുംസകകരങ്ങളായ ഭാവങ്ങളാകുന്നു.

തദാ ചാസ്യ വേദനാ പ്രവ്യക്താ ഭവതി । തതശ്ച തൽപ്രഭൃതി സ്പന്ദതേഽഭിലാഷം പഞ്ചേന്ദ്രിയാർത്ഥേഷു കരോതി ॥

സാ— അപ്പോൾ (അതായത് പ്രസ്തുതമായ മൂന്നാംമാസത്തിൽ) വേദനാ (=ചേതനാ; അറിവ്) സ്പഷ്ടമായി ഭവിക്കും. അതു ഹേതുവായിട്ട് അന്നുമുതല്ക്ക് സ്വേച്ഛാപൂർവ്വം സ്പന്ദിക്കുകയും, സ്പർശാദികളായ ഇന്ദ്രിയാർത്ഥങ്ങളിൽ അഭിലാഷത്തെ പ്രദർശിപ്പിക്കയും ചെയ്യും.

ഇക്കാലത്തുതന്നെ സ്ത്രീ ദൌഹൃദിനീ (=രണ്ടു ഹൃദയത്തോടുകൂടിയവൾ) ആയി ഭവിക്കുമെന്നു പറയുന്നു:—

മാതൃജം ഹ്യസ്യ ഹൃദയം തദ്രസഹാരിണീഭിർധമനീഭിർമ്മാതൃഹൃദയേനാഭിസംബദ്ധം ഭവതി । തസ്മാത്തയോസ്താഭിഃ ശ്രദ്ധാ സംപദ്യതേ । തഥാ ച ദ്വിഹൃദയാം നാരീം ദൌഹൃദിനീത്യാചക്ഷതേ । അന്യേ തു പക്ഷത്രയാത് പ്രഭൃത്യാ പഞ്ചമാന്മാസാത് ദൌഹൃദകാലമാഹുഃ ॥

സാ— ഗർഭസ്ഥനായ ശിശുവിന്റെ ഹൃദയം മാതാവിങ്കൽനിന്നു ഭവിക്കുന്നതാണ്. മാതൃബീജഭാഗമായും മുട്ടവായും ഇരിക്കുന്ന അത്തവംകൊണ്ടാണ് അതുണ്ടാവുന്നതെന്നു സാരം. ആ ഹൃദയം രസവാഹിനികളായ ധമനി (=നാഡി) കളെക്കൊണ്ട് മാതാവിന്റെ ഹൃദയത്തോടു സംബന്ധിച്ചിരിക്കുന്നതുമാകുന്നു. അതു ഹേതുവായിട്ട് ആ അന്യോന്യസംബന്ധങ്ങളായ നാഡികളിലൂടേ അവക്കന്യോന്യം ശ്രദ്ധയുണ്ടാകുന്നു. ഗർഭത്തിന്റെ ഇച്ഛ മാതാവിലും മാതാവിന്റെ ഇച്ഛ ഗർഭത്തിലും സംക്രമിക്കുന്നു എന്നു സാരം. ഇപ്രകാരം രണ്ടു ഹൃദയങ്ങളോടുകൂടിയ നാരിയെ മൂന്നാമത്തെ മാസത്തിൽ ദൌഹൃദിനീ എന്നു പറയുന്നു. മറ്റു ചില ആചാര്യന്മാരാകട്ടേ ഗർഭധാരണം കഴിഞ്ഞു മൂന്നു പക്ഷം (=നാല്പത്തഞ്ച് ദിവസം) ആയതുമുതൽ അഞ്ചാംമാസം തുടങ്ങുന്നതുവരെ (നാലാംമാസം കഴിയുന്നതുവരെ) യാണ് ദൌഹൃദകാലം എന്നു പറയുന്നു.

പ്രാർത്ഥനായാശ്ച തീവ്രായാം കാമമഹിതമപ്യസ്യൈ ഹിതോ

പസംഹിതം ദദ്യാൽ । ദൌഹൃദവിമാനനാദ്ധി വായുഃ പ്രകുപിതോന്തശ്ശരീരമനുചരൻ ഗർഭസ്യ വിനാശം വൈരൂപ്യം വാ കുര്യാൽ । ലബ്ധദൌഹൃദാ തു വീര്യവന്തം ചിരായുഷഞ്ച പുത്രം പ്രസൂതേ ॥

സാ—ഈ ദൌഹൃദകാലത്ത് അതിയായ അഭിലാഷത്തോടുകൂടി ചോദിക്കുന്നതായാൽ അപത്ഥ്യമായ ആഹാരാദികളെക്കൂടി പത്ഥ്യങ്ങളായവയോടിടകലർത്തി ഇഷ്ടംപോലെ ഗർഭിണിക്കു കൊടുക്കേണ്ടതാണ്. പത്ഥ്യമായവയെയാണാവശ്യപ്പെടുന്നതെങ്കിൽ അപ്പോൾതന്നെ അതു കൊടുക്കേണമെന്നു പിന്നെ പറയേണ്ടതില്ലല്ലോ. അങ്ങിനെ ചെയ്യാതെ ദൌഹൃദകാലാഭിലാഷത്തെ അനാദരിച്ച് ആഗ്രഹമുള്ളതു കൊടുക്കാത്തപക്ഷം വായു കോപിച്ച് ശരീരത്തിന്റെ അന്തർഭാഗത്തിൽ ചുററി സഞ്ചരിച്ചിട്ട് ഗർഭത്തെ നശിപ്പിക്കുകയോ വൈരൂപ്യപ്പെടുകയോ ചെയ്യും. ദൌഹൃദത്തിങ്കൽ ആഗ്രഹിക്കപ്പെട്ട വസ്തുവിനെ ലഭിച്ചവളാകട്ടെ വീര്യവാനും ആയുഷ്മാനുമായ പുത്രനെ പ്രസവിക്കുകയും ചെയ്യും.

നാലാം മാസത്തിലെയും മററും അവസ്ഥയെ പറയുന്നു:—

ചതുർത്ഥേംഗപ്രത്യംഗവിഭാഗഃ പ്രവ്യക്തോ ഗർഭസ്യ സ്ഥിരത്വ ഭവതി । പഞ്ചമേ മനഃ പ്രതിബുദ്ധതരം ഭവതി മാംസശോണിതോപചയശ്ച । ഷഷ്ഠേ കേശരോമനഖാസ്ഥിസ്നായ്വാദീന്യഭിവ്യക്താനി ബലവർണ്ണോപചയശ്ച । സപ്തമേ സർവ്വാംഗസംപൂർണ്ണതാ ॥

സാ—നാലാം മാസത്തിൽ ഗർഭത്തിന്റെ എല്ലാ അവയവങ്ങളും പ്രത്യംഗങ്ങളും വിഭാഗങ്ങളാകയും ഗർഭം സുവ്യക്തമായും സ്ഥിരമായും ഭവിക്കുകയും ചെയ്യും. അഞ്ചാം മാസത്തിൽ മനസ്സ് നല്ലവണ്ണം പ്രതിബോധിക്കുകയും മാംസവും രക്തവും വർദ്ധിക്കുകയും ചെയ്യും. ആറാം മാസത്തിൽ കേശരോമം, നഖം, അസ്ഥികൾ, ഞരമ്പുകൾ മുതലായവ വ്യക്തങ്ങളായി ഭവിക്കയും ബലവും വർണ്ണവും വർദ്ധിക്കയും ചെയ്യും. ഏഴാമത്തെ മാസത്തിൽ സർവ്വാംഗങ്ങളും സംപൂർണ്ണങ്ങളായി ഭവിക്കും.

അഷ്ടമേ ഗർഭശ്ച മാതൃതോ ഗർഭതശ്ച മാതാ രസഹാരിണീഭിർവ്വാഹിനീഭിർമ്മുഹുർമ്മുഹുരോജഃ പരസ്പരമാദദാതേ । തസ്മാത്തദാ ഗർഭിണീ മുഹുർമ്മുദിതാ ഭവതി മുഹുർമ്ലാനാ തഥാ ഗർഭഃ । ഏവം ഗർഭസ്യ ജന്മ വ്യാപത്തിമത്തദാ ഭവതി । ഓജസോനവസ്ഥിതത്വാൽ । തഥാ ഗർഭസ്യ നിഷ്ക്രമണോന്മുഖസ്യ പരിവർത്തനാദീന്യനുഭവതഃ ഏ

ചൌജസാ വിയോഗഃ । യദ്യപി ച കിഞ്ചിൽകാലമന്യോച്ഛ്വസനം സ്യാത്തച്ഛിന്നാന്യവാങ്ഗാന്യോജസ്സംസ്കാരാനുവൃത്തികൃതമ് । ജനന്യാസ്തു സ്ഥിരൌജസ്ത്വാദേകദേശേന രസേ സംക്രാന്തേ ഗ്ലാനിരേവ ഭവതി ॥

സാ—എട്ടാമത്തെ മാസത്തിൽ മേൽപ്പറഞ്ഞ രസവാഹിനികളായ നാഡികളിൽക്കൂടെ ഗർഭം മാതാവിങ്കൽനിന്നും മാതാവ് ഗർഭത്തിങ്കൽനിന്നും വീണ്ടും വീണ്ടും ഓജസ്സിനെ സ്വീകരിച്ചുംകൊണ്ടിരിക്കും. പ്രഭാവം ഹേതുവായിട്ടും വാതവശേനയും രണ്ടുപേരുടേയും ഓജസ്സ് പരസ്പരം സംക്രമിക്കുമെന്നർത്ഥം. അതുകൊണ്ട് അന്ന് ഗർഭിണിയും ഗർഭവും വീണ്ടും വീണ്ടും സന്തോഷത്തോടുകൂടിയവരായും അപ്രകാരംതന്നെ ഗ്ലാനന്മാരായും ഭവിക്കും. ഓജസ്സ് മാതാവിൽ നില്ക്കുമ്പോൾ മാതാവും ഗർഭത്തിങ്കൽ നില്ക്കുമ്പോൾ ഗർഭവും ഹർഷമുള്ളവരായിരിക്കുമെന്നും അങ്ങിനെയല്ലാത്തപ്പോൾ ഗ്ലാനരായി ഭവിക്കുമെന്നും സാരം. ആകയാൽ അന്ന് (=എട്ടാം മാസത്തിൽ) കുട്ടി ജനിക്കുന്നതായാൽ ആയതു വിനാശമുള്ളതായി ഭവിക്കും, ഓജസ്സ് മാതൃശരീരത്തെ പ്രാപിച്ചിരിക്കുന്ന സമയത്തു പ്രസവിച്ചാൽ ശിശു മരിക്കുമെന്നർത്ഥം. കാരണം ഓജസ്സ് അനവസ്ഥിതമായിരിക്കുന്നതുതന്നെ. ശിശുവിങ്കൽ അല്പമായ ഓജസ്സ് ഉണ്ടായിരുന്നാലും പ്രസവത്തിങ്കൽ നിഷ്ക്രമണത്തിന്നു തുടങ്ങുമ്പോൾ തിരിച്ചിലും മറിച്ചിലും മറ്റും അനുഭവിക്കേണ്ടിവരുന്നതുകൊണ്ട് അതൊക്കെ കഴിയുമ്പോഴക്ക് ഉണ്ടായിരുന്ന ഓജസ്സ് ക്ഷയിച്ചുപോകും. പ്രസവിച്ച ശിശുവിന്നു കുറച്ചുനേരം വീർപ്പുണ്ടായിരുന്നാൽക്കൂടി അതു സാരമില്ല. മുറിഞ്ഞുപോയതായ അവയവം അല്പനേരം ഇളകുന്നതുപോലെയാണത്. അത് ഓജസ്സിൻെറ സംസ്കാരാനുവൃത്തിനിമിത്തം ഉണ്ടായതാകുന്നു. എന്നാൽ ഓജസ്സ് അവ്യവസ്ഥിതമായതുകൊണ്ട് അന്നു പ്രസവിച്ചാൽ അമ്മയും മരിക്കേണ്ടതല്ലേ എന്നാണെങ്കിൽ അല്ലെന്നു പറയുന്നു. ജനന്യാ ഇതി—അമ്മയുടെ ഓജസ്സ് ഉറച്ചതായതുകൊണ്ട് അത് ഏകദേശംകൊണ്ടുമാത്രം ഗർഭത്തിങ്കൽ സംക്രമിച്ചിരിക്കയാൽ അമ്മക്ക് ഗ്ലാനിമാത്രമേ ഭവിക്കയുള്ളൂ, മരണം വരികയില്ല. മാതാവിൻെറ ഓജസ്സു ഗർഭത്തിൽ സംക്രമിച്ചിരിക്കുമ്പോൾ പ്രസവിച്ചാൽ ശിശു ജീവിക്കുമെന്നും, ഗർഭത്തിൽ സംക്രമിച്ചതു മാതാവിൻെറ ഓജസ്സിൽ ഒരു ചെറിയ അംശം മാത്രമാകയാൽ മാതാവ് മരിക്കുമെന്നു നിയമമില്ലെന്നും സാരം.

അന്യേ പുനരാഹുഃ । നൈരൃതഭാഗത്വാദത്ര ഗർഭസ്യ മരണമ് । തസ്മാൽ പ്രസവപ്രതിഷേധാർത്ഥം സ്ത്രീ സ്നാതാ ശുചിർബ്രഹ്മചാരിണീ ദേവതാരാധനപരാ സ്യാൽ । മാംസൌദനബലിഞ്ചാത്ര നിർവ്വപേൽ । തസ്മിന്നേകദിവസാതിക്രാന്തേപി പ്രസവകാലമാഹുരാ സംവത്സരാൽ । അതഃ പരം വികാരീ ഭവതി ॥

സാ.—മററു ചില ആചാര്യന്മാർ (സുശ്രുതാദികൾ) ഇങ്ങിനെ പറയുന്നു—എട്ടാംമാസം നൈരൃത(=ഭൂതഭാഗ)മായതുകൊണ്ടാണ് അന്നു പ്രസവിക്കുന്നതായാൽ ശിശുവിന്നു മരണം ഭവിക്കുന്നത്; അല്ലാതെ ഓജസ്സിന്റെ അനവസ്ഥാനംകൊണ്ടല്ല. അതുകൊണ്ട് ഭൂതങ്ങളുടെ കാലമായ എട്ടാംമാസത്തിൽ പ്രസവിക്കാതിരിക്കുവാൻവേണ്ടി ഗർഭിണി കുളിച്ച് ശുദ്ധയായി ബ്രഹ്മചാരിണിയായിരുന്നുകൊണ്ട് ദേവാരാധനയെ ചെയ്തുപോരേണ്ടതാണ്. ഭൂതങ്ങൾക്ക് മാംസൌദനങ്ങളെക്കൊണ്ട് ബലിയെ കൊടുക്കുകയും വേണം. എട്ടാംമാസം കഴിഞ്ഞ് ഒരു ദിവസം കഴിഞ്ഞാലും പ്രസവകാലമായി എന്നും, ഈ പ്രസവകാലം ആകെ ഒരു സംവത്സരം തികയുന്നതുവരെയാണെന്നും പറയുന്നു. ഗർഭഗ്രഹണം മുതൽ ഒരു സംവത്സരംവരെ ഉള്ള കാലത്തിൽ ഒമ്പതാംമാസം മുതൽക്കു നാലുമാസം പ്രസവകാലമാണെന്നു പറയുന്നു എന്നു സാരം. സംവത്സരം കഴിഞ്ഞാൽ പിന്നെയാകട്ടെ ഗർഭം കുക്ഷിയിങ്കൽ സ്ഥിതമായാൽ വികാരത്തെ ചെയ്യുന്നതായി ഭവിക്കും. [‘അന്യേപുനരാഹുഃ’ എന്നുള്ള മതത്തിൽ എട്ടാംമാസത്തിൽ പ്രസവിക്കുന്ന ശിശു മരിക്കാനുള്ള കാരണം ആ മാസത്തിന്റെ നൈരൃതഭാഗത്വമാണെന്നുള്ള അംശം ആചാര്യന്നു സമ്മതമാണെന്നു വരുന്നില്ല. പ്രസവകാലത്തെ സംബന്ധിച്ചേടത്തോളം ആചാര്യന്റെ മതവും ഇതുതന്നെയാണ്. അതിനെ ആചാര്യൻ പ്രതിഷേധിച്ചിട്ടില്ലല്ലോ.]

അനന്തരം ഗർഭം കുക്ഷിയിൽ സ്ഥിതിചെയ്യുന്ന സമ്പ്രദായവും നിഷ്ക്രമണസമ്പ്രദായവും എങ്ങിനെയാണെന്നറിവാനായി പറയുന്നു:—

ഗർഭസ്തു മാതുഃ പൃഷ്ഠാഭിമുഖോ ലലാടേ കൃതാഞ്ജലിഃ സങ്കുചിതാംഗോ ഗർഭകോഷ്ഠേ ദക്ഷിണപാർശ്വമാശ്രിത്യാവതിഷ്ഠതേ പുമാൻ । വാമം സ്ത്രീ മദ്ധ്യം നപുംസകമ് । തത്ര സ്ഥിതശ്ച ഗർഭോ മാതരി സ്വപന്ത്യാം സ്വപിതി പ്രബുദ്ധായാം പ്രബുദ്ധ്യതേ । പരതന്ത്രവൃത്തശ്ച ഗർഭസ്യ നിഷേകാൽ പ്രഭൃതി ഗർഭാശയോപസ്നേഹോപസ്വേദൌ വർത്തനമ് ॥

സാ—ഗർഭമാകട്ടെ മാതാവിന്റെ പൃഷ്ഠഭാഗത്തെക്കഭിമുഖമായും നെറ്റിയിൽ അഞ്ജലിബന്ധം ചെയ്തും അംഗങ്ങളെ ചുരുക്കിയും ആണ് ഗർഭകോഷ്ഠത്തിങ്കൽ സ്ഥിതിചെയ്യുന്നത്. ഇങ്ങിനെയാണ് എല്ലാവിധം ഗർഭത്തിന്റേയും സ്ഥിതി. എന്നാൽ പുരുഷപ്രജയാണെങ്കിൽ ഗർഭകോഷ്ഠത്തിന്റെ വലത്തുഭാഗത്തെക്കു നീങ്ങിയും സ്ത്രീപ്രജയാണെങ്കിൽ എടത്തുഭാഗത്തെക്കു നീങ്ങിയും നപുംസകമാണെങ്കിൽ മദ്ധ്യത്തിലായിട്ടുമാണ് സ്ഥിതിചെയ്യുക. അവിടെ സ്ഥിതിചെയ്യുന്നതായ ഗർഭം അമ്മ ഉറങ്ങുമ്പോൾ ഉറങ്ങുകയും ഉണരുമ്പോൾ ഉണരുകയും ചെയ്യും. ഗർഭനിഷേകാവസരം മുതൽക്കു മാതാവിന്നധീനമായ വൃത്തിയോടുകൂടിയതാകയാലാണ് ഇങ്ങിനെ ചെയ്യുന്നത്. മാതാവിന്റെ ഗർഭാശയത്തിങ്കലുള്ള ഉപസ്നേഹവും ഉപസ്വേദവുമാണ് ഗർഭത്തിന്നുപജീവനസാധനം. ഉപസ്നേഹം=സ്നിഗ്ദ്ധത. ഉപസ്വേദം=ഉൽക്ലേദം. ഇവ ആഹാരായതനങ്ങളാകുന്നു.

**തതോ വ്യക്തീഭവദംഗപ്രത്യംഗസ്യാസ്യ നാഭ്യാം പ്രതിബദ്ധം നാഡീ നാഡ്യാമപരാ തസ്യാം മാതൃഹൃദയം । തതോ മാതൃഹൃദയാദാഹാരരസോ ധമനീഭിഃ സ്യന്ദമാനോപരാമുപൈതി । തതഃ ക്രമാന്നാഭിം । തത്രച സ പുനർഗ്ഗർഭസ്യ പക്വാശയേ സ്വകായാഗ്നിനാ പച്യമാനഃ പ്രസാദബാഹുല്യാദ്ധാതൂനാമഭിപുഷ്ടികരഃ സംപദ്യതേ । യഥാ കേദാരകുല്യോപസ്നേഹോ രസ ഏവ ച പക്വോദ്ഭൂതഃ ॥**

സാ—ഈ ഗർഭം വ്യക്തിഭവിച്ചുംകൊണ്ടുവരുന്ന അംഗപ്രത്യംഗങ്ങളോടുകൂടിയതായ അവസ്ഥയിൽ മാതാവിന്റെ ആഹാരരസമായ രസമെന്നുപേരായ ധാതുവാണ് അതിന്നു പുഷ്ടികരമായി പരിണമിക്കുന്നത്. അതെങ്ങിനെയെന്നാൽ—ഗർഭത്തിന്റെ നാഭിയിൽ ഒരു നാഡി (കുഴൽ) കെട്ടപ്പെട്ടുകയും, അതിനോടു മുമ്പറഞ്ഞ അപര(=ഗർഭശയ്യ) കൂട്ടികെട്ടപ്പെട്ടുകയും, അതിങ്കൽ മാതാവിന്റെ ഹൃദയം കൂട്ടി ബന്ധിക്കപ്പെട്ടുകയും ചെയ്യുന്നു. അപ്പോൾ മാതാവു ഭക്ഷിക്കുന്നതായ ആഹാരത്തിന്റെ രസം മാതാവിന്റെ ഹൃദയത്തിൽനിന്നു ധമനികളിലൂടേ ഒലിച്ച് അപരയിൽ ചെന്നുചേരുന്നു. അവിടെനിന്നു ക്രമത്തിൽ നാഭിയിലും ചെല്ലുന്നു. ഇങ്ങിനെ മാതാവിന്റെ ഗർഭത്തിന്റെ കായാഗ്നിസ്ഥാനത്തിങ്കൽ എത്തിച്ചേരുന്നു. പിന്നെ അതു ഗർഭത്തിന്റെ കായാഗ്നികൊണ്ടു പച്യമാനമായിട്ട് പക്വാശയത്തിങ്കൽ സംബന്ധിച്ച് ധാതുവാദികൾക്കു പുഷ്ടികരമായി ഭവിക്കുന്നു. ഈ ആഹാരരസം വളരെ കുറച്ചേ

ഉള്ളുവെങ്കിലും അതിന്നു പ്രസാദം (=കൊഴുപ്പ്) ധാരാളമുള്ളതുകൊണ്ട് അതു പുഷ്ടികരമായി ഭവിക്കും. അപ്രകാരം ഗർഭാശയത്തിന് രോമകൂപങ്ങളിലൂടെ പ്രവിഷ്ടമായ ഉപസ്നേഹവും പുഷ്ടികരമായി ഭവിക്കുന്നു. മാതാവിന്റെ ആഹാരരസംതന്നെ പയസ്സ് (=പാൽ) ആയി ഭവിച്ചിട്ട് ജാതമായ ഗർഭത്തിന്നും ധാതുപുഷ്ടിയെ ഉണ്ടാക്കുന്നതായി തീരുന്നു.

**അജാതസ്യ സാക്ഷാദന്നപാനാനപ്രവേശാദമലത്വാച്ച രസസ്യ ഗർഭസ്യ സ്ഥൂലമലാസംഭവഃ । ഏവം ജഠരസ്ഥോ ഗർഭോ ജന്മകാലേ തു പ്രസൂതിമാരുതയോഗാൽ പരിവൃത്ത്യാവാക്ശിരാ നിഷ്ക്രാമത്യന ചാപരാ ച്യുതാ മാതൃഹൃദയാൽ । ഏഷാ പ്രകൃതിഃ । വികൃതിരതോന്യഥാ ॥**

സാ—ഗർഭസ്ഥനായ ശിശുവിന്നു സാക്ഷാത്തായി അന്നപാനങ്ങൾ ഇല്ലാത്തതുകൊണ്ടും മേൽപ്പറഞ്ഞപ്രകാരം മാതാവിന്റെ അന്നപാനങ്ങളിൽനിന്നു കിട്ടുന്ന രസം അമലം (=മലത്തോടുകൂടാത്തത്; പ്രസാദം) ആയതുകൊണ്ടും ഗർഭത്തിന്നു സ്ഥൂലമായ മലം ഉണ്ടാകയില്ല. ഇപ്പറഞ്ഞപ്രകാരം ജഠരസ്ഥിതമായ ഗർഭം ജനനകാലത്തിങ്കൽ പ്രസവവായുവിന്റെ സംയോഗത്താൽ പരിവർത്തനം ചെയ്തിട്ട് (=തിരിഞ്ഞിട്ട്) തലകീഴായി നാഭിയിലേക്കഭിമുഖമായി ഭവിച്ചിട്ട് പുറത്തേക്കു വരുന്നു. ഗർഭം നിഷ്ക്രാന്തമായതിന്റെ പിന്നാലെ അപരയും മാതാവിന്റെ ഹൃദയത്തിൽനിന്നു ച്യുതമായിട്ടു പുറത്തേക്കു പോരുന്നു. ഇതാണ് പ്രകൃതി. ഇങ്ങിനെയല്ലാതെ വരുന്നതായാൽ അതു വികൃതിയാകുന്നു. ഗർഭമുണ്ടായതിന്നുശേഷം പ്രസവംവരെ ഏതെല്ലാം സ്ഥിതികൾ വരുമെന്നു പറഞ്ഞിട്ടുണ്ടോ അങ്ങിനെയെല്ലാം ഭവിക്കുന്നതു പ്രകൃതിയും അങ്ങിനെയല്ലാതെ ഭവിക്കുന്നതു വികൃതിയുമാണെന്നു സാരം.

ഇനി ഗർഭസ്ഥനായ ശിശു ആണോ പെണ്ണോ നപുംസകമോ എന്നറിവാനുള്ള ലക്ഷണം പറയുന്നു:—

**തത്ര യാ ദക്ഷിണം പാദം പൂർവ്വമഭിസരതി ദക്ഷിണശ്ച ബാഹുർവ്വ്യവാംസ്തനേ ചേഷ്ടതേ തൽസ്തനേ ച പ്രാക്പയോ ദൃശ്യതേ അഭ്യുന്നതദക്ഷിണകുക്ഷിഃ പരിമണ്ഡലഗർഭാ പുന്നാമദർശനസ്പർനദൗഹൃദാഭിരതാ പുന്നാമധേയാംശ്ച സ്വപ്നാൻ പശ്യതി പ്രസന്നമുഖവർണ്ണാ തീക്ഷ്ണക്ഷുദ്ബദ്ധരോമരാജിഃ പുരുഷാനഭിലാഷിണീ ച സാ പുത്രം പ്രസൂതേ തദ്വിപര്യയേ കന്യാം സംകരേ ച നപും**

**സകമ് । പ്രശ്നകാലേ നാരീ യല്ലിംഗമംഗം ബാഹ്യദ്രവ്യം വാ പരാമൃശതി തല്ലിംഗമസ്യാ ഗൎഭമാദിശേൽ ॥**

സാ — യാതൊരു സ്ത്രീ വലത്തുകാൽ മുമ്പിൽവെച്ച് സഞ്ചരിക്കുന്നു, യാതൊരുവളുടെ വലത്തെ കൈ അധികം ബലമുള്ളതായി ഭവിക്കുന്നു, യാതൊരുവൾ വലത്തുഭാഗംകൊണ്ടു വ്യാപരിക്കുന്നു, യാതൊരുവളുടെ വലത്തെ മുലയിൽ ആദ്യം പാൽ കാണപ്പെടുന്നു, യാതൊരുവളുടെ കുക്ഷി വലത്തുഭാഗം ഉയൎന്നതായിരിക്കുന്നു, യാതൊരുവളുടെ ഗൎഭം പരിമണ്ഡലം (=സമം) ആയിരിക്കുന്നു, യാതൊരുവൾ പുല്ലിംഗനാമങ്ങളായ വസ്തുക്കളെ കാണുന്നതിലും തൊടുന്നതിലും അവയെപ്പററി ചോദിക്കുന്നതിലും താല്പൎയ്യമുള്ളവളായും പുല്ലിംഗനാമങ്ങളായ വസ്തുക്കളെ ദൌഹൃദമായി കിട്ടേണമെന്നു മോഹമുള്ളവളായും ഭവിക്കുന്നു, യാതൊരുവൾ പുല്ലിംഗനാമങ്ങളായവയെ സ്വപ്നത്തിൽ കാണുന്നു അവളും, പ്രസന്നങ്ങളായ മുഖത്തോടും വൎണ്ണത്തോടും കൂടിയവളും തീക്ഷ്ണമായ വിശപ്പോടുകൂടിയവളും ഊൎദ്ധ്വാഭിമുഖമായ രോമരാജിയോടുകൂടിയവളും പുരുഷസംഗത്തിങ്കൽ ആഗ്രഹമില്ലാത്തവളും പുത്രനെ പ്രസവിക്കുന്നു. ഇതിന്നു വിപരീതമായിരുന്നാൽ കന്യകയെയാണ് പ്രസവിക്കുക. വൈപരീത്യത്തിങ്കൽ വലത്ത് എന്നു പറഞ്ഞ ദിക്കിലെല്ലാം എടത്ത് എന്നും, പുന്നാമമെന്നു പറഞ്ഞ ദിക്കിലെല്ലാം സ്ത്രീനാമമെന്നും, പരിമണ്ഡലസ്ഥാനത്തു ദീൎഘമെന്നും, തീക്ഷ്ണസ്ഥാനത്തു മന്ദമെന്നും, ഊൎദ്ധ്വമുഖമെന്നിടത്ത് അധോമുഖമെന്നും, പുരുഷാനഭിലാഷസ്ഥാനത്തു പുരുഷാഭിലാഷമെന്നും ഗ്രഹിക്കണം. സ്ത്രീപുരുഷപ്രസവലക്ഷണങ്ങൾ രണ്ടും മിശ്രമായിരുന്നാൽ നപുംസകത്തെയും പ്രസവിക്കും. ഗൎഭിണി പ്രസവിക്കുന്നത് എന്തു കുട്ടിയായിരിക്കുമെന്നു ആരെങ്കിലും വൈദ്യനോടു ചോദിക്കുന്ന സമയത്ത് ഗൎഭിണി ഏതുലിംഗത്തിലുള്ള അവയവത്തെയോ ബാഹ്യവസ്തുവിനെയോ സ്പൎശിക്കുന്നുവോ ആ ലിംഗത്തോടുകൂടിയ കുട്ടിയെ പ്രസവിക്കുമെന്നും ആദേശിക്കണം. ഭാവം സ്പഷ്ടം.

**യദാ ത്വന്മാൎഗ്ഗഗോ വാതോ ഗൎഭസ്യ രസവാഹിനി സ്രോതസി ശോഷയതി തദാ വാതരോഗീ ഹീനാംഗോ വാ ജായതേ । ബഹൂനി വാ വൎഷാണ്യുദരേ തിഷ്ഠതി ॥**

സാ — വേഗധാരണം, വാതകോപം മുതലായവകൊണ്ട് ഗൎഭശരീരത്തിന്നു ദോഷം വരുമെന്നു പറയുന്നു — വായു തന്റെ മാൎഗ്ഗത്തെവിട്ട് അന്യമാൎഗ്ഗഗതനായിട്ട് ഗൎഭത്തിന്റെ രസവാഹികളായ സ്രോതസ്സുകളെ

ശോഷിപ്പിക്കുന്നതായാൽ ശിശു വാതരോഗിയായോ അംഗവൈകല്യമുള്ളവനായോ ഭവിക്കും. അല്ലെങ്കിൽ രസാഭാവം ഹേതുവായിട്ട ഗർഭം പൂൎണ്ണമാകാതിരിക്കും; തന്നിമിത്തം ഗർഭം അനേകവൎഷകാലം ഉദരത്തിങ്കൽ സ്ഥിതിചെയ്തു എന്നും വരാം.

**യദാ സ്ത്രീപുംസയോസ്സമമേവാൎത്തോ നിഷ്പദ്യതേ ബീജം ച തയോസ്സമാംശം സംമുഖഞ്ച യദാ ച ബീജം ഭാഗേ ദൂഷ്യതി തദാ ദ്വിപ്രകൃതിൎദ്വിരേതാ നപുംസകം ഭവതി ॥**

സാ—യാതൊരിക്കൽ സ്ത്രീപുരുഷന്മാൎക്ക് ഒരേ സമയത്തുതന്നെ രതിസമാപ്തി എന്ന കാൎയ്യം ഭവിക്കുകയോ, രണ്ടുപേരുടേയും ബീജം സമപരിമാണമായും സംമുഖ(=ഏകരൂപ)മായും ഭവിക്കുകയോ, ബീജം ഭാഗത്തിങ്കൽ ദൂഷിക്കുകയോ (ബീജാരംഭകഭാഗത്തിങ്കൽ ദൂഷിക്കുക എന്നു സാരം. ഇങ്ങിനെ വന്നാൽ ബീജത്തിന്നു പുരുഷനെന്നോ സ്ത്രീയെന്നോ ഉള്ള വിശേഷത്തിന്റെ പ്രയോജകത്വം ഇല്ലാതെയാവും. ഇങ്ങിനെ വരുന്നതു ദോഷപ്രകോപത്തിന്നുള്ള വല്ല കാരണംകൊണ്ടുമായിരിക്കും) ചെയ്യുന്നുവോ അപ്പോൾ ശിശു ദ്വിപ്രകൃതി (=ഏകമെങ്കിലും ഉഭയസ്വരൂപം) യായും ദ്വിരേതസ്സായുമുള്ള നപുംസകമായിരിക്കും. അല്പമാത്രമായ സ്ത്രീകാൎയ്യത്തേയും പുരുഷകാൎയ്യത്തേയും ചെയ്യുന്നതായ നപുംസകമായി ഭവിക്കുമെന്നു സാരം.

**യദാ സ്ത്രീ പ്രഥമം കൃതാൎത്ഥാ ഭവതി; തതഃ പുരുഷേണ പശ്ചാച്ഛുക്ലമുൽസൃഷ്ടം ഹൎഷാനവസ്ഥിതചേതസഃ സ്ത്രിയാ വായുൎവിഗുണീകരോതി പുംസ്ത്വോപഘാതീനി ചാസ്യ സ്രോതാംസി ചോപഹന്തി തദാ വാതേന്ദ്രിയം ഭവതി । തന്മൈഥുനേ വാതമേവോൽസൃജതി ॥**

സാ—സ്ത്രീപുരുഷന്മാർ ചേൎന്നു സംഗമം ചെയ്യുമ്പോൾ സ്ത്രീ പുരുഷനെക്കാൾ മുമ്പിൽ കൃതാൎത്ഥ (=രതി അവസാനിച്ചവൾ) യായി ഭവിക്കുന്നതായാൽ അപ്പോൾ സ്ത്രീയുടെ തൃപ്തിക്കുശേഷം പുരുഷനാൽ ഉൽസൃഷ്ടമായ ശുക്ലത്തെ വാതം വിഗുണീകരിക്കും. സ്ത്രീ രതികൊണ്ടുണ്ടായ ഹൎഷംകൊണ്ടു മനസ്സിളകി പരവശയായവളായതുകൊണ്ടാണിങ്ങിനെ വരുന്നത്. എന്നല്ലാ ആ വാതം പുരുഷന്റെ പുംസ്ത്വോപഘാതികളായ സ്രോതസ്സുകളെ രോധിക്കയും ചെയ്യും. ഇങ്ങിനെ ഭവിക്കുമ്പോൾ ഉണ്ടായ ഗൎഭം നപുംസകമായിത്തീരും. അതിന്ന വാതേന്ദ്രിയം എന്നു പ്രത്യേകമായ ഒരു പേരുണ്ട്. ഇങ്ങിനെ ഉണ്ടായ നപുംസകം മൈഥുനം ചെയ്യുമ്പോൾ ശുക്ലത്തിന്റെ സ്ഥാനത്തു വെറും വായുവായിരിക്കും പോകുന്നത്.

യദാ തു കാർത്സ്ന്യേന നോപഹന്തി അനുപഹന്നേവ വാ സ്രോതോമുഖം പിധത്തേ തദാ സംസ്കാരബാഹ്യം ഭവതി । തത്ര സംസ്കാരോ വാജീകരം വസ്ത്യഭ്യവഹാരശ്ചേതോഹർഷണാനി ച । താനി ഹി ശുക്ലേ ബലമാദധാനാനി സ്രോതാംസ്യാപ്യായയന്തീതി ।

സാ—യാതൊരിക്കൽ ദുഷ്ടമായ വാതം മുമ്പറഞ്ഞപ്രകാരം ശുക്ലത്തെ സാമഗ്ര്യേണ ഉപഹനിക്കാതെ അല്പംമാത്രം ഉപഹനിക്കുകയോ, അല്ലെങ്കിൽ ശുക്ലത്തിന്നു ഉപഹനനം ചെയ്യാതെകണ്ട് സ്രോതോമുഖത്തെ മൂടുകമാത്രം ചെയ്കയോ ചെയ്യുന്നു അപ്പോൾ ഉണ്ടാകുന്ന ഗർഭം സംസ്കാരബാഹ്യം എന്ന പ്രത്യേകനാമത്തോടുകൂടിയ നപുംസകമായി ഭവിക്കും. സംസ്കാരമെന്നാൽ വാജീകരങ്ങളായ യോഗങ്ങളും വസ്തികളും അഭ്യവഹാരങ്ങളും മനസ്സിനെ ഹർഷിപ്പിക്കുന്നവയായ ഇതരവസ്തുക്കളും ആകുന്നു. അവകൾ ശുക്ലത്തിങ്കൽ ബലംകൊടുത്ത് സ്രോതസ്സുകളെ തൃപ്തിപ്പിക്കുന്നതുകൊണ്ടാണവയെ സംസ്കാരമെന്നു പറയുന്നത്. സംസ്കാരബാഹ്യം എന്നു വെച്ചാൽ ഈവക സംസ്കാരങ്ങളെക്കൊണ്ടു പ്രയോജനമില്ലാത്ത നപുംസകം എന്നർത്ഥം. എന്തു സംസ്കാരം ചെയ്താലും ആ സന്താനത്തിന്നു സ്ത്രീഗമനശക്തി ഉണ്ടാകയില്ലെന്നു സാരം.

യദാല്പബീജോല്പബലഃ പുമാനുദ്വേഗഃ സ്ത്രീദ്വേഷയുക്തോന്യകാമോ വാ നാര്യാം വ്യവായപ്രതിഘാതം കരോതി തദാ വാ നാരീ പുംസസ്തദാസേക്യം നാമ ഭവതി । തച്ഛുക്ലാസ്വാദോദ്ധൃഷ്ടധ്വജോച്ഛ്രായം ലഭതേ ॥

സാ—അല്പബീജനായോ അല്പബലനായോ ഉദ്വേഗനായോ സ്ത്രീദ്വേഷത്തോടുകൂടിയവനായോ അന്യസ്ത്രീയിൽ കാമത്തോടുകൂടിയവനായൊ രതിചെയ്ത് പുരുഷൻ സ്ത്രീയുടെ രതിക്കു പ്രതിബന്ധം വരുത്തുകയോ, അല്ലെങ്കിൽ ഈ അല്പബീജതാദികളോടുകൂടിയ സ്ത്രീ രതിചെയ്ത് പുരുഷന്റെ രതിക്കു പ്രതിബന്ധം വരുത്തുകയോ ചെയ്താൽ ആ ഗർഭിച്ചുണ്ടാകുന്ന ശിശു ആസേക്യം എന്ന പേരോടുകൂടിയ ഒരു പ്രത്യേകതരം നപുംസകമായി ഭവിക്കും. ആസേക്യത്തിന്നു തന്റേയോ അന്യന്റേയോ ശുക്ലം വായിൽ ആക്കി ആസ്വദിച്ചാൽ മാത്രമേ ലിംഗം ഹർഷിച്ച് പൊങ്ങുകയുള്ളൂ. വായിൽ ശുക്ലത്തിന്റെ ആസേചനത്തെ അപേക്ഷിക്കുന്നതായതുകൊണ്ട് ആസേക്യം എന്ന പേർ കൊടുത്തിരിക്കുന്നു.

യദാ പുനരുഭാവപി ഭവതഃ സ്ത്രീപുംസൌ തദ്വിധൌ തദാ വക്രധ്വജോ ഭവതി । തസ്യ നൈവ ധ്വജഃ സ്തഭ്യതേ ॥

സാ—യാതൊരിക്കൽ സ്ത്രീപുരുഷന്മാർ രണ്ടുപേരും മേൽപറയപ്പെട്ട അല്പബീജതാദികളോടുകൂടിയവരായിരിക്കയും അന്യോന്യം രതിപ്രതിബന്ധത്തെ ചെയ്കയും ചെയ്യുന്നുവോ അപ്പോൾ വക്രധ്വജം എന്ന പേരോടുകൂടിയ ഒരു പ്രത്യേകതരം നപുംസകമാണെന്നറിയുക. വക്രധ്വജത്തിന്ന് ലിംഗം (ധ്വജം) സ്തംഭിക്കുകയില്ല; ഒടിഞ്ഞുകിടക്കുകയേ ഉള്ളു. ആകയാൽ സ്ത്രീഗമനസാമർത്ഥ്യം ഉണ്ടാകയില്ല.

യദാ പൂതിയോന്യാം സ്ത്രിയാം ഗർഭോ ഭവതി തൽ സൌഗന്ധികാഖ്യം യോനിധ്വജഗന്ധേന ബലം ലഭതേ ॥

സാ—പൂതിയോനി എന്ന പേരായ യോനിരോഗമുള്ള സ്ത്രീക്ക് (ഇങ്ങിനെയുള്ളവളുടെ യോനിക്കു ദുർഗ്ഗന്ധമുണ്ടായിരിക്കും) ഗർഭമുണ്ടാകുന്നതായാൽ അതിൽ ഉണ്ടാകുന്ന ശിശു സൌഗന്ധികമെന്നു പേരുള്ള ഒരുതരം നപുംസകമായി ഭവിക്കും. സൌഗന്ധികമെന്നാൽ സുഗന്ധത്തെ അപേക്ഷിക്കുന്നത് എന്നർത്ഥമാകുന്നു. സൌഗന്ധികത്തിന്നു സ്ത്രീഗമനത്തിൽ ബലം കിട്ടേണമെങ്കിൽ ലിംഗത്തിന്റെയോ യോനിയുടേയോ ഗന്ധത്തെ ആഘ്രാണിച്ചിട്ടുവേണം.

യദാ ത്വീർഷ്യാഭിഭൂതയോ മന്ദഹർഷയോ സംസൃജ്യേത തദീർഷ്യാരതിസംജ്ഞം । തസ്യ പരം മിഥുനീഭൂതം ദൃഷ്ട്വാ മൈഥുനപ്രവൃത്തിർഭവതി ॥

സാ—സ്ത്രീപുരുഷന്മാർ രണ്ടുപേരും അന്യോന്യം ഈർഷ്യയോടുകൂടിയവരായും ഹർഷം കുറഞ്ഞവരായും സംസർഗ്ഗം ചെയ്യുന്നതായാൽ അതിലുണ്ടാകുന്ന ഗർഭം ഈർഷ്യാരതി എന്നൊരുതരം നപുംസകമായി ഭവിക്കും. ഈ നപുംസകത്തിന്നു മറ്റൊരാൾ മൈഥുനം ചെയ്യുന്നതു കണ്ടാലേ മൈഥുനത്തിൽ പ്രവൃത്തി ഭവിക്കയുള്ളു.

യദാ പുരുഷസ്യ ഗർഭസ്യ വായ്വഗ്നിദോഷാദ്വൃഷണനാശസ്തദാ വാതഷണ്ഡകാഖ്യം ഭവതി । ഏതാഃ കർമ്മവൈചിത്ര്യാദഷ്ടൌ ഷണ്ഡയോനയോസംകീർണ്ണാഃ കഥിതാഃ ॥

സാ—യാതൊരിക്കൽ പുരുഷനായ ഗർഭത്തിന്റെ സംഭവകാലത്ത് വായുവിന്റേയും അഗ്നിയുടെയും ദോഷം ഹേതുവായിട്ട് വൃഷണത്തിന്നു നാശം ചെയ്യപ്പെടുന്നു, അപ്പോൾ വാതഷണ്ഡകം എന്ന പേരായ നപുംസകം ഭവിക്കും. ഇപ്രകാരം എട്ടുമാതിരി ഷണ്ഡയോനികൾ (ന

പുംസകങ്ങൾ) അന്യോന്യം കലർന്നുകൂടാതെ പറയപ്പെട്ടു. ഇവയെല്ലാം പലപ്രകാരത്തിലുള്ള പൂർവ്വജന്മകർമ്മങ്ങളുടെ പരിപാകംകൊണ്ടുണ്ടാകുന്നവയാകുന്നു.

അനന്തരം സ്ത്രീപുരുഷഗർഭാവസ്ഥകളിൽ ബീജദോഷംകൊണ്ടുണ്ടാകുന്ന ചില വിശേഷങ്ങളെ കാണിക്കുന്നു:—

**യദാ തു സ്ത്രിയാഃ ശോണിതഗർഭാശയൌ ദോഷാഃ കിഞ്ചിൽ പ്രദൂഷയന്തി തദാ യോ ഗർഭോ ഭവതി തസ്യ ഗർഭസ്യ യസ്യ യസ്യ മാതൃജസ്യാവയവസ്യ ബീജ ബീജാംശേ വാ ദോഷഃ പ്രകോപമാപദ്യതേ തം തമവയവം വികൃതിരാവിശതി ॥**

സാ—യാതൊരിക്കൽ വാതാദികളായ ദോഷങ്ങൾ ദുഷ്ടങ്ങളായിട്ട് സ്ത്രീയുടെ ബീജോപയോഗിയായ രക്തത്തെയും ഗർഭാശയത്തെയും ദൂഷിപ്പിക്കുന്നുവോ അപ്പോൾ മാതൃജമായ അംഗത്തിന്നു വികാരം ഭവിക്കുന്നു. ഇങ്ങിനെ രക്തഗർഭാശയങ്ങളെ ദൂഷിപ്പിക്കുന്നതു സാകല്യേനയായും അംശംകൊണ്ടു മാത്രമായും വരാം. സാകല്യേന ദൂഷിപ്പിക്കുന്നപക്ഷം ഗർഭം ഉണ്ടാവുകതന്നെ ചെയ്യില്ല. അംശമാത്രത്തിങ്കലാണ് ദൂഷണമെങ്കിൽ രക്തകാരണമായ സ്ത്രീഗർഭത്തിന്റെ ഗർഭാശയാദികളായ ഓരോ അവയവങ്ങളിൽ ഏതേതംശങ്ങളിലാണോ ദൂഷണം ഭവിക്കുന്നത് അതാതു മാതൃജാവയവങ്ങളിൽ ദോഷം കോപിച്ച് വികാരത്തെ ഉണ്ടാക്കും; രക്തവും ഗർഭാശയവും ദൂഷിച്ചാൽ രക്തം ഗർഭാശയം മുതലായിട്ടു യാവചില മാതൃജാവയവങ്ങളുണ്ടോ അതിന്റെ ബീജാംശമായി യാതൊരു മാതൃശോണിതഭാഗമുണ്ടോ അതിന്റെ അംഗത്തിങ്കൽ ദോഷകോപവും തന്നിമിത്തം തജ്ജന്യാവയവത്തിങ്കൽ വികാരവും ഉണ്ടാകുമെന്നു സാരം. ഇതിനെത്തന്നെ താഴെ സവിഭാഗം പ്രദർശിപ്പിക്കുന്നു.

**യദാ ഹ്യസ്യാഃ ശോണിതാഖ്യേ ബീജേ ഗർഭാശയസ്ഥേ നിർവ്വർത്തകം ബീജം പ്രദുഷ്യതി തദാ വന്ധ്യാം ജനയതി । യദാ തസ്യാവയവസ്തദാ പൂതിപ്രജാം । തസ്യാ ജാതം ജാതം മ്രിയതേ ॥**

സാ—സ്ത്രീഗർഭത്തിങ്കൽ സ്ത്രീയുടെ ഗർഭാശയത്തിങ്കലുള്ള ശോണിതം എന്ന ഗർഭനിർവ്വർത്തകമായ ബീജം സാകല്യേന ദുഷ്ടമായിരിക്കുന്നു എങ്കിൽ അതിങ്കലുണ്ടാകുന്ന സ്ത്രീപ്രജ വന്ധ്യ(=പ്രസവിക്കാത്തവൾ)ആയിരിക്കും. സാകല്യേന ദൂഷിക്കാതെ അവയവമാത്രമേ ദൂഷിച്ചിട്ടുള്ളൂ എങ്കിൽ അതിലുണ്ടാകുന്ന സ്ത്രീ പൂതിപ്രജയായി ഭവിക്കും. (പൂതിപ്രജാ= പൂതിയായ പ്രജയോടുകൂടിയവൾ. പൂതി ക്ലിന്നാ. ക്ഷീണാ. പ്രജാ=സ

ന്താനം) ആ സന്താനത്തിനുണ്ടാകുന്ന കുട്ടികളെല്ലാം മരിച്ചുപോകയും ചെയ്യും. [‘ജാതം ജാതം’ മെന്നുള്ള ലിംഗവിശേഷംകൊണ്ട് നപുംസക മെന്നും കിട്ടുന്നു.]

യദാ പുനഃ സോഽവയവഃ സ്ത്രീകരാണാഞ്ച ശരീരസംശ്രയാണാമധോഗുരുത്വാദീനാം നിർവ്വർത്തകാ യേ ബീജാംശാസ്തേഷാമേകദേശഃ പ്രദുഷ്ടോ ഭവതി തദാ സ്ത്ര്യാകൃതിഭൂയിഷ്ഠാമസ്ത്രീയം വാർത്താം നാമ ജനയതി। താം സ്ത്രീവ്യാപദമാചക്ഷതേ ॥

സാ—യാതൊരിക്കൽ ആ അവയവ (അതായത് മുമ്പാഞ്ഞ ബീജ ഭാഗമായ അവയവം) ത്തിന്റേയും മുമ്പു പറയപ്പെട്ടവയും ശരീരസംശ്രയങ്ങളുമായ അധോഗുരുത്വം മുതലായ സ്ത്രീത്വ നിർവ്വർത്തകഭാവങ്ങളുടെ നിർവ്വർത്തകങ്ങളായ ബീജാംശങ്ങളുടേയും ഏകദേശം ദുഷിക്കപ്പെടുന്നുവോ അപ്പോൾ വാർത്താ എന്ന പേരായ സ്ത്രീപ്രജയെ ജനിപ്പിക്കുന്നു. ആ പ്രജ മുക്കാലും സ്ത്രീയുടെ ആകൃതിയുള്ളതും, എന്നാൽ സ്ത്രീയെക്കൊണ്ടുള്ള കാര്യത്തെ ചെയ്യാത്തതുകൊണ്ട് സ്ത്രീയല്ലാത്തതുമായിരിക്കും. ഇങ്ങിനെയുള്ള ‘വാർത്ത’ യെ സ്ത്രീവ്യാപത്ത് എന്നും പറയുന്നു. ഇങ്ങിനെ സ്ത്രീബീജദോഷമൂലകങ്ങളായ വികൃതികൾ പറയപ്പെട്ടു. ഇനി പുരുഷബീജദോഷംകൊണ്ടുള്ളവയെ പറയുന്നു.

ഏവമേവ പുംസോ യദാ ശുക്ലാഖ്യേ ബീജേ ബീജം പ്രദുഷ്യതീത്യാദി യോജ്യം യദാ വന്ധ്യം പൂതിപ്രജം തഥാ പുരുഷാകൃതിപ്രായമപുരുഷം തൃണപുളികം നാമ ജനയതി। ഇത്യേതേന മാതൃജാനാം പിതൃജാനാഞ്ചാവയവാനാം വികൃതിർവ്യാഖ്യാതാ ॥

സാ—ഇപ്രകാരം സ്ത്രീയുടെ രക്തമെന്ന ബീജത്തിൽ ഗർഭാശയനിർവ്വർത്തകമായ ബീജാംശം ദുഷിക്കുന്നതുപോലെതന്നെ പുരുഷന്റെ ശുക്ലമെന്ന ബീജത്തിങ്കൽ ശുക്ലാശയനിർവ്വർത്തകമായ ബീജം ദുഷിക്കുന്നു എന്നു മുതലായി മുമ്പാഞ്ഞപ്രകാരം എല്ലാം യോജിപ്പിച്ചുകൊള്ളണം. ആകയാൽ വന്ധ്യയായ സ്ത്രീപ്രജയെ സ്ത്രീ ജനിപ്പിക്കുന്നതുപോലെ വന്ധ്യനായ പുരുഷനെ പുരുഷനും ജനിപ്പിക്കുന്നു. വന്ധ്യൻ=പുത്രനുണ്ടാകാത്തവൻ. സ്ത്രീ പൂതിപ്രജയെ എന്നപോലെ പുരുഷൻ പൂതിപ്രജനേയും ജനിപ്പിക്കും. (ഇവങ്കൽനിന്നുണ്ടാകുന്ന കുട്ടികളെല്ലാം മരിക്കും) അപ്രകാരംതന്നെ പ്രായേണ പുരുഷാകൃതികളുള്ളവനും അപുരുഷനുമായ തൃണപുളി എന്ന പുരുഷനേയും (സ്ത്രീ വാർത്തയെയെന്നപോലെ) ജനിപ്പിക്കും. ഇവർ ആകൃതികൊണ്ടു പുരുഷനും കാര്യംകൊണ്ട് അപുരുഷ

നമായിരിക്കും. ഇപ്രകാരം മാതൃജങ്ങളും പിതൃജങ്ങളുമായ അവയവങ്ങൾക്കുണ്ടാകുന്ന വികാരം പറയപ്പെട്ടു.

**അതശ്ച സാത്മ്യജാനാം രസജാനാം സത്വജാനാഞ്ചാവയവാനാം വികൃതിർവ്യാഖ്യാതാ ഭവതി । യസ്യ യസ്യ ഹ്യംഗാവയവസ്യ ബീജേ ബീജാംശേ വാ ഉപതപ്തിർഭവതി തസ്യ തസ്യാംഗാവയവസ്യ വികൃതിരുപജായതേ । നോപജായതേഽനുപതാപാൽ ॥**

സാ — ഇതുകൊണ്ടുതന്നെ സാത്മ്യജങ്ങളും രസജങ്ങളും സത്വജങ്ങളുമായ അവയവങ്ങൾക്കുണ്ടാകുന്ന വികാരവും പറയപ്പെട്ടു. സാത്മ്യജങ്ങൾ=ആയുരാരോഗ്യാദികൾ. രസജങ്ങൾ=കൃൽസ്നദേഹസംഭവാദികൾ. സത്വജങ്ങൾ=ശൌചാദികൾ (ഇവ അദ്രവ്യങ്ങളായ അവയവങ്ങളാണ്. ഇവയെ അംഗവിഭാഗത്തിൽ വിവരിക്കും) സാത്മ്യം, രസം, സത്വം എന്നിവയാകുന്ന കാരണങ്ങൾ നാനാപ്രകാരത്തിൽ ദുഷിച്ചാൽ തൽകാൎയ്യങ്ങളായ അവയവങ്ങൾക്കും പലപ്രകാരമുള്ള വികാരം ഭവിക്കുമെന്നു സാരം. എന്നുതന്നെയല്ല, ഏതേതു അംഗാവയവത്തിന്റെ ബീജത്തിലോ ബീജാംശത്തിലോ ഉപതാപം ഭവിക്കുന്നുവോ അതാതു അംഗാവയവത്തിനു വികാരം ഭവിക്കും. ഉപതാപം ഭവിക്കാത്തപക്ഷം വികാരമുണ്ടാകയുമില്ല..

**യദാ ച ലബ്ധഗർഭാനുക്ഷണമേവ വാതളാന്യാസേവേത തദാസ്യാ വായുഃ പ്രകുപിതഃ ശരീരമനുസർപ്പൻ ഗർഭാശയമഭിഗമ്യാനോ ഗർഭസ്യ ജഡബധിരമൂകമിന്മിണഗദ്ഗദഖഞ്ജകുബ്ജവാമനഹീനാംഗാധികാംഗത്വാന്യന്യം വാ വാതവികാരം കരോതി । തഥാ വായുവൽ പിത്തമപി ഖലതിപലിതശ്മശ്രുഹീനതാതാമ്രനഖകേശപൈംഗല്യാദീനി । ശ്ലേഷ്മാ തു കുഷ്ഠകിലാസസദന്തത്വാദീനി । ത്രിവർഗ്ഗോ മിശ്രാൻ വികാരാൻ ॥**

സാ — ലബ്ധഗർഭയായ സ്ത്രീ അനുക്ഷണം (=നിരന്തരം) വാതകരങ്ങളായ ദ്രവ്യങ്ങളെ ശീലിച്ചുംകൊണ്ടിരുന്നാൽ അവൾക്കു വായു ഏററവും കോപിച്ച് ശരീരം വഴിയായി വ്യാപിച്ച് ഗർഭാശയത്തിൽ ചെന്നുചേൎന്നിട്ട് ഗർഭത്തിന്ന് ജഡബധിരത്വാദികളേയും അതുപോലെയുള്ള മററു വാതവികാരത്തേയും ഉണ്ടാക്കും. ജഡത്വം=മൂഢത്വം. ബധിരത്വം=ചെവികേൾക്കായ്ക. മൂകത്വം=മിണ്ടാൻ വയ്യായ്ക. മിന്മിണത്വം=അനുനാസികഭാഷിത്വം. ഗദ്ഗദത്വം=ഖണ്ഡാക്ഷരത്വം. ഖഞ്ജത്വം=ഒരു കാൽമുടന്ത്. കുബ്ജത്വം=കൂന്. വാമനത്വം=മുണ്ടത്തം. ഹീനാംഗ

ത്വം=അവയവത്തിന്ന് വൈകല്യം. അധികാംഗത്വം=അവയവത്തിന്ന് ആധിക്യം. അപ്രകാരംതന്നെ വായുവിനെപ്പോലെ പിത്തവും കോപിച്ച് ഖലത്യാദികളെ ഗർഭത്തിന്നുണ്ടാക്കും. ഖലതി=കഷണ്ടി. പലിതം=നര. ശ്മശ്രുഹീനത്വം=മീശയില്ലായ്മ. ത്വങ്നഖകേശപൈംഗല്യം=തോലിന്നും നഖത്തിന്നും തലരോമത്തിന്നും ചെമ്പൻനിറം. ആദിഗ്രഹണത്താൽ മററു പിത്തവികാരങ്ങളെയും ഗ്രഹിക്കണം. അപ്രകാരംതന്നെ കഫവും കോപിച്ച് ഗർഭത്തിന്ന് കുഷ്ഠാദികളെ ഉണ്ടാക്കും. കുഷ്ഠം പ്രസിദ്ധം. കിലാസം=ശ്വിത്രം. സദന്തത്വം=ഗർഭത്തിൽത്തന്നെ പല്ലുമുളക്കൽ. ആദിശബ്ദംകൊണ്ട് മററുള്ള കഫവികാരങ്ങളെ ഗ്രഹിക്കണം. ത്രിവർഗ്ഗം (=ത്രിദോഷസന്നിപാതം) മിശ്രങ്ങളായ വികാരങ്ങളെയും ജനിപ്പിക്കും.

**അപി ച । ദൃഷ്ടിഭാഗമപ്രതിപന്നം തേജോ ജാത്യന്ധത്വമ് । തദേവ വാതാനുഗതം വികൃതരൂക്ഷാരുണാക്ഷമ് । പിത്താനുഗതം പിങ്ഗാക്ഷമ് । ശ്ലേഷ്മാനുഗതം ശുക്ലാക്ഷമ് । രക്താനുഗതം രക്താക്ഷമിതി ॥**

സാ—എന്നതന്നെയല്ല. ദൃഷ്ടമായോ അദൃഷ്ടമായോ ഉള്ള കാരണത്താൽ തേജസ്സ് (പ്രകാശം; അഗ്ന്യംശം) ഗർഭത്തിന്റെ ദൃഷ്ടിഭാഗത്തെ പ്രാപിക്കാതിരുന്നാൽ കുട്ടിയെ ജനനത്തിൽത്തന്നെ അന്ധനായി ഭവിപ്പിക്കും. ആ തേജസ്സുതന്നെ വാതത്തിന്റെ അനുബന്ധത്തോടുകൂടിയതായിട്ട് ദൃഷ്ടിഭാഗത്തെ പ്രാപ്തമായാൽ ഗർഭത്തെ വികൃതമായും രൂക്ഷമായും അരുണവർണ്ണമായും ഉള്ള കണ്ണുകളോടുകൂടിയതാക്കിച്ചെയ്യും. പിത്തത്താൽ അനുഗതമായിരുന്നാൽ ഗർഭത്തെ പിംഗളവർണ്ണമായ കണ്ണുകളോടുകൂടിയതാക്കിച്ചെയ്യും. കഫത്താൽ അനുഗതമായിരുന്നാൽ കണ്ണ് ശുക്ലവർണ്ണമായി ഭവിക്കും. രക്താനുഗതമായാൽ ഗർഭത്തെ രക്തവർണ്ണമായ കണ്ണുകളോടുകൂടിയതാക്കി ചെയ്യും. ഇപ്രകാരം ഗർഭത്തിന്നുണ്ടാകുന്ന വികാരങ്ങൾ പറയപ്പെട്ടു.

അനന്തരം ഈ ഗർഭവികൃതികൾ വരാതിരിപ്പാനുള്ള പ്രകാരത്തെ പറയുന്നു:—

**ഗർഭസമാനാശയാശങ്കേനാ ഹി ഗർഭിണീ ഭവതി । തസ്മാദ്വിശേഷതസ്താം പ്രിയഹിതാഭ്യാം ഗർഭോപഘാതകരേഭ്യോ രക്ഷേൽ । യഥാ യഥാ ച ഗർഭോ വൃദ്ധിമാപ്നോതി തഥാ തഥാ ഭാരാഹാരാനാദരോ നാ ഭാഹാരരസാപഹാരാച്ച സ്ത്രിയാ ബലക്ഷയഃ । തത്ക്രമേ ഗർഭോപ**

ഘാതകരാഃ । തദ്യഥാ—വ്യവായവ്യായാമകൎശനാഭിഘാതാതിമാത്രസംക്ഷോഭിയാനയാനരാത്രിജാഗരണദിവാസ്വപ്നവേഗവിധാരണാജീൎണ്ണാതപാഗ്നിക്രോധശോകഭയോത്ത്രാസോപവാസോൽകടകവിഷമകഠിനാസനശ്വഭ്രകൂപപ്രപാതാപ്രിയാവലോകനശ്രവണാദയഃ । സമാസതസ്സൎവ്വമതിഗുരൂഷ്ണതീക്ഷ്ണരൂക്ഷമന്നപാനം ദാരുണാശ്ച ചേഷ്ടാഃ ॥

സാ—ഗൎഭിണിയായവൾ ഗൎഭസ്ഥശിശുവിൻെറ യോഗക്ഷേമങ്ങൾക്കു സമാനമായ യോഗക്ഷേമങ്ങളോടുകൂടിയവളായിരിക്കും. എന്നതുകൊണ്ടു് വിശേഷിച്ചും ഗൎഭിണിയെ ഇഷ്ടമായും പത്ഥ്യമായുമുള്ള ദ്രവ്യങ്ങളെക്കൊണ്ടു് ഗൎഭത്തിനുപഘാതം വരുത്തുന്ന ഭാവങ്ങളിൽനിന്നു രക്ഷിക്കണം. ഗൎഭം വൎദ്ധിച്ചുവരുന്നതോതനുസരിച്ചു് ഗൎഭഭാരം ഹേതുവായിട്ടു ഗൎഭിണി ആഹാരത്തെ സ്വീകരിക്കാതിരിക്കുകയും അവൾ ഉണ്ണുന്ന ആഹാരത്തിൻെറ രസത്തെ ഗൎഭം അപഹരിക്കുകയും ചെയ്യുന്നതുകൊണ്ടു് അവൾക്കു ബലക്ഷയം വരും. അതുകൊണ്ടു് ബലത്തെ രക്ഷിക്കണമെന്നു താൽപൎയ്യം. വ്യവായാദികളായി താഴേ പറയപ്പെടുന്നവ ഗൎഭത്തിനുപഘാതം വരുത്തുന്നവയാകുന്നു. എവയെന്നാൽ:—വ്യവായം=മൈഥുനം. വ്യായാമം=ദേഹായാസം. കൎശനം=രൂക്ഷതാദികളോടുകൂടിയ ദ്രവ്യങ്ങളെക്കൊണ്ടു് ദേഹം മെലിപ്പിക്കൽ. അഭിഘാതം=ചതവു്, മുറി. അതിമാത്രസംക്ഷോഭിയാനയാനം=വളരെ എളക്കമുള്ള വാഹനത്തിലേറി പോകൽ. രാത്രിജാഗരണം=രാത്രിയിൽ ഉറങ്ങായ്മ. ദിവാസ്വപ്നം=പകലുറക്കം. വേഗവിധാരണം=മലമൂത്രാദ്യപ്രവൃത്തി. അജീൎണ്ണാതപാഗ്നിക്രോധശോകഭയോത്ത്രാസോപവാസങ്ങൾ സ്പഷ്ടങ്ങൾ. ഉൽകടകവിഷമകഠിനാസനം=കുന്തിച്ചിരിക്കൽ, സമമല്ലാത്തതും കടുപ്പമുള്ളതുമായ ആസനത്തിന്മേലിരിക്കൽ എന്നിവ. ശ്വഭ്ര..................ശ്രവണാദികൾ=ശ്വഭ്രം (=കുഴി) കൂപം (കിണറു്) എന്നിവയിൽ ചാടുക, അപ്രിയങ്ങളായവയെ കാണുകയോ കേൾക്കുകയോ ചെയ്ക മുതലായവ. ആദിശബ്ദംകൊണ്ടു് എല്ലാതരം മിത്ഥ്യായോഗാദികളേയും ഗ്രഹിക്കണം. ചുരുക്കത്തിൽ അധികം ഗുരുത്വവും ഉഷ്ണത്വവും തീക്ഷ്ണത്വവും ഉള്ള അന്നപാനങ്ങളും ദാരുണങ്ങൾ (=ഭയങ്കരങ്ങൾ) ആയ ചേഷ്ടകളും എല്ലാംതന്നെ ഗൎഭത്തിനു കേടുവരുത്തുന്നവയാണു്.

അഥാ ദേവതാരക്ഷോനുപായപരിരക്ഷണാൎത്ഥം ന രക്താനി വാസാംസി ധാരയേന്ന മാനമധിരോഹേന്ന മദ്യമാംസമശ്നീ

യാൽ । യച്ചാന്യദപി വൃദ്ധസ്ത്രിയോ ബ്രൂയുഃ । പ്രതതമുത്താനശായിന്യാഃ പുനൎഗ്ഗൎഭസ്യ നാഭ്യാശ്രയാ നാഡീ കണ്ഠമനുവേഷ്ട്യ വ്യാപത്തിം കരോതി । വിവൃതശയാ നക്തചാരിണീ ചോന്മത്തം ജനയതി । കലഹശീലാപസ്മാരിണം । വ്യവായശീലാ ദുൎവ്വപുഷമഹ്രീകം സ്ത്രൈണം വാ । ശോകനിത്യാ ഭീരുമപചിതമല്പായുഷം വാ । അഭിദ്ധ്യായിനീ പരോപതാപിനമീൎഷ്യാലും സ്ത്രൈണം വാ । സ്തേനാ ത്വായാസബഹുലമതിദ്രോഹിണമകൎമ്മശീലം വാ। അമൎഷണാ ചണ്ഡമൌപധികം വാ । സ്വപ്നശീലാ നിദ്രാലുമബുധമല്പാഗ്നിം വാ । മദ്യനിത്യാ തൃഷ്ണാലുമല്പസ്മൃതിമനവസ്ഥിതം വാ । ഗോധാമാംസനിത്യാശ്മരിണം ശനൈൎമ്മേഹിനം വാ । വരാഹമാംസനിത്യാ രക്താക്ഷം ക്രഥനമതിപരുഷരോമാണം, വാ । മത്സ്യമാംസനിത്യാ ചിരനിമേഷം സ്തബ്ധാക്ഷം വാ । മധുരനിത്യാ പ്രമേഹിണം മൂകമതിസ്ഥൂലം വാ । അമ്ലനിത്യാ രക്തപിത്തിനം ത്വഗക്ഷിരോഗിണം വാ । ലവണനിത്യാ ശീഘ്രവലീപലിതം ഖലതികം വാ । തിക്തനിത്യാ ശോഷിണമബലമപചിതം വാ । കടുകനിത്യാ ദുൎബ്ബലമല്പശുക്ലമനപത്യം വാ। കഷായനിത്യാ ശ്യാമമാനാഹിനമുദാവൎത്തിനം വാ । യദ്യച്ച യസ്യ വ്യാധേൎന്നിദാനം തത്തദാസേവമാനാന്തൎവ്വത്നീ സ്ത്രീ തത്തദ്വികാരബഹുലമപത്യം ജനയതി । ഏതേന പിതൃജാ അപി ശുക്ലദോഷാ വ്യാഖ്യാതാഃ ॥

സാ—അപ്രകാരംതന്നെ ഗൎഭിണിയായവൾ ഗൎഭോപഘാതം വരാതിരിപ്പാനും ദേവതമാരുടേയും രക്ഷസ്സുകളുടേയും ബാധവരാതെ കഴിപ്പാനുമായിട്ട് ചുകന്ന വസ്ത്രങ്ങളെ ധരിക്കാതിരിക്കയും വാഹനം കയറാതിരിക്കയും മദ്യമാംസത്തെ ഭക്ഷിക്കാതിരിക്കയും വേണം. ഇതുകൂടാതെയും വൃദ്ധസ്ത്രീകൾ എന്തെല്ലാം അരുതെന്നു പറയുന്നുവോ അവയും വൎജ്ജിക്കണം. ഗൎഭിണി എപ്പോഴും മലൎന്നുകിടന്നാൽ ഗൎഭത്തിന്റെ നാഭിയിൽ കെട്ടപ്പെട്ടതായി മുമ്പുപറഞ്ഞ നാഡി (=കുഴൽ) കഴുത്തിൽ ചുറ്റി ഗൎഭത്തിന്നു ഹാനിവരുത്തും. വിവൃതശയന (=വായ്പിളൎന്നുകിടക്കുന്നവൾ) യാകട്ടെയോ രാത്രിയിൽ സഞ്ചരിക്കുന്നവളാകട്ടെയോ ചെയ്താൽ ഉന്മാദമുള്ള കുട്ടിയെ പ്രസവിക്കും. കലഹശീലയായിരുന്നാൽ അപസ്മാരമുള്ള കുട്ടിയെ പ്രസവിക്കും. മൈഥുനശീലയായിരുന്നാൽ ദേഹത്തിന്നു ഭംഗിയില്ലാത്തവനോ ലജ്ജയില്ലാത്തവനോ സ്ത്രീപ്രിയനോ ആയ കുട്ടി

യെ പ്രസവിക്കും. വ്യസനശീലയായിരുന്നാൽ ഭീരുവോ കൃശനോ അല്പായുസ്സോ ആയ കുട്ടിയെ പ്രസവിക്കും. അഭിധ്യായിനി (=നാനാവിധാശീല) യായിരുന്നാൽ പരോപദ്രവകാരിയോ അസൂയക്കാരനോ സ്ത്രീജിതനോ ആയ കുട്ടിയെ പ്രസവിക്കും. സ്തേനാ (=മോഷണംചെയ്യുന്നവൾ) ആയിരുന്നാൽ പലതരം ആയാസങ്ങളോടുകൂടിയവനോ പരദ്രോഹിയോ ശുണ്ഠിക്കാരനോ ആയ കുട്ടിയെ പ്രസവിക്കും. കോപശീലയായവൾ കോപശീലനോ ഔപധിക (=കപടജീവി) നോ ആയ കുട്ടിയെ പ്രസവിക്കും. നിദ്രാശീലയായിരുന്നാൽ നിദ്രാശീലനോ പാമരനോ അഗ്നിബലം കുറഞ്ഞവനോ ആയ കുട്ടിയെ പ്രസവിക്കും. നിത്യം മദ്യം ശീലിക്കുന്നവളായിരുന്നാൽ തൃഷ്ണാലുവോ സ്മൃതിഭ്രംശമുള്ളവനോ ബുദ്ധിക്കുറപ്പില്ലാത്തവനോ ആയ കുട്ടിയെ പ്രസവിക്കും. ഗോധാ (=ഉടുമ്പ്) മാംസം ശീലിക്കുന്നവളായിരുന്നാൽ അശ്മരീരോഗമോ ശനൈർമ്മേഹമോ ഉള്ള കുട്ടിയെ പ്രസവിക്കും. വരാഹ (പന്നി) മാംസത്തെ ശീലിക്കുന്നവൾ കണ്ണു ചുകന്നവനോ ക്രഥന (=കൂൎക്കംവലിക്കുന്നവൻ) നോ പരുപരുത്ത രോമത്തോടുകൂടിയവനോ ആയ ശിശുവിനെ പ്രസവിക്കും. മത്സ്യമാംസനിത്യയായവൾ എമച്ചു മിഴികുറഞ്ഞവനോ കണ്ണിളകാത്തവനോ ആയ ശിശുവിനെ പ്രസവിക്കും. നിത്യം മധുരംശീലിക്കുന്നവൾ പ്രമേഹിയോ മൂകനോ അതിസ്ഥൂലനോ ആയവനേയും, അമ്ലനിത്യയായവൾ രക്തപിത്തമോ ത്വഗ്രോഗമോ നേത്രരോഗമോ ഉള്ളവനേയും, ലവണനിത്യയായവൾ ചെറുപ്പത്തിൽ ചുളിയും നരയും ഉള്ളവനോ കഷണ്ടിക്കാരനോ ആയവനേയും തിക്തരസത്തെ നിത്യം ശീലിക്കുന്നവൾ ക്ഷയമോ ബലഹാനിയോ മെലിച്ചിലോ ഉള്ളവനേയും, നിത്യം എരുവുരസം ശീലിക്കുന്നവൾ ബലഹീനനോ അല്പശുക്ലനോ സന്താനമില്ലാത്തവനോ ആയവനേയും, ചവൎപ്പുരസം നിത്യം ശീലിക്കുന്നവൾ കരുവാളിച്ചവനോ മേൽവയർവീൎപ്പുള്ളവനോ ഉദാവൎത്തമുള്ളവനോ ആയവനേയും പ്രസവിക്കും. എന്നുവേണ്ട യാതൊന്നു യാതൊരു രോഗത്തിന്നു കാരണമോ അതിനെ ഗൎഭിണി ശീലിക്കുന്നതായാൽ തജ്ജന്യമായരോഗം അധികമുള്ള കുട്ടിയെ പ്രസവിക്കും. ഇപ്പറഞ്ഞതുകൊണ്ടു പിതാവിന്റെ ശുക്ലദോഷംകൊണ്ടു ഗൎഭത്തിന്നു വരുന്ന വികൃതിയും പറയപ്പെട്ടു.

ഇനി ഈ പ്രകരണത്തെ ഉപസംഹരിക്കുന്നു:—

തസ്മാൽ പ്രജാസംപദമിച്ഛന്തീ സാധ്വാത്മാനമുപാചരേത്താം । വിശേഷേണ നാരീ । വ്യാധീംശ്ചാസ്യാ മൃദുമധുരശിശിരസു

ദൈ്വവൌഷധാഹാരവിഹാരൈരുപാചരേൽ । ന ചാസ്യാം വമനാദീനി പ്രയോജയേൽ । ന രക്താവസേചനമ് । കേവലന്ത്വഷ്ടമം മാസമുപാദായാസ്ഥാപനമനുവാസനം വാ । വമനാദിസാദ്ധ്യേഷു പുനർവികാരേഷു മൃദുഭിസ്തദത്ഥകാരിഭിർവ്വോപക്രമേൽ । പൂണ്ണമിവ തൈലപാത്രമസംക്ഷോഭയൻ ഗൎഭിണീമുപാചരേദിതി ॥

സാ—അതുകൊണ്ട് സന്താനസമ്പത്തിനെ ഇച്ഛിക്കുന്നവരായ മാതാപിതാക്കന്മാർ അവനവനെ വഴിപോലെ ഉപാചരിക്കണം. വിശേഷിച്ചും സ്ത്രീ ഇതിൽ മനസ്സിരുത്തേണ്ടതാണ്. ഗൎഭിണിക്കുണ്ടായ വ്യാധികളെ മൃദുമധുരശീതസുഖങ്ങളായ ഔഷധങ്ങളെക്കൊണ്ടും ആഹാരവിഹാരങ്ങളെക്കൊണ്ടും വേണം ചികിത്സിക്കുവാൻ. ഗൎഭിണിയായവൾക്കു വമനാദികളായ കൎമ്മങ്ങളെ വ്യാധ്യപേക്ഷയാ ചെയ്യത്തക്കതായിവന്നാലും ചെയ്യരുതു. രക്തമോക്ഷണവും അരുതു. എട്ടാംമാസംമുതൽക്കു കഷായവസ്തിയോ സ്നേഹവസ്തിയോ മാത്രം ചെയ്യാം. വമനാദികളായ കൎമ്മങ്ങളെക്കൊണ്ടു സാദ്ധ്യങ്ങളായ കുഷ്ഠാദിരോഗങ്ങളുണ്ടായാലാകട്ടേ മൃദുക്കളായോ തദത്ഥകാരികളായോ ഉള്ള ഔഷധങ്ങൾ പ്രയോഗിച്ച് ചികിത്സിക്കണം. തദത്ഥകാരികൾ=വ്യാധിശമനത്തെ പ്രകാരാന്തരേണ സാധിക്കുന്നവ. തൈലംകൊണ്ടു പൂണ്ണമായ പാത്രത്തെ എങ്ങിനെ എളകാതിരിക്കുന്നുവോ അങ്ങിനെതന്നെ എളക്കംവരാതെവേണം ഗൎഭിണിയെ ചികിത്സിപ്പാൻ.

ഭവന്തിചാത്ര—

ഇത്യനാത്യയികേ വ്യാധൌ വിധിരാത്യയികേ പുനഃ
തീക്ഷ്ണൈരപി ക്രിയായോഗൈഃ സ്ത്രിയം യത്നേന പാലയേൽ.
സ്ത്രീ ഹി മൂലമപത്യാനാം സ്ത്രീ ഹി രക്ഷതി രക്ഷിതാ
സൎവ്വാശ്രമാണാം പ്രഥമം ഗൃഹസ്ഥത്വമനിന്ദിതമ് ॥
ജരായുണാ മുഖേ ഛന്നേ കണ്ഠേ ച കഫവേഷ്ടിതേ
വായോൎമ്മാൎഗ്ഗനിരോധാച്ച ന ഗർഭസ്ഥഃ പ്രരോദിതി ॥

സാ—ഇപ്പറഞ്ഞപ്രകാരമാണ് അനാത്യയികം (=സ്വല്പം) ആയ വ്യാധിയിങ്കൽ ചെയ്യേണ്ട വിധി. ആത്യയികമായ വ്യാധി ഗൎഭിണിക്കുണ്ടായാലാകട്ടേ ഇവിടെ നിഷേധിക്കപ്പെട്ടവയായ തീക്ഷ്ണപ്രയോഗങ്ങളെച്ചെയ്തിട്ടും സ്ത്രീയെ പണിപ്പെട്ടു രക്ഷിക്കണം. ഗൎഭത്തിന്നു ദോഷകരങ്ങളായ പ്രയോഗങ്ങളേയും സ്ത്രീയുടെ രക്ഷക്കായി ചെയ്യണമെന്നു

ത്ഥം. എന്തുകൊണ്ടെന്നാൽ—സ്ത്രീയാണ് സന്താനങ്ങൾക്കു മൂലം. സ്ത്രീയെ രക്ഷിച്ചാൽ അവൾ പുരുഷന്റെ സർവ്വാശ്രമപ്രധാനമായ ഗൃഹസ്ഥാശ്രമത്തെ രക്ഷിക്കും. സ്ത്രീ രക്ഷപ്പെട്ടാൽ പിന്നെയും സന്താനമുണ്ടാകാമല്ലോ എന്നു സാരം. തീക്ഷ്ണപ്രയോഗാദികളെക്കൊണ്ടു ഗർഭത്തിന്നു ഹാനിവരുമെങ്കിൽ ഗർഭം എന്തുകൊണ്ട് കരയുന്നില്ല എന്ന ശുഷ്കമായ എതിരാളിയുടെ ചോദ്യത്തിന്നു സമാധാനം പറയുന്നു. ജരായുണേതി—ഗർഭസ്ഥശിശുവിന്റെ മുഖം ജരായുവിനാൽ മൂടപ്പെട്ടിരിക്കും. കഴുത്ത് കഫത്താൽ ചുററപ്പെട്ടുമിരിക്കും. വായുവിന്റെ മാർഗ്ഗം അടഞ്ഞുമിരിക്കും. അതുകൊണ്ടാണ് ഗർഭശിശു കരയാത്തത്. കരയുന്നതിന്നു വായയും കണ്ഠവും തുറക്കുകയും വായുവിനെ വ്യാപരിപ്പിക്കുകയും വേണമല്ലോ എന്നു ഭാവം.

ഇത്യഷ്ടാംഗസംഗ്രഹേ ശാരീരസ്ഥാനേ
ദ്വിതീയോദ്ധ്യായഃ
സമാപ്തഃ.

# തൃതീയോദ്ധ്യായഃ.

മേൽക്കാണിച്ചതുകൊണ്ട് ഗർഭത്തിന്റെ സംഭവസ്ഥിതിക്രമം പ്രദർശിപ്പിക്കപ്പെട്ടുവല്ലോ. ഇനി സംഭൃതമായ ഗർഭത്തിന്നു ദോഷംഭവിക്കാതിരിക്കാനും ശരിയായി വളരുന്നതിന്നും സുഖപ്രസവത്തിന്നുമുള്ള ഉപചാരത്തെ പറയുന്നു. ഗർഭമെന്നതു ഗർഭിണിയെ ആശ്രയിച്ചിരിക്കുന്നതുകൊണ്ട് ഈ ഉപചാരം ചെയ്യേണ്ടതു ഗർഭിണിക്കാണ്. അതിനെ കാണിപ്പാനായി അദ്ധ്യായം ആരംഭിക്കുന്നു:—

**അഥാതോ ഗർഭോപചരണീയമദ്ധ്യായം വ്യാഖ്യാസ്യാമഃ । ഇതി ഹ സ്മാഹുരാത്രേയാദയോ മഹർഷയഃ ॥**

സാ—അനന്തരം ഗർഭോപചരണീയമെന്ന അദ്ധ്യായത്തെ പറവാൻപോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു.

**പ്രഥമേ മാസി ഗർഭിണീ ക്ഷീരമനുപസംസ്കൃതം മാത്രാവച്ഛീതം കാലേ കാലേ പിബേൽ । തസ്മിന്നപി ചാദ്യം ദ്വാദശരാത്രം ക്ഷീരോത്ഭവം സർപ്പിശ്ശാലിപർണ്ണീപലാശാഭ്യാം ശൃതം കനകരജതക്വഥിതം ശീതോദകാനുപാനം പിബേൽ । സ്വാദുശീതം ദ്രവപ്രാ**

യം സാത്മ്യഞ്ച സംയംപ്രാതരാഹാരയേൽ । ന ചാഭ്യംഗോദ്വർത്തനാനി സേവേത । യഥോക്താനി ച ദോഷകരാണി പരിഹരേദാ പഞ്ചമാന്മാസാദ്വിശേഷേണ ॥

സാ—ഗർഭമുണ്ടായവൾ ആദ്യത്തെ മാസത്തിൽ അസംസ്കൃതമായ ക്ഷീരത്തെ മാത്രയോടുകൂടിയതും തണുപ്പുള്ളതുമായിട്ട് കാലംതോറും സേവിക്കണം. കാലംതോറുമെന്നതിനു രണ്ടുനേരത്തെ ആഹാരകാലങ്ങളിലുമെന്നർത്ഥം. മാത്രയോടുകൂടി എന്നു പറഞ്ഞതു അജീർണ്ണപരിഹാരത്തിന്നാകുന്നു. അതിൽത്തന്നെയും ആദ്യം പന്ത്രണ്ടുദിവസം പാൽകുടിക്കുന്നതിനു പകരമായി, പാലിൽനിന്നെടുത്തതായ നെയ്യ് ശാലിപർണ്ണി (=മൂവിലവേര്) പലാശം (=പ്ലാശിൻതൊലി) എന്നിവകൊണ്ടു സ്വർണ്ണപാത്രത്തിലോ വെള്ളിപ്പാത്രത്തിലോ കാച്ചി, അത് തണുത്തവെള്ളം അനുപാനമായി സേവിക്കണം. (നെയ് കാച്ചുന്നതു സ്നേഹപാകപരിഭാഷയനുസരിച്ചുതന്നെയാണ് വേണ്ടത്) മധുരരസമായും ശീതമായും ദ്രവപ്രായമായും സാത്മ്യമായുമുള്ള അന്നത്തെ ഭക്ഷിപ്പിക്കണം. എണ്ണതേക്കുകയും മെഴുക്കിളക്കുന്നതിന്നായി ഉദ്വർത്തനംചെയ്കയും അരുത്. കൂടാതെ ഗർഭത്തിന്നു ദോഷകരങ്ങളായി മുമ്പു പറയപ്പെട്ടവയെ (വ്യവായാദികളെ) വർജ്ജിക്കയും വേണം. ഇത് അഞ്ചാംമാസംവരെ വിശേഷിച്ചും വേണ്ടതാണ്. അത്രയുംകാലം ഗർഭം അസ്ഥിരയായിരിക്കുന്നതുകൊണ്ട് എളുപ്പത്തിൽ ഗർഭാപഘാതം ഭവിക്കും.

ദ്വിതീയേ മധുരൌഷധസിദ്ധം പയഃ പിബേൽ । തൃതീയേ തദേവ സർപ്പിർമ്മധുഭ്യാമ് । ചതുർത്ഥേക്ഷമാത്രനവനീതയുക്തമ് । പഞ്ചമേ ക്ഷീരസർപ്പിഃ । ഷഷ്ഠേ തദേവ മധുരൌഷധസിദ്ധമ് । സപ്തമേ ച । തസ്മിംസ്തു ഗർഭസ്യ കേശോൽപത്ത്യാ മാതുർവ്വിദാഹോ ഭവതീതി സ്ത്രിയോ ഭാഷന്തേ । നേതി ഭഗവാനാത്രേയഃ । ഗർഭോൽപീഡനാത്തു ദോഷാ ഹൃദയം പ്രാപ്യ വിദഹന്തി തതഃ കണ്ഡൂർജ്ജായതേ കണ്ഡ്വാ ച കിക്കിസമ് ॥

സാ—രണ്ടാംമാസത്തിൽ മധുരൌഷധ (മുന്തിരിങ്ങ, എരട്ടിമധുരം മുതലായവ) കൊണ്ടു കുറുക്കിയ പാൽ കുടിക്കണം. മൂന്നാംമാസത്തിൽ മധുരൌഷധസിദ്ധമായ പാൽതന്നെ നെയ്യും തേനുംചേർത്തു സേവിക്കണം. നാലാംമാസത്തിൽ ആ പാൽതന്നെ അക്ഷ (മുക്കഴഞ്ച്) പ്രമാണമായ വെണ്ണനെ ചേർത്തു സേവിക്കണം. അഞ്ചാമത്തെ മാസത്തിൽ ക്ഷീരസർപ്പിസ്സ് (=പാൽ കടഞ്ഞെടുത്ത നെയ്) സേവിക്കണം. ആറാമത്തെ

മാസത്തിൽ ആ ക്ഷീരസർപ്പിസ്സുതന്നെ മധുരൌഷധങ്ങളെക്കൊണ്ടു കാച്ചി സേവിക്കണം. ഏഴാംമാസത്തിലും അങ്ങിനെതന്നെ. ആ മാസത്തിൽ (ഏഴിൽ) ഗർഭത്തിന്നു കേശരോമമുണ്ടാകുന്നതുകൊണ്ടു് ഗർഭിണിക്കു വിദാഹം (=ഉൾച്ചുഴക്ക്) ഉണ്ടാകുമെന്നു സ്ത്രീകൾ പറയുന്നു. അങ്ങിനെയല്ലെന്ന് ഭഗവാൻ ആത്രേയമഹർഷിയും പറയുന്നു. ഗർഭത്താൽ ഉൽപീഡിതങ്ങളായ വാതാദിദോഷങ്ങൾ ആ മാസത്തിൽ ഗർഭിണിയുടെ ഹൃദയത്തിൽ ചെന്നു വശായിട്ടു് ഉൾചുഴക്കുണ്ടാക്കുകയാണെന്നും, അപ്പോൾ ചൊറിച്ചിൽ ഉണ്ടാകുമെന്നും, അതുനിമിത്തം കിക്കിസം ഭവിക്കുമെന്നുമാണ് ആത്രേയൻ പറയുന്നതു്. കിക്കിസം=രേഖാരൂപേണയുള്ള ത്വക്സങ്കോചം (തോലിന്നു വരവീണാലത്തെപ്പോലെ മാന്തൽ ഉണ്ടാവുക). ഇതു് മുല, വയറു്, ആസനം, തുട ഇവയിലാണുണ്ടാവുക.

തത്ര കോലോദകേന നവനീതസ്യ മധുരൌഷധസിദ്ധസ്യ പാണിതലമാത്രമസ്യൈ ദദ്യാൽ । ചന്ദനമൃണാളകല്കൈശ്ച സ്തനോദരം മൃദ്നീയാൽ । ശിരീഷധാതകീസർഷപമധുകചൂർണ്ണൈർവ്വാ । കുടജാർജ്ജകബീജമുസ്താഹരിദ്രാകല്കൈർവ്വാ । നിംബകോലസുരസമഞ്ജിഷ്ഠാകല്കൈർവ്വാ । ശശഹരിണപൃഷതരുധിരയുക്തയാ വാ ത്രിഫലയാ । കരവീരകരഞ്ജപത്രകല്കസിദ്ധേന ച തൈലേനാഭ്യംഗഃ । പരിഷേകഃ പുനർമ്മാലതീമധുകസിദ്ധേനാംഭസാ । കണ്ഡൂയനം വർജ്ജയേൽ । ത്വഗ്ഭേദവൈരൂപ്യപരിഹാരാർത്ഥം സ്നാനോദ്വർത്തനഞ്ച ശീലയേൽ । മധുരഞ്ചാഹാരമല്പമല്പസ്നേഹലവണമല്പോദകാനുപാനം യുഞ്ജീത ॥

സാ — മേൽപ്രകാരം ചൊറിച്ചിലും മാന്തലുമുണ്ടായാൽ ലന്തക്കുരു കഷായത്തിൽ മധുരൌഷധങ്ങൾ കല്ക്കംചേർത്തു കാച്ചിയ വെണ്ണനെയ്യ് ഒരു പാണിതലം (=കർഷം) സേവിപ്പിക്കണം. ചന്ദനം, താമരവളയം ഇവ അരച്ച കല്ക്കംകൊണ്ടു് മുലയിലും വയററത്തും പുരട്ടുകയും വേണം. ശിരീഷം (=വാകത്തൊലി), ധാതകീ (=താതിരിപ്പൂവ്), സർഷപം (=കടുക്), മധുകം (=എരട്ടിമധുരം) എന്നിവയുടെ പൊടികൊണ്ടു മേല്പറഞ്ഞ സ്ഥാനങ്ങളിൽ തിരുമ്മുകയോ, കുടജബീജം (=കുടകപ്പാലയരി), അർജ്ജകബീജം (=തുമ്പക്കുരു), മുസ്താ (=മുത്തങ്ങ), ഹരിദ്രാ (=മരമഞ്ഞത്തൊലി) ഇവ അരച്ച കല്ക്കംപുരട്ടി തിരുമ്മുകയോ ചെയ്യുകയുമാം. അല്ലെങ്കിൽ നിംബം (=വേപ്പിൻതൊലി), കോലം (=ലന്തക്കുരു), സുരസം (=തുളസി), മഞ്ജിഷ്ഠാ (=മഞ്ചട്ടിപ്പൊടി) ഇവ അരച്ചുപുരട്ടി തിരുമ്മുകയു

മാം. അല്ലെങ്കിൽ ത്രിഫലത്തൊണ്ട് മാനിന്റേയോ മുയലിന്റേയോ വൃഷതത്തിന്റേയോ (ഉഴമാനിന്റെ) രക്തത്തിലരച്ച് മേൽപ്പറഞ്ഞ സ്ഥാനങ്ങളിൽ പുരട്ടാം. കരവീരം (=കണവീരം) കരഞ്ജം (ഉങ്ങ്) ഇവയുടെ ഇല അരച്ചു കലക്കി കാച്ചിയ എണ്ണ തേക്കുകയും, മാലതി (പിച്ചകത്തില) മധുകം (എരട്ടിമധുരം) ഇവ ഇട്ടുവെച്ച വെള്ളംകൊണ്ട് കഴുകുകയും വേണം. ചൊറിയരുത്; മാന്തരുതെന്നർത്ഥം. അതു ചെയ്താൽ തൊക്കിന്നു ഭേദനവും വൈരൂപ്യവും വരും. കുളിക്കുകയും ഉദ്വർത്തനം ചെയ്കയും വേണം. അതില്ലെങ്കിലും ത്വഗ്ഭേദാദികൾ ഭവിക്കും. മധുരരസമായിട്ടുള്ള ആഹാരത്തെ അല്പമായും അല്പമായ മെഴുക്കും ഉപ്പുംചേർത്തും ഭക്ഷിക്കയും അനുപാനമായി അല്പം വെള്ളം കുടിക്കയും വേണം. ഇങ്ങിനെ ഏഴാംമാസത്തിലുണ്ടാകുന്ന കണ്ഡൂകിക്കിസങ്ങളുടെ ചികിത്സ പറയപ്പെട്ടു.

അഷ്ടമേ ക്ഷീരയവാഗൂം സർപ്പിഷ്മതീം പിബേൽ । നേതി ഖണ്ഡകാപ്യഃ । ഗർഭസ്യ പൈംഗല്യാബാധഭയാൽ । അസ്തു പൈംഗല്യാബാധാന്ത്വാരോഗ്യം കുർവ്വീത । നീരുജം ബലവർണ്ണസത്വസംഹനനസമ്പദുപേതം ജ്ഞാതീനാമഗ്ര്യഗണ്യമപത്യം ജനയതീതി ഭഗവാനാത്രേയഃ ॥

സാ—എട്ടാംമാസത്തിൽ നെയ്ചേർത്തതായ പാൽകഞ്ഞിയെ ഗർഭിണി പാനംചെയ്യണം. അത് അരുതെന്നും, അങ്ങിനെ ചെയ്താൽ ഗർഭത്തിന്നു പിംഗളവർണ്ണം ഭവിക്കുമെന്നും ഖണ്ഡകാപ്യൻ എന്ന ആചാര്യൻ പറയുന്നു. ഭഗവാൻ ആത്രേയമഹർഷിയാകട്ടെ പിംഗളവർണ്ണം വരുമെങ്കിൽ വരട്ടെ എന്നും, എന്നാലും നെയ്ചേർത്ത പാൽക്കഞ്ഞി കുടിക്കണമെന്നും പറയുന്നു. ഇതു സേവിച്ചാൽ ബലം വർണ്ണം സത്വം അവയവഘടന ഇവ നന്നായിട്ടുള്ളതും ജ്ഞാതികളിൽവെച്ച് ശ്രേഷ്ഠതയുള്ളതും ആയ സന്താനത്തെ പ്രസവിക്കുമെന്നാണ് ആത്രേയാഭിപ്രായം.

ബദരോദകേന പലലപയോദധിമസ്തുതൈലലവണഫലഘൃതമധുയുക്തേനാസ്ഥാപനം । പുരാണവിഡ്വിശുദ്ധ്യർത്ഥം മധുകാദിമധുരൌഷധസിദ്ധേന ച തൈലേനാനുവാസയേദനുലോമനായ വായോഃ । അനുലോമേ ഹി മാരുതേ സാ സുഖമനുപദ്രവാ പ്രസൂതേ ॥

സാ—ലന്തക്കുരു കഷായത്തിൽ മാംസം, പാൽ, തയിര്, തയിർവെള്ളം, എണ്ണ, ലവണം, ഫലം, നെയ്യ്, തേൻ എന്നിവചേർത്ത് ആ

ത്തുകൊണ്ട് കഷായവസ്തിയെ ചെയ്യണം. പുരാണമായ മലത്തെ ശോധിപ്പിക്കാനായിട്ടാണിത്. പിന്നെ എരട്ടിമധുരം മുതലായ മധുരൌഷധങ്ങളെക്കൊണ്ടു കാച്ചിയ എണ്ണകൊണ്ട് സ്നേഹവസ്തിയേയും ചെയ്യണം. അത് വായുവിന്റെ അനുലോമനത്തിന്നാകുന്നു. വായു അനുകൂലമായാൽ ഗർഭിണി ഉപദ്രവമൊന്നുംകൂടാതെ സുഖമായി പ്രസവിക്കും. വായുവിന്റെ ആനുലോമ്യമാണ് സുഖപ്രസവത്തിനു കാരണമെന്നും, ആ ആനുലോമ്യം പുരാണമലത്തിന്റെ ശോധനംകൊണ്ടാണു ഭവിക്കുക എന്നും സാരം.

ഗർഭിണീന്തു ന്യുബ്ജാമാസ്ഥാപയേദനുവാസയേച്ച । തഥാ
സ്യാം വിവൃതമാർഗ്ഗതയാ സമ്യഗൌഷധമനുപ്രവിശതി ॥

സാ—ഗർഭിണിയെ ആസ്ഥാപനവും അനുവാസനവും ചെയ്യേണ്ടത് ന്യുബ്ജയാക്കീട്ടുവേണം. ന്യുബ്ജാ=മുട്ടുകുത്തി അധോമുഖിയായി നിൽക്കുന്നവൾ. അങ്ങിനെയായാൽ വയറ് തൂങ്ങുന്നതുകൊണ്ട് വസ്തിമാർഗ്ഗം വിവൃതമായി ഭവിക്കുകയും, തന്നിമിത്തം ഔഷധം നല്ലവണ്ണം ഉള്ളിലേക്കു കടക്കുകയും ചെയ്യും. "അഷ്ടമേ ക്ഷീരയവാഗൂം" എന്നതുമുതൽ ഇതേവരെ പറഞ്ഞതെല്ലാം എട്ടാംമാസത്തിലെ വിധിയാകുന്നു.

തത ഊർദ്ധ്വം സ്നിഗ്ദ്ധാഭിർയ്യവാഗൂഭിർജ്ജാംഗലരസൈശ്ചോപ
ചരേദാ പ്രസവകാലാദിതി ഭഗവാൻ ധന്വന്തരിഃ ॥

സാ—എട്ടാം മാസത്തിന്നുശേഷം പ്രസവകാലംവരെ സ്നിഗ്ദ്ധതയുള്ള കഞ്ഞികൾ കൊടുത്തും ജാംഗലമാംസരസങ്ങളെ കൊടുത്തും ഗർഭിണിയെ ഉപചരിക്കേണമെന്ന് ഭഗവാൻ ധന്വന്തരി വിധിച്ചിരിക്കുന്നു. [ചരകനാകട്ടേ ജാംഗലമാംസരസത്തെ പറഞ്ഞിട്ടില്ല.]

നവമേ തു തത ഏവാനുവാസനതൈലാൽ പിചും യോനൌ
പ്രണയേൽ ഗർഭമാർഗ്ഗാശയയോഃ സ്നേഹനാർത്ഥമിതി । അനേന പ്ര
ഥമമാസാദാരഭ്യ ക്രമേണ ഗർഭിണ്യാഃ പ്രസവകാലേ ഗർഭധാരിണീ
കുക്ഷികടീപാർശ്വപൃഷ്ഠം മൃദു ഭവതി । വായുശ്ചാനുലോമസ്സംപദ്യതേ ।
മൂത്രപുരീഷഞ്ച പ്രകൃതിസ്ഥം ജരായുശ്ച മാർഗ്ഗം പ്രതിപദ്യതേ । പു
ത്രഞ്ചേഷ്ടം കല്യമായുഷ്മന്തം സുഖിനം സുഖേന കാലേ ബലവതീ
പ്രസൂതേ ॥

സാ—ഒമ്പതാം മാസത്തിൽ മേൽപറഞ്ഞ മധുരൌഷധസിദ്ധമായ അനുവാസനതൈലത്തിൽ ഒരു ശീലമുക്കി ആയതു യോനിയിൽ വെക്കണം. ഇങ്ങിനെ ചെയ്യുന്നതു ഗർഭാശയത്തിന്നും പ്രസൂതിമാർഗ്ഗത്തിന്നും

സ്ഥിരത പ്രാപിച്ചതായിട്ടാകുന്നു. ഇപ്രകാരം ഒന്നാം മാസംമുതൽക്ക ചെയ്യാൻപറഞ്ഞ ഉപചാരങ്ങളെല്ലാം ക്രമത്തിൽ ചെയ്തിരുന്നാൽ ഗർഭിണിയുടെ ഗർഭധാരിണി, കക്ഷി, കടിപ്രദേശം, പാർശ്വം, പൃഷ്ഠഭാഗം ഇവയെല്ലാം മൃദുവായി ഭവിക്കും, വായു അനുലോമമായി ഭവിക്കും. മൂത്രം മലം എന്നിവ സ്വാഭാവികനിലയിൽ വരികയും, ജരായു അതിന്റെ മാർഗ്ഗത്തെ പ്രാപിക്കയും ചെയ്യും. തനിക്കു പ്രിയപ്പെട്ടവനും ആരോഗ്യശാലിയും ദീർഘായുഷ്മാനും സുഖശീലനുമായ പുത്രനെ യഥാകാലം സുഖത്തോടുകൂടിയ പുത്രനെ ബലവതിയായ ഗർഭിണി പ്രസവിക്കുകയും ചെയ്യും.

**വില്വകാർപ്പാസീപർണ്ണാപാടലീപിചുമന്ദാഗ്നിമന്ഥമാംസീവർദ്ധമാനകപത്രഭംഗക്വാഥേന ശീതേന സർവ്വഗന്ധോദകേന വാ ഗർഭിണ്യാഃ പ്രത്യഹം സ്നാനമുപദിശേൽ ॥**

സാ—വില്വകാർപ്പാസ്യാദികളുടെ ഇലകൾ കഷായംവെച്ച് തണുപ്പിച്ച് ആ കഷായംകൊണ്ടോ എല്ലാ ഗന്ധദ്രവ്യങ്ങളുടേയും കഷായംകൊണ്ടോ ഗർഭിണി പ്രതിദിവസം സ്നാനംചെയ്യേണമെന്നുപദേശിക്കണം. വില്വം=കൂവളം. കാർപ്പാസീ=പരുത്തി. പർണ്ണാ=കിലുകിലുപ്പ. പാടലീ=പൂപ്പാതിരി. പിചുമന്ദം=വേപ്പ്. അഗ്നിമന്ഥം=മുഞ്ഞ. മാംസീ=മാഞ്ചി. വർദ്ധമാനകം=അവണക്ക്.

**പ്രാക്‌ചൈവാസ്യാ നവമാന്മാസാദപഹൃതാസ്ഥിശർക്കരാകപാലേ പ്രശസ്തേ ദേശേ വാസ്തുവിദ്യാപ്രശസ്തം സർവ്വർത്തുസുഖമുപഹൃതസർവ്വോപകരണം സന്നിഹിതജ്വലനം പ്രാഗ്ദ്വാരമുദഗ്ദ്വാരം വാ സൂതികാഗാരം കാരയേൽ ॥**

സാ—ഒമ്പതാംമാസത്തിനു മുമ്പുതന്നെ നല്ലതായ ഒരു സ്ഥലത്ത് അവിടെയുള്ള അസ്ഥികളും കല്ലുകളും മണ്ണിൻകട്ടകളും പെറുക്കിക്കളഞ്ഞ് വാസ്തുവിദ്യ (തച്ചുശാസ്ത്രം) പ്രകാരം ഉത്തമവും എല്ലാ ഋതുക്കളിലും പാർക്കുവാൻ സുഖകരവും ആവശ്യമുള്ള സർവ്വോപകരണങ്ങളും തയ്യാറുള്ളതും അടുത്തുതന്നെ അഗ്നിയോടുകൂടിയതും കിഴക്കോട്ടോ വടക്കോട്ടോ ദ്വാരമുള്ളതുമായ സൂതികാഗാര (പ്രസവഗൃഹം)ത്തെ ഉണ്ടാക്കിക്കണം.

**തത്രാനുകൂലേഷു നക്ഷത്രാദിഷു പുണ്യാഹശബ്ദേന ഗോബ്രാഹ്മണവൃദ്ധാൻ നതപാ വർത്തമാനാ പ്രദക്ഷിണം പ്രവിശ്യ ബഹുശഃ പ്രസൂതാഭിരനുരക്താഭിരവിഷാദാഭിഃ ക്ലേശക്ഷമാഭിഃ പരിവൃതാ സ്വസ്ഥ്യ പ്രയതപരാനുലോമമന്നൈരാഹാരാചാരൈരനുലോമിതവാ**

തമൂത്രപുരീഷാ പ്രസവകാലമുദീക്ഷത । സചാല്പപി ച വിണ്മൂത്രവിബന്ധേ ഫലവർത്തീഃ പ്രണിദധ്യാൽ ॥

സാ—മേല്പറഞ്ഞ പ്രകാരം ഉണ്ടാക്കപ്പെട്ട സൂതികാഗൃഹത്തിൽ, ശുഭകരങ്ങളായി നക്ഷത്രാദികൾ സ്ഥിതിചെയ്യുമ്പോൾ, ഗർഭിണി പുണ്യാഹശബ്ദത്തോടുകൂടി ഗോക്കളേയും ബ്രാഹ്മണരേയും വൃദ്ധന്മാരേയും നമസ്കരിച്ച് അനുവർത്തിക്കുന്നവളായി, പ്രദക്ഷിണമാകുംവണ്ണം പ്രവേശിച്ചിട്ട്, അനേകം പ്രാവശ്യം പ്രസവിച്ചിട്ടുള്ളവരും തന്നിൽ സ്നേഹമുള്ളവരും വിഷാദമില്ലാത്തവരും ക്ലേശം സഹിപ്പാൻ ശക്തിയുള്ളവരുമായ സ്ത്രീകളാൽ പരിവൃതയായി, സ്വസ്ത്യയനപരയായി, വാതമൂത്രമലങ്ങളെ അനുലോമമാക്കിത്തീർക്കുന്ന ആഹാരവിഹാരങ്ങളെക്കൊണ്ട് അവയെ അനുലോമങ്ങളാക്കിച്ചെയ്തിട്ട്, പ്രസവസമയത്തെ പ്രതീക്ഷിച്ചുംകൊണ്ടിരിക്കണം. മലമൂത്രങ്ങൾക്ക് സ്വല്പമായ ബന്ധം കണ്ടാലും അപ്പോൾ ഫലവർത്തികളെ പ്രയോഗിച്ച് അതു ശരിയാക്കണം.

തത്രാസന്നപ്രസവായാഃ ക്ലമോ ഗ്ലാനിർമുക്തബന്ധനേ ഇവാക്ഷിണീ നിഷ്പീഡിതം മൂത്രപുരീഷബാഹുല്യം ശിഥിലകക്ഷിതാധോഗുരുതാ ചാന്നാനഭിലാഷോ വേദനോദരഹൃദയകടീവസ്തിവംക്ഷണേഷു തോദഭേദശൂലസ്യന്ദനസ്രവണാനി ച യോന്യാം ഭവന്തി । തദനന്തരമാവീനാം പ്രാദുർഭാവോ ഗർഭോദകപ്രവാഹശ്ച ॥

സാ—സൂതികാഗൃഹത്തിൽ പാർക്കുന്ന ഗർഭിണിക്കു പ്രസവമടുത്താലുള്ള ലക്ഷണം താഴെ പറയുന്നവയാകുന്നു:—ഇന്ദ്രിയങ്ങൾക്കും ദേഹത്തിന്നും തളർച്ചയുണ്ടാകും. കണ്ണുകൾ അയഞ്ഞതുപോലെ ഭവിക്കും. ക്ഷീണം ഉണ്ടാകും. മലമൂത്രങ്ങൾ അധികമായി ഭവിക്കും. വയറ് അയഞ്ഞിരിക്കുകയും അധോഭാഗത്തിങ്കൽ കനം ഉണ്ടാകയും അന്നത്തിങ്കൽ ആഗ്രഹമില്ലായ്മയും ഭവിക്കും. വയറ്, നെഞ്ഞ്, കടിപ്രദേശം, മൂത്രാശയം, ഒടികൾ ഇവയിൽ വേദനയും യോനിയിൽ കുത്തിനോവും പിളർന്നനോവും വേദനയും എളുക്കവും സ്രവണവും ഉണ്ടാകും. ഇതുയുമായാൽ ആവികൾ (പ്രസവവേദന, ഈററ്നോവ്) തുടങ്ങും. പിന്നെ ഗർഭോദകം പ്രവഹിക്കും. ഗർഭോദകം=മന്നൂക്കുടം.

അഥൈനാമുപസ്ഥിതഗർഭാം കൃതകൌതുകമംഗളാം പുന്നാമഫലഹസ്താം സ്വഭ്യക്താമുഷ്ണോദകപരിഷിക്താം സംല്പേതാം യവാഗൂം പായയേൽ । തതഃ സുരക്ഷിതായാം ചർമ്മപ്രച്ഛദേ മൃദുനി ഭൂമിശയനേ ശയാനാമുത്താനാമാഭുഗ്നസക്ഥിപൃഷ്ഠാമഹതവാസസാ സാശംകനീയാഃ

പ്രിയദർശനാഃ പരിണതവയസഃ പ്രജനനകുശലാഃ പ്രഗൽഭാഃ കൃത്തനഖാഃ സ്ത്രിയസ്സൂതികാം സൂനൃതാഭിർവ്വാണീഭിരാശ്വാസയന്ത്യഃ പര്യുപാസീരൻ ॥

സാ—ഇപ്രകാരം പ്രസവം അടുത്തവളായ ഗർഭിണിക്ക് കയ്യിന്മേൽ രക്ഷാസൂത്രത്തെ ബന്ധിക്കയും, താളിമാതളക്കായ മുതലായിട്ടുള്ള പുന്നാമഫലം കയ്യിൽ പിടിപ്പിക്കയും ചെയ്തിട്ട് നല്ലവണ്ണം എണ്ണതേപ്പിച്ച് കാച്ചുവെള്ളത്തിൽ കുളിപ്പിക്കുകയും പിന്നെ നെയ്‌ചേർത്തതായ ചുടുകഞ്ഞി കുടിപ്പിക്കയും വേണം. പിന്നെ നല്ല ചുവപ്പുള്ള കാളത്തോൽ വിരിച്ചതും മൃദുത്വമുള്ളതും ആയ ഭൂമിശയനത്തിങ്കൽ മലർത്തി രണ്ടു തുടകളും മടക്കിയും പൃഷ്ഠം കുറഞ്ഞൊന്നു വളഞ്ഞും വരുമാറ് കിടത്തി, നല്ല വസ്ത്രം ധരിച്ചവരും വിശ്വസ്തമാരും കണ്ടാൽ ഭംഗിയുള്ളവരും വയസ്സുചെന്നവരും പ്രസവിപ്പിക്കുന്നതിൽ സാമർത്ഥ്യമുള്ളവരും പ്രഗൽഭമാരും നഖം മുറിച്ചവരുമായ സ്ത്രീകൾ ഗർഭിണിയെ പ്രിയങ്ങളായ വാക്കുകളാൽ ആശ്വസിപ്പിച്ചുംകൊണ്ട് ശുശ്രൂഷിക്കണം.

അഥാസ്യൈ ദദ്യാൽ കുഷ്ഠൈലാലാംഗലീവചാചവ്യചിത്രകചിരിവില്വചൂർണ്ണമുപാഘ്രാതും മുഹുർമ്മുഹുഃ । തഥാ ഭൂർജ്ജപത്രശിംശപാസർജ്ജരസാന്യതമധൂമമന്തരാന്തരാ ച । പാർശ്വപൃഷ്ഠകടീസക്ഥിദേശാൻ കോഷ്ണേന തൈലേനാഭ്യജ്യാനുസുഖമസ്യാ മൃദ്നീയാൽ ॥

സാ—അനന്തരം കുഷ്ഠം (കൊട്ടം) ഏലാ (ഏലത്തരി) ലാംഗലീ (മേത്തോന്നിക്കിഴങ്ങ്) വചാ (വയമ്പ്) ചവ്യം (കാട്ടുമുളകിൻവേര്) ചിത്രകം (കൊടുവേലിക്കിഴങ്ങ്) ചിരിവില്വം (ആവൽതൊലി) ഇവയുടെ പൊടി ഗർഭിണിക്ക് പിന്നെയും പിന്നെയും നാറുവാൻ കൊടുക്കണം. അപ്രകാരംതന്നെ ഭൂർജ്ജപത്രം (പേരുമരത്തിന്നില) ശിംശപാ (ഇരുമുള്ളിൻതൊലി) സർജ്ജരസം (ചെഞ്ചല്യം) ഇവയിൽ ഒന്നിന്റെ പുക വലിപ്പിക്കുകയും വേണം. വാരികളിലും പുറത്തും അരക്കെട്ടിലും തുടകളിലും ചൂടുള്ള എണ്ണപുരട്ടി സുഖംപോലെ ഉഴിയുകയും വേണം.

ഏവമവാക് പരിവർത്തതേ ഗർഭഃ । തസ്യ ലക്ഷണം—വിമുച്യ ഹൃദയമുദരമാവിശതി । വസ്തിശിരോവഗൃഹ്ണാതി । ത്വരയന്ത്യേനമാവ്യഃ । ന ചേദേവം പരിവർത്തതേ തതോ മുഹുർമ്മുഹുർജ്ജൃംഭണം ചംക്രമണഞ്ച കാരയിതവ്യാനന്തരോക്തം വിധിമ് ॥

സാ—ഇങ്ങിനെ ചുടുകഞ്ഞികുടിക്കൽ മുതലായി പറയപ്പെട്ടവയെ ചെയ്താൽ ഗർഭം അധോമുഖമായി വരും. അധോമുഖമായി വന്നാലും

ള്ള ലക്ഷണം എന്തെന്നാൽ—ഗർഭം മാതാവിന്റെ ഹൃദയത്തെ വിട്ട് ഉദരത്തെ പ്രാപിക്കും. വസ്തിശിരസ്സ് എന്നു പറയുന്ന നാഭ്യധസ്ഥാനത്തിൽ പിടിക്കും. നോവുകൾ വേഗം വേഗം ഉണ്ടാകയും ചെയ്യും. ഈ ലക്ഷണങ്ങളുണ്ടായാൽ ഗർഭം അധോമുഖമായി തിരിഞ്ഞു എന്നറിയണം. ഈ ലക്ഷണം കാണാത്തപക്ഷം ഗർഭിണിയെ കോട്ടുവായിടുവിക്കുകയും വേഗത്തിൽ നടത്തിക്കുകയും മുമ്പറഞ്ഞ പുകവലിക്കുക മുതലായവയെ ചെയ്യിക്കയും വേണം. എന്നാൽ ഗർഭം ചുമട്ടിലേക്കു വരും.

അന്യേ തു മുസലേനോലൂഖലം ധാന്യപൂർണ്ണമാഹനനീയമിത്യാഹുഃ । തത്തു ന സമ്യക് । ദാരുണവ്യായാമവർജ്ജനം ഹി ഗർഭിണ്യാസ്സതതമുപദിശ്യതേ । വിശേഷതശ്ച പ്രസവകാലേ പ്രചലിതസർവ്വധാതുദോഷായാഃ സൌകുമാര്യ്യത്വാന്നാര്യാ മുസലവ്യായാമേനേരിതോ വായുരന്തരം ലബ്ധ്വാ പ്രാണാൻ ഹിംസ്യാദിതി ॥

സാ—ഗർഭം ചുമട്ടിലേക്കുവരാതെ തടസ്ഥമുള്ളതായിക്കണ്ടാൽ ഉരലിൽധാന്യംനിറച്ച് ഗർഭിണിയെക്കൊണ്ടു് ഉലക്കയെടുത്ത് ഇടിപ്പിക്കേണമെന്ന് മററു ചില ആചാര്യന്മാർ പറയുന്നു. അതു ശരിയല്ല (ആത്രേയാദികളുടെ മതത്തിൽ ശരിയല്ലെന്നർത്ഥം) എന്തുകൊണ്ടെന്നാൽ—ദാരുണങ്ങളായ വ്യായാമങ്ങൾ ഗർഭിണി ഒരിക്കലും ചെയ്യരുതെന്നുപദേശിക്കപ്പെടുന്നുണ്ട്. വിശേഷിച്ചും പ്രസവകാലത്തിങ്കൽ ഗർഭിണിയുടെ സർവ്വധാതുക്കളും ദോഷങ്ങളും എളകിയിരിക്കുന്നതുകൊണ്ടും സ്ത്രീ സുകുമാരയായിരിക്കുന്നതുകൊണ്ടും ആ സമയത്ത് ഉലക്കകൊണ്ടു വ്യായാമം ചെയ്താൽ വായു എളകിവശായി കോപിച്ച് ഹൃദയത്തിൽ കടന്നു ഗർഭിണിയുടെ പ്രാണനെ കളയും. ആകയാൽ ഉരലിൽ ഇടിപ്പിക്കരുതെന്നും, മററുള്ള വിധികളെ ചെയ്യുയേ പാടുള്ളൂ എന്നും സാരം.

അഥ പരിവൃത്തഗർഭാം പര്യങ്കമേനാമാരോപ്യ കുശലാ സ്ത്രീ പാദതോസ്യാ നിഷണ്ണായാ യോനിമനുലോമമനുസുഖമഭ്യജ്യ സ്ഫിജൌ പാദാഭ്യാം പീഡയേൽ । യോനിഞ്ച പുനഃ പുനഃ പ്രസാധയേൽ । ബ്രൂയാച്ച സുഭഗേ ശനൈശ്ശനൈഃ പ്രവാഹയസ്വ സുപ്രസന്നാസ്യ മുഖവർണ്ണഃ പുത്രം ജനയിഷ്യതീതി ॥

സാ—പിന്നെ ഗർഭം അധോമുഖമായി ഭവിച്ചുകണ്ടാൽ ഗർഭിണിയെ കട്ടിലിന്മേൽ കയററി കാൽ കുത്തിയിരുത്തിയിട്ട് സമർത്ഥയായ ഒരു സ്ത്രീ അവളുടെ യോനിയിൽ എണ്ണപുരട്ടി അനുലോമമായും സുഖമായും ഉഴിയുകയും ആസനങ്ങളിൽ കാലുകളെക്കൊണ്ട് പീഡനംചെയ്യുകയും

യോനിയെ വീണ്ടും വീണ്ടും തടവുകയും വേണം. "ഹേ സുഭഗേ! പത്തുക്കെപ്പത്തുക്കെ മുക്കുക. നിന്റെ മുഖത്തിന്നു നല്ല തെളിവുണ്ടു്. നീ പുത്രനെ പ്രസവിക്കും" എന്നു പറഞ്ഞു് അവളെ ആശ്വാസിപ്പിക്കയും വേണം.

അന്യാ തു വാമകർണ്ണേഽസ്യാ മന്ത്രമിമം ജപേൽ—
"ക്ഷിതിർജ്ജലം വിയത്തേജോ വായുർവ്വിഷ്ണുഃ പ്രജാപതിഃ
സഗർഭാം ത്വാം സദാ പാന്തു വൈശല്യം വാ ദധതാം പി
പ്രസൂഷ്വ ത്വമവിക്ലിഷ്ടമവിക്ലിഷ്ടാ ശുഭാനനേ
കാർത്തികേയദ്യുതിം പുത്രം കാർത്തികേയാഭിരക്ഷിതം"
ഇതി । തഥാ—
"ഇഹാമൃതഞ്ച സോമശ്ച ചിത്രഭാനുശ്ച ഭാമിനി!
ഉച്ചൈഃശ്രവാശ്ച തുരഗോ മന്ദിരേ നിവസന്തു തേ
ഇദമമൃതമപാം സമുദ്ധൃതം വൈ
തവ ലഘുഗർഭമിമം പ്രമുഞ്ചതു സ്ത്രീ
തദനലപവനാർക്കവാസവാസ്തേ
സഹലവണാംബുധരൈർദ്ദിശന്തു ശാന്തിം"
ഇതി ॥

സാ—മറെറാരു സ്ത്രീ ഗർഭിണിയുടെ ഏടത്തെ ചെവിയിൽ "ക്ഷിതിർജ്ജലം" ഇത്യാദിയായ രണ്ടു ശ്ലോകംകൊണ്ടും "ഇഹാമൃതം" ഇത്യാദിയായ രണ്ടു ശ്ലോകംകൊണ്ടും പറയപ്പെട്ട മന്ത്രത്തെ ജപിക്കുകയും വേണം. മന്ത്രാർത്ഥം ഊഹ്യമാകുന്നു.

തഥാ പരാനുശിഷ്യാൽ— "അനാഗതായാം വേദനായാം മാ പ്രവാഹിഷ്ഠാഃ । അകാലപ്രവാഹണം ഹി വിണ്മൂത്രാദിവേഗാനാമിവോദീരണമനർത്ഥകരമഹിതഞ്ച ഗർഭസ്യ ശ്വാസകാസശോഷകുബ്ജതാദികാരിത്വാൽ । തഥാ തേഷാമേവ വിധാരണമിവ വേദനായാമപ്രവാഹണമുപഘാതായ । തഥാ യഥോക്തം കുരുഷ്വ । ശനൈശ്ശനൈശ്ച പൂർവ്വം പ്രവാഹിഷ്ഠാഃ । നിർഗ്ഗമേ ബാഢം ഗർഭസ്യ യോനിമുഖപ്രതിപത്തൗ ബാഢതരമാ പ്രസവാൽ" ഇതി । തസ്യാം തു പ്രവാഹമാനായാം സ്ത്രിയഃ ശബ്ദം കുർയ്യുഃ പ്രജാതാ പ്രജാതാ ധന്യം ധന്യം പുത്രമിതി । തഥാസ്യാ ഹർഷേണ പ്രാണാ ആപ്യായന്തേ ॥

സാ—അപ്രകാരംതന്നെ വേറെ ഒരു സ്ത്രീ ഗർഭിണിയോടു് ഇങ്ങി

നെ ഉപദേശിക്കയും വേണം. "ഭദ്രേ! വേദന വരാതിരിക്കുന്ന സമയത്ത് മുക്കി പുറപ്പെടുവിക്കരുത്. അകാലത്തിങ്കൽ പ്രവാഹണം (മുക്കൽ) ചെയ്യുന്നത് മലമൂത്രാദിവേഗങ്ങളെ മുക്കിപ്പുറപ്പെടുവിക്കുന്നതുപോലെ അനൎത്ഥത്തെ ഉണ്ടാക്കുന്നതും ഗൎഭത്തിന്ന് അഹിതമായിട്ടുള്ളതുമാണ്. അങ്ങിനെ ചെയ്താൽ ഗൎഭസ്ഥശിശുവിനു ശ്വാസം, ചുമ, മെലിച്ചിൽ, കൂന് മുതലായവയെ ഉണ്ടാക്കും. അപ്രകാരംതന്നെ വേദന വരുമ്പോൾ മുക്കാതിരിക്കുന്നതും, മലമൂത്രാദികളെ പിടിച്ചു നിറുത്തുന്നതുപോലെ, ഗൎഭത്തിനു കേടുവരുത്തും. ആകയാൽ വേദന തോന്നുമ്പോളൊക്കയും പ്രവാഹണം ചെയ്യണം. എന്നതന്നെയല്ല, ആദ്യമാദ്യം പതുക്കെയേ മുക്കാവൂ. ഗൎഭം പുറത്തേക്കു നിൎഗ്ഗമിക്കുന്ന സമയത്ത് ഉറക്കെയും, യോനിദ്വാരത്തിലേക്കെത്തുമ്പോൾ അധികം ഉറക്കേയും മുക്കണം. യോനിദ്വാരത്തിലെത്തിയാൽ പിന്നെ പ്രസവിക്കുന്നതുവരെ ഉറക്കെ മുക്കണം" ഇങ്ങിനെ ഉപദേശിച്ചതിന്നുശേഷം ഗൎഭിണി മുക്കിത്തുടങ്ങിയാൽ "ഇതാ പെററു പെററു, നല്ലനല്ല പുത്രനെ പെററു" എന്നിങ്ങിനെ സ്ത്രീകൾ ശബ്ദിക്കണം. അങ്ങിനെ ചെയ്താൽ പുത്രോൽപത്തികൊണ്ടുള്ള ഹൎഷംകൊണ്ട് അവളുടെ പ്രസവക്ലേശപൎയ്യാകുലമായ പ്രാണൻ തൎപ്പണം ചെയ്യപ്പെടും.

അനന്തരം ഗൎഭസംഗത്തെപ്പററി പറയുന്നു—

**ഗൎഭസംഗേ തു യോനിം ധൂപയേൽ കൃഷ്ണസൎപ്പനിൎമ്മോകേന പിണ്ഡീതകേന വാ । ബദ്ധ്നീയാച്ച ഹിരണ്യപുഷ്പീമൂലം ഹസ്തപാദേ ധാരയേച്ച സുവൎച്ചലാം വിശല്യാം വാ ॥**

സാ—ഗൎഭത്തിന്നു തടവുണ്ടായാൽ കൃഷ്ണസൎപ്പനിൎമ്മോകം (കൃഷ്ണസൎപ്പത്തിന്റെ വള്) തിയ്യിലിട്ടു പുകച്ച് ആ പുക യോനിയിൽ ഏല്പിക്കണം. അല്ലെങ്കിൽ പിണ്ഡീതകം (മലംകാരക്ക) കത്തിച്ചിട്ടുള്ള പുകയും യോനിയിൽ ഏല്പിക്കാം. ഹിരണ്യപുഷ്പീമൂലം (നിലപ്പനക്കിഴങ്ങ്) കയ്യിന്മേലും കാലിന്മേലും കെട്ടുകയും, സുവൎച്ചലയോ വിശല്യ (മേത്തോന്നിക്കിഴങ്ങ്)യോ ഒന്ന് ശരീരത്തിങ്കൽ ധരിക്കുകയും വേണം. എന്നാൽ പ്രസവിക്കും.

**അഥ പ്രസൂതായാ ന ചേദപരം പതതി തതോ ദക്ഷിണേന പാണിനാ നാഭേരുപരിഷ്ടാൽ ബലവദുപപീഡ്യ അന്യേന പൃഷ്ഠത ഉപസംഗൃഹ്യ വിധുനുയാൽ ॥**

സാ—ഗൎഭിണി പ്രസവിച്ചതിന്നുശേഷം അപര (മറുപിള്ള) വീഴാ

തെ തടഞ്ഞുനില്ക്കുന്നതായാൽ വലത്തെ കൈകൊണ്ടു് സ്ത്രീയുടെ പൊക്കിളിന്നുമീതെ അമൎത്തുപിടിച്ചു് മറെറ കൈകൊണ്ടു് പൃഷ്ഠത്തിലും പിടിച്ചു് കുടയുക. ഇതു് മറുപിള്ള വീഴുവാൻ നല്ലതാകുന്നു.

പാൎഷ്ണ്യാ വാ ശ്രോണീമാകോടയേൽ । സ്ഫിഗേജൗ വോപസംഗൃഹ്യ സുപീഡിതം നിപീഡയേൽ । വേണ്യാംഗുല്യാ വാ കേശവേഷ്ടിതയാ ച കണ്ഠതാലു പരാമൃശേൽ ॥

സാ—അപ്രകാരംതന്നെ ശ്രോണിയിങ്കൽ മടമ്പുകൊണ്ടു് ആകോടനംചെയ്ക (ശക്തിയായി അമൎത്തുക) യും നല്ലതാണു്. ആസനങ്ങളിൽ മടമ്പുതട്ടിച്ചു് അമൎക്കുകയുമാകാം. തലനാരുകൊണ്ടോ വിരലിന്മേൽ തലമുടി മടഞ്ഞു് അതുകൊണ്ടോ തൊണ്ടയിലും അണ്ണാക്കിലും സ്പൎശിക്കുന്നതും നല്ലതാണു്.

ഭൂൎജ്ജപത്രകാചമണിസൎപ്പനിൎമ്മോകൈൎവാ യോനിം ധൂപയേൽ । ഭൂൎജ്ജഗുൽഗുലുഭ്യാം വാ । ശാലിമൂലസിദ്ധേന വാ സൎപ്പിഷാ യോനിമഭ്യജ്യ കടുകാലാബുജാലിനീനിംബസൎപ്പനിൎമ്മോകൈൎദ്ധൂപയേൽ । അഥവാ കടുതൈലമിശ്രൈഃ കല്കീകൃതൈൎവ്വാ തൈലാക്തൈരാലിംപേൽ । ഗുഡനാഗരകല്ക്കേന വാ । തദേവ വാ ഭക്ഷയേൽ । ലാംഗലീമൂലകല്ക്കേന വാ പാണിമുദരം ചാലിമ്പേൽ । മഹാവൃക്ഷക്ഷീരം വാ മൂൎദ്ധ്നി നിഷേചയേൽ ॥

സാ—ഭൂൎജ്ജപത്രം (പേരമരത്തില), കാചമണി, സൎപ്പനിൎമ്മോകം (പാമ്പിൻവള്ള) എന്നിവയുടെ പുക യോനിയിൽ ഏല്പിക്കുക. ഭൂൎജ്ജപത്രം, ഗുൽഗുലു എന്നിവകൊണ്ടു പുകയേല്പിക്കുന്നതും നന്നു്. ശാലിമൂലം (ചെന്നെല്ലിൻവേരു്) കൊണ്ടു കാച്ചിയ നെയ്യ് യോനിയിൽ പുരട്ടി കടുകാ (കടുകരോഹിണി) അലാബു (ചുരങ്ങ) ജാലിനീ (പുട്ടൽപീരം) നിംബം (വേപ്പിൻതൊലി) സൎപ്പനിൎമ്മോകം (പാമ്പിൻവള്ള) എന്നിവകൊണ്ടു പുകയ്ക്കുക. നെയ്പുരട്ടാതെ ഈ ഔഷധങ്ങൾ പൊടിച്ചു കടുതൈലത്തിൽ ചേൎത്തുകൊണ്ടോ, അല്ലെങ്കിൽ ഇവ അരച്ചു് എണ്ണയിൽ ചാലിച്ചതുകൊണ്ടോ പുരട്ടുകയുമാം. അതുമല്ലെങ്കിൽ ഗുഡം (ശൎക്കര) നാഗരം (ചുക്കു്) ഇവ വെള്ളത്തിലരച്ചു അതു പുരട്ടുകയുമാം. അതുതന്നെ തിന്നുന്നതും നന്നു്. ലാംഗലീമൂലം (മേത്തോന്നിക്കിഴങ്ങു്) അരച്ചു് അതു കൊണ്ടു് കയ്യിലും വയററത്തും പുരട്ടുന്നതും നന്നു്. മഹാവൃക്ഷക്ഷീരം (കള്ളിപ്പാൽ) നിറുകയിലിടുന്നതും നല്ലതാണു്.

കുഷ്ഠതാലീസകല്കം വിലംബൽബജയൂഷമൈരേയാസവസു

സുരാമണ്ഡാന്യതമേന വ്യോഷതീക്ഷ്ണോഷ്ണേന വാഽമ്ലേന കുലത്ഥരസേന മധൂകപിപ്പലീസമ്പാകേന വാ പായയേൽ । പിപ്പല്യേലാകോലവിള്ളമാദ്യചിത്രകോപകുഞ്ചികാകല്ക്കം വാ । ഖരസ്യ വൃഷഭസ്യ വാ ജീവതോ ദക്ഷിണം കർണ്ണമുദ്ധൃത്യ വില്വകുലത്ഥബൽബജയൂഷാദീനാമാപ്ലാവനാനാമന്യതമേ പ്രക്ഷിപ്യ മുഹൂർത്തസ്ഥിതമുദ്ധൃത്യ തദാപ്ലാവനം പായയേൽ ॥

സാ—കുഷ്ഠം (കൊട്ടം) താലീസം (താലീസപത്രം) ഇവ സമം അരച്ച് വില്വയൂഷം (കൂവളകഷായം) ബൽബജയൂഷം (ബൽബജമെന്ന തൃണത്തിന്റെ കഷായം) മൈരേയമദ്യം ആസവമദ്യം സുരാമണ്ഡം ഇവയിലൊന്നിൽ കലക്കി സേവിപ്പിക്കണം. അല്ലെങ്കിൽ വ്യോഷം (ചുക്ക് മുളക് തിപ്പലി ഇവ) പൊടിച്ചിട്ടു തീക്ഷ്ണതയും ഉഷ്ണവീര്യവും വരുത്തിയ, അമ്ല (കാടി മുതലായതു) ത്തിലോ അമ്ലരസമായ കുലത്ഥരസ (മുതിരച്ചാറ്) ത്തിലോ മധൂകം (ഇരിപ്പ) തിപ്പലി ഇവയുടെ സമ്പാകത്തിലോ ചേർത്തും മേല്പറഞ്ഞ കുഷ്ഠതാലീസകല്ക്കത്തെ സേവിപ്പിക്കാം. അതുപോലെതന്നെ തിപ്പലി ഏലത്തരി ലവംഗതു വിളയുപ്പ് കാട്ടുമുളകിൻവേര് കൊടുവേലിക്കിഴങ്ങ് പെരിഞ്ചീരകം എന്നിവ അരച്ചകല്ക്കം മേല്പറഞ്ഞ വില്വയൂഷാദികളിൽ ഒന്നിൽ സേവിപ്പിക്കുകയുമാകാം. ജീവനുള്ള കഴുതയുടേയോ കാളയുടേയോ വലത്തെ ചെവി അറിഞ്ഞെടുത്ത് കൂവളം, ബൽബജപ്പുല്ല്, മുതിര ഇവയുടെ കഷായം തുടങ്ങി മേൽ പറയപ്പെട്ട ഒരു ആപ്ലാവന (ദ്രവ) ത്തിൽ ഇട്ട് ഒരു മുഹൂർത്തം കഴിഞ്ഞാൽ എടുത്തു മാററി ആ ദ്രവം സേവിപ്പിക്കുക.

കുഷ്ഠൈലാകല്ക്കം വാ സുരയാ । അർക്കാളർക്കകഷായം വാ പ്രജാതം സുരോന്മിശ്രമ് । കുഷ്ഠലാംഗലികീമൂലകല്ക്കം വാ മദ്യമൂത്രാന്യതമേന । വത്സകാദിചൂർണ്ണം വാ മദ്യേന । ശതപുഷ്പാകുഷ്ഠമദനഹിംഗുസിദ്ധസ്യ വാ തൈലസ്യ പിചും ഗ്രാഹയേൽ । തതൈശ്ച നാമനുവാസനകല്കേനവാസയേൽ ॥

സാ—കുഷ്ഠം (കൊട്ടം) ഏലാ (ഏലത്തരി) ഇവ അരച്ച് സുരാമദ്യത്തിൽ കലക്കി കുടിപ്പിക്കാം. അർക്കം (എരുക്ക്) അളർക്കം (വെള്ളെരുക്ക്) ഇവ കഷായവും പ്രജാതമാക്കി (അതായതു പ്രകൃതിദേഹാദ്യനുസാരേണയുള്ള മാത്രയോടുകൂടിയതാക്കി) ഇവ സുരാമദ്യവും ചേർത്തു സേവിപ്പിക്കാം. അല്ലെങ്കിൽ കൊട്ടം, ലാംഗലീമൂലം (മേത്തോന്നിക്കിഴങ്ങ) ഇവ അരച്ചു ഏതെങ്കിലും ഒരു മദ്യത്തിലോ ഗവാദികളിൽ ഒന്നിന്റെ മൂത്രത്തിലോ ക

ലക്കി കുടിപ്പിക്കാം. വത്സകാദിഗണത്തിലെ മരുന്നുകൾ പൊടിച്ച് മദ്യത്തിൽ സേവിപ്പിക്കാം. ശതപുഷ്പാ (ശതകുപ്പ) കുഷ്ഠം (കൊട്ടം) മദനം (മലംകാരക്ക) ഹിംഗു (കായം) ഇവകൊണ്ടു എണ്ണകാച്ചി ആയതിൽ മുക്കിയതായ ഒരു ശീല അവളുടെ യോനിയിൽ ധരിപ്പിക്കണം. സ്നേഹവസ്തി ചെയ്യത്തക്ക സമയമാണെങ്കിൽ അതും ചെയ്യണം. സ്നേഹവസ്തിയും മേൽപ്പറഞ്ഞ എണ്ണകൊണ്ടുതന്നെ ചെയ്യേണ്ടത്.

വിലംബബില്വജയൂഷാദ്യൈരാപ്ലാവയേന്മധു ഫലജീമൂതകേക്ഷ്വാകുധാമാർഗ്ഗവകുടജാർക്കകൃതവേധനഹസ്തിപർണ്ണ്യഭീരുഫലിതൈരലം- സ്ഥാപയേൽ । സിദ്ധാർത്ഥകകുഷ്ഠലാംഗലികീമഹാവൃക്ഷക്ഷീരമിശ്രേണ വാ സുരാമണ്ഡേന । ശാല്മലീവൃന്താനി വാ സ്വിന്നാന്യാമത്ഥ്യ പഞ്ചമൂലകഷായേ വിമർദ്ദയേൽ । തേന ച പൂതേന സ്നേഹവതാ ഫലാദിയുക്തേന ॥

സാ—മുമ്പറഞ്ഞ വിലംബബില്വജയൂഷാദികളായ ആപ്ലാവനങ്ങളിൽ ഫലം (മലങ്കാരക്ക) ജീമൂതകം (പേച്ചുര) ഇക്ഷ്വാകു (പീരം) ധാമാർഗ്ഗവം (കടലാടി) കുടജം (കുടകപ്പാല) അർക്കം (എരുക്ക്) കൃതവേധനം (തുളക്കാപ്പീരം) ഹസ്തിപർണ്ണീ (പെരുമ്പീരം) അഭീരു (ശതാവരി) എന്നിവ പൊടിച്ചുചേർത്ത് അതുകൊണ്ട് സ്ത്രീക്ക് കഷായവസ്തി ചെയ്യണം. അല്ലെങ്കിൽ സിദ്ധാർത്ഥകം (കടുക്) കുഷ്ഠം (കൊട്ടം) ലാംഗലികീ (മേത്തോന്നിക്കിഴങ്ങ്) മഹാവൃക്ഷക്ഷീരം (കള്ളിപ്പാൽ) ഇവ സുരാമദ്യത്തിന്റെ തെളിവിൽ ചേർത്തു അതുകൊണ്ടും കഷായവസ്തി ചെയ്യാം. അതുമല്ലെങ്കിൽ ശാല്മലീവൃന്തങ്ങൾ (പൂളമൊട്ടുകൾ). വാട്ടിപ്പിഴിഞ്ഞ് അരിച്ചു വലിയ പഞ്ചമൂലത്തിന്റെ കഷായത്തിൽ ചേർത്ത് അതുകൊണ്ടും കഷായവസ്തിയെ ചെയ്യാം. അതുതന്നെ അരിച്ച് അല്പം സ്നേഹവും മുമ്പറഞ്ഞ മലങ്കാരക്ക മുതലായവയും ചേർത്ത് അതുകൊണ്ടും വസ്തി ചെയ്യാം.

യഥോക്താസ്ഥാപനദ്രവ്യസിദ്ധേന കടുതൈലേനോത്തരവസ്തിം ദദ്യാൽ । ശിഗ്രുസുരസാമരിചാജാജീചിത്രകകല്ക്കക്ഷീരഗോമൂത്രസിദ്ധേന വാ കടുതൈലേനാനുവാസയേൽ । ഉമാശല്മലീപിഞ്ഛയാ വാ സംഭൃതയാ യോനിം പൂരയിത്വാ വിധൂനയേൽ । സ്നിഗ്ദ്ധേന വാ കൃത്തനഖേന പാണിനാ നാളമനുസാരതോ ഹരേൽ ॥

സാ—മേൽപറയപ്പെട്ട മലംകാരയ്ക്ക, കൊട്ടം തുടങ്ങിയ ആസ്ഥാപനദ്രവ്യങ്ങളെക്കൊണ്ടു കടുതൈലം കാച്ചി അതുകൊണ്ട് ഉത്തരവസ്തി

യും ചെയ്യേണ്ടതാണ്. ശിഗ്രു (മുരിങ്ങവേര്) സുമുഖം (തുമ്പ) മരിചം (കുരുമുളക്) അജാജി (ആശാളി) ചിത്രകം (കൊടുവേലിക്കിഴങ്ങ്) ഇവയുടെ കൽക്കവും പാലും ഗോമൂത്രവും ചേർത്തു കടുതൈലം കാച്ചി അതുകൊണ്ട് സ്നേഹവസ്തിയും ചെയ്യണം. ഉമാ (അഗസ്തി) ശാല്മലീ (പൂള) ഇവയുടെ പശ നെയ്യിൽ ചാലിച്ച് അതു യോനിയിൽ നിറച്ച് പിടിച്ചു കുടയുന്നതും നല്ലതാണ്. അല്ലെങ്കിൽ ഒരു സ്ത്രീ കയ്യിന്റെ നഖം മുറിച്ച് ഉള്ളംകയ്യിൽ എണ്ണപുരട്ടി അതുകൊണ്ട് മറുപിള്ളയുടെ നാളത്തിന്നനുസരിച്ചു പിടിച്ച് അതിനെ വലിച്ചെടുക്കുകയുമാകാം. ഇതു വൈദ്യന്റെ ഉപദേശപ്രകാരം മാത്രം ചെയ്യേണ്ടതാണ്.

മേൽപ്രകാരം മറുപിള്ള വീഴാഞ്ഞാലുള്ള ചികിത്സകൾ പറഞ്ഞതിന്നുശേഷം പ്രസവം സംബന്ധിച്ചുണ്ടാകാവുന്ന ചില ഉപദ്രവങ്ങളേയും അവയ്ക്കുള്ള ചികിത്സയേയും പറയുന്നു:—

പ്രജാതാനാം ചോദപസ്തിമൂർദ്ധോദരേഷു ശൂലം മക്കല്ലാഖ്യം സ്യാത്തത്ര യവക്ഷാരചൂർണ്ണം സർപ്പിഷാ സുഖോഷ്ണോദകേന വാ പിബേൽ । വരണാദിം വാ സപഞ്ചകോലമേലാപ്രതീവാപമ് ॥

സാ—പ്രസവം കഴിഞ്ഞാൽ സ്ത്രീക്ക് മക്കല്ലം എന്നൊരു രോഗം ഉണ്ടാകാം. വസ്തിയിലും ശിരസ്സിലും വയറിലും വേദനയുണ്ടാകുന്നതാണ് മക്കല്ലത്തിന്റെ ലക്ഷണം. ഇതുണ്ടായാൽ ചവൽക്കാരം പൊടിച്ച് നെയ്യിൽ ചാലിച്ചോ ചുടുവെള്ളത്തിൽ ചേർത്തോ സേവിക്കണം. വരണാദിഗണത്തിലെ ഔഷധങ്ങളും പഞ്ചകോലവും കഷായംവെച്ച് എലത്തരി പ്രതീവാപം ചേർത്തു സേവിക്കയുമാം. പ്രതീവാപം=അവചൂർണ്ണനചൂർണ്ണം (മേല്പൊടി).

അഥവാ വീരതരാദിമൂഷരാദിപ്രതീവാപമ് । ലവണചൂർണ്ണം വാ വത്സകാദിനിര്യൂഹേണ । വത്സകാദിം വാ മദിരയാ । അംശുമതീദ്വയകഷായേന വാ മരിചഭദ്രദാരുകല്കം । ഭാർങ്ഗീനാഗരദേവദാരുകല്കം ചോഷ്ണാംഭസാ । പുരാണഗുളം വാ ത്രികടുത്രിജാതകധനികാചൂർണ്ണസംസൃഷ്ടം ഭക്ഷയേൽ ॥

സാ—മക്കല്ലരോഗത്തിന്ന വേറെയും ചികിത്സ പറയുന്നു. അഥവാ—വീരതരാദിഗണം കഷായം ഉഷകാദിഗണത്തിലെ മരുന്നുകൾ പൊടിച്ചു മേല്പൊടിചേർത്തു സേവിക്കാം. വത്സകാദിഗണത്തിലെ മരുന്നുകളുടെ നിര്യൂഹ (ചാറ്) ത്തിൽ ഇന്തുപ്പു പൊടിച്ചുചേർത്ത് അതും സേവിക്കാം. വത്സകാദിഗണത്തിലെ മരുന്നുകൾ പൊടിച്ചു മദ്യത്തിൽ

സേവിക്കയും നല്ലതാണ്. അംശുമതീദ്വയം (ഓരിലയും മൂവിലയും) കഷായംവെച്ച് അതിൽ കുരുമുളകും ദേവതാരവും അരച്ചുകലക്കി സേവിക്കാം. ഭാൎഗ്ഗി (ചെറുതേക്കിൻവേര്) നാഗരം (ചുക്ക്) ദേവദാരു (ദേവതാരം) ഇവ അരച്ച് ചൂടുള്ള വെള്ളത്തിൽ സേവിക്കയും ചെയ്യാം. ത്രികടു (ചുക്കു മുളക് തിപ്പലി), ത്രിജാതകം (ഏലം ഏലവംഗം പച്ചില), ധനികാ (കൊത്തമ്പാല) എന്നിവയുടെ പൊടി പഴയ ശൎക്കരയിൽ ചേൎത്തു അതു തിന്നുന്നതും നന്ന്.

**തസ്യാശ്ചേൽ സ്വസ്ഥാനതോ യോനിൎഭ്രശ്യേത്തതോ യസ്യാ കസ്യചിൽസ്ഥാണിതേനാഭ്യജ്യ യോനിം യഥാസ്ഥാനം കുശലാ സ്ത്രീ നിവേശയേൽ । നിവിഷ്ടാംഞ്ചാശോകകടുരോഹിണീബൎഹിഷോശീരപ്രിയംഗുദേവദാരുകല്ക്കവിപക്വേന തൈലേന ബഹുശഃ സേചയേൽ പൂരയേൽ ബ്രൂയാച്ച ഗച്ഛ സുഭഗേ സ്വസ്ഥാനമിതി ॥**

സാ—പ്രസവം കഴിഞ്ഞാൽ ചിലൎക്ക് യോനിഭ്രംശം വന്നേക്കാം. അങ്ങിനെ യോനി സ്വസ്ഥാനത്തുനിന്നു ഭ്രംശിക്കുന്നതായാൽ യോനിയിൽ ഏതെങ്കിലും ഒരു ജന്തുവിൻെറ ചോരപുരട്ടി, സാമൎത്ഥ്യമുള്ളവളായ ഒരു സ്ത്രീ യോനിയെ അതിൻെറ സ്ഥാനത്തുതന്നെ വെക്കണം. യോനി യഥാസ്ഥാനം ഇരുന്നാൽ അശോകം, കടുകരോഹിണി ബൎഹിഷം (ഇരുവേലി) ഉശീരം (രാമച്ചം) പ്രിയംഗു (ഞാഴൽപൂവ്) ദേവതാരം എന്നിവ കല്ക്കംചേൎത്തു കാച്ചിയ എണ്ണകൊണ്ട് അനേകപ്രാവശ്യം യോനിയിൽ വിഴപ്പിക്കയും അതുതന്നെ യോനിയിൽ നിറക്കുകയും ചെയ്യണം. എന്നിട്ട് ആ സ്ത്രീ യോനിയോടായിട്ട് "ഗച്ഛസുഭഗേ സ്വസ്ഥാനം" (ഹേ സുഭഗയായ യോനി! നീ നിൻെറ സ്ഥാനത്തു പോയാലും) എന്നിങ്ങനെ മന്ത്രംപോലെ പറകയും വേണം.

അനന്തരം പ്രസവിച്ച ഉടനെ വേണ്ട പരിചരണത്തെ പറയുന്നു:—

**തദുച്ചാന്ത്യതമാ സ്ത്രീ ജാതമാത്രമേവ ബാലം ബാലോപചരണീയേന വിധിനോപപാദയേത । തമുപദേക്ഷ്യേത തൂത്തരേഷു । അഥ സൂതികാ ബലാതൈലേനാഭ്യംജ്യാൽ । ബുഭുക്ഷിതാഞ്ച പഞ്ചകോലചൂൎണ്ണേന യവാന്നപകഞ്ചികാംചവ്യചിത്രകവ്യോഷസൈന്ധവചൂൎണ്ണേന വാ യുക്താമാമാഢപേരിണാമിനീം യഥാസാത്മ്യം സ്നേഹമാത്രാം പായയേൽ । സ്നേഹായോഗ്യാം വാതഹരൌഷധക്വാഥം ഹ്രസ്വപഞ്ചമൂലക്വാഥം വാ ॥**

സാ—അതുപോലെതന്നെ പരിചാരികയായ് വേറെ ഒരു സ്ത്രീ പ്രസവിച്ചുവീണ കുട്ടിയെ ബാലോപചരണീയത്തിലെ വിധിയനുസരിച്ച് പരിചരിക്കണം. ഈ ബാലോപചരണീയവിധിയെ ഉത്തരസ്ഥാനത്തിൽ പറയുവാൻ പോകുന്നുണ്ട്. അനന്തരം പ്രസവിച്ച സ്ത്രീ ബലാതൈലം തേച്ചുകുളിക്കണം. വിശപ്പുണ്ടായാൽ പഞ്ചകോലചൂർണ്ണമോ, യവാനി (ജീരകം) ഉപകുഞ്ചികാ (കരിഞ്ജീരകം) ചവ്യം (കാട്ടുമുളകിൻവേർ) ചിത്രകം (കൊടുവേലിക്കിഴങ്ങ്) ചുക്കു മുളകു തിപ്പലി ഇന്തുപ്പ് ഇവയുടെ ചൂർണ്ണമോ ഏതെങ്കിലും ഒരു സ്നേഹത്തിൽ ചേർത്ത് അതിങ്കൽനിന്ന് ആ പകൽകൊണ്ടുതന്നെ ദഹിക്കുന്നത്ര എടുത്തു സേവിപ്പിക്കണം. സ്നേഹം ഉപയോഗിപ്പാൻ പാടില്ലാത്തവളാണെങ്കിലാകട്ടെ വാതഹരങ്ങളായ ഔഷധങ്ങളുടെ കഷായമോ ഹ്രസ്വപഞ്ചമൂലകഷായമോ സേവിപ്പിക്കണം. [ഇവിടെപ്പറഞ്ഞ സ്നേഹപാനത്തിൽ മാത്രാനിയമമില്ല. എത്രയായാലാണോ സ്നേഹം അന്നുതന്നെ ദഹിച്ചു വൈകുന്നേരം കഞ്ഞികുടിപ്പാൻ തടസ്ഥമില്ലാതെ ഭവിക്കുക അത്ര സ്നേഹപാനം ചെയ്യണമെന്നേ ഉള്ളു.]

പീതവത്യാശ്ച യമകേനാഭ്യജ്യ വേഷ്ടയേദുദരം വസ്ത്രേണ । തഥാ ന വായുരുദരവികൃതിമുത്പാദയേദനവകാശത്വാൽ । ജീർണ്ണേ ച സ്നേഹേ പൂർവ്വൌഷധൈരേവ സിദ്ധാം വിദാര്യാദിഗണകഷായേണ ക്ഷീരേണ വാ യവാഗൂം സുസ്നിഗ്ദ്ധാം ദ്രവാം മാത്രയാ പായയേൽ । പ്രാക് സ്നേഹയവാഗൂപാനാഭ്യാം ചോഭയകാലമുഷ്ണോദകേന പരിഷേചയേൽ ॥

സാ—മേല്പറഞ്ഞപ്രകാരം സ്നേഹത്തെയോ കഷായത്തെയോ സേവിച്ചാൽ സൂതികയുടെ ദേഹം യമകസ്നേഹംകൊണ്ടു പുരട്ടി വയറ്റത്ത് വസ്ത്രംകൊണ്ടു കെട്ടണം. ഇങ്ങിനെ ചെയ്യുന്നത് ഉദരത്തിൽ വായു കടന്ന് ഉപദ്രവം ചെയ്യാതിരിക്കാനായിട്ടാകുന്നു. കെട്ടുകെട്ടിയാൽ വായു പ്രവേശിച്ചു വികാരത്തെ ചെയ്കയില്ല. സ്നേഹം ദഹിച്ചാൽ മേല്പറഞ്ഞ ഔഷധ (പഞ്ചകോലയവാന്യാദി) ങ്ങളെക്കൊണ്ടുതന്നെയുണ്ടാക്കിയതൊ വിദാര്യാദിഗണകഷായംകൊണ്ടും പാൽകൊണ്ടും ഉണ്ടാക്കിയതോ ആയ കഞ്ഞിയെ നല്ലവണ്ണം മെഴുക്കുകൂടി ദ്രവമായി മാത്രയനുസരിച്ചു സേവിപ്പിക്കണം. സ്നേഹപാനം ചെയ്യുന്നതിന്റെയും കഞ്ഞികുടിക്കുന്നതിന്റെയും മുമ്പായി (രണ്ടുകാലത്തിലും) ചൂടുവെള്ളംകൊണ്ടു പരിഷേകം ചെയ്കയും വേണം.

ഏവം ത്രിരാത്രം പഞ്ചരാത്രം സപ്തരാത്രം വാനുപാല്യ തതോ യവകോലകുലത്ഥയൂഷേണ ലഘുനാ ചാന്നപാനേന ദശരാത്രാൽ പരം ജാംഗലരസാദിഭിശ്ച ക്രമാദാപ്യായയേദഗ്നിബലാദീന്യപേക്ഷ്യ । കഥിതശീതഞ്ച തോയം പായയേൽ । തഥാ ജീവനീയബൃംഹണീയമധുരവാതഹരസിദ്ധൈസ്തൈലൈരഭ്യംഗോദ്വൎത്തനപരിഷേകാവഗാഹൈരന്നപാനൈശ്ച ഹൃദ്യൈരുപചരേൽ । ഏവം ഹി ഗൎഭവൃദ്ധിക്ഷപിതശിഥിലസൎവ്വശരീരധാതുപ്രവാഹണവേദനാക്ലേദരക്തസ്രുതിവിശേഷശൂന്യശരീരാ പുനൎന്നവീഭവതി ॥

സാ — ഇപ്രകാരം സ്നേഹപാനാദികളെച്ചെയ്തുംകൊണ്ടു് മൂന്നുദിവസമോ അഞ്ചുദിവസമോ ഏഴുദിവസമോ ഇരുത്തണം. പിന്നെ സൂതികയെ പന്ത്രണ്ടാംദിവസംവരേയും യവം കോലം (ലന്തക്കുരു) മുതിര ഇവയുടെ ചാറും ലഘുത്വമുള്ള അന്നപാനങ്ങളും സേവിപ്പിച്ചു് ഉപചരിക്കണം. പന്ത്രണ്ടുദിവസം കഴിഞ്ഞതിന്നുശേഷം അഗ്നിബലം മുതലായവകളെ അനുസരണമായി ജാംഗലമാംസരസം മുതലായവയെ സേവിപ്പിച്ചു് ദേഹത്തെ പുഷ്ടിപ്പെടുത്താം. തിളപ്പിച്ചാറിയ വെള്ളം ദാഹിക്കുമ്പോൾ കൊടുക്കണം. അപ്രകാരംതന്നെ ജീവനീയങ്ങളും ബൃംഹണീയങ്ങളും മധുരരസങ്ങളും വാതഹരങ്ങളുമായ ഔഷധങ്ങളെക്കൊണ്ടു് എണ്ണകാച്ചി തേപ്പിച്ചും ഈ ഔഷധങ്ങളെക്കൊണ്ടുതന്നെ ഉദ്വൎത്തനപരിഷേകാവഗാഹങ്ങൾ ചെയ്യിച്ചിട്ടും ഹൃദ്യങ്ങളായ അന്നപാനങ്ങൾ ശീലിപ്പിച്ചും സൂതികയെ ഉപചരിക്കണം. ഇങ്ങിനെ ചെയ്താൽ ഗൎഭവൃദ്ധികൊണ്ടു സൎവ്വധാതുക്കളും തളൎന്നും കുഴഞ്ഞും പ്രവാഹണം വേദന ക്ലേദം രക്തസ്രുതി എന്നിവകൊണ്ടു വിശേഷിച്ചും ശരീരം ശൂന്യമായും ഇരിക്കുന്നതുപോയി സൂതിക പുതിയ ശക്തിയോടുകൂടിയവളായി ഭവിക്കും.

അത ഏവ സൂതികായാ വ്യാധിഃ കൃച്ഛ്രസാധ്യോ ഭവത്യസാധ്യോ വാ । തസ്മാത്താം യഥോക്തേന വിധിനാ പ്രയത്നേനോപചരേൽ । ഏവം സാദ്ധ്യൎദ്ധമാസമുപസംസ്കൃതാ ക്രമേണ വിമുക്താഹാരവിഹാരയന്ത്രണാ വിഗതസൂതികാഭിധാനാ സ്യാൽ । പുനരാൎത്തവദൎശനാദിത്യേകേ ॥

സാ — മേൽപ്രകാരം ഗൎഭക്ലേശം ഭവിക്കുന്നതുകൊണ്ടുതന്നെ സൂതികക്കുണ്ടാകുന്ന വ്യാധി കൃച്ഛ്രസാദ്ധ്യമായോ അസാദ്ധ്യമായിത്തന്നെയോ ഭവിക്കും. അതുകൊണ്ടു് സൂതികയെ പൂൎവ്വോക്തവിധിപ്രകാരം പ്രയത്നപ്പെട്ടു് ഉപചരിക്കണം. ഇങ്ങിനെ ഒന്നരമാസകാലം ഉപചരിക്കപ്പെ

ട്ടാൽ ക്രമേണ ആഹാരവിഹാരങ്ങളിലുള്ള യന്ത്രണ (പത്ഥ്യം) ഉപേക്ഷിക്കാം. എന്നാൽ അവൾ സൂതിക (പ്രസവിച്ചുകിടക്കുന്നവൾ) എന്ന പേർ പോയി സാധാരണപോലെയായി ഭവിക്കും. പിന്നെ ഋതുവായാലേ സൂതികാതപം പോകയുള്ളൂ എന്നാണ് മററു ചില ആചാര്യന്മാർ പറയുന്നത്.

അദ്ധ്യായം ഉപസംഹരിക്കുന്നു—

**ഇത്യാദ്യമാസമാരഭ്യ യാവൽ ഗർഭക്ഷമാ പുനഃ**
**സ്ത്രീ സ്യാത്താവദവിധിസ്സർവ്വസ്സർവ്വഥാ സാധു ദർശിതഃ.**

സാ—ഇങ്ങിനെ, ഗർഭമുണ്ടായ ഒന്നാമത്തെ മാസംതുടങ്ങി, പ്രസവംകഴിഞ്ഞ് വീണ്ടും സ്ത്രീ ഗർഭഗ്രഹണത്തിന്നു യോഗ്യയാകുന്നതുവരെ വേണ്ട എല്ലാ അനുഷ്ഠാനവും വഴിപോലെ പറയപ്പെട്ടു.

ഇത്യഷ്ടാംഗസംഗ്രഹേ ശാരീരസ്ഥാനേ
തൃതീയോദ്ധ്യായഃ
സമാപ്തഃ.

## ചതുർത്ഥോദ്ധ്യായഃ

അനന്തരം പ്രകരണപ്രാപ്തമായ ഗർഭവ്യാപത്തുകളും ചികിത്സയും കാണിപ്പാനായി അദ്ധ്യായം ആരംഭിക്കുന്നു:—

**അഥാതോ ഗർഭവ്യാപദം വ്യാഖ്യാസ്യാമഃ । ഇതി ഹ സ്മാഹുരാത്രേയാദയോ മഹർഷയഃ ॥**

സാ—അനന്തരം ഗർഭവ്യാപത്തിനെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു. ഗർഭവ്യാപത്ത്=ഗർഭരോഗം.

**സ്ത്രീ ചേദാപന്നഗർഭാ പരിഹാര്യാണ്യാസേവേത തതശ്ച യസ്യാ വസ്തിപാർശ്വശ്രോണീയോനിമുഖേഷു ശൂലം പുഷ്പദർശനഞ്ച സ്യാൽ, താം മൃദുസുഖശിശിരാസ്തരണശയനസ്ഥാമീഷദവനതശിരസം ശീതപ്രദേഹപരിഷേകാദിഭിരുപാചരേൽ ॥**

സാ—ഗർഭമുണ്ടായിരിക്കുന്ന സ്ത്രീ വർജ്ജ്യങ്ങളായ വസ്തുക്കളെ സേവിക്കുന്നതായാൽ, വസ്തിപാർശ്വശ്രോണീയോനിമുഖങ്ങളിൽ വേദനയുണ്ടാകയും ആർത്തവം കാണപ്പെടുകയും ചെയ്യും. ഇങ്ങിനെ യാതൊരു ഗർഭിണിക്കാണോ ഉണ്ടാകുന്നത് അവളെ മാർദ്ദവമുള്ളതും സുഖമായുള്ളതും തണുപ്പുള്ളതുമായ വിരിപ്പോടുകൂടിയ ശയ്യയിൽ തല തെല്ലൊന്നു ചാച്ചു

കിടത്തി ശീതങ്ങളായ പ്രദേഹം (ഔഷധലേപനം) മുതലായവയെ ചെയ്തു ഉപചരിക്കണം.

തദ്യഥാ — സഹസ്രധൌതേന സർപ്പിഷാഭ്യംഗഃ സർവ്വതഃ പ്രദിഹ്യാൽ । മധുകസിദ്ധേന സർപ്പിഷാ സുശീതേന പിചുമാപ്ലാവ്യ യോനിസമീപേ സ്ഥാപയേൽ । ഗവ്യേന പയസാ മധുകാംബുനാ ന്യഗ്രോധാദികഷായേണ വാ പരിഷേചയേൽ । പരിപീതതൽസ്വരസാനി ച ചൈലാനി യോനൌ നിധാപയേൽ । തൽകല്ക്കസിദ്ധസ്യ വാ ക്ഷീരസർപ്പിഷഃ പിചും ॥

സാ — മേൽപ്പറഞ്ഞ ശീതപ്രദേഹാദികൾ എങ്ങിനെയെന്നാൽ പറയുന്നു — സഹസ്രധൌതമായ ഘൃതം (അനേകം പ്രാവശ്യം ഉരുക്കി വെള്ളത്തിൽവെച്ച് ഉറച്ചതാക്കിച്ചെയ്യപ്പെട്ട നൈ) കൊണ്ടു ഗർഭിണിയുടെ പൊക്കിളിന്നുതാഴെ എല്ലാടത്തും പുരട്ടുക. എരട്ടിമധുരം കല്ക്കം ചേൎത്തു നൈകാച്ചി ആറിച്ച് ആയതിൽ ഒരു ശീലനനച്ച് യോനിയുടെ സമീപത്തിടുക. പശുവിൻപാൽ, എരട്ടിമധുരകഷായം, ന്യഗ്രോധാദികഷായം എന്നിവയിലൊന്നുകൊണ്ട് യോനിപ്രദേശത്തു ധാരയെ ചെയ്യുക. അവയുടെ സ്വരസം ചേൎത്തവയായ ചേലകളെ യോനിയിൽ നിധാനം ചെയ്ക. ന്യഗ്രോധാദിഗണം കല്ക്കമായി ക്ഷീരസർപ്പിസ്സിനെ (പാൽ കലക്കി എടുത്ത നൈ) കാച്ചി അതുകൊണ്ടു നനച്ചതായ ശീല യോനിയിൽ ഇടുകയുമാകാം.

അതിസ്രവതി തു രക്തേ തതഃ ഏവാക്ഷമാത്രം പ്രാശയേൽ । കേവലാദേവ വാ ക്ഷീരസർപ്പിഷഃ । പത്മോൽപലകുമുദകിഞ്ജല്കം വാ സമധുശർക്കരം ലേഹയേൽ ॥

സാ — രക്തം അധികമായി സ്രവിക്കുന്നുണ്ടെങ്കിൽ, മേൽപറഞ്ഞ നെയ്യിൽനിന്ന് (പാൽകലക്കിയെടുത്ത് ന്യഗ്രോധാദിഗണംകൊണ്ടു കാച്ചിയ നെയ്യിൽനിന്ന്) ഒരു അക്ഷപ്രമാണം സേവിപ്പിക്കാം. അല്ലെങ്കിൽ പാൽകലക്കിയെടുത്ത നൈ യാതൊരൌഷധവുംകൂട്ടി കാച്ചാതെ കേവലമായിട്ടുള്ളതിൽനിന്നുതന്നെ അക്ഷപ്രമാണം സേവിപ്പിക്കാം. പത്മാദികിഞ്ജല്കത്തെ തേനും പഞ്ചസാരയും ചേൎത്തു നക്കി സേവിപ്പിക്കയുമാം. പത്മകിഞ്ജല്കം = താമരയല്ലി. ഉൽപലകിഞ്ജല്കം = കരിങ്കുവളത്തിന്റെ അല്ലി. കുമുദകിഞ്ജല്കം = ആമ്പലല്ലി.

ധാതകീഗൈരികസർജ്ജരസാഞ്ജനചൂർണ്ണം വാ മധുനാ । ന്യഗ്രോധാദിത്വക്പ്രവാളകല്കം വാ । ശശൈണഹരിണരുധിരം വാ

സക്ഷൌദ്രം പായയേൽ । ഋദ്ധിവിദാരീജീവന്തീർവ്വാ പയസാ । നീലോൽപലസിതാപത്മകാഷ്ഠചന്ദനാനി വാ തണ്ഡുലാംബുവാശരസാന്യതരേണ । ഗന്ധപ്രിയംഗുസിതോൽപലശാലൂകോദുംബരശലാടുന്യഗ്രോധശുംഗാണി വാഽജേന പയസാ ॥

സാ — ധാതകി (താതിരിപ്പൂവ്) ഗൈരികം (കാവിമണ്ണ്) രസാഞ്ജനം (ചെഞ്ചല്യം) അഞ്ജനം എന്നിവ പൊടിച്ച് തേനിൽ ചാലിച്ചു സേവിക്കുന്നതു നന്ന്. ന്യഗ്രോധാദിഗണത്തിലെ ഔഷധങ്ങളുടെ തോലും കൂമ്പും അരച്ച കല്ക്കവും തേനിൽ സേവിക്കാം. ശശം (മുയൽ) ഏണം (മാൻ) ഹരിണം (കേഴമാൻ) ഇവയുടെ രക്തവും തേൻചേർത്തു സേവിപ്പിക്കാം. ഋദ്ധി (ചെറിയ കാട്ടുമുതിര) വിദാരീ (പാൽമുതുക്കിൻകിഴങ്ങ്) ജീവന്തീ (അടപതിയൻകിഴങ്ങ്) ഇവ പാലിൽ അരച്ചുകലക്കി സേവിക്കയുമാകാം. നീലോൽപലം (കരിംകൂവളക്കിഴങ്ങ്) സിതാ (പഞ്ചസാര) പത്മകാഷ്ഠം (ചുവന്ന മരക്കട്ട) ചന്ദനം എന്നിവ അരിക്കാടിയിലോ അടലോടകത്തില പിഴിഞ്ഞനീരിലോ സേവിക്കയുമാം. ഗന്ധം (ചന്ദനം) പ്രിയംഗു (ഞാഴൽപൂവ്) സിതാ (പഞ്ചസാര) ഉൽപലശാലൂകം (ചെങ്ങഴിനീർകിഴങ്ങ്) ഉദുംബരശലാടു (എളയ അത്തിക്കായ) ന്യഗ്രോധശുംഗം (പേരാലിൻകൂമ്പ്) എന്നിവ ആട്ടിൻപാലിൽ സേവിക്കുന്നതും നല്ലതാണ്.

കശേരുകമൃണാളകശൃംഗാടകകാശ്മര്യപരൂഷകദ്രാക്ഷാശാരിബാപ്രപൌണ്ഡരീകാനന്തോൽപലകദംബബീജകഷായേണ വാ ശർക്കരാമധുമധുരേണ ശാലിചൂർണ്ണം । ജീവനീയശൃതം വാ ക്ഷീരം । ബലാതിബലാശാലിഷഷ്ടികേക്ഷുമൂലകാകോളീശൃതേന പയസാ സമധുശർക്കരേണ രക്തശാല്യോദനം സുശീതം ഭോജയേൽ । ശീതവീര്യജാംഗലരസേന വാ । രക്തപിത്തക്രിയാശ്ച ശോധനവർജ്ജ്യാഃ പ്രയുഞ്ജീത । സൌമ്യാശ്ച മനോനുകൂലാഃ കഥാഃ ॥

സാ — കശേരുകം (കഴിമുത്തങ്ങ) മൃണാളകം (താമരവളയം) ശൃംഗാടകം (വല്ലട്ടക്കിഴങ്ങ്) കാശ്മര്യം (കുമിഴിൻവേര്) പരൂഷകം (ചിററീനലിൻവേര്) ദ്രാക്ഷാ (മുന്തിരിങ്ങ) ശാരിബാ (നന്നാറിക്കിഴങ്ങ്) പ്രപൌണ്ഡരീകം (പുണ്ഡരീകക്കരിമ്പ്) അനന്താ (കാരിചതാമര) ഉൽപലം (ചെങ്ങഴിനീർകിഴങ്ങ്) കദംബബീജം (കടമ്പിൻകുരു) എന്നിവ കഷായംവെച്ച് അതിൽ പഞ്ചസാരയും തേനുംചേർത്തു മധുരരസം വരുത്തി അതിൽ ചെന്നെല്ലരിയുടെ പൊടിചേർത്തു യോജിപ്പിച്ചു സേവിക്ക

കം. ജീവനീയൌഷധങ്ങളെക്കൊണ്ടു കുറുക്കിയ പാലും സേവിക്കാം. ബലാ (കുറുന്തോട്ടി) അതിബലാ (വെളുത്തോട്ടി) ശാലി (ചെന്നെല്ല്) ഷഷ്ടികം (നവര) ഇക്ഷു (കരിമ്പ്) ഇവയുടെ വേരും കാകോളിയും ഇട്ടു കുറുക്കിയ പാലിൽ തേനും പഞ്ചസാരയും ചേൎത്ത് ആ പാൽകൂട്ടി നല്ലവണ്ണം തണുത്ത ചെന്നെല്ലരിച്ചോറ് ഭക്ഷിപ്പിക്കേണം. അല്ലെങ്കിൽ ശീതവീൎയ്യങ്ങളായ ജാംഗലമാംസങ്ങളുടെ രസംകൂട്ടി ചെന്നെല്ലരിച്ചോറ് ഭക്ഷിപ്പിക്കാം. ശോധനം ഒഴികെ രക്തപിത്തത്തിന്നു പറഞ്ഞ ചികിത്സകളൊക്കെയും യഥോചിതം ചെയ്യുന്നതുമാകാം. സൌഖ്യങ്ങളും മനസ്സിന്നു പിടിച്ചവയുമായ കഥകൾ കേൾക്കുന്നതും നല്ലതാണ്.

അദൃഷ്ടശോണിതായാസ്തു മധുകപയസ്യാസുരദാരുഭിഃ സിദ്ധം പയഃ പായയേൽ । താമ്രവല്ല്യശ്മന്തകശതാവരീപയസ്യാഭിർവ്വാ । വിദാൎയ്യാദിഗണേന വാ । ശ്വദംഷ്ട്രാസ്വരസക്ഷീരസിദ്ധം വാ സൎപ്പിഃ । പലാണ്ഡുരസസിദ്ധം വാ സക്ഷൌദ്രമ് ॥

സാ—മേൽപ്പറഞ്ഞ രോഗങ്ങളിൽ ആൎത്തവദൎശനം കൂടാതെ വസ്ത്യാദികളിൽ വേദനമാത്രം ഉണ്ടായിരുന്നാൽ ആ ഗൎഭിണിയെ മധുകം (എരട്ടിമധുരം) പയസ്യാ (അടപതിയൻകിഴങ്ങ്) സുരദാരു (ദേവതാരം) എന്നിവകൊണ്ടു കുറുക്കിയ പാൽ സേവിപ്പിക്കേണം. താമ്രവല്ലീ (ചെമ്പാൎവള്ളിക്കിഴങ്ങ്) അശ്മന്തകം (കല്ലൂർവഞ്ഞി) ശതാവരി, പയസ്യാ (അടപതിയൻകിഴങ്ങ്) എന്നിവകൊണ്ടോ വിദാൎയ്യാദിഗണംകൊണ്ടോ കുറുക്കിയ പാലും സേവിക്കാം. ശ്വദംഷ്ട്രാ (നായ്ക്കുരണ) സ്വരസവും പാലും ചേൎത്തു കാച്ചിയ നെയ്യോ, പലാണ്ഡു (ഉള്ളി) രസത്തിൽ കാച്ചിയ നെയ് തേൻചേൎത്തോ സേവിക്കയുമാകാം.

അസംപൂൎണ്ണത്രിമാസായാസ്തു പുഷ്പദൎശനേ ഗൎഭഃ പ്രായശോ ന തിഷ്ഠത്യസഞ്ജാതസാരത്വാൽ ॥

സാ—ഗൎഭമുണ്ടായി മൂന്നുമാസം തികയുന്നതിന്നുമുമ്പായി ഗൎഭിണി ഋതുവായാൽ ഗൎഭം പ്രായേണ (കോഷ്ഠത്തിൽ) നിൽക്കുകയില്ല. (നശിക്കുമെന്നൎത്ഥം) എന്തുകൊണ്ടെന്നാൽ അന്നു ഗൎഭത്തിന്നു ബലം വഴിപോലെ ഉണ്ടായിരിക്കയില്ല അതുകൊണ്ട് മൂന്നുമാസം തികയുന്നതിന്നുമുമ്പ് ഗൎഭിണി തീണ്ടാരിയായാൽ എന്തു ചികിത്സ ചെയ്താലും പ്രായേണ അവളുടെ ഗൎഭത്തെ കോഷ്ഠത്തിൽ നിറുത്തുവാൻ പ്രയാസമായിരിക്കും.

ആമാന്വയേ ചോപദ്ധ്യമപി വിശേഷോപക്രമത്വാൽ । തത്ര രൂക്ഷശീതാനി പ്രയുഞ്ജീത ॥

സാ — ആമസംബന്ധത്തോടുകൂടിയതായ ആൎത്തവദൎശനത്തിങ്കൽ മൂന്നുമാസത്തിന്നുശേഷവും ഗൎഭം കോഷ്ഠത്തിങ്കൽ സ്ഥിതിചെയ്കയില്ല. ഇതിങ്കൽ വിരുദ്ധോപക്രമത്വം ഹേതുവായിട്ടു രൂക്ഷശീതങ്ങളായവയെ പ്രയോഗിക്കണം. ആമത്തിങ്കൽ ചെയ്യേണ്ടതു് ഉഷ്ണതീക്ഷ്ണാദികളുടെ പ്രയോഗമാണു്. ആയതു ഗൎഭത്തിങ്കൽ വിരുദ്ധമാണു്. ഇതാണു് വിരുദ്ധോപക്രമത്വം എന്നറിയുക. മൂന്നുമാസം കഴിഞ്ഞു നാലാംമാസം മുതല്ക്കു ആമസംബന്ധമില്ലെങ്കിൽ ആൎത്തവദൎശനം ഉണ്ടായാലും ഗൎഭം നിലനില്ക്കുമെന്നും ഗ്രഹിക്കേണ്ടതാണു്.

**ദൃഢേ — പ്രാഗുപവാസം തതോ ദുരാലഭാമൃതോശീരപൎപ്പടഘനചന്ദനാതിവിഷാബലാകടുംഗധാന്യാകകഷായപാനം । തൃണധാന്യശാലിഷഷ്ടികപേയാമശനഞ്ച മുദ്ഗാദിയൂഷൈഃ । ജിതേ ത്വാമേ സ്നിഗ്ധശീതാനി പൂൎവ്വവൽ ॥**

സാ— 'ദൃഢേ' ഇത്യാദികൊണ്ടു് ആമസംബന്ധമുള്ളപ്പോഴത്തെ ചികിത്സയെ പറയുന്നു. ഔഷധം സേവിക്കുന്നതിന്നുമുമ്പ് ഉപവാസം ചെയ്കയും ദുരാലഭാദികഷായം സേവിക്കയും ചെയ്ക. ദുരാലഭാ=കൊടുത്തൂവ്വവേര്. അമൃതാ=ചിററമൃതു്. ഉശീരം=രാമച്ചം. പൎപ്പടകം. ഘനം=മുത്തങ്ങ. ചന്ദനം. അതിവിഷാ=അതിവിടയം. ബലാ=കുറുന്തോട്ടിവേര്. കടുംഗം=പലകപ്പയ്യാനവേര്. ധാന്യാകം=കൊത്തമ്പാല. ഇതാണു് ദുരാലഭാദി. തൃണധാന്യം, ചെന്നെല്ലു്, നവര ഇവയുടെ കഞ്ഞി കുടിക്കുകയും ചെറുപയറു് മുതലായവയുടെ ചാറുകൂട്ടി ഭക്ഷിക്കയും വേണം. ഇപ്രകാരം ആമത്തെ ജയിച്ചാൽ യഥാപൂൎവ്വം സ്നിഗ്ധശീതങ്ങളെത്തന്നെ പ്രയോഗിക്കണം.

**ആമഗൎഭേ തു പതിതേ മദ്യാന്യനന്തരമാ സാത്മ്യതഃ പായയേൽ । ഗൎഭകോഷ്ഠവിശുദ്ധ്യൎത്ഥമാൎത്തിവിസ്മരണാൎത്ഥം ച । അമദ്യപാം പാചനീയദ്രവ്യോപഹിതാഭിഃ സ്നേഹലവണവൎജ്ജ്യാഭിഃ സതിലാഭിരുദ്ദാലകൌദനാംഗുലീഭിരുപചരേദ്യാവന്തോ മാസാസ്തസ്യാംവൎത്ത ന്ത ഇതി ॥**

സാ—പൂൎണ്ണമാകാതെ ആമമായിട്ടിരിക്കുന്ന ഗൎഭം പതിച്ചാൽ ഗൎഭിണിയെ ശക്തിയനുസരിച്ചു് ഏതെങ്കിലും ഒരു മദ്യം സേവിപ്പിക്കണം. ഇങ്ങിനെ ചെയ്യുന്നതു ഗൎഭകോഷ്ഠത്തിന്നു ശുദ്ധിവരുവാനും ആമഗൎഭപാതംകൊണ്ടുണ്ടായ വേദന ഓൎമ്മയില്ലാതാകുവാനുമായിട്ടാകുന്നു. [പ്രയോജനം പറഞ്ഞതുകൊണ്ടു മദ്യംപോലെയുള്ള ഇതരദ്രവ്യങ്ങളും ആകാമെ

ന്നു ഗ്രഹിക്കണം] സംഗതിവശാൽ ഗൎഭിണി മദ്യം സേവിക്കാത്തവളാ
ണെങ്കിൽ പാചനീയങ്ങളായ ദ്രവ്യങ്ങളോടു സമ്മിശ്രങ്ങളും മെഴുക്കും
ഉപ്പും ഇല്ലാത്തവയും എരിവ് കൂട്ടിയവയും ആയ ഉദ്ദാളകം മുതലായവ
കൊണ്ടുള്ള കഞ്ഞികൾ കൊടുത്ത് അവളെ ഉപചരിക്കണം. ഉദ്ദാളകം=
ഒരുതരം തൃണധാന്യം (പുക്കലയരി എന്നും) ഇങ്ങിനെ ഉപചരിക്കേണ്ടതു
ത് ഗൎഭം എത്രമാസം ചെന്നിട്ടാണോ പതിച്ചത് അത്രദിവസമാണ് വേ
ണ്ടത്.

തതഃ പ്രീണനൈരന്നൈല്ലഘുഭിരസ്നേഹഭോജനൈരാ
ദോഷധാതുക്ലേദശുദ്ധേഃ। ആമഗൎഭശേഷേണ ഹി പുനഃ പുനരകു
ശലമനുഷജ്യേത । തസ്മാത്തീക്ഷ്ണൈരനവശേഷയന്നുപാചരേൽ ।
തതഃ പരം സ്നേഹപാനൈൎവ്വസ്തിഭിരാഹാരൈശ്ച ദീപനീയപാച
നീയജീവനീയബൃംഹണീയമധുരവാതഹരൈരിതി ॥

സാ—മേല്പറഞ്ഞപ്രകാരം ചെയ്തതിനുശേഷം പ്രീണനങ്ങളും ദേ
ഹബലത്തെ രക്ഷിക്കുന്നവയും ആയ ആഹാരങ്ങളെക്കൊണ്ട് ആമഗൎഭ
പാതംവന്ന ഗൎഭിണിയെ ഉപചരിക്കണം. ഇങ്ങിനെയുള്ള ആഹാരങ്ങ
ളെ കൊടുക്കുന്നത് ദോഷങ്ങൾ ധാതുക്കൾ എന്നിവയുടെ ക്ലേദത്തിനു
ശുദ്ധിവരുന്നതുവരെ വേണ്ടതാകുന്നു. എന്തുകൊണ്ടെന്നാൽ ആമഗൎഭ
ത്തിന്റെ അവശേഷം ഉള്ളിൽ ഇരിക്കുന്നതുകൊണ്ട് പിന്നേയും പി
ന്നേയും സുഖക്കേടുണ്ടാകും. അതുകൊണ്ടു തീക്ഷ്ണദ്രവ്യങ്ങളെക്കൊണ്ട് ആ
ആമഗൎഭത്തെ നിശ്ശേഷം കളയുമാറ് ഉപചരിക്കണം. തദനന്തരം സ്നേ
ഹപാനങ്ങൾ, വസ്തികൾ എന്നിവയെക്കൊണ്ടും ദീപനീയങ്ങളും പാ
ചനീയങ്ങളും ജീവനീയങ്ങളും ബൃംഹണീയങ്ങളും മധുരരസങ്ങളുമായ
ആഹാരങ്ങളെക്കൊണ്ടും ഉപചരിക്കണം.

യസ്യാഃ പുനൎമ്മഹതി ജാതസാരേ ഗൎഭേ വൎജ്യനാമവൎജ്ജ
നാൽ പുഷ്പദൎശനം സ്യാദന്യദ്വാ യോനിസ്രവണം തസ്യാസ്തന്നിമി
ത്തം വായുഃ പ്രകുപിതഃ പിത്തശ്ലേഷ്മാണൌ പരിഗൃഹ്യ ഗൎഭസ്യ
രസവഹാം നാഡീം പ്രതിപീഡ്യാവതിഷ്ഠതേ । തതോ ഗാഢ്യം
ദോഷൈഃ കുല്യാമിവ തൃണപത്രാദിഭിഃ പ്രതിച്ഛന്നായാം രസ
സ്യാസമ്യഗ്വഹനാദ്ഗൎഭേ വൃദ്ധിമനാപ്നുവന്നപ്രവിശത്യുപശു
ഷ്യതി വാ ॥

സാ—ഗൎഭം വലുതായും സാരംവെച്ചും വരുമ്പോൾ വൎജ്യങ്ങളായ
വസ്തുക്കളെ വൎജ്ജിക്കാതിരുന്നാൽ ആൎത്തവം കാണുകയോ യോനിയിൽ

മററുവല്ല സ്രവണവും ഭവിക്കുകയോ ചെയ്യും. ഇതു് യാതൊരു ഗർഭിണികൾക്കുണ്ടാകുന്നുവോ അവൾക്കു് ആ യോനിസ്രവണം നിമിത്തം വായു കോപിച്ചു് കഫപിത്തങ്ങളേയും കൂട്ടിപ്പിടിച്ചു് ഗർഭത്തിന്റെ രസവാഹിനിയായ നാഡിയെ (മാതാവിന്റെ ആഹാരസാരമായ രസം ഗർഭത്തിലേക്കു പ്രവഹിക്കുവാനുള്ള കുഴലിനെ) പ്രതിപീഡനം ചെയ്തുകൊണ്ടു സ്ഥിതിചെയ്യും. എന്നാൽ, തൃണപത്രാദികളെക്കൊണ്ടു് കുല്യ (വെള്ളച്ചാല്) എന്നപോലെ മേൽപ്പറഞ്ഞ നാഡി ദോഷങ്ങളാൽ തടയപ്പെട്ടുകയും അപ്പോൾ രസം വേണ്ടപോലെ പ്രവഹിക്കാതാകയും ചെയ്യും. തന്നിമിത്തം ഗർഭം വളരാതെ നിൽക്കുകയോ ഉണങ്ങിപ്പോകയോ ചെയ്യും. [ഇവിടെ നാഡിയെ കുല്യയോടുപമിച്ചതുകൊണ്ടു ഗർഭത്തിനു വ്രീഹിസാമ്യം ധ്വനിക്കുന്നു. ആകയാൽ വെള്ളം ഒലിച്ചുവരുന്ന ചാലു് അടഞ്ഞുപോയാൽ വഴിപോലെ വെള്ളം കിട്ടാതെ നെല്ലു വളരാതെയോ ഉണങ്ങിയോ പോകുന്നതുപോലെ എന്നു ദൃഷ്ടാന്തം കാണുക ]

തത്ര യസ്യാഃ കദാചിത് കാലാന്തരപരിസ്രാവാവല്പൌ മൃദൂസ്യാതാം സതതഞ്ച ഗർഭഃ പ്രാപ്താൽ പരിമാണാദപരിഹീയമാന ഏവ സ്ഫുരതി, ന ച കുക്ഷിവൃദ്ധിർഭവതി തമുപവിഷ്ടകമിത്യാചക്ഷതേ । യദാ തു പ്രതിമാസമാർത്തവം പ്രത്യഹം വാ പരിസ്രവണം നാത്യല്പഞ്ച തഥാ പരിഹീയമാണോ ഗർഭശ്ചിരാൽ കിഞ്ചിൽ സ്പന്ദതേ, കുക്ഷിശ്ച വൃദ്ധോപി പരിഹീയതേ തദുപശുഷ്കം നാഗോദരഞ്ച ॥

സാ — മേൽപ്പറഞ്ഞപ്രകാരം ഭവിക്കുന്നതിൽ ഗർഭം വളരായ്ക ഒന്നും ഗർഭം ശോഷിക്കുക ഒന്നും എന്നിങ്ങിനെ രണ്ടു ഭേദങ്ങൾ ഉണ്ടു്. അവയെ പറയുന്നു — യാതൊരുവൾക്കു് ആർത്തവവും യോനിസ്രാവവും ഇടക്കിടക്കായും അല്പങ്ങളായും ഭവിക്കുകയും, ഗർഭം ഉണ്ടായ വളർച്ചയിൽനിന്നു് ചെറുതാകാതെ ഇളകുകയും, കുക്ഷി വലുതാകാതിരിക്കയും ചെയ്യുന്നുവോ അവളുടെ ആ രോഗത്തെ ആചാര്യന്മാർ ഉപവിഷ്ടകം എന്നു പറയുന്നു. മേൽപ്രകാരമല്ലാതെ പ്രതിമാസം ആർത്തവവും, ദിവസംതോറും യോനിസ്രവണവും ഉണ്ടാകയും ആയതു് അല്പമല്ലാതിരിക്കയും ചെയ്യുന്നതു് ഏതവൾക്കോ അവളുടെ ഗർഭം മുമ്പത്തെ വലുപ്പത്തിൽനിന്നു ചെറുതാകയും വളരെക്കാലം കൂടുമ്പോൾ കുറച്ചുമാത്രം ഇളകുകയും കുക്ഷി ക്രമേണ ക്ഷയിക്കയും ചെയ്യും. ഈ ഗർഭത്തെ ഉപശുഷ്കമെന്നും നാഗോദരമെന്നും പറയുന്നു.

തൌ തു മാതുരാഹാരരസേജസാല്പനാപ്യായ്യമാനൌ യദാ പുഷ്ടൌ സ്യാതാം കേശദശനാദിയുക്തൌ തദാ വൎഷഗണൈരപി പ്രമദാ പ്രസൂയത ഏവ ച ॥

സാ—ഈ ഉപവിഷ്ടകവും ഉപശുഷ്കകവും മാതാവിന്റെ അല്പമായ ആഹാരരസംകൊണ്ട് തൎപ്പണം ചെയ്യപ്പെടുന്നവയായിട്ട് ക്രമേണ പുഷ്ടിയെ പ്രാപിച്ചാൽ അപ്പോൾ കേശദന്താദികളോടുകൂടിയവയായി ഭവിക്കും. ഇവയെ വളരെ കൊല്ലങ്ങൾ കഴിഞ്ഞാലും സ്ത്രീ പ്രസവിക്കും.

ഇനി ഉപവിഷ്ടകനാഗോദരങ്ങൾക്ക് ദോഷഭേദേനയുള്ള ഭേദങ്ങളെ പറയുന്നു:—

തത്ര വാതേനോപവിഷ്ടകോപശുഷ്കകയോൎവ്വായുഃ പ്രതിഹന്യതേ സശബ്ദം ഫേനിലം വിച്ഛിന്നം ശകൃദുപവേശ്യതേ കടിപൃഷ്ഠഹൃദയേഷു വേദനാ ജൃംഭാ നിദ്രാനാശോഽഭീക്ഷ്ണം പ്രതിശ്യായഃ ശുഷ്കകാസഃ സാദഃ ക്ഷ്വേള്യേതേ ഇവ കൎണ്ണൌ തുദ്യേതേ ഇവ ശംഖൌ പിപീലികാഭിരിവ സംസൃജ്യതേ ശരീരം പരികൃന്തന്നിവ വായുൎഭ്രമതി കുക്ഷൌ തമ ഇവ പ്രവേശ്യതേ ദുഃഖേനാന്നസ്യ ജരണമഹരഹഃ പരിഹാനിഃ സ്ഫുടിതവിവൎണ്ണപരുഷത്വക്ത്വഞ്ച ഭവതി ॥

സാ—മേൽപറഞ്ഞ ഉപവിഷ്ടകം ഉപശുഷ്കകം (നാഗോദരം) എന്നിവ വാതാധിക്യംകൊണ്ടുള്ളവയായിരുന്നാൽ അവയിൽ വായു ഗൎഭത്താൽ തടുക്കപ്പെടുകയും, മലം ശബ്ദത്തോടും നുരയോടുംകൂടിയും മുറിഞ്ഞും പോകയും, മൂത്രത്തിന്ന തടവുണ്ടാകയും, അരക്കെട്ടിലും പൃഷ്ഠത്തിലും നെഞ്ഞത്തും വേദനയുണ്ടാകയും, കോട്ടുവായ ഉറക്കമില്ലായ്മ പീനസം ശുഷ്കകാസം തളൎച്ച എന്നിവ ഉണ്ടാകയും, ചെവികൾ മൂളുന്നതുപോലേയും ചെന്നികൾ (ശംഖങ്ങൾ) കുത്തുന്നതുപോലേയും മേൽ ഉറുമ്പരിക്കുന്നതുപോലേയും തോന്നുകയും, വായു അരിഞ്ഞുനോവുന്നതുപോലെ വേദനയുണ്ടാക്കിക്കൊണ്ടു കുക്ഷിയിൽചുററി തിരിയുകയും, കണ്ണ് ഇരുളടയുകയും, അന്നം ദഹിപ്പാൻ പ്രയാസമാകയും, ദിവസംതോറും മെലിച്ചിലുണ്ടാകയും, തൊക്ക് വിണ്ട് വിവൎണ്ണമായി പരുപരുക്കനെ ആയിത്തീരുകയും ചെയ്യും.

പിത്തേന തംമ്രഹരിതമുപവേശ്യതേ ധൂമകോല്ലകഃ ഛൎദ്ദിൎമ്മൂൎച്ഛാ കുക്ഷിഹൃദയദാഹഃ പീതരക്തഗോമൂത്രാഭനേത്രമൂത്രനഖത്വക്ത്വം കാളീ ദുൎബ്ബലാ നിത്യശൂനാ ച നാരീ ഭവതി ॥

സാ—പിത്തംകൊണ്ടുള്ള ഉപവിഷ്ടകോപശുഷ്കകങ്ങളിൽ ചെമ്പു

നിറമായും പച്ചനിറമായും മലം പോകും. പുകഞ്ഞു പൊട്ടൽ, പുളിച്ചുതേട്ടൽ, ഛർദ്ദി, മോഹാലസ്യം, വയറിലും ഹൃദയത്തിലും ചുട്ടുനീറൽ, കണ്ണിനും മൂത്രത്തിനും നഖത്തിനും ത്വക്കിനും പീതരക്തഗോമൂത്രാഭത്വം എന്നിവ ഭവിക്കും (പീതരക്തഗോമൂത്രാഭത്വം = ഗോമൂത്രംപോലെ പീതരക്തവർണ്ണമുള്ളതായിരിക്കുന്ന അവസ്ഥ). ഇതിനുപുറമേ ആ രോഗമുള്ള സ്ത്രീ കറുത്തും ബലഹീനയായും ശൂന്യയായും ഇരിക്കുന്നവളായി ഭവിക്കയും ചെയ്യും.

ശ്ലേഷ്മണാ മധുരാസ്യത്വമുൽക്ലേശഃ ശ്ലേഷ്മോദ്വമനം ഭക്തദ്വേഷഃ ശ്വേതഹസ്തപാദനേത്രതാ കാസഃ ശ്വാസശ്ച ॥

സാ — കഫംകൊണ്ടുള്ള ഉപവിഷ്ടകോപശുഷ്കകങ്ങളിൽ ഗർഭിണിയുടെ വായയ്ക്കു മധുരരസം, ഉൾപ്പുഴുക്ക്, കഫം ഛർദ്ദിക്കൽ, അന്നദ്വേഷം എന്നിവയുണ്ടാകയും ഹസ്തപാദനേത്രങ്ങൾ ശ്വേതവർണ്ണമായി ഭവിക്കയും ചുമയും ഏക്കവും ഉണ്ടാകയും ചെയ്യും.

ഇനി ഇവയുടെ ചികിത്സ പറയുന്നു:—

തയോർജ്ജീവനീയബൃംഹണീയമധുരൗഷധസിദ്ധാനാം സർപ്പിഷാമുപയോഗഃ, തഥാ പയസാം രസാനാമാമഗർഭാണാഞ്ച ഗർഭവൃദ്ധികരഃ । തഥാ സംഭോജനമേതൈരേവ ച ഘൃതാദിഭിഃ । സുഭിക്ഷായാ അഭീക്ഷ്ണം യാനവാഹനാപവർജ്ജനബൃംഹണൈരുപപാദനം ॥

സാ — ഈ ഉപവിഷ്ടകം, ഉപശുഷ്കകം എന്നിവയിൽ ജീവനീയങ്ങളും ബൃംഹണീയങ്ങളും മധുരങ്ങളുമായ ഔഷധങ്ങളെക്കൊണ്ടു കാച്ചിയ നെയ്യുകൾ സേവിക്കുന്നതും, ആ ഔഷധങ്ങളെക്കൊണ്ടുതന്നെ സംസ്കരിക്കപ്പെട്ട പാലുകൾ മാംസരസങ്ങൾ ജന്തുക്കളുടെ ആമഗർഭങ്ങൾ എന്നിവയെ ഉപയോഗിക്കുന്നതും ഗർഭത്തിനു വൃദ്ധിയെ ഉണ്ടാക്കുന്നതാണ്. ഈ നൈ മുതലായവ കൂട്ടി ഉണ്ണുന്നതും നല്ലതാണ്. ഗർഭിണിക്കു ആഹാരാദികളെക്കൊണ്ടു തൃപ്തിവരുത്തി യാനവാഹനങ്ങളെക്കൊണ്ട് ഉപാവർജ്ജനം ചെയ്കയും (ഉപചരിക്കുകയും) ബൃംഹണങ്ങളായ ദ്രവ്യങ്ങളെ ശീലിപ്പിക്കുകയും ചെയ്യുന്നതു നല്ലതാണ്. ഇതാണ് ഉപവിഷ്ടകോപശുഷ്കകങ്ങൾക്കുള്ള സാമാന്യചികിത്സ. ഇനി വിശേഷചികിത്സയെ പറയുന്നു.

അഥ വിശേഷേണ വാതേ പൂർവ്വമേവ സൈന്ധവോപഹിതം ക്ഷീരാവസ്ഥം ദത്വാ ശീതോദകസ്നാതാം മൃദുശാല്യോദനം ഭോജ

യേൽ । തതോ വിദാര്യാദിഗണസാധിതേന സർപ്പിഷാനുവാസയേൽ । നിവാതഞ്ച സേവേത । പിത്തേ മധുകവിദാരീനിഷ്കഥസിദ്ധം പയഃ പിബേൽ । തിസ്രഃ സ്ഥൂലകർക്കടികീസ്സുഷമാഷാഢകഞ്ച ക്ഷീരോദകേനോലൂഖലേ സംക്ഷുദ്യ തദ്രസേന സർപ്പിഷാ ച തിത്തിരികപിഞ്ജലാന്യതരരസം സാധയിത്വാ പായയേദുപവിഷ്ടകവിവൃദ്ധ്യർത്ഥമുപശുഷ്കഗർഭവൃദ്ധ്യർത്ഥഞ്ച । അജാസർപ്പിഷാ ക്ഷീരേണ ജീവനീയൈശ്ച സംസ്കൃതാം യവാഗൂം പിബേൽ ॥

സാ — വാതംകൊണ്ടുള്ളതിൽ ആദ്യംതന്നെ ഇന്തുപ്പുചേർത്തതായ പാൽകൊണ്ടു വസ്തിചെയ്ത് ഗർഭിണിയെ തണുത്തവെള്ളത്തിൽ കുളിപ്പിച്ച് മൃദുവായ ചെന്നെല്ലരിച്ചോറ് ഭക്ഷിപ്പിക്കണം. പിന്നെ വിദാര്യാദിഗണത്തിലെ ഔഷധങ്ങളെക്കൊണ്ടു കാച്ചിയ നെയ്കൊണ്ട് സ്നേഹവസ്തിയെ ചെയ്യണം. കാററില്ലാത്തിടത്തു ഗർഭിണി ഇരിക്കുകയും വേണം. പിത്തംകൊണ്ടുള്ളതിൽ മധുകം (എരട്ടിമധുരം) വിദാരി (മുതുക്കിൻകിഴങ്ങ്) ഇവയിട്ടു കുറുക്കിയ പാൽ സേവിക്കണം. മൂന്ന് തടിച്ച പിടക്കോഴികളേയും ഒരു ആഢകം (നാലിടങ്ങഴി; അറുപത്തുനാലുപലം) തൊണ്ടുകളഞ്ഞ ഉഴുന്നുംകൂടി ഉരലിലിട്ടു പാൽവെള്ളം ചേർത്തിടിച്ച് അതിന്റെ രസവും നെയ്യും ചേർത്തതിൽ തിത്തിരി (തൈത്തിരിപ്പുള്ള്) കപിഞ്ജലം (കപിഞ്ജലപ്പക്ഷി) എന്നിവയിലൊന്നിന്റെ മാംസരസം പാകം ചെയ്ത് ആ ഗർഭിണിയെ സേവിപ്പിക്കുക. എന്നാൽ ഉപവിഷ്ടകത്തിങ്കൽ ഗർഭം വളരുകയും ഉപശുഷ്കകത്തിങ്കൽ ഗർഭം ബൃംഹിക്കുകയും ചെയ്യും. ആട്ടിൻനെയ്യ്, പാല്, ജീവനീയൌഷധങ്ങൾ എന്നിവ ചേർത്തുണ്ടാക്കിയ കഞ്ഞി കുടിക്കുകയും വേണം.

പയസ്യാകാകോളീദ്വയസുനിഷണ്ണകകല്ക്കേന പയസാ ച സർപ്പിർവ്വിപാചയേൽ । തൽ കല്യം ക്ഷീരാനുപാനമുപയുഞ്ജീത । ആമഗർഭസ്രവേ ചാസ്ഥിയാൽ । താനേവ ച തത്ര ദൃഷ്ടാൻ ഭക്ഷയേൽ । ജലചരമാംസാനി ച । കഫേ തു ആനൂപൌദകപിശിതോപദംശമച്ഛസുരാം ത്രിരാത്രം പഞ്ചരാത്രം സപ്തരാത്രം വാ പിബേൽ ॥

സാ — പയസ്യാ (അടപതിയൻകിഴങ്ങ്) കാകോളീദ്വയം (കാകോളിയും ക്ഷീരകാകോളിയും) സുനിഷണ്ണകം (നീരാരൽ) ഇവ അരച്ചു കല്ക്കംചേർത്തു പാലിൽ നെയ് കാച്ചുക. ആ നെയ് രാവിലെ സേവിക്കുകയും അനുപാനമായി പാൽതന്നെ കുടിക്കുകയും ചെയ്ക. ഭക്ഷണസമയത്ത് ആമഗർഭങ്ങളായ പ്രാണികളുടെ മാംസരസം കൂട്ടി ഉണ്ണുകയും

ആ രസത്തിൽതന്നെ ആമഗർഭമാംസങ്ങൾ വറുത്തിട്ട് ഭക്ഷിക്കുകയും വേണം. ജലചരങ്ങളായ പ്രാണികളുടെ മാംസങ്ങളെ ഭക്ഷിക്കുന്നതും നല്ലതാണ്. ഇത്രയുമാണ് പിത്തജങ്ങളായ ഉപവിഷ്ടകോപശുഷ്കങ്ങളുടെ ചികിത്സ. കഫംകൊണ്ടുള്ളവയുടെ ചികിത്സ പറയുന്നു. കഫ ഇതി—കഫംകൊണ്ടുള്ളതിൽ ആനൂപങ്ങളും ജലചരങ്ങളുമായ പ്രാണികളുടെ മാംസംകൊണ്ടുള്ള ഉപദംശംകൂട്ടി തെളിമദ്യത്തെ മൂന്നോ അഞ്ചോ ഏഴോ ദിവസം സേവിക്കണം. ഉപദംശം=മദ്യം കുടിക്കുമ്പോൾ കടിച്ചുതിന്നാനുള്ള സാധനം.

തിലമുദ്ഗമാഷലവണവിലേപാത്രൈഃ പഞ്ചഭിർഘൃതപാത്രം സംയോജ്യ സ്വനുഗുപ്തം നിധാപയേൽ । തതഃ പ്രാതഃ പിണ്ഡം വിലേപമാത്രം ശൃതശീതച്ഛാഗദുഗ്ദ്ധാനുപാനം വാശ്നീയാൽ । അത്രൈവ വാ ബദരചൂർണ്ണപാത്രമപി നിദധ്യാൽ । ഏവമവൃദ്ധൌ തീക്ഷ്ണൈർവ്വിരേചയേദപരാപാതനീയൈശ്ച പാതയേൽ ॥

സാ—തിലം (എള്ള്) മുദ്ഗം (ചെറുപയറ്) മാഷം (ഉഴുന്ന്) ലവണം (ഇന്തുപ്പ്) വിലേപം (കൂവളവേര്) ഇവ അഞ്ചുംകൂടി പൊടിച്ച പൊടി അഞ്ചുപാത്രവും ഒരു പാത്രം നെയ്യുംകൂട്ടിക്കലന്ന് സൂക്ഷിച്ച് വെക്കുക. അതിൽനിന്ന് ഒരുപലം (വിലേപം) സേവിച്ച് മീതെ കുറുക്കി ആറിയ ആട്ടിൻപാൽ കുടിക്കയും വേണം. ഇങ്ങിനെ ഒരു പ്രയോഗം. ഇനി തിലാദിപഞ്ചകത്തിൻെറ അഞ്ചുപാത്രവും നെയ്യ് ഒരു പാത്രവും കൂടിയതിൽ ബദര (ലന്തക്കുരു) ചൂർണ്ണത്തിൻെറ ഒരു പാത്രംകൂടി കൂട്ടിക്കലർത്തിയും വെക്കാം. അതും മേൽപ്രകാരം ആട്ടിൻപാൽ അനുപാനമായിട്ടുതന്നെ സേവിക്കുക. ഇങ്ങിനെയായാൽ ഗർഭം വർദ്ധിക്കും. ഇങ്ങിനെയായിട്ടും വർദ്ധിച്ചില്ലെങ്കിൽ ആ ഗർഭം നശിച്ചതായി വിചാരിച്ച് തീക്ഷ്ണങ്ങളായ ദ്രവ്യങ്ങളെക്കൊണ്ടു വിരേചനം വരുത്തുകയോ, അതല്ലെങ്കിൽ മറുപിള്ള വീഴാനുള്ള പ്രയോഗങ്ങൾ മുമ്പു പറഞ്ഞവയെ പ്രയോഗിച്ച് ആ ഗർഭത്തെ പതിപ്പിക്കയോ വേണം [ഇവിടെ പാത്രം എന്നു പറഞ്ഞത് ശുഷ്കദ്രവ്യമാണെങ്കിൽ അറുപത്തിനാലുപലമെന്നും, നെയ്യാണെങ്കിൽ ഒരുനൂററിരുപത്തെട്ടുപലം എന്നും ഗ്രഹിക്കേണ്ടതാണ് ]

യസ്യാഃ പുനർവ്വാതോപസൃഷ്ടസ്രോതസി ലീനോ ഗർഭഃ പ്രസുപ്തോ ന സ്പന്ദതേ തം ലീനമിത്യാഹുഃ । തത്ര ശ്യേനോൽക്രോശഗോമത്സ്യഗോധാശിഖികുക്കുടതിത്തിരിരസേന ഭൂരിസർപ്പിഷ്കേണ മാഷയൂഷേണ വാ ഘൃതാഢ്യേന രക്തശാല്യോദനം ഭോജയേൽ ।

സക്തൂൻ വാ തിലമാഷബില്വശലാടുയുക്താൻ പയസാ പായയേൽ। മേദ്യമാംസം ശ്വാപദാംശം വാ മാൎദ്വീകം। തൈലേന ചാഭീക്ഷ്ണമുദരവംക്ഷണോരുകടീപാൎശ്വപൃഷ്ഠാന്യഭ്യഞ്ജ്യാൽ। മുഹുൎമ്മുഹുശ്ചൈനാം ഹൎഷയേൽ। പൂൎവ്വോക്തഞ്ചൌഷധം। യസ്യാഃ പുനരുദാവൎത്തവിബന്ധഃ സ്യാത്താം വാതഹരസ്നിഗ്ദ്ധാന്നപാനൈരുപാചരേൽ॥

സാ—യാതൊരുവളുടെ മഹാസ്രോതസ്സിനെ വാതം ദുഷിപ്പിക്കുയാൽ ആ സ്രോതസ്സിങ്കൽ ഗൎഭം ലീനമായി പ്രസ്പൃഷ്ടമായി ഭവിച്ച് എളുകാതിരിക്കുന്നുവോ ആ ഗൎഭത്തെ ലീനം എന്നു പറയുന്നു. ഇതിങ്കൽ ശ്യേനം (പരുന്ത്) ഉൽക്രോശം (പൊന്മാൻപക്ഷി) ഗോവ്, മത്സ്യം, ഗോധാ (ഉടുമ്പ്) ശിഖി (മയിൽ) കുക്കുടം, തിത്തിരി (തിത്തിരിപ്പുള്ള്) ഇവയിലൊന്നിന്റെ മാംസരസത്തിൽ ധാരാളം നെയ്ചേൎത്തു. അതു കൂട്ടിയോ ചാറുകൂട്ടിയോ ചെന്നെല്ലരിച്ചോറ് ഭക്ഷിക്കുക. എള്ള് ഉഴുന്ന് എളയകൂവളക്കായ എന്നിവയോടുകൂടി മലരപ്പൊടി പാലിൽ കുടിക്കുകയും ചെയ്യാം. മേദസ്സോടുകൂടിയ പ്രാണികളുടെ മാംസങ്ങളെ ഉപദംശമാക്കി മാൎദ്വീകമെന്ന മദ്യത്തെയും കുടിക്കാം. എണ്ണകൊണ്ട് എല്ലായ്പോഴും വയർ, കടി, തുട, അരക്കെട്ട്, വാരിപ്പുറം, പൃഷ്ഠം എന്നിവയിൽ അഭ്യംഗവും ചെയ്യണം. ഗൎഭിണിയെ സന്തോഷകരങ്ങളായ കഥാലാപാദികളെക്കൊണ്ട് പിന്നെയും പിന്നെയും ഹൎഷിപ്പിക്കയും വേണം. കൂടാതെ, മുമ്പു ഗൎഭവൃദ്ധിക്കായി പറഞ്ഞിട്ടുള്ളതും നോക്കി വേണ്ടതു ചെയ്യണം. "ലീന" മുള്ളവളായ യാതൊരുവൾക്ക് ഉദാവൎത്തമെന്ന മലബന്ധം ഭവിക്കുമോ അവളെ വാതഹരങ്ങളും സ്നിഗ്ദ്ധങ്ങളുമായ അന്നപാനങ്ങളെക്കൊണ്ട് ഉപചരിക്കണം.

അഷ്ടമേ തു മാസേ മധുകസിദ്ധേന തൈലേനാനുവാസയേൽ। തദസിദ്ധൌ വീരണശാലികുശകാശേക്ഷുബാലികാവേതസപരിവ്യാധമൂലാനാം ഭൂതീകാനന്താകാശ്മൎയ്യപരൂഷകമധൂകമൃദ്വീകാനാഞ്ച പയസാൎദ്ധോദകേനോദ്ധൃത്യ രസം തേന പ്രിയാളവിഭീതകമജ്ജതിലകല്ക്കയുക്തേനാല്പലവണേന നിരൂഹയേൽ। വിഗതവിബന്ധാഞ്ച സ്നാതാശിതാം സായം തേനൈവ തൈലേനാനുവാസയേൽ॥

സാ—എട്ടാമത്തെ മാസത്തിൽ മധുകം (എരട്ടിമധുരം) കൊണ്ടു കാച്ചിയ തൈലംകൊണ്ടു ഗൎഭിണിക്കു സ്നേഹവസ്തിയെ ചെയ്യണം. അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ട ഫലം ഇല്ലാതെ വന്നാൽ വീരണം (വെളുത്ത

രാമച്ചം) ശാലി (ചെന്നെല്ല്) കുശം (ദർഭ) കാശം (അമ) ഇക്ഷുബാലികാ (വെള്ളക്കരിമ്പ്) വേതസം (ആറുദർഭ) പരിവ്യാധം (ആററുവഞ്ഞി) ഇവയുടെ വേരും, ഭ്രുതീകാ (പുത്തരിച്ചുണ്ടവേര്) അനന്താ (വെള്ളത്ത കൊടിത്തൂവ്വ) കാശ്മര്യം (കുമിഴ്) പരൂഷകം (ചിററീന്തൽ) മധൂകം (ഇരിപ്പക്കാതൽ) മധുകം (എരട്ടിമധുരം) മൃദ്വീകാ (മുന്തിരിങ്ങ) എന്നിവയുടെ മൂലങ്ങളോ ഫലങ്ങളോ യഥാസംഭവം എടുത്തതും പാതി വെള്ളം ചേർത്ത പാലിൽ ഇടിച്ചുപിഴിഞ്ഞു രസമെടുത്ത് ആ രസത്തിൽ പ്രിയാളം (മുറൾ) വിഭീതകം (താന്നി) ഇവയുടെ കായിന്നുള്ളിലുള്ള മജ്ജയും എള്ളും അരച്ചുചേർത്ത് അല്പം ഉപ്പുംചേർത്ത് ഇളംചൂടോടുകൂടിയ ആ രസംകൊണ്ട് കഷായവസ്തിയെ ചെയ്യണം. മലബന്ധം മാറിയാൽ കുളിയും ഊണും കഴിപ്പിച്ച് വൈകുന്നേരം ആദ്യം സ്നേഹവസ്തി ചെയ്യുതിന്നുപയോഗിച്ച എരട്ടിമധുരംകൊണ്ടുള്ള എണ്ണകൊണ്ടുതന്നെ സ്നേഹവസ്തിയും ചെയ്യണം.

ഉദാവർത്തോ ഹി സമുപേക്ഷിതഃ സഹസാ സഗർഭാം ഗർഭിണീമതിപാതയേൽ ॥

സാ—ഉദാവർത്തം ഉണ്ടായാൽ തീർച്ചയായും അതിനുള്ള ചികിത്സ വേഗത്തിൽ ചെയ്യണം. അതു ചെയ്യാതെ ഉപേക്ഷയായി വിട്ടാൽ ഗർഭത്തോടുകൂടിയ ഗർഭിണിയെ (തള്ളയേയും പിള്ളയേയുമെന്നർത്ഥം) പെട്ടന്ന് അപായപ്പെടുത്തിയേക്കും.

യസ്യാഃ പുനരതിമാത്രദോഷോപചയാദ്യഥോക്തൈർവ്വാ വ്യവായാദിഭിരന്യൈർവ്വാ വ്യാധിഭിഃ പൂർവ്വോപചിതേന വാ ജനന്യപത്യയോഃ കർമ്മണാ ബന്ധാന്മുച്യതേ ഗർഭഃ ഫലമിവ വൃന്താൽ സമുക്തബന്ധനോ ഗർഭശയ്യാമതിക്രമ്യ യകൃൽപ്ലീഹാന്ത്രവിവരൈരവസ്രംസമാനഃ കോഷ്ഠസംക്ഷോഭമാപാദയതി । തതഃ കോഷ്ഠസംക്ഷോഭാദപായുരപാനോവാ മൂഢഃ കുക്ഷിവസ്തിപാർശ്വോദരയോനിശൂലാനാഹവിണ്മൂത്രസംഗാനാപാദ്യ ഗർഭം ച്യാവയതി തരുണം ശോണിതഭാവേന । സോഭിഹിതഃ പ്രാക് ॥

സാ—യാതൊരു ഗർഭിണിക്ക് അത്യധികമായ ദോഷവൃദ്ധിനിമിത്തമോ, ഗർഭഹാനികരങ്ങളായി മുമ്പ് പറയപ്പെട്ട മൈഥുനാദികളെക്കൊണ്ടോ, മററുവല്ല വ്യാധികളും ഹേതുവായോ, മാതാവിന്റെയും ശിശുവിന്റെയും പൂർവ്വകർമ്മപരിപാകത്താലോ, ഫലം ഞെട്ടിയിൽനിന്നെന്നപോലെ, ഗർഭം അതിന്റെ ബന്ധനത്തിങ്കൽനിന്നു വേർപെടുന്നുവോ, അങ്ങിനെ മുക്തബന്ധനമായ അവളുടെ ആ ഗർഭം ഗർഭശയ്യയെ അ

തിക്രമിച്ച് യകൃത്തിൽക്കൂടെയും പ്ലീഹയിൽക്കൂടെയും കുടലിൽക്കൂടെയും സ്രംസിക്കുന്നതായിട്ട് കോഷ്ഠത്തിന്നു സംക്ഷോഭമുണ്ടാകും. ആ കോഷ്ഠസംക്ഷോഭം ഹേതുവായിട്ട് അപാനവായുവിന്നു മൌഢ്യം ഭവിച്ച് ആ വായു കുക്ഷിവസ്തിപാൎശ്വോദരയോനികളിൽ വേദന, വയർവീൎപ്പ്, മലമൂത്രങ്ങൾക്കു തടവ് എന്നിവയെ ഉണ്ടാക്കി തരുണാവസ്ഥയിലിരിക്കുന്ന ഗർഭത്തെ രക്തമെന്ന നിലയിൽ പുറത്തേക്ക് ഒലിപ്പിക്കും. ഇതിന്നു വേണ്ട ചികിത്സ എന്തെന്നു മുമ്പു പറയപ്പെട്ടിട്ടുണ്ട്.

**വിവൃദ്ധേ തു ഗർഭേ സ്പന്ദം സ്തിമിതം ശീതമശ്മഗർഭമിവോദരമാഭാതി । ശൂലമധികമുപജായതേ ന ച സ്പന്ദതേ ഗർഭോ നാവ്യഃ പ്രാദുർഭവന്തി ന സ്രവതി യോനിരക്ഷിണീ ചാസ്യാഃ സ്രംസ്യേതേ തഥാ ഭൃശമരതിപരീതാ വ്യഥതേന്യഥാ ചേഷ്ടതേ താമ്യതി ഭ്രാമ്യതി രോദിത്യഹന്നിശം ന സ്വപിതി പൂത്യുച്ഛ്വാസാ കൃച്ഛ്രോച്ഛ്വാസിത്യതികഷ്ടം പ്രാണിതി ജക്ഷിതി । ഇത്യേവംവിധാം സ്ത്രീയം മൃതഗർഭാം വിദ്യാൽ ॥**

സാ—ഗർഭം വൃദ്ധിയെ പ്രാപിച്ചതിന്നുശേഷമാണ് ഗർഭത്തിന്നു വ്യാപത്തു ഭവിക്കുന്നതെങ്കിൽ ഗർഭിണിയുടെ വയറ് സ്തംഭിച്ചും നിശ്ചലമായും തണുത്തും ഉള്ളിൽ കല്ലായാലത്തെ മാതിരിയായും തോന്നും. വയററിൽ വേദന കലശലായി ഭവിക്കും. ഗർഭം എളകുകയില്ല. നോവുകൾ പുറപ്പെടുകയില്ല. യോനിയിൽനിന്നു ജലം സ്രവിക്കുകയില്ല. കണ്ണുകൾ രണ്ടും അയഞ്ഞിരിക്കും. ഏററവും അരതിയോടുകൂടിയവളായിട്ട് ഗർഭിണി വേദനയെ അനുഭവിക്കും. മാറി മാറി പ്രവൎത്തിക്കും. തളരുകയും തലതിരിയുകയും കരയുകയും രാവുപകൽ ഉറങ്ങുകയും ചെയ്യും. അവൾ ശ്വാസം വിടുന്നതു ദുൎഗ്ഗന്ധമുള്ളതായിരിക്കും. ശ്വാസം കഴിക്കുന്നതിന്നുതന്നെ വളരെ പണിപ്പെടേണ്ടിവരും. അവൾ ജീവിക്കുന്നതു വളരെ കഷ്ടപ്പെട്ടിട്ടാകും. ഭക്ഷണം കഴിപ്പാനും വലിയ കഷ്ടമായിരിക്കും. ഇങ്ങിനെയുള്ള സ്ത്രീയെ മൃതഗർഭാ (മരിച്ച ഗർഭത്തോടുകൂടിയവൾ) എന്നറിയണം.

**തത്ര ഗർഭം കദാചിദസമ്യഗപത്യപഥമനേകധാ പ്രതിപന്നം ദ്വിഗുണമേവ വായുനാ പീഡിതം മോഹിതഞ്ച മൂഢഗർഭമിത്യാഹുഃ । വിഗുണാനിലപ്രതിപീഡനവൈചിത്ര്യാദസംഖ്യേശതിഞ്ച ॥**

സാ—ആ ഗർഭം പിഴച്ചപ്പോൾ വായുവിന്റെ വൈഗുണ്യം ഹേതു

വായി ശരിയായ നിലയിലല്ലാതെ അനമൃക്കായിട്ട് (അനൃജുവായിട്ട്) അപത്യമാർഗ്ഗത്തിലേക്ക് അനേകധാ പ്രവർത്തിച്ച് വിഗുണനായ വായുവിനാൽ പീഡിപ്പിക്കപ്പെടുകയും മോഹിപ്പിക്കപ്പെടുകയും ചെയ്തിട്ടു ഭവിക്കും. അങ്ങിനെയുള്ള ഗർഭത്തെ ആചാര്യന്മാർ മൂഢഗർഭം എന്നു പറയുന്നു. വിഗുണനായ വായുവിനാൽ പലപ്രകാരം പീഡിപ്പിക്കപ്പെട്ടതാകകൊണ്ട് അത് അസംഖ്യഗതികളോടുകൂടിയതാണെന്നും പറയുന്നു. [മൂഢഗർഭം ശരിയായ മാർഗ്ഗത്തിൽക്കൂടെ വന്നു പ്രസവിക്കപ്പെടാതെ പല വഴിക്കും ചെന്നു തിരിഞ്ഞ് ഉപദ്രവത്തെ ചെയ്യുമെന്നു സാരം.]

**സമാസതസ്തു ത്രിവിധാ ഗതിരൂർദ്ധ്വാ തിര്യക് ന്യുബ്ജാ ച ।**
**സംസ്ഥാനാനി പുനരഷ്ടൗ । താന്യത്രൈവോത്തരത്ര വക്ഷ്യന്തേ ॥**

സാ—ആ മൂഢഗർഭത്തിന്നു ചുരുക്കത്തിൽ മൂന്നുവിധം ഗതിയുണ്ട്. ഒന്ന് ഊർദ്ധ്വഗതി. രണ്ട് തിര്യഗ്ഗതി. (ഇതിങ്കൽ ഗർഭം ഗർഭിണിയുടെ ഒരു പാർശ്വത്തിലേക്കു കാലുകളും മറ്റെ പാർശ്വത്തിലേക്കു ശിരസ്സുമായി വിലങ്ങത്തിലിരിക്കും) മൂന്ന് ന്യുബ്ജഗതി (തലകീഴായുള്ള ഗതി) ആ ഗർഭത്തിന്ന് എട്ടുവിധം സംസ്ഥാനങ്ങൾ (സ്ഥിതികൾ) ഉണ്ട്. അവ ഇവിടെത്തന്നെ മുകളിൽ പറയപ്പെടും [(1) കാലുകൾ മുമ്പോട്ടായി കട്ടി പുറത്തേക്കു വരുന്നത് (2) ഒരു കാൽമാത്രം പുറത്തേക്കായി വരുന്നത്. (3) ആസനം പുറത്തേക്കായി വരുന്നത്. (4) വിലങ്ങത്തിൽ (5) പാർശ്വഭാഗത്തേക്കു തലയായിട്ടുള്ളത്. (6) കൈരണ്ടും പുറത്തേക്കായി വരുന്നത് (7) മുഖം മുതലായവ മുമ്പോട്ടായി വരുന്നത്. (8) ഒരു കാൽ യോനിയിലേക്കും മറ്റേകാൽ ഗുദത്തിലേക്കുമായി വരുന്നത്.]

**തേഷു സർവ്വേഷ്വപി വിപരീതേന്ദ്രിയാർത്ഥാമാക്ഷേപയോനിഭ്രംശസംവരണമക്കല്ലശ്വാസഭ്രമാഭിപന്നാം ശീതഗാത്രാം പൂത്യുദ്ഗാരാഞ്ച വർജ്ജയേൽ ॥**

സാ—മേൽപറഞ്ഞ എല്ലാ മൂഢഗർഭങ്ങളിലും ഗർഭിണി വിപരീതേന്ദ്രിയാർത്ഥതാദികളോടുകൂടിയിരുന്നാൽ അത് അസാദ്ധ്യലക്ഷണമാകയാൽ വൈദ്യൻ വർജ്ജിക്കണം. വിപരീതേന്ദ്രിയാർത്ഥാ=ശബ്ദരൂപരസഗന്ധസ്പർശങ്ങൾ എന്ന ഇന്ദ്രിയാർത്ഥങ്ങളെ വിപരീതമായി തോന്നുന്നവൾ. ആക്ഷേപ......ഭിപന്നാം=ആക്ഷേപമെന്ന വാതവികാരം, യോനിഭ്രംശം, യോനിക്ക് അടവ്, മക്കല്ലം, ശ്വാസം, ഭ്രമം എന്നിവയാൽ

പിടിപ്പിക്കപ്പെട്ടവൾ. ശീതഗാത്രാ=ദേഹം തണുത്തവൾ. പൂതിഗന്ധാ=ദുർഗ്ഗന്ധമുള്ളതായ തേട്ടലോടുകൂടിയവൾ.

**ന ഹി ക്ഷണമപ്യുപേക്ഷേത ഗർഭശല്യം । തദ്ധി നിരുച്ഛ്വാസീകൃത്യാശു ജനനീം ഹന്യാൽ ॥**

സാ—ഗർഭശല്യത്തെയാകട്ടെ വൈദ്യൻ ഒരു ക്ഷണംപോലും ഉപേക്ഷിക്കരുത്. ഗർഭശല്യമെന്നാൽ മൃതമായ ഗർഭമാകുന്നു. മരിച്ചകുട്ടി ഉള്ളിലിരുന്നാൽ ശസ്ത്രാദികൾ ഉള്ളിൽപെട്ടാലെന്നപോലെ ഉപദ്രവം ചെയ്യുന്നതുകൊണ്ട് അതിനെ ശല്യശബ്ദംകൊണ്ടു വ്യവഹരിക്കുന്നു. ഗർഭശല്യം അകത്തിരുന്നാൽ മാതാവിന്റെ ശ്വാസോച്ഛ്വാസങ്ങളെ തടസ്ഥപ്പെടുത്തി വേഗത്തിൽ മാതാവിനെ ഹനിക്കും.

മേൽപ്രകാരം മൃതഗർഭം മാതൃഹാനികരമാണെന്നു പറഞ്ഞിട്ട്, മൃതമല്ലാത്ത ഗർഭവും ശസ്ത്രക്രിയനിമിത്തം മാതാവിന്നു നാശം വരുത്തുമെന്നു പറയുന്നു:—

**സചേതനശ്ച ഗർഭശ്ശസ്ത്രേണ വിദാര്യമാണോ വിഷമമംഗാനി വിക്ഷിപേൽ । തസ്മാത്തത്സംഗേ സൂത്യഃ പ്രയതേരൻ പൂർവ്വോക്താനി ച മന്ത്രൗഷധാനി പ്രയുഞ്ജീത । ത്രിവിധസ്തു സംഗോ ഭവതി, ശിരസ്യംസേ ജഘനേ വാ ॥**

സാ—സചേതനം (ജീവനുള്ളത്) ആയ ഗർഭവും, അജ്ഞതനിമിത്തം ശസ്ത്രംകൊണ്ടു വിദാരണം ചെയ്യപ്പെടുന്നതായാൽ, അംഗങ്ങളെ വിഷമമാകുംവണ്ണം വിക്ഷേപിക്കും. ആകയാൽ അതും ഗർഭശല്യമെന്നപോലെ മാതാവിനെ ശ്വാസംമുട്ടിച്ച് ഹനിക്കുമെന്നു താൽപര്യം. ആകയാൽ ജീവനോടുകൂടിയിരിക്കുന്നതായ ഗർഭത്തിന്നു പ്രസവിക്കാതെ സംഗം ഭവിച്ചാൽ സൂതികൾ (സൂതികർമ്മിണികൾ; അനേകം പ്രസവങ്ങളുടെ അനുഭവമുള്ളവരെന്നു സാരം) ആ സംഗംതീർത്തു വഴിപോലെ പ്രസവിപ്പിക്കാനായി പലതരം ഉപായങ്ങളെ പ്രയോഗിച്ച് പ്രയത്നം ചെയ്യണം. മുമ്പു പറയപ്പെട്ടവയായ മന്ത്രൗഷധങ്ങളെ വൈദ്യനും പ്രയോഗിക്കണം. ജീവനുള്ള ഗർഭത്തിന്നു മൂന്നുവിധത്തിലാണ് സംഗം ഭവിക്കുക. അവ ഒന്ന് ശിരസ്സിലും, രണ്ട് ചുമലിലും, മൂന്ന് ജഘനത്തിലുമാകുന്നു.

അനന്തരം മൂഢഗർഭാഹരണത്തെപ്പററി പറയുന്നു:—

**മൂഢഗർഭസ്യ തു ജരായുപാതനസാമാന്യം കർമ്മേത്യേകേ । മന്ത്രാദികർമ്മാഥർവ്വവേദവിഹിതമിത്യേകേ । ദൃഷ്ടകർമ്മണാ ശല്യഹർത്രാ ശല്യാഹരണമിത്യേകേ ॥**

സാ—മൂഢഗർഭത്തിന്റെ ആഹരണത്തിന്നുള്ള ചികിത്സ ജരായുപാതനത്തിന്നുള്ളതുപോലെതന്നെയാണെന്നു ചില ആചാൎയ്യന്മാർ പറയുന്നു. അചേതനത്വംകൊണ്ട് മൂഢഗർഭം ജരായുവിനോടു തുല്യമാകയാലാണ് അങ്ങിനെ പറയുന്നത്. മററു ചില ആചാൎയ്യന്മാർ അഥൎവ്വണവേദത്തിൽ പറയുന്ന മന്ത്രം മുതലായവയാണ് മൂഢഗർഭാഹരണത്തിന്നുള്ള കൎമ്മം എന്നഭിപ്രായപ്പെടുന്നു. ഇവരുടെ പക്ഷം ദൈവ (അദൃഷ്ട)മാണ് മൂഢഗർഭത്തിന്നു ഹേതു എന്നാകുന്നു. വേറെ ചില ആചാൎയ്യന്മാർ ശസ്ത്രം പ്രയോഗിക്കുന്നതിൽ കുശലനായ വൈദ്യൻ ശല്യത്തെ എടുക്കുകയാണു വേണ്ടതെന്നും പറയുന്നു. പ്രത്യക്ഷാനുഭവമാണ് ഇവരുടെ പക്ഷത്തിന്നു പ്രമാണം.

**ന ത്വതഃ കഷ്ടതമമസ്തി ശസ്ത്രകൎമ്മ । യതോ യോനിയകൃൽ**
**പ്ലീഹാന്ത്രഗൎഭാശയാദീനാം മദ്ധ്യേ താനനുപഹിംസതാ സ്പൎശവതാ**
**ശസ്ത്രമവചാൎയ്യമുൽകൎഷണവ്യാവൎത്തനോൽകൎത്തനച്ഛേദനഭേദന**
**പീഡനൎജ്ജുകരണാനി ചൈകേന പാണിനാ കാൎയ്യാണി ॥**

സാ—ശസ്ത്രകൎമ്മങ്ങളിൽവെച്ച് ഗർഭസംബന്ധമായ ശസ്ത്രക്രിയയേക്കാൾ ബുദ്ധിമുട്ടുള്ളതായിട്ടു മറെറാന്നില്ല. എന്തുകൊണ്ടെന്നാൽ ഇതിങ്കൽ വൈദ്യൻ യോനി, യകൃത്ത്, പ്ലീഹ, ആന്ത്രം, ഗർഭാശയം മുതലായവയുടെ മദ്ധ്യത്തിങ്കൽ അവയ്ക്കൊന്നും കേടുവരുത്താതേയും സ്പൎശനം ചെയ്യുന്നവനായും വേണം ശസ്ത്രത്തെ പ്രയോഗിക്കുവാൻ. ശസ്ത്രം പ്രയോഗിക്കുന്ന സ്ഥാനം കണ്ണിന്നു വിഷയമല്ലായ്കയാൽ സ്പൎശനത്തെ അടിസ്ഥാനപ്പെടുത്തിമാത്രം ശസ്ത്രം പ്രയോഗിക്കേണ്ടതുകൊണ്ടും അതിൽവെച്ചും യോന്യാദികളെ രക്ഷിക്കേണ്ടതുകൊണ്ടുമാണ് ഗൎഭശസ്ത്രകൎമ്മത്തിന്നധികം പ്രയാസം എന്നു സാരം. എന്നുതന്നെയല്ല, ഉൽകൎഷണവ്യാവൎത്തനാദികളെല്ലാം ഒരേ കൈകൊണ്ടുതന്നെ ചെയ്യേണ്ടിവരികയും ചെയ്യുന്നു.

**തസ്മാദീശ്വരമാപൃച്ഛ്യ പരഞ്ച യത്നമാസ്ഥായ തദ്വിദ്യസ**
**ഹിതസ്സമുപക്രമേൽ । അക്രിയായാം ധ്രുവം മരണമ് । ഉപക്രമേ**
**സംശയഃ । തഥോദരാശ്മരീപ്രഭൃതീനപി ॥**

സാ—അതുകൊണ്ട് വൈദ്യൻ രാജാവിനോടു വിവരംപറഞ്ഞ് ഏററവും പ്രയത്നംചെയ്തിട്ടു തദ്വിദ്യന്മാർ (ശസ്ത്രപ്രയോഗമാകുന്ന വിദ്യയോടുകൂടിയവർ) ആയവരോടുകൂടിയവനായിട്ടു മൂഢഗർഭത്തെ ചികിത്സിക്കണം. "ചികിത്സ ചെയ്യാതിരുന്നാൽ മരണം നിശ്ചയം. ചികിത്സ

ചെയ്താൽ സംശയം". എന്നാണ് രാജാവിനെ ഉണൎത്തിക്കേണ്ടത്. ഉദരം, അശ്മരി മുതലായ രോഗങ്ങളേയും ഇങ്ങിനെതന്നെ വേണം ചികിത്സിക്കുവാൻ.

അഥോത്താനായാ വ്യാഭുഗ്നസക്ഥ്യാ വസ്ത്രചുംബലോന്നമിതകടിപ്രദേശായാശ്ച ധന്വനനാഗവൃത്തികാശാല്മലീപിഞ്ഛരാജ്യേനാഭ്യജ്യ ഹസ്തം യോനിഞ്ച ഗൎഭമാഹരേൽ ॥

സാ—അനന്തരം സ്ത്രീയെ മലൎത്തിക്കിടത്തി തുടകൾ മടക്കി വസ്ത്രചുംബലം (വസ്ത്രം മടക്കിയ തെരിക) അരക്കെട്ടിൽവെച്ച് കടിപ്രദേശത്തെ പൊക്കിയവളാക്കിയിട്ട് ധന്വനം, നാഗവൃത്തികാ (സല്ലകി) ശാല്മലീപിഞ്ഛരം (പൂളപ്പശ) ഘൃതം (നെയ്യ്) എന്നിവകൊണ്ട് വൈദ്യന്റെ കയ്യിലും സ്ത്രീയുടെ യോനിയിലും പുരട്ടി ഗൎഭത്തെ ആഹരിക്കണം.

തത്ര സക്ഥിഭ്യാമാഗതസ്യാനുലോമമാഞ്ഛനമനുമവ । ഏകസക്ഥിപ്രപന്നസ്യേതരം സക്ഥി പ്രസാൎയ്യ । സ്ഫിഗ്ദേശാഗതസ്യ സ്ഫിഗ്ദേശം പ്രതിപീഡ്യോൎദ്ധ്വമുൽക്ഷിപ്യ സക്ഥിനീ പ്രസാൎയ്യ । തിൎയ്യഗാഗതസ്യ പരിഘസ്യേവാപരാൎദ്ധമുൽക്ഷിപ്യ പൂൎവ്വാൎദ്ധമപത്യപഥം പ്രത്യാൎജ്ജവമാനീയ । പാൎശ്വാപവൃത്തശിരസോംസം പ്രതിപീഡ്യോൎദ്ധ്വമുൽക്ഷിപ്യ ശിരോപത്യപഥമാനീയ । ബാഹുദ്വയപ്രപന്നസ്യോൎദ്ധ്വമുൽപീഡ്യാംസൌ ശിരോമൂലമാനീയ നിൎഹരേൽ ॥

സാ—അവയിൽവെച്ച് മൂഢഗൎഭത്തിന്ന് അനേകമാതിരി സംസ്ഥാനങ്ങളുണ്ടെന്നു പറഞ്ഞിട്ടുള്ളതിൽ സക്ഥികൾ രണ്ടും ബഹിൎമ്മുഖമായി വന്നിട്ടുള്ള ഗൎഭത്തെ അനുലോമമാകുംവണ്ണം ആഞ്ഛനം (ആകൎഷണം) ചെയ്ത് എടുക്കണം. ഒരു സക്ഥികൊണ്ടുമാത്രം യോനിദ്വാരത്തിങ്കലേക്കു വന്നിട്ടുള്ളതിനെ മറ്റെ സക്ഥി നിവൃത്തിയിട്ടുവേണം എടുക്കുവാൻ. സ്ഫിഗ്ദേശം (ആസനം) പുറത്തേക്കായി വന്നിട്ടുള്ള ഗൎഭത്തെ എടുക്കുന്നതു സ്ഫിഗ്ദേശത്തെ യോനിമുഖത്തിങ്കൽനിന്ന് ഉള്ളിലേക്കു തള്ളി മേല്പോട്ടുപൊക്കി സക്ഥികൾ രണ്ടും നിവൃത്തിയിട്ടു വേണ്ടതാണ്. വിലങ്ങടിച്ചു വന്നിട്ടുള്ളതാണെങ്കിൽ പരിഘത്തെ എന്നപോലെ മറുഭാഗത്തെ മേല്പോട്ടു തള്ളി പൂൎവ്വാൎദ്ധത്തെ (അതായതു ശിരോഭാഗത്തെ) യോനിദ്വാരത്തിലേക്കു നേരെ കൊണ്ടുവന്നിട്ടുവേണം എടുക്കുവാൻ. പാൎശ്വഭാഗത്തിലേക്കു ശിരസ്സ് ചെരിഞ്ഞിട്ടാണു വന്നിട്ടുള്ളതെങ്കിൽ ചുമൽ അമൎത്ത് മേല്പോട്ടുപൊക്കി തലയെ യോനിദ്വാരത്തിലേക്കു കൊണ്ടു

വന്നിട്ടേ വേണം എടുക്കുവാൻ. രണ്ടുകൈകളും പുറത്തേക്കായിട്ടാണ വന്നിട്ടുള്ളതെങ്കിൽ ചുമലുകളെ പൊക്കി തല യോനിദ്വാരത്തിലേക്ക കൊണ്ടുവന്നിട്ടേ വേണം എടുക്കുവാൻ.

യസ്തു പ്രാഭുഗ്നമദ്ധ്യഃ പാണിപാദശിരോഭിര്യോനിം പ്രതിപദ്യതേ, യശ്ചാഭുഗ്ന ഏകേന പാദേന യോനിം ദ്വിതീയേന പായും തൌ മൂഢൌ ഹസ്തേനാഹത്തുമശക്യാവിതി ശസ്ത്രമവചാരയേൽ ॥

സാ — യാതൊരു മൂഢഗർഭം മദ്ധ്യം വളഞ്ഞ് കയ്യും കാലും തലയും കൂടി പുറത്തേക്കായിക്കൊണ്ട് യോനിയിലേക്ക വരുന്നു, യാതൊരു മൂഢഗർഭം വളഞ്ഞിട്ടതന്നെ ഒരു കാൽ യോനിയിലേക്കും മറേറകാൽ ഗുദത്തിലേക്കുമായി വരുന്നു, ആ രണ്ടുതരം മൂഢഗർഭങ്ങളും കൈകൊണ്ട എടുക്കുവാൻ പ്രയാസമാകകൊണ്ട് അതുകൾ ശസ്ത്രംകൊണ്ട ദാരണം ചെയ്യാൻ അർഹിക്കുന്നു.

അഥ സ്ത്രിയമാശ്വാസ്യ മണ്ഡലാഗ്രേണാംഗുലിശസ്ത്രേണ വാ വിദാര്യ്യ ശിരഃകപാലാന്യുദ്ധൃത്യ ഗർഭശംകുനാ ഗൃഹീത്വാ ചിബുകേ താലുന്യുരസി കക്ഷ്യായാം വാപഹരേൽ । അഭിന്നശിരസം വാക്ഷികൂടേ വാ । തഥാംസസക്തസ്യാംസദേശേ ബാഹും ഛിത്വാ ദൃതേരിവാധ്മാതസ്യ വാതപൂർണ്ണോദരമവദാര്യ്യ നിരസ്യാന്ത്രാണി ശിഥിലീഭൂതമാഹരേൽ । ജഘനസക്തസ്യ ജഘനകപാലാനി ദാരയിത്വേതി ॥

സാ — അനന്തരം ശസ്ത്രപ്രയോഗത്തിന്നാരംഭിക്കുമ്പോൾ സ്ത്രീയെ ആശ്വസിപ്പിച്ച് മണ്ഡലാഗ്രം എന്ന ശസ്ത്രംകൊണ്ടോ അംഗുലിശസ്ത്രംകൊണ്ടോ മൂഢഗർഭത്തിന്റെ തലയോടുകളെ പിളന്നെടുത്ത് വക്രമുഖമായ ഗർഭശംകു എന്ന ശസ്ത്രംകൊണ്ട് ഗർഭത്തിന്റെ താടിയെല്ലിന്മേലോ അണ്ണാക്കിന്മേലോ മാറത്തോ കക്ഷത്തോ പിടിച്ചിട്ട് അപഹരിക്കണം. തലയോടുകളെ ഭേദനം ചെയ്യാതെകണ്ടുതന്നെയും അക്ഷികൂടത്തിൽ പിടിച്ച് ആഹരിക്കാം. ഗർഭത്തിന്റെ സ്ഥിതി ചുമലുതടഞ്ഞിട്ടാണെങ്കിൽ ചുമലിന്റെ പ്രദേശത്തിങ്കൽവെച്ച് മുറിച്ചിട്ട് എടുക്കണം. ഉള്ളിൽ വായുകടന്ന് തോൽക്കുടംപോലെ വയറ് വീർത്തിട്ടാണ ഗർഭത്തിന്റെ സ്ഥിതിയെങ്കിൽ ആ വായുനിറഞ്ഞ വയറിനെ പിളന്ന് ആന്ത്രങ്ങളെ നീക്കി ശിഥിലമാക്കിത്തീർത്തിട്ടേ വേണം എടുക്കുവാൻ. ജഘനപ്രദേശം തടഞ്ഞിട്ടാണ ഗർഭത്തിന്റെ സ്ഥിതിയെങ്കിൽ ജഘനകപാലങ്ങളെ ദാരണം ചെയ്തിട്ടേ വേണം എടുക്കുവാൻ.

അപി ച —

യത്രവായുവശാദങ്ഗം സജ്ജേൽ ഗൎഭസ്യ ഖണ്ഡശഃ
തച്ഛിത്വാ ഹരേത്സമ്യഗ്രക്ഷൻ നാരീഞ്ച യത്നതഃ
അഥാപതന്തീമപരാം പാതയേൽ പൂൎവ്വവൽ ഭിഷൿ
ഏവം നിൎഹൃതശല്യാന്തു സിഞ്ചേദുഷ്ണേന വാരിണാ
ദദ്യാദഭ്യക്തദേഹായൈ യോനൌ സ്നേഹപിചുന്തതഃ
യോനിൎമൃദ്ഭവേത്തേന ശൂലഞ്ചാസ്യാഃ പ്രശാമ്യതി
ദീപ്യകാതിവിഷാരാസ്നാഹിംഗ്വേലാപഞ്ചകോലകാൽ
ചൂൎണ്ണം സ്നേഹേന കല്കം വാ ക്വാഥം വാ പായയേത്തതഃ
കടുകാതിവിഷാപാഠാശാകത്വഗ്ഘിംഗുതേജിനീഃ
തദ്വച്ച ദോഷസ്യന്ദാൎത്ഥം വേദനോപശമായ ച.

സാ — ഗൎഭത്തിന്റെ ഏതെങ്കിലും അംഗങ്ങൾ വായുവശാൽ തടഞ്ഞിരിക്കുമ്പോൾ അതിനെയെല്ലാം ഖണ്ഡങ്ങളായി മുറിച്ചു ഗൎഭത്തെ എടുക്കണം. സ്ത്രീയെമാത്രം മനസ്സിരുത്തി രക്ഷിക്കണം. ഗൎഭം എടുത്തു കഴിഞ്ഞാൽപിന്നെ മറുപിള്ളയേയും മൂഢഗൎഭത്തെ എന്നപോലെതന്നെ വീഴ്ത്തണം. ഇങ്ങിനെ ശല്യം എടുത്തുകഴിഞ്ഞാൽ അവളെ ചൂടുവെള്ളംകൊണ്ടു പരിഷേകം ചെയ്യണം. പിന്നീടു ദേഹത്തിൽ എണ്ണപുരട്ടി മെഴുക്കിൽ മുക്കിയതായ ഒരു വസ്ത്രപിചുവിനെ യോനിയിൽ ഇടണം. അങ്ങിനെ ചെയ്താൽ യോനിക്കു മയംവരികയും വേദന ശമിക്കയും ചെയ്യും. പിന്നെ ദീപ്യകം (അയമോദകം), അതിവിഷാ (അതിവിടയം), രാസ്നാ (ചുകന്നരത്ത) ഹിംഗു (കായം), ഏലാ (ഏലത്തരി), പഞ്ചകോലകം ഇവയുടെ പൊടിയോ ഇവതന്നെ വെള്ളത്തിലരച്ചിട്ടുള്ള കല്ക്കമോ നെയ്യിൽ ചാലിച്ചു സേവിക്കണം. ഇവയുടെ കഷായം സേവിച്ചാലും തക്കേടില്ല. കടുകാ (കടുകരോഹിണി), അതിവിഷാ (അതിവിടയം), പാഠാ (പാടക്കിഴങ്ങ്), ശാകത്വക്ക് (തേക്കിൻതൊലി), ഹിംഗു (കായം), തേജിനി (ചെറുപ്പുന്നയരി) എന്നിവയും മേൽപ്രകാരം സേവിക്കാം (ചൂൎണ്ണകല്കകഷായകല്പനകളെ ചെയ്ത് ഉപയോഗിക്കാമെന്നൎത്ഥം) ഇങ്ങിനെ ചെയ്യുന്നതു ദോഷങ്ങൾ (രക്തപിത്താദികൾ) സ്രവിച്ചു പോകുവാനും വേദന ശമിക്കുവാനുമായിട്ടാകുന്നു.

ത്രിരാത്രമേവം സപ്താഹം സ്നേഹമേവ തതഃ പിബേൽ
സായം പിബേദരിഷ്ടഞ്ച തഥാ സുകൃതമാസവം
ശിരീഷകകുഭക്വാഥപിചൂൻ യോനൌ ച നിക്ഷിപേൽ.

സാ—മൂഢഗൎഭാഹരണം ചെയ്തവൾ ഇങ്ങിനെ ഔഷധസേവനം ചെയ്തിട്ട മൂന്നദിവസം ഇരിക്കണം. പിന്നെ ഏഴദിവസം ഔഷധമൊന്നം സേവിക്കാതെ സ്നേഹത്തെ പാനംചെയ്യണം. ആ ദിവസങ്ങളിൽ രാവിലെ സ്നേഹപാനം ചെയ്താൽ വൈകുന്നേരം അരിഷ്ടമദ്യത്തേയും ഗുഡസിദ്ധമായ ആസവത്തേയും സേവിക്കയും വേണം. ശിരീഷം (വാക) കകുഭം (മരുത്) ഇവയുടെ കഷായത്തിൽ ശീലക്കഷണം മുക്കി അതു യോനിയിൽ ഇടുകയും വേണം.

ഉപദ്രവാശ്ച യേഽന്യേ സ്യുസ്താൻ യഥാസ്വമുപാചരേൽ
പയോ വാതഘ്നൈസ്സിദ്ധം ദശാഹം ഭോജനേ ഹിതം
രസോ ദശാഹഞ്ച പരം ലഘുപഥ്യാല്പഭോജനം.

സാ—ജ്വരാദികളായ വേറെ വല്ല ഉപദ്രവങ്ങളും അവൾക്കുണ്ടായാൽ അതാതിനുള്ള ചികിത്സകൾ യുക്തിപോലെ ചെയ്തുകൊള്ളണം. ഇങ്ങിനെ ഏഴദിവസത്തെ സ്നേഹപാനത്തിനുശേഷം പിന്നെ പത്തുദിവസം വാതഹരൌഷധങ്ങളെക്കൊണ്ടുണ്ടാക്കിയ പാൽക്കൂട്ടി ഭുജിക്കണം. പിന്നെ പത്തുദിവസം മാംസരസംകൂട്ടി ഉണ്ണണം. അനന്തരം ലഘുവും പത്ഥ്യവുമായ ഭോജനത്തെ അല്പമായി ഭക്ഷിക്കാം. [മൂന്നദിവസം ഔഷധം; ഏഴദിവസം സ്നേഹപാനം; പത്തുദിവസം പാൽ; പത്തുദിവസം മാംസരസം; എന്നിങ്ങിനെ ക്രമം എന്ന സാരം.]

സ്നേഹാഭ്യങ്ഗപരാ സ്നേഹാൻ ബലാതൈലാദികാൻ ഭജേൽ
ഊൎദ്ധ്വം ചതുൎഭ്യോ മാസേഭ്യഃ സാ ക്രമേണ സുഖാനി ച.

സാ—അനന്തരം അവൾ പതിവായി സ്നേഹം തേക്കണം. അതിന്ന വാതവ്യാധിശമനങ്ങളായ ബലാതൈലം മുതലായവയെ ശീലിക്കണം. ഇങ്ങിനെ നാലുമാസം പത്ഥ്യാചരണംചെയ്ത് അഞ്ചാം മാസംമുതൽക്ക് യഥേഷ്ടമുള്ള സുഖങ്ങളെ ശീലിക്കയും ചെയ്യാം.

(ബലാതൈലം.)

അഥ ബലാതൈലമുപദേക്ഷ്യാമഃ — ബലാമൂലകഷായസ്യ ഭാഗാഃ ഷൾ താവന്ത ഏവ പയസോ യവഃ കോലകുലത്ഥദശമൂലകഷായസ്യ ഭാഗോ ഭാഗശ്ചതുൎദ്ദശസ്തൈലസ്യ തത്സൎവ്വമൈകധ്യം കൃത്വാ ശ്ലക്ഷ്ണപിഷ്ടാനി ചാവാപ്യ കാകോളീക്ഷീരകാകോളീജീവകൎഷഭകമുൽഗപൎണ്ണീമാഷപൎണ്ണീമേദാമഹാമേദാക്ഷീരശുക്ലാമധുകദേവദാരുമഞ്ജിഷ്ഠാചന്ദനശാരിബാതഗരകുഷ്ഠശതാവശ്വശ്ചഗന്ധാപുനൎന്നവശതപുഷ്പാവരാഹക്രാന്താസരളശൈലേയൈലാചചാംഗൎകളുന്ദ

സാരീസൈന്ധവാനി ശനൈർമ്മൃദ്വഗ്നിനാ സാധയിത്വാ സുഭാജനേനുഗുപ്തം നിദദ്ധ്യാൽ ഏഷ ഭഗവതോ ധന്വന്തരേരഭിമതസ്തൈലരാജോ രാജ്ഞാം രാജമാത്രാണാം സൂതികാനാം കൃശാനാം ശിശൂനാം അതീതവയസാം സുകുമാരാണാം ശൂലിനാം മഹാഗ്രഹഗൃഹീതാനാം ദീർഘരോഗക്ഷപിതവപുഷാം മർമ്മാഭിഘാതപതിതാഭിഹതഭഗ്നവിശ്ലിഷ്ടദേഹാനാം ദൈവോപഹതാഭിശപ്തമനോജ്വരപരീതാനാം പാനാനാവനാഭ്യംഗവസ്തിഷു പ്രയോജ്യഃ । തേന ബലപൌരുഷസ്മൃതിമതിമേധാഗ്നിവീര്യോജാംസി വിവർദ്ധന്തേ പക്ഷാഘാതാക്ഷേപകാർദ്ദിതാദിവിവിധവാതവികാരഗ്രഹഹിക്കാശ്വാസകാസാ നിവർത്തന്തേ । അഹരഹശ്ചോപയുജ്യമാനേ ഷൺമാസാന്താന്ത്രവൃദ്ധിഃ പ്രശാമ്യതി ച പുത്രം ഗുണവന്തമിച്ഛയാ ലഭതേ ഇതി ॥

സാ—കുറുന്തോട്ടിവേര് കഷായം ആറുഭാഗം; പാൽ ആറുഭാഗം; യവം, കോലം (ലന്തക്കുരു) കുലത്ഥം (മുതിര) ദശമൂലം ഇങ്ങിനെ നാലുംകൂട്ടം സമം എടുത്തു കൂട്ടി കഷായംവെച്ചുണ്ടാക്കിയ കഷായം ഒരുഭാഗം; ഇങ്ങിനെ കഷായവും പാലുംകൂടി പതിമൂന്നുഭാഗം. പതിനാലാമത്തേതായ ഒരുഭാഗം എണ്ണയും. എല്ലാംകൂടിയതിൽ കാകോളിമുതലായവ കല്ക്കംചേർത്തു പതുക്കെ മൃദുവായ തീയിൽ കാച്ചി അരിക്കുക. കല്ക്കദ്രവ്യത്തിന്റെ മാനം എണ്ണയുടെ നാലിലൊന്നായിരിക്കണം. കഷായദ്രവ്യങ്ങളുടെ മാനം അവറ്റുള്ള വെള്ളത്തിന്റെ പതിനാറിലൊരംശമാണ്. കഷായം കുറുക്കി ബാക്കിയാക്കേണ്ടതു ദ്രവ്യത്തിന്റെ നാലിരട്ടിയാകുമ്പോളാണ്. ദശമൂലം പത്തുംകൂടിയത് യവകോലകുലത്ഥങ്ങളിൽ ഓരോന്നിനോടു സമമായിരിക്കണം. കാകോളിമുതലായ കല്ക്കദ്രവ്യങ്ങൾ ഓരോന്നും സമാംശമായിരിക്കണം. കല്ക്കദ്രവ്യങ്ങളുടെ ഭാഷ:—കാകോളി. ക്ഷീരകാകോളി. ജീവകം. ഋഷഭകം=ഇടവകം. മുൽഗപർണ്ണീ=കാട്ടുപയറ്. മാഷപർണ്ണീ=കാട്ടുഴുന്ന്. മേദാ. മഹാമേദ. ക്ഷീരശുക്ലാ=പാൽമുതുക്ക്. മധുകം=എരട്ടിമധുരം. ദേവദാരു=ദേവതാരം. മഞ്ജിഷ്ഠാ=മഞ്ചട്ടിപ്പൊടി. ചന്ദനം. ശാരിബാ=നന്നാറിക്കിഴങ്ങ്. തഗരം=തകരം. കുഷ്ഠം=കൊട്ടം. ശതാവരി. അശ്വഗന്ധാ=അമുക്കുരം. പുനർന്നവം=തവിഴാമ. ശതപുഷ്പാ=ശതകുപ്പ. വരാ=ത്രിഫല. പത്രം=പച്ചില. രസം=നറുമ്പശ. സരളം=ചരളം. ശൈലേയം=ചേലേയം. ഏലാ=ഏലത്തരി. വചാ=വയമ്പ്. അഗരു=അകിൽ. കാളാനുസാരി=രാമച്ചം. സൈന്ധവം=ഇന്തുപ്പ് (ആകെ 32 കൂട്ടം.) ഇതു കാച്ചി നല്ല പാത്രത്തിലാക്കി സൂക്ഷിച്ചുവെക്ക

കം. ഇതു് ഭഗവാൻ ധന്വന്തരിക്കു് അഭിമതമായ ബലാതൈലമാകുന്നു. രാജാക്കന്മാർ മുതലായവക്കും പ്രസവിച്ച സ്ത്രീകൾക്കും അത്യുത്തമം. ഫലശ്രുതി സ്പഷ്ടാർത്ഥം,

ഭവന്തി ചാത്ര —

വസ്തിദ്വാരേ വിപന്നായാഃ കുക്ഷിഃ പ്രസ്പന്ദതേ യദി
ജന്മകാലേ തതഃ ശീഘ്രം പാടയിത്വോദ്ധരേച്ഛിശും.

സാ — ഗർഭിണിയായ സ്ത്രീ പ്രസവിക്കാതെ മരിച്ചുപോയാൽ അവളുടെ കുക്ഷി വസ്തിദ്വാരത്തിങ്കൽ മിടിക്കുന്നുണ്ടായിരിക്കും. അങ്ങിനെ കാണുന്നതായാൽ കുട്ടിയുടെ ജനനസമയമാണെന്നു മനസ്സിലാക്കണം. പിന്നെ ഉടൻതന്നെ അവിടെ കീറി വൈദ്യൻ കുട്ടിയെ എടുക്കണം.

അനന്തരം ഗർഭമുണ്ടായതു് അലസിപ്പോകാതിരിപ്പാൻ മാസംതോറും മാറി മാറി സേവിക്കേണ്ടവയായ ചില മരുന്നുകളെപ്പറയുന്നു:—

(1) മധുകം ശാകബീജഞ്ച പയസ്യാ സുരദാരു ച
(2) അശ്മന്തകഃ കൃഷ്ണതിലാസ്താമ്രവല്ലീ ശതാവരീ
(3) വൃക്ഷാദനീ പയസ്യാ ച ലതാ സോല്പലശാരിബാ
(4) അനന്താ ശാരിബാ രാസ്നാ പത്മാ ച മധുയഷ്ടികാ
(5) ബൃഹതീദ്വയകാശ്മര്യക്ഷീരിശുംഗത്വചോ ഘൃതം
(6) പൃശ്നിപർണ്ണീ ബലാ ശിഗ്രുഃ ശ്വദംഷ്ട്രാ മധുപർണ്ണികാ
(7) ശൃംഗാടകം ബിസം ദ്രാക്ഷാ കശേരു മധുകം ബലാ
സപ്തൈതാൻ പയസാ യോഗാനർദ്ധശ്ലോകസമാപനാൻ
ക്രമാത്സപ്തസു മാസേഷു ഗർഭേ സ്രവതി യോജയേൽ
(8) കപിത്ഥബില്വബൃഹതീപടോലേക്ഷുനിദിഗ്ദ്ധികാൽ
മൂലൈഃ ശൃതം പ്രയുഞ്ജീത ക്ഷീരം മാസേ തഥാഷ്ടമേ
(9) നവമേ ശാരിബാനന്താപയസ്യാമധുയഷ്ടിഭിഃ.
(10) യോജയേദ്ദശമേ മാസി സിദ്ധം ക്ഷീരം പയസ്യയാ
അഥവാ യഷ്ടിമധുകനാഗരാമരദാരുഭിഃ.

സാ — (1) മധുകം=എരട്ടിമധുരം. ശാകബീജം=തേക്കിൻകുരു, പയസ്യാ=അടപതിയൻകിഴങ്ങു്. സുരദാരു=ദേവതാരം. (2) അശ്മന്തകം=കല്ലൂർവഞ്ഞിവേരു് (മുളംപ്ലാവിൻവേരെന്നും) കൃഷ്ണതിലം=കറുത്ത എള്ളു്, താമ്രവല്ലീ=ചെമ്പാർവള്ളികിഴങ്ങു് (മഞ്ചെട്ടിപ്പൊടി എന്നും). ശതാവരീ=ശതാവരികിഴങ്ങു്. (3) വൃക്ഷാദനീ=ഇത്തിക്കണ്ണി (ചിററമൃതു്

ഷ്ടന്നും) പയസ്യാ=അടപതിയൻകിഴങ്ങ്. ലതാ=ഞാഴൽപൂവ്വ്. ഉൽപലം=ചെങ്ങഴിക്കിഴങ്ങ്. ശാരിബാ=നന്നാറി. (4) അനന്താ=കറുക. ശാരിബാ=നന്നാറിക്കിഴങ്ങ്. രാസ്നാ=ചുകന്നരത്ത. പത്മാ=ഓരിലത്താമര. മധുയഷ്ടികാ=എരട്ടിമധുരം. (5) ബൃഹതീദ്വയം=ചെറുവഴുതിനവേരും വെൾവഴുതിനവേരും. കാശ്മൎയ്യം=കുമിഴിൻവേര്. ക്ഷീരിശുംഗത്വക്കകൾ=നാല്പമരത്തൊലിയും മൊട്ടും. ഘൃതം=നെയ്യ്. (6) പൃശ്നിപൎണ്ണീ=മുവ്വിലവേരും ഓരിലവേരും. ബലാ=കുറുന്തോട്ടിവേര്. ശിഗ്രു=മുരിങ്ങവേര്. ശ്വദംഷ്ട്രാ=ഞെരിഞ്ഞിൽ. മധുപൎണ്ണികാ=അടപതിയൻ. (7) ശൃംഗാടകം=വല്ലൂട്ടക്കിഴങ്ങ്. ബിസം=താമരവളയം. ദ്രാക്ഷാ=മുന്തിരിങ്ങാപ്പഴം. കശേരു=കഴിമുത്തങ്ങ. മധുകം=എരട്ടിമധുരം. ബലാ=കുറുന്തോട്ടിവേര്. ഇങ്ങിനെ ശ്ലോകാൎദ്ധങ്ങളെക്കൊണ്ടു പറയപ്പെട്ട മരുന്നുകളിട്ടു പാൽ കുറുക്കി ഒന്നാംമാസംമുതൽ ഏഴാംമാസംകൂടി ഗൎഭസ്രാവമുള്ളവൎക്കു ക്രമത്തിൽ കൊടുക്കണം. (8) കപിത്ഥം=വിളാവിൻവേര്. വില്വം=കൂവളവേര്. ബൃഹതീ=വെൾവഴുതിനവേര്. പടോലം. ഇക്ഷു=കരിമ്പിൻവേര്. നിദിഗ്ധികം=ചെറുവഴുതിനവേര്. ഇവകൊണ്ടു കുറുക്കിയ പാൽ എട്ടാംമാസത്തിൽ കൊടുക്കണം. (9) ശാരിബാ=നന്നാറിക്കിഴങ്ങ്. അനന്താ=കൊട്ടത്തൂവ്വവേര്. പയസ്യാ=അടപതിയൻകിഴങ്ങ്. മധുയഷ്ടി=എരട്ടിമധുരം. ഇവകൊണ്ടു കുറുക്കിയ പാൽ ഒമ്പതാംമാസത്തിൽ കൊടുക്കണം. (10) പത്താംമാസത്തിൽ പയസ്യ (അടപതിയൻകിഴങ്ങ്) മാത്രാകൊണ്ടു കുറുക്കിയ പാലോ, അല്ലെങ്കിൽ യഷ്ടിമധുകം (എരട്ടിമധുരം) നാഗരം (ചുക്ക്) അമരദാരു (ദേവതാരം) എന്നിവകൊണ്ടു കുറുക്കിയ പാലോ കൊടുക്കണം. ഈ പാൽ കുറുക്കുന്നതിൽ ആറുകഴഞ്ച് മരുന്നു ചതച്ചു കിഴികെട്ടി നാഴി പാലും നാനാഴിവെള്ളവും ചേൎത്തിട്ടു കുറുക്കി പാലോളമാക്കുക എന്ന ക്ഷീരപാകവിധിയെ അനുസരിച്ചുകൊൾക.

ഇത്യഷ്ടാംഗസംഗ്രഹേ ശാരീരസ്ഥാനേ
ചതുൎത്ഥാദ്ധ്യായഃ
സമാപ്തഃ.

## പഞ്ചമോദ്ധ്യായഃ.

ഇതേവരെ ഗൎഭത്തിന്റെ പ്രസവംവരെയുള്ളതെല്ലാം പറഞ്ഞുവല്ലൊ. ഇനി ശരീരത്തിലെ അംഗാസ്ഥിസിരാമൎമ്മങ്ങളെ അറിവാനായി

അധ്യായം ആരംഭിക്കുന്നു. അവയിൽ അസ്ഥ്യാദികൾക്ക് അംഗം ആശ്രയമാകയാൽ ആദ്യം അംഗവിഭാഗം പറയപ്പെടുന്നു:—

**അഥാതോംഗവിഭാഗം ശാരീരം വ്യാഖ്യാസ്യാമഃ । ഇതി ഹ സ്മാഹുരാത്രേയാദയോ മഹർഷയഃ ॥**

സാ—അനന്തരം അംഗവിഭാഗം എന്ന ശാരീരത്തെ പറവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു.

**സകലമപി ശരീരമംഗമിത്യുച്യതേ । തത്ര പുനഃ ഷഡംഗം ശിരോന്തരാധിർദ്വൌ ബാഹൂ സക്ഥിനീ ച । നേത്രനാഭിപാണിപാദാദീനി ത്വസ്യ പ്രത്യംഗാനി ॥**

സാ—ശരീരം മുഴുവനും അംഗം എന്നു പറയപ്പെടുന്നു. അതിന്ന് ശിരസ്സ് മുതലായി ആറ് അംഗങ്ങൾ (അവയവങ്ങൾ) ഉണ്ട്. ശിരസ്സ്=തല. അന്തരാധി=ജത്രുമുതൽ കീഴ്പോട്ട കടിപ്രദേശംവരെയുള്ളത്. ബാഹുക്കൾ-രണ്ടുകൈകൾ. സക്ഥികൾ=രണ്ടുകാലുകൾ. ഇവ ആറാണ് അംഗങ്ങൾ. നേത്രങ്ങൾ, നാഭി, പാണികൾ, പാദങ്ങൾ മുതലായവയെല്ലാം ഈ ഷഡംഗത്തിന്റെ തന്നെ പ്രത്യംഗങ്ങളാകുന്നു. നേത്രകർണ്ണാദികൾ ശിരസ്സിന്റേയും, നാഭിഹൃദയാദികൾ അന്തരാധിയുടേയും, പാണിനഖാദികൾ ബാഹുക്കളുടേയും, പാദജംഘാദികൾ സക്ഥികളുടേയും പ്രത്യംഗങ്ങളെന്നു കാണ്ക. പ്രത്യംഗങ്ങൾ=അവയവങ്ങളുടെ അവയവങ്ങൾ.

**മഹാഗുണമയേഭ്യശ്ച ഖപവനതേജോജലഭൂമ്യാഖ്യേഭ്യോ മഹാഭൂതേഭ്യശ്ചേതനാധിഷ്ഠിതേഭ്യോഭിനിർവൃത്തിരംഗസ്യ ॥**

സാ—അംഗത്തിന്റെ അഭിനിർവൃത്തി (ഉൽപത്തി; സ്വരൂപപ്രാപ്തി) സത്വം, രജസ്സ്, തമസ്സ് എന്നീ മഹാഗുണങ്ങളുടെ തന്നെ പരിണാമവും ചേതനനാൽ (ആത്മാവിനാൽ) അധിഷ്ഠിതങ്ങളുമായ ഖം (ആകാശം) പവനൻ (വായു) തേജസ്സ് (അഗ്നി) ജലം (അപ്പ്) ഭൂമി (പൃഥിവി) എന്നീ പഞ്ചമഹാഭൂതങ്ങളിൽനിന്നാകുന്നു. സത്വാദികൾതന്നെ മഹാഭൂതങ്ങളായി പരിണമിച്ച് ആത്മാവിനാൽ അധിഷ്ഠാനം ചെയ്യപ്പെട്ട് അംഗത്തെ നിവൃത്തിപ്പിക്കുന്നു എന്നു സാരം.

**ഭൂതാനാമേവ ച ദൃഷ്ടാദൃഷ്ടവിവിധകർമ്മവശാദനേകരൂപസന്നിവേശവിശേഷാദാകൃതിപ്രമാണസ്നേഹദീപ്തിസ്വരാദീനാം സാരൂപ്യമസാരൂപ്യം വാ സൂക്ഷ്മസ്ഥൂലതാരതമ്യഭേദഭിന്നമതിബഹുപ്രകാരം നിഷ്പദ്യതേ ॥**

സാ—ആ മഹാഭൂതങ്ങൾക്കതന്നെ ദൃഷ്ടങ്ങളായും അദൃഷ്ടങ്ങളായുമുള്ള വിവിധകർമ്മങ്ങൾനിമിത്തം (ദൃഷ്ടകർമ്മങ്ങൾ മാതാപിതാക്കന്മാരുടെ ആഹാരം മുതലായി ഈ ലോകത്തിലുള്ള കർമ്മങ്ങളും, അദൃഷ്ടകർമ്മങ്ങൾ ജന്മാന്തരകൃതങ്ങളായ കർമ്മങ്ങളുമാകുന്നു) നാനാപ്രകാരത്തിലുള്ള സന്നിവേശവിശേഷങ്ങൾ ഭവിക്കുന്നതുകൊണ്ട്, അംഗങ്ങളുടെ ആകൃതി, പ്രമാണം, സ്നേഹം, ദീപ്തി, സ്വരം മുതലായവയ്ക്ക് സാരൂപ്യ (സാദൃശ്യ)മോ അസാരൂപ്യ (വൈസാദൃശ്യ)മോ ബഹുപ്രകാരങ്ങളിൽ ഭവിക്കും. ആ സാരൂപ്യാസാരൂപ്യങ്ങൾ സൂക്ഷ്മങ്ങളെന്നും സ്ഥൂലങ്ങളെന്നുമുള്ള ഭേദംകൊണ്ട് പലവിധത്തിൽ ഭിന്നങ്ങളായിരിക്കുന്നതുകൊണ്ടാണ് ഇങ്ങിനെ വൈവിദ്ധ്യം ഭവിക്കുന്നത്.

തത്ര സത്വബഹുലമാകാശം । രജോബഹുലോ വായുഃ । ഉഭയബഹുലോഗ്നിഃ । സത്വതമോബഹുലമംബു । തമോബഹുലാ ഭൂഃ ॥ തേഷാമപ്രതിഘാതശ്ചലത്വമൌഷ്ണ്യം ദ്രവതാ കാഠിന്യമിതി ക്രമാല്ലിങ്ഗാനി । വിശേഷതശ്ച ശ്രോത്രാദിഷ്വിന്ദ്രിയേഷ്വവസ്ഥാനം । ശബ്ദസ്പർശരൂപരസഗന്ധൈരേകൈകപ്രവൃദ്ധൈശ്ചാന്വയഃ ॥

സാ—അവയിൽവെച്ച് ആകാശം സത്വഗുണം അധികം ചേർന്നതാകുന്നു. മൂന്നുഗുണങ്ങളും കൂടിയതാണെങ്കിലും സത്വത്തിന്റെ അംശം ആകാശത്തിൽ അധികമുണ്ടെന്നു താല്പര്യം. വായു രജോഗുണം അധികമുള്ളതും, അഗ്നി സത്വത്തിന്റെയും രജസ്സിന്റെയും അംശങ്ങൾ അധികമുള്ളതുമാകുന്നു. ജലം സത്വഗുണവും തമോഗുണവും അധികം ചേർന്നതാകുന്നു. ഭൂമി തമോഗുണബഹുലയുമാകുന്നു. ഇവയിൽ ആകാശത്തിന് അപ്രതിഘാതം, വായുവിന്നു ചലത്വം, അഗ്നിക്കു ഔഷ്ണ്യം, ജലത്തിന്ന് ദ്രവത്വം, ഭൂമിക്കു കാഠിന്യം എന്നിവ ലക്ഷണങ്ങളുമാകുന്നു. ഈ പഞ്ചഭൂതങ്ങൾ ശ്രോത്രാദികളായ ഇന്ദ്രിയങ്ങളിൽ യഥാക്രമം സ്ഥിതിചെയ്യുന്നു. ശ്രോത്രത്തിൽ ആകാശവും, സ്പർശനത്തിൽ വായുവും, ചക്ഷുസ്സിൽ അഗ്നിയും, രസനത്തിൽ ജലവും, ഘ്രാണത്തിൽ പൃഥിവിയും, സ്ഥിതിചെയ്യുന്നു എന്നർത്ഥം. ശ്രോത്രാദികളായ ഇന്ദ്രിയങ്ങൾ ഓരോന്നും പഞ്ചഭൂതാത്മകങ്ങളാണെങ്കിലും മേൽപ്രകാരം ശ്രോത്രാദികളിൽ അവ വിശേഷേണ സ്ഥിതിചെയ്യുന്നുണ്ടെന്നു സാരം. ഈ പഞ്ചഭൂതങ്ങളിൽ ക്രമത്തിൽ ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നിവ ഓരോന്നോരോന്നധികമായി ചേർന്നിരിക്കയും ചെയ്യുന്നു. അപ്പോൾ ആകാശത്തിന്റെ ഗുണം=ശബ്ദം; വായുവിന്റെ ഗുണം=ശബ്ദസ്പർശങ്ങൾ; അഗ്നിയുടെ ഗു

ണം=ശബ്ദസ്പർശരൂപങ്ങൾ; ജലത്തിന്റെ ഗുണം=ശബ്ദസ്പർശരൂപരസങ്ങൾ; ഭൂമിയുടെ ഗുണം=ശബ്ദസ്പർശരൂപരസഗന്ധങ്ങൾ; എന്നു ഗ്രഹിക്കണം.

തത്രാകാശജാനി ശ്രോത്രം ശബ്ദഃ സർവ്വസ്രോതാംസി വിവിക്തതാ ച । വായവീയാനി സ്പർശനം സ്പർശഃ പ്രശ്വാസോച്ഛ്വാസാദിപരിസ്പന്ദനാനി ലാഘവഞ്ച । ആഗ്നേയാനി ദർശനം രൂപം പിത്തമൂഷ്മാ പക്തിസ്സന്താപോ മേധാ വർണ്ണോ ഭാസ്തേജഃ ശൌര്യ്യഞ്ച । ആപ്യാനി രസനം രസഃ സ്വേദക്ലേദവസാസൃക്ശുക്ലമൂത്രാദിദ്രവസമൂഹഃ ശൈത്യം സ്നേഹശ്ച । പാർത്ഥിവാനി ഘ്രാണം ഗന്ധഃ കേശനഖാസ്ഥ്യാദിമൂർത്തസമൂഹോ ധൈര്യ്യം സ്ഥൈര്യ്യഞ്ച ॥

സാ — അവയിൽവെച്ച് ശരീരത്തിങ്കലുള്ള ശ്രോത്രാദികളായി വിവിക്തതവരെയുള്ളവ ആകാശമെന്ന ഭൂതത്തിൽനിന്നുണ്ടായവയാകുന്നു. ശ്രോത്രം=ശ്രോത്രേന്ദ്രിയം. ശബ്ദം സ്പഷ്ടം. സ്രോതസ്സുകൾ=ദ്വാരങ്ങൾ. വിവിക്തതാ ശരീരാവയവങ്ങൾക്കുള്ള വിഭാഗം. സ്പർശനം മുതൽക്കു ലാഘവംകൂടിയുള്ളവ വായുവിൽനിന്നുണ്ടായവയാണ്. സ്പർശനം=ത്വഗിന്ദ്രിയം. സ്പർശം=അന്യസ്പർശനവിഷയം. പ്രശ്വാസോച്ഛ്വാസാദിപരിസ്പന്ദനങ്ങൾ=ശ്വാസം കഴിക്കുക ശ്വാസംവിടുക മുതലായിട്ടുള്ള എളക്കങ്ങൾ. ലാഘവം=ലഘുത്വം. ദർശനാദിശൌര്യ്യാന്തമുള്ളവ അഗ്നിയിൽനിന്നുണ്ടായവയാണ്. ദർശനം=നേത്രേന്ദ്രിയം. രൂപം=ദർശനവിഷയം. പിത്തം=പിത്തമെന്ന ദോഷം. ഉഷ്മാവ്=അഗ്നി. പക്തി=അഗ്നിയുടെ ക്രിയ. സന്താപം, മേധാ, വർണ്ണം ഇവ സ്പഷ്ടം. ഭാസ്സ്=കാന്തി. തേജസ്സും ശൌര്യ്യവും പ്രസിദ്ധം. രസനാദികളായി സ്നേഹപര്യ്യന്തമുള്ളവ ജലത്തിൽനിന്നുണ്ടായവയാകുന്നു. രസനം=രസനേന്ദ്രിയം. രസം=രസവിഷയം. സ്വേദം, ക്ലേദം, വസാ, രസം (രസധാതു), രക്തം, ശുക്ലം, മൂത്രം മുതലായ ദ്രവസമൂഹങ്ങൾ. ശൈത്യം=തണുപ്പ്. സ്നേഹം=സ്നിഗ്ദ്ധത. ഘ്രാണംമുതൽ സ്ഥൈര്യ്യംകൂടിയുള്ളവ പൃഥിവിയിൽനിന്നുണ്ടായവയാകുന്നു. ഘ്രാണം=ഘ്രാണേന്ദ്രിയം. ഗന്ധം ഘ്രാണവിഷയം. കേശം, നഖം, അസ്ഥി മുതലായ മൂർത്ത (രൂപമുള്ള) സമൂഹം. ധൈര്യ്യവും സ്ഥൈര്യ്യവും സ്പഷ്ടം. ഇപ്രകാരം പഞ്ചമഹാഭൂതങ്ങളുടെ കാര്യ്യമാണ് ദേഹം.

തേഷു മാതൃജാനി മൃദൂനി ത്വഗ്രക്തമാംസമേദോമജ്ജനാഭിഹൃദയാമാശയഗർഭാശയയകൃത്പ്ലീഹവൃക്കാന്ത്രഗുദാദീനി ॥

സാ — മേൽപ്രകാരം മഹാഭൂതകാര്യ്യങ്ങളായ അംഗങ്ങളിൽ ചില

ളു മാതാവിങ്കൽനിന്നും, ചിലതു പിതാവിങ്കൽനിന്നും, ചിലതു ചേതന (=ആത്മാവ്)ത്തിൽനിന്നും മാറും ഉണ്ടാകുവയാണ്. അവയിൽവെച്ച് ത്വക്ക്, രക്തം, മാംസം, മേദസ്സ്, മജ്ജ, നാഭി, ഹൃദയം, ആമാശയം, ഗർഭാശയം, യകൃത്ത്, പ്ലീഹ, വൃക്കകം, ആന്ത്രം, ഗുദം എന്നിവയും മൃദുത്വമുള്ളവയായ മറ്റുള്ളവയും മാതൃജങ്ങളാകുന്നു.

പിതൃജാനി സ്ഥിരാണി കേശനഖാസ്ഥിശുക്ലസിരാസ്നായ്വാദീനി ॥

സാ—കേശം, നഖം, അസ്ഥി, ശുക്ലം, സിര, സ്നായു എന്നിവയും സ്ഥിരങ്ങളായിട്ടുള്ള മറ്റുള്ളവയും പിതൃജങ്ങളാകുന്നു.

ആത്മജാനി നാനായോനിഷൂത്പത്തിർമ്മനശ്ചേതനേന്ദ്രിയാണി പ്രാണാപാനൌ ധാരണമാകൃതിസ്വരവർണ്ണവിശേഷാഃ കാമക്രോധലോഭഭയഹർഷധർമ്മാധർമ്മശീലതാഃ സ്മൃതിർബുദ്ധിശ്ച ദ്വേഷ—പ്രയത്നാഹംകാരസ്പൃഹാ ചായുരാത്മജ്ഞാനാനി ച ॥

സാ—നാനായോനികളിലുള്ള ഉത്പത്തിമുതലായവ ആത്മജങ്ങളാകുന്നു. ശുഭാശുഭകർമ്മകാരണഭൂതമായ ആത്മാവാണ് മൃഗാദികളായ നാനായോനികളിലുള്ള ജനനത്തിന്നു കാരണം. അതുകൊണ്ടു സംസ്കാരം വരുത്തി നിശ്രേയസം ഉണ്ടാക്കുന്നതും ആത്മാവുതന്നെയാണ്. മനസ്സും ആത്മജംതന്നെ. മനസ്സ് ആത്മാവിനോടു സംബന്ധിക്കാതെ എങ്ങും പോകയില്ല. ചേതനേന്ദ്രിയ (ജ്ഞാനേന്ദ്രിയ)ങ്ങൾ- ശ്രോത്രാദികൾ. ഇവയും ആത്മജങ്ങൾതന്നെ. പ്രാണാപാനങ്ങൾ=പ്രാണവായുവും അപാനവായുവും. ഇവ ആത്മാവിൽനിന്നുതന്നെ ജനിക്കുന്നു. ഇവകൊണ്ടാണു ജീവിതം നയിക്കപ്പെടുന്നത്. ധാരണം=അവയവധാരണം. ഉത്പാദനത്തോടുകൂടിയുള്ള ദേഹവിഷ്ടംഭം. ആകൃതിസ്വരവർണ്ണവിശേഷങ്ങൾ= ആകൃതി, സ്വരം, വർണ്ണം ഇവയുടെ നാനാഭേദങ്ങൾ. ആകൃതി=സംസ്ഥാനം. ഇതിന്നു ഭൂതങ്ങൾ സമവായി കാരണവും ആത്മാവ് അസമവായി കാരണവുമാകുന്നു. കാമാദികളായി അഹംകാരംവരെയുള്ളവയെല്ലാം വിജ്ഞാനധർമ്മങ്ങളത്രേ. അവയും ആത്മജങ്ങളാകുന്നു. സുഖദുഃഖാദികളും ആത്മാവിന്റെ കർമ്മഫലങ്ങളാകയാൽ ആത്മജങ്ങൾതന്നെ.

സാത്മ്യജാന്യായുരാരോഗ്യമനാലസ്യം ലോല്യമലമിന്ദ്രിയപ്രസാദസ്സ്വരവർണ്ണബീജസമ്പത്പ്രശസ്തതാപ്രഹർഷഭൂയസ്ത്വം ചേതി—ബലഞ്ച ॥

സാ—ആയുസ്സ്, ആരോഗ്യം മുതലായവ സാത്മ്യത്തിങ്കൽനിന്നുണ്ടാ

യവയാകുന്നു. സാത്മ്യം=അഭ്യാസം. ഗർഭാൽ പ്രഭൃതി സാത്മ്യങ്ങളായ ആഹാരാദികളെ സേവിച്ചാൽ മാത്രമേ ഈ ആയുരാരോഗ്യാദികൾ ഉണ്ടാകയുള്ളൂ. സ്വരം, വർണ്ണം, ഓജസ്സ് എന്നിവയുടെ സമ്പത്തും പ്രശസ്തതയും എന്നുവെച്ചാൽ പരിപൂർണ്ണതയും നന്മയും എന്നർത്ഥമാകുന്നു.

രസജാനി കൃത്സ്നസ്യ ദേഹസ്യ സംഭവോ വൃത്തിർവൃദ്ധിസ്തൃ
പ്തിരലൌല്യം പുഷ്ടിരുത്സാഹശ്ച ॥

സാ—കൃൽസ്നമായിരിക്കുന്ന ദേഹത്തിന്റെ സംഭവവും വൃത്തി, വൃദ്ധി, അലൌല്യം, പുഷ്ടി, ഉത്സാഹം എന്നിവയും രസത്തിങ്കൽനിന്നുണ്ടായവയാകുന്നു. രസം=ആഹാരസാരം. പരിണതങ്ങളായ രസങ്ങളിൽനിന്നാണിവയുണ്ടാകുന്നതെന്നു സാരം. കൃൽസ്നമായ ദേഹത്തിന്റെ സംഭവമെന്നാൽ അമ്മയുടെ ജഠരത്തിലുള്ള ഗർഭത്തിങ്കൽ ദേഹം സാംഗപ്രത്യംഗമായി ഉണ്ടാവൽ എന്നർത്ഥം. വൃത്തിയും വൃദ്ധിയും ഗർഭത്തിങ്കലുള്ളവതന്നെ എന്നു ഗ്രഹിക്കണം. ജനനാനന്തരമുള്ളവയ്ക്കും കാരണം രസം തന്നെയാണ്. ശേഷം സ്പഷ്ടം.

അനന്തരം സത്വരജസ്തമസ്സുകളെക്കൊണ്ടുണ്ടാകുന്ന ഭാവങ്ങളെ വിവരിക്കുന്നു:—

ശുദ്ധസത്വജാനി ശൌചമാസ്തിക്യം കൃതജ്ഞതാ ദാക്ഷിണ്യം
വ്യവസായഃ ശൌര്യം ഗാംഭീര്യം ബുദ്ധിർമ്മേധാ സ്മൃതിഃ ശുക്ലധർമ്മ
രുചിർഭക്തിരഭിഷങ്ഗാഭാവസ്തമോഗുണവിപര്യയശ്ച ॥

സാ—ശൌചം, ആസ്തിക്യം മുതലായവ ശുദ്ധസത്വത്തിങ്കൽനിന്നുണ്ടാകുന്നവയാണ്. ശുദ്ധസത്വമെന്നാൽ രജസ്തമസ്സുകളാൽ അനുപഹതമായിട്ടുള്ള സത്വം. ആസ്തിക്യം=പരലോകമുണ്ടെന്നുള്ള ബുദ്ധി (ആസ്തികത്വം) ബുദ്ധി=ഗ്രഹണശക്തി. മേധാ=പ്രജ്ഞാ. ഭക്തി=ദേവതാദിവിഷയകമായ സ്നേഹവിശേഷം. അഭിഷംഗാഭാവം=ക്രോധാദികളെക്കൊണ്ടു മനസ്സിന്നാവേശമുണ്ടാകായ്ക. തമോഗുണവിപര്യയം=മുകളിൽ പറയുവാൻ പോകുന്ന തമസ്സിന്റെ ഗുണങ്ങളിൽനിന്നു വൈപരീത്യം. ശേഷം സ്പഷ്ടം.

രാജസാനി ദുരുപചാരതാനാര്യം ശൌര്യം മാത്സര്യമമിതഭാ
ഷിത്വമഹങ്കാരോ ലോലുപത്വം ദംഭോ മാനഃ ക്രോധോ ഹർഷഃ കാ
മശ്ച ॥

സാ—ദുരുപചാരത മുതലായിട്ടുള്ളവ രാജസഗുണങ്ങളാകുന്നു. രാജസഗുണങ്ങളെന്നാൽ രജോഗുണത്താൽ അഭിഭൂതമായ സത്വത്തിങ്കൽ

നിന്നുണ്ടായവയാകുന്നു. ദുരുപചാരത്വം=മനസ്സറിഞ്ഞ് ഉപചരിക്കപ്പെടുവാൻ പ്രയാസമുള്ളവനെന്ന അവസ്ഥ. അനാര്യമായ ശൌര്യം=വേണ്ടാത്തിടത്തും വേണ്ടാത്ത സമയത്തുമുള്ള ഉശിര്. (ഉചിതമായ ശൌര്യമാകട്ടേ സാത്വികം തന്നെയാണ്) ലോലുപത്വം=വിഷയകൌതുകിത്വം. ശേഷം സ്പഷ്ടം.

താമസന്ത്വജ്ഞാനം വിഷാദഃ പ്രമാദോ നിദ്രാലസ്യം ക്ഷുത്തൃഷ്ണാ ശോകാ മാത്സര്യം വിപ്രതിപത്തിഃ പരാതിസന്ധാനം സത്വഗുണവൈപരീത്യഞ്ച ॥

സാ—അജ്ഞാനം മുതലായുള്ളവ തമസ്സിങ്കൽനിന്നുണ്ടാകുന്ന ഗുണങ്ങളാകുന്നു. തമസ്സിനാൽ അഭിഭൂതമായ സത്വത്തിങ്കൽനിന്നുണ്ടാകുന്നവയാണെന്നർത്ഥം. അജ്ഞാനം=മിഥ്യാജ്ഞാനം. വിപ്രതിപത്തി=അന്യനോടു വിരോധം. പരാതിസന്ധാനം=പരപക്ഷവഞ്ചനം (അന്യനെ വഞ്ചിക്കൽ). സത്വഗുണവൈപരീത്യം=സത്വജങ്ങളായി മേൽപറയപ്പെട്ട ശൌചാസ്തിക്യാദികളുടെ വിപരീതാവസ്ഥ.

അനന്തരം സത്വമെന്നുവെച്ചാൽ എന്താണെന്നു പറയുന്നു:—

തത്ര സത്വം മനസ്തസ്യോപപ്ലവൌ രജസ്തമസീത്യേവം ഭൂതാത്മകം ദേഹമാഹുഃ ॥

സാ—അവയിൽവെച്ചു സത്വമെന്നു പറയപ്പെടുന്നതു മനസ്സാകുന്നു. രജസ്സും തമസ്സും സത്വത്തിന്റെ ഉപപ്ലവങ്ങളത്രേ. ഇപ്പറഞ്ഞപ്രകാരം പൃഥിവ്യാദികളായ ഭൂതങ്ങളുടെ വികാരസമുദായങ്ങളെക്കൊണ്ടുണ്ടായതാണ് ദേഹമെന്ന് ആചാര്യന്മാർ പറയുന്നു. അതുകൊണ്ട് ഈ പ്രകൃതത്തിൽ വരുന്ന സിദ്ധാന്തം താഴെ കാണിക്കുംപ്രകാരമാകുന്നു:— ആത്മാവ് നിത്യനാണ്. ആത്മാവിനു വികാരവുമില്ല. അതു ജനിക്കുകയും നശിക്കുകയും ചെയ്യുന്നില്ല. സത്വാദികളുടെ സംയോഗാദികൊണ്ടാണ് ജനിച്ചു, വളന്നു, മരിച്ചു ഇത്യാദി വ്യവഹാരങ്ങൾ ആത്മാവിനുണ്ടാകുന്നത്. ആത്മാവിനുള്ള സത്വാദിസംയോഗം അവിദ്യാസ്വഭാവത്താൽ ചെയ്യപ്പെട്ടതാകുന്നു. അവിദ്യ ക്ഷയിച്ച് ആ സംയോഗം തീരുമ്പോൾ ആത്മാവ് ശുദ്ധനും മുക്തനുമായി എന്നു പറയപ്പെടുന്നു. സംയോഗവാനായ ഒരു കർത്താവിനോടുകൂടാതെ ബാലത്വാദികൾ ഭവിക്കാത്തതുകൊണ്ടു ദേഹാദികളായ കാര്യങ്ങൾക്ക് ആവശ്യം നേരിടുന്നു. ആത്മാവ് സ്വതന്ത്രനാണെങ്കിലും താൻതന്നെ ആ കാര്യങ്ങളെ ചെയ്യുന്നു. തൽഫലമായി ബന്ധത്തേയോ മോക്ഷത്തേയോ ലഭിക്കയും ചെയ്യുന്നു. കാരണത്തോടുള്ള സംയോഗവിയോഗങ്ങളാണ് ബന്ധമോക്ഷങ്ങൾ. ഷ്ഠ

ത്തുകൊണ്ടെന്നാൽ കർത്താവായ ആത്മാവിനോടുകൂടാതെ ശരീരം ഉണ്ടാകുന്നില്ല. ഭഗവാൻ ചരകമഹർഷി

“മൃദ്ദണ്ഡചക്രൈശ്ച കൃതം കുംഭകാരാദൃതേ ഘടം

കൃതം മൃത്തൃണകാഷ്ഠൈശ്ച ഗൃഹകാരാദ്വിനാ ഗൃഹം

യോ വദേത്സ വദേദ്ദേഹം സംഭൂയ കരണൈഃ കൃതം”.

എന്നാണു പറയുന്നത്. കുംഭകാരനില്ലാതെ മൃദ്ദണ്ഡാദികളെക്കൊണ്ടു കുടം ഉണ്ടാവുമെന്നും, ഗൃഹകാരനോടുകൂടാതെ മൃത്തൃണകാഷ്ഠാദികളെക്കൊണ്ടു ഗൃഹമുണ്ടാകുമെന്നും ആർ പറയുന്നുവോ അവനേ ആത്മാവിനോടുകൂടാതെ കരണസംയോഗംകൊണ്ടുമാത്രം ദേഹമുണ്ടാകുമെന്നു പറകയുള്ളു എന്നാണിതിന്നു താൽപര്യം. അതുകൊണ്ടു ശരീരം പ്രതി ചേതനനായ ആത്മാവാണ് നിത്യകാരണം. അചേതനങ്ങളായ മഹാഭൂതങ്ങൾ ക്ഷണഭംഗികളാകയാൽ അനിത്യകാരണങ്ങളാകുന്നു. അവ നിത്യങ്ങളാണെന്നു പറയുന്നപക്ഷം ശരീരാദിഭാവങ്ങൾക്കു വൃദ്ധിക്ഷയാദികൾക്കു യുക്തിയില്ല. ഒരു വസ്തുതന്നെ ഒരു പ്രകാരത്തിലും മറ്റൊരു പ്രകാരത്തിലുമായി ഭവിക്കുവാൻ യുക്തിയില്ല, അനുഭവവുമില്ല. ആകയാൽ അനിത്യങ്ങളായ ഭൂതങ്ങൾ തത്ത്വബുദ്ധ്യവാച്യനായ ആത്മാവിനാൽ അധിഷ്ഠിതങ്ങളായിട്ടാണു പുരുഷസംജ്ഞയെ ലഭിക്കുന്നത്. അതുകൊണ്ടു ദേഹത്തെ ഭൂതാത്മകമെന്നു പറയുന്നു.

തസ്യ പുനഃ പ്രവിഭാഗഃ — ത്വചഃ കലാ ദോഷാ ധാതവോ മലാ ബുദ്ധീന്ദ്രിയാണി തദധിഷ്ഠിതാനി കർമ്മേന്ദ്രിയാണ്യതീന്ദ്രിയമാശയാഃ പ്രാണായതനാനി കണ്ഡരാജാലാനി കൂർച്ചാ രജ്ജവഃ സീവന്യോക്ഷിസംഘാതാഃ സീമന്താ അസ്ഥീന്യസ്ഥിസന്ധയഃ സ്നായവഃ പേശ്യസ്സിരാ ധമന്യഃ സ്രോതാംസ്യൂഷ്മാണോ മർമ്മാണി കേശശ്മശ്രുലോമാനി പ്രകൃതിവികൃതിഭേദാശ്ച । തത്രാസൃജഃ പച്യമാനസ്യ ക്ഷീരസ്യേവ സന്താനികാഃ സപ്ത ത്വചോ ഭവന്തി । ത്വക്പ്രസാദശ്ശുക്രസ്യ പ്രസാദഃ ॥

സാ — അങ്ങിനെയുള്ള ശരീരത്തിന്റെ പ്രവിഭാഗം എങ്ങിനെയെന്നാൽ പറയുന്നു. ത്വച ഇതി — ത്വക്കിങ്കൽനിന്നാണ് കലകൾ, ദോഷങ്ങൾ ധാതുക്കൾ, മലങ്ങൾ, ബുദ്ധീന്ദ്രിയങ്ങൾ, തദധിഷ്ഠിതങ്ങളായ കർമ്മേന്ദ്രിയങ്ങൾ, അതീന്ദ്രിയം, ആശയങ്ങൾ, പ്രാണായതനങ്ങൾ, കണ്ഡരകൾ, ജാലങ്ങൾ, കൂർച്ചങ്ങൾ, രജ്ജുക്കൾ, സീവനികൾ, അക്ഷിസംഘാതങ്ങൾ, സീമന്തങ്ങൾ, അസ്ഥികൾ, അസ്ഥിസന്ധികൾ, സ്നായുക്കൾ, പേശികൾ, സിരകൾ, ധമനികൾ, സ്രോതസ്സുകൾ, ഊഷ്മാക്കൾ;

മർമ്മങ്ങൾ, കേശശ്മശ്രുരോമങ്ങൾ, പ്രകൃതിവികൃതിഭേദങ്ങൾ എന്നിവ വിഭജിക്കപ്പെടുന്നത്. ദേഹത്തിങ്കൽ ആകെ ആറ് ത്വക്കുകൾ ഉണ്ട്. അവ ഉണ്ടാകുന്നത് രക്തം അതിന്റെ ഉഷ്മാവിനാൽതന്നെ പച്യമാനമാകുമ്പോൾ അതിങ്കൽനിന്ന്, പാൽ തിളച്ചതിൽനിന്നു പാടയെന്നപോലെ, ആണ് ഉണ്ടാകുന്നത്. ഈ ത്വക്കുകൾ ഒന്നിനുള്ളിൽ ഒന്നായി ഉള്ളിലേക്ക വ്യാപിച്ചാണ് കിടക്കുന്നതു (വാഴയുടെ പോളപോലെ) ഈ ത്വക്കുകളുടെ പ്രസാദം ഹേതുവായിട്ടാണു രക്തത്തിന്നു പ്രസാദമുണ്ടാകുന്നത്. ത്വക്കുകൾ രക്തത്തിന്നു പ്രസാദത്തെ ജനിപ്പിക്കയും, രക്തത്തിന്റെ ഘനീഭാവം കളഞ്ഞ് അല്പീഭാവത്തെ കൊടുക്കുകയും ചെയ്യുന്നു.

താസാമുദകധരാ ചാദ്യാ । ദ്വിതീയാസൃഗ്ധരാ । തൃതീയാ സിദ്ധ്മകിലാസാധിഷ്ഠാനാ । ചതുൎത്ഥീ സർവ്വകുഷ്ഠാധിഷ്ഠാനാ । പഞ്ചമീ പുനരലജീവിദ്രധ്യധിഷ്ഠാനാ । ഷഷ്ഠീ തു പ്രാണധരാ । യസ്യാം ഛിന്നായാം താമ്യത്യന്ധമിവ ച തമഃ പ്രവിശതി, യാഞ്ചാധിഷ്ഠായാരുംഷി ജായന്തേ പർവ്വസു കൃഷ്ണരക്താനി സ്ഥൂലമൂലാനി ദുശ്ചികിത്സ്യതമാനി ।

സാ—മേൽപ്പറഞ്ഞ ആറു ത്വക്കുകളിൽ ആദ്യത്തെ ത്വക്കിന്ന് ഉദകധരാ എന്നു പേരാകുന്നു. ഉദകധരാ=ദേഹത്തിലുള്ള ജലത്തെ ധരിക്കുന്നത്. ഈ ത്വക്കുണ്ടാകകൊണ്ടാണ് ഉള്ളിൽ വെള്ളമുണ്ടെങ്കിലും ദേഹത്തിന്റെ പുറം ആർദ്രമായിരിക്കാത്തത്. രണ്ടാമത്തെ ത്വക്ക് അസൃഗ്ധരയാകുന്നു. അസൃഗ്ധരാ=രക്തത്തെധരിക്കുന്നത്. ഈ ത്വക്കിനെക്കൊണ്ടാണ് ദേഹത്തിനുള്ളിലുള്ള രക്തം പുറത്തേക്ക് ഒലിക്കാത്തത്. മൂന്നാമത്തേതു സിദ്ധ്മകിലാസാധിഷ്ഠാനമായ* ത്വക്കാകുന്നു. സിദ്ധ്മമെന്നാൽ ഒരുതരം കുഷ്ഠം. കിലാസം=ശ്വിത്രം. കുഷ്ഠങ്ങൾ നാലാമത്തെ ത്വക്കിനെ ആശ്രയിച്ചാണുണ്ടാകുന്നത്. അഞ്ചാമത്തേതായ ത്വക്ക് അലജി, വിദ്രധി എന്നീ രോഗങ്ങൾക്ക് അധിഷ്ഠാനമായിട്ടുള്ളതാകുന്നു. ആറാമത്തെ ത്വക്കിന്നു പ്രാണധരാ എന്നാണു പേര്. ഇത് എല്ലാററിന്നും ഉള്ളിലുള്ളതും മാംസത്തിന്മേൽ പററിപ്പിടിക്കുന്നതുമാകുന്നു. ഈ ത്വക്ക് മുറിഞ്ഞാൽ തളരുകയും കൂരിരുട്ടിൽ പെട്ടതുപോലെ തോന്നുകയും ചെയ്യും. ഇതിനെ ആശ്രയിച്ചിട്ടാണു സന്ധികളിൽ കറുത്തും ചുട്ടത്തും ഉള്ളവയും മുരട്ടിന്നു കനമുള്ളവയുമായ അരുസ്സുകൾ (വ്രണങ്ങൾ) ഉണ്ടാകുന്നത്. ആ വ്രണങ്ങൾ ചികിത്സിച്ചു ഭേദപ്പെടുത്തുവാൻ

വളരെ പ്രയാസമുള്ളവയുമാണ്. ഇങ്ങിനെ ഒന്നിനുള്ളിലൊന്നായിട്ടുള്ള ആറ് ത്വക്കുകൾ പറയപ്പെട്ടു.

അന്യേ സപ്ത ത്വചോ വദന്തി । തത്ര പ്രഥമാ ഭാസിനീ നാമ. യാ വർണ്ണാനാമവഭാസിനീ ഛായാനാഞ്ച പഞ്ചാനാം ഛായാനാം । സാ വ്രീഹേരഷ്ടാദശഭാഗപ്രമാണാ । ദ്വിതീയാ ലോഹിനീ നാമ ഷോഡശഭാഗപ്രമാണാ । തൃതീയാ ശ്വേതാ നാമ ദ്വാദശഭാഗപ്രമാണാ । ചതുർത്ഥീ താമ്രാ നാമാഷ്ടഭാഗപ്രമാണാ । പഞ്ചമീ വേദിനീ നാമ പഞ്ചഭാഗപ്രമാണാ । ഷഷ്ഠീ രോഹിണീ നാമ വ്രീഹിപ്രമാണാ । സപ്തമീ മാംസധരാ നാമ വ്രീഹിദ്വയപ്രമാണാ ॥

സാ—മററു ചില ആചാര്യന്മാർ ത്വക്കുകൾ ഏഴുണ്ടെന്നു പറയുന്നു. അവയിൽ ആദ്യത്തേതു ഭാസിനി എന്നു പേരുള്ളതാകുന്നു. അതു വർണ്ണങ്ങളേയും ഖാദികളായി മേലിൽ പറയുവാൻപോകുന്ന അഞ്ചുതരം ഛായകളേയും പ്രകാശിപ്പിക്കുന്നതാകുന്നു. ഈ ത്വക്കിന്റെ പ്രമാണം (കനമെന്നർത്ഥം) ഒരു വ്രീഹിമണിയുടെ പതിനെട്ടിലൊരംശമാണ്. രണ്ടാമത്തെ ത്വക്കിന്നു ലോഹിനി എന്നാകുന്നു പേർ. അതിന്റെ പ്രമാണം വ്രീഹിയുടെ പതിനാറിലൊരംശമാണ്. മൂന്നാമത്തേതിന്നു പേർ ശ്വേത എന്നും പ്രമാണം വ്രീഹിയുടെ പന്ത്രണ്ടിലൊരംശവുമാണ്. നാലാമത്തേതിന്നു പേർ താമ്രാ എന്നും മാനം വ്രീഹിയുടെ എട്ടിലൊന്നുമത്രേ. അഞ്ചാമത്തേതു വേദിനി. അതിന്റെ വലുപ്പം വ്രീഹിയുടെ അഞ്ചിലൊന്ന്. ആറാമത്തേതു രോഹിണി. അതിന്റെ പ്രമാണം ഒരു വ്രീഹിമണിയോളമാണ്. ഏഴാമത്തേതിന്നു മാംസധരാ എന്നു പേരും രണ്ടു വ്രീഹിയോളം വലുപ്പവുമാകുന്നു. [മേൽപറയപ്പെട്ട ത്വക്കുകൾക്കെല്ലാം കലകൾ എന്നും പേർ പറയപ്പെട്ടിട്ടുണ്ട്.]

യസ്തു ധാത്വാശയാന്തരേഷു ക്ലേദോഽവതിഷ്ഠതേ സ യഥാസ്വമൂഷ്മഭിർവിപക്വഃ സ്നായുശ്ലേഷ്മജരായുച്ഛന്നഃ കാഷ്ഠ ഇവ സാരോ ധാതുസാരശേഷോ രസശേഷോല്പത്വാൽ കലാസംജ്ഞഃ । താ ധാത്വാശയാന്തരമര്യാദാസ്സപ്ത കലാഃ ॥

സാ—രക്താദികളായ ധാതുക്കളുടെ ആശയങ്ങളായ സ്രോതസ്സുകൾ ഈരണ്ടു കൂടുന്നതിന്റെ അന്തരാളത്തിൽ യാതൊരു ക്ലേദം (നനവ്) ഭവിക്കുന്നുവോ അത് അതാതു ധാതുക്കളിലുള്ള ഊഷ്മാവിനാൽ വിപക്വമായിട്ടു സ്നായുക്കൾ, ശ്ലേഷ്മാവ് (കഫം) ജരായു എന്നിവയാൽ മൂടപ്പെട്ടതായിട്ടു കലാ എന്ന സംജ്ഞയോടുകൂടിയതായി ഭവിക്കുന്നു. ക

ഷ്ഠത്തിങ്കൽ (മരത്തടിയിൽ) സാരം (കാതൽ) യാതൊരുപ്രകാരമോ അതുപ്രകാരമാണ് ശരീരത്തിൽ ഇതിന്റെ സ്ഥിതി. ഇതു ധാതുസാരശേഷമാകുന്നു. ആഹാരസാരം ധാതുക്കളിലുള്ള അഗ്നിയാൽ പക്വമായി അതിന്റെ സാരം ധാതുക്കൾക്ക് ആഹാരമായതിനുശേഷം ശേഷിക്കുന്ന സാരമാണ് ഇത്. അതിനാൽ ഇതു രസത്തിന്റെ ശേഷമാകുന്നു. അല്പമാത്രമായതുകൊണ്ട് ഇതിനു കലാ എന്നു പേർ പറയുന്നു. ഈ കലകൾ ധാതാശയങ്ങളുടെ അന്തരങ്ങളിലുള്ളവയാകയാൽ ധാതുക്രമാനുസാരേണ ഏഴാകുന്നു. ഇവ ഓരോന്നും സ്വഭാവവശാൽ ഓരോ പ്രത്യേക കാര്യങ്ങളെ ചെയ്യുന്നവയാണ്. അതിനെത്തന്നെ വിവരിക്കുന്നു.

താസാം പ്രഥമാ മാംസധരാ നാമ, യസ്യാം മാംസേ സിരാസ്നായുധമനീസ്രോതസാം ഭൂമാവിവ പങ്കോദകേന വിസമൃണാളാനാം പ്രതാനാനി ഭവന്തി ॥

സാ—അവയിൽവെച്ച് ഒന്നാമത്തെ കലക്കു മാംസധരാ എന്നു പേരാകുന്നു. അതിങ്കലുള്ള മാംസത്തിങ്കൽ സിരകൾ, സ്നായുക്കൾ, ധമനികൾ, സ്രോതസ്സുകൾ എന്നിവയുടെ പ്രതാനങ്ങൾ (പടപ്പുകൾ) ഉണ്ടാകുന്നു. എന്നുപോലെയെന്നാൽ ഭൂമിയിങ്കൽ ചളിവെള്ളംകൊണ്ടു വിസമൃണാളങ്ങൾ ഉണ്ടാകുന്നതുപോലെ.

ദ്വിതീയാ രക്തധരാ നാമ മാംസസ്യാഭ്യന്തരതസ്തസ്യാം ശോണിതം വിശേഷതശ്ച സിരാപ്ലീഹയകൃൽസു ഭവതി। മാംസാച്ച ക്ഷതാൽ ക്ഷതജം വൃക്ഷാദിവ ക്ഷീരിണഃ ക്ഷീരം പ്രവൎത്തതേ ॥

സാ—രണ്ടാമത്തെ കലക്കു പേർ രക്തധരാ എന്നാകുന്നു. ഇതിന്റെ സ്ഥിതി മാംസത്തിന്റെ ഉള്ളിലാകുന്നു. ഈ കലയിലും വിശേഷിച്ച് സിരകൾ, പ്ലീഹ, യകൃത്ത് എന്നിവയിലും രക്തം പ്രവൎത്തിക്കുന്നു. മാംസം ക്ഷതമായാൽ അതിങ്കൽനിന്ന് (പ്രഭാവം ഹേതുവായിട്ട്), പാലുള്ള വൃക്ഷത്തിങ്കൽനിന്നു പാലെന്നപോലെ, രക്തം പ്രവൎത്തിക്കും.

തൃതീയാ മേദോധരാ നാമ। മേദോ ഹി തസ്യാമുദരേണ്വസ്ഥിഷു ച സരക്തം ഭവതി। തദേവ ച ശിരസി കപാലപ്രതിച്ഛന്നം മസ്തിഷ്കാഖ്യം മസ്തുലുംഗാഖ്യഞ്ച സ്ഥൂലാസ്ഥിഷു ച മജ്ജാ ॥

സാ—മൂന്നാമത്തെ കലക്കു മേദോധരാ എന്നു പേരാകുന്നു. അതിങ്കൽ (അതിനെ ആശ്രയിച്ചിട്ടെന്നർത്ഥം) ഉദരത്തിലും അണുക്കളായ അസ്ഥികളിലും രക്തത്തോടുകൂടിയതായ മേദസ്സ് ഭവിക്കുന്നു. ആ മേദസ്സുതന്നെ ശിരസ്സിങ്കൽ കപാല (തലയോട്) ത്താൽ മൂടപ്പെട്ട മസ്തിഷ്കമെ

ന്നും മസ്തുലുംഗമെന്നും (തലച്ചോറ് എന്നർത്ഥം) പേരുള്ളതായിട്ടു ഭവിക്കുന്നു. സ്ഥൂലങ്ങളായ അസ്ഥികളിൽ അധികം മജ്ജ എന്നും പേരുണ്ടാകുന്നു. നാമഭേദങ്ങൾക്കു ഭേദമുണ്ടെങ്കിലും അവയെല്ലാം മേദസ്സുതന്നെയാണെന്നു താല്പര്യം.

ചതുർത്ഥീ ശ്ലേഷ്മധരാ നാമ । തൽസ്ഥേന ഹി ശ്ലേഷ്മണാശ്ലേഷിതാസ്സർവ്വസന്ധയഃ ദൃഢാ ഭവന്തി സോപാംഗാ ഇവാക്ഷാഃ ॥

സാ—നാലാമത്തെ കലക്കു ശ്ലേഷ്മധര എന്നു പേരാകുന്നു. അതിങ്കലാണ് കഫം നില്ക്കുന്നത്. ആ കഫത്താൽ ആശ്ലിഷ്ടങ്ങളായിട്ടു (കഫത്തോടു ചേർന്നുകൊണ്ട്) ആണ് എല്ലാ സന്ധികളും ഉറച്ചുനില്ക്കുന്നത്. എന്തുപോലെ എന്നാൽ ഉപാംഗത്തോടുകൂടിയവയായിട്ട് അക്ഷങ്ങളെന്നപോലെ. ഉപാംഗം=അഭ്യംഗം. അക്ഷങ്ങൾ=ചക്രനാഭികൾ. വണ്ടിച്ചക്രങ്ങളുടെ അച്ചുതണ്ടുകൾ അവയിൽ കൊടുത്തിട്ടുള്ള അഭ്യംഗലേപംകൊണ്ട് എങ്ങിനെ ഉറച്ചുനില്ക്കുന്നുവോ അങ്ങിനെ സന്ധികൾ ശ്ലേഷ്മലേപത്താൽ ഉറച്ചുനില്ക്കുന്നു എന്നു സാരം.

പഞ്ചമീ പുരീഷധരാ നാമ । സാ ഹ്യന്ത്രാമപക്വാശയാശ്രിതാ കോഷ്ഠാന്തരുണ്ഡുകസ്ഥം മലം വിഭജതി॥

സാ—അഞ്ചാമത്തെ കലക്കു പുരീഷധര എന്നു പേരാകുന്നു. അതു ആമാശയത്തിലും പക്വാശയത്തിലും സ്ഥിതിചെയ്തുംകൊണ്ട് കോഷ്ഠത്തിന്റെ അന്തർഭാഗത്ത് ഉണ്ഡുകത്തിങ്കൽ ഉള്ളതായ മലത്തെ വേർതിരിക്കുന്നു. ഉണ്ഡുകം=പുരീഷാശയം.

ഷഷ്ഠീ പിത്തധരാ നാമ പക്വാമാശയമദ്ധ്യസ്ഥാ । സാ ഹ്യന്തരഗ്ന്യധിഷ്ഠാനത്വാദാമാശയാൽ പക്വാശയോന്മുഖമന്നം ബലേന വിധാര്യ പിത്തതേജസാ ശോഷയതി പചതി പക്വഞ്ച വിമുഞ്ചതി । ദോഷാധിഷ്ഠിതാ തു ദൗർബ്ബല്യാദാമമേവ । തതോഽന്നസ്യ ഗ്രഹണാൽ പുനർഗ്രഹണീസംജ്ഞാ । ബലഞ്ച തസ്യാഃ പിത്തമേവ ഗ്രഹണ്യഭിധാനമതഃ സാഗ്നിഃസോപസ്തബ്ധോപബൃംഹിതാ തക്ഷാംഗക്ഷമാ ശരീരം വർത്തയതി ॥

സാ—ആറാമത്തെ കലക്കു പിത്തധര എന്നാണ് പേർ. അതു പക്വാശയത്തിന്റെയും ആമാശയത്തിന്റെയും മദ്ധ്യത്തിലാണിരിക്കുന്നത്. അതിന്റെ ഉള്ളിൽ അഗ്നിയിരിക്കുന്നതുകൊണ്ട് അതു ആമാശയത്തിൽനിന്നു പക്വാശയത്തിലേക്കു വരുന്ന അന്നത്തെ ബലത്തോടുകൂടി പിടിച്ചുനിർത്തീട്ടു പിത്ത (അഗ്നി) തേജസ്സുകൊണ്ട് ശോഷിപ്പിക്കു

യും ഭേദിക്കയും ചെന്നതിനെ നീക്കിച്ചേർക്കുകയും ചെയ്യുന്നു. ഈ കലയിങ്കൽ വാതാദിദോഷങ്ങൾ സ്ഥിതിചെയ്താൽ അതിനു ബലമില്ലാതെ വരുന്നതുകൊണ്ട് അന്നത്തെ ദഹിക്കാതെ പച്ചയായിട്ടുതന്നെ പുറത്തേക്കു തള്ളും. ഇങ്ങിനെ ഈ കല അന്നത്തെ ഗ്രഹിക്കുന്നതുനിമിത്തം ഇതിന്നു ഗ്രഹണി എന്നും പേരുണ്ട്. ഇതിനുള്ള ബലം അഗ്നി എന്നു പറയപ്പെടുന്നതായ പിത്തംതന്നെയാകുന്നു. ഈ കലയാൽ അതു അഗ്നിയെ ധരിക്കുന്നതുകൊണ്ട് അഗ്നിയാൽ ഉപസ്തബ്ധയായും, അഗ്നിയെ ഉപബൃംഹണം (സന്ധുക്ഷണം) ചെയ്യുന്നതുകൊണ്ട് അഗ്നിയാൽതന്നെ ഉപബൃംഹിതയായും, അഗ്നിയുമായി ഏകയോഗക്ഷേമത്തോടുകൂടിയതായിട്ട് ശരീരത്തെ നിലനിർത്തുന്നു. പിത്തധരകലയെക്കൊണ്ട് അഗ്നിയും അഗ്നിയെക്കൊണ്ട് അതും വർത്തിക്കുന്നു എന്നു സാരം.

സപ്തമീ ശുക്ലധരാ നാമ ദ്വ്യംഗുലേ ദക്ഷിണേ പാർശ്വേ ച വസ്തിദ്വാരസ്യാധോ മൂത്രമാർഗ്ഗമാശ്രിതാ സകലശരീരവ്യാപിനീ ശുക്ലം പ്രവർത്തയതി ॥

സാ—ഏഴാമത്തേതു ശുക്ലധര എന്നു പേരായ കലയാകുന്നു. ആയതു വസ്തിദ്വാരത്തിന്റെ വലത്തുഭാഗത്തു രണ്ടംഗുലം അകലെ അധോഭാഗത്തിങ്കലുള്ള മൂത്രമാർഗ്ഗത്തെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നു. ഇതു ശരീരത്തിലെല്ലാം വ്യാപിച്ചുകൊണ്ടിരുന്ന ശുക്ലത്തെ പുറത്തേക്കു പുറപ്പെടുവിക്കുന്നു.

ദോഷാ ധാതവോ മലാശ്ച പ്രാഗുക്താഃ । പഞ്ച ബുദ്ധീന്ദ്രിയാണി ശ്രോത്രം സ്പർശനം ദർശനം രസനം ഘ്രാണഞ്ച । തേഷാം സഭാഗതയാ ക്രമാദ്വിഷയാഃ ശബ്ദസ്പർശരൂപരസഗന്ധാഃ । പഞ്ച ബുദ്ധീന്ദ്രിയാധിഷ്ഠാനാനി കർണ്ണൗ ത്വഗക്ഷിണീ ജിഹ്വാ നാസികാ ച ॥

സാ—ദോഷങ്ങൾ, ധാതുക്കൾ, മലങ്ങൾ എന്നിവ മുമ്പ് (സൂത്രസ്ഥാനത്തിൽ) നിരൂപിക്കപ്പെട്ടിട്ടുണ്ട്. ബുദ്ധീന്ദ്രിയങ്ങൾ (ജ്ഞാനേന്ദ്രിയങ്ങൾ) അഞ്ച്. ഒന്നു ശ്രോത്രം, രണ്ടു സ്പർശനം, മൂന്നു ദർശനം, നാലു രസനം, അഞ്ചു ഘ്രാണം. അവയുടെ വിഷയങ്ങൾ സഭാഗത ഹേതുവായിട്ടു ക്രമത്താലെ ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നിങ്ങിനെ അഞ്ചാകുന്നു. സഭാഗത=സാദൃശ്യം. ഇന്ദ്രിയങ്ങൾക്കും അവയുടെ വിഷയങ്ങൾക്കും സാദൃശ്യമുണ്ട്. എങ്ങിനെയെന്നാൽ:— ചക്ഷുസ്സ് തൈജസമാണ്. അതിനാൽ ഗ്രഹിക്കപ്പെടുന്ന രൂപമെന്ന വിഷയവും തൈജ

സമാണ്. ശ്രോത്രം നാഭസമാണല്ലോ; തദ്വിഷയമായ ശബ്ദവും നാഭസമാണ്. ഇങ്ങിനെ ശേഷമുള്ളവയ്ക്കും സാദൃശ്യം ഊഹ്യമാകുന്നു. മേൽപറഞ്ഞ അഞ്ച് ബുദ്ധീന്ദ്രിയങ്ങൾക്കും അധിഷ്ഠാനമായിട്ട് കർണ്ണങ്ങൾ, ത്വക്ക്, അക്ഷികൾ, ജിഹ്വാ, നാസികകൾ എന്നിവയും ഭവിക്കുന്നു. കർണ്ണാദികൾ ഇന്ദ്രിയാധിഷ്ഠാനങ്ങളായ ശരീരാവയവങ്ങളാണെന്നു സാരം.

പഞ്ച കർമ്മേന്ദ്രിയാണി വാക്പായൂപസ്ഥപാണിപാദസംജ്ഞകാനി । താന്യപി ച വചനോത്സർഗ്ഗഹർഷാദാനഗമനാർത്ഥാനി ॥

സാ — കർമ്മേന്ദ്രിയങ്ങളും അഞ്ചാകുന്നു. ഒന്നു വാക്ക്, രണ്ട് പായു (ഗുദം), മൂന്ന് ഉപസ്ഥം (മേഢ്രം), നാല് പാണി, അഞ്ച് പാദം. അവ മുറയ്ക്ക് വചനം, ഉത്സർഗ്ഗം, ഹർഷം, ആദാനം, ഗമനം എന്നിവയാകുന്ന കർമ്മങ്ങളോടുകൂടിയവയാകുന്നു. വചനം=സംസാരിക്കൽ. ഉത്സർഗ്ഗം=മലാദിസർജ്ജനം. ഹർഷം=സന്തോഷം (പ്രകൃതത്തിൽ ലക്ഷണയാ ത്തുക്കമെന്നർത്ഥം). ആദാനം=എടുക്കൽ. ഗമനം=നടക്കൽ. [ഇവിടെ ഹർഷവും ഉപലക്ഷണമാണ്. മേഢ്രംകൊണ്ട് ഹർഷത്തെപ്പോലെ മൂത്രോത്സർഗ്ഗവും നിർവ്വഹിക്കപ്പെടുന്നുണ്ടല്ലോ.]

അതീന്ദ്രിയന്തു മനഃ സർവ്വാർത്ഥാനപായാൽ തദ്യോഗേന പഞ്ചേന്ദ്രിയാണാമർത്ഥപ്രവൃത്തേഃ, ബുദ്ധികർമ്മേന്ദ്രിയോഭയാത്മകത്വാച്ച ॥

സാ — അതീന്ദ്രിയമെന്നു പറയപ്പെടുന്നതു മനസ്സാകുന്നു. അത് ഇന്ദ്രിയങ്ങളെ അതിക്രമിച്ചിട്ടുള്ളതാകയാൽ അതീന്ദ്രിയമെന്നു പറയപ്പെടുന്നു. മനസ്സ് അതീന്ദ്രിയമാണെന്നുള്ളതിലേക്ക് മൂന്നു കാരണങ്ങളെക്കൊണ്ട് ഉപപത്തിയെ പറയുന്നു. സർവ്വാർത്ഥേതി — ഒരു ഹേതു സർവ്വാർത്ഥങ്ങളോടുള്ള അനപായമാകുന്നു. മനസ്സ് എല്ലാ വിഷയങ്ങളേയും ഗ്രഹിക്കുന്നതാണ്. ഇന്ദ്രിയങ്ങളാകട്ടെ പ്രത്യേകം ചില വിഷയങ്ങളെ ഗ്രഹിക്കയുള്ളു. രണ്ടാമത്തെ കാരണം അതിന്റെ (മനസ്സിന്റെ) യോഗംകൊണ്ടു സർവ്വേന്ദ്രിയങ്ങൾക്കും സ്വസ്വവിഷയങ്ങളിൽ പ്രവൃത്തിഭവിക്കുന്നു തന്നെ. ഇന്ദ്രിയങ്ങളെ സ്വസ്വാർത്ഥങ്ങളിൽ പ്രവർത്തിപ്പിക്കുന്നതു മനസ്സാകയാൽ അത് ഇന്ദ്രിയാതീതമാണെന്നു സാരം. മൂന്നാമത്തെ കാരണം മനസ്സു ബുദ്ധീന്ദ്രിയങ്ങളുടേയും കർമ്മേന്ദ്രിയങ്ങളുടേയും രണ്ടിന്റെയും സ്വഭാവത്തോടുകൂടിയതാകുന്നു. ബുദ്ധീന്ദ്രിയങ്ങളുടെ പ്രവൃത്തി ജ്ഞാനവും കർമ്മേന്ദ്രിയങ്ങളുടേതു ക്രിയാകരണവുമാണല്ലോ. മനസ്സ് ജ്ഞാനാത്മകവും ക്രിയാത്മകവുമാകയാൽ ഉഭയസ്വഭാവമാകുന്നു. ഇങ്ങിനെ മൂ

ന്ന കാരണങ്ങളെക്കൊണ്ട് മനസ്സിൻെറ ഇന്ദ്രിയാതീതത്വം ഉപപന്നമാകുന്നു.

സപ്താശയാഃ ക്രമാദസൃക്കഫാമപിത്തപക്വവായുമൂത്രധാരാഃ സ്ത്രീണാം പിത്തപക്വാശയയോർമ്മദ്ധ്യേ ഗർഭാശയോഷ്ടമഃ । തേഷു സപ്തസു പ്രതിബദ്ധാനി കോഷ്ഠാംഗാനി ഹൃദയയകൃൽപ്ലീഹപുഃഫുസോണ്ഡുകവൃക്കാന്ത്രാദീനി । തത്ര സമാനേനാധ്മായമാനസ്യ ദേഹോഷ്മണാ പച്യമാനസ്യ ശോണിതസ്യാച്ഛതരം ജായതേ യകൃൽപ്ലീഹാ ച । രക്തഫേനാൽ പുഃഫുസഃ । രക്തകിട്ടാദുണ്ഡുകഃ । രക്തമേദഃപ്രസാദാദ്വൃക്കൌ । രക്തമാംസപ്രസാദാദാന്ത്രാണി । താനി സാർദ്ധത്രിവ്യാമാനി പുംസാം । ത്രിവ്യാമാനി സ്ത്രീണാം । രക്തസ്യാനിലയോഗാൽ കാലീയമ് । ഹൃദയം പുനഃ ശ്ലേഷ്മരക്തപ്രസാദാൽ സംഭവതി പത്മകോശസംകാശം സുഷിരമധോമുഖമ് । തദ്വിശേഷേണ ചേതനായാഃ സ്ഥാനം സർവ്വഭാവാനാഞ്ച ചേതനാനുഗതാനാമ് । തസ്യ വാമപാർശ്വേ പ്ലീഹാ പുഃഫുസശ്ച । ദക്ഷിണതോ യകൃൽ ക്ലോമ ച ॥

സാ—ആശയങ്ങൾ ഏഴുണ്ട്. ഒന്നു രക്താശയം, രണ്ടു കഫാശയം, മൂന്ന് ആമാശയം, നാലു പിത്താശയം, അഞ്ചു പക്വാശയം, ആറു വാതാശയം, ഏഴു മൂത്രാശയം. ഇവയെല്ലാം ക്രമേണ മേലാമ്പ്രേ കീഴ്പോട്ടായി ആണ് സ്ഥിതിചെയ്യുന്നത്. സ്ത്രീകൾക്കു മേൽപ്പറഞ്ഞ ഏഴാശയങ്ങൾക്കു പുറമേ ഗർഭാശയം എന്നൊരു ആശയംകൂടിയുണ്ട്. ആയതു പിത്താശയത്തിൻെറയും പക്വാശയത്തിൻെറയും മദ്ധ്യത്തിലാകുന്നു. ഈ ഏഴു ആശയങ്ങളിൽ കൂട്ടിക്കെട്ടപ്പെട്ടിട്ടാണ് ഹൃദയം, യകൃത്, പ്ലീഹ, പുഃഫുസം, ഉണ്ഡുകം, വൃക്കാ, ആന്ത്രം എന്നീ കോഷ്ഠാംഗങ്ങൾ സ്ഥിതിചെയ്യുന്നതു. "വൃക്കാന്ത്രാദീനി" എന്നിങ്ങിനെ ആദിഗ്രഹണം ചെയ്കതുകൊണ്ടു സൂക്ഷ്മങ്ങളായിട്ടുള്ള നാഡ്യാദികളേയും ഗ്രഹിക്കണം. [അവയെ മൃതശരീരത്തിൽ നോക്കി പരീക്ഷിച്ചു കാര്യകാരണങ്ങളെ കല്പിക്കേണ്ടതാണെന്ന് ഇന്ദു വ്യാഖ്യാതാവ് പറയുന്നു.] അവയിൽവെച്ചു യകൃത്തും പ്ലീഹയും ഉണ്ടാകുന്നത് സമാനവായുവിനാൽ പ്രേരിതവും ദേഹത്തിൻെറ ചൂടു കൊണ്ടു പചിപ്പിക്കപ്പെടുന്നതുമായ രക്തത്തിൻെറ തെളിയിൽനിന്നാകുന്നു. ആ രക്തത്തിൻെറതന്നെ നുരയിൽനിന്ന് പുഃഫുസം ഉണ്ടാകുന്നു. രക്തത്തിൻെറ കിട്ടത്തിൽനിന്ന് ഉണ്ഡുകം ഉണ്ടാകുന്നു. രക്തത്തിൻെറയും മേദസ്സിൻെറയും തെളിയിൽനിന്നു വൃക്കങ്ങൾ ഉണ്ടാകുന്നു. രക്ത

ത്തിന്റേയും മാംസത്തിന്റേയും പ്രസാദത്തിൽനിന്ന് ആന്ത്രങ്ങൾ ഉണ്ടാകുന്നു. ആന്ത്രങ്ങൾ പുരുഷന്മാരുടേതു മൂന്നരവ്യാമം (മാറ്) നീളമുള്ളവയായിരിക്കും. സ്ത്രീകൾക്കാകട്ടേ മൂന്നുവ്യാമമേ ഉണ്ടായിരിക്കയുള്ളു. ഇതു രക്തത്തോടുകൂടി വായുവും ചേരുന്നതുകൊണ്ടു കറുത്തതാകുന്നു. ഹൃദയമാകട്ടെ കഫത്തിന്റേയും രക്തത്തിന്റേയും പ്രസാദത്തിൽനിന്നാണുണ്ടാകുന്നതു. ഇതു് ആകൃതിയിൽ താമരമൊട്ടുപോലെയുള്ളതും കീഴ്പോട്ടു മുഖമായിട്ടുള്ളതുമാകുന്നു. ഈ ഹൃദയം വിശേഷിച്ചും ചേതനയുടേയും ചേതനയോടു സംബന്ധിച്ചുള്ള സത്വാദിഭാവങ്ങളുടേയും സ്ഥാനമാകുന്നു. ഈ ഹൃദയത്തിന്റെ ഇടത്തുഭാഗത്താണ് പ്ലീഹയും പുപ്ഫുസവും; വലത്തുഭാഗത്താണ് യകൃത്തും ക്ലോമവും.

തഥാ കഫരക്തവാഹിനാം സ്രോതസാം മഹാഭൂതാനാഞ്ച പ്രസാദാദിന്ദ്രിയാണി । തേഷ്വപി ച നേത്രേ ശ്ലേഷ്മണഃ പ്രസാദാച്ഛുക്ലമണ്ഡലം തൽ പിതൃജമ് । അസൃജഃ കൃഷ്ണമണ്ഡലം തന്മാതൃജമ് । മദ്ധ്യേ ദൃഷ്ടിമണ്ഡലം തദുഭയാത്മകമ് ॥

സാ — അപ്രകാരം തന്നെ കഫത്തേയും രക്തത്തേയും വഹിക്കുന്ന സ്രോതസ്സുകളുടേയും മഹാഭൂതങ്ങളുടേയും പ്രസാദത്തിങ്കൽനിന്നാണ് ഇന്ദ്രിയങ്ങൾ ഉണ്ടാകുന്നതു്. ഇന്ദ്രിയങ്ങൾ=ചക്ഷുരാദികൾ; ഇന്ദ്രിയാധിഷ്ഠാനങ്ങളായ അവയവങ്ങൾ എന്നു സാരം. അവയിൽവെച്ചും നേത്രത്തിങ്കലുള്ള ശുക്ലമണ്ഡലം (വെളുത്തഭാഗം) കഫത്തിന്റെ പ്രസാദത്തിങ്കൽനിന്നുണ്ടാകുന്നതും പിതൃജവുമാകുന്നു. കൃഷ്ണമണ്ഡലം (കറുത്തഭാഗം) ഉണ്ടാകുന്നതു രക്തത്തിന്റെ പ്രസാദത്തിൽനിന്നാകുന്നു. അതു മാതൃജമായ അവയവമാകുന്നു. മദ്ധ്യത്തിങ്കലുള്ള ദൃഷ്ടിമണ്ഡലം (മിഴി) ഉഭയാത്മകമാകുന്നു. കഫരക്തപ്രസാദജവും മാതാപിതാക്കന്മാർ രണ്ടുപേരുടേയും അംശങ്ങൾ കലർന്നതുമെന്ന് ഉഭയാത്മകമെന്നതിന്നു സാരം.

പക്ഷ്മവർത്മശ്വേതകൃഷ്ണദൃഷ്ട്യാഖ്യാനി പഞ്ചമണ്ഡലാനി । തത്സന്ധയശ്ചത്വാരഃ । ദ്വൌ ചാപാംഗകനീനകയോഃ । ഇതി തേഷാം । ഷൾ ച പടലാനി । ദ്വേ വർത്മനീ । ബാഹ്യഞ്ചാശ്രിതമന്യംഭസീ । ദ്വിതീയം മാംസം തൃതീയം മേദശ്ചതുർത്ഥമസ്ഥി । ത്രേഷാം ബാഹല്യതാ ദൃഷ്ടേഃ പഞ്ചമാംശേന ॥

സാ — നേത്രമെന്ന അവയവത്തിൽ ചക്രംപോലെ വട്ടത്തിൽ അഞ്ചു മണ്ഡലങ്ങൾ ഉണ്ടു്. ഒന്നു പക്ഷ്മമണ്ഡലം, രണ്ടു വർത്മമണ്ഡലം, മൂന്നു ശുക്ലമണ്ഡലം, നാലു കൃഷ്ണമണ്ഡലം, അഞ്ചു ദൃഷ്ടിമണ്ഡലം. അവ

കൂട്ടാംകൂടി ആറു സന്ധികളും ഉണ്ട്. പക്ഷ്മങ്ങളുടേയും വർത്മങ്ങളുടേയും സന്ധി ഒന്ന്, വർത്മങ്ങളുടേയും ശുക്ലമണ്ഡലത്തിന്റേയും സന്ധി ഒന്ന്, ശുക്ലകൃഷ്ണമണ്ഡലങ്ങളുടെ സന്ധി ഒന്ന്, കൃഷ്ണമണ്ഡലത്തിന്റേയും ദൃഷ്ടിമണ്ഡലത്തിന്റേയും സന്ധി ഒന്ന്, നേത്രത്തിന്റേയും അപാംഗത്തിന്റേയും സന്ധി ഒന്ന്, നേത്രകനീനകങ്ങളുടെ സന്ധി ഒന്ന്—ഇങ്ങിനെയാണ് ആറു സന്ധികൾ. (വർത്മങ്ങൾ=പോളകൾ. പക്ഷ്മങ്ങൾ=അക്ഷിരോമങ്ങൾ. അപാംഗം=ചെവിക്കടുത്ത കണ്ണിന്റെ ഭാഗം. കനീനകം=മൂക്കിന്നടുത്ത ഭാഗം.) ഇതുപോലെ നേത്രത്തിങ്കൽ ആറു പടലങ്ങളും ഉണ്ട്. 'ബാഹ്യം' ഇത്യാദിയായി പടലങ്ങളുടെ ക്രമത്തെ പറയുന്നു. അവയിൽ ബാഹ്യപടലം ഊർദ്ധ്വാധോഭേദേനയുള്ള രണ്ടു വർത്മങ്ങളാകുന്നു. അവ അഗ്നിയേയും അംഭസ്സിനേയും ആശ്രയിച്ചിട്ടുള്ളതുമാകുന്നു. അഗ്നിയും ജലവുമാണ് ഈ പടലത്തെ തർപ്പണം ചെയ്യുന്നതെന്നു സാരം. ദ്വിതീയപടലം മാംസത്തെ ആശ്രയിച്ചതും, തൃതീയപടലം മേദസ്സിനെ ആശ്രയിച്ചതും, ചതുർത്ഥപടലം അസ്ഥിയെ ആശ്രയിച്ചതുമാകുന്നു. ഈ പടലങ്ങളുടെ ബാഹുല്യതാ (ഘനത്വം) ദൃഷ്ടിമണ്ഡലത്തിന്റെ അഞ്ചിലൊരംശമാകുന്നു. ദൃഷ്ടിമണ്ഡലത്തിന്ന് എത്ര വിസ്താരമുണ്ടോ ആ വിസ്താരത്തിന്റെ അഞ്ചിലൊന്നാണ് പടലങ്ങളുടെ കനമെന്നു സാരം.

ബന്ധനഗുണാസ്തു ചത്വാരഃ സിരാകണ്ഡരാമേദഃകഫാത്മകാഃ । ശ്ലേഷ്മാ തു പരം സർവ്വസന്ധിബന്ധനമിത്യുക്തം പ്രാക് । നേത്രാശ്രിതന്തു തേജോ ബാഹ്യതേജസാ സ്വയോനിനാ യോഗാച്ഛത്രുമിവാശ്മനാ കർമ്മണ്യം ഭവതി । അതിയോഗാദുപഹന്യതേ । തച്ച വൈദ്യുതവദ്ബഡവാമുഖവച്ചാംഭോമദ്ധ്യഗമപി വീര്യോൽകർഷാത്തേജസ്ത്വം ന ജഹാതി । മാംസാസൃക്കഫപ്രസാദാത്തു ജിഹ്വാ ജായതേ । മാംസാസൃക്കഫമേദഃപ്രസാദാദ്വൃഷണാവിതി ॥

സാ—ദേഹത്തെ ബന്ധിച്ചു നിറുത്തുന്ന ഗുണങ്ങൾ (കയറുകൾ) സിരാ, കണ്ഡരാ, മേദസ്സ്, കഫം എന്നിങ്ങിനെ നാലുതരമാകുന്നു. സിരാദികളെക്കൊണ്ടാണ് മഹാസന്ധികൾ ബന്ധിക്കപ്പെടുന്നതെന്നു താൽപര്യം. ഇവയിൽവെച്ച് കഫം സർവ്വസന്ധികളേയും ഏററവും ബന്ധിക്കുന്ന വസ്തുവാണെന്നു മുമ്പു പറയപ്പെട്ടിട്ടുണ്ട്. നേത്രത്തെ ആശ്രയിച്ചിരിക്കുന്നതായ തേജസ്സ് സ്വയോനിയായ ബാഹ്യതേജസ്സിനോടു

ള്ള സംയോഗം ഹേതുവായിട്ടു കർമ്മക്ഷമമായി ഭവിക്കയുള്ളു. നേത്രത്തിങ്കൽ സ്വതേ തേജസ്സുണ്ടെങ്കിലും അതു തേജഃകർമ്മമായ പ്രകാശനത്തിന്നു പര്യാപ്തമാകേണമെങ്കിൽ പുറമേയുള്ള പ്രകാശത്തിന്റെ അപേക്ഷ വേണ്ടിവരുന്നു എന്നു സാരം. ഛത്രമിവാശ്മനാ എന്നു ദൃഷ്ടാന്തം. ഛത്രം=കുട അശ്മം=കല്ല് (ഭാണ്ഡം.) എന്നാൽ ആ ബാഹ്യതേജസ്സിന്റെതന്നെ അതിയോഗം ഭവിച്ചാൽ അതു ഉപഹനിക്കപ്പെടുകയും ചെയ്യുന്നു. നേത്രത്തിങ്കലുള്ള തേജസ്സ് ജലമധ്യഗതമാണെങ്കിലും തേജസ്സ് (അഗ്നി) എന്ന അവസ്ഥയെ വിടുന്നില്ല. കാരണം അതിന്റെ വീര്യാതിശയം തന്നെയാകുന്നു. "വൈദ്യുതവദ് ബഡവാമുഖവച്ച" എന്നു ദൃഷ്ടാന്തം. വൈദ്യുതം=മിന്നൽശക്തി. ബഡവാമുഖം=സമുദ്രമധ്യത്തിലുള്ള അഗ്നി. അവയുടെ സ്ഥിതി ജലമധ്യത്തിലാണെങ്കിലും അവയുടെ അഗ്നിത്വത്തിന്നു ഹാനി വരുന്നില്ലല്ലോ. ജിഹ്വാ (=നാവ്) മാംസരക്തകഫങ്ങളുടെ പ്രസാദത്തിങ്കൽനിന്നും, വൃഷണങ്ങൾ (=തരികൾ) മാംസരക്തകഫമേദസ്സുകളുടെ പ്രസാദത്തിൽനിന്നും ആകുന്നു.

**ദശ പ്രാണായതനാനി മൂർദ്ധാ ജിഹ്വാബന്ധനം കണ്ഠോ ഹൃദയം നാഭിർവസ്തിർഗുദഃ ശുക്ലമോജോ രക്തഞ്ച । തേഷാമാദ്യാനി സപ്ത പുനർമ്മഹാമർമ്മസംജ്ഞാനി ॥**

സാ—പ്രാണന്റെ ആയതനങ്ങൾ (സ്ഥാനങ്ങൾ) മൂർദ്ധാവ്, ജിഹ്വാബന്ധനം, കണ്ഠം, ഹൃദയം, നാഭി, വസ്തി, ഗുദം, ശുക്ലം, ഓജസ്സ്, രക്തം എന്നിങ്ങിനെ പത്താകുന്നു. മൂർദ്ധാദികളായ പത്തു സ്ഥാനങ്ങളിൽ പ്രാണൻ സ്ഥിതിചെയ്യുന്നു എന്നു സാരം. ഇവയിൽ ആദ്യത്തെ ഏഴു സ്ഥാനങ്ങൾ (അതായത് മൂർദ്ധാവ് മുതൽ ഗുദംകൂടിയവ)ക്ക് മഹാമർമ്മങ്ങൾ എന്നു പേർ പറയുന്നു.

**ഷോഡശ കണ്ഡരാഃ । തേഷാം ദ്വേ ദ്വേ കരചരണേഷു । ചതസ്രഃ പൃഥക്ഗ്രീവാപൃഷ്ഠയോഃ ॥**

സാ—കണ്ഡരകൾ ആകെ പതിനാറാണ് (കണ്ഡരകൾ=ഒരുതരം മാംസരജ്ജുക്കൾ.) അവയിൽവെച്ച് രണ്ടു കൈകളിലും രണ്ടു കാലുകളിലും ഈരണ്ടുവീതം (അതായത് എട്ട്) ഗ്രീവയിലും പൃഷ്ഠത്തിലും നന്നാലുവീതം (ഇങ്ങിനെ ആകെ പതിനാറ്.)

**ഷോഡശ ജാലാനി തേഷാം മാംസസിരാസ്നായ്വസ്ഥിജാനി ചത്വാര്യേകൈകത്ര ഗുൽഫേ മണിബന്ധേ ച പരസ്പരഗവാക്ഷിതാനി താനി സ്ഥിതാനി ॥**

സാ— ജാലങ്ങളും പതിനാറാണ്. അവയിൽ നന്നാലെണ്ണം ഓരോ ഗുൽഫത്തിങ്കലും മണിബന്ധത്തിങ്കലും ഭവിക്കുന്നു. അവ മാംസസിരാസ്നായ്വസ്ഥികളിൽനിന്നുണ്ടായവയുമാകുന്നു. അതുകളിൽ മേൽപ്പറഞ്ഞ ജാലങ്ങൾ അന്യോന്യം ഗവാക്ഷിതങ്ങൾ (ദ്വാരത്തോടുകൂടിയവ)യായി സ്ഥിതിചെയ്യുന്നു. ജാലങ്ങൾ=ജാലകതുല്യങ്ങളായ അവയവവിശേഷങ്ങൾ.

ഷൾ കൂർച്ചാഃ ഹസ്തപാദഗ്രീവാമേഢ്രേഷു ॥

സാ— കൂർച്ചങ്ങൾ ആറാകുന്നു. അതുകൾ കൈകൾ, കാലുകൾ എന്നിവയിൽ പ്രത്യേകം ഓരോന്നും ഗ്രീവാ, മേഢ്രം എന്നിവയിൽ ഓരോന്നുമാകുന്നു. കൂർച്ചങ്ങൾ=കൂർച്ചാകാരങ്ങളായ സ്നായുവിശേഷങ്ങൾ.

ചതസ്രോ മാംസരജ്ജവഃ പൃഷ്ഠവംശമുഭയതഃ പേശീനിബന്ധനാർത്ഥം। താസാം ദ്വേ ബാഹ്യേ ദ്വേ ചാഭ്യന്തരസ്ഥിതേ ॥

സാ— മാംസരജ്ജുകൾ നാലാകുന്നു. അവ പൃഷ്ഠവംശത്തിന്റെ (തണ്ടെല്ലിന്റെ) രണ്ടു ഭാഗങ്ങളിലും മാംസപേശികളെ കൂട്ടിബന്ധിക്കാനായിട്ടുള്ളവയാകുന്നു. ഈ നാലു മാംസരജ്ജുക്കളിൽ രണ്ടെണ്ണം ബഹിർഭാഗത്തും രണ്ടെണ്ണം അന്തർഭാഗത്തും സ്ഥിതിചെയ്യുന്നവയാകുന്നു.

സപ്ത സീവന്യഃ। താഃ പഞ്ച ശിരസി ജിഹ്വാമേഢ്രയോരേകൈകാ। പരിഹർത്തവ്യാശ്ച ശസ്ത്രേണ ॥

സാ— സീവനികൾ ആകെ ഏഴാണ്. അവയിൽ അഞ്ചെണ്ണം ശിരസ്സിങ്കലും, ഓരോന്ന് ജിഹ്വാ ലിംഗം എന്നിവയിലും സ്ഥിതിചെയ്യുന്നു (ശിരസ്സിങ്കൽ രണ്ടു ശംഖങ്ങളെ ആശ്രയിച്ചവയും, രണ്ടു കൃകാടികകളും, ഒന്ന് ഉപരിഭാഗത്തുള്ളതും ഇങ്ങിനെ അഞ്ചാകുന്നു) ഈ ഏഴു സീവനികളെയും ശസ്ത്രംകൊണ്ടു തൊടുവാൻ പാടില്ല. സീവനികൾ=തുന്നലുകൾ.

ചതുർദ്ദശാസ്ഥിസംഘാതാഃ। തേഷാമേകൈകാ ഗുൽഫജാനുവംക്ഷണമണിബന്ധകൂർപ്പരകക്ഷ്യാസു ത്രികശിരസോശ്ച ॥

സാ— അസ്ഥിസംഘാതങ്ങൾ (=അസ്ഥിക്കൂട്ടുകൾ) പതിനാലുണ്ട്. ഗുൽഫം (നെരിയാണി) ജാനു (മുട്ട്) വംക്ഷണം (ഒടി) ഇവയിൽ ഓരോ കാലിന്മേൽ ഓരോന്നുവീതം ആറും, മണിബന്ധം (കയ്യുടത്തിന്റെ മൂലബന്ധം) കൂർപ്പരം (കൈമുട്ട്) കക്ഷം ഇവയിൽ ഓരോ കയ്യിന്മേൽ ഓരോന്നുവീതം ആറുംകൂടി ആകെ കൈകാലുകളിന്മേലായി പന്ത്രണ്ടും, ത്രികം, ശിരസ്സ് എന്നിവയിൽ ഓരോന്നും ഇങ്ങിനെ പതിനാല്.

തദ്വൽ സീമന്താഃ । തേ തു പഞ്ച ശിരസി । ഇത്യഷ്ടാദശ ॥

സാ — സീമന്തങ്ങളും അസ്ഥിസംഘാതങ്ങളെപ്പോലെതന്നെ. ഗുൽഫാദികളായ മൂന്നു സ്ഥാനങ്ങളിലായി കാലുകളിൽ ആറും, മണിബന്ധാദികളായ മൂന്നു സ്ഥാനങ്ങളിലായി കൈകളിൽ ആറുംതന്നെ. ത്രികത്തിങ്കലും ശിരസ്സിങ്കലും ഉള്ളതിൽ ശിരസ്സിങ്കലാകട്ടെ സീമന്തങ്ങൾ അഞ്ചുണ്ട്. ആകയാൽ ആകെ പതിനെട്ടു സീമന്തങ്ങളാകുന്നു. സീമന്തങ്ങൾ സീവനികളെപ്പോലെതന്നെയുള്ളവയാകുന്നു.

ത്രീണി ഷഷ്ട്യധികാന്യസ്ഥിശതാനി । തേഷാഞ്ച ചത്വാരിംശച്ഛതം ശാഖാസു । സവിംശച്ഛതമന്തരാധൌ । ശതമൂർദ്ധ്വമിതി । തത്രൈകൈകസ്മിൻ സക്ഥ്നി പഞ്ചപാദനഖാഃ । പ്രത്യേകമംഗുല്യാം ത്രീണ്യസ്ഥീനീതി താനി പഞ്ചദശ । പഞ്ച പാദശലാകാഃ । തൽപ്രതിബന്ധകമേകം । ദ്വേ ദ്വേ കൂർച്ചഗുൽഫജംഘാസ്വേകൈകം പാർഷ്ണിജാനൂരുഷു । സർവ്വാണി ച നഖാസ്ഥ്യാദീനി । സക്ഥിവദ്ബാഹ്വോശ്ച ॥

സാ — അസ്ഥികൾ ആകെ മുന്നൂററുപതാകുന്നു. അവയിൽ ശാഖകളിൽ (കൈകാലുകളിൽ) ഒരുനൂററിനാല്പതും, അന്തരാധിയിങ്കൽ ഒരുനൂററിരുപതും, ഊർദ്ധ്വാംഗത്തിങ്കൽ ഒരുനൂറും ആകുന്നു. ഇവയെ വിവരിക്കുന്നു തത്രേതി — ഓരോ കാലിലും നഖങ്ങൾ അഞ്ച്, ഓരോ വിരലിലും മുമ്മൂന്ന് കൂടി അസ്ഥികൾ പതിനഞ്ച്, ഓരോ വിരല്ക്കും ഓരോ ശലാകയും ശലാകാപ്രതിബന്ധകമായിട്ട് ഒന്നുംകൂടി ആറ്, കൂർച്ചം ഗുൽഫം ജംഘ ഇവയിൽ ഈരണ്ടുകൂടി ആറ്, പാർഷ്ണി (മടമ്പ്) ജാനു ഊരു ഇവയിൽ ഓരോന്നുവീതം മൂന്ന്, എന്നിങ്ങിനെ മുപ്പത്തഞ്ച്. ഇതുപോലെ മറേറ കാലിലും രണ്ടു കൈകളിലും കൂടിച്ചേരുമ്പോൾ ആകെ ഒരുനൂററിനാല്പതസ്ഥികൾ ആകുന്നു. കാലിനു പറഞ്ഞതുപോലെ കൈകൾക്കും നഖാസ്ഥ്യാദികളെല്ലാം കണ്ടുകൊൾക.

ചതുർവ്വിംശതിഃ പർശ്വകാഃ । താവന്ത്യേവ സ്ഥാലകാന്യർബ്ബുദാനി ച । ത്രിംശൽ പൃഷ്ഠേ । അഷ്ടാവുരസി । ഏകൈകം ഭഗേ ത്രികേ । നിതംബയോശ്ച ദ്വേ । തദ്വദക്ഷകാംസാംസഫലകേഷു ॥

സാ — പർശ്വകാസ്ഥികൾ ഇരുപത്തിനാല്, സ്ഥാലകാസ്ഥികൾ ഇരുപത്തിനാല്, അർബ്ബുദാസ്ഥികൾ ഇരുപത്തിനാല് ഇങ്ങിനെ എഴുപ

ത്തിരണ്ടസ്ഥികൾ. പൃഷ്ഠത്തിങ്കൽ മുപ്പത്, മാറത്ത് എട്ടു, ത്രികഭാഗത്തിങ്കൽ ഓരോന്നുവീതം രണ്ട്, നിതംബങ്ങളിൽ രണ്ട്, അക്ഷകം അംസം അംസഫലകം ഇവയിൽ ഈരണ്ടുവീതം ആറ്—ഇങ്ങിനെ അന്തരാധിയിലെ ഒരുനൂറ്റിപതിനേഴസ്ഥികളെ അറിഞ്ഞുകൊൾക. (പർശ്ശുകങ്ങൾ=ദീർഘവക്രങ്ങളായ അസ്ഥികൾ; ഇവയിലാണ പൃഷ്ഠത്തിങ്കൽനിന്ന പുറപ്പെട്ടിട്ടുള്ള (വാരിയെല്ലുകൾ). സ്ഥാലകങ്ങളുടെ എണ്ണവും ഇങ്ങിനെതന്നെയാണ. അർബ്ബുദങ്ങൾ എന്നുള്ള പൃഷ്ഠവംശാവയവങ്ങളായ അസ്ഥികളിൽ സംബന്ധിപ്പിക്കപ്പെടുന്ന പര്യായമാകുന്നു).

തഥാ ഗണ്ഡകർണ്ണശംഖേഷു ജത്രുതാല്വോശ്ച । ത്രയോദശ ഗ്രീവായാം । ചത്വാരി കണ്ഠനാള്യാം । ദ്വേ ഹനുബന്ധനേ । ദ്വാത്രിംശദ്ദന്താഃ । തദ്വദുലൂഖലാനി ച । ത്രീണി നാസായാം ഷട് ശിരസി ॥

സാ—അപ്രകാരംതന്നെ ഗണ്ഡങ്ങൾ, കർണ്ണങ്ങൾ, ശംഖങ്ങൾ എന്നിവയിൽ ഓരോന്നുവീതം ആറസ്ഥികൾ; ജത്രു താലു ഇവയിലും ഓരോന്നുവീതം രണ്ട്; ഗ്രീവയിൽ (കഴുത്തിൽ) പതിമൂന്ന്; കണ്ഠനാളിയിങ്കൽ നാല്; ഹനുബന്ധനാസ്ഥികൾ രണ്ട്; പല്ലുകൾ മുപ്പത്തിരണ്ട്; ഉലൂഖലാസ്ഥികൾ മുപ്പത്തിരണ്ട്; നാസികയിൽ മൂന്ന (രണ്ടു പാർശ്വങ്ങളിൽ ഓരോന്നും മദ്ധ്യത്തിങ്കൽ ഒന്നുംകൂടി മൂന്ന); ശിരസ്സിങ്കൽ ആറ (ശിരസ്സിൻറ അഗ്രത്തിങ്കലും പൃഷ്ഠത്തിങ്കലും ഓരോന്നും രണ്ടു പാർശ്വങ്ങളിലായി നാലുംകൂടി ശിരസ്സിങ്കൽ ആറു കപാലങ്ങളുണ്ട്)—ഇപ്രകാരം ഊർദ്ധ്വകായത്തിങ്കൽ ആകെയുള്ള ഒരുനൂറസ്ഥികളെ ഗ്രഹിച്ചുകൊൾക.

താനി ജാനുനിതംബാംസഗണ്ഡതാലുശംഖവംക്ഷണമദ്ധ്യശിരസ്സുകപാലസംജ്ഞാനി । ദശനാസ്തു രുചകാഃ । ഘ്രാണകർണ്ണഗ്രീവാക്ഷികോശേഷു തരുണാനി । പാണിപാദപാർശ്വപൃഷ്ഠോദരോരസ്സു വലയാനി । ശേഷാണി നളകാനീതി നാമാനുഗതാകൃതീനി പഞ്ചവിധാന്യസ്ഥീനി । തേഷു ഹി സിരാഭിഃ സ്നായുഭിശ്ച നിബദ്ധാനി മാംസാനി ॥

സാ—മേല്പറഞ്ഞ അസ്ഥികൾക്ക സ്ഥാനഭേദംകൊണ്ടുള്ള ആകൃതിഭേദം പുരസ്കരിച്ചു നാമഭേദമുള്ളതിനെ പറയുന്നു. താനീതി—ജാനു, നിതംബം, അംസം, ഗണ്ഡം, താലു, ശംഖം, വംക്ഷണം, ശിരോമദ്ധ്യം എന്നിവയിലുള്ള അസ്ഥികൾക്ക കപാലങ്ങൾ എന്ന പേർ. ദശന

നം)ങ്ങൾക്കു രുചകങ്ങളെന്നു പേർ. ഘ്രാണാദികളായി അക്ഷികോശം കൂടിയ സ്ഥാനങ്ങളിലുള്ളവക്കു തരുണ (മൃദു) ങ്ങളെന്നു പേർ. പാണിപാദപാർശ്വപൃഷ്ഠങ്ങളിലെ അസ്ഥികൾക്കു വലയങ്ങളെന്നു പേർ. ശേഷമുള്ളവയെല്ലാം നളകങ്ങൾ എന്നു പറയപ്പെടുന്നു. ഇങ്ങിനെ പേരിന്നനുസരിച്ച ആകൃതികളോടുകൂടിയവയായി അഞ്ചുവിധത്തിലാണസ്ഥികൾ. ഇവയിൽ സിരകളെക്കൊണ്ടും സ്നായുക്കളെക്കൊണ്ടും മാംസങ്ങൾ നിബന്ധിക്കപ്പെട്ടിരിക്കുന്നു.

ഇങ്ങിനെ അസ്ഥികളെപ്പറഞ്ഞശേഷം അസ്ഥിസന്ധികളെ വിവരിക്കുന്നു:—

ദശോത്തരം ശതദ്വയമസ്ഥിസന്ധീനാമ് । തേഷാമഷ്ടഷഷ്ടിശ്ശാഖാസു । ഏകോനഷഷ്ടിരന്തരാധൌ । ത്ര്യശീതിരൂർദ്ധ്വമ് । തത്രൈകൈകസ്മിൻ സക്ഥ്നി പാദാംഗുലൌ പ്രത്യേകം ത്രയഃ । ദ്വാവംഗുഷ്ഠേ । തേ ചതുർദ്ദശ । ഏകൈകോ ഗുല്ഫജാനുവംക്ഷണേഷു ॥

സാ—അസ്ഥിസന്ധികൾ ആകെ ഇരുനൂറ്റിപത്താകുന്നു. അവയിൽ അറുപത്തെട്ട ശാഖകളിലും, അമ്പത്തൊമ്പതു അന്തരാധിയിലും, എണ്പത്തിമൂന്ന് ഊർദ്ധ്വഭാഗത്തിലുമാകുന്നു. ഓരോ കാലിലുമുള്ള വിരലുകളിൽ വെവ്വേറെ മുമ്മൂന്നു സന്ധികൾ, അംഗുഷ്ഠത്തിൽ രണ്ടു സന്ധികൾ എന്നിങ്ങിനെ ഒരു കാലിന്മേൽ പതിനാലുവീതം രണ്ടുകാലിന്മേൽക്കൂടി ഇരുപത്തെട്ടും അതുപോലെതന്നെ രണ്ടുകയ്യിന്മേൽക്കൂടി ഇരുപത്തെട്ടുംകൂടി ആകെ അമ്പത്താറു സന്ധികളുണ്ട്. ഗുല്ഫം (നെരിയാണി) ജാനു (മുട്ട്) വംക്ഷണം ഇവയിൽ ഓരോ അസ്ഥിസന്ധികൾവീതം രണ്ടു കാലുകളിലും രണ്ടു കൈകളിലുംകൂടി പന്ത്രണ്ടു സന്ധികൾ—ഇപ്രകാരമാണ് ശാഖകളിൽ അറുപത്തെട്ടു സന്ധികൾ.

ത്രയഃ കടീകപാലേഷു । ചതുർവ്വിംശതിഃ പൃഷ്ഠവംശേ । തദ്വൽ പാർശ്വയോഃ । അഷ്ടാവുരസി ॥

സാ—കടീ (നിതംബ) കപാലങ്ങളിൽ മൂന്നു സന്ധികളും, പൃഷ്ഠവംശത്തിങ്കൽ ഇരുപത്തിനാലു സന്ധികളും, അപ്രകാരംതന്നെ പാർശ്വങ്ങളിൽ ഇരുപത്തിനാലു സന്ധികളും, ഉരസ്സിങ്കൽ എട്ടു സന്ധികളും എന്നിങ്ങിനെയാണ് അന്തരാധിയിലുള്ള അമ്പത്തൊമ്പത് അസ്ഥിസന്ധികൾ (പാർശ്വഭാഗങ്ങൾ രണ്ടിലേയും സന്ധികൾ പർശ്ശുകാ

ന്ധികളുടെ ആശ്രയമായതുകൊണ്ടാണ് പർശ്ശുകതുല്യസംഖ്യ സന്ധികൾക്കുമുണ്ടാകുന്നതെന്നു കാണുക.]

അഷ്ടൌ ഗ്രീവായാം । ത്രയഃ കണ്ഠനാഡ്യാം । അഷ്ടാദശ കണ്ഠനാഡീനിബദ്ധാ ഹൃദയക്ലോമനാഡീഷു । ദ്വാത്രിംശദ്ദന്തമൂലേഷു । ഏകൈകഃ കാകലനാസാമൂർദ്ധസു । ദ്വൌ ദ്വൌ ഗണ്ഡകർണ്ണശംഖവർത്മനേത്രഹനുസന്ധിഷു । ദ്വാവുപരിഷ്ടാൽ ഭ്രുവോഃ । പഞ്ച ശിരഃകപാലേഷു ॥

സാ—ഗ്രീവയിങ്കൽ എട്ടും, കണ്ഠനാളിയിൽ മൂന്നും, കണ്ഠനാളിയിങ്കൽ ബന്ധിക്കപ്പെട്ടവയായി ഹൃദയക്ലോമനാഡികളിൽ പതിനെട്ടും, ദന്തമൂലങ്ങളിൽ മുപ്പത്തിരണ്ടും, കാകലം നാസിക മൂർദ്ധാവ് എന്നിവയിൽ ഓരോന്നുവീതം മൂന്നും, ഗണ്ഡം കർണ്ണം ശംഖം വർത്മം നേത്രം ഹനുസന്ധി എന്നിവയിൽ ഈരണ്ടുവീതം പന്ത്രണ്ടും, രണ്ടു പുരികങ്ങളുടെ ഉപരിഭാഗത്തായി രണ്ടും, ശിരഃകപാലങ്ങളിൽ അഞ്ചും കൂടിയാണ് ഊർദ്ധ്വകായത്തിങ്കൽ ഉള്ള എണ്പത്തിമൂന്ന് അസ്ഥിസന്ധികൾ. [ഹൃദയക്ലോമനാഡികളിലെ സന്ധികൾ കണ്ഠനാളിയിങ്കൽ നിബദ്ധങ്ങളാകയാലാണ് ഊർദ്ധ്വാംഗത്തിൽ ഗണിക്കപ്പെട്ടത് എന്നു കാണുക.]

അസ്ഥിസന്ധികൾക്ക് സ്ഥാനഭേദേന നാമഭേദത്തെ പറയുന്നു:—

തേഽംഗുലിഗുല്ഫജാനുമണിബന്ധകൂർപ്പരേഷു കോരസംജ്ഞാഃ। കക്ഷാവംക്ഷണദന്തമൂലേഷൂലൂഖലസംജ്ഞാഃ । അംസപീഠഗുദഭഗനിതംബേഷു സാമുദ്ഗാഃ । ഗ്രീവാപൃഷ്ഠവംശയോഃ പ്രതരാഃ । ശിരഃകടീകപാലേഷു തുന്നസേവനീസംജ്ഞാഃ । ഹന്വദയതോ വായസതുണ്ഡാഃ । കണ്ഠനേത്രഹൃദയക്ലോമനാഡീഷു മണ്ഡലകസംജ്ഞാഃ । ശ്രോത്രശൃംഗാടകേഷു ശംഖാവർത്താഃ । ഇത്യസ്ഥിസന്ധയോഽഷ്ടവിധാഃ ॥

സാ—മേൽപറഞ്ഞ അസ്ഥിസന്ധികൾക്ക് അംഗുല്യാദികളായ സ്ഥലങ്ങളിൽ 'കോരങ്ങൾ' എന്നു പേരാകുന്നു. കക്ഷ്യാദിസ്ഥാനങ്ങളിലുള്ള സന്ധികൾക്ക് ഉലൂഖലങ്ങൾ എന്നു പേരാകുന്നു. അംസപീഠാദിസ്ഥാനങ്ങളിൽ സാമുദ്ഗങ്ങൾ എന്നു പേരാകുന്നു. ഗ്രീവാ,പൃഷ്ഠവംശം എന്നിവയിലുള്ള അസ്ഥിസന്ധികൾക്കു പ്രതരങ്ങൾ എന്നു പേർ. ശിരഃകടീകപാലങ്ങളിലുള്ളവക്കു തുന്നസേവനികൾ എന്നു പേർ. ഹനു (താടി

യെല്ല്) വിന്റെ ഇതരപുറവുമുള്ളവകളെ വായസതുണ്ഡങ്ങൾ എന്നു പേർ. കണ്ഠനേത്രാദിനാഡികളിൽ മണ്ഡലകങ്ങൾ എന്നു പേരാകുന്നു. ശ്രോത്രശൃംഗാടകങ്ങളിലുള്ളവകളെ ശംഖാവർത്തങ്ങളെന്നു പേരാകുന്നു. ഇങ്ങിനെ എട്ടുവിധത്തിലാണ് അസ്ഥിസന്ധികൾ. [ഇത്രയുംകൊണ്ട് ഇരുനൂററിപത്ത് അസ്ഥിസന്ധികളെ വിവരിച്ചുകഴിഞ്ഞു].

സ്നായുപേശീസിരാശ്രിതാസ്തു സഹസ്രദ്വയം ന പുനഃ ശസ്ത്രപ്രണിധാനേ തേഷു വാച്യമസ്തീതി പൃഥങ്നോച്യതേ ॥

സാ—സ്നായുക്കൾ, പേശികൾ, സിരകൾ എന്നിവയെ ആശ്രയിച്ചിട്ടുള്ള സന്ധികളെ കൂട്ടിയാൽ അവയെക്കൊണ്ടു രണ്ടായിരം സന്ധികൾ ഉണ്ടാകും. പക്ഷേ ശസ്ത്രക്രിയയെസംബന്ധിച്ച് അവയിൽ ഒന്നും പറയേണ്ടതായിട്ടില്ലാത്തതുകൊണ്ട് അവയെ വേറിട്ടു പറയാത്തതാണ്, സ്നായുക്കൾ=സൂക്ഷ്മസിരകൾ. പേശികൾ=സ്നായ്വാകൃതികളായ മാംസസിരകൾ. സിരകൾ=ഞരമ്പുകൾ.

അനന്തരം സ്നായുക്കളുടെ വിഭാഗത്തെ പറയുന്നു:

നവ സ്നായുശതാനി । തേഷാം ഷട്ശതാനി ശാഖാസു । ത്രിംശച്ഛതദ്വയമന്തരാധൌ । ഊർദ്ധ്വം സപ്തതിഃ । തത്രൈകൈകസ്മിൻ സക്ഥ്നി പാദാംഗുല്യാം പ്രത്യേകം ഷാൾ ഷട് । താനി ത്രിംശത് । ദശ ദശ പാദതലകൂർച്ചഗുല്ഫേഷു । ത്രിംശജ്ജംഘായാം । ദശ ജാനുനി । ചത്വാരിംശദൂരൌ । ദശ വംക്ഷണേ ॥

സാ—സ്നായുക്കൾ ആകെ തൊള്ളായിരമാകുന്നു. അവയിൽ അറുനൂറെണ്ണം ശാഖകളിൽ ആകുന്നു. അന്തരാധിയിങ്കൽ ഇരുനൂററിമുപ്പത് സ്നായുക്കളാണുള്ളത്. ഊർദ്ധ്വഭാഗത്തിങ്കൽ എഴുപതു. ഇവയിൽ ശാഖാശ്രിതങ്ങളായ സ്നായുക്കൾ:—കാലിന്റെ ഓരോ വിരലിലും പ്രത്യേകം ആറു സ്നായുക്കൾവീതം മുപ്പത്. പാദതലം, കൂർച്ചം, ഗുൽഫം ഇവയിൽ പതിപ്പത്തുവീതം മുപ്പത്. ജംഘയിൽ മുപ്പത്. ജാനുവിങ്കൽ പത്ത്. ഊരു (തുട) വിൽ നാല്പത്. വംക്ഷണ (ഒടി) ത്തിൽ പത്ത്. ഇങ്ങിനെ ഒരു കാലിന്മേൽത്തന്നെ ഒരുനൂററമ്പത് സ്നായുക്കൾ ഉണ്ട്. ഇതുപോലെ മററകാലിന്നും ഓരോ കൈകൾക്കും ഒരുനൂററമ്പതുവീതം കൂട്ടുമ്പോൾ ആകെ ശാഖകളിൽ അറുനൂറു സ്നായുക്കൾ ആകുന്നു. [കൈകളിൽ കണക്കാക്കുമ്പോൾ ഓരോ കയ്യിന്റെയും വിരലുകളിൽ മുപ്പത്; കരതലം കൂർച്ചം മണിബന്ധം ഇവയിൽ പതിപ്പത്തുവീതം മുപ്പത്. പ്ര

കോഷ്ഠത്തിങ്കൽ മുപ്പത്; കൂർപ്പരത്തിങ്കൽ പത്ത്; പ്രകാണ്ഡത്തിങ്കൽ നാല്പത്; കക്ഷത്തു പത്ത് എന്നിങ്ങിനെ കൂട്ടേണ്ടതാണ്.]

ചത്വാരിംശൽ കട്യാം । വിംശതിർമ്മുഷ്കമേഢ്രവസ്ത്യന്ത്രേഷു । അശീതിഃ പൃഷ്ഠേ । ഷഷ്ടിഃ പാർശ്വയോഃ । അഷ്ടാദശോരസി । ചത്വാര്യക്ഷകയോഃ । അഷ്ടാവംസയോഃ ॥

സാ—അനന്തരാധിയിലുള്ള സ്നായുക്കളെ വിഭാഗിക്കുന്നു—കടിയിങ്കൽ നാല്പത്; മുഷ്കം മേഢ്രം വസ്തി അന്ത്രം എന്നീ നാലു സ്ഥാനങ്ങളിൽക്കൂടി ഇരുപത്; പൃഷ്ഠത്തിങ്കൽ എണ്പത്; പാർശ്വങ്ങളിൽ അറുപത്; ഉരസ്സിങ്കൽ പതിനെട്ട്; അക്ഷകങ്ങളിൽ ഈരണ്ടുവീതം നാല്. അംസ (മുമല്) ങ്ങളിൽ എട്ട്;—ഇങ്ങിനെ അനന്തരാധിയിങ്കൽ ആകെ ഇരുനൂററിരുപ്പത്തു സ്നായുക്കളാണുള്ളത്.

ദ്വേ ദ്വേ മന്യാവടുനേത്രൗഷ്ഠതാലുഷു । ത്രിംശദ് ഗ്രീവായാം । ത്രീണി ജത്രുണി । ചത്വാരി ഹന്വോഃ । പഞ്ച ജിഹ്വായാം । ദ്വാദശോത്തരാധരേഷു ദന്തമാംസേഷു । ഷണ്മൂർദ്ധ്നി ॥

സാ—ഊർദ്ധ്വകായത്തിങ്കലെ സ്നായുക്കളെ വിവരിക്കുന്നു—മന്യകളിൽ രണ്ട്, അവടു (കൃകാടിക) കളിൽ രണ്ട്, നേത്രങ്ങളിൽ രണ്ട്, ഓഷ്ഠങ്ങളിൽ രണ്ട്, താലുവിങ്കൽ രണ്ട് ഇങ്ങിനെ പത്ത്; ഗ്രീവയിൽ മുപ്പത്; ജത്രു (അക്ഷകസന്ധി) വിങ്കൽ മൂന്ന്; ഹനുക്കളിൽ (താടിയെല്ലുകൾ) നാല്; നാവിന്മേൽ അഞ്ച്; മേലേവരിയിലേയും താഴേവരിയിലേയും ദന്തമാംസങ്ങളിൽ പന്ത്രണ്ട്; മൂർദ്ധാവിൽ ആറ്;—ഇങ്ങിനെ ഊർദ്ധ്വാംഗത്തിങ്കൽ എല്ലാംക്കൂടി എഴുപത്തു സ്നായുക്കൾ ഭവിക്കുന്നു.

തത്ര ശാഖാസു സന്ധിഷു ച പ്രതാനവന്തി । മഹാസ്നാവാനി തു വൃത്താനി താനി കണ്ഡരാസംജ്ഞാനി । വസ്ത്യാമപക്വാശയാന്ത്രേഷു സുഷിരാണി । പാർശ്വപൃഷ്ഠോരശ്ശിരസ്സു പൃഥൂനി ॥

സാ—സ്നായുക്കൾക്കു സ്ഥാനഭേദംകൊണ്ട് ആകൃതിഭേദം വരുന്നതിനെ പറയുന്നു. തത്രേതി—കൈകാലുകളിലും സന്ധികളിലുമുള്ള സ്നായുക്കൾ പ്രതാനത്തോടുകൂടിയവ (അനേകപ്രകാരങ്ങൾ) ആയിരിക്കും. മഹാസ്നായുക്കൾ വൃത്താകൃതികളാണ്. അവക്കു കണ്ഡരകൾ എന്നു പേർ പറയുന്നു. വസ്ത്യാശയം, ആമാശയം, പക്വാശയം, അന്ത്രം എന്നിവയിലെ സ്നായുക്കൾ സുഷിരങ്ങളായിരിക്കും. വാരിഭാഗം, പുറം, മാറ്, തല എന്നിവയിലെ സ്നായുക്കളാകട്ടേ പൃഥുക്കൾ (വിസ്താരമുള്ളവ) ആയിരിക്കും.

സ്നാവബന്ധനൈർഹി സന്ധിഷു സുബദ്ധാ തനുർന്നൌരിവ സൃഗിഥിതാ । തസ്മാദസ്ഥിസിരാദിഭ്യോപി താനി യത്നതോ രക്ഷേൽ । യശ്ച സ്നാവാനി ബാഹ്യാന്യാഭ്യന്തരാണി ച സമ്യക് ജാനാതി സ ഗൂഢമപി ശല്യമാഹർത്തും സമർത്ഥോ ഭവതി ॥

സാ — മേല്പറഞ്ഞ സ്നായുക്കളാകുന്ന ബന്ധനങ്ങളെക്കൊണ്ട് സന്ധികളിൽ വഴിപോലെ കെട്ടപ്പെട്ടിട്ടാണ് ഈ ശരീരം വേണ്ടതുപോലെ ചേഷ്ടിക്കുന്നത്. ദൃഷ്ടാന്തം പറയുന്നു. നൌരിതി—തോണി യാതൊരുപ്രകാരം സന്ധികളിൽ ബന്ധിക്കപ്പെട്ടതായിട്ട ചേഷ്ടിക്കുന്നുവോ അതുപോലെ. ആകയാൽ സ്നായുക്കളെ അസ്ഥിസിരാദികളെക്കാളുമധികം പ്രയത്നപ്പെട്ട രക്ഷിക്കേണ്ടതാണ്. യാതൊരു വൈദ്യൻ ശരീരത്തിന്റെ അകത്തും പുറത്തുമുള്ള സ്നായുക്കളെ ശരിയായി അറിയുന്നുവോ അവൻ ഗൂഢമായി കിടക്കുന്ന ശല്യത്തെക്കൂടി എടുക്കുവാൻ സമർത്ഥനായി ഭവിക്കുന്നു.

അനന്തരം പേശികളെ വിവരിക്കുന്നു:—

പഞ്ച പേശീശതാനി । താസാം ചത്വാരി ശതാനി ശാഖാസു । ഷഷ്ടിരന്തരാധൌ । ചത്വാരിംശദൂർദ്ധ്വം ച । തത്രൈകൈകസ്മിൻ സക്ഥ്നി പാദാംഗുല്യാം പ്രത്യേകം തിസ്രഃ । താഃ പഞ്ചദശ । ദശ ദശ പ്രപദേ പാദതലേ ഗുൽഫേ ച । തഥാ പാദസ്യോപരി കൂർച്ചേ സന്നിവിഷ്ടാഃ । വിംശതിർജ്ജംഘായാം । പഞ്ച ജാനുനി । വിംശതിരൂരൌ ॥

സാ — പേശികൾ ആകെ അഞ്ഞൂറാകുന്നു. അവയിൽ ശാഖകളിൽ നാനൂറും, അന്തരാധിയിങ്കൽ അറുപതും, ഊർദ്ധ്വാംഗത്തിങ്കൽ നാല്പതുമാകുന്നു. ശാഖകളിലുള്ളവയുടെ വിഭാഗം എങ്ങിനെയെന്നാൽ:—ഓരോ കാലിന്മേലും വിരലുകളിൽ പ്രത്യേകം മുമ്മൂന്നു പേശികൾക്കൂടി പതിനഞ്ച്; പ്രപദം (പാദതലത്തിന്റെ അഗ്രം), പാദതലം, ഗുൽഫം, പാദത്തിന്റെ ഉപരിഭാഗം എന്നിവയിൽ പ്രത്യേകം പത്തുപേശികൾ വീതം നാല്പത് (ഈ പേശികൾ കൂർച്ചം എന്ന മർമ്മത്തിൽ ഘടിപ്പിക്കപ്പെട്ടവയാകുന്നു.) ജംഘയിങ്കൽ ഇരുപതുപേശികൾ; ജാനുവിങ്കൽ അഞ്ച്; ഊരുവിങ്കൽ ഇരുപത്; ഇങ്ങിനെ ഒരു കാലിന്മേൽ നൂറുപേശികൾ. ഇതുപോലെ മറ്റേകാലിന്മേലും രണ്ടു കൈകളിലുംകൂടി ആകെ നാനൂറുപേശികൾ ശാഖകളിൽ ഭവിക്കുന്നു.

ഏകൈകാ മേഢ്രസേവന്യോഃ । ദ്വേ വൃഷണയോഃ । ദശ സ്ഫി

ജോഃ । തിസ്രോ ഗുദേ താസ്സു വലീസംജ്ഞാഃ । ദ്വേ വസ്തിശിരസി । ചതസ്ര ഉദരേ । നാഭ്യാമേകാ । ഹൃദ്യാമാശയേ ച । ഷഡ്യകൃൽപ്ലീഹോണ്ഡുകേഷു । പൃഷ്ഠേ പഞ്ചോർദ്ധ്വഭാഗസന്നിവിഷ്ടാഃ । ദശ ദീർഘാഃ പാർശ്വയോഃ । ദശ വക്ഷസി । തിസ്രോംസാക്ഷകോപരിതഃ ॥

സാ—അന്തരാധിയിങ്കലുള്ള പേശികളെ വിഭാഗിക്കുന്നു. മേഢ്രൈകേതി—മേഢ്രത്തിങ്കലൊന്ന്, സേവനിയിൽ ഒന്ന്, വൃഷണങ്ങളിൽ രണ്ട്, സ്ഫിക്കുകളിൽ (ആസനങ്ങളിൽ) പത്ത്, ഗുദത്തിങ്കൽ വലി എന്ന പേരുള്ളവയായി മൂന്ന്, വസ്തിശിരസ്സിൽ രണ്ട്, ഉദരത്തിൽ നാല്, നാഭിയിങ്കൽ ഒന്ന്, ഹൃദയത്തിങ്കലും ആമാശയത്തിങ്കലും ഓരോന്ന്, യകൃത്ത് പ്ലീഹ ഉണ്ഡുകം ഇവയിൽ ആറ്, പൃഷ്ഠത്തിങ്കൽ അഞ്ച് (ഇവ ഊർദ്ധ്വഭാഗസന്നിവിഷ്ടങ്ങളാണ്), പാർശ്വഭാഗത്ത് ദീർഘങ്ങളായിട്ടു പത്ത്, വക്ഷസ്സിങ്കൽ പത്ത്, അംസത്തിന്റെയും അക്ഷകത്തിന്റെയും ഉപരിഭാഗത്തു മൂന്ന്,—ഇങ്ങിനെയാണ് അന്തരാധിയിലുള്ള അറുപതു പേശികളുടെ വിഭാഗം. ഇങ്ങിനെ ശാഖകളിലും അന്തരാധിയിലുംകൂടി നാനൂറ്ററുപതായി. ഇനി ശിരസ്സിങ്കലുള്ളവയെ കാണിക്കുന്നു.

ദശ ഗ്രീവായാം । അഷ്ടൌ ഗണ്ഡയോഃ । അഷ്ടൌ ഹന്വോഃ । ഏകൈകാ ഗളകാകലജിഹ്വാമൂർദ്ധസു । ദ്വേ ദ്വേ താലുലലാടയോഃ । നാസൌഷ്ഠകർണ്ണേഷു ച ॥

സാ—ഗ്രീവയിൽ പത്ത്, ഗണ്ഡ (കവിൾ) ങ്ങളിൽ എട്ട്, ഹനുക്കളിൽ എട്ട്, ഗളം കാകലം (=കണ്ഠമദ്ധ്യം) ജിഹ്വാ മൂർദ്ധാവ് ഇവയിൽ ഓരോന്ന്, താലു ലലാടം നാസിക ഓഷ്ഠം കർണ്ണം ഇവയിൽ ഈരണ്ട്,—ഇങ്ങിനെയാണ് ശിരസ്സിങ്കലുള്ള നാല്പതു പേശികളുടെ വിഭാഗം. ഇങ്ങിനെ വക മൂന്നിൽക്കൂടി അഞ്ഞൂറു പേശികൾ പറയപ്പെട്ടു. ഇത് പുരുഷന്മാർക്കുള്ള കണക്കാണ്. സ്ത്രീകൾക്കു വ്യത്യാസമുണ്ട്. അതിനെ കാണിക്കുന്നു.

സ്ത്രീണാന്തു വിംശതിരധികാഃ । തത്ര ദശ സ്തനയോഃ । താസാം യൌവനേ പരിവൃദ്ധിർഭവതി । ദശ യോനൌ । താസാമഭ്യന്തരാശ്രിതേ ദ്വേ । മുഖാശ്രിതേ വൃത്തേ ദ്വേ । തിസ്രോ ഗർഭമാർഗ്ഗാശ്രയാഃ । യസ്യാം ഗർഭസ്തിഷ്ഠതി । യോനിസ്തു ശംഖനാഭ്യാകൃതിസ്ത്ര്യാവർത്താ । തസ്യാസ്തൃതീയ ആവർത്തേ പിത്തപക്വാശയാന്തരേ ഗർഭശയ്യാ । തസ്യാം ശുക്ലാർത്തവപ്രവേശിന്യസ്തിസ്രഃ പേശ്യഃ ॥

സാ—സ്ത്രീകൾക്കാകട്ടെ മുൻപറഞ്ഞതിൽ അധികമായി ഇരുപതു

പേശികൾ കൂടിയുണ്ട്. അവയിൽവെച്ച് പത്തെണ്ണം സ്തനങ്ങളിലാണ്. ആ പേശികൾ ബാല്യത്തിൽ ഉണ്ടാകമാത്രമേ ഉള്ളു. വളരുന്നതു യൌവനത്തിലാണ്. പിന്നെ പത്തെണ്ണം യോനിയിലാകുന്നു. ആ പത്തിൽ വെച്ച് രണ്ടെണ്ണം അഭ്യന്തരത്തെ (മഹാസ്രോതസ്സിനെ) ആശ്രയിച്ചുള്ളവയാകുന്നു. യോനിയുടെ മുഖത്തെ ആശ്രയിച്ചവയായി വൃത്താകാരങ്ങളായിട്ടു രണ്ടെണ്ണം. മൂന്നെണ്ണം ഗർഭമാർഗ്ഗത്തെ ആശ്രയിച്ചവയാകുന്നു. പിന്നെ മൂന്നെണ്ണം ഗർഭശയ്യയിൽ ഘടിപ്പിക്കപ്പെട്ടവയാകുന്നു. അതിങ്കലാണ് ഗർഭം സ്ഥിതിചെയ്യുന്നത്. യോനി എന്നതു ശംഖനാഭിയുടെ ആകൃതിയിൽ മൂന്ന് ആവർത്ത(ചുഴി)ങ്ങളോടുകൂടിയതാകുന്നു. അവയിൽ മൂന്നാമത്തെ ആവർത്തത്തിങ്കൽ പിത്താശയത്തിന്റേയും പക്വാശയത്തിന്റേയും നടുവിലാണ് ഗർഭശയ്യയിരിക്കുന്നത്. അതിങ്കൽ ശുക്ലാർത്തവങ്ങൾ പ്രവേശിക്കുന്നവയായിട്ടാണ മൂന്ന പേശികൾ ഉള്ളത്. [ഗർഭശയ്യ എന്നതു രോഹിതമത്സ്യത്തിന്റെ മുഖംപോലെയുള്ള ആകൃതിയോടുകൂടിയതാകുന്നു]

താഭിഃ ശരീരം തനുബഹലസ്ഥൂലാണുപൃഥുവൃത്തഹ്രസ്വദീർഘസ്ഥിരമൃദുശ്ലക്ഷ്ണകർക്കശാഭിസ്സന്ധ്യസ്ഥിസിരാസ്നാവാനി പ്രച്ഛാദിതാനി ॥

സാ — മേൽ പറയപ്പെട്ട പേശികൾ തനുക്കളായും ബഹളകൾ (ഘനകൾ) ആയും സ്ഥൂലകളായും അണുക്കളായും പൃഥുക്കളായും വൃത്തങ്ങളായും ഹ്രസ്വങ്ങളായും ദീർഘങ്ങളായും സ്ഥിരങ്ങളായും മൃദുക്കളായും ശ്ലക്ഷ്ണങ്ങളായും കർക്കശങ്ങളായും, ഇരുന്നിട്ട് സന്ധ്യസ്ഥിസിരാസ്നായുക്കളെ ആച്ഛാദനം ചെയ്തിരിക്കുന്നു.

സിരാധമനീമുഖാനാം തു അണുശോ വിഭജ്യമാനാനാമേകോനത്രിംശച്ഛതസഹസ്രാണി നവ ച ശതാനി ഷൾപഞ്ചാശാനി ഭവന്തി । താഭിരിദം ശരീരം ഗവാക്ഷിതം പിനദ്ധമാതതഞ്ച ॥

സാ — സിരകളുടേയും ധമനികളുടേയും മുഖങ്ങൾ അണുക്കളായി ഭാഗിക്കപ്പെടുമ്പോൾ അവ അസംഖ്യങ്ങളായി ഭവിക്കുന്നു. അവയാൽ ഈ ശരീരം ജാലകങ്ങളാലെന്നപോലെ കൃതദ്വാരമായും ബദ്ധമായും വിസ്തൃതമായും ഭവിക്കുന്നു. സിരകൾ = അധികം സ്ഥൂലങ്ങളല്ലാത്തവയും കയറുപോലെ ഉള്ളവയും ഉള്ളിൽ ദ്വാരമുള്ളവയും വാതാദികളെ വഹിക്കുന്നവയുമാണ്. ധമനികൾ = സിരകളുടെതന്നെ വകഭേദമാകുന്നു. [ഇവ മുകളിൽ വിവരിക്കപ്പെടും]

താവന്തി ച കേശശ്മശ്രുലോമാനി । താസാം ഹി മുഖാനി തൽപ്രതിബദ്ധാന്യേതസ്യാം താഭിരാപ്യായ്യന്തേ । തൈശ്ച താഃ സ്വേദമഭിവഹന്തി । അഭ്യംഗപരിഷേകാവഗാഹാദിവീര്യം ത്വചി വിപക്വമന്തര്യാതി സ്പർശഞ്ച ഗൃഹ്ണന്തി ॥

സാ—കേശശ്മശ്രുരോമങ്ങളും അത്രതന്നെയാണ്. അനേകങ്ങളായി ഭാഗിക്കപ്പെടുന്നവയായ അവയുടെ (സിരാധമനികളുടെ) മുഖങ്ങൾ ആ കേശശ്മശ്രുരോമങ്ങളാൽ പ്രതിബന്ധിക്കപ്പെട്ടവയാകുന്നു. ആകയാൽ കേശശ്മശ്രുരോമങ്ങൾ സിരകളാലും ധമനികളാലും തർപ്പണം ചെയ്യപ്പെട്ട് വളരുന്നു. ആ രോമങ്ങൾവഴിയായി അവ (സിരാധമനികൾ) സ്വേദത്തെ പ്രവഹിക്കുകയും ചെയ്യുന്നു. അപ്രകാരംതന്നെ അഭ്യംഗം ലേപനം മുതലായവ പുറത്തു ത്വക്കിന്മേൽ പ്രയോഗിക്കപ്പെട്ടാൽ അവയുടെ വീര്യത്തെ രോമങ്ങൾ വഴിയായി അകത്തേക്കു നയിക്കുന്നതും സിരാദികൾതന്നെയാണ്. സ്പർശത്തെ ഗ്രഹിപ്പിക്കുന്നതും അതുകൾതന്നെ.

സ്രോതാംസി പുനഃ സംഖ്യേയാന്യേവ । തഥാപി തു സിരാഭിനി യഥാസ്ഥൂലം യഥോപയോഗഞ്ചാന്യത്രോപദേക്ഷ്യന്തേ । ഇത്യേവം പരിസംഖ്യാതാഃ ശരീരേ മൂർത്തിമന്തഃ സ്ഥിരാ ഭാവാഃ ॥

സാ—സ്രോതസ്സുകളാകട്ടെ ഇത്രയെന്നു കണക്കാക്കുവാൻ പാടില്ല. (സ്രോതസ്സുകളെന്നാൽ അന്നസാരം യാവചിലവയിൽക്കൂടേ പോയിട്ടാണോ ധാതുക്കളായിത്തീരുന്നത് ആ മാർഗ്ഗങ്ങൾ) അവ സൂക്ഷ്മങ്ങളും പ്രതാനവത്തുക്കളുമാകയാൽ സംഖ്യാപരിച്ഛേദം അസാദ്ധ്യമെന്നു സാരം. ഇങ്ങിനെ സിരാധമനീസ്രോതസ്സുകൾ അസംഖ്യങ്ങളാണെങ്കിലും അവയുടെ പ്രാധാന്യത്തെയും ഉപയോഗത്തെയും അനുസരിച്ച് മുകളിൽ പറയപ്പെടും. ഇപ്രകാരം ശരീരത്തിങ്കൽ കണ്ണുകൊണ്ടു കാണാവുന്നവയും കൈകൊണ്ടു സ്പർശിക്കാവുന്നവയുമായിട്ടുള്ള ഭാവങ്ങൾ (ത്വഗാദികളായി) പരിഗണിക്കപ്പെട്ടു.

ദ്രവാസ്തു യത്തദതിയോഗേന ദൃശ്യമാനം പുരീഷമനുബധ്നാതി । തഥാ മൂത്രം രുധിരമന്യാശ്ച ശരീരേ ധാതവഃ । യച്ച സർവ്വശരീരഗതം ബാഹ്യാ ത്വഗ്ബിഭർത്തി । യച്ച ത്വഗന്തരേ വ്രണഗതം ലസീകാശബ്ദവാച്യമ് । യച്ചോഷ്മാനുബദ്ധം രോമകൂപേഭ്യോഭിനിഷ്പതൽ സ്വേദവാച്യമ് ॥

സാ—ഇനി ദ്രവങ്ങളായിട്ടും ചില ഭാവങ്ങൾ ഉണ്ട്. അവ ജലം മൂത്രം മുതലായവയാകുന്നു. അവയിൽവെച്ച് ഉദകം (ജലം) അധികമാ

ഴി ഭവിക്കുന്നതായ പുരീഷത്തെ അനുബന്ധിക്കും. ഇപ്രകാരം പോകുന്നതായ പുരീഷാനുബന്ധിയായ ജലമാണ് അതിസാരത്തിങ്കൽ പ്രവർത്തിക്കുന്നത്. അപ്രകാരംതന്നെ പ്രമേഹത്തിങ്കൽ അധികമായി പ്രവഹിക്കുന്നതായിട്ടുള്ള മൂത്രത്തേയും രക്തപിത്തത്തിങ്കൽ അധികം പ്രവഹിക്കുന്നതായിട്ടുള്ള രക്തത്തേയും ഇത് അനുബന്ധിക്കുന്നു. ഇപ്രകാരം തന്നെ മേഹത്തിങ്കൽ പിത്തശ്ലേഷ്മാദികൾ അതിയോഗേന പ്രവർത്തിക്കുന്നതായാൽ അവയേയും ഇത് അനുബന്ധിക്കും. സർവ്വശരീരഗതമായിട്ടുള്ള ഈ ഉദകത്തെ വഹിക്കുന്നത് ബാഹ്യമായ ത്വക്കാകുന്നു. ത്വക്കിന്റെ ഉള്ളിൽ വ്രണങ്ങളിൽ ഈ ജലം ഉണ്ടാകും. അതിനു ലസീക എന്നാണ് പേർ. ഇതുതന്നെയാണ് ഉഷ്മാവിനോടുകൂടിച്ചേർന്ന് രോമകൂപങ്ങളിൽകൂടെ പുറത്തേക്കുപോകുന്നതും. അങ്ങിനെ പോകുന്നതിനു സ്വേദമെന്നു പേർ. ഇങ്ങിനെ മലമൂത്രരക്താനുബന്ധിയായി പ്രവർത്തിക്കുന്നതും ലസീകാസ്വേദങ്ങളായി ഭവിക്കുന്നതും യാതൊന്നോ അത് ഉദകമാകുന്നു.

തസ്യാദ്യസ്യ ആഹാരരസസ്യ രസാഖ്യസ്യ രക്തസ്യ ശകൃതഃ ശ്ലേഷ്മണഃ പിത്തസ്യ മൂത്രസ്യ വസായാ മേദസോ മജ്ജ്ഞശ്ച നവാഞ്ജലിപ്രമാണാനി യഥാപൂർവ്വമേകാദിസംഖ്യാപ്രവൃദ്ധീനി । അർദ്ധാഞ്ജലിശ്ശുക്രസ്യ । താവദേവ മസ്തിഷ്കമോജശ്ച । സ്ത്രീണാം രജസോഞ്ജലയശ്ചത്വാരഃ । സ്തന്യസ്യ ദ്വൌ । ഉഭയമപി ചൈതദ്രസപ്രസാദാത്മകമിതി ॥

സാരത്തും (അതായതു ഉദകവും), രസം എന്നു പേരായ ആദ്യത്തെ ആഹാരസാരവും, രക്തം, മലം, കഫം, പിത്തം, മൂത്രം, വസ, മേദസ്സ്, മജ്ജ എന്നിവയും ഒരു ആളുടെ ദേഹത്തിൽ യഥാപൂർവ്വം ഓരോ അഞ്ജലി അധികമായിട്ടാണു ഭവിക്കുന്നത്. അവയിൽ ഒടുവിൽ പറഞ്ഞതു (അതായതു മജ്ജ) ഒരഞ്ജലിയും അതിനു മുമ്പുള്ളവ ഓരോ അഞ്ജലി അധികമായും ഭവിക്കുമെന്നു സാരം. അപ്പോൾ മജ്ജ ഒരഞ്ജലി, മേദസ്സ് രണ്ടഞ്ജലി, വസ മൂന്നഞ്ജലി, മൂത്രം നാലഞ്ജലി, പിത്തം അഞ്ചഞ്ജലി, കഫം ആറഞ്ജലി, മലം ഏഴഞ്ജലി, രക്തം എട്ടഞ്ജലി, രസം ഒമ്പതഞ്ജലി, ഉദകം പത്തഞ്ജലി എന്നു കിട്ടുന്നു. ശുക്ലം അര അഞ്ജലിയാകുന്നു. മസ്തിഷ്കവും ഓജസ്സും അർദ്ധാഞ്ജലിപ്രമാണം തന്നെ. സ്ത്രീകൾക്ക് രജസ്സ് (ആർത്തവം) എന്ന രക്തം നാലഞ്ജലിയും സ്തന്യം (മു

ലപ്പാൽ) രണ്ടഞ്ജലിയുമാകുന്നു. ഇപ്പറഞ്ഞ രജഃസ്തന്യങ്ങൾ രണ്ടും രസധാതുവിന്റെ പ്രസാദവുമാകുന്നു.

**സമധാതോഃ പരിമാണമിദമ് । അതോ വൃദ്ധിക്ഷയൌ യഥാസ്വം ലക്ഷണൈൎവ്വിഭാവയേൽ പരംത്വാപരിസംഖ്യേയാൻ മൂൎത്താമൂൎത്താൻ ഭാവാൻ തത്ര മാംസകണ്ഡരാദിമലാൻ വായുബുദ്ധിസ്മൃത്യാദീംശ്ച ॥**

സാ—മേൽപറഞ്ഞ കണക്ക് രോഗമൊന്നുമില്ലാതെ സമധാതുവായിട്ടുള്ളവനുള്ള കണക്കാണ്. ദോഷകോപജങ്ങളായ രോഗങ്ങളുണ്ടായാൽ മേൽപറഞ്ഞ പരിമാണത്തിങ്കൽനിന്ന വൃദ്ധിക്ഷയങ്ങൾ ഭവിക്കും. അവയെ ദോഷഭേദീയത്തിൽ പറഞ്ഞിട്ടുള്ള ലക്ഷണങ്ങളെക്കൊണ്ട് യഥാസ്വം ഗ്രഹിക്കേണ്ടതാണ്. ഇവയിൽ പരിഗണിക്കപ്പെടാത്തവയായി ദേഹത്തിങ്കലുള്ള മാംസകണ്ഡരമലാദികളായ മൂൎത്തഭാവങ്ങളേയും വായുബുദ്ധിസ്മൃതി മുതലായിട്ടുള്ള അമൂൎത്തഭാവങ്ങളേയും യഥാസ്വലക്ഷണങ്ങളെക്കൊണ്ടുതന്നെ ഊഹിക്കണം.

**ധന്വന്തരീയാഃ പുനഃ പഠന്തി । വിലക്ഷണാനി ഹി ശരീരാണി നിത്യമേവ ചലാ ദോഷധാതുമലാഃ । തസ്മാദുദകാദീനാമപി സമത്വം മാംസാദിവൽ പരിമാണതോ നിൎദ്ദേഷ്ടുമശക്യമ് । കേവലം സ്വാസ്ഥ്യമാത്രേണാനുമാനതോ ലക്ഷയേദിതി ॥**

സാ—ധന്വന്തരിയുടെ മതക്കാർ (സുശ്രുതാദികൾ) ആകട്ടേ ഇങ്ങിനെ പറയുന്നു:—മനുഷ്യരുടെ ശരീരങ്ങൾ പരസ്പരം വ്യത്യാസമുള്ളവയാണ്. ദോഷങ്ങൾ ധാതുക്കൾ മലങ്ങൾ എന്നിവയും നിത്യം ചഞ്ചലങ്ങളാണ്. അതുകൊണ്ട് ഉദകം മുതലായവയും സമങ്ങളാണെന്നുള്ള നിലക്ക കരുതി അവയുടെ അളവ് ഇത്രയാണെന്നു നിൎദ്ദേശിക്കുവാൻ കഴികയില്ല. മാംസാദികളുടെ അളവ് നിൎണ്ണയിപ്പാൻ കഴിയാത്തതുപോലെതന്നെയാണ് അവയുടേയും. കേവലം സ്വാസ്ഥ്യമാത്രംകൊണ്ട്, ഊഹിച്ച് തീൎച്ചയാക്കുവാനേ പാടുള്ളൂ.

**സൎവ്വ ഏവ ത്വവയവാഃ പരമാണുഭേദേനാതിസൌക്ഷ്മ്യാദ് സംഖ്യേയതാം യാന്തി । തേഷാം സംയോഗവിഭാഗേ പരമാണൂനാം കൎമ്മപ്രേരിതോ വായുഃ കാരണമ് ॥**

സാ—എല്ലാ അവയവങ്ങളുംതന്നെ പരമാണുഭേദേന അതിസൂക്ഷ്മങ്ങളായിത്തീരുന്നു. ആ പരമാണുക്കളുടെ സംയോഗങ്ങളെ വിഭജിക്കുന്ന

തിൽകൎമ്മങ്ങളാൽ പ്രേരിതമായ വായുവാണ് കാരണം[പരമാണുക്കളാണ സജാതീയവിജാതീയങ്ങളായ സംയോഗവിഭാഗങ്ങളെക്കൊണ്ടു അവയവങ്ങളായി ഭവിക്കുന്നത്. അല്ലെങ്കിൽ ബാലനായിരുന്നവൻതന്നെ യുവാവായി എന്നു പറയുന്നതിൽ ഏകന്തന്നെ നാനാത്വം യോജിക്കാതെവരും. ആകയാൽ പരമാണുക്കളുടെ സംയോഗവിഭാഗങ്ങളാണ് അവയവരൂപീകരണത്തെ ചെയ്യുന്നത്. ആ സംയോഗവിഭാഗങ്ങൾക്കു കാരണം വായുവും വായുവിനെ അതിന്നു പ്രേരിപ്പിക്കുന്നതു ദൈവപൌരുഷകൎമ്മങ്ങളുമാണെന്നു താല്പൎയ്യം.]

തദേതദംഗമഭേദേന ഭേദബുദ്ധ്യാ ഗൃഹ്യമാണം ബന്ധായ മോക്ഷായ ച ഭവതീതി ॥

സാ—അതുകൊണ്ട് ഈ ശരീരംതന്നെ അഭേദബുദ്ധിയോടുകൂടി ഗ്രഹിക്കപ്പെടുമ്പോൾ ദേഹിയുടെ ബന്ധത്തിന്നും ഭേദഭാവനയോടുകൂടി ഗ്രഹിക്കപ്പെടുമ്പോൾ മോക്ഷത്തിന്നും കാരണമായി ഭവിക്കുന്നു [ശരീരാരംഭകദ്രവ്യങ്ങൾ രമണീയങ്ങളാണെന്നു സങ്കല്പിച്ച് തദ്ഭിന്നമായി, എന്നുവെച്ചാൽ രമണീയമാണെന്ന വിചാരത്തോടുകൂടി കരുതുകയാണെങ്കിൽ ജന്മമരണപ്രവൃത്തി പരമ്പരാരൂപമായ ബന്ധത്തിന്നു കാരണമാകുമെന്നും, ഇ[illegible]സ്ഥിതവസ്തു സമാരബ്ധമാണ് ശരീരമെന്ന ഭേദബുദ്ധിയോടു കരുതിയാൽ രാഗാദിനിമിത്തക്രിയാകലാപപരിഹാരരൂപമായ മോക്ഷത്തിന്നു ഹേതുവാകുമെന്നും സാരം.]

ഭവതി ചാത്ര—

ഇതി സൎവ്വാവയവശോ യോ ജാനാതി കളേബരം
അഹിതേഷു സ മോഹേന ന കദാചിൽ പ്രവൎത്തതേ.

സാ—മേൽപറഞ്ഞപ്രകാരം എല്ലാ അവയവങ്ങളേയും ധരിച്ച് യാതൊരുവൻ ശരീരത്തെ പരമാൎത്ഥമായി അറിയുന്നുവോ അവൻ അഹിതങ്ങളായ വസ്തുക്കളിൽ മോഹം (ഹിതബുദ്ധി) യോടുകൂടി ഒരിക്കലും പ്രവൎത്തിക്കയില്ല. ശരീരത്തിന്റെ ഉൽപത്തി സ്വരൂപാദികളെ യഥാൎത്ഥമായിട്ടറിഞ്ഞവൻ അനിത്യങ്ങളും അഹിതങ്ങളുമായ വിഷയങ്ങളിൽ ഭ്രമിക്കുകയില്ലെന്നും അതുകൊണ്ട് ശരീരം മോക്ഷകാരണമാണെന്നും സാരം.

ഇത്യഷ്ടാംഗസംഗ്രഹേ ശാരീരസ്ഥാനേ
പഞ്ചമോധ്യായഃ
സമാപ്തഃ.

# ഷഷ്ഠോദ്ധ്യായഃ.

മുമ്പത്തെ അദ്ധ്യായത്തിൽ ശരീരാവയവത്തിന്റെ പ്രസ്താവത്തിൽ സിരകളെപ്പററി സൂചിപ്പിക്കയേ ചെയ്തിട്ടുള്ളുവല്ലോ. അവയെ സവിഭാഗം പറവാനായി ഇനി അദ്ധ്യായം ആരംഭിക്കുന്നു:—

അഥാതസ്സിരാവിഭാഗമദ്ധ്യായം വ്യാഖ്യാസ്യാമഃ । ഇതിഹസ്മാഹുരാത്രേയാദയോ മഹർഷയഃ ॥

സാ—അനന്തരം സിരാവിഭാഗമെന്ന അദ്ധ്യായത്തെപ്പറവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു.

ദശ മൂലസിരാ ഹൃദയപ്രതിബദ്ധാഃ സർവ്വാംഗപ്രത്യംഗേഷോജോ നയന്തി । തൽപ്രതിബദ്ധാ ഹി ശരീരചേഷ്ടാഃ । താസ്തു ദ്വ്യംഗുലമംഗുലമർദ്ധാംഗുലം യവം യവാർദ്ധം ച ഗത്വാ ദ്രുമപത്രസേവനീപ്രതാനവൽ ഭിദ്യമാനാഃ സപ്ത ശതാനി ഭവന്തി ॥

സാ—മൂലസിരകൾ പത്താണ്. മൂലസിരകൾ എന്നുവെച്ചാൽ പ്രധാനസിരകളെന്നർത്ഥം. മററുള്ള സിരകൾ അവയിൽനിന്നുണ്ടാകുന്നതാകയാലാണവകൾക്കു പ്രാധാന്യം. ഈ മൂലസിരകൾ ഹൃദയത്തിൽ ഘടിപ്പിക്കപ്പെട്ടവയാകുന്നു. അവയാണ് എല്ലാ അംഗങ്ങളിലും പ്രത്യംഗങ്ങളിലും ഓജസ്സിനെ കൊണ്ടുചെല്ലുന്നത്. ശരീരത്തിന്റെ സർവ്വ ചേഷ്ടകളും അവയിൽ ബന്ധിക്കപ്പെട്ടാണിരിക്കുന്നതു. അവ രണ്ടംഗുലം, ഒരംഗുലം, അര അംഗുലം, ഒരു യവം, അരയവം എന്നിങ്ങിനെ പോയിട്ടു മരത്തിന്റെ ഇലയിലുള്ള ഞരമ്പുകൾപോലെ പലവഴിക്കും തിരിഞ്ഞ് എഴുനൂറ് എണ്ണമായിച്ചമയുന്നു. ഹൃദയത്തിൽനിന്ന് ഒരംഗുലം ചെന്നാൽ ഒരു ചെനച്ചം തിരിയും. പിന്നെ ഒരംഗുലംചെന്നാൽ ഒന്നുംകൂടി തിരിയും. അനന്തരം അരഅംഗുലംചെന്നാൽ വീണ്ടും ഒന്നു തിരിയും. പിന്നെ ഒരുയവത്തോളം ചെന്നിട്ട് ഒന്നും വീണ്ടും അരയവത്തോളം ചെന്നിട്ട് ഒന്നും തിരിയുന്നു. ഇങ്ങിനെ വളരെ തിരിഞ്ഞു മറിഞ്ഞ് എഴുനൂറായിച്ചമയുമെന്നു സാരം.

താസാം ചതുശ്ശതീ ശാഖാസു । തത്ര ഷോഡശാവ്യധനീയാഃ । ഷൾത്രിംശം ശതമന്തരാധൌ । തത്ര ദ്വാത്രിംശൽ । ചതുഷ്ഷഷ്ട്യധികം ശതമൂർദ്ധ്വം । തത്രാപി പഞ്ചാശൽ ॥

സാ—ആ എഴുനൂറു സിരകളിൽ നാനൂറെണ്ണം ശാഖകളിൽ (കര

ചരണങ്ങളിൽ) ആകുന്നു. ആ നാന്നൂറിൽ പതിനാറു സിരകൾ വേധിക്കപ്പെടുവാൻ പാടില്ലാത്തവയാണ്. അന്തരാധിയിങ്കൽ ഒരുനൂററിമുപ്പത്താറു സിരകൾ ഉണ്ട്. ആ നൂററിമുപ്പത്താറിൽ മുപ്പത്താറും വേധിക്കുവാൻ പാടില്ലാത്തവയാണ്. ഊൎദ്ധ്വാംഗത്തിങ്കൽ ഒരുനൂററിരുപത്തുനാലു സിരകളാണുള്ളത്. ആ നൂററിരുപത്തുനാലിൽ അമ്പതും മുറിക്കുവാൻ പാടില്ലാത്തവയാണ്.

ശാഖകളിലെ സിരകളെ വിഭാഗിക്കുന്നു:—

താസാമേകൈകസ്മിൻ സക്ഥ്നി ശതമ് । തത്ര ന വിദ്ധ്യേജ്ജാലന്ധരാമ് । തിസ്രശ്ചാഭ്യന്തരഗാഃ ॥

**സാ—ശാഖകളിലെ സിരകളിൽവെച്ച് ഓരോ കാലിലും നൂറു സിരകൾവീതമുണ്ട്. അപ്പോൾ രണ്ടുകാലുകളിലും രണ്ടു കൈകളിലുംകൂടി നാന്നൂറാകുമല്ലോ. അവയിൽ ഓരോ കാലിലുമുള്ള ജാലന്ധരഎന്നസിരയേയും അന്തരാശ്രയങ്ങളായ മൂന്നു സിരകളേയും അറക്കരുത്. അപ്പോൾ കരചരണങ്ങളിലെല്ലാംകൂടി പതിനാറു സിരകൾ അവേദ്ധ്യകളെന്നു സിദ്ധിച്ചു.**

അന്തരാധിയിലെ സിരകളെപ്പറയുന്നു:—

ദ്വാത്രിംശച്ഛ്രോണ്യാം ഗുദമേഢ്രാശ്രയാഃ । താസാം ദ്വേ ദ്വേ വംക്ഷണയോഃ കടീകതരുണയോശ്ചേത്യഷ്ടൗ ശസ്ത്രതോ രക്ഷേൽ । ഷോഡശ പാൎശ്വയോഃ । തയോരൂൎദ്ധ്വഗാമേകൈകാം പാൎശ്വസന്ധിസംജ്ഞാമ് । ചതുൎവ്വിംശതിഃ പൃഷ്ഠേ । താസാം പൃഷ്ഠവംശമുഭയതോ ദ്വേ ദ്വേ ഊൎദ്ധ്വഗാമിന്യൗ താശ്ചതസ്രഃ । ചതുൎവ്വിംശതിരുദരേ । താസാം മേഢ്രസ്യോപരി രോമരാജീമുഭയതോ ദ്വേ ദ്വേ താ അപി ചതസ്രഃ । ചത്വാരിംശദ്വക്ഷസി । താസാം ദ്വേ ഹൃദയേ ദ്വേ ദ്വേ ച സ്തനമൂലസ്തനരോഹിതേഷു ഏകൈകാപസ്തംഭാപാലാപേഷ്വിതി താശ്ചതുൎദ്ദശ ॥

സാ—അന്തരാധിയിലുള്ള ഒരുനൂററിമുപ്പത്താറു സിരകളിൽ മുപ്പത്തിരണ്ടെണ്ണം അരക്കെട്ടിൽ ഗുദത്തേയും മേഢ്രത്തേയും ആശ്രയിച്ചുള്ളവയാകുന്നു. അവയിൽവെച്ച് രണ്ട് ഒടികളിലുമുള്ള ഈരണ്ടു സിരകളും കടീകതരുണങ്ങളിൽ ഈരണ്ടുംകൂടി എട്ടു സിരകൾ ശസ്ത്രംകൊണ്ടു തൊടുവാൻ പാടില്ല. പാൎശ്വങ്ങളിൽ (വാരികളിൽ) പതിനാറെണ്ണമുണ്ട്. അവയിൽവെച്ചു പാൎശ്വസന്ധി എന്ന പേരായി മേല്പോട്ടു പടൎന്നിട്ടുള്ള

ഓരോ സിരകൾ അവേദ്ധ്യകളാകുന്നു. പൃഷ്ഠത്തിൽ (പുറത്തു) ഇരുപത്തുനാലു സിരകളാണുള്ളത്. അവയിൽവെച്ച് പൃഷ്ഠവംശ (തണ്ടെല്ല്)ത്തിന്റെ ഇരുപുറങ്ങളിൽ മേൽപ്പോട്ടുപോയിട്ടുള്ള ഈരണ്ടു സിരകൾ വേധിക്കരുത്; അങ്ങിനെ അവേദ്ധ്യസിരകൾ നാലാകുന്നു. ഉദരത്തിങ്കൽ ഇരുപത്തുനാലു സിരകളാണുള്ളത്. അവയിൽവെച്ച് മേഢ്രത്തിന്റെ മുകളിൽ രോമരാജിയുടെ ഇരുപുറങ്ങളിലും ഉള്ള ഈരണ്ടു സിരകൾ അവേദ്ധ്യകളത്രേ; അങ്ങിനെ നാല്. വക്ഷസ്സിങ്കൽ നാല്പതു സിരകൾ ഉണ്ട്. അവയിൽവെച്ചു ഹൃദയത്തിൽ രണ്ടും രണ്ടു സ്തനമൂലങ്ങളിൽ ഈരണ്ടും സ്തനരോഹിതങ്ങൾ ഓരോന്നിലും ഈരണ്ടും അപസ്തംഭങ്ങൾ അപാലാപങ്ങൾ ഇവയിൽ ഓരോന്നുംകൂടി പതിനാലെണ്ണം അവേദ്ധ്യകളാകുന്നു.

ഊൎദ്ധ്വാംഗത്തിലെ സിരകളെ പറയുന്നു:—

ചതുൎവ്വിംശതിർഗ്രീവായാമ് । താസാം ചതസ്രോഽഷ്ടൌ ച മൎമ്മസംജ്ഞാഃ ദ്വേ കൃകാടികയോർദ്വേ വിധുരയോരിതി ഷോഡശ ശസ്ത്രേണ ന സ്പൃശേൽ । ഹന്വോഃ ഷോഡശ താസാം സന്ധിസംബന്ധിന്യൌ ദ്വേ । ഷോഡശ ജിഹ്വായാം । താസാമധോ ദ്വേ രസവേദിന്യൌ ദ്വേ വാക്പ്രവൎത്തിന്യൌ താശ്ചതസ്രഃ । ചതുൎവ്വിംശതിൎന്നാസായാമ് । താസാം ദ്വേ ഗന്ധവേദിന്യൌ താസാമേവ ച താലുന്യേകാമിതി തിസ്രഃ । ഷൾപഞ്ചാശന്നേത്രയോഃ। തയോരുന്മേഷനിമേഷക്രിയേ ദ്വേ ദ്വേ ദ്വേ ചാപാംഗയോരിതി ഷൾ । നാസാനേത്രഗതാസ്തു ലലാടേ ഷഷ്ടിഃ । താസാം കേശാന്താനുഗതാശ്ചതസ്രോ ദ്വേ ചാവൎത്തയോരേകാ ച സ്ഥപന്യാമിതി സപ്ത । കൎണ്ണയോഃ ഷോഡശ । താസാം ശബ്ദവാഹിന്യൌ ദ്വേ । താ ഏവ ച ശംഖയോസ്താസാം ശംഖസന്ധിഗതേ ദ്വേ । ദ്വാദശ മൂൎദ്ധ്നി। താസാമുൽക്ഷേപയോർദ്വേ । സീമന്തേഷ്വേകൈകാമധിപതാവിത്യഷ്ടൌ ശസ്ത്രേണ പരിഹരേൽ । തഥാ ക്ഷുദ്രികാഃ കുടിലാസ്സംകീൎണ്ണാ ഗ്രഥിതാഃ സന്ധിഷു ചാശസ്ത്രകൃത്യാഃ ॥

* സാ—ഊൎദ്ധ്വാംഗത്തിൽ നൂററുപത്തുനാലു സിരകളാണെല്ലാം ഉള്ളതു. അവയുടെ വിഭാഗം എങ്ങിനെയെന്നാൽ:—ഗ്രീവയിൽ ഇരുപത്തുനാല്. അവയിൽവെച്ചു മൎമ്മസംജ്ഞയോടുകൂടിയ (നീലകൾ രണ്ട്, മന്യകൾ രണ്ട്) നാലും, മാതൃകകൾ എന്നു പറയപ്പെടുന്ന എട്ടു മൎമ്മങ്ങളെ

ളും, രണ്ടു കൃകാടികകളിലുംകൂടി രണ്ടും, വിധുരകൾ രണ്ടിലുംകൂടി രണ്ടും എന്നിങ്ങിനെ പതിനാറു സിരകൾ അവേധ്യകളാണ്. ഹനുക്കളിൽ പതിനാറു സിരകളാണുള്ളതു. അവയിൽ ഹനുസന്ധികളെ സംബന്ധിച്ച രണ്ടെണ്ണം അവേധ്യകൾ ആകുന്നു. ജിഹ്വയിൽ പതിനാറു സിരകൾ ഉണ്ട്. അവയിൽ അധോഭാഗത്തു രസത്തെ അറിവാനുപകരിക്കുന്നവ രണ്ടും, വാക്കിനെ പ്രവൎത്തിപ്പിക്കുന്നവ രണ്ടുംകൂടി നാലെണ്ണം അവേധ്യകളാകുന്നു. നാസികയിൽ ഇരുപത്തുനാലു സിരകൾ ഉണ്ട്. അവയിൽവെച്ച് ഗന്ധത്തെ അറിവാനുപകരിക്കുന്നവ രണ്ടും താലുവിൽ ഉള്ളതൊന്നുംകൂടി മൂന്നെണ്ണം അവേധ്യകളത്രേ. കണ്ണുകളിൽ അമ്പത്താറു സിരകളുണ്ട്. അവയിൽ ഉന്മേഷനിമേഷങ്ങളെ ഉണ്ടാക്കുന്നവ ഈരണ്ടും, അപാംഗങ്ങളിൽ ഓരോന്നിലും ഓരോന്നുവീതം രണ്ടുംകൂടി ആറെണ്ണം അവേധ്യകളത്രേ.(ലലാടത്തിങ്കൽ മൂക്കിലേക്കും കണ്ണിലേക്കും പോകുന്നവയായി അറുപതു സിരകളുള്ളതും ഇവതന്നെതാണ്.) അവയിൽവെച്ചു കേശാന്തഗതകളായി നാലും ആവൎത്തങ്ങളിൽ ഓരോന്നുവീതം രണ്ടും, സ്ഥപനിയിങ്കൽ ഒന്നുംകൂടി ഏഴെണ്ണം വൎജ്ജിക്കണം. ചെവികളിൽ സിരകൾ പതിനാറ്. അവയിൽ ശബ്ദവാഹിനികളായ രണ്ടെണ്ണം അവേധ്യകൾ. (അവതന്നെയാണ് ശംഖങ്ങളിലുള്ളവയും). അവയിൽ ശംഖസന്ധികളിലുള്ള രണ്ടെണ്ണം അവേധ്യകളത്രേ. ശിരസ്സിങ്കൽ പന്ത്രണ്ടു സിരകളുണ്ട്. അവയിൽവെച്ച് ഉൽക്ഷേപങ്ങളിൽ രണ്ടും, സീമന്തങ്ങളിൽ ഓരോന്നുവീതം അഞ്ചും, അധിപതി എന്ന മൎമ്മത്തിൽ ഒന്നുംകൂടി എട്ടു സിരകൾ അവേധ്യകളാകുന്നു. ഇങ്ങിനെ ശിരസ്സിങ്കൽ ആകെ ഒരുനൂറാറുപത്തുനാലു സിരകളേയും അവയിൽവെച്ച് അവേധ്യകളായ അമ്പതു സിരകളേയും വിവരിച്ചു. ഇവമാത്രമല്ല, ക്ഷുദ്രികാദികളായ സിരകളും ശസ്ത്രംകൊണ്ടു വേധിപ്പാൻപാടില്ലാത്തവയാകുന്നു. ക്ഷുദ്രികകൾ=വളരെ സൂക്ഷ്മകൾ. കുടിലകൾ=വളഞ്ഞവ. സംകീൎണ്ണകൾ=കൂട്ടിപിടിച്ചവ. ഗ്രഥിതകൾ=ഗ്രന്ഥിരൂപകൾ. (മുഴച്ചവ). സന്ധികളിലുള്ളവ=കൂൎപ്പരാദികളായ സന്ധിസ്ഥാനങ്ങളിലുള്ളവ.

താസാം യഥാസ്വം ത്ര്യംശവിഭാഗേന പഞ്ചസപ്തത്യധികം ശതമനിലരക്തം വഹതി । ഏഷ വിഭാഗഃ പിത്തശ്ലേഷ്മശുദ്ധരക്തേഷ്വപി । സ്ഥിതാ ഹ്യേവം ദേഹമനുഗൃഹ്ണന്തി ദോഷാഃ । വ്യത്യയേന തു പീഡയന്തി ॥

സാ—മേൽപറഞ്ഞപ്രകാരമുള്ള എഴുനൂറു സിരകളിൽ നാലിലൊ

ന്നായ ഒരുനൂറ്റെഴുപത്തഞ്ച് സിരകൾ വാതരക്തത്തെ വഹിക്കുന്നു. പിത്തരക്തം, കഫരക്തം, ശുദ്ധരക്തം എന്നിവകളും ഈ വിഭാഗംതന്നെ. എന്നുവെച്ചാൽ നൂറ്റെഴുപത്തഞ്ച് സിരകൾ പിത്തരക്തത്തെയും, അത്രതന്നെ കഫരക്തത്തെയും, അത്രതന്നെ ശുദ്ധരക്തത്തെയും വഹിക്കുന്നു എന്നു ഭാവം. വാതാദിദോഷങ്ങൾ ഈ സിരാവഹനനിയമപ്രകാരം സ്ഥിതിചെയ്താൽ ദേഹത്തെ അനുഗ്രഹിക്കുന്നു. ഇതിനു വിപരീതമായാലാകട്ടേ പീഡിപ്പിക്കയും ചെയ്യുന്നു.

ഇന്നിന്ന സിരകൾ ഇന്നിന്നവയെ വഹിക്കുമെന്നറിവാനായി പറയുന്നു:—

തത്ര ശ്യാവാരുണാഃ പ്രസ്യന്ദിന്യഃ സൂക്ഷ്മാഃ ക്ഷണപൂർണ്ണരിക്താ വാതരക്തം വഹന്തി । നീലപീതാസിതാഃ സ്പർശോഷ്ണാഃ ക്ഷിപ്രസ്രാവിണ്യഃ പിത്തരക്തമ് । ഗൌര്യഃ സ്നിഗ്ദ്ധാഃ സ്ഥിരാശ്ശീതാഃ കണ്ഡൂമത്യഃ കഫരക്തമ് । ലക്ഷണസംകരേ സംസർഗ്ഗസന്നിപാതരക്തമ് । സമാ ഗൂഢാഃ സ്നിഗ്ദ്ധാ രോഹിണ്യഃ ശുദ്ധരക്തമിതി ॥

സാ—അവയിൽവെച്ച് ശ്യാവാരുണവർണ്ണമുള്ളവയും പ്രകർഷേണ മിടിക്കുന്നവയും സൂക്ഷ്മങ്ങളും വേഗത്തിൽ നിറഞ്ഞും ഒഴിഞ്ഞുമിരിക്കുന്നവയുമായ സിരകൾ വാതരക്തത്തെ വഹിക്കുന്നു. നീലപീതകൃഷ്ണവർണ്ണങ്ങളുള്ളവയും തൊട്ടാൽ ചൂടുള്ളവയും വേഗത്തിൽ സ്രവിക്കുന്നവയുമായ സിരകൾ പിത്തരക്തത്തെ വഹിക്കുന്നു. ഗൌരവർണ്ണമുള്ളവയും സ്നിഗ്ദ്ധങ്ങളും സ്ഥിരങ്ങളും തണുപ്പുള്ളവയും ചൊറിച്ചിലുള്ളവയുമായവ കഫരക്തത്തെ വഹിക്കുന്നു. ഈ ലക്ഷണങ്ങൾ സമ്മിശ്രങ്ങളായിട്ടുള്ള സിരകൾ സംസർഗ്ഗസന്നിപാതരക്തങ്ങളെയും വഹിക്കുന്നു. സമത്വാദികളോടുകൂടിയ സിരകളാകട്ടേ ശുദ്ധരക്തത്തെ വഹിക്കുന്നു. സമകൾ=അവിഷമകൾ. ഗൂഢകൾ=ലീനകൾ. രോഹിണികൾ=രക്തവർണ്ണകൾ.

അനന്തരം ധമനികളെ പറയുന്നു:—

ധമന്യസ്തു ചതുർവ്വിംശതിഃ । താഭിഃ കായോഽയമാരാമ ഇവ ജലഹാരിണീഭിഃ കേദാര ഇവ കുല്യാഭിരുപസ്നിഹ്യതി । താഭിശ്ച നാഭിശ്ചക്രനാഭിരരകൈരിവാവൃതാ । തസ്യാം നാഭ്യാം വിശേഷേണ പ്രാണാ വ്യവസ്ഥിതാഃ । യതശ്ച സാന്തരാഗ്ന്യധിഷ്ഠാനമ് ॥

സാ—ധമനികൾ എന്നുവെച്ചാൽ ചില വിശേഷങ്ങളോടുകൂടിയ സിരകൾതന്നെയാണ്. അവ ഇരുപത്തിനാലാകുന്നു. ഈ ധമനികളെക്കൊണ്ടാണ് ദേഹം ഉപസ്നേഹിക്കുന്നതു (തർപ്പണത്തെ പ്രാപിക്കു

ന്നതു്). ദൃഷ്ടാന്തം പറയുന്നു—ആരാമ ഇതി—ആരാമം ജലഹാരിണികളെ (വെള്ളച്ചാലുകളെ) കൊണ്ടെന്നപോലെയും, കേദാരം (കണ്ടം, വയൽ) കുല്യകളെക്കൊണ്ടെന്നപോലെയും എന്നു ദൃഷ്ടാന്തം. ഈ ധമനികളാൽ നാഭി ആവരണംചെയ്യപ്പെട്ടിരിക്കുന്നു. ചക്രത്തിന്റെ നാഭി അരകങ്ങളാൽ (അരാവലികളാൽ) എന്നപോലെ. ഇങ്ങിനെ ധമനീപരിവൃതമായ നാഭിയിങ്കൽ വിശേഷിച്ചും പ്രാണങ്ങൾ (ജീവൻ) സ്ഥിതിചെയ്യുന്നുണ്ടു്. നാഭി എന്നതു അന്തരാഗ്നിയുടെ അധിഷ്ഠാനമാകകൊണ്ടും നാഭിയിങ്കൽ പ്രാണങ്ങൾ വ്യവസ്ഥിതങ്ങൾ (വിശേഷേണ അവസ്ഥിതങ്ങൾ) ആയിരിക്കുന്നുണ്ടു്.

താസാം ഖലു ധമനീനാം ദശോർദ്ധ്വം പ്രസൃതാ ദശാധശ്ചതസ്രസ്തിര്യക്। തതസ്താഭിസ്ഥിതാസ്വങ്ഗാവയവാ ധാര്യന്തേ ആപ്യായ്യന്തേ ച ॥

സാ—നാഭിപ്രതിബദ്ധങ്ങളായിട്ടുള്ള ആ ധമനികളിൽവെച്ചു പത്തു ധമനികൾ ഊർദ്ധ്വഭാഗത്തേക്കു വ്യാപിച്ചിരിക്കുന്നു; പത്തു് ധമനികൾ അധോഭാഗത്തേക്കും വ്യാപ്തങ്ങളായിരിക്കുന്നു; നാലെണ്ണം വിലങ്ങത്തിലും വ്യാപിച്ചിരിക്കുന്നു. സ്പഷ്ടം.

താസാമൂർദ്ധ്വഗാ ഹൃദയമഭിപ്രപന്നാഃ പ്രത്യേകം ത്രിധാ ജായന്തേ। തത്ര ത്രിംശതോ മദ്ധ്യേ ദ്വേ ദ്വേ വാതപിത്തകഫരക്തരസാൻ വഹതഃ। അഷ്ടാഭിശ്ശബ്ദരൂപരസഗന്ധാ ഗൃഹ്യന്തേ। ദ്വാഭ്യാം ദ്വാഭ്യാം ഭാഷതേ ഘോഷം കരോതി സ്വപിതി പ്രതിബുദ്ധ്യതേ ച। ദ്വേ ചാശ്രു വഹതഃ। ദ്വേ ച സ്തനാശ്രിതേ നാര്യ്യാഃ സ്തന്യം നരസ്യ ശുക്ലമ് ॥

സാ—അവയിൽവെച്ചു് ഊർദ്ധ്വപ്രവൃത്തങ്ങളായ ധമനികൾ (പത്തു്) ഹൃദയത്തെ പ്രാപിച്ചു് അവിടെവെച്ചു് ഓരോന്നും മുമ്മൂന്നായി തിരിയുന്നു. അങ്ങിനെയുണ്ടായ മുപ്പതു ധമനികളിൽ ഈരണ്ടെണ്ണം വാതം പിത്തം കഫം രക്തം രസം എന്നിവയെ വഹിക്കുന്നു. (ഇങ്ങിനെ പത്തു്) എട്ടു ധമനികളെക്കൊണ്ടു ശബ്ദം, രൂപം, രസം, ഗന്ധം എന്നിവ ഗ്രഹിക്കപ്പെടുന്നു. (ഓരോന്നിന്റെ ഗ്രഹണത്തിന്നും ഈരണ്ടുവീതം) ഈരണ്ടു ധമനികളെക്കൊണ്ടു മനുഷ്യൻ സംസാരിക്കുക, ശബ്ദിക്കുക, ഉറങ്ങുക, ഉണരുക എന്നീ നാലു ക്രിയകളെ ചെയ്യുന്നു. രണ്ടു ധമനികൾ കണ്ണുനീരിനെ വഹിക്കുന്നു. രണ്ടു ധമനികൾ സ്തനങ്ങ

ളെ ആശ്രയിച്ചിരിക്കുന്നു. അവ സ്ത്രീക്കാണെങ്കിൽ മുലപ്പാലിനേയും പുരുഷനാണെങ്കിൽ ശുക്ലത്തേയും വഹിക്കുന്നു.

അധോഗമാഃ പക്വാശയസ്ഥാ ഏവം ത്രിധാ ജായന്തേ । തത്ര ദശാദ്യാഃ പൂർവ്വവൽ । ദ്വേ വഹതോഽന്നം മാത്രാശ്രയേണ । ദ്വേ തോയം । ദ്വേ മൂത്രം । ദ്വേ ശുക്ലം വഹതോ ദ്വേ ച മുഞ്ചതഃ । തേ ഏവ നാരീണാമാർത്തവമ് । ദ്വേ വർച്ചോനിരസിന്യൌ സ്ഥൂലാന്ത്രപ്രതിബദ്ധേ । ഏവം ദ്വാദശ । ശേഷാസ്ത്വഷ്ടൌ ധമന്യസ്തിരശ്ചീനാഃ സ്വേദമഭിതർപ്പയന്തി ॥

സാ—നാഭിയിൽനിന്നു കീഴ്പോട്ടുപോകുന്ന പത്തു ധമനികളും ഇതുപോലെതന്നെ പക്വാശയത്തിൽ ചെന്നിട്ടു മുപ്പതായി തിരിയുന്നു. അവയിൽ ആദ്യത്തെ പത്തെണ്ണം മുമ്പത്തേതുപോലെതന്നെ. അതായത് ഈരണ്ടെണ്ണം വാതപിത്തകഫരക്തരസങ്ങളെ വഹിക്കുന്നു എന്നർത്ഥം. ശേഷമുള്ളവയിൽ രണ്ടെണ്ണം മാത്രയെ അനുസരിച്ച് അന്നത്തെ വഹിക്കുന്നു; രണ്ടെണ്ണം ജലത്തെ വഹിക്കുന്നു; രണ്ടെണ്ണം മൂത്രത്തെ വഹിക്കുന്നു; രണ്ടെണ്ണം ശുക്ലത്തെ വഹിക്കുന്നു; രണ്ടെണ്ണം അതിനെ വിസർജ്ജിക്കുകയും ചെയ്യുന്നു. പുരുഷന്റെ ശുക്ലത്തെ വഹിക്കുകയും മോചിക്കുകയും ചെയ്യുന്ന ധമനികൾതന്നെയാണ് സ്ത്രീകൾക്ക് ആർത്തവത്തെ വഹിക്കയും വിടുകയും ചെയ്യുന്നത്. രണ്ടു ധമനികൾ സ്ഥൂലാന്ത്രത്തിന്മേൽ ഘടിപ്പിക്കപ്പെട്ടവയായിട്ടു മലത്തെ വിസർജ്ജിക്കുന്നു. ഇങ്ങിനെ പന്ത്രണ്ട്. ശേഷമുള്ള എട്ടു ധമനികളാകട്ടെ വിലങ്ങത്തിൽ നിന്നിട്ട് സ്വേദത്തെ തർപ്പണം ചെയ്യുന്നു. [ഇങ്ങിനെ നാഭിയിൽനിന്നു മേല്പോട്ടും കീഴ്പോട്ടും പോകുന്ന ധമനികളെ വിവരിച്ചു കഴിഞ്ഞു.]

തിര്യഗ്ഗാമിന്യശ്ചതസ്രോ ഭിദ്യമാനാഃ സ്തുബഹുധാ ഭവന്തീത്യുക്തം പ്രാക് ॥

സാ—നാഭിയിങ്കൽനിന്ന് ഇടത്തും വലത്തും പാർശ്വങ്ങളിലേക്കായി വിലങ്ങനെ പോകുന്ന നാലു ധമനികൾ ഭേദിച്ച് ബഹുപ്രകാരങ്ങളായി ഭവിക്കുമെന്നു മുമ്പ് പറഞ്ഞിട്ടുണ്ട്. ഇങ്ങിനെ ധമനികൾ വിവരിക്കപ്പെട്ടു.

ഇനി ക്രമപ്രാപ്തങ്ങളായ സ്രോതസ്സുകളെ പറയുന്നു:—

സ്രോതാംസി പുംസാം നവ കർണ്ണൌ നേത്രേ നാസാപുടൌ മുഖം പായുമ്മൂത്രപഥാന്യാനി ച ത്രീണി സ്ത്രീണാം സ്തനൌ രക്ത

പഥശ്ച । തഥാപരാണ്യന്തഃസ്രോതാംസി ജീവിതായതനാനി ത്രയോദശ പ്രാണോദകാന്നധാതുമലാനാമായതനാനി ॥

സാ—സ്രോതസ്സുകളെന്നാൽ ദ്വാരങ്ങളെന്നൎത്ഥം. ഇവ പുരുഷന്മാൎക്കു് ഒമ്പതാകുന്നു. രണ്ടു ചെവികൾ, രണ്ടു കണ്ണുകൾ, രണ്ടു മൂക്കുകൾ, ഒരു മുഖം (വായ), ഒരു ഗുദം, ഒരു മൂത്രമാൎഗ്ഗം ഇവയാണു് നവദ്വാരങ്ങൾ. സ്ത്രീകൾക്കാകട്ടെ രണ്ടു മുലകളും ഒരു രക്തമാൎഗ്ഗവും എന്നിങ്ങിനെ മൂന്നു സ്രോതസ്സുകൾ അധികമുണ്ടു്. ഇതുകൂടാതെ ജീവിതായതനങ്ങൾ (ജീവൻ നില്ക്കുന്ന സ്ഥാനങ്ങൾ) ആയിട്ടു് അകത്തു പതിമൂന്നു് അന്തഃസ്രോതസ്സുകൾ ഉണ്ടു്. അതുകൾ പ്രാണൻ, ജലം, അന്നം, ധാതു, മലം എന്നിവയുടെ മാൎഗ്ഗങ്ങളുമാകുന്നു.

തത്ര പ്രാണാദീനാം ഹൃദയം മൂലം മഹാസ്രോതശ്ച । താനി ധാതുക്ഷയരൌക്ഷ്യപിപാസാക്ഷുദ്വ്യായാമവേഗധാരണാദിഭിൎദ്ദുഷ്യന്തി । തതോതിസൃഷ്ടം പ്രതിബദ്ധമല്പാല്പമഭീക്ഷ്ണം വാ സശബ്ദശൂലമുച്ഛ്വസനമ് । തത്ര ശ്വാസവത്സാധനമ് ॥

സാ—അവയിൽവെച്ചു പ്രാണാദികളുടെ മൂലം ഹൃദയവും മഹാസ്രോതസ്സുമാകുന്നു. അതുകൾ ധാതുക്ഷയം, രൌക്ഷ്യം, പിപാസാ, വിശപ്പു്, വ്യായാമം, വേഗധാരണം എന്നിവയെക്കൊണ്ടും മറ്റും ദുഷിച്ചുവശാവുന്നു. ആ ദൂഷണംകൊണ്ടു് ശ്വാസം പോകുന്നതു അധികമായി അഭീക്ഷ്ണമാകുംവണ്ണമോ തടഞ്ഞു് അല്പാല്പമാകുംവണ്ണമോ ആയിത്തീരുകയും, ശ്വാസം കഴിക്കുമ്പോൾ ശബ്ദവും വേദനയും ഉണ്ടാകുകയും ചെയ്യും. പ്രാണവാഹികളായ സ്രോതസ്സുകൾ ദുഷിച്ചുണ്ടാകുന്ന ഈ രോഗത്തിൽ ശ്വാസത്തിങ്കലുള്ള ചികിത്സതന്നെ ചെയ്യേണ്ടതാണു്. ഇങ്ങിനെ പ്രാണവാഹികളായ സ്രോതസ്സുകളുടെ ദൂഷണത്തെ പറഞ്ഞു. ഇനി ഉദകവാഹികളുടേതിനെ പറയുന്നു:—

ഉദകവാഹിനാം താലു മൂലം ക്ലോമ ച । താന്യാമഭയാതിപാനോഷ്ണശുഷ്കാന്നകഷായതൃഷ്ണാനിഗ്രഹാദിഭിൎദ്ദുഷ്യന്തി । തതോതിതൃഷ്ണാ മുഖശോഷഃ കൎണ്ണക്ഷ്വേളനം തമോദൎശനഞ്ച । തത്ര തൃഷ്ണോക്തമൌഷധമ് ॥

സാ—ഉദകവാഹികളായ (ജലത്തെ വഹിക്കുന്നവ) സ്രോതസ്സുകളുടെ മൂലം താലുവും ക്ലോമവുമാകുന്നു. അവ ആമദോഷം, ഭയം, അതിമാത്രമായ ജലപാനം, ഉഷ്ണമോ ശുഷ്കമോ ആയ അന്നത്തെ ഭക്ഷിക്കൽ, കഷായരസങ്ങളായ ദ്രവ്യങ്ങളെ അധികം ശീലിക്കൽ, ദാഹിക്കുമ്പോൾ

വെള്ളംകുടിക്കാതിരിക്കൽ മുതലായവനിമിത്തം ദുഷിച്ചുപോകും. എന്നാൽ അതിയായ വെള്ളംദാഹം, മുഖശോഷം, ചെവി മൂളംപാടൽ, കണ്ണ് ഇരുളടക്കൽ എന്നിവയുണ്ടാകും. അതിന്ന് തൃഷ്ണാചികിത്സയെ ചെയ്യേണ്ടതാണ്. ഇനി അന്നവാഹിസ്രോതസ്സുകളുടെ ദൂഷണത്തെ പറയുന്നു.

അന്നവാഹിനാമാമാശയോ മൂലം വാമപാർശ്വഞ്ച । തേഷാം
ദുഷ്ടൌ സർവ്വം മാത്രാശിതീയോക്തമവഗച്ഛേൽ ॥

സാ— അന്നവാഹികളായ സ്രോതസ്സുകളുടെ മൂലം ആമാശയവും വാമപാർശ്വവുമാകുന്നു. അവ ദുഷിപ്പാനുള്ള ഹേതുവും ലക്ഷണവും ചികിത്സയും എല്ലാം മാത്രാശിതീയാദ്ധ്യായത്തിൽ പറഞ്ഞപ്രകാരംതന്നെ അറിയേണ്ടതാണ്. [അന്നവാഹിസ്രോതസ്സുകൾ ദുഷിക്കാൻ ഹേതു അതിഭക്ഷണം മുതലായവയാണെന്നും, ദുഷിച്ചാൽ വിഷൂചികാദികൾ ഉണ്ടാകുമെന്നും, വമനാദികളാണ് ചികിത്സ എന്നും സാരം] മേൽപ്പറഞ്ഞവയിൽ പ്രാണാദിവാഹികളായ സ്രോതസ്സുകളുടെ "മൂലം" എന്നുവെച്ചാൽ ആശ്രയം, അതായതു ഉപകാരാപകാരദ്വാരം എന്നു താൽപര്യം. ഇപ്രകാരം പ്രാണോദകാന്നവാഹികളായിട്ടുള്ള മൂന്നുവിധം സ്രോതസ്സുകളുടെ ദൂഷണത്തെ പറഞ്ഞുകഴിഞ്ഞു. ഇനി ധാതുവാഹികളായ ഏഴ് സ്രോതസ്സുകളെപ്പറ്റി പറയുന്നു.

രസവാഹിനാം ഹൃദയം മൂലം ദശ ധമന്യശ്ച । രക്തവാഹിനാം യകൃൽ പ്ലീഹാ ച । മാംസവാഹിനാം സ്നാവാനി ത്വക് ച । മേദോവാഹിനാം വൃക്കൌ മാംസഞ്ച । അസ്ഥിവാഹിനാം ജഘനം മേദശ്ച । മജ്ജവാഹിനാം പർവ്വാണ്യസ്ഥീനി ച । ശുക്ലവാഹിനാം സ്തനൌ മുഷ്കൌ മജ്ജാ ച । മൂത്രവാഹിനാം വസ്തിർവ്വംക്ഷണൌ ച । ശകൃദ്വാഹിനാം പക്വാശയഃ സ്ഥൂലാന്ത്രഞ്ച । സ്വേദവാഹിനാം മേദോ രോമകൂപാശ്ച । തേഷാം ദൂഷണം വിവിധമഹിതാഹാരവിഹാരമുപദ്രവാൻ പൃഥക് പൃഥക്സാധനം ദോഷാദിവിജ്ഞാനീയാദ്ധ്യായം വൃദ്ധിക്ഷയലക്ഷണേന ലക്ഷയേൽ ॥

സാ— സപ്തധാതുക്കളിൽ ആദ്യത്തേതായ രസത്തെ വഹിക്കുന്ന സ്രോതസ്സുകളുടെ മൂലം ഹൃദയവും പത്തുധമനികളുമാകുന്നു. രസധാതുവിനെ വഹിക്കുന്ന സ്രോതസ്സുകളുടെ മൂലം യകൃത്തും പ്ലീഹയുമാണ്. മാംസവാഹിസ്രോതസ്സുകളുടെമൂലം സ്നായുക്കളും ത്വക്കുമത്രേ. മേദോവാഹി

കളായവയുടെമൂലം വൃക്കങ്ങളും മാംസവുമത്രേ. അസ്ഥിവാഹികളുടെമൂലം
ജഘനവും മേദസ്സും, മജ്ജവാഹികളുടെമൂലം സന്ധികളും അസ്ഥികളും,
ശുക്ലവാഹികളുടെമൂലം സ്തനങ്ങളും മജ്ജയും വൃഷണങ്ങളും ആകുന്നു. ഇ
ങ്ങിനെ സപ്തധാതുക്കളെ വഹിക്കുന്ന സ്രോതസ്സുകളെ അറിഞ്ഞുകൊൾ
ക. അനന്തരം മലവാഹികളായ സ്രോതസ്സുകളെപ്പററി പറയുന്നു. മല
ങ്ങൾ മൂത്രം,മലം, സ്വേദം എന്നിവയാകുന്നു. അവയിൽ മൂത്രത്തെ വഹി
ക്കുന്ന സ്രോതസ്സുകളുടെ മൂലം വസ്തിയും വംക്ഷണങ്ങളുമാണ്. പുരീഷ
വാഹികളുടെമൂലം പക്വാശയവും സ്ഥൂലാന്ത്രവുമത്രേ. സ്വേദവാഹികളു
ടെമൂലം മേദസ്സും രോമകൂപങ്ങളുമാണ്. ഈ രസാദിവാഹികളായ സ്രോ
തസ്സുകളെ ദുഷിപ്പിക്കുന്നത് അപഥ്യങ്ങളായ പലതരം ആഹാരവിഹാ
രങ്ങളാകുന്നു. അവയേയും, ദൂഷണംകൊണ്ടുണ്ടാകുന്ന ഉപദ്രവങ്ങളേ
യും, അവകളുള്ള ചികിത്സയേയും, വൃദ്ധിക്ഷയലക്ഷണങ്ങളോടുകൂടി ദോ
ഷാദിവിജ്ഞാനീയാദ്ധ്യായത്തിൽ പറഞ്ഞപ്രകാരം അറിയേണ്ടതാകുന്നു.

വ്യധേ തു സ്രോതസാം ഭ്രമമോഹകമ്പപ്രലാപാധ്മാനശൂലാ
രുചിതൃൾച്ഛർദ്ദിജ്വരാന്തിരുധിരസ്രുതിമൂത്രപുരീഷരോധാ മരണഞ്ച ।
തസ്മാൽ സ്രോതോവിദ്ധം പ്രത്യാഖ്യായോപാചരേൽ । ഉദ്ധൃതശല്യ
ഞ്ച സദ്യോവ്രണവിധാനേന ॥

സാ—മേൽപറയപ്പെട്ട സ്രോതസ്സുകൾക്കു വ്യധം (=ശസ്ത്രാദികളെ
ക്കൊണ്ടു താഡനം)ഭവിച്ചാൽ തലതിരിച്ചിൽ,മോഹാലസ്യം, വിറ, പേ
പറയൽ, ആധ്മാനം, ശൂലം, അരുചി, തൃഷ്ണാ, ഛർദ്ദി, പനി, രക്ത
ത്തിന്റെ അതിസ്രവണം, മലമൂത്രരോധം എന്നിവയോ മരണംതന്നെ
യോ ഭവിക്കും. ആകയാൽ വൈദ്യൻ സ്രോതോവ്യധംവന്നവനെ നിഷേ
ധിച്ചു ചികിത്സിക്കണം. അകത്തു ശല്യമുള്ളവനായ സ്രോതോവിദ്ധന്റെ
ശല്യമെടുത്ത് അവനെ സദ്യോവ്രണപ്രതിഷേധപ്രകാരം ചികിത്സി
ക്കണം.

തത്ര സ്രോതസാമേവ വിശേഷാസ്സിരാധമന്യഃ । അന്യേ ത്വ
ന്യത്വമിച്ഛന്തി സിരാധമനീസ്രോതസാം । കേവലം പരസ്പരസ
ന്നികർഷാത്സദൃശകർമ്മത്വാൽ സൌക്ഷ്മ്യാച്ച വിഭക്തകർമ്മണാമപ്യ
വിഭാഗ ഇവ ലക്ഷ്യതേ ॥

സാ—സിരകളും ധമനികളും (സൌഷിര്യമുള്ളവയാകകൊണ്ട്)സി
രകളുടെതന്നെ വകഭേദങ്ങളാകുന്നു. മററുചില ആചാര്യന്മാർ സിരക
ളും ധമനികളും സ്രോതസ്സുകളും വേറെയാണെന്നു പറയുന്നു. സിരാദി

കൾക്കു തമ്മിലുള്ള സാമീപ്യംകൊണ്ടും, (വാഹകത്വം എന്ന) സദൃശകൎമ്മത്വമുള്ളതുകൊണ്ടും, സൂക്ഷ്മത്വംകൊണ്ടും, സിരാദികൾ വേറെ വേറെയുള്ളവയാണെങ്കിലും അവക്ക് അഭേദംകാണുകയാണു ചെയ്യുന്നതെന്നാണ് അവർ പറയുന്നത്.

അപരേ പുനരാഹുഃ। സ്രോതാംസി സിരാധമന്യോ രസവാഹിന്യോ നാഡ്യഃ പന്ഥാനോ യതനാനി മാൎഗ്ഗാഃ ശരീരച്ഛിദ്രാണി സംവൃതാസംവൃതാനി സ്ഥാനാന്യാശയാഃ ക്ഷയാ നികേതാശ്ചേതി ശരീരേ ധാത്വവകാശാനാം ലക്ഷ്യാലക്ഷ്യാണാം നാമാനീതി ॥

സാ—മററുചില ആചാൎയ്യന്മാർ ഇങ്ങിനെ പറയുന്നു:— സ്രോതസ്സുകൾ, സിരകൾ, ധമനികൾ, രസവാഹിനികൾ, നാഡികൾ, പന്ഥാക്കൾ, ആയതനങ്ങൾ, മാൎഗ്ഗങ്ങൾ, ശരീരച്ഛിദ്രങ്ങൾ, സംവൃതസ്ഥാനങ്ങൾ, അസംവൃതസ്ഥാനങ്ങൾ, ആശയങ്ങൾ, ക്ഷയങ്ങൾ, നികേതങ്ങൾ എന്നീ പേരുകൾ പറയുന്നത് ദേഹത്തിൽ ലക്ഷ്യങ്ങ (ഇന്ദ്രിയഗോചരങ്ങൾ) ളും അലക്ഷ്യങ്ങളുമായിട്ടുള്ള ചില ധാത്വവകാശങ്ങൾക്കാണ്. (ഇവയെല്ലാം സ്രോതസ്സുകളാണെന്നു സാരം).

തേ ചാവകാശാഃ പ്രകുപിതാഃ സ്വസ്ഥാനസ്ഥാൻ മാൎഗ്ഗസ്ഥാംശ്ച ധാതൂൻ പ്രകോപയന്തി। തേപി കുപിതാസ്താനി സ്രോതാംസി, സ്രോതാംസി ച സ്രോതാംസി। ധാതവശ്ച ധാതൂൻ। തേഷാം സൎവ്വേഷാമേവ ദൂഷയിതാരോ ദുഷ്ടാ ദോഷാഃ। തേ ച പ്രായശോ ദുഷ്യന്ത്യഗ്നിദോഷാൽ। തസ്മാത്തന്നിമിത്താന്യായുരാരോഗ്യബലോപചയവൎണ്ണൌജാംസി। തൽപ്രതിബദ്ധാന്യേവ ച രഞ്ജകാദീനി ഭൂതാഗ്നയോ ധാത്വഗ്നയശ്ച। തഥാന്നമപി തേഷാമേവ പക്വമമൃതതാം യാത്യപക്വഞ്ച വിഷതാം ॥

സാ—സ്രോതസ്സുകൾ ദുഷിച്ചാൽ ധാതുക്കൾ ദുഷിക്കുമെന്നും ധാതുക്കൾ ദുഷിച്ചാൽ സ്രോതസ്സുകളും ദുഷിക്കുമെന്നും പറയുന്നു. തേ ഇതി— മേൽപറഞ്ഞ ധാത്വവകാശങ്ങൾ പ്രകുപിതങ്ങളായാൽ സ്വസ്ഥാനങ്ങളിലും സ്വമാൎഗ്ഗങ്ങളിലും നില്ക്കുന്ന ധാതുക്കളേയും കോപിപ്പിക്കും. ധാതുക്കൾ കോപിച്ചാൽ ആ സ്രോതസ്സുകളെ (ധാത്വവകാശങ്ങളെ) യും കോപിപ്പിക്കും. കുപിതങ്ങളായ സ്രോതസ്സുകൾ അങ്ങിനെയല്ലാത്ത സ്രോതസ്സുകളേയും കോപിപ്പിക്കും. കുപിതങ്ങളായ ധാതുക്കൾ അന്യധാതുക്കളേയും കോപിപ്പിക്കും. അവയെയെല്ലാം ദുഷിപ്പിക്കുന്നതിൽ ദുഷ്ടങ്ങളായ വാതാദിദോഷങ്ങളാണു കാരണം. ദോഷങ്ങൾ ദുഷിക്കുന്നതു

മികളും അഗ്നിദോഷംനിമിത്തമാകുന്നു. ആകയാൽ അഗ്നിയെ കാരണമാക്കിയിട്ടാണ് ആയുരാരോഗ്യങ്ങളും ബലോപചയവർണ്ണൌജസ്സുകളും ഇരിക്കുന്നത്. തൽപ്രതിബന്ധങ്ങളായിട്ടാണ് രഞ്ജകാദികളായ പിത്തങ്ങളും ഭൂതാഗ്നികളും ധാത്വഗ്നികളും സ്ഥിതിചെയ്യുന്നത് (ജഠരാഗ്നിയെ ആശ്രയിച്ചാണ് ഇതരാഗ്നികളുടെ സ്ഥിതി എന്നു സാരം) ആ അഗ്നിയാൽ പക്വമായിട്ടാണ് അന്നം അമൃതമായിത്തീരുന്നതു. അന്നം വിഷമാകുന്നതു അതിനാൽ അപക്വമാകകൊണ്ടുമാകുന്നു

തത്ര പിത്തവിശേഷഃ പാചകസംജ്ഞോഽഗ്നിരിതി പ്രാഗഭിഹിതഃ । അന്യേ പുനരാചക്ഷതേ ദോഷധാതുമലസന്നിപാതജനിതോന്തരൂഷ്മാ യഥാനിർദ്ദിഷ്ടാധിഷ്ഠാനകർമ്മാഗ്നിരിതി ॥

സാ—മുമ്പ് ദോഷഭേദീയാദ്ധ്യായത്തിൽ അന്നത്തിന്റെ പക്താവായിട്ട് പാചകം എന്ന സംജ്ഞയോടുകൂടി ഒരു അഗ്നിയെ പറഞ്ഞിട്ടുണ്ട്. (ഈ തന്ത്രകാരന്റെ മതം ഇതാണ്) മററു ചിലർ പറയുന്നതങ്ങിനെയല്ല, അവർ പിത്തത്തെ അഗ്നിയായി കരുതുന്നില്ല ദോഷധാതുമലങ്ങളുടെ സന്നിപാതത്താൽ ഉണ്ടാക്കപ്പെട്ടതായ അന്തരൂഷ്മാവാണ് അഗ്നിയെന്നും, അതു പാകരാഗാദികളായി പറയപ്പെട്ട കർമ്മങ്ങളോടുകൂടിയതാട്ട് അഗ്നിപദവാച്യമായി ഭവിക്കുന്നുവെന്നുമാണ് അവരുടെ പക്ഷം.

ഇനി ധാതുപോഷണത്തെപ്പററിയാണ് പറയുന്നതു്. ഈ വിഷയത്തിൽ ആയുർവ്വേദാചാര്യന്മാർ രണ്ടഭിപ്രായക്കാരാണ്. ചിലർ അന്തരാഗ്നിയാൽ പചിക്കപ്പെട്ട അന്നസാരംകൊണ്ടു ക്രമേണ ധാതുക്കൾക്കു പോഷം വരുന്നുവെന്നു പറയുന്നു. മററു ചിലർ എല്ലാ ധാതുക്കൾക്കും ഒന്നിച്ചുതന്നെ പോഷണം വരുമെന്നും പറയുന്നു. ഈ സംഗതിയിൽ ഗ്രന്ഥത്തിലെ താല്പര്യാർത്ഥത്തെ വിവരിക്കുന്നു:—

സ ഖലു വിധിവദഭ്യവഹൃതമന്നജാതം പ്രാണേന വായുനാ കോഷ്ഠമാകൃഷ്ടം ദ്രവൈർവ്വിഭിന്നസംഘാതം സ്നേഹേന മൃദൂകൃതമഭിസന്ധുക്ഷിതസ്സമാനേനാമാശയസ്ഥം സ്ഥാലീസ്ഥമിവാംബുതണ്ഡുലമഗ്നിരന്തരഗ്നിഃ പചതി ॥

സാ—ഇവിടെ ക്രമവാദികൾ പറയുന്നു:—പുരുഷനാൽ വിധിപ്രകാരം ഭക്ഷിക്കപ്പെട്ടതായ അന്നസമൂഹം പ്രയത്നോദീരിതനായ പ്രാണവായുവിനാൽ കോഷ്ഠത്തിലേക്ക് ആകർഷിക്കപ്പെട്ട്, ദ്രവാദികളായ ദ്രവ്യപദാർത്ഥങ്ങളാൽ വിഭിന്നസംഘാതം (കട്ടയുടച്ചു ചേർക്കപ്പെട്ടത്) ആയി

ട്ടു, സ്നേഹംകൊണ്ടു മാർദ്ദവത്തോടുകൂടിയതാക്കപ്പെട്ടിട്ട്, നാഭീദേശപാരിയായ സമാനവായുവിനാൽ ആമാശയത്തിങ്കൽ പിടിച്ചുനിർത്തപ്പെട്ടിട്ടു, സമാനവായുവിനാൽ പ്രദീപിതമായ അന്തരാഗ്നിയാൽ, അടുപ്പത്തു പാത്രത്തിൽ വെച്ചിരിക്കുന്ന അരിയും വെള്ളവും ബാഹ്യാഗ്നിയാലെന്നപോലെ, പചിക്കപ്പെടുന്നു.

തത്ര സർവ്വരസമപി പച്യമാനമാദൌ മധുരീഭൂതം കഫം ഫേനീഭൂതമുദീരയതി । തതോ വിദഗ്ധമമ്ലീഭൂതമാമാശയാൽ ച്യവമാനമച്ഛം പിത്തം । പ്രാപ്യ ച പക്വാശയം കടുകീഭൂതമനിലം ॥

സാ—ഭക്ഷിക്കപ്പെട്ടതായ അന്നം എല്ലാ രസങ്ങളോടും കൂടിയതായിരുന്നാലും അതു ആമാശയത്തിങ്കൽ പചിക്കപ്പെടുമ്പോൾ ആദ്യം മധുരമായിച്ചമഞ്ഞ് ഫേന (നുര) മായിട്ടുള്ള കഫത്തെ പ്രവർത്തിപ്പിക്കുന്നു. പിന്നെ ആ അന്നം വിദഗ്ധമായി അമ്ലരസമായി ഭവിച്ച് ആമാശയത്തിങ്കൽനിന്നു പോകുമ്പോൾ അതു സ്വച്ഛമായ പിത്തത്തെ പ്രവർത്തിപ്പിക്കും. അനന്തരം പക്വാശയത്തെ പ്രാപിച്ചാൽ അതു കടുകരസമായിച്ചമഞ്ഞ് വായുവിനെയും പ്രവർത്തിപ്പിക്കുന്നു.

തതശ്ചൈവം വിച്ഛിന്ന ആഹാരേ പഞ്ചപഞ്ചാത്മകാ മഹാഭൂതാഗ്നയോ വായുനാ വ്യസ്താൻ പഞ്ചൈവ ഭൂതഗുണാനാഹാരസ്ഥാൻ പചന്തി । തേ പക്വാഃ പുനസ്തഥാസ്വമേവ ദേഹാശ്രിതാംശ്ച സ്വവികാരഭൂതാൻ ഭൂതഗുണാനാപ്യായയന്തി ॥

സാ—ഇങ്ങിനെ ജഠരാഗ്നിയുടെ പാകം കഴിഞ്ഞ് ആഹാരം നുചഞ്ഞു ചമഞ്ഞതാൽ പാർത്ഥിവാദികളായ അഞ്ചു മഹാഭൂതാഗ്നികൾ വായുവിനാൽ വേർതിരിക്കപ്പെട്ടവയും ആഹാരത്തിൽ ഇരിക്കുന്നവയുമായ അഞ്ചു ഭൂതഗുണങ്ങളെ യഥാസ്വം പചിപ്പിക്കുന്നു. പാർത്ഥിവാഗ്നി ആഹാരത്തിലെ പാർത്ഥിവാംശത്തെയും, ആപ്യാഗ്നി ആപ്യാംശത്തെയും, ഇതുപോലെ ഇതരാഗ്നികൾ സ്വസ്വഗുണാംശങ്ങളേയും വീണ്ടും പചിപ്പിക്കുമെന്നർത്ഥം. അപ്രകാരം പക്വങ്ങളായ ആഹാരഗുണങ്ങൾ, ദേഹത്തിലുള്ളവയും തന്റെ (അന്നത്തിന്റെ) വികാരങ്ങളുമായ അഞ്ചു മഹാഭൂതഗുണങ്ങളെ വർദ്ധിപ്പിക്കയും ചെയ്യുന്നു.

ഏവഞ്ച പക്വാദാഹാരാദിവിധൌഷധഗർഭാദിവ സ്നേഹാദ്ഛഃ സാരഭൂതോ രസാഖ്യഃ കിട്ടാഖ്യശ്ച മലോഭിനിവർത്തതേ । താഭ്യാഞ്ച സാരമലാഭ്യാം തദാത്മകാനാമേവ ശരീരഗുണാനാം ധാ

ത്വാഖ്യാനാം യഥാസ്വം സ്രോതാംസി പാരംപര്യേണാവിച്ഛിന്ന സന്താനമാപൂര്യന്തേ । സ്രോതോഭ്യശ്ച യഥാവിഭാഗം യഥായഥമേവ ധാതവഃ പുഷ്യന്തി । ഉത്തരോത്തരാനുപ്രവേശേപി ച പൂര്വ്വേഷാം സ്രോതസാം യഥാകാലം സമ്യഗാഹാരോപയോഗേന പരിണാമവതാപ്യായ്യമാനാനാം നാപചയോ ഭവതി । തതശ്ച ധാത്വാഖ്യാഃ പ്രസാദമലാഃ സ്വം സ്വമേവ മാനമനുവര്ത്തന്തേ യഥാവയശ്ശരീരം ॥

സം—മേൽപ്രകാരം പചിക്കപ്പെട്ടതായ അന്നത്തിങ്കൽനിന്നു സാരമെന്നും കിട്ടമെന്നും രണ്ടംശങ്ങൾ ഉണ്ടായിച്ചമയുന്നു. പാലേ ഔഷധങ്ങളും ചേർത്തു കാച്ചിയതായ ഘൃതാദിസ്നേഹത്തിൽനിന്നു തെളിഞ്ഞ സ്നേഹവും 'കല്ക്ക'നും ഉണ്ടാകുന്നതുപോലെയാണിവ ഉണ്ടാകുന്നതു്. ഈ രസം, മലം എന്നിവ അങ്ങിനെതന്നെ സാരങ്ങളായും മലങ്ങളായുമിരിക്കുന്ന ധാതുക്കൾ എന്ന ശരീരഗുണങ്ങളുടെ (രക്താദികളുടേയും മൂത്രാദികളുടേയും) സ്രോതസ്സുകളെ ക്രമത്താലേ അവിച്ഛിന്നധാരമാകും വണ്ണം പൂരിപ്പിക്കുന്നു. ആ സ്രോതസ്സുകളിൽനിന്നു യഥാസ്വം ധാതുക്കൾ പുഷ്ടിയെ പ്രാപിക്കുന്നു. ഈ ധാതുപോഷണപരിപാടിയിൽ രക്താദികളായി മുമ്പു മുമ്പുള്ള ധാതുക്കൾ മാംസാദികളായി പിമ്പു പിമ്പുള്ളവയിൽ പ്രാപിക്കുമെങ്കിലും, മുമ്പു മുമ്പുള്ള രക്താദിസ്രോതസ്സുകൾക്ക് അപചയം (ക്ഷയം) വരുന്നില്ല. കാരണം ഇടവിടാതെ ചെയ്യപ്പെടുന്നതും പരിണാമത്തോടുകൂടിയതുമായ ആഹാരോപയോഗംകൊണ്ട് അവയ്ക്കു തർപ്പണം ഭവിച്ചുംകൊണ്ടുതന്നെ ഇരിക്കുന്നു. രക്താദിധാത്വാത്മനാ പരിണമിച്ച അന്നസാരം എല്ലാ സ്രോതസ്സുകളിലും ഇടവിടാതെ ചെന്നുംകൊണ്ടേ ഇരിക്കുകയാൽ സ്രോതഃക്ഷയം വരികയില്ലെന്നു സാരം. ഇതേ സംഗതികൊണ്ടുതന്നെ ദേഹത്തിന്റെ നിലനില്പിന്നു ഹേതുവായ ധാതുക്കൾ എന്നു പറയപ്പെടുന്ന രക്തമാംസാദികളായ സാര (പ്രസാദങ്ങൾ) ങ്ങളും കഫപിത്താദികളായ മലങ്ങളും, അതാതാളുകളുടെ പ്രായത്തിന്നും ശരീരത്തിന്നുമനുസരിച്ച്, പറയപ്പെട്ടതായ പരിണാമത്തെ പ്രാപിക്കുന്നു. 'ശരീരത്തിന്നനുസരിച്ച്' എന്നതുകൊണ്ടു മഹാശരീരങ്ങളിൽ പ്രസാദമലങ്ങൾ അധികമായും ക്ഷുദ്രശരീരങ്ങളിൽ കുറവായും ഇരിക്കുമെന്നു കാണിച്ചിരിക്കുന്നു.

തത്രാഹാരരസോ വ്യാനവിക്ഷിപ്തോ യഥാസ്വം സപ്തസു ധാത്വഗ്നിഷു ക്രമാൽ പച്യമാനഃ സ്വാത്മഭാവപ്രച്യുതിസമനന്തരമേ

വ പ്രാപ്തരക്താദിധാതുസംജ്ഞകഃ കാലവദസ്ഖലിതബലപ്രമാണോ ദേഹമൂർജ്ജയിതാ ധാതൂൻ ധാതുമലാംശ്ച പുഷ്ണാതി ॥

സാ—ക്രമവാദത്തിലുള്ള ക്രമത്തെ പറയുന്നു. തത്രേതി:—പ്രധാനാഗ്നിയാൽ പക്വമായ ആഹാരത്തിന്റെ രസം ഹൃദയമൂലത്തിലുള്ള വ്യാനവായുവിനാൽ പ്രേരിപ്പിക്കപ്പെട്ടതായിട്ട ക്രമത്താലെ ഏഴ ധാത്വഗ്നികളിലുംവെച്ചു പചിക്കപ്പെടുമ്പോൾ സ്വഭാവയുള്ള അവസ്ഥ ഭേദങ്ങളോടുകൂടിത്തന്നെ രക്താദിധാതുക്കൾ എന്ന സംജ്ഞകളെ പ്രാപിച്ചിട്ട്, കാലംപോലെ അവിച്ഛിന്നമായ പ്രവാഹവും ശക്തിയും ഉള്ളതായിട്ട്, ദേഹത്തെ ശക്തിപ്പെടുത്തിയിട്ട രക്താദികളായ ധാതുക്കളേയും കഫാദികളായ ധാതുമലങ്ങളേയും ക്രമത്തിൽ പോഷിപ്പിക്കുന്നു.

അഥാന്നകിട്ടമച്ഛം മൂത്രം ഘനം ശകൃൽ । രസസ്യ സാരോ രക്തം മലഃ കഫോ ലസീകാ ച । രക്തസ്യ സാരോ മാംസം കണ്ഡരാസ്സിരാശ്ച മലഃ പിത്തമ് । മാംസസ്യ സാരോ മേദസ്ത്വചോ വസാ ച, കിട്ടം കർണ്ണാക്ഷിനാസികാസ്യരോമകൂപപ്രജനനമലാഃ । മേദസഃ സാരോസ്ഥിസ്നായുസന്ധയഃ കിട്ടം സ്വേദഃ । അസ്ഥ്നസ്സാരോ മജ്ജാ കിട്ടം കേശരോമനഖാഃ । മജ്ജ്ഞസ്തു സാരഃ ശുക്ലം മലോക്ഷിവിൾത്വചാം സ്നേഹഃ । ശുക്ലസ്യ സാരമോജഃ । അത്യന്തശുദ്ധതയാസ്യ മലാഭാവഃ । അന്യേ പുനരത ഏവ തസ്യ നേച്ഛന്തി പാകമ് । അപരേ പുനഃ ശുക്ലസാരം ഗർഭമവാമനന്തി ॥

സാ—ഇനി പ്രസാദമലങ്ങളുടെ വിഭാഗത്തെ പറയുന്നു. അഥേതി—അന്നത്തിന്റെ കിട്ടം (മലം) മൂത്രവും, ഘനാംശം പുരീഷവുമാകുന്നു. അന്നരസത്തിന്റെ സാരം രക്തവും, മലം കഫലസീകകളുമാകുന്നു. രക്തത്തിന്റെ സാരം മാംസം, കണ്ഡരകൾ, സിരകൾ എന്നിവയും, മലം പിത്തവുമാകുന്നു. മാംസസാരം മേദസ്സ്, ത്വക്ക്, വസ എന്നിവയും, മലം കർണ്ണാക്ഷിനാസികാസ്യരോമകൂപപ്രജനന (ലിംഗ) മലങ്ങളും ആകുന്നു. മേദസ്സിന്റെ സാരം അസ്ഥിസ്നായുസന്ധികളും, മലം സ്വേദവുമത്രേ. അസ്ഥിസാരം മജ്ജയും, മലം കേശരോമനഖങ്ങളുമാണ്. മജ്ജയുടെ സാരം ശുക്ലവും, മലമാകട്ടേ നേത്രം മലം ത്വക്ക് എന്നിവയിലെ സ്നേഹവുമാകുന്നു. ശുക്ലത്തിന്റെ സാരം ഓജസ്സാകുന്നു. ശുക്ലം അത്യന്തശുദ്ധമായതുകൊണ്ട് അതിന്റെ പാകത്തിങ്കൽ മലം ഉണ്ടാകുന്നില്ല. ഇതേകാരണത്താൽ ശുക്ലത്തിന്നു പാകംതന്നെയില്ലെന്നു ചിലർ പ

റയുന്നു. വേറെ ചിലർ ശുക്ലത്തിന്റെ സാരം (ഓജസ്സിനു പകരം) ഗർഭം തന്നെയാണെന്നും പറയുന്നു.

അനന്തരം വായുവിന്റെ ഉൽപത്തിയെ രണ്ടുപ്രകാരത്തിൽ പറയുന്നു:—

വായുഃ പുനരഗ്നേരാഹാരസ്യ ച ബഹ്വല്പതയാ തസ്മാത്തസ്മാന്മൂർച്ഛനാവിശേഷാദമൂർത്തഃ ശബ്ദവാനീഷച്ഛബ്ദഃ പ്രചുരോഽല്പോ വാ പഞ്ചാത്മാ കോഷ്ഠേ പ്രാദുർഭവതി। ഏവഞ്ച കൃത്സ്നാന്നമയാ ഏവ ദേഹേ സർവ്വേ ഭാവാഃ। തദന്നമേവ ചൈവം ചിരേണ വ്യാപ്തമനുബദ്ധം ശരീരയന്ത്രമനവരതപ്രവാഹേണ സ്വാസ്ഥ്യബലോപചയയുക്തം യാവത്കർമ്മ പാലനം യാപ്യതേ। അന്യഥാ ത്വന്നരസോത്ക്ഷേപണാദപ്രതിബദ്ധസ്രോതസാ വാ യഥാവദനഭിസന്ധീയമാനധാതുപ്രവാഹമന്തരാ വ്യവച്ഛിദ്യതേ, വ്യാധിഭാജനം വാ ഭവതി॥

സം:—വായുവാകട്ടേ, അഗ്നി അധികമായും ആഹാരം അല്പമായും ഇരിക്കയാലോ അഗ്നി അല്പമായും ആഹാരം അധികമായും ഇരിക്കയാലോ ഉണ്ടാകുന്ന പലതരം മൂർച്ഛനകൾ ഹേതുവായിട്ട്, അമൂർത്തനാണെങ്കിലും ശബ്ദവാനായും അല്പശബ്ദനായും ഭവിച്ചിട്ട് പ്രചുരനായോ അല്പനായോ തീൎന്ന് അഞ്ച് ആത്മാക്കളോടുകൂടിയതായി കോഷ്ഠത്തിങ്കൽ ആവിർഭവിക്കുന്നു. ആകയാൽ അഗ്നിയുടെ തൃപ്തീകരണത്തിന്നും ആഹാരമാണ് കാരണം. ഇത്രയും പറഞ്ഞതുകൊണ്ടു ശരീരത്തിങ്കലുള്ള മൂർത്താമൂർത്തഭാവങ്ങളൊക്കെയും അന്നമയങ്ങളാണെന്നു സിദ്ധിച്ചു. അന്നം തന്നെയാണ് ഈ ശരീരയന്ത്രത്തെ ചിരകാലംകൊണ്ട് വ്യാപിച്ച് ബാഹ്യാന്തർഭാഗങ്ങളിൽ അനവരതം പ്രവഹിച്ചു സ്വാസ്ഥ്യം, ബലം, ഉപചയം എന്നിവയുണ്ടാക്കി, ശരീരഹേതുവായ കർമ്മം നിലനില്ക്കുന്നേടത്തോളം കാലം നിലനിർത്തുന്നത്. അന്യപ്രകാരത്തിലായാലാകട്ടേ, ഒന്നുകിൽ അന്നരസം ഉൽക്ഷിപ്തമായി സ്രോതസ്സുകളെ ബന്ധിക്കയോ അല്ലെങ്കിൽ അന്നരസം ഇല്ലായ്കയാൽ വേണ്ടതുപോലെ ധാതുപ്രവാഹം നടക്കാതിരിക്കയോ ചെയ്ത് ശരീരത്തിന്ന് കേടുവരികയും ശരീരം വ്യാധികൾക്ക് പാത്രമായിത്തീരുകയും ചെയ്യുന്നു. ഇപ്രകാരമാണ് ക്രമധാതുപാകം.

അന്യേ തു വർണ്ണയന്തി। അഭ്യവഹൃതമാത്രസ്യാഹാരസ്യ കണ്ഠനാളീപ്രച്യുതസ്യ മഹാനിമ്നമവതീർണ്ണസ്യ യോ യ ഏവാംശഃ

കായാഗ്നിനാവലീഢഃ പാകമുപനീയതേ തസ്യ തസ്യൈവ പ്രസാദാഖ്യാ രസാദിനിവൃത്തിസമനന്തരം സമം സമസ്തധാതുഷു സംവൃതാസംവൃതൈഃ പ്രവിസ്തതോ വിവൃതമുഖേഷ്വാസന്നേഷു സ്രോതസ്സു ഭൂയാൻ പ്രഥമതരം ചാപ്നോതി പശ്ചാദിതരേഷ്വപി । ഏവമന്നരസ ഏവ സാക്ഷാത്സൎവ്വധാതൂൻ കേനചിദേവ കാലഭേദേന പുഷ്ണാതി । ന പുനൎദ്ധാതവോ ധാത്വന്തരതാം സ്വപ്രതോപാപമർദ്ദേന പ്രതിപദ്യന്ത ഇതി ॥

സാ—മററു ചില ആചാൎയ്യന്മാർ പറയുന്നത് ഇങ്ങിനെയാണ്:—അന്നരസത്തിങ്കൽനിന്നുതന്നെയാണ് എല്ലാ ധാതുക്കളും ഉണ്ടാകുന്നതു; അല്ലാതെ ഒരു ധാതുവിൽനിന്നല്ലാ മറെറാരുധാതുവുണ്ടാകുന്നത്. എങ്ങിനെയെന്നാൽ—അന്നം ഭക്ഷിക്കപ്പെട്ട ഉടനെ അതു കണ്ഠനാളത്തിൽക്കൂടെ ഉരുണ്ട് മഹാനിമ്നമായ സ്ഥാനത്തേക്കിറങ്ങിയാൽ അതിൻെറ യാതൊരംശമാണോ കായാഗ്നിയാൽ പചിപ്പിക്കപ്പെടുന്നത് അതിൻെറ അതിസൂക്ഷ്മമായ പ്രസാദം എന്ന രസം രസാത്മനാ പരിണമിച്ച ഉടൻതന്നെ ഒരുമിച്ചു സൎവ്വ ധാതുക്കളിലും വ്യാപിക്കുന്നു. ആ രസം ആദ്യമായും അധികമായിട്ടും പ്രാപിക്കുന്നതു വിവൃതമുഖങ്ങളും അടുത്തുള്ളവയുമായ ധാതുസ്രോതസ്സുകളിലാണ്. സംവൃതമുഖങ്ങളും ദൂരവൎത്തികളുമായവയിൽ ചെല്ലുന്നതു ക്രമത്തിലും അല്പമായിട്ടു മാത്രവുമാകുന്നു. ഇപ്രകാരം, അന്നരസംതന്നെ സാക്ഷാത്തായിട്ട് (പരമ്പരയാ അല്ല) എല്ലാ ധാതുക്കളേയും അല്പം കാലഭേദത്തോടുകൂടി പോഷിപ്പിക്കുന്നു. അല്ലാതെ ധാതുക്കൾ സ്വപ്രതാപമൎദ്ദനത്താൽ ധാത്വന്തരങ്ങളായിത്തീരുകയല്ല ചെയ്യുന്നതു—എന്നാണിവരുടെ മതം.

അഗ്നിസ്തു ബലഭേദേന ചതുൎവ്വിധോ ഭവതി । സമോ വിഷമസ്തീക്ഷ്ണോ മന്ദശ്ച ।തത്ര സമോ യഃ സമ്യഗേവോപയുക്തമന്നം സമ്യക്പചതി । വിഷമോസമ്യഗപ്യുപയുക്തം പചതി സമ്യഗപി ന പചതി । തീക്ഷ്ണോസമ്യഗപ്യുപയുക്തമാശു പചതി । സ ഏവ വൎദ്ധമാനോത്യഗ്നിർഭവതി । മന്ദസ്തു സമ്യഗപ്യുപയുക്തമുദരഗൌരവാധ്മാനവിബന്ധാടോപാന്ത്രകൂജനമുഖശോഷവായുസ്തംഭാദീന്യാമലിങ്ഗാനി ദൎശയിത്വാ ചിരാൽ പചതി । ബാഹ്യേനാപി ച ജ്വാലാംഗാരാത്മകേനാഗ്നിനാ നൈകാകാരസ്സൎവ്വദാ പാകോ ഭവതി । കിമുതാന്തരാശ്രയേണോഷ്മാത്മനാ സമേനാപി । തസ്മാത്തം

പ്രമത്തോ രക്ഷേൽ । തത്ര പ്രവരേണ സാത്മ്യേന സമം യഥാസ്വമപരേണേതരാൻ ക്രമശഃ സാത്മ്യമാപാദ്യ പ്രവരേണ പരിപാലയേദ്ദോഷോപക്രമണീയോക്തേന ച വാതാദിസാധനേന ഗ്രഹണീരോഗവിഹിതൈശ്ചൗഷധവ്യായാമയോഗൈരിതി ॥

വ്യാ—അഗ്നിയാകട്ടെ അതിന്റെ ബലത്തിനുള്ള ഭേദംനിമിത്തം നാലുവിധത്തിൽ ഭവിക്കുന്നു. ഒന്ന് സമാഗ്നി, രണ്ടു വിഷമാഗ്നി, മൂന്നു തീക്ഷ്ണാഗ്നി, നാലു മന്ദാഗ്നി. അവയിൽ സമാഗ്നി അന്നരക്ഷ, മാത്രാശിതീയം മുതലായവയിൽ പറഞ്ഞപ്രകാരം വഴിപോലെ ഭക്ഷിക്കപ്പെട്ടതായ അന്നത്തെ വഴിപോലെ പചിക്കും. വിഷമാഗ്നി അങ്ങിനെയല്ലാത്ത അന്നത്തേയും പചിച്ചുവെന്നും, ചിലപ്പോൾ വഴിപോലെ ഉപയുക്തമായ അന്നത്തെക്കൂടി പചിച്ചില്ലെന്നും വരും. തീക്ഷ്ണാഗ്നി അസമ്യഗുപയുക്തമായ അന്നത്തേയും വേഗത്തിൽ പചിക്കും; അതുതന്നെ വർദ്ധിച്ചാൽ അത്യഗ്നിയായി ഭവിക്കുന്നു. മന്ദാഗ്നിയാകട്ടെ സമ്യഗുപയുക്തമായ അന്നത്തെക്കൂടി ചിരനേരംകൊണ്ടേ പചിക്കയുള്ളൂ. അതുതന്നെ ആധ്മാനം, മലബന്ധം, ആടോപം, ആന്ത്രകൂജനം, മുഖശോഷം, വായുസ്തംഭം മുതലായ ആമലക്ഷണങ്ങളെ കാണിച്ചേ പചിക്കയുമുള്ളൂ. ബാഹ്യമായിട്ടുള്ള ജ്വാലയും കനലുമുള്ള അഗ്നിയെക്കൊണ്ടുള്ള പാകംതന്നെ എല്ലായ്പോഴും ഒരേവിധത്തിലാകയില്ല. പിന്നെ ഉള്ളിൽ കേവലം ചൂടായിട്ടുള്ള അഗ്നി സമനായിരുന്നാലും അതുകൊണ്ടുള്ള പാകം സമമായിരിക്കുമോ? അതുകൊണ്ട് അഗ്നിയെ പ്രയത്നപ്പെട്ടു രക്ഷിക്കണം. മേൽപ്പറഞ്ഞ നാലുതരം അഗ്നികളിൽ സമാഗ്നിയെ പ്രവരം(ഉൽകൃഷ്ടം, സർവ്വരസാഭ്യാസം) ആയ സാത്മ്യത്തെ ശീലിച്ചും, മററുള്ള അഗ്നികളെ മററുള്ള സാത്മ്യത്തെ ശീലിച്ചു സമാവസ്ഥയിലേക്കു കൊണ്ടുവന്നു പിന്നെ പ്രവരമായ സാത്മ്യത്തെ ശീലിച്ചും രക്ഷിക്കണം. ദോഷോപക്രമണീയത്തിൽ പറയപ്പെട്ട വാതാദിസാധനമായ ചികിത്സയും, ഗ്രഹണിയിൽ പറഞ്ഞിട്ടുള്ള ഔഷധവ്യായാമാദികളും ചെയ്യുകയുമാം.

ഭവന്തി ചാത്ര—

സ്വധാതുസമവർണ്ണാനി വൃത്തസ്ഥൂലാന്യണൂനി ച
സ്രോതാംസി ദീർഘാണ്യാകൃത്യാ പ്രതാനസദൃശാനി ച
ആഹാരശ്ച വിഹാരശ്ച യഃ സ്യാദ്ദോഷഗുണൈസ്സമം
ധാതുഭിർവ്വിഗുണോ യശ്ച സ്രോതസാം സ പ്രദൂഷകഃ.
അതിപ്രവൃത്തിസ്സംഗോ വാ സിരാണാം ഗ്രന്ഥയോപി വാ

വിമാർഗ്ഗതോ വാ ഗമനം സ്രോതസാം ദുഷ്ടിലക്ഷണം
വിസാനാമിവ സൂക്ഷ്മാണി ദൂരം പ്രവിസൃതാനി ച
ദ്വാരാണി സ്രോതസാം ദേഹേ രസോ യൈരുപചീയതേ.

സാ—സ്രോതസ്സുകൾ ഏതു ധാതുവിന്റെ സ്രോതസ്സുകളാണോ ആ ധാതുവിനെപ്പോലെയുള്ള നിറമുള്ളവയായിരിക്കും. രക്തസ്രോതസ്സുകൾ രക്തവർണ്ണമായും മാംസസ്രോതസ്സുകൾ മാംസനിറമായും മറ്റുമിരിക്കുമെന്നർത്ഥം. ആകൃതികൊണ്ടു് ചിലതു സ്ഥൂലങ്ങളും ചിലതു വൃത്തങ്ങളും ചിലതു അണുക്കളും ചിലതു ദീർഘങ്ങളും ആയിരിക്കും. ലതാപ്രതാനങ്ങളോടു തുല്യവുമായിരിക്കും. യാതൊരു ആഹാരവും വിഹാരവും വാതാദിദോഷങ്ങളുടെ ഗുണങ്ങളോടു സമവും ധാതുക്കളുടെ ഗുണങ്ങൾക്കു വിപരീതമായ ഗുണത്തോടുകൂടിയതുമാണോ ആ ആഹാരവും വിഹാരവും സ്രോതസ്സുകളെ ദുഷിപ്പിക്കും. സ്രോതസ്സുകൾ ദുഷിച്ചാലത്തെ ലക്ഷണം സിരകളുടെ അതിപ്രവൃത്ത്യാദികളാകുന്നു. അതിവൃത്തി=സിരകൾ അധികമായി തോന്നുക. സംഗം=അടവു്. ഗ്രന്ഥികൾ=മുഴകൾ. വിമാർഗ്ഗഗമനം=വഴിതെറ്റി ഗമിക്കൽ. ദേഹത്തിങ്കലുള്ള സ്രോതസ്സുകളുടെ ദ്വാരങ്ങൾ താമരവളയദ്വാരംപോലെ സൂക്ഷ്മങ്ങളും സുദൂരം വ്യാപ്തങ്ങളും ആയിരിക്കും. അവയിൽക്കൂടെയാണ് ആഹാരരസം ഉപചയിക്കുക.

അനന്തരം അന്നസാരം സപ്തധാതുക്കളിൽ വ്യാപിക്കുവാൻ എത്ര സമയം വേണമെന്നു പറയുന്നു:—

കേചിദാഹുരഹോരാത്രാൽ ഷഡഹാദപരേ പരേ
മാസാൽ പ്രയാതി ശുക്ലത്വമന്നം പാകക്രമാദിഭിഃ.
വൃഷ്യാദീനി പ്രഭാവേണ സദ്യഃ ശുക്ലാദി കുർവ്വതേ
പ്രായഃ കരോത്യഹോരാത്രാൽ കർമ്മാന്യദപി ഭേഷജം.

സാ—അന്നത്തിന്റെ രസം ക്രമേണ എല്ലാധാതുക്കളിലും ചെന്നു് തത്തദ്ധാതുരൂപാത്മനാ പരിണമിക്കുമല്ലോ. ശുക്ലാത്മനാ പരിണമിക്കുന്നതാണ് അതിന്റെ പരമകാഷ്ഠ. ഈ ശുക്ലത്വപ്രാപ്തി ഒരഹോരാത്രംകൊണ്ടു സംഭവിക്കുമെന്നു ചിലരും, ആറുദിവസംകൊണ്ടെന്നു ചിലരും പറയുന്നു. മറ്റു ചിലർ അന്നം അതിന്റെ പാകക്രമാദിപരിപാടിപ്രകാരം ശുക്ലമായിത്തീരുവാൻ ഒരുമാസം വേണമെന്നു പറയുന്നു. ഇങ്ങിനെ മൂന്നു മതമുണ്ടു്. ഈ മൂന്നു മതത്തിലും ശുക്ലത്വപ്രാപ്തി അത്ര വെട്ടന്നു വരികയില്ലെന്നു വരുന്നുണ്ടല്ലോ. എന്നാൽ വൃഷ്യങ്ങൾ (ശുക്ലവർദ്ധനങ്ങൾ) ആയും മറ്റുമുള്ള ചിലവ വേഗത്തിൽതന്നെ ശുക്ലാദികളെ ഉണ്ടാക്കുന്നു

ണ്ടല്ലോ, അതെങ്ങിനെ എന്ന സംശയം. അത് അവയുടെ പ്രഭാവം കൊണ്ടാണ്. രസവീൎയ്യവിപാകങ്ങളെക്കൊണ്ടുള്ള കാൎയ്യകരണത്തിൽ മാത്രമേ പാകക്രമത്തിന്റെ അപേക്ഷയുള്ളു. പ്രഭാവം സൎവ്വാതിശായിയാകയാൽ അതിന്റെ മഹിമ അചിന്ത്യമെന്നൎത്ഥം. എന്നാൽ വൃഷ്യാദികളല്ലാതെകണ്ടുള്ള ഔഷധവും പ്രായേണ ഒരഹോരാത്രംകൊണ്ട് അതിന്റെ കൎമ്മത്തെ ചെയ്യുന്നുണ്ട്.

കഫഃ പിത്തം മലഃ ഖേഷു പ്രസ്വേദോ നഖരോമ ച
സ്നേഹോക്ഷിത്വഗ്വിശാമോജോ ധാതൂനാം ക്രമശോ മലാഃ
സമഃ സമാനേ സ്ഥാനസ്ഥേ വിഷമോഗ്നിൎവ്വിമാൎഗ്ഗഗേ
പിത്താഭിമൂൎച്ഛിതേ തീക്ഷ്ണോ മന്ദോസ്മിൻ കഫപീഡിതേ.
ശാന്തേഗ്നൗ മ്രിയതേ യുക്തേ ചിരം ജീവത്യനാമയഃ
രോഗീ സ്യാദ്വികൃതേ തസ്മാത്തം പ്രയത്നേന പാലയേൽ.

സാ—രസാദിധാതുക്കളുടെ മലങ്ങൾ ക്രമേണ കഫാദികളാകുന്നു. കഫം രസത്തിന്റേയും, പിത്തം രക്തത്തിന്റേയും, കൎണ്ണനാസാദിസ്രോതസ്സിലുള്ള മലം മാംസത്തിന്റേയും, സ്വേദം മേദസ്സിന്റേയും, നഖവും രോമവും അസ്ഥിയുടെയും, കണ്ണ് ത്വക്ക് മലം ഇവയിലെ സ്നേഹം മജ്ജയുടേയും, ഓജസ്സ് ശുക്ലത്തിന്റേയും മലമാകുന്നു. [ഈ സംഗതി മുമ്പു പറഞ്ഞതാകയാൽ ഇവിടെ പറഞ്ഞത് സംഗ്രഹശ്ലോകമായി പറഞ്ഞാൽ ശിഷ്യോപസ്ഥിതിക്കധികം നന്നെന്നുവെച്ചാണ്] സമാനവായു സ്വസ്ഥാനത്തു നിന്നാൽ അഗ്നി സമനായും, മാൎഗ്ഗവൈപരീത്യത്തെ പ്രാപിച്ചാൽ അഗ്നി വിഷമനായും, പിത്തമൂൎച്ഛിതമായാൽ തീക്ഷ്ണനായും, കഫപീഡിതമായാൽ മന്ദമായും ഭവിക്കും. സമാനവായുവാണ് അഗ്നിഭേദങ്ങളെ ഉണ്ടാക്കുന്നതെന്നു സാരം. അഗ്നി കെട്ടുപോയാൽ ആൾ മരിക്കും. അഗ്നി യുക്തമായിരുന്നാൽ ആരോഗ്യത്തോടുകൂടി വളരെക്കാലം ജീവിക്കും. അഗ്നി വികൃതമായാൽ രോഗിയായും ഭവിക്കും. ആകയാൽ അഗ്നിയെ പണിപ്പെട്ടു രക്ഷിക്കേണ്ടതാകുന്നു.

ഇത്യഷ്ടാംഗസംഗ്രഹേ ശാരീരസ്ഥാനേ

ഷഷ്ഠോദ്ധ്യായഃ

സമാപ്തഃ.

# സപ്തമോദ്ധ്യായഃ.

അഥാതോ മൎമ്മവിഭാഗം നാമാദ്ധ്യായം വ്യാഖ്യാസ്യാമഃ । ഇതി ഹ സ്മാഹുരാത്രേയാദയോ മഹൎഷയഃ ॥

സാ—ഇനി മൎമ്മവിഭാഗമെന്നു പേരായ അദ്ധ്യായത്തെ പറവാൻ പോകുന്നു. ആത്രേയാദികളായ മഹൎഷിമാർ ഇങ്ങിനെ പറഞ്ഞു. സ്പഷ്ടം.

സപ്തോത്തരം മൎമ്മശതമ് । തത്ര ചതുശ്ചത്വാരിംശച്ഛാഖാസു । ഷഡ്വിംശതിരന്തരാധൌ । സപ്തത്രിംശദൂൎദ്ധ്വമ് ॥

സാ—ഒരാളുടെ ദേഹത്തിൽ ആകെ നൂറ്റേഴു മൎമ്മങ്ങളുണ്ടു്. അവയിൽ നാല്പത്തുനാലു മൎമ്മങ്ങൾ നാലു ശാഖകളിൽ (ഓരോന്നിൽ പതിനൊന്നുവീതം) ആകുന്നു. അന്തരാധിയിങ്കൽ ഇരുപത്താറു മൎമ്മങ്ങൾ. ഊൎദ്ധ്വാംഗത്തിൽ മുപ്പത്തേഴു മൎമ്മങ്ങളും ഉണ്ടു്. ഈ മൎമ്മങ്ങളെ ഇനി സവിഭാഗം പറയുന്നു.

അത്രൈകസ്മിൻ സക്ഥ്നി മദ്ധ്യമാംഗുലിമഭിതോ മദ്ധ്യേ പാദതലസ്യ തലഹൃദയം നാമ മൎമ്മ, തത്ര വിദ്ധസ്യ രുജയാ മരണമ് । അംഗുഷ്ഠാംഗുല്യോൎമ്മദ്ധ്യേ ക്ഷിപ്രം, തത്രാക്ഷേപകേന മരണമ് । ക്ഷിപ്രസ്യോപരി ദ്വ്യംഗുല ഉഭയതഃ കൂൎച്ചഃ, തത്ര പാദസ്യ ഭ്രമണവേപനേ ഭവതഃ । ഗുല്ഫസന്ധേരധഃ കൂൎച്ചശിരഃ, തത്ര രുജാശോഫൌ । പാദജംഘയോസ്സന്ധാനേ ഗുല്ഫഃ, തത്ര രുക് സ്തബ്ധസക്ഥിതാ ഷണ്ഡതാ വാ । പാൎഷ്ണിപ്രഭൃതിദശഭിരംഗുലൈൎജ്ജംഘാമദ്ധ്യേ ഇന്ദ്രവസ്തിഃ, തത്ര ശോണിതക്ഷയാന്മരണമ് । ജംഘോൎവ്വോസ്സംഗമേ ജാനു, തത്ര ഖഞ്ജതാ ॥

സാ—ഒരു കാലിന്മേൽ ഉള്ള മൎമ്മങ്ങളെ വിഭാഗിക്കുന്നു. അത്രേതി—കാലിന്റെ അടിയുടെ മദ്ധ്യത്തിൽ നടുവിരലിന്നഭിമുഖമായി തലഹൃദയം എന്ന മൎമ്മം ഭവിക്കുന്നു. ആ മൎമ്മത്തിൽ മുറിഞ്ഞാൽ വേദന സഹിക്കാൻപാടില്ലാതെ മരണം വരും. പെരുവിരലിന്റെയും ചൂണ്ടാണിവിരലിന്റേയും മദ്ധ്യത്തിൽ ക്ഷിപ്രമെന്ന മൎമ്മം. അതിൽ മുറിഞ്ഞാൽ ആക്ഷേപകമെന്ന വാതരോഗം പിടിപെട്ടു മരിക്കും. ക്ഷിപ്രമൎമ്മത്തിന്റെ രണ്ടംഗുലം മുകളിൽ രണ്ടുഭാഗത്തുമായിട്ടു (അതായതു കാലിന്റെ പുറംമുതൽ അകംവരെ) കൂൎച്ചമെന്ന മൎമ്മം. അതിൽ മുറിഞ്ഞാൽ കാലിന്നു ഭ്രമണവും വിറയലും ഉണ്ടാകും. ഗുല്ഫസന്ധി (നെരിയാണിക്കുടെ കെണിപ്പു്)യുടെ അടിയിൽ കൂൎച്ചശിരസ്സ് എന്ന മൎമ്മം. അതു മുറിഞ്ഞാൽ

വേദനയും നീരുമുണ്ടാകും. കാലടിയുടെയും കണംകാലിന്റേയും സന്ധിയിങ്കൽ ഗുല്ഫം എന്ന മർമ്മം. അവിടെ മുറിഞ്ഞാൽ വേദനയും പാദസ്തംഭവും ഭവിക്കയോ ഷണ്ഡത (സ്ത്രീഗമനത്തിന്ന യോഗ്യതയില്ലായ്മ) ഭവിക്കയോ ചെയ്യും. പാർഷ്ണിയിൽ (മടമ്പിൽ)നിന്ന തുടങ്ങി പന്ത്രണ്ടംഗുലം മേലെ സ്ഥലത്ത് ഇന്ദ്രവസ്തി എന്ന മർമ്മം. അവിടെ മുറിഞ്ഞാൽ രക്തം വാർന്ന ഇല്ലാതെയായി മരിക്കും. കണംകാലിന്റേയും തുടയുടെയും സന്ധിയിൽ ജാനു എന്ന മർമ്മം. അവിടെ മുറിഞ്ഞാൽ കാൽ മുടന്തനായി ഭവിക്കും.

ജാനുനസ്ത്ര്യംഗുലാദൂർദ്ധ്വമുഭയത ആണിഃ। തത്ര ശോഫാഭിവൃദ്ധിഃ സ്തബ്ധസക്ഥിതാ ച। ഊരുമദ്ധ്യേ ഉർവ്വീ। തത്ര രക്തക്ഷയാൽ സക്ഥിശോഷഃ। ഉർവ്വ്യാസ്തൂർദ്ധ്വമധോ വംക്ഷണസന്ധേരുരുമൂലേ ലോഹിതാക്ഷമ്। തത്ര രക്തക്ഷയാൽ പക്ഷാഘാതഃ। വംക്ഷണവൃഷണമദ്ധ്യേ വിടപമ്। തത്ര ഷാണ്ഡ്യമല്പശുക്രതാ വാ। സക്ഥിവൽ ബാഹ്വോഃ। വിശേഷതസ്തു ഗുല്ഫോ മണിബന്ധസ്ഥാ ജാനു കൂർപ്പരമ്। തയോർവ്വ്യധേ കുണിതാ। വിടപവച്ച കക്ഷാവക്ഷമദ്ധ്യേ കക്ഷാധരഃ। തത്ര കുണിത്വമ്॥

സാ—ജാനുവിൽ മുട്ടിന്റെ മൂന്നംഗുലം മുകളിൽ ആണി എന്ന മർമ്മം. ഇത് ഊർദ്ധ്വാധോഭാഗങ്ങളിൽ (ഉഭയതഃ) ഭവിക്കുന്നു. അതു മുറിഞ്ഞാൽ നീര് അധികമാകയും കാൽ സ്തംഭിക്കുകയും ചെയ്യും. തുടയുടെ മദ്ധ്യത്തിൽ ഉർവ്വീ എന്ന മർമ്മം ഭവിക്കുന്നു. അതിങ്കൽ മുറിഞ്ഞാൽ രക്തം വാർന്നുപോയി കാലിന്ന ശോഷം (മെലിച്ചിൽ) ഭവിക്കും. ഉർവ്വീമർമ്മത്തിന്റെ മുകളിലും വംക്ഷണസന്ധി (ഒടിക്കെട്ട്) യുടെ താഴേയുമായി തുടയുടെ മൂലത്തിൽ ലോഹിതാക്ഷമെന്ന മർമ്മം ഭവിക്കുന്നു. അതിങ്കൽ മുറിഞ്ഞാൽ രക്തം ക്ഷയിച്ചു പക്ഷാഘാതരോഗം ഭവിക്കും. വംക്ഷണത്തിന്റെയും വൃഷണത്തിന്റെയും മദ്ധ്യത്തിങ്കൽ വിടപമെന്ന മർമ്മം ഭവിക്കുന്നു. അതിങ്കൽ മുറിഞ്ഞാൽ ഷണ്ഡതയോ ശുക്ലത്തിന്ന് അല്പതയോ ഭവിക്കും. ഇപ്രകാരം തലഹൃദയം, ക്ഷിപ്രം, കൂർച്ചം, കൂർച്ചശിരസ്സ്, ഗുല്ഫം, ഇന്ദ്രവസ്തി, ജാനു, ആണി, ഉർവ്വീ, ലോഹിതാക്ഷം, വിടപം എന്ന പതിനൊന്ന മർമ്മങ്ങൾ ഒരു കാലിന്മേൽ ഉണ്ട്. അതുപോലെ മറേറ കാലിലും. കാലിന്മേലെന്നപോലെതന്നെ കൈകളിലും മർമ്മങ്ങളെ കണ്ടുകൊൾക. എന്നാൽ ചില പേരുകൾക്കു ഭേദമുണ്ട്. കാലിന്മേലെ ഗുല്ഫം (നെരിയാണി) കയ്യിന്മേൽ മണിബന്ധവും, ജാനു (കാൽമുട്ട്) കൂർച്ച (കൈമു

ട്ടു") വും ആകുന്നു. അവയുടെ വൈധംകൊണ്ടു കുണിതാ (കൈമുടന്തൽ) ഭവിക്കും. വിടപമർമ്മത്തിന്റെ സ്ഥാനത്ത് കയ്യിന്മേൽ കക്ഷാധരം എന്ന മർമ്മമാണ്. അതു കക്ഷാക്ഷമദ്ധ്യത്തിങ്കലാണ്. അതു മുറിഞ്ഞാലും കുണിതപക്ഷം തന്നെ. [ഇങ്ങിനെ ഓരോ ശാഖയിൽ പതിനൊന്നുവീതം നാലു ശാഖയിലുംകൂടി ആകെ മർമ്മങ്ങൾ നാല്പത്തിനാല്.]

വാതവർച്ചോനിരസനഃ സ്ഥൂലാന്ത്രപ്രതിബദ്ധോ ഗുദഃ। തത്ര സദ്യോമരണം। അല്പമാംസശോണിതോഽഭ്യന്തരതഃ കട്യാം ധനുർവ്വക്ര ഏകദ്വാരോഽധോമുഖോ വസ്തിഃ। തത്രാപി സദ്യോമരണമശ്മരീവ്രണാദൃതേ। തത്രാപ്യുഭയതോ വിദ്ധേ ന ജീവതി। ഏകതോഭിന്നേ മൂത്രസ്രാവീ വ്രണോ ഭവതി। സ തു യത്നേനോപക്രാന്തോ രോഹതി। പക്വാമാശയമദ്ധ്യേ നാഭിഃ തത്രാപി സദ്യോമരണം॥

സാ—അന്തരാധിയിലുള്ള ഇരുപത്തുനാലു മർമ്മങ്ങളെ വിഭാഗിക്കുന്നു. വാതേതി—സ്ഥൂലാന്ത്രത്തോടു ഘടിപ്പിക്കപ്പെട്ടതും വായു മലം എന്നിവയെ വിസർജ്ജിക്കുക എന്ന കർമ്മത്തോടുകൂടിയതുമായിട്ടു ഗുദമെന്ന മർമ്മം ഭവിക്കുന്നു. അതിങ്കൽ മുറിഞ്ഞാൽ സദ്യോമരണം (പെട്ടന്നു മരണം) ഭവിക്കും. കടിയുടെ മദ്ധ്യത്തിലായിട്ടും വില്ലുപോലെ പുറത്തേക്കു വളഞ്ഞതായിട്ടു മാംസരക്തങ്ങൾ കുറഞ്ഞതായിട്ടും വസ്തി എന്ന മർമ്മം ഭവിക്കുന്നു. അതു മുറിഞ്ഞാലും സദ്യോമരണംതന്നെ ഭവിക്കും. എന്നാൽ അശ്മരീരോഗത്തിങ്കലുള്ള വ്രണമുണ്ടായാൽ മുറിച്ചാലും മരണം ഭവിക്കയില്ല. എന്നാൽ അശ്മരീവ്രണമുണ്ടായിട്ടായാലും രണ്ടുഭാഗത്തും മുറിച്ചാൽ മരിക്കുകതന്നെ ചെയ്യും. ഒരു ഭാഗത്തുമാത്രമേ മുറിഞ്ഞുള്ളു എങ്കിലും സദാ മൂത്രമൊലിച്ചുംകൊണ്ടിരിക്കുന്ന വ്രണമുണ്ടാകും. ആ വ്രണം വളരെ മനസ്സിരുത്തി ചികിത്സിച്ചാൽ ഉണങ്ങുകയും ചെയ്യും. പക്വാശയത്തിന്റേയും ആമാശയത്തിന്റേയും മദ്ധ്യത്തിങ്കൽ നാഭി എന്ന മർമ്മം സ്ഥിതിചെയ്യുന്നു. അവിടെ മുറിഞ്ഞാലും സദ്യോമരണം ഭവിക്കും.

കോഷ്ഠവക്ഷസോഃ സ്തനയോശ്ച മദ്ധ്യേ സത്വരജസ്തമോധിഷ്ഠാനമാമാശയദ്വാരം ഹൃദയം, തത്രാപി സദ്യോമരണം। സ്തനയോരധസ്താൽ ദ്വ്യംഗുലമുഭയതഃ സ്തനമൂലേ തയോഃ കഫപൂർണ്ണകോഷ്ഠസ്യ മരണം। സ്തനചൂചുകയോരൂർദ്ധ്വം ദ്വ്യംഗുലമുഭയതഃ സ്തനരോഹിതേ। തയോഃ ശോണിതപൂർണ്ണകോഷ്ഠസ്യ മരണം। ഉഭയത്രോരസോന്നാഡ്യൌ വാതവഹേ അപസ്തംഭൌ, തയോഃ ശോണിതപൂർണ്ണകോഷ്ഠതയാ മരണം। അംസകൂടയോരധഃ പാർശ്വയോ

ശ്വോപരിഭാഗയോരപലാപൌ തയോഃ പൂയത്വമാപന്നേന രക്തേന മരണമ് ॥

സാ—കോഷ്ഠം, വക്ഷസ്സ്, സ്തനങ്ങൾ എന്നിവയുടെ മദ്ധ്യത്തിൽ സത്വരജസ്തമോഗുണങ്ങൾക്കധിഷ്ഠാനവും ആമാശയത്തിന്റെ ദ്വാരവുമായിട്ട് ഹൃദയമെന്ന മർമ്മം ഭവിക്കുന്നു. അവിടെയും മുറിഞ്ഞാൽ സദ്യോമരണം ഭവിക്കും. സ്തനങ്ങളുടെ ചുവടെ രണ്ടംഗുലം വിട്ടു സ്തനമൂലങ്ങൾ എന്ന രണ്ടു മർമ്മങ്ങൾ ഇരിക്കുന്നു. അവയിൽ മുറിഞ്ഞാൽ കോഷ്ഠത്തിൽ കഫം നിറഞ്ഞ് മരണം ഭവിക്കും. മുലക്കണ്ണുകളുടെ ഊർദ്ധ്വഭാഗങ്ങളിൽ രണ്ടുവിരൽ വിട്ടു സ്തനരോഹിതങ്ങളെന്നു പേരായ രണ്ടു മർമ്മങ്ങൾ ഭവിക്കുന്നു. അവയിൽ മുറിഞ്ഞാൽ കോഷ്ഠത്തിൽ രക്തം നിറഞ്ഞു മരിച്ചുപോകും. മാറിന്റെ ഇരുപുറങ്ങളിലും വാതത്തെ വഹിക്കുന്നവയായിട്ട് അപസ്തംഭങ്ങൾ എന്നു പേരായിട്ടു രണ്ടു മർമ്മങ്ങൾ ഉണ്ട്. അവയിൽ മുറിഞ്ഞാൽ രക്തം കോഷ്ഠത്തിങ്കൽ നിറയുകയും കാസശ്വാസങ്ങളുണ്ടാകയും ചെയ്തു മരണം ഭവിക്കും. അംസകൂടങ്ങളുടെ (ചുമൽക്കെട്ടുകളുടെ) അധോഭാഗങ്ങളിൽ പാർശ്വോപരിഭാഗത്തായി അപലാപങ്ങൾ എന്ന രണ്ടു മർമ്മങ്ങളുണ്ട്. അവയിൽ മുറിഞ്ഞാൽ രക്തം ചലമായിത്തീർന്ന് വേഗത്തിൽ മരണംഭവിക്കും.

പൃഷ്ഠവംശമുഭയതഃ പ്രതിശ്രോണികർണ്ണാവസ്ഥിതേ കടീകതരുണേ । തയോഃ ശോണിതക്ഷയാൽ പാണ്ഡുർവിവർണ്ണോ ഹീനരൂപോ മ്രിയതേ । പാർശ്വയോർജ്ജഘനബഹിർഭാഗേ പൃഷ്ഠവംശമുഭയതഃ കുകുന്ദരൌ । തയോഃ സ്പർശാജ്ഞാനമധഃകായേ ചേഷ്ടാനാശശ്ച । ശ്രോണീകർണ്ണയോരുപര്യ്യാശയച്ഛാദനൌ പാർശ്വാന്തരപ്രതിബദ്ധൌ നിതംബൌ । തയോരധഃകായശോഫോ ദൌർബ്ബല്യം മരണഞ്ച । അധഃപാർശ്വാന്തരപ്രതിബദ്ധൌ ജഘനപാർശ്വമദ്ധ്യേ തിര്യ്യഗൂർദ്ധ്വഞ്ച പാർശ്വസന്ധീ । തയോഃ ശോണിതപൂർണ്ണകോഷ്ഠതയാ മരണമ് ॥

സാ—പൃഷ്ഠവംശ (തണ്ടെല്ല്) ത്തിന്റെ ഇരുപുറങ്ങളിലും അരക്കെട്ടിന്റെ കർണ്ണങ്ങളിലേക്കഭിമുഖമായി കടീകതരുണങ്ങൾ എന്നു പേരായ രണ്ടു മർമ്മങ്ങളുണ്ട്. അവയിൽ മുറിഞ്ഞാൽ രക്തം വാർന്നു വിളർത്തു നിറംകെട്ടു കണ്ടാൽ വിരൂപനായിത്തീർന്നു മരണംപ്രാപിക്കും. രണ്ടു പാർശ്വങ്ങളിലും ജഘനത്തിന്റെ പുറത്തും തണ്ടെല്ലിന്റെ ഇരുപുറങ്ങളിലുമായിട്ട് കുകുന്ദരങ്ങൾ എന്നു രണ്ടു മർമ്മങ്ങൾ ഉണ്ട്. അവയിൽ മുറി

ഞ്ഞാൽ അധശ്ശരീരത്തിൽ തൊട്ടാലറിയാതെയാകയും എള്ളുകവാൻ വയ്യാതാകയും ചെയ്യും. പാൎശ്വങ്ങളിൽ ശ്രോണീകൎണ്ണങ്ങളുടെ ഉപരിഭാഗത്തിൽ പക്വാശയത്തെ മറച്ചുകൊണ്ടും പാൎശ്വാന്തരത്തിൽ കെട്ടപ്പെട്ടുകൊണ്ടും നിതംബങ്ങൾ എന്ന പേരായ രണ്ടു മൎമ്മങ്ങൾ ഭവിക്കുന്നു. അവ മുറിഞ്ഞാൽ അധശ്ശരീരത്തിങ്കൽ ശോഫദൌൎബ്ബല്യങ്ങളും മരണവും ഭവിക്കും. പാൎശ്വാന്തരങ്ങളുടെ അധോഭാഗത്തിൽ പ്രതിബദ്ധങ്ങളായിട്ട് ജഘനപാൎശ്വങ്ങളുടെ മദ്ധ്യത്തിങ്കൽ (എടത്തേ പാൎശ്വത്തിന്റെ അധോഭാഗത്തിലും വലത്തേതിന്റെ അധോഭാഗത്തിലും ഘടിപ്പിക്കപ്പെട്ടിട്ട്) വിലഗ്നത്തിലും മേൽപ്പോട്ടുമായിട്ട് പാൎശ്വസന്ധികൾ എന്ന രണ്ടു മൎമ്മങ്ങൾ ഉണ്ട്. അവ മുറിഞ്ഞാൽ കോഷ്ഠത്തിങ്കൽ രക്തം നിറഞ്ഞു മരിച്ചുപോകും.

സ്തനമൂലയോരാൎജ്ജവേനോഭയതഃ പൃഷ്ഠവംശം ബൃഹത്യൌ । തയോഃ ശോണിതാതിപ്രവൃത്തിനിമിത്തൈരുപദ്രവൈൎമ്മരണം । പൃഷ്ഠവംശമുഭയതോ ബാഹുമൂലസംബദ്ധേ അംസഫലകേ । തയോൎബ്ബാഹുസ്വാപശോഷൌ । ഗ്രീവാബാഹുശിരസോൎമ്മദ്ധ്യേംസപീഠസ്കന്ധബന്ധനാവംസൌ । തയോഃ സ്തബ്ധബാഹുതാ ॥

സാ—സ്തനമൂലങ്ങളെന്ന മൎമ്മങ്ങളുടെ നേരെ തണ്ടെല്ലിന്റെ ഇരുപുറങ്ങളിലും ബൃഹതികൾ എന്ന രണ്ടു മൎമ്മങ്ങളുണ്ട്. അവയിൽ മുറിഞ്ഞാൽ അതിയായ രക്തസ്രാവത്താലുണ്ടാകുന്ന ഉപദ്രവങ്ങളാൽ മരണം വരും. തണ്ടെല്ലിന്റെ ഇരുപുറങ്ങളിലും ബാഹുമൂലത്തോടു സംബന്ധിച്ച് അംസഫലകങ്ങൾ (കയ്യലകകൾ) എന്ന രണ്ടു മൎമ്മങ്ങളുണ്ട്. അവ മുറിഞ്ഞാൽ കൈകൾക്കു തരിപ്പും മെലിച്ചിലും ഭവിക്കും. ചുമല്, കയ്യലക ഇവയുടെ മദ്ധ്യത്തിൽ അംസപീഠങ്ങളേയും സ്കന്ധങ്ങളേയും ബന്ധിക്കുന്നവയായി അംസങ്ങൾ എന്ന രണ്ടു മൎമ്മങ്ങളുണ്ട്. അവ മുറിഞ്ഞാൽ ബാഹുസ്തംഭം ഭവിക്കും. ഇങ്ങിനെ ഗുദം, വസ്തി, നാഭി, ഹൃദയം, സ്തനമൂലങ്ങൾ രണ്ട്, സ്തനരോഹിതങ്ങൾ രണ്ട്, അപസ്തംഭങ്ങൾ രണ്ട്, അപാലാപങ്ങൾ രണ്ട്, കടീകതരുണങ്ങൾ രണ്ട്, കുകുന്ദരങ്ങൾ രണ്ട്, നിതംബങ്ങൾ രണ്ട്, പാൎശ്വസന്ധികൾ രണ്ട്, ബൃഹതികൾ രണ്ട്, അംസഫലകങ്ങൾ രണ്ട്, അംസങ്ങൾ രണ്ട് എന്നിപ്രകാരം ഇരുപത്താറു മൎമ്മങ്ങൾ അന്തരാധിയിലുള്ളവ വിവരിക്കപ്പെട്ടു.

കണ്ഠനാഡീമുഭയതശ്ചതസ്രോ ധമന്യഃ । താസാം ദ്വേ നീലേ ദ്വേ മന്യേ । താസു മൂകതാ സ്വരവൈകൃത്യം രസാഗ്രാഹിതാ വാ

ഭവതി। ഗ്രീവായാമുഭയതഃ പൃഥക് ചതസ്രഃ സിരാ മാതൃകാസ്താസു സദ്യോമരണം। ശിരോഗ്രീവയോസ്സന്ധാനേ കൃകാടികേ, തയോശ്ചലമൂർദ്ധതാ। കർണ്ണപൃഷ്ഠയോരധഃസംശ്രിതേ വിധുരേ, തയോർബ്ബാധിര്യം। ഘ്രാണമാർഗ്ഗമുഭയതഃ ശ്രോത്രമാർഗ്ഗപ്രതിബദ്ധാവഭ്യന്തരതഃ ഫണൌ। തയോർഗ്ഗന്ധാജ്ഞാനം। ഭ്രുവോഃ പുച്ഛാന്തരയോരധോക്ഷ്ണോർബ്ബാഹ്യതോപാംഗൌ തയോരാന്ധ്യം। ഭ്രുവോഃ പുച്ഛാന്തയോരുപര്യന്തകർണ്ണം ലലാടേ ശംഖൌ। തയോസ്സദ്യോമരണം। ഭ്രുവോരുപരി നിമ്നയോരാവർത്തൌ। തയോരാന്ധ്യം ദൃഷ്ട്യുപഘാതോ വാ ॥

സാ—ഊർദ്ധ്വഭാഗത്തിങ്കലുള്ള മർമ്മങ്ങളെ ഭാഗിക്കുന്നു:—കണ്ഠനാളത്തിന്റെ ഇരുപുറങ്ങളിലുമായിട്ടു നാലു ധമനികൾ മർമ്മങ്ങളാകുന്നു. അവയിൽ ഒന്നു നീല എന്നും മറ്റൊന്നു മന്യ എന്നും പറയപ്പെടുന്നു (ഇവ രണ്ടുഭാഗങ്ങളിലുമുണ്ട്). അവയിൽ മുറിവുപറ്റിയാൽ മിണ്ടാൻ വയ്യായ്മയോ ഒച്ചക്കു വികാരമോ രസമറിയായ്മയോ ഭവിക്കും. ഗ്രീവ (കഴുത്ത്) യുടെ ഓരോ പാർശ്വത്തിങ്കലും മാതൃകകൾ എന്നു പേരായി നന്നാലു സിരകളുണ്ട്. അങ്ങിനെ ഗ്രീവയിൽ എട്ടു മർമ്മങ്ങൾ ഭവിക്കുന്നു. അവയിൽ മുറിഞ്ഞാൽ വെട്ടെന്നു മരണം ഭവിക്കും. തലയും കഴുത്തുംകൂടിച്ചേരുന്ന സന്ധിയിൽ കഴുത്തിന്റെ ഇരുഭാഗങ്ങളിലുമായി കൃകാടികകളെന്നു പേരായ രണ്ടു മർമ്മങ്ങളുണ്ട്. അവയിൽ മുറിഞ്ഞാൽ ശിരസ്സ് ഇളകിക്കൊണ്ടിരിക്കും. ഓരോ കർണ്ണങ്ങളുടെ ചുവട്ടിൽ വിധുരകൾ എന്നു രണ്ടു മർമ്മങ്ങൾ. അവ മുറിഞ്ഞാൽ ചെവികേൾക്കാതെകണ്ടാകും. മൂക്കിന്റെ രണ്ടു ദ്വാരങ്ങൾക്കു നേരെ ഉള്ളിൽ രണ്ടു ഭാഗങ്ങളിലും ഘടിപ്പിക്കപ്പെട്ടവയായിട്ട് ഫണങ്ങൾ എന്നു പേരായി രണ്ടു മർമ്മങ്ങളുണ്ട്. അവ മുറിഞ്ഞാൽ ഗന്ധം അറിയാതെകണ്ടാകും. പുരികങ്ങളുടെ പുച്ഛത്തിന്റെ ചുവട്ടിലായിട്ടു കണ്ണുകളുടെ മുകളിൽ അപാംഗങ്ങൾ എന്നു പേരായി രണ്ടു മർമ്മങ്ങൾ ഉണ്ടു. അവയിൽ മുറിഞ്ഞാൽ കണ്ണുകൾ കാണാതെയാകും. അതുപോലെതന്നെ പുരികങ്ങളുടെ പുച്ഛാന്തങ്ങൾക്കു മുകളിൽ നെററിമേൽ കർണ്ണങ്ങളിലേക്കഭിമുഖങ്ങളായിട്ടു ശംഖങ്ങൾ എന്നു പേരായി രണ്ടു മർമ്മങ്ങളുണ്ട്. അവ മുറിഞ്ഞാൽ സദ്യോമരണം ഭവിക്കും. പുരികങ്ങളുടെ മുകളിലുള്ള നിമ്നപ്രദേശങ്ങളിൽ ആവർത്തങ്ങളെന്നു രണ്ടു മർമ്മങ്ങളുണ്ട്. അവ മുറിഞ്ഞാൽ കണ്ണുകൾ കാണാതാകയോ കണ്ണുകൾക്കു കേടുവരികയോ ചെയ്യും.

ശംഖയോരുപരി കേശാന്ത ഉൽക്ഷേപൌ । തയോഃ സശല്യഃ പാകാൽ പതിതശല്യോ വാ ജീവേന്നോദ്ധൃതശല്യഃ । ഭ്രുവോർമ്മദ്ധ്യേ സ്ഥപനീ । തത്രോൽക്ഷേപവൽ । പഞ്ചസന്ധയഃ ശിരസി തിഷ്ഠ ഗ്ദ്ധ്ചഞ്ച സീമന്താ നാമ । തേഷൂന്മാദഭ്രമചിത്തനാശൈർമ്മരണമ് । ജിഹ്വാനാസാക്ഷിശ്രോത്രതർപ്പണീനാം സിരാണാം താലുനി സന്നിപാതഃ । താസാം മുഖാനി ചത്വാരി ശൃംഗാടകസംജ്ഞാനി തേഷു സദ്യോമരണം । മസ്തകാഭ്യന്തര ഉപരിഷ്ടാത്സിരാസന്ധിസന്നിപാതോ രോമാവർത്തസ്സ്യാധിപതിർന്നാമ । തത്രാപി സദ്യോമരണം ഭവതീതി ॥

സാ—ശംഖമർമ്മങ്ങളുടെ മുകളിൽ തലമുടിവന്നവസാനിക്കുന്നേടിക്കിൽ ഇരുപുറങ്ങളിലുമായി ഉൽക്ഷേപങ്ങളെന്ന രണ്ടു മർമ്മങ്ങൾ ഉണ്ട്. അവയിൽ മുറിഞ്ഞാൽ മുറിവാൻ കാരണമായ ശല്യം ഉള്ളിലിരിക്കുമ്പോൾ ജീവിക്കും. താനേ പഴുത്തു ശല്യം പോന്നാലും ജീവിക്കും. ശല്യം ഉദ്ധരിച്ചാലാകട്ടേ മരിക്കും. പുരികങ്ങളുടെ മദ്ധ്യത്തിൽ സ്ഥപനീ എന്ന മർമ്മം ഭവിക്കുന്നു. അവിടെ മുറിഞ്ഞാലും ഉൽക്ഷേപങ്ങളിലെപ്പോലെതന്നെ (സശല്യനോ പതിതശല്യനോ ആയാൽ ജീവിക്കയും ശല്യംഎടുത്താൽ മരിക്കയും ചെയ്യുമെന്നർത്ഥം). ശിരസ്സിങ്കൽ തലയോടുകളുടെ സന്ധികളായിട്ട് വിലങ്ങനേയും മേൽപ്പോട്ടുമായി സീമന്തങ്ങളെന്ന പേരായി അഞ്ചു മർമ്മങ്ങളുണ്ട്. [ഇവയിൽ രണ്ടെണ്ണം ലലാടപാർശ്വങ്ങളിലും രണ്ട് എണ്ണം കൃകാടികാപാർശ്വങ്ങളിലും ഒന്ന് അവയുടെ മുകളിലുമാകുന്നു] അവയിൽ മുറിഞ്ഞാൽ ഉന്മാദം, ഭ്രമം, ചിത്തനാശം ഇവയുണ്ടായി മരിക്കും. നാവ്, മൂക്ക്, കണ്ണ്, ചെവി ഇവയെ തർപ്പണംചെയ്യുന്നവയായ സിരകൾ താലു (അണ്ണാക്ക്) വിങ്കൽ ഒന്നിച്ചു ചേരുന്നു. അവ കെട്ടിപ്പിണഞ്ഞു കിടക്കുന്നവയാണെങ്കിലും അവക്കു നാലു മുഖങ്ങളുണ്ട്. അതുകൾക്കു ശൃംഗാടകങ്ങളെന്നാണ് പേർ. അവയിൽ മുറിഞ്ഞാൽ സദ്യോമരണംഭവിക്കും. തലയുടെ ഉള്ളിൽ ഒത്തനിറുകയിൽ തലയിലുള്ള സർവ്വസിരാസന്ധികളും ഒത്തുചേരുന്ന സ്ഥലത്തു രോമാവർത്തമെന്നും അധിപതിഎന്നും പേരുള്ള ഒരു മർമ്മമുണ്ട്. അവിടെ മുറിഞ്ഞാലും സദ്യോമരണംഭവിക്കും. ഇങ്ങിനെ നീലകൾ രണ്ട്, മന്യകൾ രണ്ട്, മാതൃകകൾ എട്ട്, കൃകാടികകൾ രണ്ട്, വിധുരകൾ രണ്ട്, ഫണങ്ങൾ രണ്ട്, അപാംഗങ്ങൾ രണ്ട്, ശംഖങ്ങൾ രണ്ട്, ആവർത്തങ്ങൾ രണ്ട്, ഉൽക്ഷേപങ്ങൾ രണ്ട്, സ്ഥപനി ഒന്ന്, സീമന്തങ്ങൾ

അഞ്ച്, ശൃംഗാടകങ്ങൾ നാല്, അവത്താ അഥവാ അധിപതി ഒന്ന്,—എന്നിപ്രകാരം ഊർദ്ധ്വാംഗത്തിങ്കലുള്ള മുപ്പത്തേഴ് മർമ്മങ്ങൾ വിവരിക്കപ്പെട്ടു.

ഇങ്ങിനെ മർമ്മങ്ങളുടെ ഭേദം സ്ഥാനവും അറിഞ്ഞതിന്നുശേഷം ലക്ഷണം അറിവാനായി പറയുന്നു:—

സാമാന്യലക്ഷണം പുനർമ്മർമ്മണാം പീഡിതേ രുജോൽപത്തിർവ്വിഷമഞ്ച സ്പന്ദനമ് । സാമാന്യേനൈവ ച.

ദേഹപ്രസുപ്തിർഗ്ഗുരുതാ സംമോഹശ്ശീതകാമിതാ
സ്വേദോ മൂർച്ഛാ വമിഃ ശ്വാസോ മർമ്മവിദ്ധസ്യ ലക്ഷണം.

അപി ച—മരണകാരിത്വാന്മർമ്മ । തൽപുനർമ്മാംസസിരാസ്നാവാസ്ഥിസന്ധിസന്നിപാതഃ । തേന തസ്മിൻ പീഡ്യമാനേ വിശേഷതഃ പ്രാണാബാധഃ । ബാഹുല്യേന തു നിർദ്ദേശഃ । തസ്മാന്മാംസാദ്യാശ്രയതോ മർമ്മാണി പഞ്ചധാ ഭിദ്യന്തേ ॥

സാ—എല്ലാ മർമ്മങ്ങൾക്കും സാമാന്യമായിട്ടുള്ള ലക്ഷണം എന്തെന്നാൽ—ആ സ്ഥാനത്ത് അമർത്താൽ വേദനയുണ്ടാകും; വിഷമമാകുംവണ്ണം ഒരു സ്പന്ദനവും ഉണ്ടാകും. മർമ്മംമുറിഞ്ഞാലത്തെ സാമാന്യലക്ഷണം ഇതാണ്—ദേഹം തരിക്കും. കനക്കുകയും ചെയ്യും. മോഹാലസ്യമുണ്ടാകും. തണുപ്പേൽക്കവാനാഗ്രഹംതോന്നും. വിയർക്കും. മൂർച്ഛയുണ്ടാകും. ഛർദ്ദിക്കും. വായുക്ഷോഭവുമുണ്ടാകും. എന്നുതന്നെയല്ല; മർമ്മത്തിന്ന് ആ പേർ പറയുന്നതു മരണകാരിത്വംകൊണ്ടാണ്. മർമ്മം എന്നതു മാംസം, സിര, സ്നായു, അസ്ഥി, സന്ധി എന്നിവയുടെ സന്നിപാതമാകുന്നു.(സന്നിപാതം=ഏകത്രാവസ്ഥാനം)അതുകൊണ്ടു മർമ്മത്തിൽ പീഡനംചെയ്താൽ പ്രാണന്ന് അധികം ഉപദ്രവംതോന്നും. മാംസാദികളെല്ലാം ചേരുന്നദിക്കാണ് മർമ്മമെങ്കിലും ബാഹുല്യത്തെ പിടിച്ച് മാംസാദിമർമ്മങ്ങളെന്നു വ്യവഹരിക്കുന്നു. മാംസബാഹുല്യമുള്ളിടത്തേതു മാംസമർമ്മം, സിരാബാഹുല്യമുള്ളിടത്തേതു സിരാമർമ്മം, സ്നായുബാഹുല്യമുള്ളിടത്തേത് സ്നാവമർമ്മം, അസ്ഥിബാഹുല്യമുള്ളിടത്തേത് അസ്ഥിമർമ്മം, സന്ധിബാഹുല്യമുള്ളിടത്തേതു സന്ധിമർമ്മം എന്നിങ്ങിനെ ബാഹുല്യത്തെ പിടിച്ച് മർമ്മങ്ങൾ അഞ്ചുവകയായി തിരിക്കപ്പെട്ടിരിക്കുന്നു.

തദ്യഥാ—തലഹൃദയേന്ദ്രവസ്തിഗുദസ്തനരോഹിതാന്യേകാദശ മാംസമർമ്മാണി । ഉർവ്വീലോഹിതാഖ്യനാഭിഹൃദയസ്തനമൂലാപസ്തംഭാപാലാപപാർശ്വസന്ധിബൃഹതീനീലാമന്യാമാതൃകാഫണാപാം—

ഗസ്ഥപനീശൃംഗാടകാന്യേകചത്വാരിംശൽ സിരാമർമ്മാണി । ക്ഷിപ്രകൂർച്ചകൂർച്ചശിരോവിടപകക്ഷാധരാണി വസ്ത്യംസവിധുരോൽക്ഷേപാഃ സപ്തവിംശതിഃ സ്നാവമർമ്മാണി । കടീകതരുണനിതംബാംസഫലകശംഖാസ്ത്വഷ്ടാവസ്ഥിമർമ്മാണി । ഗുൽഫമണിബന്ധജാനുകൂർപ്പരകുകുന്ദരകൃകാടികാവർത്തസീമന്താധിപതയോ വിംശതിഃ സന്ധിമർമ്മാണി ॥

സാ—കൈകാലുകൾ നാലിലുംകൂടി തലഹൃദയങ്ങൾ നാല്, ഇന്ദ്രവസ്തികൾ നാല്, ഗുദം ഒന്ന്, സ്തനരോഹിതങ്ങൾ രണ്ട് ഇങ്ങനെ പതിനൊന്ന മർമ്മങ്ങൾ മാംസമർമ്മങ്ങളാകുന്നു. ഉൽപ്പികൾ നാല്, ലോഹിതാക്ഷങ്ങൾ നാല്, നാഭി ഒന്ന്, ഹൃദയം ഒന്ന്, സ്തനമൂലങ്ങൾ രണ്ട്, അപസ്തംഭങ്ങൾ രണ്ട്, അപാലാപങ്ങൾ രണ്ട്, പാർശ്വസന്ധികൾ രണ്ട്, ബൃഹതികൾ രണ്ട്, നീലകൾ രണ്ട്, മന്യകൾ രണ്ട്, മാതൃകകൾ എട്ട്, ഫണങ്ങൾ രണ്ട്, അപാംഗങ്ങൾ രണ്ട്, സ്ഥപനി ഒന്ന്, ശൃംഗാടകങ്ങൾ നാല് ഇങ്ങിനെ നാല്പത്തൊന്നെണ്ണം സിരാമർമ്മങ്ങളാകുന്നു. കൈകാലുകളിലായി ക്ഷിപ്രങ്ങൾ നാല്, കൂർച്ചങ്ങൾ നാല്, കൂർച്ചശിരസ്സുകൾ നാല്, വിടപങ്ങൾ രണ്ട്, കക്ഷാധരങ്ങൾ രണ്ട്, ആണികൾ നാല്, വസ്തി ഒന്ന്, അംസങ്ങൾ രണ്ട്, വിധുരകൾ രണ്ട്, ഉൽക്ഷേപങ്ങൾ രണ്ട് ഇങ്ങിനെ ഇരുപത്തേഴ് എണ്ണം സ്നാവമർമ്മങ്ങൾ. കടീകതരുണങ്ങൾ രണ്ട്, നിതംബങ്ങൾ രണ്ട്, അംസഫലകങ്ങൾ രണ്ട്, ശംഖങ്ങൾ രണ്ട് ഇങ്ങിനെ എട്ടെണ്ണം അസ്ഥിമർമ്മങ്ങളാകുന്നു. ഗുൽഫങ്ങൾ രണ്ട്, മണിബന്ധങ്ങൾ രണ്ട്, ജാനുക്കൾ രണ്ട്, കൂർപ്പരങ്ങൾ രണ്ട്, കുകുന്ദരങ്ങൾ രണ്ട്, കൃകാടികകൾ രണ്ട്, ആവർത്തങ്ങൾ രണ്ട്, സീമന്തങ്ങൾ അഞ്ച്, അധിപതി ഒന്ന് ഇങ്ങിനെ ഇരുപത് എണ്ണം സന്ധിമർമ്മങ്ങളുമാണ്.

പുനശ്ച പഞ്ചധാ । ഗുദവസ്തിനാഭിഹൃദയമാതൃകാശംഖശൃംഗാടകാധിപതയ ഏകോനവിംശതിഃ സദ്യഃപ്രാണഹരാണ്യാഗ്നേയത്വാത്തേഷാം സപ്തരാത്രാഭ്യന്തരം കാലഃ ॥

സാ—വേറെ പ്രകാരത്തിലും മർമ്മങ്ങൾ അഞ്ചുവിധമാകുന്നു. അവയിൽ ഒരുവിധം സദ്യഃപ്രാണഹരങ്ങളത്രേ. [ചിലതു സദ്യഃപ്രാണഹരങ്ങൾ, ചിലതു കാലാന്തരപ്രാണഹരങ്ങൾ, ചിലതു വിശല്യഘ്നങ്ങൾ, ചിലതു വൈകല്യജനനങ്ങൾ, ചിലതു രുജാകരങ്ങൾ ഇങ്ങിനെയാണ് അഞ്ചുവിധം] ഗുദം, വസ്തി, നാഭി, ഹൃദയം എന്നിവ നാലും, മാതൃകകൾ

എട്ടും, ശംഖങ്ങൾ രണ്ടും, ശൃംഗാടകങ്ങൾ നാലും, അധിപതി ഒന്നും കൂടി പത്തൊമ്പതു മർമ്മങ്ങൾ സദ്യഃപ്രാണഹരങ്ങളാകുന്നു. ഇവ ആഗ്നേയങ്ങളാകയാലാണ് പെട്ടന്നു മരണം വരുന്നത്. ഇവ മുറിഞ്ഞാൽ മറിപ്പാനുള്ള അവധി ഏഴുദിവസമാകുന്നു.

തലഹൃദയക്ഷിപ്രേന്ദ്രവസ്തിവക്ഷോമർമ്മകടീകതരുണനിതംബപാർശ്വസന്ധിബൃഹതീസീമന്താസ്ത്ര്യസ്ത്രിംശൽ കാലാന്തരപ്രാണഹരാണി സൗമ്യാഗ്നേയത്വാത്തേഷാം പക്ഷാദഭ്യന്തരം കാലഃ । തേഷ്വപി തു ക്ഷിപ്രാണി കദാചിദാശു ॥

സാ—തലഹൃദയങ്ങൾ നാല്, ക്ഷിപ്രങ്ങൾ നാല്, ഇന്ദ്രവസ്തികൾ നാല്, വക്ഷോമർമ്മങ്ങൾ (സ്തനമൂല-സ്തനരോഹിത-അപസ്തംഭ-അപാലാപങ്ങൾ) എട്ട്, കടീകതരുണങ്ങൾ രണ്ടു, നിതംബങ്ങൾ രണ്ടു, പാർശ്വസന്ധികൾ രണ്ടു, ബൃഹതികൾ രണ്ടു, സീമന്തങ്ങൾ അഞ്ച് ഇങ്ങിനെ മുപ്പത്തിമൂന്നു മർമ്മങ്ങൾ കാലാന്തരംകൊണ്ടു പ്രാണനെ കളയുന്നവയാണ്. കാരണം അതുകൾ സൗമ്യത്വവും ആഗ്നേയത്വവും കലൎന്നവയാകുന്നു. ഇവയിൽ മുറിഞ്ഞാൽ ഒരു പക്ഷത്തിന്നുള്ളിൽ മരണം ഭവിക്കും. ഇവയിൽതന്നെ ക്ഷിപ്രമർമ്മങ്ങൾ ഛിദ്രപ്പോൾ അതിവേഗത്തിൽ പ്രാണഹാനിയെ വരുത്തിയേക്കും.

ഉൽക്ഷേപൌ സ്ഥപനീ ച ത്രീണി വിശല്യഘ്നാനി വായവ്യത്വാൽ । ശല്യമുഖാവരുദ്ധോ ഹി യാവദത്ര വായുസ്തിഷ്ഠതി താവജ്ജീവതി ॥

സാ—ഉൽക്ഷേപങ്ങൾ രണ്ടും സ്ഥപനി ഒന്നും എന്നിങ്ങിനെ മൂന്നു മർമ്മങ്ങൾ വായവ്യങ്ങളാകയാൽ അവ വിശല്യഘ്നങ്ങൾ (=ശല്യമെടുത്താൽ ഹനിക്കുന്നവ) ആകുന്നു. ഇവയിൽ ശല്യാഗ്രത്താൽ പുറത്തു പോകാതെ തടുക്കപ്പെട്ട വായു എത്രനേരം നിൽക്കുന്നുവോ അത്രനേരം ജീവിച്ചിരിക്കും. വായുപോയാൽ മരിക്കും.

കൂൎച്ചജാനുകൂൎപ്പരാണ്യൂൎവ്വീലോഹിതാക്ഷ്യവിടപകക്ഷാധരകുകുന്ദരാംസഫലകനീലാമന്യാകൃകാടികാവിധുരഫണാപാംഗാവൎത്താശ്ചത്വാരിംശദ്വൈകല്യകരാണി സൗമ്യത്വാൽ । സോമോ ഹി സ്ഥൈൎയ്യശൈത്യാഭ്യാം പ്രാണാൻ ധാരയതി । താന്യപി ച കദാചിദഭിഹതാനി മാരയന്തി ॥

സാ—കൂൎച്ചങ്ങൾ നാലു, ജാനുക്കൾ രണ്ടു, കൂൎപ്പരങ്ങൾ രണ്ടു, ആണികൾ നാലു, ഉൎവ്വികൾ നാലു, ലോഹിതാക്ഷങ്ങൾ നാലു, വിടപ

ങ്ങൾ രണ്ടു, കക്ഷാധരങ്ങൾ രണ്ടു, കുകുന്ദരങ്ങൾ രണ്ട്, അംസങ്ങൾ രണ്ട്, അംസഫലകങ്ങൾ രണ്ടു, നീലകൾ രണ്ടു, മന്യകൾ രണ്ടു, കൃകാടികകൾ രണ്ടു, വിധുരകൾ രണ്ടു, ഫണങ്ങൾ രണ്ട്, അപാംഗങ്ങൾ രണ്ട്, ആവർത്തങ്ങൾ രണ്ട് ഇങ്ങിനെ നാല്പത്തിനാലു മർമ്മങ്ങൾ സൌമ്യത്വം ഹേതുവായിട്ടു വൈകല്യകരങ്ങളാകുന്നു (അംഗഹാനിയെ വരുത്തുകയേ ഉള്ളു). സോമൻ അതിന്റെ ഗുണങ്ങളായ സ്ഥൈര്യം, ശൈത്യം എന്നിവകൊണ്ട് ഇവയിങ്കൽ പ്രാണനെ നിലനിർത്തും. എന്നാൽ ഇവയും ചിലപ്പോൾ അഭിഘാതം തട്ടിയാൽ മരണത്തെ വരുത്തും.

കൂർച്ചശിരോഗുൽഫമണിബന്ധാസ്ത്വഷ്ടൌ രുജാകരാണ്യഗ്നിവായുസോമഗുണബാഹുല്യാൽ । അഗ്നിവായ്വൂ ഹി വിശേഷേണ രുജാകരൌ സോമസ്തു പ്രാണാനവലംബത ഇത്യുക്തമ് ॥

സാ—കൂർച്ചശിരസ്സുകൾ നാലു, ഗുൽഫങ്ങൾ രണ്ടു, മണിബന്ധങ്ങൾ രണ്ട് ഇങ്ങിനെ എട്ടു മർമ്മങ്ങൾ അഗ്നിയുടേയും വായുവിന്റേയും സോമന്റേയും ഗുണങ്ങൾ അധികമുള്ളവയാകകൊണ്ടു രുജാകരങ്ങൾ (പീഡനാദികളെക്കൊണ്ടു വേദനയുണ്ടാക്കുന്നവ) ആകുന്നു. അഗ്നിയും വായുവും വിശേഷിച്ചും വേദനയെ ജനിപ്പിക്കുന്നവയാണ്. സോമനാകട്ടേ പ്രാണനെ നിലനിർത്തുമെന്നു പറകയും ചെയ്തുവല്ലോ. [ആദ്യംപറഞ്ഞ മാംസമർമ്മങ്ങൾ, സിരാമർമ്മങ്ങൾ ഇത്യാദി വിഭാഗം സ്ഥാനഭേദം പുരസ്കരിച്ചും, ഈ പറഞ്ഞ വിഭാഗം കർമ്മഭേദം പുരസ്കരിച്ചും ആണെന്നു കാണുക.]

അന്യേ ത്വാഹുഃ—മാംസാദീനാം പഞ്ചാനാമപി വിവൃദ്ധാനാം സമവായാൽ സദ്യഃപ്രാണഹരാണി । ഏകൈകഹീനാനാമല്പാനാഞ്ച ക്രമാദിതരാണി സ്വഭാവത ഏവ ച ॥

സാ—മററു ചില ആചാര്യന്മാർ പറയുന്നു. എങ്ങിനെയെന്നാൽ:—സദ്യഃപ്രാണഹരങ്ങളായിട്ടുള്ള മർമ്മങ്ങൾ പ്രാണനെ ഹനിക്കുന്നതു മാംസം, സിരാ, സ്നായു, അസ്ഥി, സന്ധി എന്നിവ ആധിക്യേന ചേർന്നിരിക്കുന്ന സ്ഥാനങ്ങളാകയാലാണ്. (ഗുദാദികളായ ഇരുപത്തൊന്നു മർമ്മങ്ങളിലും ഇങ്ങിനെയാണു) കാലാന്തരപ്രാണഹരങ്ങൾ തുടങ്ങിയ മററു നാലിലും മാംസാദികൾ ഓരോന്നു കുറഞ്ഞോ സ്വല്പങ്ങളായോ ഭവിക്കും. അപ്പോൾ മാംസാദികളിൽ ഒന്നു കുറവായിട്ടുള്ള മർമ്മങ്ങൾ കാലാന്തരപ്രാണഹരങ്ങളും, രണ്ടുകുറഞ്ഞവ വിശല്യഘ്നങ്ങളും, മൂന്നുകുറഞ്ഞവ വൈകല്യകരങ്ങളും, ഒന്നു മാത്രമായവ രുജാകരങ്ങളുമാകുന്നു എ

ന്നു സിദ്ധിച്ചു. ഈ മതക്കാർ സദ്യോമാരകത്വാദികളിൽ ആശ്രയത്വാദിഹേതുക്കളെ വിട്ടു മാംസാദിപഞ്ചകത്തിന്റെ അന്യൂനാധികഭാവവൃദ്ധി മുതലായവയാണു ഹേതുവെന്നു പറയുന്നു എന്നു സാരം.

അന്യേ വദന്തി—പ്രതിനിയതകർമ്മാണി ചന്ദ്രസൂര്യ്യായസ്കാന്തോപലാനാമിവാംബുവഹ്നികാളലോഹസംശ്ലേഷാഃ । തഥാ ച ഛിന്നേഷു ബഹുമർമ്മസ്വപി പാണിപാദേഷു സ്വഭാവത ഏവ ന മൃത്യുഃ ॥

സാ—വേറെ ചില ആചാര്യ്യന്മാർ മേൽപ്പറഞ്ഞ രണ്ടുതരം ഹേതുക്കളേയും വിട്ടു സദ്യോമരണാദി കാരണം സ്വഭാവം മാത്രമാണെന്നു പറയുന്നു. ചന്ദ്രകാന്തക്കല്ല് ജലത്തേയും, സൂര്യ്യകാന്തക്കല്ല് അഗ്നിയേയും, അയസ്കാന്തം കാരിരുമ്പിനേയും ആകർഷിക്കുന്നതു സ്വഭാവമായതുപോലെ അനേകം മർമ്മങ്ങളുള്ളവയായ കൈകാലുകൾ മുറിഞ്ഞാൽ മരണം വരാത്തതും സ്വാഭാവികമാകുന്നു.

അപരേ പുനരത്രാപി ഹേതുമാഹുഃ । പാണിപാദച്ഛേദേ ഹി സിരാഃ സംകോചമായാന്തി । തതോല്പാസൃക്പ്രവൃത്തേർജ്ജീവിതമ് । മർമ്മവ്യധേത്വതിരക്തസ്രുതിതോ വായുവൈകൃതേന ച മരണമ് । തസ്മാന്മർമ്മാഭിഹതസ്യ തദംഗമാശു സന്ധിദേശാച്ഛേദനീയമ് । അതിഹതാനാന്തു മർമ്മണാം യഥാസ്വം പൂർവ്വം പൂർവ്വഞ്ച കർമ്മ ഈഷദന്തേ വാ ഹതാനാമുത്തരോത്തരമേവ ॥

സാ—മററു ചിലർ പറയുന്നു—കൈകാലുകളിൽ മുറിയുമ്പോൾ സിരകൾ സങ്കോചത്തെ പ്രാപിക്കുന്നു. അതുകൊണ്ടു രക്തം, അല്പമേ പോകയുള്ളു. ആകയാൽ ജീവിക്കും. മർമ്മങ്ങളിൽ മുറിഞ്ഞാലാകട്ടേ രക്തം അധികം സ്രവിക്കുന്നതുകൊണ്ടു വായു കോപിച്ച് മരണം ഭവിക്കും. അതുനിമിത്തം മർമ്മത്തിൽ ആഘാതം തട്ടിയവന്റെ ആ അംഗം അതിന്റെ സന്ധിസ്ഥാനത്തിൽവെച്ചു മുറിച്ചുകളയണം. മർമ്മങ്ങൾക്ക് അധികമായ ആഘനനം വന്നാൽ യഥോക്തങ്ങളായ കർമ്മങ്ങളിൽ ആദ്യമാദ്യം പറഞ്ഞവ ഭവിക്കും. അല്പമായി മുറിയുകയോ അഗ്രത്തിൽ വെച്ചു മുറിയുകയോ ആണു ചെയ്തതെങ്കിൽ ഒടുവിലൊടുവിൽപറഞ്ഞ കർമ്മങ്ങളാണു ഭവിക്കുക. [മർമ്മങ്ങൾക്കു സദ്യഃപ്രാണഹരണം തുടങ്ങി അഞ്ചുവിധം കർമ്മങ്ങൾ പറയപ്പെട്ടുവല്ലോ. അവയിൽ ശൃംഗാദി മർമ്മങ്ങൾമുറിഞ്ഞാൽ സദ്യഃപ്രാണഹരണംതന്നെഭവിക്കും. തലഹൃദയാദികൾമുറിഞ്ഞാൽ കാലാന്തരപ്രാണഹരണമോ ചിലപ്പോൾ സദ്യോ

കരത്വമോ ഭവിക്കും. ഉൽക്ഷേപാദികൾക്കു വിശല്യഘ്നത്വമോ കാലാന്തരപ്രാണഹരത്വമോ ഭവിക്കും. കൂർച്ചാദികൾ മുറിഞ്ഞാൽ സ്വകർമ്മമായ വൈകല്യകരത്വമോ കാലാന്തരപ്രാണഹരത്വമോ ഭവിക്കും. കൂർച്ചശിരസ്സ് മുതലായവയ്ക്കു സ്വകർമ്മമായ രുജാകരത്വമോ വൈകല്യകരത്വമോ ഭവിക്കും—എന്നു താൽപര്യം. ആകയാൽ അത്യാഘാതംകൊണ്ട് കാലാന്തരപ്രാണഹരങ്ങളായ മർമ്മങ്ങൾകൂടി സദ്യഃപ്രാണഹരങ്ങളായും, അല്പാഘാതംകൊണ്ട് സദ്യഃപ്രാണഹരങ്ങൾകൂടി കാലാന്തരപ്രാണഹരങ്ങളായും ഭവിക്കും.

മർമ്മങ്ങൾക്കു സ്ഥാനഭേദംകൊണ്ടും കർമ്മഭേദംകൊണ്ടും പഞ്ചവിധത്വം പറഞ്ഞുവല്ലോ. ഇനി മാനഭേദംകൊണ്ടും അവ അഞ്ചുവിധത്തിലാണെന്നു പറയുന്നു:—

പുനശ്ച പഞ്ചധാ ഭിദ്യതേ। തദ്യഥാ—ഉർവ്യഃ കൂർച്ചശിരാംസി വിടപേ കക്ഷാധരേ ച ദ്വാദശ സ്വാംഗുലോന്മിതാനി। ഗുൽഫൌ മണിബന്ധൌ സ്തനമൂലേ ച ഷൾ ദ്വ്യംഗുലാനി। ജാനുനീ കൂർപ്പരേ ച ചത്വാരി ത്ര്യംഗുലാനി। കൂർച്ചാ ഗുദോ വസ്തിനാഭിഹൃദയം നീലേ മന്യേ മാതൃകാസ്സീമന്താഃ ശൃംഗാടകാനി ചൈകോനത്രിംശൽ പാണിതലസമ്മിതാനി। ശേഷാണി ഷൾപഞ്ചാശദംഗുലദലപ്രമാണാനി। അന്യേ പുനരാഹുഃ—വ്രീഹിപ്രമാണാനി ക്ഷിപ്രാണി। കളായപ്രമാണൗ സ്തനരോഹിതോൽക്ഷേപൗ। തഥാന്യേ തിലപ്രമാണാന്യപി മർമ്മാണീച്ഛന്തി॥

സാ—മർമ്മങ്ങൾ പിന്നെയും അഞ്ചുപ്രകാരമായി ഭേദിക്കുന്നു. എങ്ങിനെയെന്നാൽ—ഉർവ്വികൾ നാല്, കൂർച്ചശിരസ്സുകൾ നാല്, വിടപങ്ങൾ രണ്ട്, കക്ഷാധരങ്ങൾ രണ്ട് എന്നിങ്ങിനെ പന്ത്രണ്ടു മർമ്മങ്ങൾ തന്റെ (മർമ്മവാന്റെ) വിരൽക്ക് ഒരംഗുലം വലുപ്പമുള്ളവയാണ്; ഗുൽഫങ്ങൾ രണ്ട്, മണിബന്ധങ്ങൾ രണ്ട്, സ്തനമൂലങ്ങൾ രണ്ട് ഇങ്ങിനെ ആറു മർമ്മങ്ങൾ രണ്ടംഗുലം വലുപ്പമുണ്ടായിരിക്കും. ജാനുക്കൾ രണ്ടും കൂർപ്പരങ്ങൾ രണ്ടുംകൂടി നാലെണ്ണം മൂന്നംഗുലം വലുപ്പമുണ്ടായിരിക്കും. കൂർച്ചങ്ങൾ നാല്, ഗുദം, വസ്തി, നാഭി, ഹൃദയം, നീലകൾ രണ്ട്, മന്യകൾ രണ്ട്, മാതൃകകൾ എട്ട്, സീമന്തങ്ങൾ അഞ്ച്, ശൃംഗാടകങ്ങൾ നാല് ഇങ്ങിനെ ഇരുപത്തൊമ്പതു മർമ്മങ്ങൾ അവനവന്റെ ഉള്ളൻകയ്യോളം വലുപ്പമുള്ളവയായിരിക്കും. ഇതുകളെ കഴിച്ച് ബാക്കിയുള്ള അമ്പത്താറു മർമ്മങ്ങൾ അംഗുലദലം (അരവിരൽ) വലുപ്പമുള്ളവ

ണായിരിക്കും. "ശേഷാണി മാംസലമിതാദ്യസമാനി ദേഹേ" എന്നു ഗ്രന്ഥാന്തരീയം പറയുന്നുണ്ട്. മററുചിലർ പറയുന്നതു ക്ഷിപ്രമർമ്മങ്ങൾ ഒരു വ്രീഹിയോളവും, സ്തനരോഹിതങ്ങൾ ഉൽക്ഷേപങ്ങൾ എന്നിവ ഒരു കളലക്കുരുവോളവും വലുപ്പമുള്ളവയാണെന്നാകുന്നു. വേറെ ചിലർ മർമ്മങ്ങളെ തിലപ്രമാണങ്ങളായിട്ടും ഇച്ഛിക്കുന്നുണ്ട്.

ഭവതി ചാത്ര—

മർമ്മവ്യാപ്തേപി ദേഹേസ്മിന്നായുർമ്മർമ്മാണി രക്ഷതി
ആയുഷ്യാണ്യേവ സേവേത സദാ തസ്മാദ്വിചക്ഷണഃ
മർമ്മാഭിഘാതഃ സ്വല്പോപി പ്രായശോ ബാധതേതരാം
രോഗാ മർമ്മാശ്രയാസ്തദ്വൽ പ്രക്രാന്താ യത്നതോപി ച.

സാ—ഈ ദേഹം ഒട്ടാകെ കൊല്ലുന്നവയായ മർമ്മങ്ങളെക്കൊണ്ടു നിറഞ്ഞതാണെങ്കിലും, ആയുസ്സ് അവയെ കേടുകൂടാതെ രക്ഷിക്കുന്നു. അതുകൊണ്ട് ബുദ്ധിയുള്ളവൻ എപ്പോഴും ആയുഷ്യങ്ങളായവയെത്തന്നെ ശീലിക്കണം. മർമ്മത്തിലുള്ള പീഡ ചെറുതായാൽക്കൂടിയും വലിയ ഉപദ്രവത്തെ ചെയ്യും. അപ്രകാരംതന്നെ മർമ്മത്തിൽ തട്ടിയ രോഗങ്ങളും വലിയ ഉപദ്രവത്തെ ചെയ്യും. എത്ര പ്രയത്നപ്പെട്ടു ചികിത്സിപ്പാൻ തുടങ്ങിയാലും അവ ഉപദ്രവകാരികളായിരിക്കും.

വിക്ഷിപ്യതേ ഭൃശം സീദൻ ശൂന്യോ ഭ്രമതി വേപതേ
ഊർദ്ധ്വം ശ്വസിതി കൃച്ഛ്രേണ സ്രസ്തഗാത്രോ മുഹുർമ്മുഹുഃ
ഹൃദയം ദഹ്യതേ ചാസ്യ നൈകസ്ഥാനേവതിഷ്ഠതേ
മർമ്മോപഘാതാന്മരണമേതൈർല്ലിംഗൈസ്സമശ്നുതേ
അമർമ്മവിദ്ധോപി നരഃ ച്ഛേദഭേദാദിപീഡിതഃ
അതിനിഃസൃതരക്തശ്ച സദ്യസ്ത്യജതി ജീവിതം
അതോന്യഥാ ജീവതി തു വിദ്ധശ്ശരശതൈരപി.

സാ—മർമ്മത്തിൽ മുറിഞ്ഞവൻെറ ലക്ഷണം വിക്ഷേപം ഭവിക്കുക, വളരെ തളരുക, ശൂന്യനായി ഭവിക്കുക, ഭ്രമിക്കുക, വിറയ്ക്കുക, ഹൃദയം ദഹിക്കുക, ഒരു ദിക്കിൽ ഇരിക്കാതിരിക്കുക ഇവയാകുന്നു. ഈ ലക്ഷണങ്ങളുള്ളവൻ മർമ്മോപഘാതംകൊണ്ട് മരണത്തെ പ്രാപിക്കും. മർമ്മത്തിൽ മുറിപ്പെടാത്ത മനുഷ്യനും ഛേദഭേദാദികളെക്കൊണ്ടു പീഡിതനാകയോ അധികം രക്തംപോകയോ ചെയ്താൽ ഉടൻതന്നെ മരിക്കും. അങ്ങിനെയല്ലാത്തപക്ഷം അനേകശരങ്ങളെക്കൊണ്ടു വിദ്ധനായാലും ജീവിക്കും.

പുണ്യവാൻ നിയതായുശ്ച ന കഥഞ്ചിന്ന ജീവതി
തസ്മാദാ ചരമോച്ഛ്വാസാച്ചികിത്സേദേവ യത്നതഃ
തദ്ബന്ധുമിത്രാനുമതഃ പ്രത്യാഖ്യായാതുരം ഭിഷക്.

സാ—പുണ്യകർമ്മങ്ങളെ ചെയ്യുന്നവനും നിയതമായ ആയുസ്സോടുകൂടിയവനും (ദൈവികമായ കർമ്മങ്ങളെക്കൊണ്ട് ആയുസ്സിന്നു ദൃഢത വരുത്തിയവൻ) ആയുള്ളവൻ എങ്ങിനേയും ജീവിക്കാതിരിക്കയില്ല. അതുകൊണ്ട് വൈദ്യൻ രോഗിയുടെ അവസാനശ്വാസം വലിക്കുന്നതുവരെയും പ്രയത്നപ്പെട്ടു ചികിത്സിക്കണം. എന്നാൽ അതു ബന്ധുമിത്രങ്ങളുടെ അനുമതി വാങ്ങിയിട്ടും "ചികിത്സിച്ചുനോക്കാം. ഫലം ഈശ്വരാപേക്ഷപോലെ" എന്നു നിശ്ചയരൂപത്തിൽ പറഞ്ഞിട്ടും വേണം. ഇങ്ങിനെ ചെയ്തിട്ടു പിന്നെ ഗുണം കിട്ടിയില്ലെങ്കിലും വൈദ്യന്നു ദുഷ്കീർത്തി വരികയില്ലെന്നു സാരം.

ഇത്യഷ്ടാംഗസംഗ്രഹേ ശാരീരസ്ഥാനേ
സപ്തമോദ്ധ്യായഃ
സമാപ്തഃ.

## അഷ്ടമോദ്ധ്യായഃ.

ശരീരത്തിന്റെ വിചാരണമാണല്ലോ ഇവിടെ പ്രകൃതം. അതിൽ അവയവപരിച്ഛേദം ചെയ്യപ്പെട്ടു. ഇനി ദോഷാദിഭേദേന പ്രകൃതിപ്രദർശനത്തിന്നായി അദ്ധ്യായം ആരംഭിക്കുന്നു:—

അഥാതഃ പ്രകൃതിഭേദീയം ശാരീരം വ്യാഖ്യാസ്യാമഃ । ഇതി ഹ സ്മാഹുരാത്രേയാദയോ മഹർഷയഃ ॥

സാ—അനന്തരം പ്രകൃതിഭേദീയം എന്ന ശാരീരത്തെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു.

പ്രകൃതികൾ പലതരമുണ്ട്. അവയിൽവെച്ച് പ്രാധാന്യം ദോഷപ്രകൃതികൾക്കാകയാൽ അവയെ തന്നെ ആദ്യം പറയുന്നു:—

സപ്ത പ്രകൃതയോ ദോഷൈഃ പൃഥക് സംസർഗ്ഗേണ സാമ്യേന ച ഭവന്തി । തത്ര ശുക്ലാർത്തവഗർഭാശയകാലേഷു മാതുശ്ചാഹാരവിഹാരൈഃ ഏകോനേകോ വാ യോ ദോഷോ ഭവത്യാധിക്യേന തേനാമരണാദ്വിഷവല്ല്യാമിവോൽപത്തിമാനസ്യ ക്ലേദവിശേഷേണ സവിഷകൃമേരിവ വൃശ്ചികാദേരാശീവിഷസ്യേവ വാ സ്വഭാവവിശേഷേണ പ്രകൃതിർജ്ജായതേ ॥

സാ—വാതം, പിത്തം, കഫം എന്നിവയെക്കൊണ്ടും, അവയിൽ ഈരണ്ടുകൂടിയ മൂന്നു സംസൃഷ്ടങ്ങളെക്കൊണ്ടും, സന്നിപാതംകൊണ്ടും എങ്ങിനെ മനുഷ്യന്നു് ഏഴുവിധം പ്രകൃതികൾ ഭവിക്കുന്നു. ശുക്ലാൎത്തവഗൎഭാശയകാലങ്ങളിലും മാതാവിന്റെ ആഹാരവിഹാരങ്ങളിലും ഒന്നോ ഒന്നിലധികമോ ദോഷം ആധിക്യേന നിൽക്കുന്നതായാൽ അതുകൊണ്ടാണു് പ്രകൃതി ഉണ്ടാകുന്നതു്. എന്നാൽ ദോഷം എന്നതു രോഗകാരണമാകയാൽ അതിൽനിന്നു പ്രകൃതി എങ്ങിനെ ഉണ്ടാവുമെന്നാണെങ്കിൽ ദൃഷ്ടാന്തം പറയുന്നു. വിഷവല്യാമിവ—ഒരു വിഷവല്ലിയിൽ ഉണ്ടാകുന്ന കൃമിക്കു് അതിലെ വിഷംകൊണ്ടും വൃശ്ചികം (തേളു്) മുതലായി വിഷമുള്ളതായ കൃമിക്കു് സൎപ്പത്തിന്റെ വിഷംകൊണ്ടും സൎപ്പത്തിന്നു് അതിന്റെതന്നെ വിഷംകൊണ്ടും എങ്ങിനെ പ്രകൃതി ഭവിക്കുന്നുവോ അങ്ങിനെ എന്നു ദൃഷ്ടാന്തം. ഇങ്ങിനെ ഉണ്ടാകുന്നവയായ വാതാദിപ്രകൃതികൾ മനുഷ്യന്റെ മരണംവരെ നിലനിൽക്കും. ഇതിനെത്തന്നെ താഴെ വിവരിക്കുന്നു.

തസ്മാത്തന്മയതയാ ശുക്ലാൎത്തവയോൎദ്ദേഹസ്യ ഭാവിതാൽ ॥
പ്രാകൃതശ്ച താവതാ തേന ദോഷേണ ന വിഹന്യതേ । തദ്ഗുണൈരേവ ചാസ്യ ശരീരമുപസ്ക്രിയതേ । തതശ്ച തദ്ഗുണപ്രതിപക്ഷൈഃ സഹസാ ന ബാധ്യതേ । തസ്യാം തദവസ്ഥായാം വികൃതിമതി ദോഷേ ഉദ്ബണേ നൈവ ഗൎഭസ്സംഭവതി । സംഭവ ഏവ വാ വിപദ്യതേ । വികൃതോ വാ ഭവതി ॥

സാ—ദേഹത്തിലെ ശുക്ലാൎത്തവങ്ങൾക്കു വാതാദിദോഷമയത്വം അവശ്യം ഭവിക്കുന്നതുകൊണ്ടും ദേഹം പ്രകൃതികൃതമാകകൊണ്ടും, വാതാദിദോഷങ്ങളെക്കൊണ്ടു് ശുക്ലാൎത്തവങ്ങൾക്കു ദേഹാരംഭാനുകൂലമായിട്ടുണ്ടാകുന്ന പരിണാമം വിഹനിക്കപ്പെടുന്നില്ല. ദേഹനാശകാരികളായ വാതാദിദോഷങ്ങൾ ശുക്ലാൎത്തവനിഷ്ഠങ്ങളായിട്ടു ദേഹാരംഭത്തിന്നു ഹേതുവായി ഭവിക്കുന്നതിൽ തടസ്ഥമില്ലെന്നൎത്ഥം. ഈ ശുക്ലാൎത്തവങ്ങൾ ആഹാരസംഭവങ്ങളാകയാൽ മേൽപ്രകാരം ബീജനിഷ്ഠങ്ങളായിട്ടുള്ള ദോഷങ്ങളുടെ ഗുണങ്ങളാൽ ശരീരം ഉപസ്കരിക്കപ്പെടുന്നു. എന്നാൽ ദേഹാരംഭകങ്ങളായി ബീജത്തിൽ നിൽക്കുന്ന ദോഷങ്ങളുടെ ഗുണങ്ങൾക്കു വിപരീതങ്ങളായ ആഹാരവിഹാരങ്ങളെക്കൊണ്ടു ശരീരത്തിന്നു വലിയ കേടു തട്ടുകയുമില്ല. ആ അവസ്ഥയിൽ (അതായതു ശുക്ലാൎത്തവസംയോഗാവസ്ഥയിൽ) വികൃതിയോടുകൂടിയിരിക്കുന്ന ദോഷം അധികമായി

ധിക്കുമ്പോൾ (ആ ദോഷത്തിൻെറ ആധിക്യത്തോടുകൂടി) ഗൎഭം ഭവിക്കുന്നതല്ല. ഭവിക്കുന്നു പക്ഷം അതു സംഭവകാലത്തിങ്കൽതന്നെ നശിക്കും. അല്ലെങ്കിൽ വികൃതമായി ഭവിക്കയും ചെയ്യും. [ദേഹാരംഭഹേതുവായ ശുക്ലാൎത്തവങ്ങളിൽ നില്ക്കുന്ന അവികൃതങ്ങളായ ദോഷങ്ങളെക്കൊണ്ടാണ് പ്രകൃതികൾ ഉണ്ടാകുന്നതെന്നു സാരം.]

തഥാ ച കേചിദാഹുഃ । ദ്വിവിധാ വാതാദയഃ പ്രാകൃതാ വൈകൃതാശ്ച । തത്ര പ്രാകൃതാസ്സപ്തവിധാഃ പ്രകൃതേൎഹേതുഭൂതാശ്ശരീരൈകജന്മാനഃ । തേ ശരീരധാരണാദ്ധാതുസംജ്ഞാ ദോഷാഖ്യാനാം വികൃതാനാം ബീജഭൂതാഃ । മുമൂൎഷോഃ സ്വരൂപാച്ചലന്തി । സൎവ്വേഷ്വപി ച ദേഹേ സന്നിഹിതേഷു പ്രകൃതാവുദ്ബണേന വ്യപദേശഃ ॥

സാ— അപ്രകാരംതന്നെ ചില ആചാൎയ്യന്മാർ പറയുന്നുമുണ്ട്. എങ്ങിനെയെന്നാൽ— വാതാദികളായ ദോഷങ്ങൾ പ്രാകൃതങ്ങളെന്നും വൈകൃതങ്ങളെന്നും രണ്ടുപ്രകാരത്തിലുണ്ട്. അവയിൽ പ്രാകൃതങ്ങൾ ഏഴുവിധത്തിലും ആകുന്നു. അവ പ്രകൃതിയുടെ ഉൽപത്തിക്കു കാരണഭൂതങ്ങളും ശരീരത്തോടൊന്നിച്ചുണ്ടാകുന്നവയുമാണ്. അവയാണ് ശരീരത്തെ ധരിക്കുന്നത്. (നിലനിൎത്തുന്നത്) അതുകൊണ്ടവക്കു ധാതുക്കളെന്നു പേരുണ്ട്. അവയാണ് ദോഷങ്ങളെന്നു പേരുള്ളവയും വികൃതങ്ങളുമായ വാതാദികളുടെ ബീജം. ജന്മസമകാലജങ്ങളായ ഈ പ്രാകൃതവാതാദികൾ മരണമടുത്ത മനുഷ്യൻെറ ശരീരത്തിങ്കൽ സ്വരൂപത്തിങ്കൽനിന്നു ഇളകിത്തീരും. വാതാദികളെല്ലാം പ്രകൃത്യവസ്ഥയിൽ കലൎന്നിരിക്കുന്നുണ്ടെങ്കിലും അവയിൽ ആധിക്യത്തെ പിടിച്ചാണ് വാതപ്രകൃതി, പിത്തപ്രകൃതി ഇത്യാദിയായ വ്യവഹാരം ഭവിക്കുന്നത്.

വൈകൃതാസ്തു ഗൎഭാദഭിനിഃസൃതസ്യാഹാരരസസ്യ മലാസ്സംഭവന്തി । പ്രാകൃതേഷ്വവരോഹന്തി । തേ കാലാദിവശേന സ്വപ്രമാണവൃദ്ധിക്ഷയയോഗാദ്ദേഹമനുഗൃഹ്ണന്തി ദൂഷയന്തി ച । തദ്വദോജോപി പരം ഹൃദയസ്ഥമഷ്ടബിന്ദുപ്രമാണമാധാരഃ പ്രാണസ്ഥിതികസ്യ രസാത്മകസ്യൌജസഃ ക്ഷയവൃദ്ധിഭാജഃ ॥

സാ— മേൽപറയപ്പെട്ട വൈകൃതങ്ങളായ വാതാദികളാകട്ടെ ഗൎഭത്തിങ്കൽനിന്നുപോകുന്ന ആഹാരമലങ്ങളായി ഭവിക്കുന്നു. അതുകൾ സജാതീയതാനിമിത്തം പ്രാകൃതങ്ങളായ വാതാദികളിൽ ചെന്നുചേരുന്നു.

ഇപ്രകാരം പ്രാകൃതങ്ങളായവയോടു ഏകീഭവിച്ചവയായ വൈകൃതങ്ങളാദികൾ കാലാദിവശാൽ സ്വപ്രമാണത്തോടുകൂടി നില്ക്കും. എന്നാൽ ദേഹത്തെ അനുഗ്രഹിക്കും. ചിലപ്പോളാകട്ടെ വൃദ്ധിക്ഷയങ്ങളെ പ്രാപിക്കയും തന്നിമിത്തം ദേഹത്തെ ദൂഷിപ്പിക്കയും ചെയ്യും. അപ്രകാരമാണു ഓജസ്സും സ്വപ്രമാണത്തോടുകൂടിയിരുന്നാൽ ദേഹത്തെ അനുഗ്രഹിക്കയും വൃദ്ധിക്ഷയങ്ങളുണ്ടായാൽ ദേഹത്തെ ദൂഷിപ്പിക്കയും ചെയ്യും. ഓജസ്സ് ഹൃദയത്തിലാണിരിക്കുന്നത്. അതിന്റെ പ്രമാണം എട്ടു ബിന്ദുക്കളാകുന്നു. ഇതാണ് ദേഹത്തിൽ വ്യാപിക്കുന്നതും രസാത്മകവും ക്ഷയവൃദ്ധിസ്വഭാവത്തോടുകൂടിയതുമായ ഓജസ്സിന്റെ ആധാരമായിട്ടുള്ളത്.

ഇനി വാതാദിപ്രകൃതികളുടെ വിശേഷലക്ഷണങ്ങളെ പറയുന്നു.

അഥ സ്വദോഷഗുണാനുരോധാദ്വാതപ്രകൃതിസ്തനുരൂക്ഷസ്ഫുടിതാല്പാംഗദന്തനഖരോമനേത്രസ്വരഃ ശീതദ്വിഡുദ്ബദ്ധപിണ്ഡികഃ സശബ്ദസന്ധിഗാമീ ശീഘ്രാരംഭക്ഷോഭഗ്രഹണവിസ്മരണശ്ചലധൃതിമതിഗതിദൃഷ്ടിസ്വഭാവസൗഹാർദഃ സ്തേനോ നാസ്തികോ മത്സര്യജിതേന്ദ്രിയഃ പ്രിയഗാന്ധർവ്വഹാസഹാസവിലാസകലഹമൃഗയാദ്യാനയാത്രഃ സ്നിഗ്ദ്ധോഷ്ണമധുരാമ്ലലവണാന്നപാനകാംക്ഷോ ചപലശ്ച ഭവതി । അപി ച—

അല്പവിത്തബലജീവിതനിദ്രഃ
ക്ഷാമവാശ്ഛമനിസന്നതഗാത്രഃ
ദുർഭഗോതിബഹുഭുഗ് ബഹുഭാഷീ
നാസ്തികഃ സ്ഫുടിതകേശകരാംഘ്രിഃ
കിഞ്ചിദുന്മിഷിതദൃങ്മുഖസുപ്ത-
സ്തൂസൃതി ക്രഥതി ഖാദതി ദന്താൻ
ശുഷ്കരൂക്ഷവിഷമാസു സരിത്സു
വ്യോമ്നി ശൈലശിഖരേഷു ച യാതി ॥

സ്വ—വാതപ്രകൃതിയായ മനുഷ്യൻ സ്വദോഷമായ വാതത്തിന്റെ ഗുണമനുസരിച്ച് തനുഗതാദികളോടുകൂടിയവനായി ഭവിക്കുന്നു. കാരണമായ ദോഷത്തിന്റെ ഗുണങ്ങൾ കാര്യമായ ദേഹത്തിങ്കൽ സംക്രമിക്കുമെന്ന ഭാവം. തനുരൂക്ഷ.....സ്വരഃ—തനുവായും രൂക്ഷമായും സ്ഫുടിതമായും അല്പമായും ഉള്ള അംഗദന്തനഖരോമനേത്രസ്വരങ്ങളോടുകൂടിയവൻ. ശീതദ്വിട്—തണുപ്പിഷ്ടമല്ലാത്തവൻ. ഉദ്ബദ്ധപിണ്ഡികഃ—ഉൽബദ്ധങ്ങൾ (ഹ്രസ്വകഠിനങ്ങൾ) ആയ പിണ്ഡിക (കാൽവണ്ണ)

കളോടുകൂടിയവൻ. സശബ്ദസന്ധിഗാമീ=നടക്കുമ്പോൾ കാലിന്റെ സന്ധികൾ ശബ്ദിക്കുന്നവൻ. ശീഘ്രാരംഭ.....വിസ്മരണൻ-പ്രവൃത്തി ആരംഭിക്കുക, ക്ഷോഭിക്കുക, ധരിക്കുക, മറക്കുക എന്നിവ വേഗത്തിൽ കഴിയുന്നവൻ. ചലധൃതി.....സൗഹൃദൻ=ധൃതിയും മതിയും ഗതിയും ദൃഷ്ടിയും സ്വഭാവവും സൗഹാർദ്ദവും അസ്ഥിരമായിട്ടുള്ളവൻ. സ്തേനൻ=മോഷണം ചെയ്യുന്നവൻ. അനാര്യൻ=അപൂജ്യൻ. മത്സരീ=മത്സരബുദ്ധിയോടുകൂടിയവൻ. അജിതേന്ദ്രിയൻ=ഇന്ദ്രിയജയമില്ലാത്തവൻ. പ്രിയഗാനഹ്ല.....യാത്രൻ=സംഗീതം, കഥാകഥനം, ഹാസ്യം, വിലാസം, കലഹം, ഉദ്യാനയാത്ര എന്നിവ പ്രിയങ്ങളായിട്ടുള്ളവൻ. സ്നിഗ്ധോഷ്ണ..... കാംക്ഷോപശയൻ=സ്നിഗ്ധമായും ഉഷ്ണമായും മധുരമായും അമ്ലമായും ലവണമായുമുള്ള അന്നപാനങ്ങളിൽ കാംക്ഷയും അവയെക്കൊണ്ടു ഉപശയ (സുഖ) വുമുള്ളവൻ. ഇങ്ങിനെയെല്ലാമിരിക്കുന്നതുകൂടാതെ അല്പവിത്താദികളോടുകൂടിയവനായുമിരിക്കും. അല്പവിത്ത.....നിദ്രൻ=ധനവും ബലവും ജീവിതവും നിദ്രയും കുറവായിട്ടുള്ളവൻ. ക്ഷാമവാക്ക്=വാക്കിന്നു കാർശ്യമുള്ളവൻ. ധമനീസന്തതഗാത്രൻ=ധമനികളാൽ വ്യാപ്തമായ ശരീരത്തോടുകൂടിയവൻ. ദുർഭഗൻ=ഐശ്വര്യം ധർമ്മം യശസ്സ് ശ്രീ വൈരാഗ്യം മോക്ഷം എന്നിവ ദ്വേഷിച്ചവൻ. അതിബഹ്വശക്=വളരെയധികം ഭക്ഷിക്കുന്നവൻ. ബഹുഭാഷീ=വളരെ സംസാരിക്കുന്നവൻ. നാസ്തികൻ=ഈശ്വരവിശ്വാസമില്ലാത്തവൻ. സ്ഫുടിത.....ശ്രീ=കേശാദികൾക്കു സ്ഫുടനമുള്ളവൻ. കിഞ്ചിദ്വിവൃതദൃങ്മുഖസുപ്തൻ=കുറഞ്ഞൊന്നു വിരിഞ്ഞ ദൃങ്മുഖത്തോടുകൂടി ഉറങ്ങുന്നവൻ. ഇങ്ങിനെയിരിക്കുന്നതുകൂടാതെ വാതപ്രകൃതിയായവൻ ഞെട്ടപ്പെടുകയും കൂർക്കം വലിക്കുകയും പല്ലുകൾ കടിക്കുകയും ചെയ്യും. വെള്ളമില്ലാത്തവയും ശുഷ്കങ്ങളും വിഷമങ്ങളുമായ നദികളിലും ആകാശത്തിങ്കലും പർവ്വതശിഖരങ്ങളിലും ഉറക്കത്തിൽ യാനം ചെയ്യുകയും ചെയ്യും. (ഉറക്കത്തിൽ സ്വപ്നം കാണും.)

പിത്തപ്രകൃതിരുഷ്ണഗൗരഗാത്രസ്താമ്രനഖനയനജിഹ്വോഷ്ഠപാണിപാദതലഃ ശിഥിലസന്ധിബന്ധമാംസഃ കരഭകപിലവിരളമൃദുകേശരോമാ മദ്ധ്യബലായുരല്പശുക്രവ്യവായാപത്യഃ ശൂരോഭിമാനീ ശീഘ്രവലീഖലതിപലിതപിപ്ലുവ്യംഗക്ഷുൽപിപാസോ മേധാവീ ദുർഗ്ഗന്ധഃ സ്വാദുതിക്തകഷായശീതാഭിലാഷോപശയശ്ച ഭവതി। അപി ച—

ദയിതമാല്യവിലേപനമണ്ഡനഃ
സുചരിതഃ ശുചിരാശ്രിതവത്സലഃ
വിഭവസാഹസബുദ്ധിബലാന്വിതോ
ഭവതി ഭീഷു ഗതിർദ്വിഷതാമപി
ഘർമ്മദ്വേഷീ സ്വേദനഃ പൂതിഗന്ധിഃ
ഭൂര്യുച്ചാരക്രോധപാനാശനേർഷ്യഃ
സുപ്തഃ പശ്യേൽ കർണ്ണികാരാൻ പലാശാൻ
ദിഗ്ദാഹോൽകാവിദ്യുദർക്കാനലാംശ്ച ॥

സാ—പിത്തപ്രകൃതിയായിട്ടുള്ളവൻ ഉഷ്ണമുള്ളതും ഗൌരവർണ്ണവുമായ ശരീരത്തോടുകൂടിയവനും താമ്രവർണ്ണങ്ങളായ നഖം, നയനം, ജിഹ്വാ, ഓഷ്ഠം, പാണിതലം, പാദതലം എന്നിവയോടുകൂടിയവനും ശിഥിലങ്ങളായ സന്ധിബന്ധമാംസങ്ങളോടുകൂടിയവനും, കരഭകപില (കഴുതയെപ്പോലെ കപിലവർണ്ണം) ങ്ങളായും വിരളങ്ങളായും മൃദുക്കളായുമുള്ള കേശരോമങ്ങളോടുകൂടിയവനും, മദ്ധ്യബലനും, മദ്ധ്യായുസ്സും, അല്പശുക്ലനും, അല്പമൈഥുനനും, അല്പസന്തതിയും, ശൂരനും, അഭിമാനിയും, വേഗത്തിൽ വലികൾ (ചുളികൾ) ഖലതി (കഷണ്ടി) പലിതം (നര) പിപ്ലു വ്യംഗം വിശപ്പ് ദാഹം എന്നിവയുണ്ടാകുന്നവനും, ബുദ്ധിമാനും, ദുർഗന്ധനും, മധുരതിക്തകഷായങ്ങളും ശീതങ്ങളുമായ വസ്തുക്കളിൽ അഭിലാഷവും അവയെക്കൊണ്ട് ഉപശയവുമുള്ളവനും ആയി ഭവിക്കും. എന്നതന്നെയല്ല—മാല്യങ്ങൾ, കുറിക്കൂട്ടുകൾ, ആഭരണങ്ങൾ എന്നിവയിൽ താല്പര്യമുള്ളവനും സച്ചരിത്രനും ശുദ്ധനും ആശ്രിതന്മാരിൽ വാത്സല്യമുള്ളവനും ധനം സാഹസശീലം ബുദ്ധി ബലം എന്നിവയോടുകൂടിയവനും ഭയംവരുന്ന സമയങ്ങളിൽ ശത്രുക്കൾക്കുകൂടി അഭയം നൽകുന്ന സ്വഭാവത്തോടുകൂടിയവനുമായി ഭവിക്കും. അതിനു പുറമെ ചൂടിനെ വെറുക്കുന്നവനും വിയർക്കുന്നവനും ദുർഗ്ഗന്ധത്തോടുകൂടിയവനും ഉച്ചാരക്രോധപാനാശനേർഷ്യകൾ അധികമുള്ളവനും ആയിരിക്കും. ഉറക്കത്തിൽ കർണ്ണികാരവൃക്ഷങ്ങൾ പലാശവൃക്ഷങ്ങൾ ദിഗ്ദാഹം ഉൽകാ വിദ്യുത്ത് സൂര്യൻ അഗ്നി എന്നിവയെ കാണുകയും ചെയ്യും.

കഫപ്രകൃതിസ്തു ദൂർവ്വേന്ദീവരശരകാണ്ഡാന്യതമവർണ്ണഃ
സമസുവിഭക്തസ്നിഗ്ദ്ധസ്ഥിരസുകുമാരശ്ലിഷ്ടമാംസസന്ധിബന്ധഃ —
പരിപൂർണ്ണചാരുഗാത്രോ മഹാലലാടോരുബാഹുവ്യക്തസിതാസി
ത പ്രസന്നായതവിശാലപക്ഷ്മളാക്ഷഃ സിംഹമൃദംഗഘനഘോഷഃ

ക്ഷുൽപിപാസോഷ്ണസഹിഷ്ണുർബ്ബഹ്വൌജോബലശുക്രവ്യവായാപത്യശ്ചിരശോഷമാല്യാനുലേപനോ ദൃഢപ്രച്ഛന്നവൈരഃ പേശലഃ സത്യവാദീ സ്മൃതിമാൻ ധൃതിമാനലോലുപോ ബാല്യേപ്യരോദനഃ കടുതിക്തകഷായോഷ്ണരൂക്ഷേച്ഛോപശയശ്ച ഭവതി । അപി ച—

അല്പവ്യാഹാരക്രോധപാനാശനേഹഃ
പ്രാജ്യായുർവ്വിത്തോ ദീർഘദർശീ വദാന്യഃ
ശ്രാദ്ധോ ഗംഭീരഃ സ്ഥൂലലക്ഷഃ ക്ഷമാവാ-
നാര്യോ നിദ്രാലുർദ്ദീർഘസൂത്രഃ കൃതജ്ഞഃ
ഋജുർവ്വിപശ്ചിത്സുഭഗസ്സലജ്ജോ
ഭക്തോ ഗുരൂണാം ദൃഢസൌഹൃദശ്ച
സ്വപ്നേ സപത്മാൻ സവിഹംഗമാലാം-
സ്തോയാശയാൻ പശ്യതി തോയദാംശ്ച.

സാ—കഫപ്രകൃതിയായുള്ളവനാകട്ടെ കറുകപോലെയോ ഇന്ദീവരം പോലെയോ ഉള്ള നിറത്തോടുകൂടിയവനും, സമങ്ങളായും വേർതിരിഞ്ഞവയായും സ്നിഗ്ദ്ധങ്ങളായും സ്ഥിരങ്ങളായും മൃദുക്കളായും ശ്ലിഷ്ടങ്ങളായുമുള്ള മാംസസന്ധിബന്ധങ്ങളോടുകൂടിയവനും, തികഞ്ഞ മനോഹരമായ ഗാത്രത്തോടുകൂടിയവനും, വലിയ നെററി തുട ഇവയുള്ളവനും, വ്യക്തങ്ങളായ ശുക്ലകൃഷ്ണമണ്ഡലങ്ങളോടുകൂടിയും തെളിഞ്ഞും നീണ്ടും വിരിഞ്ഞും രോമങ്ങളോടുകൂടിയും ഇരിക്കുന്ന കണ്ണുകളുള്ളവനും, സിംഹത്തിന്റെയും മൃദംഗത്തിന്റെയും മേഘത്തിന്റെയും ശബ്ദംപോലെയുള്ള ശബ്ദമുള്ളവനും, വിശപ്പും ദാഹവും ചൂടും സഹിക്കുന്നവനും, ഓജസ്സും ബലവും ശുക്ലവും മൈഥുനവും സന്തതിയും വളരെയുള്ളവനും മാലധരിക്കയോ കുറിയിടുകയോ ചെയ്താൽ ഉണങ്ങാൻ താമസമുള്ളവനും ദൃഢമായും ഗൂഢമായുമുള്ള വൈരത്തോടുകൂടിയവനും, സുന്ദരനും, സത്യവാദിയും, ഓർമ്മശക്തിയുള്ളവനും, ധൃതിയുള്ളവനും, അതൃഷ്ണനും, ബാല്യത്തിൽകൂടി വളരെ കരയാത്തവനും, കടുതിക്തകഷായോഷ്ണരൂക്ഷങ്ങളായ ദ്രവ്യങ്ങളിൽ ഇച്ഛയും അവയെക്കൊണ്ടു സുഖവുമുള്ളവനും ആയിരിക്കും. സംഭാഷണവും കോപവും അന്നപാനങ്ങളും പ്രവൃത്തിയും അല്പമായിരിക്കും. ആയുസ്സും ധനവും അധികമുണ്ടായിരിക്കും. ദീർഘദർശിയും മൃദുഭാഷിയും ശ്രദ്ധാശീലനും ഗംഭീരനും (ഉള്ള് പുറത്തുകാണിക്കാത്തവൻ) അധികദാനശീലനും ക്ഷമാശാലിയും പൂജ്യനും നിദ്രാശീലനും ദീർഘസൂത്ര

നും കൃതജ്ഞതയുള്ളവനും ഋജുവും വിദ്വാനും സുഭഗനും ലജ്ജാശീലനും ഗുരുഭക്തനും സ്നേഹത്തിനുറപ്പുള്ളവനുമായിരിക്കും. ഈ കഫപ്രകൃതിക്കാരൻ സ്വപ്നത്തിൽ താമരയോടും പക്ഷികളോടുംകൂടിയ ജലാശയങ്ങളേയും മേഘങ്ങളേയും കാണുകയും ചെയ്യും.

ഉഭയലക്ഷണസങ്കരേ തു സംസർഗ്ഗപ്രകൃതിഃ। സർവ്വഗുണസമുദിതസ്സമദോഷപ്രകൃതിഃ। തത്രാദ്യാസ്ത്രയോ നിത്യാതുരാ ദോഷാനുശയിതപ്രകൃതിത്വാൽ। വിശേഷതശ്ച ദ്വന്ദ്വപ്രകൃതയഃ। തേഷു ഹി ഗുണമിശ്രവികാരകാരിഷു ക്ഷ്വൽവിഷാസാദിഷ്വിവാരോഗ്യവ്യപദേശഃ। തസ്മാദ്വിപരീതഗുണേന വിധിനാ ദോഷോപക്രമണീയോക്തേന താനുപാചരേൽ। സമസർവ്വരസേന സാത്മ്യേനാന്ത്യം യഥർത്തുവിഹിതേന ച॥

സാ—ഈരണ്ടു ദോഷപ്രകൃതികളുടെ ലക്ഷണങ്ങൾ കലർന്നിരുന്നാൽ സംസർഗ്ഗപ്രകൃതിയാകുന്നു. വാതപിത്തപ്രകൃതി, വാതകഫപ്രകൃതി, കഫപിത്തപ്രകൃതി എന്നിങ്ങിനെ സംസർഗ്ഗപ്രകൃതികൾ മൂന്നുവിധം. എല്ലാ പ്രകൃതികൾക്കും പറയപ്പെട്ട ഗുണങ്ങൾ (ഗർഹണീയങ്ങളായ വാതാദിപ്രകൃതിലക്ഷണങ്ങളെ ഒഴിക്കണം) ചേർന്നിരിക്കുന്നതായ പ്രകൃതി സമദോഷപ്രകൃതിയാകുന്നു. ഇപ്രകാരം പറയപ്പെട്ട ഏഴു പ്രകൃതികളിൽവെച്ച് ആദ്യത്തെ മൂന്നു പ്രകൃതിക്കാർ (അതായതു വാതപ്രകൃതി, പിത്തപ്രകൃതി, കഫപ്രകൃതി എന്നിവർ) നിത്യരോഗികളായിരിക്കും. എന്തുകൊണ്ടെന്നാൽ അവരുടെ പ്രകൃതികൾ ദോഷാനുശയിതങ്ങളാകകൊണ്ടുതന്നെ. ഇതേകാരണത്താൽത്തന്നെ സംസർഗ്ഗപ്രകൃതികൾ വിശേഷിച്ചും നിത്യരോഗികളായിരിക്കും. എന്നാൽ ഈ പൃഥഗ്ദോഷപ്രകൃതികളേയും സംസർഗ്ഗപ്രകൃതികളേയും ആരോഗ്യമെന്ന പദംകൊണ്ടു വ്യവഹരിക്കുന്നുണ്ട്. ആയതു അവ ഗുണസംകീർണ്ണങ്ങളായ ദോഷങ്ങളെ ചെയ്യുന്നവയായതുകൊണ്ടത്രേ. എന്തുപോലെയെന്നാൽ രുജാകരങ്ങളായ വിശപ്പ്, വെള്ളംദാഹം മുതലായവയിൽ ആരോഗ്യവ്യപദേശം എങ്ങിനെയോ അങ്ങിനെതന്നെ. ആകയാൽ ആ ആറു പ്രകൃതികളുള്ളവരേയും പ്രകൃതിദോഷങ്ങളുടെ ഗുണങ്ങൾക്കു വിപരീതമായ ഗുണങ്ങളോടുകൂടിയ ചികിത്സയെ ദോഷോപക്രമണീയത്തിൽ പറഞ്ഞപ്രകാരം ചെയ്തു് ഉപചരിക്കണം. ഒടുവിൽ പറഞ്ഞ സമദോഷപ്രകൃതിയെയാകട്ടേ സർവ്വരസങ്ങളും സമങ്ങളായി ചേർന്നിട്ടുള്ള സാത്മ്യാന്നപാനങ്ങളെ അതാതു് ഋതുക്കൾക്കു തക്കവണ്ണം പ്രയോഗിച്ചു് ഉപചരിക്കണം. ഇങ്ങിനെ ഏഴുവിധത്തിലുള്ള ദോഷപ്രകൃതികൾ പറയപ്പെട്ടു.

അനന്തരം ഗുണപ്രകൃതികളെ പറയുന്നു:—

ദോഷവച്ച ഗുണൈരപി സത്വാദിഭിസ്സപ്ത പ്രകൃതയോ ഭവന്തി । താസ്തു ഭിന്നിർവൃത്തൈരേവ യഥോക്തൈഃ ശൌചാദിഭിർജ്ജാനീയാൽ ॥

സാ—വാതാദികളായ മൂന്നു ദോഷങ്ങളെക്കൊണ്ടെന്നപോലെതന്നെ സത്വാദികളായ മൂന്നു ഗുണങ്ങളെക്കൊണ്ടും ഏഴു പ്രകൃതികൾ ഭവിക്കുന്നു. സത്വപ്രകൃതി, രജഃപ്രകൃതി, തമഃപ്രകൃതി എന്നിങ്ങിനെ പൃഥഗ്ഗുണപ്രകൃതികൾ മൂന്നും; സത്വരജഃപ്രകൃതി സത്വതമഃപ്രകൃതി രജസ്തമഃപ്രകൃതി എന്നിങ്ങിനെ സംസൎഗ്ഗപ്രകൃതികൾ മൂന്നും; സമഗുണപ്രകൃതി ഒന്നുംകൂടിയാണ് ഏഴു ഗുണപ്രകൃതികൾ. ഈ ഗുണപ്രകൃതികളെ മേൽപറഞ്ഞ സത്വാദിഗുണങ്ങളെക്കൊണ്ടുതന്നെ ഉണ്ടാകുന്ന ശൌചാസ്തിക്യാദികളായ ലക്ഷണങ്ങളെക്കൊണ്ടറിയണം. ശൌചം, ആസ്തിക്യം, ശുക്ലവർത്മരുചിത്വം, ബുദ്ധിമത്വം എന്നിവ കണ്ടാൽ സത്വപ്രകൃതിയും ബഹുഭാഷിത്വം, മാനിത്വം, ക്രോധം, ഡംഭം, മത്സരം മുതലായവ കണ്ടാൽ രജഃപ്രകൃതിയും ഭയം, അജ്ഞാനം, നിദ്ര, ആലസ്യം മുതലായവ കണ്ടാൽ തമഃപ്രകൃതിയുമാണെന്നറിയേണമെന്നും ഇപ്പറഞ്ഞ ലക്ഷണങ്ങളുടെ സങ്കരംകൊണ്ടുതന്നെ സംസൎഗ്ഗപ്രകൃതികളേയും സമഗുണപ്രകൃതിയേയും അറിയേണമെന്നും സാരം.

അനന്തരം ജാത്യാദിപ്രകൃതികളെ പറയുന്നു:—

തഥാ പുനസ്സപ്ത പ്രകൃതയോ ജാതികുലദേശകാലവയോബലപ്രത്യാത്മസംശ്രയാഃ । ദൃശ്യന്തേ ഹി പുരുഷാണാം ജാത്യാദിനിയതാസ്തേ തേ ഭാവവിശേഷാഃ ॥

സാ—മേൽപ്രകാരംതന്നെ ജാതി, കുലം, ദേശം, കാലം, വയസ്സ്, ബലം, എന്നിവയെ ആശ്രയിച്ചും പ്രത്യാത്മസംശ്രയമായും എന്നിങ്ങിനെ വേറേയും ഏഴുവിധം പ്രകൃതികൾ ഭവിക്കുന്നു. എന്തുകൊണ്ടെന്നാൽ ആളുകൾക്ക് ജാത്യാദിനിയതങ്ങളായി പലതരം ഭാവവിശേഷങ്ങൾ കാണപ്പെടുന്നുണ്ട്. ജാതി=ബ്രാഹ്മണാദിവൎണ്ണം. ഇതുകൊണ്ടുള്ളതെങ്ങിനെയെന്നാൽ—ബ്രാഹ്മണൻ മധുരപ്രായങ്ങളായ ആഹാരങ്ങളിൽ അഭിരുചിയുള്ളവനായും അസാഹസികനായും അധികം ഭയമുള്ളവനായും ശസ്ത്രാദികളെ സഹിക്കാത്തവനായും ഭവിക്കും. ഇപ്രകാരം ക്ഷത്രിയാദികളിലും യഥാസ്വം ഊഹ്യമാകുന്നു. കുലം=തറവാട്. ഇതുകൊണ്ടുള്ള ഭാവവിശേഷങ്ങൾ എങ്ങിനെയെന്നാൽ—ചില കുലക്കാർ സ്വഭാവേന

മദ്യപ്രിയന്മാരായും, ചിലർ മാംസാദികളിൽ കൊതിയുള്ളവരും മററുമായും കാണപ്പെടുന്നു. ഇപ്രകാരം ദേശകാലവയോബലങ്ങളേയും ഊഹിക്കേണ്ടതാണ്. പ്രത്യാത്മസംശ്രയമായിട്ടുള്ളതു ഓരോ വ്യക്തിക്കും ഉള്ള ഭിന്നപ്രകൃതിയാകുന്നു. ഒരാളുടെ ദേഹത്തിന്നുള്ള സ്വഭാവത്തിന്നു മറെറാരാളുടേതിനേ അപേക്ഷിച്ച് ചില സൂക്ഷ്മഭേദങ്ങൾ ഉണ്ടായിരിക്കുന്നതാണ് ഇത്.

സത്വാദീനാഞ്ച തരതമയോഗാച്ഛരീരവിശേഷേഭ്യശ്ചാന്യോന്യാനുവിധായിത്വാച്ച ഭേദാശ്രയമസംഖ്യേയം ഭവതി । ശരീരമപി സത്വാദീനനുരുധ്യതേ, സത്വാദയോപി ശരീരമ് ॥

സാ—മേൽപറഞ്ഞ ഏഴുവിധം പ്രകൃതികൾക്ക് പരസ്പരമുള്ള ഭേദാശ്രയം (=ഭേദപ്രകാരം; ഭേദനിഷ്പത്തി) ഇത്രയെന്നു കണക്കാക്കുവാൻ വയ്യാത്തവിധം അത്ര വളരെ പ്രകാരത്തിൽ ഉണ്ടാകുന്നുണ്ട്. ഓരോ പ്രകൃതിയിലുള്ള സത്വാദിഗുണങ്ങളുടെ സംയോഗത്തിന്റെ തരതമഭാവം (ന്യൂനാധിക്യം) ഹേതുവായും, ഓരോ ശരീരങ്ങൾക്കുമുള്ള വിശേഷങ്ങൾ ഹേതുവായും, അന്യോന്യാനുവിധായിത്വം ഹേതുവായുമാണ് അസംഖ്യഭേദങ്ങൾ ഭവിക്കുന്നത്. അന്യോന്യാനുവിധായിത്വമെന്നാൽ അങ്ങോട്ടുമിങ്ങോട്ടുള്ള ഗുണാനുരോധമെന്നർത്ഥം. അതിനെ വിവരിക്കുന്നു. ശരീരമിതി— ശരീരം സത്വാദികളായ ഗുണങ്ങളേയും സത്വാദികൾ ശരീരത്തേയും അനുരോധിക്കുന്നു. ശരീരത്തിന്നുകാര്യവിശേഷം ഉണ്ടാകുന്നതു സത്വാദികളെ അനുസരിച്ചും സത്വാദികൾക്കു ശരീരത്തെ അനുസരിച്ചുമാണെന്നു സാരം.

സത്വാദ്യസംഖ്യഭേദാവേശാച്ച രൂപസ്വരചരിതാനുകരണമപ്യനൂകശബ്ദവാച്യമസംഖ്യഭേദം ഭവതി । തദാവേശസ്ത്വനന്തരജന്മാഭ്യാസവാസനയാ ജന്യതേ । തസ്മാദ്ദേവമാനവതിര്യക്പ്രേതനാരകാണാം തത്തദ്വിശേഷാണാഞ്ച യഥായഥമേവാനൂകം പുരുഷസ്യാന്വവേക്ഷേത ॥

സാ—സത്വാദികളായ ഗുണങ്ങൾ അസംഖ്യഭേദങ്ങളായി ആവേശിക്കുന്നതുകൊണ്ട് മനുഷ്യർ അസംഖ്യപ്രകാരത്തിൽ മററുള്ളവരുടെ രൂപം, സ്വരം, ചേഷ്ട എന്നിവയെ അനുകരിക്കുന്നു. ഇങ്ങിനെയുള്ള രൂപാദ്യനുകരണത്തെ അനൂകം എന്ന ശബ്ദംകൊണ്ടു വ്യവഹരിക്കുന്നു (അനൂകം=സ്വഭാവവിശേഷം). മേൽപ്രകാരമുള്ള സത്വാദിഭേദങ്ങളുടെ ആവേശം ഉണ്ടാകുന്നതു പൂർവ്വജന്മത്തിലെ അഭ്യാസത്തിന്റെ വാസനകൊണ്ടാകുന്നു. അതു ഹേതുവായിട്ട് പുരുഷന്ന് ദേവന്മാർ, മാനുഷ

ന്മാർ, തിൎയ്യക്കുകൾ, പ്രേതങ്ങൾ, നരകവാസികൾ എന്നിവരുടെയും അവരുടെ സ്വഭാവവിശേഷങ്ങളുടേയും യഥായഥമുള്ള അനുകരണത്തെ അറിയണം. ദേവന്മാരുടെ രൂപാദികളെ അനുകരിക്കുന്നവർ ദേവാനൂകന്മാർ, തിൎയ്യക്കുകളുടേതിനെ അനുകരിക്കുന്നവർ തിൎയ്യഗനൂകന്മാർ എന്നു തുടങ്ങി വ്യവഹരിക്കപ്പെടുന്നു.

ഈ പ്രകൃതികളുടെ പ്രസ്താവത്തിൽ വയോബചാദികളെ അറിയേണ്ടതായി വന്നതുകൊണ്ട് അവയെയാണ് ഇനി വിവരിക്കുന്നത്. അതിൽ ആദ്യം വയസ്സിനെ പറയുന്നു:—

വയസ്ത്രിവിധം ബാലം മദ്ധ്യം വൃദ്ധഞ്ച। തത്രാഷോഡശാബ്ദാൽ ബാലമ്। ആഷഷ്ടേൎമ്മദ്ധ്യമ്। തതോ വൃദ്ധമ്। തേഷ്വപി സ്തന്യാഹാരോഭയവൃത്ത്യാ ബാലം ത്രിവിധമ്। തസ്മിൻ ദേഹപ്രമാണവൃദ്ധിഃ ശ്ലേഷ്മോദ്രേകശ്ച। തേന ബാലസ്യ സ്നേഹമാൎദ്ദവസൌകുമാൎയ്യാല്പക്രോധത്വസൌഭാഗ്യാനി ഭവന്തി॥

സാ—ബാലം, മദ്ധ്യം, വൃദ്ധം എന്നിങ്ങിനെ വയസ്സ് മൂന്നുവിധമാകുന്നു. അവയിൽ ബാലവയസ്സ് പതിനാറു വൎഷം വരേയും, മദ്ധ്യവയസ്സ് പതിനാറിന്നുശേഷം അറുപതു വൎഷംവരേയും, വൃദ്ധവയസ്സ് അറുപതിന്നു ശേഷവും ആകുന്നു ഇങ്ങിനെ മൂന്നുപ്രകാരമുള്ള വയസ്സുകളിൽ ബാലവയസ്സുതന്നെ മൂന്നുവിധമുണ്ട്. ഒന്ന് സ്തന്യവൃത്തി (മുലപ്പാൽ കുടിച്ച് ജീവിക്കുന്ന കാലം), രണ്ട് ആഹാരവൃത്തി (അന്നംകൊണ്ടു ജീവിക്കുന്ന കാലം) മൂന്ന് ഉഭയവൃത്തി(മുലപ്പാലും ആഹാരവും ആവശ്യമുള്ള കാലം) ഇങ്ങിനെയാണ് ബാല്യം മൂന്നുവിധം. ഇങ്ങിനെയുള്ള ബാലവയസ്സിങ്കൽ ദേഹത്തിന്റെ വലുപ്പത്തിന്നു വളൎച്ചവരികയും കഫം വൎദ്ധിച്ചിരിക്കുകയും ചെയ്യും. ഈ ദേഹവളൎച്ചയും കഫാധിക്യവും നിമിത്തം ബാലന്ന് സ്നേഹം (സ്നിഗ്ദ്ധത) മാൎദ്ദവം സൌകുമാൎയ്യം അല്പക്രോധത്വം സൌഭാഗ്യം എന്നിവ ഭവിക്കും.

മദ്ധ്യമപി ത്രിവിധം യൌവനം സംപൂൎണ്ണത്വമപരിഹാനിശ്ച। തസ്മിൻ പിത്തോദ്രേകഃ। തേന ദീപ്താഗ്നിതാ പ്രജ്ഞാധിക്യ പരിപാകൌ വ്യവസായശ്ച। തത്രാത്രിംശതോ യൌവനമാചത്വാരിംശതഃ സൎവ്വധാത്വിന്ദ്രിയബലവീൎയ്യപൌരുഷസ്മരണവചനവിജ്ഞാനപ്രശ്രയഗുണസംപൂൎണ്ണത്വമതഃ പരമപരിഹാനിഃ॥

സാ—മദ്ധ്യവയസ്സും മൂന്നുവിധമാകുന്നു. ഒന്ന് യൌവനം, രണ്ട് സമ്പൂൎണ്ണത്വം, മൂന്ന് അപരിഹാനി. ഈ മൂന്നുവിധവുമുള്ള മദ്ധ്യവയ

സ്സിങ്കൽ പിത്തം വർദ്ധിച്ചിരിക്കയും തന്നിമിത്തം അഗ്നിദീപ്തിയും ബുദ്ധിക്ക് ആധിക്യം, പരിപാകം എന്നിവയും വ്യവസായവും ഉണ്ടാകയും ചെയ്യും. ഇവയിൽ യൌവനം മുപ്പതു വർഷംവരെയും, എല്ലാ ധാതുക്കൾക്കും ഇന്ദ്രിയങ്ങൾക്കും ബലത്തിന്നും വീര്യത്തിന്നും പൌരുഷത്തിന്നും സ്മരണത്തിന്നും വചനത്തിന്നും വിജ്ഞാനത്തിന്നും വിനയഗുണത്തിന്നുമുള്ള തികവാകുന്ന സംപൂർണ്ണത്വം മുപ്പതിന്നുശേഷം നാല്പതാം വർഷംവരെയും, അപരിഹാനി നാല്പതു വർഷത്തിന്നു മേലുമാകുന്നു. അപരിഹാനി=വൃദ്ധിയും ക്ഷയവുമില്ലാത്ത അവസ്ഥ.

വൃദ്ധസ്തു ശശ്വൽക്ഷീയമാണധാത്വിന്ദ്രിയാദിഗുണം വലീപലിതകാസശ്വാസാഗ്നിസാദാദിഭിരഭിഭൂയമാനം ജീർണ്ണം ഭവനമിവാഭിവൃഷ്ടമവസീദതി । തസ്മിൻ മാരുതോദ്രേകഃ । തേന ശ്ലഥസാരമാംസസന്ധ്യസ്ഥിതാ ത്വക്പാരുഷ്യമവനാമഃ കായസ്യ വേപഥുഃ കാസഃ ശ്വാസഃ ശ്ലേഷ്മസിംഘാണകോദീരണം ധാതുക്ഷയശ്ച ॥

സാ—വൃദ്ധവയസ്സാകട്ടേ എല്ലായ്പോഴും ക്ഷയിച്ചുംകൊണ്ടു വരുന്ന ധാത്വിന്ദ്രിയാദിഗുണങ്ങളോടുകൂടിയതും വലി (ചുളി) പലിതം (നര) കാസം ശ്വാസം അഗ്നിമാന്ദ്യം മുതലായവയാൽ അനവരതം ബാധിക്കപ്പെട്ടുംകൊണ്ടു വരുന്നതും ആകുന്നു. ജീർണ്ണമായ ഗൃഹം മഴവെള്ളംകൊണ്ടു നനഞ്ഞാൽ എങ്ങിനെ ഇടിഞ്ഞു തകരുമോ അങ്ങിനെ വൃദ്ധവയസ്സും അവസാദ (ക്ഷീണത) ത്തെ പ്രാപിക്കുന്നു. ഈ വയസ്സിങ്കൽ വായുവിന്ന് ആധിക്യം ഭവിക്കും. അതുകൊണ്ടു സാരങ്ങൾ, മാംസം, സന്ധികൾ, അസ്ഥികൾ എന്നിവ ശിഥിലങ്ങളായി ഭവിക്കയും ത്വക്കിന്നു പാരുഷ്യം (പരുപരുപ്പ്) ഉണ്ടാകയും കായത്തിന്ന് അവനാമം (കൂന്) ഉണ്ടാകയും വിറ, ചുമ, ഏക്കം എന്നിവ ഭവിക്കുകയും ശ്ലേഷ്മസിംഘാണകസ്രവണം (നാസാമലസ്രാവം) ഉണ്ടാകയും ധാതുക്ഷയംവരികയുംചെയ്യും. ഇങ്ങിനെയാണ് വയസ്സിൻെറ വിവരണം. ഇനി ഇതിൽ മതഭേദത്തെ കാണിക്കുന്നു.

അന്യേ പുനരാഹുഃ—

ബാല്യം വൃദ്ധിഃ പ്രഭാ മേധാ ത്വക്ശുക്ലാക്ഷിശ്രുതീന്ദ്രിയം
ദശകേഷു ക്രമാദ്വ്യേതി മനസ്സർവ്വേന്ദ്രിയാണി ച

ഏവം വർഷശതമായുഷഃ പ്രമാണമസ്മിൻ കാലേ । സന്തി പുനഃ കർമ്മവിശേഷാദൂനാധികവർഷശതജീവിനോ മനുഷ്യാഃ । തേഷാം യഥോക്തൈഃ പ്രകൃതിവിശേഷൈരായുഷഃ പ്രമാണമുപലഭ്യ വയസ്ത്രിധാ വിഭജേൽ ॥

സാ—മററു ചില ആചാൎയ്യന്മാർ ഇങ്ങിനെ പറയുന്നു. എങ്ങിനെയെന്നാൽ—ബാല്യം, വൃദ്ധി, പ്രഭം, മേധാ, ത്വക്ക്, ശുക്ലം, അക്ഷീന്ദ്രിയം, ശ്രുതീന്ദ്രിയം, മനസ്സ്, സൎവ്വേന്ദ്രിയങ്ങൾ എന്നീ പത്തുകൂട്ടം ജനനാൽ മുതൽ പതിപ്പത്തുകൊല്ലം കൂടുമ്പോൾ ക്രമേണ വ്യതിയാനം ചെയ്യുന്നു. (വ്യത്യാസപ്പെടുന്നു) ആദ്യത്തെ പത്തു കഴിഞ്ഞാൽ ബാല്യം പോകും. രണ്ടാം പത്തു കഴിഞ്ഞാൽ വൃദ്ധി (വളൎച്ച) നിലക്കും. മൂന്നാം പത്തിൽ പ്രഭയും, നാലാം പത്തിൽ മേധയും, അഞ്ചാം പത്തിൽ ത്വക്കും അന്യഥാ ഭവിക്കും. ആറാം പത്തിൽ ശുക്ലവും, ഏഴാം പത്തിൽ ദൎശനേന്ദ്രിയവും, എട്ടാം പത്തിൽ ശ്രവണേന്ദ്രിയവും, ഒമ്പതാം പത്തിൽ മനസ്സും, പത്താം പത്തിൽ സൎവ്വേന്ദ്രിയങ്ങളും ക്ഷയിക്കും—എന്നു സാരം. ഇങ്ങിനെ നൂറുകൊല്ലമാണ് ഈ കലികാലത്തിങ്കൽ ആയുസ്സിൻെറ പ്രമാണം. എന്നാൽ ദൈവമായും പൌരുഷമായും ഉള്ള ചീത്തയും നല്ലതുമായ കൎമ്മങ്ങളുടെ വിശേഷത്താൽ ചില മനുഷ്യർ നൂറുവയസ്സിൽ കുറഞ്ഞും മററുചിലർ നൂറിൽ അധികമായും ജീവിച്ചിരിക്കും. അവരുടെ ആയുസ്സിൻെറ പ്രമാണത്തേയും മേൽപറഞ്ഞ പ്രകൃതിവിശേഷങ്ങളെക്കൊണ്ട് അറിഞ്ഞ് ശൈശവയൌവനവാൎദ്ധക്യങ്ങളെ വിഭജിക്കേണ്ടതാണ്. അമ്പതു വയസ്സ് ജീവിക്കുന്നവരോ ഇരുപത്തു വയസ്സ് ജീവിക്കുന്നവരൊ നൂറിലധികം ജീവിക്കുന്നവരൊ ആയവരുടെ വയസ്സിനേയും ബാല്യാദിഭേദേന മൂന്നായി തിരിച്ചുകൊള്ളേണമെന്നും ഈ ആൾക്ക് ഇത്രകൊല്ലത്തെ ആയുസ്സുണ്ടെന്നു വാതാദിദോഷപ്രകൃതികൾക്കും സത്വാദിഗുണപ്രകൃതികൾക്കും ജാത്യാദിപ്രകൃതികൾക്കും പറയപ്പെട്ടതനുസരിച്ച് അറിയേണമെന്നും സാരം. (വാതപ്രകൃതിക്കു സ്വല്പായുസ്സ്, പിത്തപ്രകൃതിക്കു മദ്ധ്യായുസ്സ്, കഫപ്രകൃതിക്കു ദീൎഘായുസ്സ് ഇത്യാദിരീത്യാ അറിഞ്ഞുകൊള്ളണം).

അപി ച—

വൎഷം വൎഷം ക്ഷയം യാതി നൃണാം യാതേ ശതേ ശതേ
ആയുഷോപുണ്യബാഹുല്യാദ്യദാ യന്മാനമിഷ്യതേ ॥

സാ—കൃതയുഗാദികളായ കാലങ്ങളിൽ ആയുസ്സിന്നു യാതൊരു പരിമാണം പറയപ്പെട്ടിട്ടുണ്ടോ ആ പരിമാണത്തിൽ നൂറുനൂറുവൎഷം ചെല്ലുമ്പോൾ ഓരോ വയസ്സുവീതം കുറച്ചേ ജീവിക്കയുള്ളൂ. ആയുസ്സിന്നു സ്വഭാവേയുള്ള അപുണ്യബാഹുല്യമാണിതിന്നു ഹേതു. മനുഷ്യർ ശതജീവികളോ സഹസ്രജീവികളോ ദശജീവികളോ എങ്ങിനെയായിരുന്നാ

ലും അവരുടെ ആയുസ്സിൻ്റെ നൂററിൽ ഒന്നു വീതം കിഴിവ് അനുഭവത്തിൽ ഉണ്ടാകുമെന്നു ചുരുക്കം.

അനന്തരം ബലത്തെ പറയുന്നു:—

ബലമപി ത്രിവിധം ഭവതി । സഹജം കാലകൃതം യുക്തികൃതഞ്ച । തത്ര സഹജം ദേഹസത്വയോഃ പ്രാകൃതമ് । കാലകൃതമൃതുവിഭാഗജം വയഃകൃതഞ്ച । യുക്തികൃതം പുനരാഹാരവിഹാരോത്ഥമൂർജ്ജസ്കരയോഗജഞ്ച । തദ്വൃദ്ധികരാസ്ത്വിമേ ച ഭാവാ ഭവന്തി। തദ്യഥാ—ബലവൽപുരുഷേ ദേശേ ജന്മ തദ്വിധേ ച കാലേ സുഖശ്ച കാലയോഗോ ബീജക്ഷേത്രഗുണശരീരാഹാരസത്വസമ്പത്തയഃ സ്വഭാവോ യൌവനം വ്യായാമോ ഹർഷശ്ച ॥

സാ—ബലവും മൂന്നുവിധത്തിലായി ഭവിക്കുന്നു. ഒന്ന് സഹജം, രണ്ട് കാലകൃതം, മൂന്ന് യുക്തികൃതം ഇവയിൽ സഹജബലം ദേഹത്തിൻ്റെയും സത്വത്തിൻ്റെയും പ്രകൃതി(സ്വഭാവം) ക്കനുസരിച്ചുണ്ടായതാകുന്നു. കാലകൃതമായ ബലം ഹേമന്താദികളായ ഋതുക്കളുടെ വിഭാഗംകൊണ്ടുണ്ടായതും ബാല്യയൌവനാദികളായ വയസ്സുകളെക്കൊണ്ടുണ്ടായതും ആകുന്നു. യുക്തികൃതമായ ബലമാകട്ടെ ആഹാരവിഹാരങ്ങളിൽനിന്നുണ്ടാകുന്നതും രസായനവാജീകരണാദികളായ ഊർജ്ജസ്കരയോഗങ്ങളെക്കൊണ്ടുണ്ടാകുന്നതുമാകുന്നു. ഇങ്ങിനെ മൂന്നുവിധത്തിലുള്ള ബലത്തിന്നും താഴേ പറയുന്ന ഭാവങ്ങൾ വൃദ്ധികരങ്ങളാകുന്നു. അവ ഏവയെന്നാൽ—ബലവാന്മാരായ ആളുകൾ ഉള്ള ദേശത്തിങ്കൽ ജനിക്കുക, ബലവാന്മാരായ ആളുകൾ ഉള്ളതായ കാലത്തിൽ ജനിക്കുക, കാലത്തിൻ്റെ യോഗം സുഖം (സമ്യഗ്യോഗം) ആയി ഭവിക്കുക, ബീജഗുണം ക്ഷേത്രഗുണം ശരീരാഹാരസത്വസമ്പത്തി എന്നിവയുണ്ടായിരിക്കുക, സ്വഭാവബലമുണ്ടായിരിക്കുക, യൌവനം വ്യായാമം ഹർഷം ഇവ ഭവിക്കുക എന്നിവയാണ് ബലവൃദ്ധികരങ്ങളായ ഭാവങ്ങൾ.

അനന്തരം സാരങ്ങളെ പറയുന്നു:—

തഥാ സാരാണ്യഷ്ടൌ ത്വഗ്രക്തമാംസമേദോസ്ഥിമജ്ജശുക്ലസത്വാത്മകാന്യുത്തരോത്തരവരാണി ബലമാനജ്ഞാനാർത്ഥമുപദിശ്യന്തേ । അപി ച—ന മഹ്യേദ്ദേഹമാത്രദർശനാദേവ ഭിഷഗയമുപചയേന മഹാശരീരത്വാദ്വാ ബലവാനയം കൃശത്വാദല്പശരീരത്വാദ്വാല്പബല ഇതി। അല്പോഭയമപ്യന്യഥാ ദൃഷ്ടം ഗജസിംഹേ ॥

സാ—അപ്രകാരംതന്നെ ഒരാളുടെ ദേഹബലത്തിൻ്റെ മാനം അ

റിയുവാനായി ത്വഗ്രക്താദികളായി എട്ടു സാരങ്ങൾ ആചാൎയ്യന്മാരാൽ ഉപദേശിക്കപ്പെട്ടിരിക്കുന്നു. (ത്വക്സാരം, രക്തസാരം, മാംസസാരം, മേദസ്സാരം, അസ്ഥിസാരം, മജ്ജസാരം, ശുക്ലസാരം, സത്വസാരം) ഇവ മേല്പോട്ടു മേല്പോട്ടു അധികമധികം ഗുണതരങ്ങളാകുന്നു. ആകയാൽ ത്വക്സാരമുള്ളവൻ ബലവാൻ, രക്തസാരമുള്ളവൻ അതിലും ബലവാൻ ഇത്യാദിയായി അധികബലത്തെത്തന്നെ ഗ്രഹിക്കണം. എന്നുതന്നെയല്ല, വൈദ്യൻ ഒരാളുടെ ദേഹം മാത്രം കണ്ടിട്ട് ഇയ്യാൾ നല്ല തടിയും വലിയ ശരീരവുമുള്ളതുകൊണ്ടു ബലവാനാണു്; ഇയ്യാൾ കൃശനും അല്പദേഹനമായതുകൊണ്ട് ബലം കുറഞ്ഞവനാണ് എന്നു ഭ്രമിച്ചുപോകരുത്. ഗജസിംഹങ്ങളിൽ ഇതു രണ്ടും മറിച്ചുകാണുന്നുണ്ടല്ലോ. ഗജത്തിന്റെ ദേഹം എത്ര വലുതാണ്, എന്തു തടിയാണ്? സിംഹത്തിന്റേത് അതിൽ ചെറുതല്ലേ? എന്നിട്ടും ഗജം സിംഹത്താൽ കൊല്ലപ്പെടുന്നു.

**തത്ര സൎവ്വൈസ്സാരൈരുപേതോ ഭവത്യതിബലഃ പരമഗൌരവയുക്തഃ ക്ലേശക്ഷമഃ സൎവ്വാരംഭേഷ്വാത്മനി പ്രത്യാശാവാൻ കല്യാണാഭിനിവേശീ സ്ഥിരശരീരഃ സുസമാഹിതഗതിഃ സാനുനാദസ്നിഗ്ധഗംഭീരമഹാസ്വരഃ സുഖൈശ്വൎയ്യവിത്തോപഭോഗസമ്മാനഭാങ് മന്ദജരാമയഃ പ്രായസ്തുല്യഗുണവിസ്തീൎണ്ണാപത്യോ ദീൎഘായുശ്ച । തദ്വിപരീതസ്ത്വസാരഃ । മദ്ധ്യോ മദ്ധ്യഗുണഃ ॥**

സാ—മേല്പറഞ്ഞ സാരങ്ങളിൽ എല്ലാം തികഞ്ഞവൻ അതിബലത്വാദികളോടുകൂടിയവനായി ഭവിക്കും. സൎവ്വാരംഭങ്ങളിൽ പ്രത്യാശാവാൻ=എല്ലാ പ്രവൃത്തികൾ ചെയ്യുമ്പോഴും അവശ്യം ഫലം വരുമെന്നു വിശ്വാസമുള്ളവൻ. കല്യാണാഭിനിവേശീ=ദൃഷ്ടാദൃഷ്ടങ്ങളായ ശുഭങ്ങളിൽ താല്പൎയ്യമുള്ളവൻ. സാനുനാദ.........മഹാസ്വരൻ=അനുനാദത്തോടുകൂടിയതും സ്നിഗ്ധവും ഗംഭീരവുമായ വലിയ ഒച്ചയുള്ളവൻ. സുഖൈശ്വൎയ്യ.........ഭാക്ക്=സുഖം ഐശ്വൎയ്യം (സ്വാശക്തി) ധനം മാന്യത എന്നിവയുള്ളവൻ. മന്ദജരാമയൻ=ജരയും രോഗവും കുറവായവൻ. പ്രായേണ തുല്യഗുണവിസ്തീൎണ്ണാപത്യൻ=തന്നോടു തുല്യങ്ങളായ ഗുണങ്ങളുള്ള അനേകസന്താനങ്ങളോടുകൂടിയവൻ. ശേഷം സ്പഷ്ടാൎത്ഥം. സാരങ്ങളോടുകൂടാത്തവൻ ഇപ്പറഞ്ഞവയിൽനിന്നു വിപരീതനായും മദ്ധ്യസാരൻ മദ്ധ്യഗുണനായും ഭവിക്കും.

അനന്തരം ശരീരാവയവങ്ങളുടെ അളവിനെ പറയുന്നു:—

**പ്രമാണം പുനഃ സ്വാംഗുലൈഃ പാദാംഗുഷ്ഠപ്രദേശിന്യൌ**

ദ്വ്യംഗുലായതേ തിസ്രോന്യാഃ ക്രമേണാനന്തരാൽ പഞ്ചമഭാഗ
ഹീനാ ന്യൂനപഹീനാ വാ । ചതുരംഗുലായതാഃ പൃഥക്പ്രപദപാദ
തലപാർഷ്ണയഃ ഷൾപഞ്ചചതുരംഗുലവിസ്തൃതാശ്ചതുർദ്ദശൈ
വായാമേന പാദശ്ചതുർദ്ദശൈവ പരിണാഹേന । തഥാ ഗുൽഫൗ
ജംഘാമദ്ധ്യഞ്ച । ചതുരംഗുലോത്സേധഃ പാദഃ । അഷ്ടാദശായാമൗ
ജംഘാ ഊരൂ ച । ചതുരംഗുലം ജാനു । ത്രിംശദംഗുലപരിണാഹൗ
ഊരൂ ॥

സാ—കാലിന്റെ തള്ളവിരലും ചൂണ്ടുവിരലും തന്റെ വിരൽക്കു് ഈരണ്ടംഗുലം നീളമുണ്ടായിരിക്കും. ശേഷമുള്ള മൂന്നു വിരലുകൾ രണ്ടംഗുലത്തിങ്കൽനിന്നു് അഞ്ചിലൊരംശം ക്രമേണ കുറഞ്ഞവയായിരിക്കും. കഴ്വിരൽ രണ്ടംഗുലത്തിന്റെ അഞ്ചിലൊന്നു കുറച്ചും, മോതിരവിരൽ അതിൽനിന്നും അഞ്ചിലൊന്നു കുറച്ചും, ചെറുവിരൽ അതിൽനിന്നും അഞ്ചിലൊന്നു കുറച്ചും നീളമുണ്ടായിരിക്കുമെന്നർത്ഥം. അല്ലെങ്കിൽ ആ മൂന്നു വിരലുകളിൽ ആദ്യത്തേതിന്റെ നഖം കുറഞ്ഞത്ര വലുപ്പമായിരിക്കും പിന്നത്തേതിനുണ്ടായിരിക്കുക. പ്രപദം (=അംഗുല്യനന്തരമുള്ള പാദാഗ്രം), പാദതലം (=കാലടി), പാർഷ്ണി (=മടമ്പു്) ഇവ ഓരോന്നും നാലംഗുലം നീളമുള്ളവയും, ക്രമത്തിൽ ആറും അഞ്ചും നാലും അംഗുലം വിസ്താരമുള്ളവയുമായിരിക്കും (പ്രപദത്തിന്നു് ആറും പാദതലത്തിന്നഞ്ചും മടമ്പിന്നു നാലും അംഗുലം വിസ്താരമുണ്ടായിരിക്കുമെന്നർത്ഥം.) പാദം ആയാമം (=നീളം) കൊണ്ടും പരിണാഹം (=വട്ടം) കൊണ്ടും പതിന്നാലംഗുലം ഉണ്ടായിരിക്കും. അപ്രകാരംതന്നെ നെരിയാണി, ജംഘാമദ്ധ്യം എന്നിവയും പതിന്നാലംഗുലം പരിണാഹമുള്ളതായിരിക്കും. പാദത്തിന്റെ ഉത്സേധം (=ഉയരം) നാലംഗുലമാണു്. ജംഘാ, ഊരു എന്നിവയുടെ നീളം പതിനെട്ടംഗുലം. ജാനു നാലംഗുലം. തുടയുടെ വട്ടം മുപ്പതംഗുലം.

ഷഡായാമൌ മുഷ്കൌ മേഢ്രാവഷ്ടപഞ്ചപരിണാഹൌ । ഷോഡ
ശവിസ്താരം കടീ പഞ്ചാശൽ പരിണാഹാ । ദശാംഗുലം വസ്തിശി
രഃ । ദ്വാദശാംഗുലമുദരം । ദശവിസ്താരേ ദ്വാദശായാമേ പാർശ്വേ ।
ദ്വാദശോത്സേധം ത്രികം । അഷ്ടാദശോത്സേധം പൃഷ്ഠം । ദ്വാദ
ശകം സ്തനാന്തരം । ദ്വ്യംഗുലം സ്തനപര്യന്തം । ചതുർവ്വിംശത്യം
ഗുലവിശാലം ദ്വാദശോത്സേധമുരഃ । ദ്വ്യംഗുലം ഹൃദയം । അഷ്ട
കൌ സ്കന്ധൌ കക്ഷേ ച । ഷഡംഗുലാവംസൌ ഷോഡശകൌ പ്രബാ

ഗ്രൌ । പഞ്ചദശകൌ പ്രപാണീ । ദ്വാദശാംഗുലൌ പാണീ । തത്രാപി പഞ്ചാംഗുലാ മധ്യമാംഗുലിഃ । തതോഽർദ്ധാംഗുലഹീനേ പ്രദേശിന്യനാമികേ । സാർദ്ധത്ര്യംഗുലൌ കനിഷ്ഠികാംഗുഷ്ഠൌ । ചതുരംഗുലോത്സേധാ ദ്വാവിംശതിപരിണാഹാ ശിരോധരാ । ദ്വാദശോത്സേധം ചതുർവ്വിംശതിപരിണാഹമാനനം ॥

സാ—മുഷ്ക (വൃഷണ) ങ്ങൾ എട്ടംഗുലം പരിണാഹവും ആറംഗുലം നീളവുമുണ്ടായിരിക്കും. ലിംഗം അഞ്ചംഗുലം പരിണാഹവും ആറംഗുലം നീളവുമുണ്ടായിരിക്കും. കടി (അര, വൃഷണങ്ങളുടേയും ലിംഗത്തിന്റേയും ഉപരിഭാഗം) പതിനാറംഗുലം വിസ്താരവും അയ്മ്പതംഗുലം പരിണാഹവും ഉള്ളതായിരിക്കും. വസ്തിശിരസ്സ് (ലിംഗമൂലം മുതൽ നാഭിവരെയുള്ള സ്ഥാനം) പത്തംഗുലം നീളമുണ്ട്. ഉദരം പന്ത്രണ്ടംഗുലം. പാർശ്വങ്ങൾ (വാരികൾ) പത്തംഗുലം വിസ്താരവും പന്ത്രണ്ടംഗുലം നീളവുമുണ്ടായിരിക്കും. ത്രികത്തിന്റെ ഉയരം പന്ത്രണ്ടംഗുലം. പൃഷ്ഠ (പുറം) ത്തിന്റെ ഉയരം പതിനെട്ടംഗുലം. സ്തനങ്ങളുടെ ഇട പന്ത്രണ്ടംഗുലം. സ്തനങ്ങളുടെ വട്ടം രണ്ടംഗുലം. ഉരസ്സിന്റെ വിസ്താരം ഇരുപത്തിനാലംഗുലവും ഉയരം പന്ത്രണ്ടംഗുലവുമാകുന്നു. ഹൃദയം രണ്ടംഗുലം. സ്തനങ്ങളുടേയും കക്ഷങ്ങളുടേയും നീളം എട്ടംഗുലം വീതം. അംസങ്ങളുടെ നീളം ആറംഗുലവും, പ്രബാഹുക്കളുടെ നീളം പതിനാറംഗുലവും, പ്രപാണികളുടെ നീളം പതിനഞ്ചംഗുലവും, പാണികളുടെ നീളം പന്ത്രണ്ടംഗുലവുമാണ്. അതിൽതന്നെയും മധ്യമാംഗുലി (നടുവിരൽ) അഞ്ചംഗുലം നീളമുണ്ടായിരിക്കും. പ്രദേശിനി (ചൂണ്ടുവിരൽ) നാലര അംഗുലവും മോതിരവിരൽ നാലംഗുലവും നീളമുണ്ടായിരിക്കും. ചെറുവിരലിന്റേയും പെരുവിരലിന്റേയും നീളം മൂന്നര അംഗുലം വീതമാകുന്നു. ശിരോധരയുടെ (കഴുത്തിന്റെ) ഉയരം നാലംഗുലവും പരിണാഹം ഇരുപത്തിരണ്ടംഗുലവുമാണ്. മുഖത്തിന്റെ ഉയരം പന്ത്രണ്ടംഗുലവും പരിണാഹം ഇരുപത്തിനാലംഗുലവും ആകുന്നു.

പഞ്ചാംഗുലമാസ്യം । ചതുരംഗുലം പൃഥക് ചിബുകൌഷ്ഠനാസാദ്വൃഷ്ട്യന്തരകർണ്ണലലാടം । ത്രിഭാഗാംഗുലവിസ്താരാ നാസാപുടമര്യാദാ । ദ്വ്യംഗുലായതമംഗുഷ്ഠോദരവിസ്തൃതം നേത്രം । തത്ര ശുക്ലാത്തൃതീയാംശം കൃഷ്ണം । കൃഷ്ണാന്നവമാംശാ മസൂരദലമാത്രാ ദൃഷ്ടിഃ । ഷഡംഗുലോത്സേധം ദ്വാത്രിംശൽ പരിണാഹം ശിര ഇതി । സർവ്വം പുനശ്ശരീരമംഗുലാനി ചതുരശീതിഃ । തദായാമവിസ്താ

രസമം സമമുച്യതേ । തത്ര യഥോക്തപരിമാണമിഷ്ടമനിഷ്ടം ഹീനാധികം വാ । തഥാ ഹ്രസ്വദീർഘഗൌരകൃഷ്ണരോമശാരോമസ്ഥൂലകൃശം ചേതി ॥

സാ—വായയുടെ വലുപ്പം നാലംഗുലമാണ്. ചിബുകം (താടി), ചുണ്ട്, മൂക്ക്, ദൃഷ്ട്യന്തരം (കണ്ണുകളുടെ എട), ചെവി, നെററി എന്നിവ ഓരോന്നിന്റെയും നീളം നന്നാലംഗുലമാകുന്നു. നാസാപുടത്തിന്റെ മര്യാദ (മാംസമയമായ അതൃത്തി) ഒരു വിരലിന്റെ മൂന്നിലൊന്നു വിസ്താരത്തോടുകൂടിയതാകുന്നു. കണ്ണിന്റെ നീളം രണ്ടംഗുലവും വിസ്താരം അംഗുഷ്ഠോദരത്തോളവുമാകുന്നു. അതിൽ ശുക്ലമണ്ഡലത്തിന്റെ മൂന്നിലൊരംശം കൃഷ്ണമണ്ഡലം. കൃഷ്ണമണ്ഡലത്തിന്റെ ഒമ്പതിലൊരംശം വലുപ്പവും ഒരു ചണംപയറിന്റെ പരിപ്പിനോളം ഘനവുമുള്ളതാണ് ദൃഷ്ടി. ശിരസ്സിന്റെ ഔന്നത്യം ആറംഗുലവും പരിണാഹം മുപ്പത്തിരണ്ടംഗുലവുമാകുന്നു. ശരീരം എല്ലാംകൂടിയാൽ ആകട്ടേ എണ്പത്തിനാലംഗുലം നീളമുണ്ടായിരിക്കും. അത് ആയാമവിസ്താരങ്ങളിൽ സമമായിരുന്നാൽ സമദേഹമെന്നു പറയപ്പെടുന്നു. ശരീരത്തിനു മേൽപ്പറഞ്ഞ പരിമാണമാണു വേണ്ടത്. ഇതിൽ കുറയുകയോ ഏറുകയോ ചെയ്യുന്നത് അനിഷ്ടമാകുന്നു. അപ്രകാരംതന്നെ ഹ്രസ്വമായോ ദീർഘമായോ ഗൌരവർണ്ണമായോ കൃഷ്ണവർണ്ണമായോ രോമശമായോ രോമഹീനമായോ സ്ഥൂലമായോ കൃശമായോ ഉള്ള ദേഹവും ചീത്തയാകുന്നു.

ഇഷ്ടം പുനർമ്മഹാശരീരദർശനവദനഘനസ്നിഗ്ദ്ധപൃഷ്ഠസ്വരമുപചിതാംസസ്ഫിക്കടീവക്ഷോഗ്രീവാതാലുകമുഭയേഗുണപാണിപാദചിബുകകർണ്ണലലാടമ് । സൂക്ഷ്മാസിതദന്തനഖാംഗുലിപർവ്വകേശമ് । ദീർഘാംഗുലിസക്ഥിബാഹൂച്ഛ്വാസേക്ഷിതനേത്രജിഹ്വമ് । വിസ്തീർണ്ണാസ്യാധരൌഷ്ഠജിഹ്വാലലാടകർണ്ണപീഠവക്ഷോല്പമദ്ധ്യഗ്രീ-വാകേശമ് । സ്നിഗ്ദ്ധത്വക്കചകരജനയനസ്വനമ് । സ്ഥിരേന്ദ്രിയത്വങ്നഖകേശപാർശ്വമ് । ഗംഭീരനാഭിസന്ധിസ്വരമ് । ഗൂഢജത്രുപൃഷ്ഠവംശദന്തമൂലമ് । രക്തതാല്വോഷ്ഠനഖനേത്രാന്തമതാമ്രജിഹ്വാഹസ്തപാദതലമ് । കൃഷ്ണകേശഭ്രൂനേത്രപക്ഷ്മതാരകമ് । ശുക്ലശുക്ലമണ്ഡലദശനചരിതമുന്നതചിത്തസ്കന്ധലലാടോദരമുഖനഖപാദമ് । നീരദമേഘധീരകർണ്ണസ്വനനാസാഗ്രഹാംക്രമണമ് । ഘനസ്കന്ധകന്ധരാദന്താംഗുലിത്വക്സൌഹാർദ്ദമ് । തനുനഖശ്മശ്രുജിഹ്വമ് । വൃത്തസ്ഫിഗ്ഗ്രീവാനഖമ് । സമപൃഷ്ഠദന്തലലാടേക്ഷിതമ് ।

തഥാനുപൂൎവ്വ്യതാവൃത്ത । ദക്ഷിണാവൎത്തനാഭിഃ । പ്രകൃഷ്ടാന്തരൌ സ്തനൌ ഭ്രുവൌ ച । കൂൎമ്മാകൃതയോ നഖാഃ പാദൌ ച । ഋജ്വാസ്യം നാസാവംശശ്ച । അനൽപ്ബഹ്വോ ദന്താ അവിഷമാശ്ച । ശ്ലക്ഷ്ണം താലു ജിഹ്വാ ച । നാതിസ്ഥൂലകൃശാവോഷ്ഠൌ ദേഹബന്ധശ്ച । സുസ്പന്ദം ഹൃദയം ശംഖൌ മന്യേ ച । സോഷ്മ താലുപാദോദരം നിശ്വാസശ്ച । പൃഷ്ഠതോവനതൌ രോമശൌ ച കൎണ്ണൌ । ഈഷൽപ്രലംബിന്യൌ ഭ്രുവൌ വലിനം സുശ്ലിഷ്ടസന്ധ്യൎദ്ധചന്ദ്രാകൃതിലലാടമാതപത്രോപമം ശിരഃ । നൈകമൂലാ മൃദവഃ കേശാഃ । ഗൂഢം ഗൂഢം സിരാസ്ഥിസന്ധി । പ്രകൃതിയുക്താനി വാതമൂത്രപുരീഷഗുഹ്യാനി । ഹസിതരുദിതാനി ച ചേഷ്ടിതാനി । തഥാ സ്നാതാനുലിപ്തമധഃപ്രസൃതാനുപൂൎവ്വ്യം ശുഷ്യദിഷ്ടം ശരീരമിതി ॥

സാ—താഴെ പറയും പ്രകാരം ശരീരം ഭവിക്കുന്നതു നല്ലതാകുന്നു—ശരീരംമുതൽ സ്വരംവരെയുള്ളവ മഹത്തുക്കളായും, ഊരുമുതൽ താലുവരെയുള്ളവ തടിച്ചവയായും, പാണിമുതൽ ലലാടംവരെയുള്ളവ മഹത്ത്വവും തടിയുമുള്ളവയായും ഭവിക്കുന്നതു നല്ലതാകുന്നു. അസ്ഥിമുതൽ കേശംവരെയുള്ളവ സൂക്ഷ്മങ്ങളായിരിക്കണം. അംഗുലിമുതൽ ജിഹ്വവരെ ഉള്ളവ ദീൎഘങ്ങളായിരിക്കണം. ആസ്യംമുതൽ വക്ഷസ്സ്വരെയുള്ളവ വിസ്തീൎണ്ണമായിരിക്കണം. മേഢ്രംമുതൽ കേശംവരെ ഉള്ളവ അല്പമായിരിക്കണം. ത്വക്കുമുതൽ സ്വനം (ശബ്ദം) വരെയുള്ളവ സ്നിഗ്ദ്ധങ്ങളായിരിക്കണം. ഇന്ദ്രിയംമുതൽ പാൎശ്വംവരെയുള്ളവ സ്ഥിരങ്ങളായിരിക്കണം നാഭിമുതൽ സ്വരം (ഒച്ച) വരെയുള്ളവ ഗംഭീരങ്ങളായിരിക്കണം. ജത്രുമുതൽ ദന്തമൂലംവരെയുള്ളവ ഗൂഢങ്ങളായിരിക്കണം. താലുമുതൽ നേത്രാന്തംവരെയുള്ളവ രക്തവൎണ്ണങ്ങളായിരിക്കണം. ജിഹ്വമുതൽ പാദതലംവരെയുള്ളവ ഈഷൽതാമ്രവൎണ്ണമായിരിക്കണം. കേശംമുതൽ താരകംവരെയുള്ളവ കൃഷ്ണവൎണ്ണമായിരിക്കണം. ശുക്ലമണ്ഡലംമുതൽ ചരിതം (നടവടി) വരെയുള്ള ശുക്ലമായിരിക്കണം. ചിത്തം (മനസ്സ്) മുതൽ പാദംവരെയുള്ളവ ഉന്നതമായിരിക്കണം. ചിത്തത്തിന്ന് ഔന്നത്യമെന്നാൽ ഔദാൎയ്യമെന്നൎത്ഥം. കണ്ഠംമുതൽ ചംക്രമണംവരെയുള്ളവ നീചം (താണത്) ആയിരിക്കണം. സ്കന്ധംമുതൽ സൌഹാൎദ്ദംവരെയുള്ളവ ഘനമായിരിക്കണം. നഖംമുതൽ ജിഹ്വവരെയുള്ളവ തനുവായിരിക്കണം. സ്ഫിക്ക് (ആസനം) മുതൽ നഖംവരെയുള്ളവ വൃ

ത്തമായിരിക്കണം. പൃഷ്ഠംമുതൽ ഈക്ഷിതം (നോട്ടം) വരെയുള്ളവ സമമായിരിക്കണം. ഊരുക്കൾ (തുടകൾ) അനുപൂർവ്വവൃത്തങ്ങളായിരിക്കണം. നാഭി വലംപിരിയായും, സ്തനങ്ങളും പുരികങ്ങളും നല്ല അകലമുള്ളവയായും, നഖപാദങ്ങൾ സൂക്ഷ്മാകൃതികളായും, വായയും മൂക്കിൻപാലവും ഋജുവായും, താടിയെല്ലുകളും വക്ഷവും അത്യുൽബണമല്ലാത്തതായും, അണ്ണാക്കും നാവും മിനുസമുള്ളതായും, ചുണ്ടുകളും ദേഹബന്ധവും അധികം തടിച്ചോ മെലിഞ്ഞോ അല്ലാതേയും, ഹൃദയംമുതൽ മന്യകൾവരെയുള്ളവ മിടിക്കുന്നവയായും, താലുമുതൽ നിശ്വാസംവരെയുള്ളവ ചൂടുള്ളവയായും ഭവിക്കണം. കണ്ണുകൾ പുറത്തേക്ക കുഴിഞ്ഞും രോമത്തോടുകൂടിയുമിരിക്കണം. പുരികങ്ങൾ തെല്ലൊന്നു തൂങ്ങിയവയായിരിക്കണം. ലലാടം വലിനതാദികളോടുകൂടിയിരിക്കണം(വലിനം=ചുളിയുള്ളത്). ശിരസ്സ് കുടയുടെ ആകൃതിയിലിരിക്കണം. കേശങ്ങൾ അനേകമൂലതാദികളോടുകൂടിയും അസ്ഥിസന്ധികൾ സ്ഥിരദൃഢങ്ങളായുമിരിക്കണം. വാതാദികളും ഹസിതാദിചേഷ്ടിതങ്ങളും പ്രകൃതിയോടുകൂടിയിരിക്കണം. കുളിക്കയും കുറിയിടുകയും ചെയ്താൽ അതു കീഴ്പോട്ടു വ്യാപിക്കുന്നതിന്റെ ക്രമത്തിൽ വലിയുന്ന ശരീരമായിരിക്കയും വേണം. ഇപ്പറഞ്ഞ ലക്ഷണങ്ങളോടുകൂടിയ ശരീരമാണ് ഇഷ്ടമായിട്ടുള്ളതു.

ഭവതി ചാത്ര—

ഉത്തരോത്തരസുക്ഷേത്രം ഗർഭോദ്ഭവതി നീരുജം
ആയാമജ്ഞാനവിജ്ഞാനൈർവർദ്ധമാനം ശനൈശ്ശുഭം ।
ഇതി സർവ്വഗുണോപേതേ ശരീരേ ശരദാം ശതം
ആയുരാരോഗ്യമിഷ്ടാശ്ച സർവ്വേ ഭാവാഃ പ്രതിഷ്ഠിതാഃ.

സാ—ഗർഭംമുതൽക്ക് ഉത്തരോത്തരസുക്ഷേത്രതാദികളോടുകൂടിയതായ ശരീരം ശുഭമാകുന്നു. ഉത്തരോത്തരസുക്ഷേത്രം=മേൽപ്പോട്ടുമേല്പോട്ടു സുസ്ഥിതിയോടുകൂടിയതു. ഗർഭാധാനംമുതൽ വർത്തമാനാവസ്ഥവരെ ഉത്തരോത്തരം ശോഭനമായും പരിപൂർണ്ണമായുമുള്ളത് എന്നർത്ഥം. നീരുജം=രോഗങ്ങളില്ലാത്തതു. ക്രമേണ ആയാമാദികളെക്കൊണ്ടു വർദ്ധിച്ചുംകൊണ്ടുവരുന്ന ദേഹവും ശുഭമാകുന്നു. ആയാമം=ദേഹത്തിന്റെ നീളം. ജ്ഞാനം=അറിവ്. വിജ്ഞാനം=കൌശലം. ഇപ്രകാരമുള്ള ഗുണങ്ങളോടുകൂടിയ ശരീരത്തിൽ നൂറുകൊല്ലത്തെ ആയുസ്സും ആരോഗ്യവും ഇഷ്ടങ്ങളായ എല്ലാ ഭാവങ്ങളും പ്രതിഷ്ഠിക്കപ്പെട്ടിരിക്കും.

അനുത്സേകമദൈന്യഞ്ച സുഖം ദുഃഖഞ്ച സേവതേ
സത്ത്വവാൻ, സ്തഭ്യമാനസ്തു രാജസോ, നൈവ താമസഃ.
ദാനശീലദയാസത്യബ്രഹ്മചര്യകൃതജ്ഞതാഃ
രസായനാനി മൈത്രീ ച പുണ്യായുർവൃദ്ധികൃദ്ഗണഃ.

സാ — സത്ത്വഗുണമുള്ളവൻ സുഖമനുഭവിക്കുന്നതു ഗർവ്വത്തോടുകൂടാതെയും ദുഃഖമനുഭവിക്കുന്നതു ദൈന്യത്തോടുകൂടാതെയും ആയിരിക്കും. രാജസനാകട്ടേ സുഖമായാലും ദുഃഖമായാലും മനസ്സിനു സ്തംഭനത്തോടുകൂടിയേ അനുഭവിക്കയുള്ളു. താമസനാകട്ടേ സുഖദുഃഖങ്ങളെ അനുഭവിക്കതന്നെയില്ല. സുഖദുഃഖകാരണമുണ്ടായാലും അവയെ അറിഞ്ഞനുഭവിക്കയില്ല എന്നു സാരം. അഥവാ താമസൻ ഗർവ്വത്തോടുകൂടാതെ സുഖത്തേയും ദൈന്യത്തോടുകൂടാതെ ദുഃഖത്തേയും അനുഭവിക്കയില്ലെന്നും സ്തഭ്യമാനനാകാതെ അനുഭവിക്കയില്ലെന്നും അർത്ഥം. ദാനംമുതൽ മൈത്രിവരെയുള്ളവ പുണ്യത്തിന്നും ആയുസ്സിന്നും വൃദ്ധിനല്കുന്ന ഗണമാകുന്നു.

ഇത്യഷ്ടാംഗസംഗ്രഹേ ശാരീരസ്ഥാനേ
അഷ്ടമോദ്ധ്യായഃ
സമാപ്തഃ.

## നവമോദ്ധ്യായഃ.

ഗർഭാധാനംമുതൽക്കു തുടങ്ങി ശരീരത്തിന്റെ അവസ്ഥകളെ പ്രതിപാദിക്കുന്നതാണ് ഈ സ്ഥാനം. ആയതിൽ ദേഹത്തിന്റെ പ്രകൃതിവരെ പറയപ്പെട്ടു. അനന്തരം വികൃതിയെപ്പറയുവാനായി അദ്ധ്യായമാരംഭിക്കുന്നു:—

**അഥാതോ വികൃതിവിജ്ഞാനീയം നാമാദ്ധ്യായം വ്യാഖ്യാസ്യാമഃ । ഇതിഹ സ്മാഹുരാത്രേയാദയോ മഹർഷയഃ ॥**

സാ—അനന്തരം വികൃതിവിജ്ഞാനീയമെന്ന അദ്ധ്യായത്തെ പറയുവാൻപോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു. [വികൃതി=മരണം, ജന്മാന്തരപ്രാദുർഭാവം, പരാസുതാ, ദേഹാന്തരഗമനം, പഞ്ചത്വം, അദർശനം, അന്തം, വിനാശം. അല്ലെങ്കിൽ വികൃതിയെന്നാൽ സ്വഭാവവർണ്ണത്തിങ്കൽനിന്ന് അന്യഥാത്വം. വികൃതിയുടെ

വിജ്ഞാനത്തിന്നു ഹിതമായിട്ടുള്ളത് എന്ന് അദ്ധ്യായസംജ്ഞയുടെ അർത്ഥം].

സ്വസ്ഥാനാമാതുരാണാം വാ പുരുഷാണാം ദേഹാന്തരാഭിലാഷിണാമൌഷധവിഷയമതീതാഃ സകലശരീരവ്യാപിനോ ദോഷാ ഘനാഘനാ ഇവ വർഷമായുഷഃ ക്ഷയം സൂചയന്തോഽകസ്മാൽ സ്വഭാവവിപര്യ്യാസം ജനയന്തി । തത്സമാസതോ രിഷ്ടമിത്യാഹുഃ ॥

സാ—ജനങ്ങൾ സ്വസ്ഥന്മാരായിരുന്നാലും രോഗികളായിരുന്നാലും ശരി, ദേഹാന്തരത്തെ പ്രാപിപ്പാൻ ഭാവിക്കുന്നതായാൽ (മരണമടുത്താൽ) അവരുടെ ദേഹത്തിൽ വാതാദിദോഷങ്ങൾ കാരണമൊന്നുംകൂടാതെ പ്രകൃതിവ്യത്യാസം ജനിപ്പിക്കുന്നു. ദോഷങ്ങൾ ഔഷധവിഷയാതീതങ്ങൾ (അതായത് ഔഷധങ്ങളെക്കൊണ്ട് അസാദ്ധ്യങ്ങൾ) ആയും സർവ്വശരീരവ്യാപികളായും ഭവിച്ചിട്ടാണ് ഇങ്ങിനെ പ്രകൃതിവിപര്യ്യാസമുണ്ടാക്കുന്നതു. ഇങ്ങിനെ ഭവിക്കുന്ന ദോഷങ്ങൾ ആയുസ്സിന്റെ ക്ഷയത്തെ സൂചിപ്പിക്കുന്നു. ദൃഷ്ടാന്തം പറയുന്നു. ഘനേതി—മേഘങ്ങൾ മഴയെ സൂചിപ്പിക്കുന്നതുപോലെ. മേഘങ്ങളെക്കണ്ടാൽ എങ്ങിനെ മഴപെയ്യാനടുത്തിരിക്കുന്നുവെന്നു ഊഹിക്കാമോ അതുപോലെ ദോഷകൃതമായ സ്വഭാവഭേദം ദേഹത്തിൽ കണ്ടാൽ ആയുഃക്ഷയം അടുത്തിരിക്കുന്നു എന്ന് ഊഹിക്കണമെന്നു താൽപര്യം. ഇതിനെയാണ് ചുരുക്കത്തിൽ രിഷ്ടം എന്നു പറയുന്നതു. രിഷ്ടം=മരണലക്ഷണം.

മേൽപറഞ്ഞ വികൃതി ശരീരത്തിലെ വർണ്ണാദികളെ ആശ്രയിച്ചിരിക്കുന്നതാകയാൽ ആദ്യം വർണ്ണത്തെ പറയുന്നു;—

തത്ര ഗൌരഃ ശ്യാമഃ കൃഷ്ണഃ ഗൌരശ്യാമഃ കൃഷ്ണശ്യാമ ഇതി ദേഹപ്രകൃതിവർണ്ണാഃ । തദ്ഭേദാശ്ച പത്മഗൌരാദയഃ । നീലശ്യാമതാമ്രഹാരിദ്രശുക്ലാദയസ്തു വികൃതയഃ । തത്ര പ്രകൃതിവികൃതിവർണ്ണൌ യുഗപദേകദേശേ വാ മരണായ । ഏതേന ഗ്ലാന്യുപചയശോകഹർഷരൌക്ഷ്യസ്നേഹാദയസ്തഥാ പ്രകൃതിഭേദീയോക്താനാം മഹദുപചയസൂക്ഷ്മദീർഘാണാം സർവ്വേഷാഞ്ച ദോഷാദിഭാഗേന പ്രതിനിയതാനാം ഭാവാനാമനിമിത്തതോന്യഥാത്വമുക്തം ഭവതി ॥

സാ—ഗൌരം, ശ്യാമം, കൃഷ്ണം, ഗൌരശ്യാമം, കൃഷ്ണശ്യാമം എന്നിങ്ങിനെ അഞ്ചു വർണ്ണങ്ങൾ ശരീരത്തിന്റെ പ്രകൃതിവർണ്ണങ്ങൾ(സ്വാഭാവികവർണ്ണങ്ങൾ) ആകുന്നു. പത്മഗൌരാദികൾ ഇവയുടെ തന്നെ

ഭേദങ്ങളുണ്ടു. അവയിൽ പദ്മഗൌരം, ചന്ദ്രഗൌരം, ശരഗൌരം ഇത്യാദികൾ ഗൌരഭേദങ്ങൾ; കപിത്ഥശ്യാമം, ദൂർവ്വാംകുരശ്യാമം, നഭഃശ്യാമം ഇത്യാദികൾ ശ്യാമഭേദങ്ങൾ; പ്രിയംഗുശ്യാമം, ജലശ്യാമം, ഘൃതശ്യാമം ഇത്യാദികൾ ഗൌരശ്യാമഭേദങ്ങൾ; കജ്ജലകൃഷ്ണം, കോകിലകൃഷ്ണം ഇത്യാദികൾ കൃഷ്ണഭേദങ്ങൾ; അതസീകൃഷ്ണം, തമാലകൃഷ്ണംമുതലായവ കൃഷ്ണശ്യാമഭേദങ്ങൾ—എന്നിങ്ങിനെ ഭേദങ്ങളെ ഗ്രഹിക്കണം. ഇതുകളുമാണ് പ്രകൃതിവർണ്ണങ്ങൾ. നീലം, ശ്യാമം (=അരുണലോഹിതം), താമ്രം (=അഗ്നിനിറം) ഹാരിദ്രം (=ഹരിതാലസമം), ശുക്ലം മുതലായവയാകട്ടേ വികൃതിവർണ്ണങ്ങളാകുന്നു. മേൽപ്പറഞ്ഞ പ്രകൃതിവർണ്ണങ്ങളും വികൃതിവർണ്ണങ്ങളും ഒരേസമയത്തു ഒരാളുടെ ദേഹത്തിലോ ദേഹൈകദേശത്തിലോ കാണുന്നതായാൽ അതു മരണലക്ഷണമാകുന്നു. ഇതുകൊണ്ടുതന്നെ ക്ഷീണത തടി, ശോകം സന്തോഷം, രൌക്ഷ്യം സ്നേഹം തുടങ്ങി പരസ്പരവിരുദ്ധമായിട്ടുള്ള ഭാവങ്ങളും കാരണംകൂടാതെ ഒരേസമയത്തു ദേഹത്തിലോ ദേഹൈകദേശത്തിലോ ഉണ്ടാകുന്നതു മരണലക്ഷണമാണെന്നും, പ്രകൃതിഭേദീയത്തിൽ പറയപ്പെട്ടപ്രകാരം ദോഷാദിവിഭാഗമനുസരിച്ച് നിയതങ്ങളായ മഹത്ത്വം, ഉപചയം, സൂക്ഷ്മത്വം, ദീർഘത്വം എന്നിവകൾ കാരണം വിനാ അന്യഥാഭാവംവരുന്നതും മരണലക്ഷണമാണെന്നും പറയപ്പെട്ടു.

വർണ്ണാനന്തരം ഛായയെ വിവരിക്കുന്നു:—

ഛായാസ്തു ശരീരേ പഞ്ച ! തത്ര ഖാദമലഖഡ്ഗാകാശനീലാ നിർമ്മലാ സസ്നേഹാ സപ്രഭേവ । വാതാൽ പാംസുഭസ്മരൂക്ഷാ രജോരുണാ ശ്യാവാ നിഷ്പ്രഭാ സ്വേദമലഗന്ധിഃ । തേജസോ ഹുതഹുതാശനവിദ്യുത്തപ്തതപനീയരക്താ ദൃഷ്ടിസുഖാ । അംഭസോ വൈഡൂര്യേന്ദ്രനീലവിമലാ ഘനാ സുസ്നിഗ്ദ്ധാ । ഭുവോ രുചിരാഭാ ഘനാ സ്ഥിരാ സ്നിഗ്ദ്ധാ ശുദ്ധാ ശ്യാമാ ശ്വേതാ ച । താസാം വായവ്യാ വിനാശായ ക്ലേശായ ചാതിമഹതേ । ശേഷാസ്തു സുഖോദയാഃ ॥

സാ—ആകാശംമുതലായുള്ള പഞ്ചമഹാഭൂതങ്ങളെസ്സംബന്ധിച്ച് അഞ്ചുതരം ഛായകൾ ശരീരത്തിങ്കൽ ഭവിക്കുന്നു. ഛായാ=കാന്തി. അവയിൽ ഖ (ആകാശ) ത്തിങ്കൽനിന്നുള്ള ഛായ നിർമ്മലമായ വാൾപോലെയും ആകാശംപോലെയും നീലനിറമായും സ്നേഹത്തോടും പ്രഭയോ

ട്ടം കൂടിയതുപോലെയും ഭവിക്കും. വായുച്ഛായ പൊടിപോലെയും ഭസ്മംപോലെയും രൂക്ഷമായും പൊടിപോലെ അരുണനിറമായും കരുവാളിച്ചും പ്രഭയോടുകൂടാതെയും വിയൎപ്പ് ചളിയുടെ ഗന്ധത്തോടുകൂടിയുമിരിക്കും (ഛായകൾ ഗന്ധമില്ലായ്കയാൽ ഗന്ധം ഛായാധാരമായ ദേഹത്തിന്നാണെന്നറിയണം). അഗ്നിസംബന്ധിയായ ഛായ കത്തുന്ന തീപോലെയും മിന്നൽപോലെയും ചുട്ടുപഴുത്ത തങ്കംപോലെയും രക്തനിറമായും ദൃഷ്ടിക്കു സുഖപ്രദമായും ഭവിക്കും. ജലച്ഛായ വൈഡൂൎയ്യരത്നംപോലെയും ഇന്ദ്രനീലക്കല്ലുപോലെയും നിൎമ്മലമായും ഘനമായും സ്നിഗ്ദ്ധമായും ഭവിക്കും. ഭൂച്ഛായ മനോഹരമായ പ്രഭയോടുകൂടിയും ഘനമായും സ്ഥിരമായും സ്നിഗ്ദ്ധമായും ശുദ്ധമായും ശ്യാമമായും ധവളമായും ഭവിക്കും. ഇങ്ങിനെയുള്ള അഞ്ചുതരം ഛായകളിൽവെച്ച് വായവ്യമായ ഛായ വിനാശത്തെയും വലുതായ ക്ലേശത്തെയും ഉണ്ടാക്കും. വായവ്യച്ഛായാലക്ഷണദൎശനം മരണലക്ഷണമാണെന്നൎത്ഥം. മററുള്ള ഛായകൾ സുഖകരങ്ങളാകുന്നു.

ഛായാനന്തരം പ്രഭകളെ പറന്നു:—

സപ്ത പ്രഭാ രക്താ പീതാ പാണ്ഡുരാ സിതാഽസിതാ ശ്യാവാ ഹരിതാ ച । താഃ സ്നിഗ്ദ്ധാ വികാസിന്യോമലാഃ ശുഭാഃ । വിപരീതാസ്ത്വശുഭാഃ ॥

സാ—പ്രഭ എന്നുവെച്ചാൽ ദീപ്തി എന്നൎത്ഥം. ഇത് ചുവപ്പ്, മഞ്ഞ, പാണ്ഡുരം (ആനക്കൊമ്പിന്റെ നിറം), വെളുപ്പ്, കറുപ്പ്, കരുവാളിപ്പ്, പച്ച ഇങ്ങിനെ ഏഴുവിധമുണ്ട്. ഈ പ്രഭകൾ സ്നിഗ്ദ്ധതയുള്ളവയായും വികസിക്കുന്നവയായും നിൎമ്മലകളായും ഇരുന്നാൽ നല്ലവയാകുന്നു. അതിന്നു വിപരീതമായിരുന്നാൽ മരണക്ലേശങ്ങളെ ഉണ്ടാക്കും. ഛായയുടേയും പ്രഭയുടേയും ലക്ഷണത്തെ ശാസ്ത്രകാരൻതന്നെ താഴെ കാണിക്കുന്നു.

തയോൎവ്വിശേഷഃ—ഛായാ വൎണ്ണമാക്രാമത്യാസന്നാ ച ലക്ഷ്യതേ പാഞ്ചഭൌതികാ ച । പ്രഭാ തു വൎണ്ണം പ്രകാശയതി വിപ്രകൃഷ്ടാല്ലക്ഷ്യതേ തേജഃപ്രഭൈവ ച ॥

സാ—ഈ ഛായാപ്രഭകളുടെ ഭേദം പറയുന്നു—ഛായ ശരീരത്തിന്നു സ്വ[illegible]യുള്ള നിറത്തെ ആക്രമിക്കും; അടുത്തായിട്ടു കാണപ്പെടുകയും ചെയ്യും; അതു പഞ്ചഭൂതങ്ങളെല്ലാംകൂടിയതിന്റെ കാൎയ്യവുമാണ്. പ്രഭ

യാകട്ടെ സ്വതേയുള്ള നിറത്തെ പ്രകാശിപ്പിക്കയേ ഉള്ളു; ദൂരത്താണ് കാണപ്പെടുക; അഗ്നിയുടെ മാത്രം കാൎയ്യവുമാണ്.

**യസ്യ ദൃഷ്ടൗ പ്രതിച്ഛായാമയീ കുമാരികാ ന ദൃശ്യേത സ ഗതായുഃ ॥**

സാ—യാതൊരാൾ കണ്ണാടിനോക്കുമ്പോൾ കണ്ണിന്റെ കൃഷ്ണമണിയിൽ പ്രതിച്ഛായാരൂപേണ പ്രതിബിംബിക്കുന്ന കന്യക (ഉണ്ണി) കാണപ്പെടാതിരിക്കുന്നുവോ അവൻ മരിച്ചതായി അറിയണം. കന്യകയുടെ അദൎശനം മരണലക്ഷണമാണെന്നൎത്ഥം.

**യസ്യാതപാദൎശാദിഷു കസ്മാൽ പ്രതിച്ഛായാ ഛിന്നാ ഭിന്നാ ഹീനാധികാകുലാ നഷ്ടാ ജിഹ്മാവാക്ശിരാ വിശിരാ ദ്വിശിരാ വിസ്തൃതാന്യഥാ വാ വികൃതാ വാ ദൃശ്യേത, യസ്യ ലലാടം ന സ്വിദ്യതി, യസ്യ കേശരോമാണ്യനഭ്യക്താന്യഭ്യക്തവൽ ദൃശ്യന്തേ, നയനേ ചാതിപ്രവിഷ്ടേ നിൎഗ്ഗതേ വിസ്തൃതേ സംക്ഷിപ്തേ സംക്ഷിപ്തഭ്രൂണീ വിനതഭ്രൂണീ ജിഹ്മേ വിഷമേ വിഭ്രാന്തദൎശനേ ഹീനദൎശനേ നകുലാഭേ കപോതാഭേ അലാതവൎണ്ണേ നീലാദിവികൃതവൎണ്ണേ അതിചപല സ്തബ്ധസ്രസ്ത പ്രസ്രുത അത്യുന്മിഷിതേ അതിനിമിഷിതേ ലുളിതപക്ഷ്മണീ വാ, നാസികാ ചാതിവിവൃതാതിസംവൃതാ കുടിലാ സ്ഫുടിതാ പിടകാചിതാ ശുഷ്കാ വാ സ ഗതാസുഃ ॥**

സാ—യാതൊരാളുടെ പ്രതിച്ഛായ വെയിലത്തോ കണ്ണാടിയിലോ മറ്റോ കാണുമ്പോൾ മുറിഞ്ഞോ തുളഞ്ഞോ വലുപ്പംകുറഞ്ഞോ ഏറിയോ ആകുല (അസ്പഷ്ടാവയവ) മായോ നഷ്ടമായോ മലിനമായോ തല കീഴായോ തലയില്ലാതേയോ രണ്ടുതലയോടുകൂടിയോ സ്വതേയുള്ള വിസ്താരത്തേക്കാൾ കൂടുതൽ വിസ്താരത്തോടുകൂടിയോ തദ്വിപരീതമായോ കാണപ്പെടുന്നുവോ അവനും മരണമടുത്തിരിക്കുന്നതായി അറിയണം. യാതൊരാളുടെ നെററിമാത്രം കാരണംവിനാ വിയൎക്കാതിരിക്കുന്നുവോ അവനും, യാതൊരാളുടെ തലരോമങ്ങൾ മിഴുക്കുപുരട്ടാതെയും മിഴുക്കുള്ളതുപോലെ കാണപ്പെടുന്നുവോ അവനും മരണമടുത്തിരിക്കുന്നു. യാതൊരാളുടെ കണ്ണുകൾ അധികം അകത്തേക്കു കുഴിഞ്ഞോ അധികം പുറത്തേക്കു തുറിച്ചോ അധികം വിസ്താരത്തോടുകൂടിയോ ചുരുങ്ങിയോ പുരികങ്ങൾ ചുരുങ്ങിയോ പുരികങ്ങൾ താണോ ഉള്ളവയായോ വക്രങ്ങളായോ സമങ്ങളല്ലാതേയോ വിഭ്രാന്തദൎശനങ്ങൾ (ഇല്ലാത്തവയെ ക

ന്നവ) ആയോ കാഴ്ചയില്ലാതായോ കിരി- കപോതം എന്നിവയുടെ പ്രഭയോടുകൂടിയോ തീക്കൊള്ളിയുടെ നിറത്തോടുകൂടിയോ നീലം മുതലായ വികൃതവർണ്ണങ്ങളോടുകൂടിയോ അധികം ഇളകുക, ഒട്ടും ഇളകാതിരിക്കുക സ്രംസിക്കുക വെള്ളം കിനിയുക എന്നിവയോടുകൂടിയോ അധികം മിഴിച്ചോ അധികം ചീമ്പിയോ അക്ഷിരോമങ്ങൾ കൊഴിഞ്ഞോ കാണപ്പെടുന്നുവോ അവനും മരണമടുത്തിരിക്കുന്നു. യാതൊരാളുടെ മൂക്ക് അധികം വിരിഞ്ഞോ കൂടിയോ വളഞ്ഞോ പൊട്ടിയോ കുരുക്കൾ നിറഞ്ഞോ വരണ്ടോ കാണപ്പെടുന്നുവോ അവനും മരണമടുത്തിരിക്കുന്നു [മേൽപറഞ്ഞ ലക്ഷണങ്ങൾ കാരണംകൂടാതെ കണ്ടാലേ അതു വികൃതിയാകയുള്ളു].

യസ്യാധോധരോഷ്ഠൌ യാത്യുത്തരൌഷ്ഠശ്ചോർദ്ധ്വമഥൌ വാ പക്വജംബൂനിഭൌ, ദന്താവാതിരൂക്ഷാസ്സമസ്ത്രാഃ ശ്യാമാഃ പങ്കിതാഃ പുഷ്പിതാഃ സശർക്കരാ വാ സഹസാ വാ പതന്തി, ജിഹ്വാ വാ ജിഹ്മാ സ്തബ്ധാ സുപ്താവലിപ്താ ഗുർവീ ശ്യാവാ ശൂനാ ശുഷ്കാ വിസർപ്പിണീ കണ്ടകാചിതേവ വാ, യസ്യ ഗണ്ഡലലാടഹനുബന്ധാനി സ്ഥാനാച്ച്യുതാനീവ സ്രസ്താനി, യസ്യ ന ധത്തേ ശിരഃ ശിരോധരാ പൃഷ്ഠം വാ സ്വഭാരം ഹനു വാ പിണ്ഡമാസ്യസ്ഥം, യസ്യോത്സിക്തം മേഢ്രമതിനിസ്സൃതൌ വാ വൃഷണാവതോ വിപര്യയോ വാ, യസ്യ മൂത്രമത്യുഷ്ണം, യസ്യ വിഷദോഷാദൃതേ നാ ഖേഭ്യസ്സരോമകൂപേഭ്യോ രക്തം പ്രവർത്തതേ, യസ്യാനിമിത്തമംഗാന്യതിലഘൂന്യതിഗുരൂണി വാ സ്യുഃ സ മുമൂർഷുഃ ॥

സാ—യാതൊരുവൻെറ താഴത്തെ ചുണ്ട് താഴത്തക്കും മേലെ ചുണ്ട് മേല്പോട്ടും പോകയോ രണ്ടു ചുണ്ടും ഞാവൽപ്പഴംപോലെയിരിക്കയോ ചെയ്യുന്നു അവൻ മരിപ്പാനടുത്തിരിക്കുന്നു. യാതൊരാളുടെ പല്ലുകൾ അതിരൂക്ഷങ്ങളായോ ചെമ്പിച്ചോ കരുവാളിച്ചോ ചളിപിടിച്ചോ പൂത്തോ പൊടിഞ്ഞോ ഭവിക്കയോ പെട്ടന്നു കൊഴിയുകയോ ചെയ്യുന്നു അവനും മരണമടുത്തിരിക്കുന്നു. യാതൊരാളുടെ നാവ് വളഞ്ഞോ സ്തംഭിച്ചോ തരിച്ചോ ഒട്ടിയോ കനത്തോ കരുവാളിച്ചോ തടിച്ചോ വരണ്ടോ വ്യാപിക്കുന്നതായോ മുള്ളുനിറഞ്ഞതുപോലെയോ കാണപ്പെടുന്നു അവനും മരണമടുത്തിരിക്കുന്നു. യാതൊരാളുടെ കവിൾ നെററി ഹനുബന്ധം (താളി) എന്നിവ സ്ഥാനത്തു നിന്നിളകിയപോലെ കിഴിഞ്ഞവയായിരിക്കു

ന്നുവോ അവനും, യാതൊരാളുടെ കഴുത്തിൽ തല ഉറക്കാതെയും പൃഷ്ഠത്തിൽ അതിന്റെ ഭാരം പൊറുക്കാതെയും താടിയെല്ലുകൾ വായിൽവെച്ച ഉരുളയെ താങ്ങാതെയും ഇരിക്കുന്നുവോ അവനും മരണമടുത്തിരിക്കുന്നു. യാതൊരാളുടെ ലിംഗം എടുത്തുപിടിച്ചും വൃഷണങ്ങൾ അധികം തൂങ്ങിയുമോ അല്ലെങ്കിൽ വൃഷണങ്ങൾ എടുത്തുപിടിച്ചും ലിംഗം അധികം തൂങ്ങിയുമോ ഭവിക്കുന്നു അവനും മരണമടുത്തിരിക്കുന്നു. യാതൊരാളുടെ മൂത്രത്തിനു സഹിപ്പാൻ വഹിയാത്തത്ര ചൂടുണ്ടാകുന്നുവോ അവനും, യാതൊരുവന്റെ വായ്മുതലായ ദ്വാരങ്ങളിൽനിന്നും രോമകൂപങ്ങളിൽനിന്നും വിഷബാധകൂടാതെ രക്തം വരുന്നുവോ അവനും മരണമടുത്തിരിക്കുന്നു യാതൊരാളുടെ അവയവങ്ങൾ കാരണംകൂടാതെ കനം കുറവായോ കൂടുതലായോ വരുന്നു അവനും മരണമടുത്തിരിക്കുന്നു.

യസ്യൈകോനേകോ വാ സ്വരോ ഗദ്ഗദോവ്യക്തഃ ക്ഷാമോ ദീനോ വാ സഹസാ ലക്ഷ്യതേ, യോ വാ വിവക്ഷുർമ്മുഹ്യതി, യസ്യ വാ വദതോ ഭൃശമൂർദ്ധ്വമുരോ രുജതി, യസ്യോച്ഛ്വാസോതിദീർഘോതിഹ്രസ്വഃ പൂതിഗന്ധിസ്സുഗന്ധിർവ്വാ, യസ്യാംഗുലയ ആയമ്യമാനാ ന സ്ഫുടേയുഃ, യസ്യാന്യേന്യേപി ക്ഷുതഗതമൂത്രണാദിഷു സ്വഭാവാതീതശ്ശബ്ദഃ, യസ്യേഷ്ടോനിഷ്ടോ വാ മാല്യഫലചന്ദനക്ഷണപാദിഗന്ധോ ദേഹമുഖമലവ്രണവസ്ത്രാദിഷു, യസ്യ ശരീരം വൈരസ്യാൽ സൌരസ്യാദത്യർത്ഥം യൂകാമക്ഷികാദയസ്ത്യജന്തി ഭജന്തി വാ, യസ്യ സതതോഷ്മസ്വംഗാവയവേഷു ശൈത്യം ശീതേഷു വാ കുമുദോല്പലാനുകാര്യതിശൈത്യമതിസ്വേദോതിസ്തംഭോ വിഗതമാംസശോണിതേഷ്വിവ ച സ്രംസഃ, യസ്യ ച യോഗോതിയോഗോ വാ ശരീരേ യുഗപന്മഹാഭൂതാനാം ദൃശ്യതേ സർവ്വേ തേ കാലപക്വാ ഇതി॥

സാ—യാതൊരാൾക്കു പെട്ടന്ന് ഏകമായോ അനേകമായോ ഉള്ള സ്വരം ഇടറിയതായോ അവ്യക്തമായോ ക്ഷാമമായോ ദീനമായോ കാണപ്പെടുന്നു അവനും, യാതൊരാൾ സംസാരിക്കുവാൻ ഭാവിക്കുമ്പോൾ പറയേണ്ടത് ഓർമ്മയില്ലാതെ മോഹിക്കുന്നുവോ അവനും, യാതൊരാൾ സംസാരിക്കുമ്പോൾ ഉരസ്സിന്റെ ഊർദ്ധ്വഭാഗം അധികമായു വേദനിക്കുന്നുവോ അവനും കാലപക്വാർ(മരണമടുത്തവർ)ആകുന്നു. യാതൊരുവന്റെ ഉച്ഛ്വാസം അധികം നെടുതായോ കുറുതായോ ദുർഗ്ഗന്ധമുള്ളതായോ സുഗന്ധമുള്ളതായോ ഭവിക്കുന്നു അവനും, യാതൊരുവന്റെ

വിരലുകൾ വലിച്ചാൽ പൊട്ടാതിരിക്കുന്നുവോ അവനും മരണമടുത്തിരിക്കുന്നു. യാതൊരാൾക്കു തുമ്പുക നടക്കുക മൂത്രിക്കുക മുതലായവയിൽ മാറി മാറിയുംസ്വഭാവാതീതമായും ഉള്ള ശബ്ദം ഭവിക്കുന്നുവോ അവനും മരിപ്പാനടുത്തിരിക്കുന്നു. യാതൊരാളുടെ ദേഹത്തിലും വായിലും മലത്തിലും വ്രണത്തിലും വസ്ത്രത്തിലും മററും ഇഷ്ടമോ അനിഷ്ടമോ ആയ മാല്യഫലചന്ദനശവാദിഗന്ധങ്ങൾ ഭവിക്കുന്നുവോ അവനും, യാതൊരാളുടെ ദേഹത്തിന്നു അധികം വൈരസ്യമുണ്ടാകയാൽ പേൻ ഈച്ച മുതലായവ ദേഹത്തെ വിട്ടുപോകയോ അധികം സൌരസ്യമുണ്ടാകയാൽ പേൻ ഈച്ച മുതലായവ ദേഹത്തിൽ വന്നുകൂടുകയോ ചെയ്യുന്നു അവനും മരണമടുത്തിരിക്കുന്നു. യാതൊരാൾക്ക് എപ്പോഴും ചൂട്ടു കൊണ്ടിരിക്കുന്ന അവയവങ്ങളിൽ ശൈത്യവും എപ്പോഴും തണുത്തിരിക്കുന്ന അവയവങ്ങളിൽ കുമുദോല്പലങ്ങളിലെന്നപോലെയുള്ള അതിശൈത്യവും അതിയായ വിയപ്പും അതിസ്തംഭവും മാംസരക്തങ്ങൾ ഇല്ലാതായാലെന്നപോലെയുള്ള സ്രംസനവും ഭവിക്കുന്നു അവനും മരിപ്പാനടുത്തിരിക്കുന്നു. യാതൊരാളുടെ ദേഹത്തിൽ പഞ്ചഭൂതങ്ങളുടെ സമ്യഗ്യോഗമോ അതിയോഗമോ ഏകകാലത്തിങ്കൽ കാണപ്പെടുന്നുവോ അവനും മരണമടുത്തിരിക്കുന്നു. [പഞ്ചഭൂതങ്ങളുടെ എല്ലാംകൂടിയ യോഗാതിയോഗങ്ങളേ വികൃതിയാകയുള്ളു.]

ഭവതി ചാത്ര—

യസ്യാപൂർവ്വാസ്സിരാ രേഖാ ബാലേന്ദ്വാകൃതയോപി വാ
ലലാടേ വസ്തിശീർഷേ വാ ഷണ്മാസാന്ന സ ജീവതി.

സാ—യാതൊരുവൻെറ നെററിയിലോ വസ്തിശിരസ്സിലോ മുമ്പില്ലാത്തവയായും ചന്ദ്രക്കലപോലെയുള്ളവയായുമുള്ള ഞരമ്പുകളും രേഖകളും കാണപ്പെടുന്നുവോ അവൻ ആറുമാസം മുഴുവൻ ജീവിച്ചിരിക്കയില്ല.

പദ്മിനീപത്രവത്തോയം ശരീരേ യസ്യ ദേഹിനഃ
പ്ലവതേ പ്ലവമാനസ്യ ഷണ്മാസം തസ്യ ജീവിതം.

സാ—യാതൊരുവൻ കുളിക്കുമ്പോൾ താമരയിലയിലെന്നപോലെ ശരീരത്തിൽ വെള്ളം ഉരുണ്ടുപോകുന്നുവോ അവൻെറ ജീവിതകാലം ആറുമാസമാകുന്നു.

ഹരിതാശ്ച സിരാ യസ്യ രോമകൂപാശ്ച സംവൃതാഃ
സോമ്ലാഭിലാഷീ പുരുഷഃ പിത്താന്മരണമശ്നുതേ.

സാ— യാതൊരാളുടെ ഞരമ്പുകൾ പച്ചനിറമായും രോമകൂപങ്ങൾ മൂടിയവയായും ഭവിക്കുന്നുവോ അവൻ അമ്ലരസത്തിൽ താല്പൎയ്യമുള്ളവനാകയും പിത്തം ഹേതുവായി മരണത്തെ പ്രാപിക്കയും ചെയ്യും.

യസ്യ ഗോമയചൂൎണ്ണാഭം ചൂൎണ്ണം മൂൎദ്ധ്നി മുഖേപി വാ
സസ്നേഹം മൂൎദ്ധ്നി ധൂമോ വാ മാസാന്തം തസ്യ ജീവിതം.

സാ— യാതൊരാളുടെ തലയിലോ മുഖത്തോ മെഴുക്കുള്ളതും ചാണകപ്പൊടിപോലുള്ളതുമായ പൊടി കാണുകയോ, ശിരസ്സിങ്കൽ പുക കാണുകയോ ചെയ്യുന്നു അവന്റെ ജീവകാലം ഒരു മാസംവരെയാകുന്നു.

മൂൎദ്ധ്നി ഭ്രുവോൎവ്വാ കുൎവ്വന്തി സീമന്താവൎത്തകാ നവാഃ
മൃത്യും സ്വസ്ഥസ്യ ഷഡ്രാത്രാത്ത്രിരാത്രാദാതുരസ്യ ച.

സാ— തലയിലോ പുരികങ്ങളിലോ മുമ്പില്ലാത്തവയായ സീമന്തങ്ങളോ ചുഴികളോ ഉണ്ടായാൽ അവൻ രോഗിയല്ലെങ്കിൽ ആറു ദിവസത്തിന്നകവും രോഗിയാണെങ്കിൽ മൂന്നു ദിവസത്തിന്നുള്ളിലും മരിക്കും.

യസ്യ സ്നാതാനുലിപ്തസ്യ പൂൎവ്വം ശുഷ്യത്യുരോ ഭൃശം
ആൎദ്രേഷു സൎവ്വഗാത്രേഷു സോൎദ്ധമാസം ന ജീവതി.

സാ— യാതൊരാൾ കുളിക്കയോ കുറിയിടുകയോ ചെയ്താൽ, എല്ലാ അവയവങ്ങളും ആൎദ്രങ്ങളായിരിക്കുമ്പോൾതന്നെ, ആദ്യം മാറ് ഏററവും വരളുന്നുവോ അവൻ അരമാസം തികച്ച് ജീവിച്ചിരിക്കയില്ല.

ഉരസ്യൂഷ്മാ ഭവേദ്യസ്യ ജഠരേ ചാതിശീതതാ
ഭിന്നം പുരീഷം തൃഷ്ണാ ച യഥാ പ്രേതസ്തഥൈവ സഃ.

സാ— യാതൊരാൾക്കു മാറത്തു ചൂടും വയററത്തു വലിയ തണുപ്പുമുണ്ടാകയും മലം അയഞ്ഞിരിക്കയും തണ്ണീർദാഹമുണ്ടാകയും ചെയ്യുന്നുവോ അവൻ മരിച്ചതുപോലെതന്നെയാകുന്നു.

മൂത്രം പുരീഷം നിഷ്ഠ്യൂതം ശുക്ലഞ്ചാപ്സു നിമജ്ജതി
നിഷ്ഠ്യൂതം ബഹുവൎണ്ണം വാ യസ്യ മാസാത്സ നശ്യതി.

സാ— യാതൊരാളുടെ മൂത്രവും മലവും തുപ്പലും ശുക്ലവും വെള്ളത്തിൽ വീണാൽ താഴുന്നുവോ അവനും, യാതൊരാളുടെ തുപ്പൽ നാനാവൎണ്ണങ്ങളോടുകൂടിയിരിക്കുന്നുവോ അവനും ഒരു മാസത്തിന്നുള്ളിൽ മരിക്കും.

സ്വരസ്യ ദുൎബ്ബലീഭാവം ഹാനിം വാ ബലവൎണ്ണയോഃ
രോഗവൃദ്ധിമയുക്ത്യാ ച ദൃഷ്ട്വാ മരണമാദിശേത്.

സാ— ഒരു രോഗിക്ക് സ്വരത്തിന്നു ബലമില്ലായ്കയും, ബലത്തിന്നും നിറത്തിന്നും ഹാനിയും, യുക്തിക്കുതക്കവണ്ണമല്ലാതെ രോഗത്തിന്നു വൎദ്ധനവും ഉള്ളതായി കണ്ടാൽ മരണത്തെ പറയണം.

അപസ്വരം ഭാഷമാണം പ്രാപ്തം മരണമാത്മനഃ
ശ്രോതാരഞ്ചാസ്യ ശബ്ദസ്യ ദൂരതഃ പരിവർജ്ജയേൽ.

സാ—തനിക്ക മരണം വന്നതായി ചീത്ത സ്വരത്തിൽ പറയുന്നവനേയും, അങ്ങിനെ പറയപ്പെടുന്ന വാക്കിനെ കേൾക്കുന്നവനേയും വൈദ്യൻ ദൂരെ ഉപേക്ഷിക്കണം. അവനു മരണമടുത്തിരിക്കുന്നു എന്നൎത്ഥം.

ഊൎദ്ധ്വശ്വാസം ഗതോഷ്മാണം ശൂലോപഹതവംക്ഷണം
ശൎമ്മ ചാനധിഗച്ഛന്തം ബുദ്ധിമാൻ പരിവർജ്ജയേൽ.

സാ—മേൽപ്പോട്ടുമാത്രം ശ്വാസമുള്ളവനായും ദേഹത്തിൽ ചൂട തീരെ ഇല്ലാത്തവനായും ഒടികളിൽ വലിയ വേദനയുള്ളവനായും എന്തുകൊണ്ടും സുഖം തോന്നാത്തവനായുമിരിക്കുന്നവനെ ബുദ്ധിമാനായ വൈദ്യൻ ഉപേക്ഷിക്കണം.

യോ ജാതശീതപിടകഃ ശീതാംഗോ വാ വിദഹ്യതേ
ഉഷ്ണദ്വേഷീ ച ശീതാൎത്തഃ സ പ്രേതാധിപഗോചരഃ.

സാ—ദേഹത്തിൽ ശീതമായ കുരുക്കളുള്ളവനോ അവയവങ്ങൾക്ക തണുപ്പുള്ളവനോ ആയവനു വിദാഹം (ചൂട്) തോന്നുകയും, തണുപ്പുകൊണ്ട് ആൎത്തനായിരിക്കേ ചൂടിനെ വെറുക്കുകയും ചെയ്യുന്നതാരോ അവൻ മരിക്കാനടുത്തിരിക്കുന്നു.

യസ്യ രജ്ജുരിവ ച്ഛായാ കണ്ഠേ സക്താപലക്ഷ്യതേ
അവശ്യം കൃഷ്യതേ ജന്തുഃ സോചിരാദ്യമകിംകരൈഃ.

സാ—യാതൊരുവൻെറ കഴുത്തിൽ കയറിൻെറ ആകൃതിയോടുകൂടിയതായ ഛായ പററിക്കാണുന്നുവോ ആ ജീവി ഉടൻതന്നെ തീൎച്ചയായും യമകിംകരന്മാരാൽ വലിക്കപ്പെടുന്നു. കണ്ഠത്തിൽ രജ്ജ്വാകാരച്ഛായാദൎശനം മരണലക്ഷണമാണെന്നൎത്ഥം.

ഇത്യഷ്ടാംഗസംഗ്രഹേ ശാരീരസ്ഥാനേ
നവമോദ്ധ്യായഃ
സമാപ്തഃ.

## ദശമോദ്ധ്യായഃ.

മുന്നദ്ധ്യായത്തിൽ ഛായമുതലായവയുടെ വികൃതിയെ പറഞ്ഞുവ

ല്പ്യാം. ഇനി ചക്ഷുരാദികളുടെ വികൃതിയെ കാണിപ്പാനായി അദ്ധ്യായം ആരംഭിക്കുന്നു:—

അഥാതോ വികൃതേഹാവിജ്ഞാനീയമദ്ധ്യായം വ്യാഖ്യാസ്യാമഃ । ഇതിഹ സ്മാഹുരാത്രേയാദയോ മഹർഷയഃ ॥

സാ—അനന്തരം വികൃതേഹാവിജ്ഞാനീയമെന്ന അദ്ധ്യായത്തെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു. വികൃതേഹാവിജ്ഞാനീയം=വികൃതങ്ങളായ ഈഹകളുടെ (=ചേഷ്ടകളുടെ) അറിവിന്നു ഹിതമായിട്ടുള്ളത്.

ഘനീഭൂതമിവാകാശമാകാശമിവ യോ ഘനം
അമൂർത്തമിവ മൂർത്തഞ്ച മൂർത്തം വാമൂർത്തവൽ സ്ഥിതം
തേജസ്യതേജസ്തദ്വച്ച ശുക്ലം കൃഷ്ണമസച്ച സൽ
അനേത്രരോഗശ്ചന്ദ്രഞ്ച ബഹുരൂപമലാഞ്ഛനം
ജാഗ്രദ്രക്ഷാംസി ഗന്ധർവ്വാൻ പ്രേതാനന്യാംശ്ച തദ്വിധാൻ
രൂപം വ്യാകൃതി തദ്വച്ച യഃ പശ്യതി സ നശ്യതി.

സാ—ശൂന്യമായ ആകാശത്തെ ഘനം (കഠിനം) ആയതുപോലെയോ ഘനമായ പദാർത്ഥത്തെ ആകാശംപോലെ ശൂന്യമായോ കാണുന്നവനും, സ്വരൂപമുള്ള വസ്തുവെ സ്വരൂപഹീനമായോ സ്വരൂപമില്ലാത്ത വസ്തുവെ സ്വരൂപമുള്ളതായോ കാണുന്നവനും, തേജസ്സുള്ള വസ്തുവെ തേജസ്സില്ലാതേയോ വെളുത്ത വസ്തുവിനെ കറുത്തതായോ ഇല്ലാത്തതിനെ ഉള്ളതായോ അവയ്ക്കു വിപരീതമായൊ കാണുന്നവനും, നേത്രരോഗമില്ലാതിരിക്കേ ചന്ദ്രനെ അനേകരൂപങ്ങളോടുകൂടിയും കളങ്കത്തോടുകൂടാതേയും കാണുന്നവനും, ഉണർന്നിരിക്കുമ്പോൾ രക്ഷസ്സുകളേയോ ഗന്ധർവ്വന്മാരേയോ പ്രേതങ്ങളേയോ അതുപോലെയുള്ള മററു ജീവികളേയോ വികൃതമായ ആകൃതിയോടുകൂടിയ രൂപത്തേയോ കാണുന്നവനും മരിക്കും.

സപ്തർഷീണാം സമീപസ്ഥാം യോ ന പശ്യത്യരുന്ധതീം
ധ്രുവമാകാശഗംഗാം വാ സ ന പശ്യതി താം സമാം.

സാ—യാതൊരുവൻ സപ്തർഷിനക്ഷത്രങ്ങളുടെ അരികത്തുള്ള അരുന്ധതീനക്ഷത്രത്തേയോ ധ്രുവനക്ഷത്രത്തേയോ ആകാശഗംഗ എന്ന ധവളരേഖയേയോ കാണുന്നില്ലയോ അവൻ ആ സംവത്സരത്തെ മുഴവൻ

കാണുകയില്ല (കൊല്ലത്തിനുള്ളിൽ മരിക്കും.) ഇങ്ങിനെ ശ്രോത്രേന്ദ്രിയത്തിൻെറ വ്യകൃതചേഷ്ടയെ പറഞ്ഞു.

മേഘതോയൌഘനിർഘോഷവീണാപണവവേണുജാൻ
ശൃണോത്യന്യാംശ്ച യശ്ശബ്ദാനസതോ ന സതോഽപി വാ
നിഷ്പീഡ്യ കർണ്ണൌ ശൃണുയാന്ന യോ ധുകധുകസ്വനം
തദ്വൽ ഗന്ധരസസ്പർശാൻ മന്യതേ യോ വിപര്യയാൽ
സർവ്വശോ വാ ന യോ യശ്ച ദീപഗന്ധം ന ജിഘ്രതി
വിധിനാ യസ്യ ദോഷായ സ്വാസ്ഥ്യായാവിധിനാ രസാഃ
യഃ പാംസുനേവ കീർണ്ണാംഗോ യോംഗേ ഘാതം ന വേത്തി വാ
അന്തരേണ തപസ്തീവ്രം യോഗം വാ വിധിപൂർവ്വകം
ജാനാത്യതീന്ദ്രിയം യശ്ച തേഷാം മരണമാദിശേൽ.

സാ — യാവനൊരുത്തൻ വാസ്തവത്തിൽ ഇല്ലാത്തവയായ ഇടിമുഴക്കം, വെള്ളച്ചാട്ടം, വീണാ, പണവവാദ്യം എന്നിവയുടെ ശബ്ദങ്ങളെ കേൾക്കയോ യഥാർത്ഥത്തിൽ ഉള്ളവയായ ആ ശബ്ദങ്ങളെ ശ്രവിക്കാതിരിക്കയോ ചെയ്യുന്നുവോ, എന്നല്ല ഇല്ലാത്ത ശബ്ദങ്ങളെ കേൾക്കുകയും ഉള്ളവയെ കേൾക്കാതിരിക്കയും ചെയ്കയോ ചെയ്യുന്നതാരോ അവനും മരണത്തെ പറയണം. യാതൊരാൾ കൈകൊണ്ടു ചെവി അമർത്താൽ ചെവിയുടെ മുരമ്പാ കേൾക്കാതിരിക്കുന്നുവോ അവനും മരണത്തെ പറയണം. അപ്രകാരം തന്നെ യാതൊരുവന് ഗന്ധം, രസം, സ്പർശം എന്നിവ വിപരീതമായി തോന്നുന്നുവോ അവനും മരണത്തെ പറയണം. ഗന്ധരസസ്പർശങ്ങളെ തീരെ അറിയാതിരിക്കുന്നതാരോ അവനും മരണത്തെ പറയണം. യാതൊരുവൻ ദീപഗന്ധം (വിളക്ക് കെട്ടാലുള്ള ഗന്ധം) അറിയാതിരിക്കുന്നുവോ അവനും മരണത്തെ പറയണം. യാതൊരുവന് ശാസ്ത്രവിധിപ്രകാരം പ്രയോഗിക്കപ്പെടുന്ന രസങ്ങൾ രോഗവൃദ്ധികരങ്ങളായും ശാസ്ത്രവിധിയനുസരിക്കാതെ ചെയ്യപ്പെടുന്ന രസങ്ങൾ സുഖകരങ്ങളായും ഭവിക്കുന്നുവോ അവനും മരണത്തെ പറയണം. യാവനൊരുത്തൻ ദേഹത്തിൽ പൊടി വിതറിയതുപോലെയുള്ളവനായിരിക്കുന്നുവോ, അവനും, യാവനൊരുത്തൻ ദേഹത്തിൽ അടിച്ചാൽ അറിയാതിരിക്കുന്നുവോ അവനും, യാതൊരുവൻ കഠിനതപസ്സോ ശാസ്ത്രപ്രകാരമുള്ള യോഗാഭ്യാസമോ കൂടാതെ അതീന്ദ്രിയജ്ഞാനമുള്ളവനായിരിക്കുന്നുവോ അവനും മരണത്തെ പറയണം. [ഇതേവരെ പറഞ്ഞത് ഇന്ദ്രിയങ്ങളുടെ വികൃതിയെയാകുന്നു]

ജിഹ്വാ ശ്യാവാ മുഖം പൂതി സവ്യമക്ഷി നിമജ്ജതി
ഖഗാ വാ മൂർദ്ധ്നി ലീയന്തേ യസ്യ തം പരിവർജ്ജയേൽ.

സാ—യാവനൊരുത്തന്റെ നാവ് കരുവാളിച്ചും വായ ദുർഗ്ഗന്ധത്തോടുകൂടിയും ഭവിക്കുകയും ഇടത്തെകണ്ണ് കുണ്ടിൽപോവുകയും ചെയ്യുന്നുവോ അവനേയും, യാവനൊരുത്തന്റെ തലയിൽ കാക്കമുതലായ പക്ഷികൾ വന്നിരിക്കുന്നുവോ അവനേയും വൈദ്യൻ ഉപേക്ഷിക്കണം.

നികഷന്നിവ യഃ പാദൌ ച്യുതാംസഃ പരിസർപ്പതി
ഹീയതേ ബലതഃ ശശ്വദന്നമശ്നൻ ഹിതം ബഹു
യോല്പാശീ ബഹുവിണ്മൂത്രോ ബഹ്വാശീ ചാല്പമൂത്രവിൾ
യോ വാല്പാശീ കഫേനാർത്തോ ദീർഘം ശ്വസിതി ചേഷ്ടതേ
ദീർഘമുച്ഛ്വസ്യ യോ ഹ്രസ്വം നിശ്വസ്യ പരിതാമ്യതി
ഹ്രസ്വഞ്ച യഃ പ്രശ്വസിതി വ്യാവിദ്ധം സ്പന്ദതേ ഭൃശം
ശിരോ വിക്ഷിപതേ കൃച്ഛ്രാദ്ദ്വ്യോഞ്ചയിത്വാ പ്രപാണികൌ
യോ ലലാടാൽ സ്രുതസ്വേദഃ ശ്ലഥസന്ധാനബന്ധനഃ
ഉത്ഥാപ്യമാനഃ സംമുഹ്യേദ്യോ ബലീ ദുർബ്ബലോപി വാ
ഉത്താന ഏവ സ്വപിതി യഃ പാദൌ വികരോതി ച
ശയനാസനകുഡ്യാദേര്യോ സദൈവ ജിഘൃക്ഷതി
അഹാസ്യഹാസീ സംമുഹ്യൻ യോ ലേഢി ദശനച്ഛദൌ
ഉത്തരോഷ്ഠം പരിലിഹൻ ഫൂൽകാരാംശ്ച കരോതി യഃ
യമഭിദ്രവതി ച്ഛായാ കൃഷ്ണാ പീതാരുണാപി വാ
ഭിഷഗ്ഭേഷജപാനാന്നഗുരുമിത്രദ്വിഷശ്ച യേ
വശഗാസ്സർവ്വ ഏവൈതേ വിജ്ഞേയാസ്സമവർത്തിനഃ.

സാ—യാവനൊരുത്തൻ കാൽ നിലത്ത് ഉരക്കുന്നതുപോലെയും ചുമലുകൾ സ്ഥാനത്തിൽനിന്ന ച്യുതങ്ങളായിട്ടും നടക്കുന്നുവോ അവൻ കാലന്നധീനനാകുന്നു; യാവനൊരുത്തൻ പത്ഥ്യമായ ആഹാരത്തെ ധാരാളം ഉണ്ടാലും സദാ ബലം കുറഞ്ഞുംകൊണ്ടു വരുന്നുവോ അവനും അങ്ങിനെതന്നെ; യാവനൊരുത്തൻ കുറച്ചു ഭക്ഷിച്ചാലും അധികമായ മലമൂത്രങ്ങൾ ഉള്ളവനായും ധാരാളം ഭക്ഷിച്ചാലും മലമൂത്രങ്ങൾ കുറഞ്ഞവനായും ഭവിക്കുന്നുവോ അവനും അല്പംമാത്രം ഭക്ഷിക്കുന്നവനായ യാവനൊരുത്തൻ കഫാർത്തനായി നെടുവീർപ്പിട്ടു ചേഷ്ടിക്കുന്നുവോ അവനും കാലന്നധീനനാകുന്നു; യാവനൊരുത്തൻ ദീർഘമായ ഉച്ഛ്വാസത്തെ

ചെയ്തു് ഹ്രസ്വമായ് നിശ്വാസത്തേയും ചെയ്തു് പരവശനായി ഭവിക്കുന്നുവോ അവനും, യാവനൊരുത്തൻ ശ്വാസംകഴിക്കുന്നതു ഹ്രസ്വമായിട്ടുമാത്രമാകുന്നുവോ അവനും യാവനൊരുത്തൻ വ്യാവിദ്ധമാകുംവണ്ണം ഏററവും സ്പന്ദിക്കുന്നുവോ അവനും കാലന്നധീനനാകുന്നു; യാവനൊരുത്തൻ ഹസ്താഗ്രങ്ങളെ ആകുഞ്ചനംചെയ്തുംകൊണ്ടു് വള്ളരെ പണിപ്പെട്ടു് തലയിട്ടുരുട്ടുന്നുവോ അവനും, യാവനൊരുത്തൻ നെററിയിൽനിന്നു വിയൎപ്പൊലിച്ചും സന്ധിബന്ധങ്ങൾ അയഞ്ഞും ഭവിക്കുകയും കിടക്കുന്നിടത്തുനിന്നെഴുനീല്പിച്ചാൽ അപ്പോഴുക്കു മോഹാലസ്യപ്പെട്ടുകയും ചെയ്യുന്നുവോ അവനും, ബലവാനായാലും ബലഹീനനായാലും യാതൊരുവൻ മലൎന്നുകിടന്നുംകൊണ്ടുതന്നെ ഉറങ്ങുന്നുവോ അവനും, യാവനൊരുത്തൻ കാലുകളെ വികൃതങ്ങളായിട്ടുതന്നെ വ്യാപരിപ്പിക്കുന്നുവോ അവനും, യാവനൊരുത്തൻ കിടക്ക ആസനം ചുമര് മുതലായവയിൽ ഇല്ലാത്തതിനെത്തന്നെ എടുക്കുവാൻ ഭാവിക്കുന്നുവോ അവനും, യാവനൊരുത്തൻ ചിരിക്കാൻ പ്രസക്തിയില്ലാത്തിടത്തു ചിരിക്കുന്നുവോ അവനും, യാവനൊരുത്തൻ മോഹാലസ്യപ്പെട്ടുംകൊണ്ടു് ചുണ്ടുകൾ നക്കുന്നുവോ അവനും, യാവനൊരുത്തൻ മേലേചുണ്ടു് നക്കിയുംകൊണ്ടു ഫൂൽക്കാരങ്ങളെ ചെയ്യുന്നുവോ അവനും, യാവനൊരുത്തന്റെ പിന്നാലെ കറുത്തതോ മഞ്ഞച്ചതോ ചുവന്നതോ ആയ നിഴൽ പിന്തുടരുന്നുവോ അവനും, യാവനൊരുത്തൻ വൈദ്യനേയും മരുന്നിനേയും അന്നപാനങ്ങളേയും ഗുരുക്കന്മാരേയും ബന്ധുക്കളേയും ദ്വേഷിക്കുന്നുവോ അവനും അന്തകന്റെ അധീനനാകുന്നു.

ഗ്രീവാലലാടഹൃദയം യസ്യ സ്വിദ്യതി ശീതളം
ഉഷ്ണോപരഃ പ്രദേശശ്ച ശരണം തസ്യ ദേവതാഃ.

സാ—യാവനൊരുത്തന്റെ കഴുത്തും നെററിയും ഹൃദയവും തണുത്തിരിക്കുകയും വിയൎക്കുകയും ശേഷം അവയവങ്ങൾ ഉഷ്ണങ്ങളായിരിക്കയും ചെയ്യുന്നുവോ അവനു പരലോകദേവതമാരേ ശരണമായുള്ളു (മരിക്കാനടുത്തു എന്നൎത്ഥം).

യോണുജ്യോതിരനേകാഗ്രോ ദുഃഛരായോ ദുൎമ്മനാസ്സദാ
ബലിം ബലിഭുജോ യസ്യ പ്രണീതം നോപഭുഞ്ജതേ
നിൎന്നിമിത്തഞ്ച യോ മേധാം ശോഭാമുപചയം ശ്രിയം
പ്രാപ്നോത്യതോ വാ വിഭ്രംശം സ പ്രാപ്നോതി യമക്ഷയം.

സാ—യാവനൊരുത്തൻ സ്വല്പപ്രകാശനായും ഏകാഗ്രതയില്ലാ

ത്തവനായും ചീത്ത ഛായയോടുകൂടിയവനായും സദാ ദുൎമ്മനസ്സായും ഭവിക്കുന്നുവോ അവനും, യാവനൊരുത്തൻ ശ്രാദ്ധമൂട്ടി നൽകിയ പിണ്ഡത്തെ കാക്കകൾ തിന്നുന്നില്ലയോ അവനും, യാവനൊരുത്തൻ കാരണം കൂടാതെ ബുദ്ധി ശോഭാ പുഷ്ടി കാന്തി ഇവയെ ലഭിക്കയോ മുമ്പുള്ള ബുദ്ധ്യാദികൾ കാരണംകൂടാതെ ഇല്ലാതാകുകയൊ ചെയ്യുന്നുവോ അവനും യമന്റെ ഗൃഹത്തേക്കു പോകും.

ഗുണദോഷമയീ യസ്യ സ്വസ്ഥസ്യ വ്യാധിതസ്യ വാ
യാത്യന്യഥാത്വം പ്രകൃതിഃ ഷണ്മാസാൻ ന സ ജീവതി.

സാ—യാവനൊരുത്തൻ സ്വസ്ഥനായിരുന്നാലും ശരി രോഗിയായിരുന്നാലും ശരി, അവന്റെ സത്വാദിജമായ ഗുണപ്രകൃതിയും വാതാദിജമായ ദോഷപ്രകൃതിയും പൂൎവ്വാവസ്ഥയിൽനിന്നു മാറുന്നുവോ അവൻ ആറുമാസം മുഴുവനു ജീവിച്ചിരിക്കയില്ല.

ഭക്തിഃ ശീലം സ്മൃതിസ്ത്യാഗോ ബുദ്ധിൎബ്ബലമഹേതുകം
ഷഡേതാനി നിവൎത്തന്തേ ഷഡ്ഭിൎമ്മാസൈൎമ്മരിഷ്യതഃ.

സാ—ഭക്തി, ശീലം, ഓൎമ്മ, ത്യാഗം, ബുദ്ധി, ബലം എന്നീ ആറുകൂട്ടം കാരണം കൂടാതെകണ്ട് ഇല്ലാതായാൽ ആറുമാസത്തിന്നകം അവൻ മരിക്കും.

മത്തവദ്ഗതിവാക്കമ്പമോഹാ മാസാന്മരിഷ്യതഃ
നശ്യത്യജാനൻ ഷഡഹാൻ കേശലുഞ്ചനവേദനാം.

സാ—ഒരു മാസത്തിന്നകം മരിപ്പാൻപോകുന്നവന്ന് മദമത്തന്മാരുടേതുപോലെയുള്ള നടത്തം, വാക്ക്, വിറച്ചിൽ, മോഹം എന്നിവയുണ്ടാകും. തലയിലെ രോമം പറിച്ചാലുള്ള വേദനയെ അറിയാത്തവർ ആറു ദിവസത്തിന്നുള്ളിൽ മരിക്കും.

ന യാതി യസ്യ ചാഹാരഃ കണ്ഠം കണ്ഠാമയാദൃതേ
പ്രേഷ്യാഃ പ്രതീപതാം യാന്തി പ്രേതാകൃതിരുദീൎയ്യതേ
യസ്യ നിദ്രാ ഭവേന്നിത്യാ നൈവ വാ ന സ ജീവതി.

സാ—യാവനൊരുത്തന്ന് കണ്ഠരോഗമില്ലാതിരിക്കേതന്നെ ആഹാരം കണ്ഠത്തിലേക്കിറങ്ങാതിരിക്കുന്നുവോ അവനും, യാവനൊരുത്തന്ന് ഇഷ്ടഭൃത്യന്മാർ പ്രതികൂലന്മാരായി ഭവിക്കുന്നുവോ അവനും, യാവനൊരുത്തന്റെ ആകൃതി പ്രേതന്റെ (മരിച്ചവന്റെ) ആകൃതിപോലെയിരിക്കുന്നുവെന്നു കാണികൾ പറയുന്നുവോ അവനും, യാവനൊരുത്തന്ന് സദാ ഉറക്കം വരികയോ അല്ലെങ്കിൽ ഉറക്കം തീരെ വരാതിരിക്കയോ ചെയ്യുന്നുവോ അവനും ജീവിക്കുകയില്ല.

വക്ത്രമാപൂര്യ്യതേശ്രുഭിഃ സ്വിദ്യതശ്ചരണൌ ഭൃശം
ചക്ഷുശ്ചാകുലതാം യാതി യമരാഷ്ട്രം ഗമിഷ്യതഃ
യൈഃ പുരാ രമതേ ഭാവൈരരതിസ്തൈർന്ന ജീവതി.

സാ—വായിൽ അശ്രുക്കൾ നിറയുക, കാലുകൾ അധികമായി വിയർക്കുക, കണ്ണ് ആകുലമായിരിക്കുക ഇവയെല്ലാം യമലോകത്തേക്കു പോകാനടുത്തിരിക്കുന്നവന്റെ ലക്ഷണങ്ങളാകുന്നു. മുമ്പു യാവചില ഭാവങ്ങളിൽ രസംതോന്നിയിരുന്നുവോ ആവക ഭാവങ്ങളിൽ ഇഷ്ടമില്ലാതായി പരിണമിച്ചവൻ ജീവിച്ചിരിക്കയില്ല.

ഇങ്ങിനെ വികൃതികൃതങ്ങളായ ചേഷ്ടകളെ പറഞ്ഞിട്ട് ആചാര്യൻ വൈദ്യന്ന് ഒരുപദേശം നൽകുന്നു:—

കഥയേന്ന തു പൃഷ്ടോപി ദുഃശ്രവം മരണം ഭിഷക്
ഗതാസോർബ്ബന്ധുമിത്രാണാം ന ചേച്ഛേത്തം ചികിത്സിതും
യമദൂതപിശാചാദ്യൈർയ്യൽ പരാസുരുപാസ്യതേ
ഘ്നന്തിരൌഷധവീര്യ്യാണി തസ്മാത്തം പരിവർജ്ജയേൽ.

സാ—ഒരുവന്ന് മരണലക്ഷണം കണ്ടാൽ അവൻ മരിക്കുമെന്നുള്ള കഠിനവിവരത്തെ അവന്റെ ബന്ധുമിത്രങ്ങളോടു വൈദ്യൻ, ഇങ്ങോട്ടു ചോദിച്ചാൽകൂടിയും പറയരുത്. എന്തുകൊണ്ടെന്നാൽ മരണം കേൾക്കുന്നത് ഏവർക്കും ദുസ്സഹമാകുന്നു. എന്നാൽ വൈദ്യൻ മരണലക്ഷണം കാണുന്നവനെ ചികിത്സിപ്പാനിച്ഛിക്കയുമരുത്. എന്തുകൊണ്ടെന്നാൽ— മരണമടുത്തവന്റെ മേൽ യമദൂതന്മാർ, പിശാചുക്കൾ മുതലായ അദൃശ്യമൂർത്തികൾ ആവേശിച്ചിരിക്കും. അവർ അവനിൽ പ്രയോഗിക്കപ്പെടുന്ന ഔഷധങ്ങളുടെ വീര്യങ്ങളെ ഇല്ലായ്മചെയ്യും. അതുകൊണ്ട് അവനെ വൈദ്യൻ ഉപേക്ഷിക്കുകതന്നെ വേണം.

അരിഷ്ടം നാസ്തി മരണം ദൃഷ്ടരിഷ്ടഞ്ച ജീവിതം
അരിഷ്ടേ രിഷ്ടവിജ്ഞാനം ന ച രിഷ്ടേപ്യനൈപുണാൽ
ചരകസ്യേതി വചനം... ... ... ...

സാ—ചരകമഹർഷി പറയുന്നതിങ്ങിനെയാണ്—രിഷ്ടം (വികൃതിലക്ഷണം) കൂടാതെ മരണമില്ല; രിഷ്ടം കാണപ്പെട്ടാൽ പിന്നെ ജീവിതവുമില്ല. എന്നാൽ വൈദ്യന്റെ സാമർത്ഥ്യക്കുറവുകൊണ്ട് രിഷ്ടമല്ലാത്തതിനെ രിഷ്ടമായിട്ടും രിഷ്ടത്തെ രിഷ്ടമല്ലാതായിട്ടും അറിയുന്നു. അതിസൂക്ഷ്മങ്ങളായ വികൃതിലക്ഷണങ്ങളെ തിരിച്ചറിയാൻ ശക്തിയില്ലാത്ത വൈദ്യൻ മരണകാരണമായ ലക്ഷണത്തെ കണ്ട് അങ്ങിനെയല്ലെന്നും, വേ

റെവല്ലത്തും കണ്ടിട്ട് മരണലക്ഷണമാണെന്നും അന്ധാളിച്ചുപോകുന്നു എന്നു സാരം. ആകയാൽ രിഷ്ടനിർണ്ണയത്തിങ്കൽ വളരെ മനസ്സിരുത്തേണമെന്നു ഭാവം.

... ... ... സുശ്രുതേന തു പഠ്യതേ
ധ്രുവം ഹി രിഷ്ടേ മരണം ബ്രാഹ്മണൈസ്തൽ കിലാമലൈഃ
രസായനതപോദാനതല്പരൈർവ്വാ നിവാര്യതേ.

സാ—സുശ്രുതനാകട്ടെ ഇങ്ങിനെ പറയുന്നു—മരണലക്ഷണം ഉണ്ടായാൽ മരിക്കുമെന്നുള്ളതു നിശ്ചയമാണ്. എന്നാൽ നിർമ്മലന്മാരായ ബ്രാഹ്മണരാലും, രസായനോപയോഗം തപസ്സ് ദാനം എന്നിവയിൽ തൽപരന്മാരായവരാലും ആ മരണലക്ഷണം നിവാരണം ചെയ്യപ്പെടുന്നു. ആകയാൽ രിഷ്ടദർശനത്തിങ്കൽ സൽകർമ്മങ്ങളെ ചെയ്യേണ്ടതാണെന്നു സാരം.

കൃഷ്ണാത്രേയോ ദ്വിധാ രിഷ്ടം സ്ഥിരാസ്ഥിരവിഭേദതഃ
ദോഷാണാമപി ബാഹുല്യാദ്രിഷ്ടാഭാസസ്സമുദ്ഭവേൽ
തൽ ദോഷാണാം ശമേ ശാമ്യേൽ സ്ഥായ്യവശ്യന്തു മൃത്യവേ.

സാ—കൃഷ്ണാത്രേയമഹർഷി സ്ഥിരമെന്നും അസ്ഥിരമെന്നും രണ്ടുവിധത്തിൽ രിഷ്ടലക്ഷണത്തെ തിരിച്ചു പറഞ്ഞിരിക്കുന്നു. വാതാദിദോഷങ്ങളുടെ ബാഹുല്യം ഹേതുവായിട്ടും രിഷ്ടാഭാസം (കാഴ്ചയിൽ മരണസൂചകമാണെന്നു തോന്നിക്കുന്ന ലക്ഷണം) ഉണ്ടാകും. അത് അസ്ഥിരമാകുന്നു. ദോഷങ്ങൾ ശമിച്ചാൽ ആ ലക്ഷണവും ശമിക്കും. എന്നാൽ സ്ഥായി (സ്ഥിരം) ആയ രിഷ്ടലക്ഷണമാകട്ടെ തീർച്ചയായും മരണത്തെ വരുത്തും—എന്നാണ് ആത്രേയവചനം.

അദ്ധ്യായം ഉപസംഹരിക്കുന്നു:—

ആയുർവ്വേദഫലം കൃൽസ്നം യദായുർജ്ഞേ പ്രതിഷ്ഠിതം
രിഷ്ടജ്ഞാനാദൃതസ്തസ്മാൽ സർവ്വദൈവ ഭവേദ്ഭിഷക്.

സാ—ആയുർവ്വേദത്തിന്റെ ഫലം (ആയുസ്സിന്റെ പരിപാലനം) മുഴുവനും ആയുസ്സിനെ അറിയുന്നവനായ വൈദ്യങ്കലാണ് പ്രതിഷ്ഠിതമായിരിക്കുന്നത്. അതുകൊണ്ടു വൈദ്യൻ എപ്പോഴും രിഷ്ടലക്ഷണത്തെ അറിയുന്നതിൽ താൽപര്യമുള്ളവനായിരിക്കണം.

ഇത്യഷ്ടാംഗസംഗ്രഹേ ശാരീരസ്ഥാനേ
ദശമോദ്ധ്യായഃ
സമാപ്തഃ.

## ഏകാദശോദ്ധ്യായഃ.

---

മുമ്പത്തെ അദ്ധ്യായത്തിൽ വികൃതിചേഷ്ടകളെപ്പററി പറഞ്ഞുവല്ലോ. ഇനി മരണം വരുത്തുന്നവയായ വ്യാധികളുടെ സ്വരൂപം അറിവാനായി അദ്ധ്യായം ആരംഭിക്കുന്നു:—

അഥാതോ വികൃതവ്യാധിവിജ്ഞാനീയമദ്ധ്യായം വ്യാഖ്യാസ്യാമഃ । ഇതിഹ സ്മാഹുരാത്രേയാദയോ മഹർഷയഃ ॥

സാ—അനന്തരം വികൃതവ്യാധിവിജ്ഞാനീയമെന്നുപേരായ അദ്ധ്യായത്തെ പറവാൻപോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു. വികൃതവ്യാധിവിജ്ഞാനീയം=വികൃതങ്ങളായ (മരണസൂചകങ്ങളായ) വ്യാധികളെ അറിവാനായിക്കൊണ്ടു ഹിതമായിട്ടുള്ളത്. ഭാവം സ്പഷ്ടം.

സർവ്വേഷ്വപി ഹേതുപ്രാഗ്രൂപരൂപൈരതിമാത്രൈര്യസ്യ വ്യാധിരുൽപദ്യതേ, വ്യാധിതസ്യ വാ യസ്യാശു മുഖേ പിപ്ലുവ്യംഗലേഖാതിലകാളകാഃ, കരജരദനേഷു വാ പുഷ്പാണ്യുദരേ വാ നാനാവർണ്ണാഃ സിരാഃ, യസ്യ ശുഷ്യതോ നേത്രോപദേഹോ വർത്മനാസികാന്യതരശ്ചായഥാപൂർവ്വമസ്രംസോ വാ, യസ്യ ക്ഷീണസ്യ ക്ഷുത്തൃഷ്ണാ വാ ഹൃദ്യൈർബൃംഹണൈരപ്യന്നപാനൈർന്ന ശാമ്യതി, യസ്യ സഹേനമസൃക് പ്രസിച്യതേ, കുക്ഷിശ്ശൂലഞ്ച, ഉരസോ വാ, യസ്യ ശ്ലേഷ്മാ നീലപീതലോഹിതോ ബഹുശശ്ച, യസ്യ ബലവാൻ ഗ്രീവാവമർദ്ദോ ജിഹ്വാശോഷഃ കണ്ഠാസ്യഗുദപാകശ്ച, യസ്യാമാശയേ തഥാ പരികർത്തികാതിതൃഷ്ണാ ശകൃദ്ഭേദശ്ച, യസ്യ പക്വാശയേ തഥാ പരികർത്തികാതിതൃഷ്ണാതിമാത്രശ്ച ഗുദഗ്രഹഃ, യസ്യാമപക്വാശയാന്യതരമാശ്രിത്യ സംജ്ഞാഞ്ച ഹത്വാ വായുഃ കണ്ഠേ ഘുർഘുരകം കരോതി, യസ്യ ക്ഷീണസ്യ തൃഷ്ണാതിവൃദ്ധിർഹൃദി ശൂലഞ്ച, തഥാ ഹിധ്മാരക്താതിസാരൗ വർദ്ധമാനാതീസാരൗ വാ ഭൃശം സന്ത്രാഷ്ണൗ സ പരാസുരിതി ॥

സാ—എല്ലാ രോഗങ്ങൾക്കും പ്രത്യേകം പ്രത്യേകം പറയപ്പെട്ടുന്ന ഹേതു, പൂർവ്വരൂപം, ലക്ഷണം എന്നിവ അതിമാത്രങ്ങൾ (അതിദുഷ്ടങ്ങൾ) ആയിട്ട് ഏതു വ്യാധിയെങ്കിലും ഒരാൾക്കുണ്ടായാലവനും, വ്യാധി ഉണ്ടായ ഉടനെ മുഖത്ത് പിപ്ലു വ്യംഗം, ലേഖാ തിലകാളകം (ഇ

(ഇവയെല്ലാം വർണ്ണവിശേഷങ്ങളത്രെ) എന്നിവയുണ്ടായാലവനും, കൈനഖങ്ങളിലും പല്ലുകളിലും പൂവ്വുകളും ഉദരത്തിങ്കൽ വിവിധവർണ്ണങ്ങളോടുകൂടിയ തെരപ്പുകളും ആൎക്കുണ്ടാകുന്നുവോ അവനും മരണമടുത്തവനാകുന്നു. ശരീരം ശോഷിക്കുകയും കണ്ണുകൾ ഒട്ടിപ്പിടിക്കയും കണ്ണോളകളിലോ മൂക്കിലോ വീക്കമുണ്ടാകയും കണ്ണോളകൾ സ്രവിക്കുകയും ചെയ്യുന്നതാകിലോ അവനും, ക്ഷീണനായ യാതൊരുത്തനു ഹൃദ്യങ്ങളായ അനേകാന്നപാനങ്ങളെക്കൊണ്ടും തീരാത്തതായ വിശപ്പും ദാഹവും ഉണ്ടാകുന്നുവോ അവനും, നുരയോടുകൂടിയ രക്തം വായിൽനിന്നു വരികയും വയറ്റിലോ മാറത്തോ വേദനയുണ്ടാകയും ചെയ്യുന്നതാകിലോ അവനും, യാവനൊരുത്തന്റെ വായിൽനിന്നു നീലനിറമോ മഞ്ഞനിറമോ രക്തനിറമോ ആയ കഫം വരുന്നുവോ അവനും, ബലവത്തായ കഴുത്തിൽ പിടുത്തവും നാവുവരൾച്ചയും കഴുത്തിലും വായിലും ഗുദത്തിലും പഴുപ്പും ഒന്നിച്ച് ആൎക്കുണ്ടാകുന്നുവോ അവനും, യാതൊരുവന്ന് ആമാശയത്തിൽ അരിഞ്ഞുനോവ് അതിതൃഷ്ണ മലഭേദം എന്നിവയും പക്വാശയത്തിങ്കൽ അരിഞ്ഞുനോവ് അതിതൃഷ്ണ അതിമാത്രഗുദഗ്രഹം എന്നിവയും ഒരേസമയത്തുണ്ടാകുന്നുവോ അവനും മരണമടുത്തിരിക്കുന്നു. യാവനൊരുത്തന്നു വായു ആമാശയത്തിലോ പക്വാശയത്തിലോ കടന്നുകൂടി തന്റേടവും കെട്ടുത്തി ഘർഘരശബ്ദത്തെ കണ്ഠത്തിൽ ജനിപ്പിക്കുന്നുവോ അവനും, യാതൊരുവന്നു ക്ഷീണതയും വലിയ തണ്ണീർദാഹവും അതിശൂലവും ഭവിക്കുന്നുവോ അവനും, ഇക്കിട്ട് രക്താതിസാരം എന്നിവയോ ആദ്ധ്മാനം അതിസാരം എന്നിവയോ വലിയ തൃഷ്ണയോടുംകൂടി ആൎക്കുണ്ടാകുന്നുവോ അവനും മരണമടുത്തിരിക്കുന്നു. ഇത്രയും പറഞ്ഞതു സർവ്വരോഗസാമാന്യമായ വികൃതിലക്ഷണമാകുന്നു. ഇനി രോഗവിശേഷങ്ങൾക്കുള്ള വികൃതികളെ പറയുന്നു.

ഭവതി ചാത്ര —

ജ്വരോ നിഹന്തി ബലവാൻ ഗംഭീരോ ദൈർഘ്യരാത്രികഃ
സപ്രലാപഭ്രമശ്വാസഃ ക്ഷീണം ശൂനം ഹതാനലം.
അക്ഷാമം സക്തവചനം രക്താക്ഷം ഹൃദി ശൂലിനം
അശുഷ്ക്കാസഃ പൂർവ്വാഹ്ണേ ചാപരാഹ്ണേപി വാ ഭവേൽ.
ബലമാംസവിഹീനസ്യ ശ്ലേഷ്മകാസസമന്വിതഃ.

സാ — ജ്വരം ബലവാനായിരിക്കുക, ആഴത്തിൽ തട്ടിയതായിരിക്കു

കം, അധികദിവസം പഴകിയതായിരിക്കുക, വേപായൽ തലതിരിച്ചിൽ ഏക്കം എന്നിവയുണ്ടായിരിക്കുക; രോഗി ക്ഷീണനായും നീരുള്ളവനായും അഗ്നിമാന്ദ്യമുള്ളവനായുമിരിക്കുക, രാവിലെയൊ വൈകുന്നേരമോ ശുഷ്കമല്ലാത്ത ചുമയോടുകൂടിയിരിക്കുക (കുരച്ചുതുപ്പുക) രോഗിക്കു ബലവും മാംസവും ഇല്ലാതിരിക്കുക, കഫകാസമുണ്ടായിരിക്കുകയും ചെയ്ക — ഇങ്ങിനെയുള്ളതായ ജ്വരം മരണത്തെ ഉണ്ടാക്കും.

രക്തപിത്തം ഭൃശം രക്തം കൃഷ്ണമിന്ദ്രധനുഷ്പ്രഭം
താമ്രഹാരിദ്രഹരിതം ദ്രുതം രക്തം പ്രദർശയൽ
രോമകൂപപ്രവിസൃതം കണ്ഠാസ്യഹൃദയേ സജൽ
വാസസോ രഞ്ജനം പൂതി വേഗവച്ചാതിഭൂരി ച
വൃദ്ധം പാണ്ഡുജ്വരച്ഛർദ്ദികാസശ്വാസാതിസാരിണം.

സാ — രക്തപിത്തത്തിങ്കൽ പോകുന്ന ചോര ഏററവും രക്തമായോ കറുത്തതായോ മഴവില്ലിനെപ്പോലെ നാനാവർണ്ണമായോ ചെമ്പിച്ചോ മഞ്ഞച്ചോ പച്ചച്ചോ ഇരിക്കുക, രക്തവർണ്ണമായ രൂപത്തെ കാണിക്കുക, രോമകൂപങ്ങളിലൂടെ പുറപ്പെട്ടതും കണ്ഠാസ്യഹൃദയങ്ങളിൽ തങ്ങിയതുമായിരിക്കുക; രക്തം വസ്ത്രത്തിൽ പററിയാൽ വസ്ത്രം തുടക്കാതിരിക്കുക, ദുർഗ്ഗന്ധമുണ്ടായിരിക്കുക, വേഗമുള്ളതായും അതിമാത്രമായുമിരിക്കുക, രോഗി വൃദ്ധനും പാണ്ഡു-ജ്വരം-ഛർദ്ദി-കാസം-ശ്വാസം-അതിസാരം ഇവ ഉള്ളവനുമായിരിക്കുക — ഇങ്ങിനെയിരിക്കുന്നതായ രക്തപിത്തം മരണത്തെ ഉണ്ടാക്കും.

കാസശ്വാസജ്വരച്ഛർദ്ദിതൃഷ്ണാതീസാരശോഫിനം
യക്ഷ്മാ പാർശ്വരുജാനാഹരക്തച്ഛർദ്യംസതാപിനം
ഛർദ്ദിർവ്വേഗവതീ മൂത്രശകൃദ്ഗന്ധിസ്സചന്ദ്രികാ
സാസ്രവിൾപൂയരുക്കാസശ്വാസവത്യനുഷംഗിണീ
തൃഷ്ണാന്യരോഗക്ഷപിതം ബഹിർജ്ജിഹ്വം വിചേതനം.
മദാത്യയോതിശീതാർത്തം ക്ഷീണം തൈലപ്രഭാനനം
അർശാംസി പാണിപന്നാഭിഗുദമേഢ്രാസ്യശോഫിനം
ഹൃൽപാർശ്വാംഗരുജാച്ഛർദ്ദിപായുപാകജ്വരാതുരം
അതീസാരേ യകൃൽപിണ്ഡമാംസധാവനമേചകൈഃ
തുല്യൈസ്സ്നേഹഘൃതക്ഷീരദധിമജ്ജവസാസവൈഃ
മസ്തുലുംഗമഷീപൂയവേശവാരാംബുമാക്ഷികൈഃ

അതിരക്താസിതസ്നിഗ്ദ്ധപൂത്യച്ഛഘനവേദനഃ
കർബ്ബുരം പ്രസ്രവൻ ധാതൂൻ നിഷ്പുരീഷോഽഥവാതിവിട്
തൃഷ്ണാവാൻ മക്ഷികാക്രാന്തോ രാജീമാംശ്ചന്ദ്രകൈര്യുതഃ
ശീർണ്ണപായുവലിം മുക്തനാളം പർവ്വാസ്ഥിശൂലിനം
സ്രസ്തപായും ബലക്ഷീണമന്നമേവാപവേശയൻ
സതൃൾകാസജ്വരച്ഛർദ്ദിദാഹാനാഹപ്രവാഹികഃ
അശ്മരീ ശൂനവൃഷണം ബദ്ധമൂത്രം രുജാർദ്ദിതം.

സാ— കാസശ്വാസങ്ങൾ ജ്വരച്ഛർദ്ദിതൃഷ്ണാതീസാരശോഫങ്ങളുള്ളവനുണ്ടായാൽ നാശത്തെ ചെയ്യും. യക്ഷ്മാവ് (ക്ഷയം) പാർശ്വവേദനയും ആനാഹവും രക്തച്ഛർദ്ദിയും അംസപ്രദേശത്തിങ്കൽ ചൂട്ടും ഉള്ളവനുണ്ടായാൽ മരണകരമാകുന്നു. ഛർദ്ദി വേഗവതീത്യാദിലക്ഷണങ്ങളോടുകൂടിയിരുന്നാൽ മരണത്തെ ചെയ്യും. വേഗവതി=വേഗത്തോടുകൂടിയത്. മൂത്രശകൃൽഗന്ധി=മൂത്രത്തിന്റെയും മലത്തിന്റെയും ഗന്ധംപോലെയുള്ള ഗന്ധത്തോടുകൂടിയത്. സചന്ദ്രികാ=ചന്ദ്രികയോടുകൂടിയത്. സാസ്രവിൾപൂയരുൿ=രക്തത്തോടും മലത്തോടും ചലത്തോടും വേദനയോടും കൂടിയത്. കാസശ്വാസവതീ=ചുമയോടും ഏക്കത്തോടും കൂടിയത്. അനുഷംഗിണീ=ദീർഘകാലാനുബന്ധത്തോടുകൂടിയത്. തൃഷ്ണ, ജ്വരാദികളായ അന്യരോഗങ്ങളാൽ പീഡിതനായവനും നാവ് പുറത്തേക്കു തുറിച്ചവനും തന്റേടം വിട്ടവനും മരണത്തെ നൽകും. മദാത്യയമെന്ന രോഗം അധികമായ ശീതത്താൽ ആർത്തനായവനേയും ക്ഷീണനായവനേയും എണ്ണച്ഛായയോടുകൂടിയ മുഖത്തോടുകൂടിയവനേയും ഹനിക്കും. അർശോരോഗം കൈകാലുകളിലും നാഭിയിലും ഗുദത്തിലും വൃഷണങ്ങളിലും മുഖത്തും നീരുള്ളവനും ഹൃദയത്തിലും പാർശ്വങ്ങളിലും വേദനയോടുകൂടിയവനും ഛർദ്ദി ഗുദപാകം ജ്വരം എന്നിവയാൽ പീഡിതനുമായവനെ ഹനിക്കും. അതിസാരം യകൃൽപിണ്ഡത്തോടും മാംസം കഴുകിയ വെള്ളത്തെപ്പോലെയുള്ള വിവിധവർണ്ണങ്ങളോടും കൂടിയതായിരിക്കയോ, എണ്ണ നെയ്യ് പാൽ തയിര് മജ്ജ വസ ആസവം എന്നിവയോടോ തലച്ചോറ് മഷി ചലം വേശവാരവിധിപോലെ നുറുക്കിയ മാംസത്തിന്റെ വെള്ളം തേൻ എന്നിവയോടൊ തുല്യമായിരിക്കയോ, അതിയായ രക്തവർണ്ണത്തോടോ അതിയായ കൃഷ്ണവർണ്ണത്തോടോ അതിയായ സ്നിഗ്ദ്ധതയോടോ അതിയായ ദുർഗ്ഗന്ധത്തോടോ അത്യച്ഛതയോ

ടോ അതിഘനത്വത്തോടോ അതിവേദനയോടോ കൂടിയതായിരിക്കയോ നാനാവൎണ്ണങ്ങളോടുകൂടുംവണ്ണം ധാതുക്കളെ സ്രവിപ്പിക്കുന്നതായിരിക്കയോ, ഒന്നുകിൽ മലംകൂടാതെയോ അല്ലെങ്കിൽ അധികം മലത്തോടുകൂടിയോ ഭവിക്കയോ, നൂലുകളോടുകൂടി അതിസരിക്കയോ അതിസരിക്കപ്പെട്ടതിൽ ഈച്ചകൾ അധികമായി കൂടുകയോ അതിസാരം രാജികളോടുംകൂടിയിരിക്കയോ ചെയ്താൽ മരണത്തെ വരുത്തും. അതിസാരമുള്ളവന്റെ ഗുദവലികൾ പൊട്ടിപ്പോകയോ ഗുദത്തിന്റെ ബന്ധനം വേർപെടുകയോ പൎവ്വാസ്ഥികളിൽ വേദനയുണ്ടാകയോ ഗുദം പുറത്തേക്കു തുറിക്കുകയോ രോഗിക്കു ബലം തീരെ ഇല്ലാതിരിക്കയോ ചെയ്കയോ വെറും അന്നംതന്നെ പോകയോ ചെയ്താൽ ആ അതിസാരവും മരണത്തെ വരുത്തും. അതിസാരമുള്ളപ്പോൾ തണ്ണീർദാഹവും ശൂലയും ജ്വരവും ഛൎദ്ദിയും ദാഹവും ആനാഹവും പ്രവാഹികയും ഉണ്ടായിരുന്നാലും മരണം ഭവിക്കും. അശ്മരീരോഗമുള്ളവന്നു വൃഷണങ്ങൾ തടിക്കുകയും മൂത്രം ബന്ധിക്കുകയും കലശലായ വേദനയുണ്ടായിരിക്കുകയും ചെയ്താൽ മരണം ഭവിക്കും.

മേഹസ്തൃഡ്ദാഹപിടകാമാംസസങ്കോചാതിസാരിണം
പിടകാ മൎമ്മഹൃൽപൃഷ്ഠസ്തനാംസഗുദമൂൎദ്ധഗാ
പൎവ്വപാദകരസ്ഥാ വാ മന്ദോത്സാഹം പ്രമേഹിണം
സൎവ്വഞ്ച മാംസസങ്കോചദാഹതൃഷ്ണാമദജ്വരൈഃ
വിസൎപ്പമൎമ്മസംരോധഹിദ്ധ്മാശ്വാസഭ്രമക്ലമൈഃ.

സാ—പ്രമേഹം, തൃഷ്ണയും ചുട്ടുനീറലും കുരുവും മാംസക്ലേദവും ഉണ്ടായിരുന്നാൽ മരണം വരുത്തും. കുരു (ശരാവികാദികൾ) മൎമ്മം, ഹൃദയം, പൃഷ്ഠം, സ്തനം, അംസം, ഗുദം, മൂൎദ്ധാവ് ഈ സ്ഥാനങ്ങളിലോ സന്ധികളിലോ പാദകരങ്ങളിലോ സ്ഥിതിചെയ്കയോ ചെയ്താലും രോഗി ഉത്സാഹഹീനനോ പ്രമേഹമുള്ളവനോ ആയിരുന്നാലും മരണം വരുത്തും. എല്ലാവരും കുരുവും മാംസസങ്കോചാദികളോടുകൂടിയിരുന്നാൽ മരണകരമാകുന്നു. മാംസസങ്കോചം=മാംസക്ലേദം. മാംസദാഹം=മാംസത്തിങ്കൽ ചുട്ടുനീറൽ. വിസൎപ്പം=വിസൎപ്പമെന്ന രോഗം. മൎമ്മസംരോധം=മൎമ്മത്തിന്നു തട്ടുവ്. ശേഷം സ്പഷ്ടാൎത്ഥം.

ഗുദഃ പൃഥുപരീണാഹോ മലഃ ക്ലമ്മ ഇവോന്നതഃ
സിരാനദ്ധോ ജ്വരച്ഛൎദ്ദിഹിദ്ധ്മാധ്മാനരുജാന്വിതഃ
കാസപീനസഹൃല്ലാസശ്വാസാതിസാരശോഫവാൻ,

സാ—ഗുന്മം, വൃഷ്ഠപരീണാഹത്വാദികളോടുകൂടിയിരുന്നാൽ മരണകരമാകുന്നു. വൃഷ്ഠപരീണാഹം=അധികം പ്രദേശത്തു വ്യാപിച്ചിട്ടുള്ളതു്. ഘനം=കട്ടിയുള്ളതു്. കൂർമ്മം (ആമ) പോലെ ഉന്നതമായിട്ടുള്ളതു്. സിരാനദ്ധം=ഞരമ്പുകളാൽ കെട്ടപ്പെട്ടതു. ജ്വര......ന്വിതം=പനിയും ഛർദ്ദിയും ഇക്കിളും വയറുവീപ്പും വേദനയും ഉള്ളതു്. കാസ...... ശോഫവാൻ=ചുമയും പീനസവും നെഞ്ഞുകലിപ്പും ശ്വാസവും അതിസാരവും നീരും ഉള്ളതു്.

വിണ്മൂത്രസംഗ്രഹശ്വാസശോഫഹിക്കാജ്വരഭ്രമൈഃ
മൂർച്ഛാച്ഛർദ്യതിസാരൈശ്ച ജഠരം ഹന്തി ദുർബ്ബലം
ശൂനാക്ഷം കുടിലോപസ്ഥമുപക്ലിന്നതനുത്വചം
വിരേചനഹൃതാനാഹമാനഹ്യന്തം പുനഃ പുനഃ.

സാ— ജഠര(ഉദര) രോഗം മലമൂത്രബന്ധത്തോടുകൂടിയവനേയും ശ്വാസശോഫഹിക്കാജ്വരഭ്രമങ്ങളുള്ളവനേയും മോഹാലസ്യം ഛർദ്ദി അതിസാരം എന്നിവയുള്ളവനേയും ബലമില്ലാത്തവനേയും കണ്ണുകൾ വീങ്ങിയവനേയും ലിംഗം വളഞ്ഞവനേയും ദേഹത്തിലെ ത്വക്കിനു നലവുള്ളവനേയും വിരേചനംചെയ്തു വയറൊഴിച്ചാൽ പിന്നേയും പിന്നേയും വയറുവീക്കുന്നവനേയും മരിപ്പിക്കും.

പാണ്ഡുരോഗഃ ശ്വയഥുമാൻ പീതാക്ഷിനഖദർശനം
തന്ദ്രാദാഹാരുചിച്ഛർദ്ദിമൂർച്ഛാദ്ധ്മാനാതിസാരവാൻ.

സാ—പാണ്ഡുരോഗം നീരോടും മടി, ചുട്ടുനീറൽ, അരോചകം, ഛർദ്ദി, മോഹാലസ്യം, വയറുവീപ്പു് എന്നിവയോടും കൂടിയിരിക്കയും രോഗിയുടെ കണ്ണുകളും നഖവും ദർശനവും മഞ്ഞളിച്ചിരിക്കയും ചെയ്താൽ ഹനിക്കും.

അനേകോപദ്രവയുതഃ പാദാഭ്യാം പ്രസൃതോ നരം
നാരീം ശോഫോ മുഖാദ്ധന്തി കുക്ഷിഗുഹ്യാദുഭാവപി
രാജീചിതഃ സ്രവംശ്ഛർദ്ദിജ്വരശ്വാസാതിസാരിണം.

സാ—അനേകം ഉപദ്രവങ്ങളോടുകൂടിയതായ ശോഫം കാലിൽനിന്നു മേല്പോട്ടു വ്യാപിക്കുന്നതായാൽ പുരുഷനെ ഹനിക്കും. അതുതന്നെ മുഖത്തുനിന്നു കീഴ്പോട്ടു വ്യാപിക്കുന്നതായാൽ സ്ത്രീയെ ഹനിക്കും; കുക്ഷിയിൽനിന്നും ഗുഹ്യത്തിൽനിന്നും വ്യാപിക്കുന്നതായാൽ അതു സ്ത്രീയേയും പുരുഷനേയും ഹനിക്കും (ആദ്യം ശോഫം കാലിന്മേൽ കാണെ

ന്നു പുരുഷന്നും, മുഖത്തു കാണുന്നതു സ്ത്രീക്കും, കുക്ഷിഗുഹ്യങ്ങളിൽ കാണുന്നത് ഇരുവൎക്കും മരണലക്ഷണമാകുന്നു എന്നൎത്ഥം) സിരമേൽ വരകൾ നിറഞ്ഞിരിക്കയും പൊട്ടി ഒലിക്കയും ഛൎദ്ദി, ജ്വരം, ശ്വാസം, അതിസാരം ഇവ ഉണ്ടായിരിക്കയും ചെയ്താൽ ആ രോഗി സ്ത്രീയായാലും പുരുഷനായാലും മരിക്കും.

ജ്വരാതിസാരൌ ശോഫാന്തേ ശ്വയഥുർവ്വാ തയോഃ ക്ഷയേ
ദുർബ്ബലസ്യ വിശേഷേണ ജായേതേന്തായ രോഗിണഃ.

സാ—ശോഫം ഉണ്ടായി മാറിയാൽ പനിയും അതിസാരവും ഉണ്ടാകയോ, ജ്വരാതിസാരങ്ങളുടെ അവസാനത്തിൽ ശോഫം ഉണ്ടാകയോ ചെയ്താൽ രോഗിക്കു മരണം ഭവിക്കും. രോഗി ദുർബ്ബലനാണെങ്കിൽ ഇതു വിശേഷിച്ചും മരണലക്ഷണമാകുന്നു.

ശ്വയഥുര്യസ്യ പാദസ്ഥഃ പരിസ്രസ്തേ ച പിണ്ഡികേ
സീദതഃ സക്ഥിനീ ചൈവ തം ഭിഷക് പരിവർജ്ജയേൽ.

സാ—യാതൊരാൾക്കു കാലിന്മേൽ നീരുണ്ടാകയും, പിണ്ഡികകൾ സ്രംസിക്കുകയും, തുടകൾ തളരുകയും ചെയ്യുന്നുവോ അവനെ വൈദ്യൻ ഉപേക്ഷിക്കണം.

ആനനം ഹസ്തപാദഞ്ച വിശേഷാദ്യസ്യ ശുഷ്യതഃ
ശൂയേതേ വാ വിനാ ദേഹാത്സ മാസാദ്യാതി പഞ്ചതാം.

സാ—യാതൊരുവന്റെ ദേഹം ശോഷിക്കാതെ മുഖവും കൈകാലുകളും മാത്രം വിശേഷേണ ശോഷിക്കുകയോ, ദേഹം തടിക്കാതെ മുഖവും കൈകാലുകളും മാത്രം വിശേഷാൽ തടിക്കുകയോ ചെയ്യുന്നുവോ അവൻ ഒരു മാസത്തിന്നുള്ളിൽ പഞ്ചതയെ പ്രാപിക്കും. പഞ്ചതാ=പഞ്ചഭൂതങ്ങളുടെ വേർപാട്, മരണം.

ഉദരീ യശ്ച ശോഫീ വാ സ്വം ന പശ്യതി മേഹനം
യസ്യ വാ ഝരോരാന്നാമൽ പരിധാനം ന തിഷ്ഠതി.

സാ—ഉദരരോഗിയോ ശോഫരോഗിയോ ആയ യാവനൊരുത്തന്നു വയറിന്റെ വീർപ്പുനിമിത്തം ലിംഗം കാണ്മാൻ സാധിക്കാതെ വരികയോ അരയിൽ വസ്ത്രം ഉറച്ചിരിക്കാതെ വരികയോ ചെയ്യുന്നുവോ അവനും മരിച്ചുപോകും.

വിസർപ്പഃ കാസവൈവർണ്ണ്യജ്വരമൂർച്ഛാംഗഭംഗവാൻ
ഭ്രമാസ്യശോഫഹൃല്ലാസദേഹസാദാതിസാരവാൻ.

സാ—വിസർപ്പമെന്ന രോഗം ചുമയോടും വൈവർണ്ണ്യത്തോടും ജ്വ

രത്തോടും മൂർച്ഛയോടും അംഗഭംഗത്തോടുംകൂടിയും തലതിരിച്ചിൽ വായ്‌വിക്കം നെഞ്ചുകലിപ്പ് മെയ്യുളച്ചൽ അതിസാരം എന്നിവയോടുകൂടിയുമിരുന്നാൽ മരണത്തെ വരുത്തും.

കുഷ്ഠം വിശീര്യമാണാംഗം രക്തനേത്രം ഹതസ്വരം
മന്ദാഗ്നിം ജന്തുഭിർജ്ജുഷ്ടം ഹന്തി തൃഷ്ണാതിസാരിണം.

സാ—കുഷ്ഠരോഗം, അംഗവിശരണവും നേത്രത്തിന്നു രക്തവർണ്ണവും സ്വരഹാനിയും അഗ്നിമാന്ദ്യവും കൃമിബാധയും തൃഷ്ണാതിസാരങ്ങളുമുള്ളവനെ ഹനിക്കും.

വായുസ്ത്വചാ ഭുഗ്നം കമ്പശോഫരുജാതുരം
വാതാസ്രം മോഹമൂർച്ഛായമദാസ്വപ്നജ്വരാന്വിതം
ശിരോഗ്രഹാരുചിശ്വാസസംകോചസ്ഫോടകോഥവൽ.

സാ—വാതരോഗം ത്വക്കിന്നു തരിപ്പോടും ദേഹത്തിന്നു വക്രതയോടും വിറ, വീക്കം, വേദന എന്നിവയോടും കൂടിയിരുന്നാൽ ഹനിക്കും. രക്തവാതം, മോഹമൂർച്ഛാമദങ്ങളും നിദ്രയില്ലായ്മയും ജ്വരവും ശിരോഗ്രഹം, അരോചകം, ശ്വാസം, സംകോചം, സ്ഫോടം, കോഥം എന്നിവയും ഉള്ളതായിരുന്നാൽ ഹനിക്കും.

ശിരോരോഗാരുചിശ്വാസമോഹവിൾഭേദതൃൾഭ്രമൈഃ
ഘ്നന്തി സർവ്വാമയാഃ ക്ഷീണസ്വരധാതുബലാനലം.

സാ—തലരോഗം, അരോചകം, ശ്വാസം, മോഹാലസ്യം, മലഭേദം, തണ്ണീർദാഹം, തലതിരിച്ചിൽ എന്നിവയുണ്ടായിരിക്കയും രോഗിക്കു സ്വരക്ഷയവും ധാതുക്ഷയവും ബലക്ഷയവും അഗ്നിക്ഷയവുമുണ്ടായിരിക്കയും ചെയ്താൽ എല്ലാ രോഗങ്ങളും മരണത്തെ ഉണ്ടാക്കും.

വാതവ്യാധിരപസ്മാരീ കുഷ്ഠീ രക്ത്യുദരീ ക്ഷയീ
ഗുല്മീ മേഹീ ച താൻ ക്ഷീണാൻ വികാരേല്പേപി വർജ്ജയേൽ.

സാ—വാതം, അപസ്മാരം, കുഷ്ഠം, രക്തപിത്തം, ഉദരം, ക്ഷയം, ഗുല്മം, മേഹം എന്നീ രോഗങ്ങളുള്ളവൎക്കു ഉപദ്രവങ്ങൾ കുറവായിരുന്നാലും ദേഹത്തിന്നു ക്ഷീണതയുണ്ടെങ്കിൽ അവരെ വർജ്ജിക്കണം. വാതാദികളിൽ ക്ഷീണത മരണലക്ഷണമാണെന്നു സാരം.

ബലമാംസക്ഷയസ്തീവ്രോ രോഗവൃദ്ധിരരോചകഃ
യസ്യാതുരസ്യ ലക്ഷ്യന്തേ ത്രീൻ പക്ഷാൻ ന സ ജീവതി.

സാ—യാതൊരു രോഗിക്കു കഠിനമായ ബലമാംസക്ഷയവും രോഗ

ത്തിന്നു വർദ്ധനയും രുചിയില്ലായ്മയും കാണപ്പെടുന്നുവോ അവൻ മൂന്നു പക്ഷങ്ങൾ തികച്ചു ജീവിച്ചിരിക്കയില്ല.

വാതാഷ്ഠീലാതിസംവൃദ്ധാ തിഷ്ഠന്തീ ദാരുണാ ഹൃദി
തൃഷ്ണയാനുപരീതസ്യ സദ്യോ മുഷ്ണാതി ജീവിതം.

സാ—വാതാഷ്ഠീല എന്ന രോഗം ഏററവും വർദ്ധിച്ചു് ഹൃദയത്തിങ്കൽ ഭയങ്കരമായി സ്ഥിതിചെയ്കയും രോഗി എല്ലായ്പോഴും തൃഷ്ണയാൽ പീഡിതനായിരിക്കയും ചെയ്താൽ ഉടനെതന്നെ ജീവനെ ഹനിക്കും.

ശൈഥില്യം പിണ്ഡികേ വായുർന്നീത്വാ നാസാഞ്ച ജിഹ്മതാം.
ക്ഷീണസ്യായമ്യ മന്യേ വാ സദ്യോ മുഷ്ണാതി ജീവിതം.

സാ—വാതം പിണ്ഡികകൾക്കു ശൈഥില്യവും മൂക്കിന്നു വളവും വരുത്തുകയോ, ക്ഷീണനായ രോഗിയുടെ മന്യകൾ എന്ന ഞരമ്പുകൾക്കു് ആയാമം വരുത്തുകയോ ചെയ്തിട്ടു് ഉടനെതന്നെ ജീവനെ ഹനിക്കും. (പിണ്ഡികാശൈഥില്യം നാസാജിഹ്മത എന്നിവയോ ക്ഷീണനായിരിക്കുമ്പോൾ മന്യായാമമോ വരുത്തിയിട്ടാണ് വായു സദ്യോമരണം വരുത്തുക എന്നർത്ഥം.)

നാഭീഗുദാന്തരം ഗത്വാ വംക്ഷണൌ വാ സമാശ്രയൻ
ഗൃഹീത്വാ പായുഹൃദയേ ക്ഷീണദേഹസ്യ വാ ബലീ
മലാൻ വസ്തിശിരോനാഭിം വിബദ്ധ്യ ജനയൻ രുജം
കുർവ്വൻ വംക്ഷണയോഃ ശൂലം തൃഷ്ണാം ഭിന്നപുരീഷതാം
ശ്വാസം വാ ജനയൻ വായുർഗൃഹീത്വാ ഗുദവംക്ഷണൌ
വിവൃത്യ പർശ്ശുകാഗ്രാണി ഗൃഹീത്വോരശ്ച മാരുതഃ
സ്തിമിതസ്യാതതാക്ഷസ്യ സദ്യോ മുഷ്ണാതി ജീവിതം.

സാ—വായു മരണം വരുത്തുന്നതായ പ്രകാരത്തെത്തന്നെ പറയുന്നു. നാഭീതി—വായു നാഭിയുടെയും ഗുദത്തിന്റെയും നടുവിൽ ചെന്നു വിലങ്ങടിച്ചു കൂടിയിട്ടോ, വംക്ഷണങ്ങളെ ആശ്രയിച്ചിട്ടോ, ഗുദത്തെയും ഹൃദയത്തെയും പിടിച്ചുവലിച്ചിട്ടോ, ക്ഷീണദേഹനായ രോഗിയുടെ ദേഹത്തിൽ ബലവാനായിത്തീർന്നു മലങ്ങളേയും വസ്തിശിരസ്സിനേയും നാഭിയേയും ബന്ധിച്ചു വേദനയെ ഉണ്ടാക്കിയിട്ടോ, ഒടികളിൽ വേദനയും തണ്ണീർദാഹവും മലഭേദവും വരുത്തുകയോ ശ്വാസത്തെ ഉണ്ടാക്കുകയോ ചെയ്തിട്ടോ, നിശ്ചലനും കണ്ണുകൾ വിരിഞ്ഞവനുമായ രോഗിക്കു ഗുദത്തെയും വംക്ഷണത്തെയും പിടിച്ചുവലിക്കുകയും പർശ്ശുകാഗ്രങ്ങളെ

വിസ്തൃതങ്ങളാകുകയും ഉരസ്സിനെ ഗ്രഹിക്കുകയും ചെയ്തിട്ടാ സദ്യോമരണത്തെ ഉണ്ടാക്കും.

**സഹസാ ജ്വരസന്താപസ്തൃഷ്ണാ മൂർച്ഛാ ബലക്ഷയഃ**
**വിശ്ലേഷണഞ്ച സന്ധീനാം മുമൂർഷോരുപജായതേ.**

സാ—മരിക്കാൻ പോകുന്നവന്നു പെട്ടന്നു ജ്വരംകൊണ്ടുള്ള ചൂടും തണ്ണീർദാഹവും മോഹാലസ്യവും ബലക്ഷയവും സന്ധികൾ വേർപെടുന്നതുപോലെയുള്ള തോന്നലും ഉണ്ടാകും.

**ഗോസർഗ്ഗേ വദനാദ്യസ്യ സ്വേദഃ പ്രച്യവതേ ഭൃശം**
**ലേപജ്വരോപതപ്തസ്യ ദുർല്ലഭം തസ്യ ജീവിതം.**

സാ—യാവനൊരുത്തൻ മുഖലേപത്താലും ജ്വരത്താലും പീഡിതനായിരിക്കയും ഗോസർഗ്ഗത്തിങ്കൽ (പശുക്കളെ വിടുന്ന സമയത്ത്, അതായത് പ്രഭാതത്തിൽ) മുഖത്തുനിന്നു വിയർപ്പു പുറപ്പെടുകയും ചെയ്യുന്നുവോ അവന്നു ജീവിതം ദുർല്ലഭമാണ് (അവൻ മരിക്കും.)

**പ്രവാളഗുളികാഭാസാ യസ്യ ഗാത്രേ മസൂരികാഃ**
**ഉൽപദ്യാശു വിനശ്യന്തി നചിരാത്സ വിനശ്യതി.**

സാ—യാവനൊരുത്തന്റെ ദേഹത്തിൽ പവിഴമണിയുടെ നിറത്തിലുള്ള മസൂരികകൾ ഉണ്ടാകയും വേഗത്തിൽതന്നെ അവ മാറുകയും ചെയ്യുന്നുവോ അവൻ താമസിക്കാതെ മരിക്കും.

**മസൂരവിദലപ്രഖ്യാസ്തഥാ വിദ്രുമസന്നിഭാഃ**
**അന്തർവ്വക്ത്രാഃ കിണാഭാശ്ച വിസ്ഫോടാ ദേഹനാശനാഃ.**

സാ—ചണംപയററിൻപരിപ്പിന്റെ ആകൃതിയിലുള്ളവയും പവിഴമണിയുടെ നിറത്തിലുള്ളവയും നടുകുഴിഞ്ഞവയും വ്രണമുണങ്ങിയ കലപോലെയുള്ളവയുമായ വിസ്ഫോടങ്ങൾ (മുഴകൾ) ദേഹത്തിലുണ്ടായാൽ അവ ദേഹത്തെ നശിപ്പിക്കുന്നവയാണ്.

**കാമിലാക്ഷ്ണോർമ്മുഖം പൂർണ്ണം ശംഖയോർമ്മുക്തമാംസതാ**
**സന്ത്രാസശ്ചോഷ്ണതാംഗേ ച യസ്യ തം പരിവർജ്ജയേൽ.**

സാ—യാവനൊരുത്തന്റെ കണ്ണുകളിൽ കാമില (=മഞ്ഞളിപ്പ്) ഉണ്ടാകയും വായിൽ കഫം നിറഞ്ഞിരിക്കയും ശംഖങ്ങളിൽ മാംസശൈഥില്യം വരികയും ദേഹം ഞെട്ടുകയും ദേഹം തൊട്ടാൽ ചൂടായിരിക്കയും ചെയ്യുന്നുവോ അവനെ വൈദ്യൻ ഉപേക്ഷിക്കണം.

**അകസ്മാദനുധാവച്ച വിഘൃഷ്ടം ത്വക്സമാശ്രയം**

ചന്ദനോശീരമദിരാകുണപധ്വാങ്ക്ഷഗന്ധയഃ
ശൈവാലകുക്കുടശിഖാകുങ്കുമാലമഷീപ്രഭാഃ
അന്തർദ്ദാഹാ നിരൂഷ്മാണഃ പ്രാണനാശകരാഃ വ്രണാഃ.

സാ—യാതൊരാളുടെ ത്വക്കിങ്കൽ വിശ്ലിഷ്ടം എന്ന സദ്യോവ്രണം അകാരണമായുണ്ടാകയും വിസർപ്പമെന്നപോലെ എല്ലാടവും വ്യാപിക്കുകയും ചെയ്യുന്നുവോ അവന്ന് അതു പ്രാണനാശത്തെ വരുത്തും. ചന്ദനം, രാമച്ചം, മദ്യം, ശവം, കാക്ക എന്നിവയുടെ ഗന്ധംപോലെയുള്ള ഗന്ധത്തോടുകൂടിയവയും കരിഞ്ചണ്ടി, കോഴിത്തല, കുങ്കുമപ്പൂവ്, അരിതാലം, മഷി എന്നിവയുടെ നിറംപോലുള്ള നിറത്തോടുകൂടിയവയും അകത്തു നീറലുള്ളവയും തൊട്ടാൽ ചൂടില്ലാത്തവയുമായ വ്രണങ്ങളും പ്രാണനാശത്തെ ചെയ്യുന്നവയാകുന്നു.

യോ വാതജോ ന ശൂലായ സ്യാന്ന ദാഹായ പിത്തജഃ
കഫജോ ന ച പൂയായ മർമ്മജശ്ച രുജേ ന യഃ
അചൂർണ്ണശ്ചൂർണ്ണകീർണ്ണാഭോ യത്രാകസ്മാച്ച ദൃശ്യതേ
രൂപം ശക്തിധ്വജാദീനാം സർവ്വാംസ്താൻ വർജ്ജയേദ്വ്രണാൻ
വിണ്മൂത്രമാരുതവഹം ക്രിമിണഞ്ച ഭഗന്ദരം.

സാ—യാതൊരു വ്രണം വാതജമായിരുന്നിട്ടും ശൂലവേദനയെ ഉണ്ടാക്കാതേയും, പിത്തജമായിരുന്നിട്ടും ദാഹത്തെ (ചുട്ടുനീറലിനെ) ജനിപ്പിക്കാതേയും, കഫജമായിരുന്നിട്ടും ചലത്തെ ഉണ്ടാക്കാതേയും, മർമ്മജമായിരുന്നിട്ടും വേദനയേ ഉണ്ടാക്കാതേയും ഭവിക്കുന്നുവോ ആ വ്രണവും പ്രാണനാശത്തെ ചെയ്യും. യാതൊരു വ്രണം പൊടിവിതറാതേയും വിതറിയതുപോലെ ഭവിക്കുന്നുവോ അതും, യാതൊരു വ്രണത്തിങ്കൽ കാരണംകൂടാതെ ശക്തി എന്ന ആയുധം, കൊടി മുതലായവയുടെ രൂപം കാണപ്പെടുന്നുവോ ആ വ്രണവും വൈദ്യൻ ഉപേക്ഷിക്കണം. ഭഗന്ദരവ്രണത്തിൽകൂടെ മലമൂത്രങ്ങളും വായുവും പോകയും കൃമിയുണ്ടാകയും ചെയ്താൽ അതിനേയും ഉപേക്ഷിക്കണം.

ഘട്ടയൻ ജാനുനാ ജാനു പാദാവുദ്യമ്യ പാതയൻ
യോ പാസ്യതി മുഹുർവ്വക്ത്രമാതുരോ ന സ ജീവതി
ദന്തൈശ്ഛിന്ദൻ നഖാഗ്രാണി തൈശ്ച കേശാം സ്തൃണാനി വാ
ഭൂമിം കാഷ്ഠേന വിലിഖൻ ലോഷ്ടം ലോഷ്ടേന താഡയൻ
ഹൃഷ്ടരോമാ സാന്ദ്രമൂത്രഃ ശുഷ്കകാസീ ജ്വരീ ച യഃ

മുഹുർഹസൻ മുഹുഃ ക്ഷ്വേളൻ ശയ്യാം പാദേന ഹന്തി യഃ
മുഹുഃച്ഛിദ്രാണി വിമൃശന്നാതുരോ ന സ ജീവതി
ഊർദ്ധ്വശ്വാസം ഗതോഷ്മാണം ശൂലോപഹതവംക്ഷണം
ശർമ്മ ചാനധിഗച്ഛന്തം ബുദ്ധിമാൻ പരിവർജ്ജയേൽ
വികാരാ യസ്യ വർദ്ധന്തേ പ്രകൃതിഃ പരിഹീയതേ
സഹസാ സഹസാ തസ്യ മൃത്യുർഹരതി ജീവിതം

സാ—യാതൊരു രോഗി കാൽമുട്ടുകൊണ്ടു കാൽമുട്ടിനെ ഘട്ടനം ചെയ്കയും കാലുകളെ പൊക്കിയിടുകയും ചെയ്തുംകൊണ്ട് മുഖം ഇട്ടുരുട്ടുന്നുവോ അവൻ ജീവിക്കയില്ല. യാതൊരുവൻ പല്ലുകളെക്കൊണ്ടു നഖാഗ്രങ്ങളേയും നഖാഗ്രങ്ങളേക്കൊണ്ടു തലരോമത്തേയും അല്ലെങ്കിൽ തൃണങ്ങളേയും ഛേദിക്കുക, മരക്കഷണം (വിറക്)കൊണ്ട് നിലത്തുവരക്കുക, മണ്കട്ടകൾ തമ്മിൽ കൂട്ടിമുട്ടുക, രോമം എടുത്തുപിടിച്ചും മൂത്രം കൊഴുത്തും ശുഷ്കകാസത്തോടും ജ്വരത്തോടും കൂടിയുമിരിക്കുക എന്നിവയെ ചെയ്യുന്നുവോ അവനും, പിന്നേയും പിന്നേയും ചിരിക്കുക, വീണ്ടും വീണ്ടും ശബ്ദിക്കുക എന്നിവയെ ചെയ്തുംകൊണ്ടു യാതൊരുവൻ കിടക്കയിൽ കാലിട്ടുതല്ലുന്നുവോ അവനും, യാതൊരുവൻ വീണ്ടും വീണ്ടും കണ്ണ്നാസാദികളായ സ്രോതസ്സുകളെ തപ്പിനോക്കുന്നുവോ അവനും ജീവിക്കുകയില്ല. ശ്വാസം മേൽപ്പോട്ടു മാത്രമായിരിക്കയും ദേഹത്തിൽ ചൂടില്ലാതിരിക്കയും ഒടികളിൽ ശൂലവേദനയുണ്ടായിരിക്കുകയും എന്തുചെയ്താലും സുഖം തോന്നാതിരിക്കയും ചെയ്യുന്ന രോഗിയെ ബുദ്ധിമാനായ വൈദ്യൻ വർജ്ജിക്കണം. യാതൊരു രോഗിക്കു വികാരങ്ങൾ (ഉപദ്രവങ്ങൾ) വർദ്ധിക്കുകയും സ്വന്തം സ്വഭാവം ഇല്ലാതാകയും പൊട്ടുന്നനവേ കാണപ്പെടുന്നുവോ അവന്റെ ജീവനെ മൃത്യു പൊട്ടുന്നനവേ അപഹരിക്കും.

യമുദ്ദിശ്യാതുരം വൈദ്യസ്സമ്പാദയിതുമൌഷധം
യതമാനോ ന ശക്നോതി ദുർല്ലഭം തസ്യ ജീവിതം
വിജ്ഞാതം ബഹുശസ്സിദ്ധം വിധിവച്ചാവചാരിതം
ന സിദ്ധ്യത്യൌഷധം യസ്യ നാസ്തി തസ്യ ചികിത്സിതം
ഭവേദ്യസ്യൌഷധേന്നേ വാ കല്പ്യമാനേ വിപര്യ്യയഃ
അകസ്മാദ്വർണ്ണഗന്ധാദേഃ സ്വസ്ഥസ്യാപി ന സ ജീവതി
നിവാതേ സേന്ധനം യസ്യ ജ്യോതിശ്ചാപ്യുപശാമ്യതി

ആതുരസ്യ ഗൃഹേ യസ്യ ഭിദ്യന്തേ വാ പതന്തി വാ
അതിമാത്രമമത്രാണി ദുർല്ലഭം തസ്യ ജീവിതം
യം നരം സഹസാ രോഗോ ദുർബ്ബലം പരിമുഞ്ചതി
സംശയപ്രാപ്തമാത്രേയോ ജീവിതം തസ്യ മന്യതേ.

സാ—യാതൊരു രോഗിക്കുവേണ്ടി വൈദ്യൻ മരുന്നുണ്ടാക്കുവാൻ എത്ര ശ്രമിച്ചാലും സാധിക്കാതെ വരുന്നുവോ അവൻ ജീവിക്കുന്നതു പ്രയാസമാണ്. നല്ലവണ്ണം അറിയപ്പെട്ടതും പലപ്പോഴും പ്രയോഗിച്ചു ഫലം കണ്ടതും വിധിപോലെ പ്രയുക്തവുമായ ഔഷധം ഏതുരോഗിക്കു ഫലിക്കുന്നില്ലയോ അവനു ചികിത്സയില്ല. (മരിക്കുമെന്നൎത്ഥം.) യാതൊരുവന്നുവേണ്ടി ഔഷധമോ അന്നമോ ഉണ്ടാക്കുമ്പോൾ കാരണം കൂടാതെ വൎണ്ണഗന്ധാദികൾക്കു വൈപരീത്യം വരുന്നുവോ അവൻ രോഗമില്ലാത്തവനായാലും ജീവിക്കയില്ല. യാതൊരു രോഗിയുടെ ഗൃഹത്തിൽ കാററില്ലാത്ത ദിക്കിലുള്ളതും വിറകുള്ളതുമായ അഗ്നി കെട്ടുപോകുന്നുവോ, യാതൊരു രോഗിയുടെ ഗൃഹത്തിൽ പാത്രങ്ങൾ അധികമായി ഉടയുകയോ കയ്യിൽനിന്നു വീഴുകയോ ചെയ്യുന്നുവോ അവനും ജീവിക്കുന്നതു പ്രയാസമാണ്. ബലഹീനനായ യാതൊരു രോഗിയുടെ രോഗം കാരണംകൂടാതെ പെട്ടന്നു ശമിക്കുന്നുവോ അവൻ ജീവിക്കുന്നതു സംശയമാണെന്ന് ആത്രേയൻ (ധന്വന്തരി) അഭിപ്രായപ്പെടുന്നു.

ഇത്യഷ്ടാംഗസംഗ്രഹേ ശാരീരസ്ഥാനേ
ഏകാദശോദ്ധ്യായഃ
സമാപ്തഃ.

## ദ്വാദശോദ്ധ്യായഃ.

ദൂതാദിവിജ്ഞാനവും ആയുസ്സിന്റെ പരിമാണപരിജ്ഞാനത്തിന്നു ഉപയോഗപ്പെടുന്നതാകയാൽ അതിനെ കാണിപ്പാനായി അദ്ധ്യായം ആരംഭിക്കുന്നു:—

അഥാതോ ദൂതാദിവിജ്ഞാനീയമദ്ധ്യായം വ്യാഖ്യാസ്യാമഃ। ഇതിഹ സ്മാഹുരാത്രേയാദയോ മഹർഷയഃ ॥

സാ—അനന്തരം ദൂതാദിവിജ്ഞാനീയമെന്ന അദ്ധ്യായത്തെ പറവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു. ദൂതാദിവിജ്ഞാനീയം=ദൂതാദികളുടെ വിജ്ഞാനത്തിന്നു ഹിതമായിട്ടുള്ളതു,

നിർദ്ദിഷ്ടം രിഷ്ടമന്ത്ര്യാണാമ് । ദൂതസ്യാപി തു ജാതിവേഷഭാഷാചേഷ്ടിതദേശകാലാ വൈദ്യസ്യ ച തത്സംഗമസംകല്പപ്രസ്ഥാനപ്രയാണപ്രവേശാ ഗ്രഹചാരാപൂർവ്വസംഭവാഃ സ്വപ്നദർശനാനി ച രോഗിണഃ ശുഭാശുഭം സൂചയന്തി ॥

സാ—രോഗികളുടെ രിഷ്ടം (വികൃതി) പറയപ്പെട്ടുവല്ലോ. ദൂതന്റെ (അതായതു രോഗിയുടെ ആവശ്യത്തിനായി വൈദ്യനെക്കാണ്മാൻ വരുന്ന ആളുടെ) ജാതി, വേഷം, ഭാഷ, ചേഷ്ടിതം (വ്യാപാരം), ദേശം, കാലം എന്നിവയും, അപ്രകാരംതന്നെ വൈദ്യന്റെ തത്സംഗമസങ്കല്പം (അതായതു വൈദ്യൻ ദൂതനുമായി കണ്ടുമുട്ടുമ്പോഴുള്ള വിചാരം), പ്രസ്ഥാനം, പ്രയാണം (യാത്ര), പ്രവേശം (രോഗിഗൃഹപ്രവേശം), ഗ്രഹചാരം (രാശിസ്ഥിതി), വൈദ്യനും രോഗിയും തമ്മിൽ കാണുമ്പോഴുള്ള അപൂർവ്വസംഭവം എന്നിവയും, രോഗിയുടെ സ്വപ്നദർശനവും രോഗിക്കു വരുവാനിരിക്കുന്ന ശുഭാശുഭത്തെ സൂചിപ്പിക്കുന്നു. ഇങ്ങിനെ ശുഭാശുഭസൂചകങ്ങളായ ദൂതജാത്യാദികളെയാണ് ഇവിടെ വിവരിക്കുന്നതെന്നു താൽപര്യം.

തത്രാതുരാദവർണ്ണാന്തരോന്യാശ്രമഃ പാഷണ്ഡഃ ഷണ്ഡോ മുണ്ഡീ ജടിലഃ സ്ത്രീ വ്യാധിതോനേകോജീർണ്ണവിവർണ്ണമലിനച്ഛിന്നാർദ്രൈകവസനഃ പങ്കതൈലാദിദിഗ്ദ്ധോ രക്തമാല്യാനുലേപനോ വികൃതാംഗരൂപകർമ്മാ ഖരോഷ്ട്രമഹിഷവാഹനോ വിക്ലബഃ ശപന്രുദൻ നിഷ്ഠുരാമംഗലാഭിധായീ ദൂരാദാഹ്വയമാനസ്തൃണലോഷ്ടതുഷാംഗാരഭസ്മതുഷസീസാസ്ഥികേശശിരോലലാടനാസികാസ്യദന്തജിഹ്വാഗ്രീവാനഖാനാമികാംഗുലിസ്തനജഠരനാഭിപൃഷ്ഠകടീമേഹനജംഘാകപാലപലലോപലമുസലശൂർപ്പാചാനമാർജ്ജനീശസ്ത്രവസ്ത്രാന്തദശാകർപ്പാസഭഗ്നാവൃതസ്പൃക്കാഷ്ഠയഷ്ടിതുലാരജ്ജുപാശചർമ്മവേണുരിക്തഭാജനസ്നേഹഭാജനധരഃ പാദരേഖ്യാം ഭുവം മൃഞ്ചൻ വിലിഖൻ ഗൃഹീതപാപകം ഫലമസാരം വാ തദ്വിധമന്യദപി വികാരതുല്യഗുണേ ച ദേശേ കാലേ വാ ദൂതോ വൈദ്യമുപസർപ്പന്ന ശുഭഃ ॥

സാ—ദൂതൻ രോഗിയെക്കാൾ ഉയർന്ന ജാതിക്കാരനാകുന്നതു ശുഭമല്ല. ശൂദ്രനാണു രോഗിയെങ്കിൽ ദൂതൻ ബ്രാഹ്മണനോ ക്ഷത്രിയനോ വൈശ്യനോ ആയിരിക്കരുത്. വൈശ്യനാണ് രോഗിയെങ്കിൽ ദൂതൻ

ബ്രാഹ്മണക്ഷത്രിയജാതിക്കാർനാകരുത്; ക്ഷത്രിയനാണെങ്കിൽ ദൂതൻ ബ്രാഹ്മണനുമായിരിക്കരുത് എന്നു സാരം. അപ്രകാരംതന്നെ രോഗിയിൽനിന്നു ഭിന്നാശ്രമനും ആയിരിക്കുന്നതു ശുഭമല്ല. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നീ നാലാശ്രമങ്ങളിൽ എതിലാണോ രോഗി ഇരിക്കുന്നത് അതിൽനിന്നു ഭിന്നമായ ആശ്രമത്തിലിരിക്കുന്നവനാവരുത് ദൂതൻ എന്നുഭാവം. അപ്രകാരംതന്നെ പാഷണ്ഡാദിയായ ദൂതനും അശുഭനാകുന്നു. പാഷണ്ഡൻ=ലിംഗി (നാസ്തികൻ). ഷണ്ഡൻ=നപുംസകം. മുണ്ഡി=മുണ്ഡനം ചെയ്തവൻ. ജടിലൻ=തല ജടകെട്ടിയവൻ. സ്ത്രീ=സ്ത്രീദൂതൻ. വ്യാധിതൻ=രോഗി. അനേകൻ=ഒരാൾക്കുപിന്നിലൊരാളായി വരുന്ന ദൂതൻ. ജീർണ്ണ.....വസനൻ=പഴയതോ വിവർണ്ണമോ മുഷിഞ്ഞതോ മുറിഞ്ഞതോ നനഞ്ഞതോ ഒററയോ ആയ വസ്ത്രത്തെധരിച്ചവൻ. പങ്കതൈലദിഗ്ദ്ധൻ=മേൽ ചളി പുരളുകയോ എണ്ണ തേക്കുകയോ ചെയ്തവൻ. രക്തമാല്യാനുലേപനൻ=രക്തവർണ്ണമായ മാല ചൂടുകയോ കുറിക്കൂട്ടു പൂശുകയോ ചെയ്തവൻ. വികൃതാംഗരൂപകർമ്മാവ്=വികൃതങ്ങളായ അംഗത്തോടും രൂപത്തോടും കർമ്മത്തോടുംകൂടിയവൻ. ഖരോഷ്ട്രമഹിഷവാഹനൻ=കഴുതപ്പുറത്തോ ഒട്ടകപ്പുറത്തോ പോത്തിൻപുറത്തോ കയറി വരുന്നവൻ. വിക്ലബൻ=ദീനൻ. ശ്വാസൻ=വീർപ്പിടുന്നവൻ. രുദൻ=കരയുന്നവൻ. നിഷ്ഠുരാമംഗളാഭിധായീ=നിഷ്ഠുരമായും അമംഗളമായുമുള്ള വാക്കിനെ പറയുന്നവൻ. ദൂരാദാഹ്വയമാനൻ=ദൂരത്തുനിന്നു വിളിക്കുന്നവൻ. തൃണ.....സ്പൃക്ക്=പുല്ല്, മങ്കട്ട, തുഷാംഗാരം (=ഉമിക്കരി), ഭസ്മം, ഉമി, ഇഷ്ടം, എല്ല്, തലരോമം, തല, നെററി, മൂക്ക്, വായ, പല്ല്, നാവ്, കഴുത്ത്, നഖം, മോതിരവിരൽ, മുല, വയർ, പൊക്കിൾ, പൃഷ്ഠം, അരക്കെട്ട്, ലിംഗം, കണങ്കാൽ, തലയോട്, മാംസം, കല്ല്, ഉലക്ക, മുറം, മെതിയടി, ചൂല്, കത്തി, തുണിത്തുമ്പ്, തിരി, പരുത്തി, ഭഗ്നച്യുതം (മുറിഞ്ഞും സ്ഥാനത്തു നിന്നിളകിയുമിരിക്കുന്ന വസ്തു) എന്നിവയെ സ്പർശിക്കുന്നവൻ. കാഷ്ഠ.....ധരൻ=വിറക്, വടി, തുലാസ്സ്, കയറ്, തോല്, മുള, ഒഴിഞ്ഞ പാത്രം, സ്നേഹപാത്രം എന്നിവയെ എടുക്കുന്നവൻ. പാദങ്ങളെക്കൊണ്ടു ഭൂവിനെ മൃഞ്ചൻ=കാൽകൊണ്ടു നിലത്തിനെ തള്ളുന്നവൻ. വിലിഖൻ=കാൽകൊണ്ടു നിലത്തു വരക്കുന്നവൻ. പഴുത്ത കായയോ നിസ്സാരമായ വസ്തുവോ ഇതുപോലെയുള്ള മററുവല്ലതുമോ എടുത്തുംകൊണ്ടു വരുന്നതും നന്നല്ല. അപ്രകാരംതന്നെ വികാരത്തോടു തുല്യഗുണമായ ദേശത്തി

ലോ കാലത്തിലോ വൈദ്യന്റെ അടുക്കലെക്ക വരുന്ന ദൂതനും ശുഭനല്ല. വികാരതുല്യങ്ങളായ ദേശകാലങ്ങളെ താഴേ വിവരിക്കുന്നു.

തദ്യഥാ—സ്നേഹോദകാദിദ്രവസമീപസ്ഥമതിശീതഃ പ്രത്യുഷസി ശ്ലേഷ്മാമയേ അശുഭഃ, പിത്താമയേ തു ശുഭഃ । തഥാ സേതുഭങ്ഗേ ഛർദ്ദിമഹാതിസാരാദിഷ്വശുഭഃ, സേതുബന്ധേ തു ശുഭഃ । തഥാ മദ്ധ്യാഹ്നാദയസന്ധ്യാർദ്ധരാത്ര-ചതുർത്ഥീഷഷ്ഠീനവമീ-ചതുർദ്ദശീഷു ഗ്രഹോപരാഗോത്പാതദർശനഭരണീകൃത്തികാർദ്രാശ്ലേഷാമഘാമൂലപൂർവ്വാസു ചാശുഭോ യശ്ച വൈദ്യം സുപ്തം നഗ്നഞ്ച ഭൂമൌ ശയാനമഭ്യക്തം മുക്തകേശം ദക്ഷിണാഭിമുഖം വിക്ലബം ഛർദ്ദയന്തം ഭിന്ദന്തമഗ്നിപിതൃകാര്യപ്രവണമശസ്ത്രം ചിന്തയന്തം കഥയന്തം വോപതിഷ്ഠതി । യോ വാ ദിശം യാമ്യാം പ്രതി കൃതാഞ്ജലിർവ്വിഷമൈകപാദസ്ഥഃ । യസ്മിൻ വ്യാധിതാശ്രയം കഥയതി ദൂതേ ഭിഷഗശുഭമിന്ദ്രിയാർത്ഥമുപലക്ഷയേത്സാകല്യഃയദാ തഞ്ച നാനുയായാൽ । അതോഽന്യഥാ പുനഃ കരുണാപേശലേന മനസാ സൌമനസ്യവതാ മാതാപിതൃസമേനാതുരസ്യാത്യന്തമാരോഗ്യമാശംസമാനേന പ്രയാതവ്യമ് ॥

സാ—അത് എങ്ങിനെയെന്നാൽ—നെയ്യ്, വെള്ളം മുതലായ ദ്രവപദാർത്ഥങ്ങളുടെ സമീപത്തു വൈദ്യൻ ഇരിക്കുമ്പോൾ വരുന്ന ദൂതനും, അതിശീതനായിട്ടു വരുന്ന ദൂതനും, അതിരാവിലെ വരുന്ന ദൂതനും കഫരോഗത്തിങ്കൽ നന്നല്ല; പിത്തരോഗത്തിങ്കലാകട്ടേ നല്ലതാകുന്നു. വൈദ്യൻ സേതുഭംഗത്തിങ്കൽ (ചിറ മുറിഞ്ഞ ദിക്കിൽ) ഇരിക്കുമ്പോൾ ദൂതൻ വരുന്നത് ഛർദ്ദി പ്രമേഹം അതിസാരം തുടങ്ങിയ രോഗങ്ങളിൽ നന്നല്ല; സേതുബന്ധത്തിങ്കൽ (ചിറകെട്ടുന്നിടത്തു) വരുന്നതാകട്ടെ നല്ലതാണ്. ഇങ്ങിനെ ദേശങ്ങൾ പറയപ്പെട്ടു. ഇനി കാലങ്ങളെ പറയുന്നു. തഥേതി—മദ്ധ്യാഹ്നത്തിങ്കലും, രാവിലത്തെയും വൈകുന്നേരത്തെയും സന്ധ്യകളിലും, അർദ്ധരാത്രിയിങ്കലും, ചതുർത്ഥി ഷഷ്ഠി നവമി വാവ് എന്നീ തിഥികളിലും, ഗ്രഹണം ഉൽപാതദർശനം എന്നിവയുള്ള ദിവസവും, ഭരണി-കാർത്തിക-തിരുവാതിര-ആയില്യം-മകം-മൂലം-പൂരം-പൂരാടം-പൂരുരുട്ടാതി എന്നീ നാളുകളിലും വൈദ്യന്റെ അടുത്തു ദൂതൻ വരുന്നത് അശുഭമാകുന്നു. വൈദ്യൻ ഉറങ്ങുമ്പോഴോ നഗ്നനായിരിക്കുമ്പോഴോ നിലത്തു കിടക്കുമ്പോഴോ എണ്ണ തേച്ചിരിക്കുമ്പോഴോ

തല അഴിച്ചിരിക്കുമ്പോഴോ തെക്കോട്ടു തിരിഞ്ഞിരിക്കുമ്പോഴോ ദീനനായിരിക്കുമ്പോഴോ വല്ലതും മുറിക്കുകയോ പൊട്ടിക്കുകയോ ചെയ്യുമ്പോഴോ അഗ്നികാര്യം പിതൃകാര്യം എന്നിവയിൽ ഏർപ്പെട്ടിരിക്കുമ്പോഴോ അശുഭകാര്യത്തെ വിചാരിക്കുകയോ പറകയോ ചെയ്യുമ്പോഴോ ദൂതൻ വന്നാലും അശുഭമാകുന്നു. യാതൊരു വൈദ്യൻ തെക്കോട്ടു തിരിഞ്ഞു തൊഴുകയ്യോടുകൂടി നില്ക്കുകയോ വിഷമമാകുംവണ്ണം ഭൂമിയിൽ ഒരു കാൽ മാത്രം വെച്ചു നില്ക്കുകയോ ചെയ്യുന്നു അങ്ങിനെയുള്ള വൈദ്യനെ ദൂതൻ പ്രാപിക്കുന്നതും ശുഭമല്ല. യാതൊരു ദൂതൻ വൈദ്യനോടു രോഗിയുടെ കാര്യം സംസാരിക്കുമ്പോൾ വൈദ്യൻ അശുഭമായ ഇന്ദ്രിയാർത്ഥത്തെ (ശബ്ദാദിയെ) അനുഭവിക്കുകയോ സങ്കല്പിക്കുകയോ ചെയ്യുന്നുവോ ആ ദൂതന്റെ കൂടെയും വൈദ്യൻ പോകരുത്. ഇത്രയും പറഞ്ഞ അശുഭലക്ഷണങ്ങളിൽനിന്നു വിപരീതങ്ങളായ ലക്ഷണങ്ങൾ കണ്ടാൽ വൈദ്യൻ കരുണാമൂർത്തവും സൌമനസ്യയുക്തവുമായ മനസ്സോടുകൂടി, രോഗിയുടെ അച്ഛനമ്മമാരെപ്പോലെ രോഗിക്കു് അത്യന്തമായ ആരോഗ്യത്തെ ആശംസിച്ചുംകൊണ്ടു യാത്രയെ ചെയ്യണം.

അനന്തരം യാത്രാശകുനങ്ങളെ പറയുന്നു:—

പ്രസ്ഥാനഗമനപ്രവേശേഷു ദധിഘൃതലാജപുഷ്പാക്ഷതോദുംബരാശ്വത്ഥവൃക്ഷതാമണിച്ഛത്രദൂർവ്വാംകുരദേശകന്യാധ്വജസ്യന്ദനാഷ്ടാപദാങ്കുശനൃപശ്രീതഭദ്രപീഠാനി സന്ന്യാസി മത്സ്യാ ഹയാ ഹംസചാഷൌ വൃഷഃ കേസരീ ദക്ഷിണാവർത്തശംഖാബ്ജസിദ്ധാർത്ഥകാ രോചനാഃ സ്വസ്തികസ്സൗവർണ്ണം കീചകാ വേണവോ വരവൽമീകസികതഗന്ധാ ഗജസ്സായലംബോംബുദഃ പൂർണ്ണകുംഭോ ഹരിദ്രാത്രിരിന്ദ്രഃ ഫലാന്യാർദ്രമാംസം സിതം ചാമരം ഗൌഃ സവത്സാംഗനാ പുത്രിണീ മാനുഷം വർദ്ധമാനം സഹസ്രാ നരാണാം പ്രയുക്താനി യാനാനി ധന്വന്തരിർവ്വാമനോ ബ്രാഹ്മണോ ഭൂമിരഭ്യുദ്ധൃതാ സിദ്ധമന്നം വരാഹശ്ച തോയോത്ഥിതസ്ത്രീണയന മധുസൂദനസ്കന്ദചതുരാനനാ ലോകപാലാഃ ഖം ദിശോഽഗ്നിസ്സുരാംസി സ്രവന്ത്യസ്സുരദ്രോ മഹാ മാരുതോ ജ്യോതിഷം ധർമ്മശാസ്ത്രാണി തീർത്ഥാദികാവ്യം ധർമ്മാർത്ഥകാമാമൃതം ബാലഖില്യാദയോ വേദവാക്യം നിധിഃ കൌസ്തുഭഃ കാഞ്ചനം മാണിഭദ്രഃ സുമേരുഃ പ്രിയംഗുഃ പ്രദീപാ വചാ മോദകൌ ദിതിരദിതിരരുന്ധതീ ഋദ്ധിസ്സാവിത്ര്യമാകാശഗം

ഗാ ശചീ ദേവ്യഃസേനാ സ്വധാ ശാന്തിർല്ലക്ഷ്മീഃ സരസ്വത്യപത്യം
ക്ഷമാ സ്വസ്തിശബ്ദോ വഷൾക്കാര ഓംകാരപുണ്യാഹധർമ്മക്രിയാ
ചൈത്യദേഃഷ്ടാന്തരം മങ്ഗലാനാം ശതം ദർശനാൽ സ്പർശനാൽ കീ
ർത്തനാച്ചാശുഭാനി വ്യപോഹ്യാർത്ഥസിദ്ധിം ദിശന്ത്യുത്തമാമ് ॥

സാ—യാത്ര പുറപ്പെടുമ്പോഴും പോകുമ്പോഴും ഏതെങ്കിലുമായ ഗൃഹത്തിൽ പ്രവേശിക്കുമ്പോഴും ദധിമുതലായ ഒന്നൊറ്റ മംഗളപദാർത്ഥങ്ങൾ, വൈദ്യനായാലും മററാക്കെങ്കിലുമായാലും, ദർശനം സ്പർശനം കീർത്തനം എന്നിവയെക്കൊണ്ട് അശുഭങ്ങളെ അകലത്തു നീക്കുകയും ഉൽകൃഷ്ടമായ കാര്യസിദ്ധിയെ നൽകുകയും ചെയ്യും. അക്ഷതം=യവം. സ്യന്ദനം=തേര് മുതലായത്. അഷ്ടാപദം=ചതുരംഗഫലകം. അക്ഷം=പാശം (ചൂതുകരു) ശ്രീതരു=കൂവളമരം. ഭദ്രപീഠം=ദേവനെ എഴുന്നള്ളിച്ചിരുത്തുന്നതും ചതുഷ്കോണവുമായ ആസനം. സ്വസ്തികം=ഒരുതരം ആകൃതി (കുരിശിന്റെ ആകൃതി) കീചകങ്ങളായ വേണുകൾ=തുമ്പിതുളച്ച ശബ്ദിക്കുന്ന മുളകൾ. വരവധൂ-ഉത്തമസ്ത്രീ. വർദ്ധമാനം=ഒരുതരം അലങ്കാരം. പ്രയുക്തങ്ങളായ യാനങ്ങൾ=കോപ്പണിയിച്ചിട്ടുള്ള കുതിര മുതലായ വാഹനങ്ങൾ. ധന്വന്തരി=ചിത്രത്തിലെഴുതിയ ധന്വന്തരി (ധന്വന്തരിയുടെ ചിത്രം) വാമനൻ=മുണ്ടൻ. തോയോത്ഥിതമായ വരാഹം=വെള്ളത്തിൽനിന്നു കയറിവരുന്ന പന്നി. അമൃതം=അമൃതമെന്ന ശബ്ദം. മാണിഭദ്രൻ=ആ പേരായ യക്ഷൻ. ദിതി=അസുരന്മാരുടെ മാതാവ്. അദിതി=സൂര്യന്റെ മാതാവ്. ദേവസേനാ=ആ പേരായ ദേവി. സ്വധാ=പിതൃദേവതാ. ശാന്തി=ധർമ്മദേവതാ. അപത്യം=സന്താനം പുത്രൻ. ക്ഷമാ=ധർമ്മത്തിന്റെ അംഗമായ ക്ഷമാ. സ്വസ്തിശബ്ദം=സ്വസ്തി എന്ന ശബ്ദം. ശേഷം സ്പഷ്ടം.

അപി ച । പുന്നാമാനഃ പക്ഷിണോ വാമാഃ ശിവാഃ । ശിവാ ശ്യാമാ പിംഗലാ കോകിലാരളാ ചുച്ചുന്ദരീ സൂകരീ ഗൃഹഗോധി കൈകശവാശ്ച സ്ത്രീനാമാനോ ദക്ഷിണാഃ । ശിഖീ ചാഷകശ്യേനഗജാജകപയശ്ച । പ്രവേശേ തു വിപരീതാഃ । സർവ്വത്ര ച ദക്ഷിണാദ്വാമഗമനമിഷ്ടം ശ്വസൃഗാലയോഃ । വിപരീതം മൃഗവിഹങ്ഗയോഃ । സർവ്വഥാപി ദർശനം ഭരദ്വാജചാഷഭാസനകുലാനാമ് ।

സാ—സ്ത്രീരൂപങ്ങളാണെങ്കിലും പുരുഷനാമത്തോടുകൂടിയവ (ശുകചാഷാദികൾ)യായ പക്ഷികൾ പ്രസ്ഥാനാദികളിൽ എടത്തുഭാഗത്തു കാണപ്പെടുന്നതു നല്ലതാകുന്നു. സ്ത്രീനാമങ്ങളായിട്ടുള്ള ശിവാദികൾ പ്ര

സ്ഥാനാദിസമയങ്ങളിൽ വലത്തുഭാഗത്തു കാണപ്പെടുന്നതും നല്ലതാകുന്നു. ശിവാ=കുറുക്കൻ. ശ്യാമാ, പിംഗലാ, അരളാ=ഇവ മൂന്നും ഓരോതരം പക്ഷികൾ. കോകിലാ=കുയിൽപ്പേട. ചുച്ഛുന്ദരീ=ചുണ്ടെലി. സൂകരീ=പെണ്ണന്നി. ഗൃഹഗോധികാ=ഉടുമ്പ്. ഏകശഫകൾ=ചെങ്കുതിരമുതലായവ. ഇതുപോലെതന്നെ ശിഖി (മയില്) മൂഷകം(=ഒരുപേതുള്ള ഒരുതരം പ്രാണി). ശ്യേനം(=പരുന്ത്.) ഗജം, അജം, കപി എന്നിവയും വലത്തുഭാഗത്തു കാണപ്പെടുന്നതു നല്ലതാകുന്നു. എന്നാൽ ഇവയെല്ലാം തന്നെയും ഗ്രാമപ്രവേശത്തിങ്കൽ വിപരീതമായിക്കാണപ്പെടുന്നതാണ് ശുഭമായിട്ടുള്ളത്. ഇടത്തുഭാഗത്തേക്ക ശുഭങ്ങളായി പറയപ്പെട്ടവ പ്രവേശത്തിങ്കൽ വലത്തുഭാഗത്തും, വലത്തുഭാഗത്തേക്കു ശുഭങ്ങളായി പറയപ്പെട്ടവ പ്രവേശത്തിങ്കൽ ഇടത്തുഭാഗത്തും കാണപ്പെടുന്നതാണ് പ്രവേശത്തിങ്കൽ ശുഭമായിട്ടുള്ളതെന്നു സാരം. എല്ലായ്പോഴും (അതായതു പ്രസ്ഥാനഗമനപ്രവേശങ്ങളിൽ മൂന്നിലും) നായും കുറുക്കനും വലത്തുനിന്നിടത്തോട്ടു പോകുന്നതു നല്ലതാകുന്നു. മൃഗങ്ങളും പക്ഷികളും വിപരീതമായിട്ട് (അതായത് ഇടത്തുനിന്നു വലത്തോട്ടു) പോകുന്നതും നല്ലതാകുന്നു. ഭരദ്വാജൻ, ചാഷം, ഭാസം, നകുലം എന്നിവ എല്ലാപ്രകാരത്തിൽ കാണപ്പെടുന്നതും ശുഭമാകുന്നു (പ്രസ്ഥാനത്തിലോ, ഗമനത്തിലോ, പ്രവേശത്തിലോ എപ്പോളായാലും, ഇടത്തോ വലത്തോ മുന്നിലോ പിന്നിലോ എവിടെയായാലും ശുഭമാണെന്നു താൽപര്യം).

ശശസർപ്പാജാവിഗോധാജാവികസൂകരാണാം തു കീർത്തനമിഷ്ടമ് । ന ദർശനം വിരുതം വാ । വിപരീതമൃക്ഷവാനരയോഃ । സർവ്വമപി ചാനിഷ്ടം സരടകക്കുടവിഡാലോലൂകാനാം । തഥാ ഗ്രന്ഥ്യർബ്ബുദാദിഷു ച്ഛേദശബ്ദ ഇഷ്ടോ ഗുല്മോദരാദിഷു ഭേദശബ്ദോഽതിസാരരക്തപിത്താദിഷു ബന്ധശബ്ദോഽശ്മര്യുദരാദിഷു പ്രവർത്തനശബ്ദ ഇതി । ഏവമന്യേഽപി ധ്വനയോ ഊഹ്യാഃ । സർവ്വത്രൈവ ച സ്ഥിരസ്ഥാവരവർദ്ധമാനത്രാതാചലധ്രുവക്ഷേമശിവാദയഃ ശബ്ദാ ധന്യവാദിത്രസ്വരാശ്ച ശ്രേഷ്ഠാഃ ॥

സാ—ശശം (മുയൽ) മുതലായി സൂകരം (പന്നി) കൂടി പറയപ്പെട്ടവയുടെ കീർത്തനം (അവററയുടെ പേർ പറയുന്ന ശബ്ദം) ശുഭമാകുന്നു. എന്നാൽ അവയുടെ ദർശനമോ അവററയുടെ ശബ്ദശ്രവണമോ ശുഭമല്ല. ഋക്ഷം (കരടി) വാനരൻ (കുരങ്ങ്) ഇവയുടേതു വിപരീതമാ

കുന്നു. അവററയെ കാണുന്നതും അവററയുടെ ശബ്ദംകേൾക്കുന്നതും നല്ലതാണെന്നും അവററയുടെ പേർ മററാരെങ്കിലും പറയുന്നതു നല്ലതല്ലെന്നും സാരം. സരടാമുതൽ ഉലൂകംവരെയുള്ളവയുടെ സൎവ്വവും (അതായതു ദൎശനശ്രവണാദികൾ) ചിന്ത്യമാകുന്നു. അപ്രകാരംതന്നെ വൃക്ഷാദിച്ഛേദനശബ്ദം ഗ്രന്ഥ്യൎബ്ബുദാദികളിലും, ഭേദനശബ്ദം ഗുന്മോദരാദികളിലും, ബന്ധശബ്ദം അതിസാരരക്തപിത്താദികളിലും, പ്രവൎത്തനശബ്ദം മൂത്രകൃഛ്രാദികളിലും ഇഷ്ടമാകുന്നു. ഇപ്രകാരംതന്നെ മററുള്ള ധ്വനികളേയും കണ്ടുകൊൾക. (ഒരു രോഗത്തിങ്കൽ ഏതുപ്രകാരത്തിലുള്ള ക്രിയയാണോ വേണ്ടത് ആ ക്രിയയുടെ അൎത്ഥത്തെ കാണിക്കുന്ന ശബ്ദം കേൾക്കുന്നതു നന്നെന്നൎത്ഥം) സ്ഥിരം, സ്ഥാവരം, വൎദ്ധമാനം, ത്രാതം, അചലം, ധ്രുവം, ക്ഷേമം, ശിവം ഇത്യാദി ശബ്ദങ്ങൾ കേൾക്കുന്നതും ധന്യവാദം, വാദിത്രം ഇത്യാദി സ്വരങ്ങൾ കേൾക്കുന്നതും എല്ലാ രോഗങ്ങളിലും ശുഭവുമാകുന്നു.

ക്ഷതഹതപതിതാഃക്രോശപ്രഹാരച്ഛേദഭേദദാഹഹാഹാപ്ര
തിഷേധാദിശബ്ദാശ്ചികിത്സാപ്രതിഷേധായ ॥

സാ — ക്ഷതശബ്ദം, പതിതശബ്ദം, പ്രഹാരശബ്ദം, ഛേദശബ്ദം, ഭേദശബ്ദം, ദാഹശബ്ദം, ഹാഹാശബ്ദം, പ്രതിഷേധാദിശബ്ദങ്ങൾ (അരുത്, വിട്ടു ഇത്യാദി) ചികിത്സയുടെ പ്രതിഷേധത്തിനായിട്ടു ഭവിക്കുന്നു. ക്ഷതശബ്ദം=മുറിഞ്ഞു എന്ന ശബ്ദം. പതിതശബ്ദം=വീണു എന്ന ശബ്ദം. ഇങ്ങിനെ ശേഷവും ഊഹിക്കുക. ഈവക ദീനശബ്ദങ്ങൾ പ്രസ്ഥാനഗമനപ്രവേശാവസരങ്ങളിൽ കേൾക്കപ്പെട്ടാൽ ആ രോഗിയെ ചികിത്സിക്കരുതെന്നൎത്ഥം.

ദീപ്തായാഞ്ച ദിശി ക്രൂരപക്ഷിമൃഗധ്വനയോ വൃക്ഷേ വാ രൂ
ക്ഷശുഷ്ക്കേ സവല്ലീകണ്ടകേ । തദ്വിധേ വാ ദേശേ ॥

സാ — ദീപ്തയായ ദിക്കിങ്കൽ ക്രൂരങ്ങളായ പക്ഷിമൃഗാദികളുടെ ശബ്ദങ്ങൾ കേൾക്കുന്നതു ചികിത്സാപ്രതിഷേധത്തെച്ചെയ്യുന്നതാണ്. രൂക്ഷമായും ശുഷ്ക്കമായും വള്ളികളോടും മുള്ളുകളോടുംകൂടിയതായുമുള്ള വൃക്ഷത്തിലും അങ്ങിനെതന്നെ യിരിക്കുന്ന (രൌക്ഷ്യാദിയുക്തമായ) ദേശത്തിലും ക്രൂരശബ്ദങ്ങൾ ശ്രവിക്കുന്നതും നന്നല്ല. ക്രൂരമൃഗങ്ങൾ=മാംസംതിന്നുന്നവയായ സൃഗാലസിംഹാദികൾ. ക്രൂരപക്ഷികൾ=ഗൃദ്ധ്രാദികൾ. ദീപ്തയായ ദിക്ക് ഏതെന്നുവെച്ചാൽ പറയുന്നു—കിഴക്ക്, തെക്ക്, പ

ടിഞ്ഞാറ്, വടക്ക്, കിഴക്കുതെക്കുകോണ്, തെക്കുപടിഞ്ഞാറുകോണ്, വടക്കുപടിഞ്ഞാറുകോണ്, വടക്കുകിഴക്കുകോണ് എന്നീ എട്ടു ദിക്കുകൾക്കു ക്രമേണ അഹോരാത്രത്തിന്റെ എട്ടിലൊരോഭാഗങ്ങളിൽ സൂൎയ്യൻ ഭോക്താവായി ഭവിക്കുന്നു. പകലിന്റെ പൂൎവ്വയാമത്തിൽ കിഴക്കും, ദ്വിതീയയാമത്തിൽ കിഴക്കുതെക്കും, തൃതീയയാമത്തിൽ തെക്കും, ചതുൎത്ഥയാമത്തിൽ തെക്കുപടിഞ്ഞാറും ദിക്കുകളുടേയും, രാത്രിയിലെ പ്രഥമയാമത്തിൽ പടിഞ്ഞാറും ദ്വിതീയയാമത്തിൽ വടക്കുപടിഞ്ഞാറും തൃതീയയാമത്തിൽ വടക്കും ചതുൎത്ഥയാമത്തിൽ കിഴക്കുവടക്കും ദിക്കുകളുടേയും ഭോക്താവാണ് സൂൎയ്യൻ എന്നൎത്ഥം. ഇവയിൽ ഏതുദിക്ക് ഏതുസമയത്ത് സൂൎയ്യനാൽ ഭുജിക്കപ്പെടുന്നുവോ ആ ദിക്ക് ആ സമയത്ത് സ്വാധീനഭൎത്തൃകയായ സ്ത്രീയെന്നപോലെ ദീപ്തയായി ഭവിക്കുന്നു. അതാണ് ദീപ്തയായ ദിക്ക്. വൈദ്യൻ നില്ക്കുന്ന സ്ഥാനത്തുനിന്നു കണക്കാക്കിയാൽ ഏതുദിക്ക് ദീപ്തയായിരിക്കുന്നുവോ ആ ദിക്കിൽ ക്രൂരമൃഗപക്ഷിശബ്ദങ്ങൾ ശ്രവിക്കുന്നതു നന്നല്ലെന്നു ഭാവം].

ദൎശനഞ്ച തൃണപലാലകാഷ്ഠഭസ്മകൎപ്പൂരകലോഷ്ഠാദീനാം കണ്ടകോൎദ്ധ്വപാദയാനശയനാസനാദിഭഗ്നോപസ്കരരിക്തകുംഭമദ്യവസാതൈലതിലഗൎഭിണീശ്വപാകവ്യസനിമൃതാനാഞ്ച । പ്രവേശേചാതുരഗൃഹാൽ പൂൎവ്വോക്തമാംഗല്യനിൎഗ്ഗമഃ । പ്രവിഷ്ടസ്യ തു ഭിഷജഃ ന സൽക്കാരോ ലാഭതുഷ്ടിസ്തുതയശ്ചാശുഭാഃ ॥

സാ—തൃണാദികളുടെ ദൎശനം ചികിത്സാപ്രതിഷേധകരമാകുന്നു. പലാലം=തിലകല്ക്കം. ഊൎദ്ധ്വപാദയാനശയനാസനാദികൾ=മേല്പോട്ടു കാലാക്കിയ വാഹനം, കട്ടിൽ, കസേര മുതലായവ. ഭഗ്നോപസ്കരം=മുറിഞ്ഞതായ ഉപകരണദ്രവ്യം. ശ്വപാകൻ=ചണ്ഡാലൻ. വ്യസനി=അതിദുഃഖിതൻ. മൃതം=ശവം. വൈദ്യൻ രോഗിയുടെ ഗൃഹത്തിൽ പ്രവേശിക്കുമ്പോൾ അവിടെനിന്നു മുമ്പറഞ്ഞ അഷ്ടോത്തരശതമംഗളങ്ങളിൽ എന്തെങ്കിലും പുറത്തേക്കു പോകുന്നതും നന്നല്ല. പ്രവിഷ്ടനായ വൈദ്യനെ സൽക്കരിക്കുന്നതും ലാഭതുഷ്ടിസ്തുതികളും അശുഭങ്ങളല്ല.

ആതുരസ്യ വക്രാനുവക്രാ ഗ്രഹാ ഗൎഹിതസ്ഥാനസ്ഥാഃ । കേതുശനിരാഹുഭിൎജ്ജന്മൎക്ഷാഭിഭവോ ഗൃഹദ്വാരശയനാസനവാഹനമണിരത്നോപകരണാനാം വാ ഗൎഹിതലക്ഷണപ്രാദുൎഭാവശ്ചികിത്സാപ്രതിഷേധായ ॥

സാ—രോഗിക്ക് ഗ്രഹങ്ങൾ വക്രങ്ങളോ അനുവക്രങ്ങളോ ഗർഹിതസ്ഥാനത്തു നിൽക്കുന്നവയോ ആയി വന്നാൽ അശുഭങ്ങളാകുന്നു. വക്രങ്ങൾ=രാശിചക്രത്തിൽ ശരിയായ മാർഗ്ഗംവിട്ടു വളഞ്ഞുപോകുന്നവർ. അനുവക്രങ്ങൾ=ആദ്യം വക്രഗതിയെ അവലംബിച്ച് പിന്നെ സ്പഷ്ടഗതിയെത്തന്നെ പ്രാപിച്ചവർ. ഗർഹിതസ്ഥാനമെന്നാൽ അനുപചയരാശിയാകുന്നു. അനുപചയരാശികൾ=ലഗ്നാൽ ഒന്ന്, രണ്ടു, നാല്, അഞ്ച്, എഴ്, എട്ട്, ഒമ്പത്, പന്ത്രണ്ട് എന്നീ രാശികൾ. (മൂന്ന്, ആറ്, പതിനൊന്ന്, പത്ത് എന്നിവ ഉപചയരാശികളാണ്) അശ്വതിയും ഭരണിയും കാർത്തികക്കാലും മേടക്കൂറ് എന്നുതുടങ്ങി അശ്വതിമുതലായ ഇരുപത്തേഴു നക്ഷത്രങ്ങളിൽ രണ്ടേകാൽനക്ഷത്രംവീതം കൂട്ടി മേടംമുതലായ രാശികളെ കണക്കാക്കണം. ഇതുപോലെതന്നെ കേതു, ശനി, രാഹു എന്നീ ഗ്രഹങ്ങൾ രോഗിയുടെ ജന്മനക്ഷത്രത്തെ അഭിഭവിച്ചുനിൽക്കുന്നതും ഗൃഹം, ഭാര്യ, ശയനം, ആസനം, വാഹനം, മണി, രത്നം, ഉപകരണം എന്നിവയിൽ ഗർഹിതങ്ങളായ ലക്ഷണങ്ങൾ കാണുന്നതും ചികിത്സാപ്രതിബന്ധത്തെ ഉണ്ടാക്കുന്നതാണ്. ഇപ്രകാരം ദൂതലക്ഷണം പറയപ്പെട്ടു. ഇനി സ്വപ്നങ്ങളെപ്പറ്റിയാണ് പറയുന്നത്.

സ്വപ്നസ്തു സ്വയമന്യേന വാ ദൃഷ്ടഃ ശുഭാശുഭഹേതുഃ സപ്തവിധോ ദൃഷ്ടഃ ശ്രുതോഽനുഭൂതഃ പ്രാർത്ഥിതഃ സങ്കല്പിതോ ഭാവികോ ദോഷജശ്ച । തത്രാദ്യഃ പഞ്ചവിധോഽഫലഃ । തഥാ യഥാസ്വപ്രകൃതിർവ്വിസ്മൃതോ ദിവാതിഹ്രസ്വോതിദീർഘോ നാതിസ്പഷ്ടദൃഷ്ടശ്ച॥

സാ—രോഗി താൻതന്നെയോ രോഗിയെ ഉദ്ദേശിച്ച് മറ്റൊരാളോ കണ്ടതായ സ്വപ്നവും സാമാന്യേന ശുഭാശുഭങ്ങൾക്കു ഹേതുവാകുന്നു. ദൃഷ്ടംമുതലായി ഏഴുവിധത്തിലാണ് സ്വപ്നം. (1) ദൃഷ്ടം=കാണപ്പെട്ടത്; കണ്ണുകൊണ്ടു കണ്ടിട്ടുള്ളതിനെ സ്വപ്നത്തിൽ കാണുക. (2) ശ്രുതം=കേൾക്കപ്പെട്ടത്; മറ്റുള്ളവർ പറഞ്ഞുകേട്ടിട്ടുള്ളതിനെ സ്വപ്നത്തിൽ കാണുക. (3) അനുഭൂതം=അനുഭവിക്കപ്പെട്ടത്; താൻ മുമ്പനുഭവിച്ചതിനെ സ്വപ്നംകാണുക. (4) പ്രാർത്ഥിതം=പ്രാർത്ഥിക്കപ്പെട്ടത്; താൻ ലഭിക്കാനാഗ്രഹിച്ച വസ്തുവിനെ സ്വപ്നത്തിൽ കാണുക. (5) കല്പിതം=മനസ്സുകൊണ്ട് സങ്കല്പിക്കപ്പെട്ടത്; ഇതെനിക്കെങ്ങിനെ കിട്ടും എന്നു സങ്കല്പിക്കപ്പെട്ടതിനെ സ്വപ്നംകാണുക. (6) ഭാവികം=സ്വഭാവവശാൽ ആഗതം; ഇത് എന്നാൽ അവശ്യം കർത്തവ്യമാണെ

ന്ന കരുതപ്പെട്ടതിനെ സ്വപ്നംകാണുക. (7) ദോഷജം = വാതാദിദോഷങ്ങളുടെ സാമർത്ഥ്യംകൊണ്ടുള്ളത്; ആകാശത്തിൽക്കൂടെ പോകുന്നതായും മറ്റും സ്വപ്നംകാണുക. ഇങ്ങിനെ ഏഴുവിധമുള്ള സ്വപ്നങ്ങളിൽ ആദ്യത്തെ അഞ്ചുതരം സ്വപ്നങ്ങൾ ഫലമില്ലാത്തവയാണ്. ബാക്കിയുള്ള ഭാവികസ്വപ്നത്തിന്നും ദോഷജസ്വപ്നത്തിന്നും മാത്രമേ ഫലമുള്ളൂ. അവയിൽത്തന്നെയും ദോഷജമായത് യഥാസ്വപ്രകൃതി (അതായത് വാതപ്രകൃതിയായവൻ ഇന്നമാതിരി സ്വപ്നങ്ങളെ കാണും എന്നുതുടങ്ങി പറഞ്ഞപ്രകാരമുള്ളതു) യായിട്ടുള്ളതു നിഷ്ഫലമാണ്. അപ്രകാരംതന്നെ സ്വപ്നംകണ്ടു മറന്നുപോയാൽ അതിന്നും, പകൽ കാണപ്പെട്ട സ്വപ്നത്തിന്നും, അതിഹ്രസ്വമോ അതിദീർഘമോ ആയ സ്വപ്നത്തിന്നും, അധികം ഉറങ്ങാതെ കണ്ട സ്വപ്നത്തിന്നും ഫലമില്ല.

പൂർവ്വരാത്രേല്പം ചിരാച്ച ഫലം കരോതി । ഗോസർഗ്ഗേ മഹത്സദ്യശ്ച । നിദ്രയാ ച പുനരനുപഹതഃ പ്രതീപൈശ്ച വചോഭിർദ്ദാനയമനിയമാദിഭിർവ്വാ ॥

സാ—രാത്രിയുടെ പൂർവ്വഭാഗത്തിങ്കൽ സ്വപ്നംകണ്ടാൽ അതു ഫലപ്രദമാണെങ്കിലും അല്പമായ ഫലമേ ചെയ്യുകയുള്ളൂ. അതുതന്നെ ചിരകാലംകൊണ്ടേ ചെയ്യുകയുള്ളൂ. ഗോസർഗ്ഗത്തിങ്കൽ (രാത്രിയുടെ അന്ത്യത്തിൽ) കാണപ്പെട്ടതായ സ്വപ്നം മഹത്തായ ഫലത്തെ ചെയ്യും. വേഗത്തിൽ ചെയ്കയും ചെയ്യും. സ്വപ്നംകണ്ടതിന്നുശേഷം ഉറക്കംവരാത്തപക്ഷവും അതു വലുതായ ഫലത്തെ വേഗത്തിൽ ചെയ്യും. സ്വപ്നത്തിൽ കാണപ്പെട്ടതിന്നു പ്രതികൂലങ്ങളായ വാക്കുകളാൽ സ്വപ്നം തടയപ്പെടാതിരുന്നാൽ അതും വലുതായ ഫലത്തെ വേഗത്തിൽ ചെയ്യും. അഥവാ, ഏതു സ്വപ്നമായാലും ദാനം, യമം (ഇന്ദ്രിയനിഗ്രഹം) നിയമം (വ്രതം) മുതലായ സൽകർമ്മങ്ങൾചെയ്താൽ വേഗത്തിലും മഹത്തായും ഫലത്തെ ചെയ്യും.

തത്ര യഃ പ്രേതൈസ്സഹ മദ്യം പിബൻ ശുനാ കൃഷ്യതേ സ ഹന്യതേ ജ്വരേണ । യോ ലാക്ഷാരക്താമംബരം പശ്യതി യോ വാ രക്തദേഹമാല്യവസ്ത്രോ ഹസൻ നാര്യാ ഹ്രിയതേ സ രക്തപിത്തേന । യോ യാമ്യാം ദിശം ഖരോഷ്ട്രമഹിഷവരാഹാന്യതമേന സ യക്ഷ്മണാ । യസ്യ കണ്ടകിനീ ലതാ വംശസ്താലോ വാ ഹൃദി ജായതേ സ ഗുല്മേന । യസ്യ ശിരസി സ ശിരോരോഗേണ വാ ശിരച്ഛേദ

ഹേന । യസ്യ നഗ്നസ്യാജ്യാവസിക്തസ്യാഗ്നിമനർച്ചിഷം ജുഹ്വതോ ജായന്തേ പത്മാന്യുരസി സ കുഷ്ഠേന । യശ്ചണ്ഡാലൈസ്സഹ സ്നേഹം പിബതി സ പ്രമേഹേണ । യോ മത്തഃ സോപസ്മാരേണ। യശ്ചന്ദ്രസൂര്യയോരുപരാഗം പശ്യതി തസ്യ നേത്രരോഗ ഉപജായതേ । യസ്സൂര്യേന്ദ്വോഃ പതനം തസ്യ നേത്രവിനാശഃ ॥

സാ—ചില സ്വപ്നവിശേഷങ്ങളെ പറയുന്നു. തത്രേതി—യാതൊരുവൻ മരിച്ചുപോയവരോടുകൂടി മദ്യപാനംചെയ്യുമ്പോൾ ശ്വാവിനാൽ വലിക്കപ്പെടുന്നുവോ (അങ്ങിനെ ചെയ്യുന്നതായി സ്വപ്നംകാണുന്നുവോ) അവൻ ജ്വരത്താൽ ഹനിക്കപ്പെടും. യാതൊരുവൻ ലാക്ഷാരസംപോലെ രക്തവർണ്ണമായിട്ട് അംബരത്തെ കാണുകയോ, രക്തദേഹനായി രക്തമാല്യവും രക്തവസ്ത്രവും ധരിച്ച് ചിരിച്ചുംകൊണ്ടിരിക്കുമ്പോൾ സ്ത്രീയാൽ ആകർഷിക്കപ്പെടുകയോ ചെയ്യുന്നു അവൻ രക്തപിത്തത്താൽ ഹനിക്കപ്പെടും. യാതൊരുവൻ കഴുതയാലോ ഒട്ടകത്താലോ പോത്തിനാലോ പന്നിയാലോ തെക്കേദിക്കിലേക്കു കൊണ്ടുപോകപ്പെടുന്നുവോ അവൻ രാജയക്ഷ്മാവിനാൽ ഹനിക്കപ്പെടും. യാതൊരുവന്റെ ഹൃദയത്തിൽ മുള്ളുള്ളതായ വള്ളിയോ മുളയോ പനയോ മുളയ്ക്കുന്നുവോ അവൻ ഗുന്മനാൽ ഹനിക്കപ്പെടും. യാതൊരുവന്റെ ശിരസ്സിൽ അരുകൾ ഉണ്ടാകുന്നുവോ അവൻ ശിരോരോഗത്താലോ ശസ്ത്രംകൊണ്ടുള്ള ശിരശ്ഛേദനത്താലോ ഹനിക്കപ്പെടും. യാവനൊരുത്തൻ നൈപുരട്ടി ജ്വാലയില്ലാത്തതായ അഗ്നിയിൽ നഗ്നനായി ഹോമംചെയ്യുമ്പോൾ മാറത്തു താമരപ്പൂക്കൾ ഉണ്ടാകുന്നുവോ അവൻ കുഷ്ഠത്താൽ ഹനിക്കപ്പെടും. യാതൊരുവൻ ചണ്ഡാലന്മാരോടുകൂടി സ്നേഹപാനംചെയ്യുന്നുവോ അവൻ പ്രമേഹത്താലും, യാതൊരുവൻ മത്തനായി ഭവിക്കുന്നുവോ അവൻ അപസ്മാരത്താലും ഹനിക്കപ്പെടും. ചന്ദ്രഗ്രഹണവും സൂര്യഗ്രഹണവും സ്വപ്നംകാണുന്നവനു കണ്ണിൽ ദീനമുണ്ടാകും. സൂര്യചന്ദ്രന്മാർ ആകാശത്തുനിന്നു വീഴുന്നതായി സ്വപ്നംകണ്ടവനു നേത്രനാശവും ഭവിക്കും.

യഃ ശഷ്കുലീരപൂപാൻ വാഭ്യവഹൃത്യ പ്രതിബുദ്ധഃ ഛർദ്ദയതി, യസ്യ ശിരസി ലതാദയോ ജായന്തേ വയാംസി ച നിലീയന്തേ മൌണ്ഡ്യം വാ ഭവതി, യോ ഗൃദ്ധ്രോലൂകകാകാദ്യൈഃ പ്രേതപിശാചരക്ഷോദ്രവിഡാന്ധ്രസ്ത്രീചണ്ഡാലാദ്യൈർവ്വാ പരിവാര്യതേ, ദക്ഷിണാഭിമുഖം വാ സ്ത്രിയം നൃത്യന്നാകൃഷ്യതേ, അന്താവസായ

ഭിത്വാ സ്വപ്നം വാ ദിഗംബരോ യാതി ശൂന്യാടവീം വാ കപിരഥേന, പ്രേതൈഃ പ്രവ്രജിതൈർവ്വാ പരിഷജ്യതേ, നഗ്നോ വാ രക്താം സ്രജം ധാരയതി, പാംസുഭിശ്ച ഹസതി നൃത്യതി വാ, വേത്രവംശകണ്ടകതൃണഗഹനേ സംസൃജ്യതേ പതതി വാ പാംസൂപധാനോ യഃ ഭുവി, വല്മീകഭസ്മശ്മശാനശ്വഭ്രായതനേഷു വാ പങ്കകലുഷോദകേഷു വാ മജ്ജതി, സ്രോതസാ വാ ഹ്രിയതേ, രക്തകുസുമവനാം ഭൂമിം ഗുഹാമന്ധകാരാചിതാം പാപകർമ്മാലയം സംബാധം ജനനീം വാ പ്രവിശതി, ശ്മശ്രുകർമ്മ ച യസ്യ ഗാത്രവൃദ്ധിം വിവാഹഞ്ചാനുഭവതി, ശൈലപ്രാസാദാഗ്രാൽ പതത്യാരോഹതി വാ യൂപപുഷ്പാഢ്യശാല്മലീകോവിദാരകിംശുകപാരിഭദ്രകാൻ, യോ വാ പരാജീയതേ ബധ്യതേ മർദ്ദ്യതേ വിരിച്യതേ ഛർദ്യതി ലഭതേ വാ ഹിരണ്യലോഹതൈലപിണ്യാകകാർപ്പാസാന്നശ്നാതി പക്വാന്നം പിബതി മദ്യം സ്നേഹം വാഭ്യജ്യതി നിർഭർത്സ്യതേ വാ കുപിതൈഃ പിതൃഭിഃ, ചന്ദ്രാർക്കതാരാദീപദേവതാനേത്രദർശനാന്യപതതോ നശ്യതോ വാ പശ്യതി വക്ത്രം വാ ബാഹുഭംഗം വാ വിഭീദ്രൃമണം പുരുഷാൻ വാ നഗ്നാൻ കഷായവാസസഃ സാസൌമ്യാൻ ദണ്ഡപാശഹസ്താൻ കൃഷ്ണാൻ രക്താക്ഷാൻ സ്ത്രീയം വാ കൃഷ്ണശുക്ലദശനാം ദീർഘകേശനഖീം കാളരാത്രിരൂപാം, തേ വ്യാധിതാഃ പഞ്ചതാമാപ്നുവന്തി, സ്വസ്ഥാസ്തു ജീവിതസന്ദേഹമിതി ॥

സ്വ — ശഷ്കുലി എന്ന പലഹാരമോ അപ്പമോ തിന്നതായി സ്വപ്നംകണ്ട് ഉണൎന്ന് അതിനെ ഛർദ്ദിക്കുക; തലയിൽ വള്ളിമുതലായവ (ലതാ, വംശ, താലങ്ങൾ) ഉണ്ടാകയോ പക്ഷികൾ വന്നിരിക്കയോ ശിരസ്സിന്നു വൈരൂപ്യം വരികയോ ചെയ്ക; കഴുകൻ കാക്ക മുതലായവയോ പ്രേതപിശാചരക്ഷസ്സുകളോ ദ്രമിഡർ (തമിഴർ) ആന്ധ്രർ (തെലുങ്കർ) സ്ത്രീ ചണ്ഡാലൻ മുതലായവരോ വന്നു വളയുക; നൃത്തംചെയ്തുംകൊണ്ട് തെക്കോട്ട് സ്ത്രീയാൽ വലിക്കപ്പെടുക; അന്ത്യാവസായിക(ചണ്ഡാലാദികൾ)ളോടുകൂടിയോ തനിച്ചോ നഗ്നനായിട്ട് പോവുക; കുരങ്ങുകളെ പൂട്ടിയ തേരിൽകയറി ശൂന്യവനത്തിലേക്ക പോവുക; മരിച്ചുപോയവരെയോ സന്ന്യാസികളേയോ ആലിംഗനംചെയ്ക; നഗ്നനായിട്ടു രക്തമാല്യം ചൂടുക, മേൽ ചളിതേച്ച് ചിരിക്കയോ തുള്ളുകയോ ചെയ്ക; ചൂരൽ മുള മുള്ള് പുല്ല് എന്നിവയുടെ വനത്തിൽ ചെന്നുപെടുക;

ഒപ്പാടിയാകുന്ന ഉപധാനത്തോടുകൂടിയ ഭൂമിയിൽ വീഴുക; പുററ് ഭസ്മം ചുടല കുണ്ടൻപ്രദേശം എന്നിവയിൽ പതിക്കുക; ചേറ് കിണറ് കലങ്ങിയ വെള്ളം ഇവയിൽ മുങ്ങുക; ഒഴുക്കിനാൽ തട്ടിക്കൊണ്ടുപോകപ്പെടുക; ചുവന്ന പൂക്കളുടെ കാട്ടുകളോടുകൂടിയ ഭൂമിയേയോ ഇരുളടഞ്ഞ ഗുഹയേയോ പാപകർമ്മം ചെയ്യുന്ന സ്ഥലത്തേയോ ആൾക്കൂട്ടത്തേയോ അമ്മയേയോ പ്രവേശിക്കുക; ക്ഷൌരംചെയ്യപ്പെടുകയോ ദേഹം പുളന്നം കൊണ്ടിരിക്കയോ വിവാഹംചെയ്കയോ ചെയ്ക; കുന്നിൻപുറത്തുനിന്നോ മാളികപ്പുറത്തുനിന്നോ വീഴുക; യാഗസ്തംഭം പൂക്കൾനിറഞ്ഞ പൂള കൊന്ന മുരിക്ക് വേപ്പ് ഇവയിന്മേൽ കയറുക; അന്യനാൽ തോല്പിക്കപ്പെടുകയോ കെട്ടപ്പെടുകയോ ചെയ്ക; ഛർദ്ദിക്കയോ മലവിസർജ്ജനംചെയ്കയോ ഹർഷിക്കയോ ചെയ്ക; സ്വർണ്ണം ഇരിമ്പ് എണ്ണ പിണ്ണാക്ക് പരുത്തി ഇവയെ ലഭിക്കുക; പക്വാന്നംഭക്ഷിക്കുക; മദ്യമോ എണ്ണയോ കുടിക്കുക; എണ്ണതേക്കുക; മരിച്ചുപോയവരാൽ കോപത്തോടുകൂടി ശപിക്കപ്പെടുക, ചന്ദ്രൻ സൂര്യൻ നക്ഷത്രം വിളക്ക് ദേവത നേത്രദർശനം എന്നിവ കീഴ്പോട്ടു വീഴുന്നതായോ നശിക്കുന്നതായോ കാണുക; കൈ വളഞ്ഞതായോ അംഗം പിളരുന്നതായോ കാണുക; നഗ്നന്മാരും കഷായവസ്ത്രധാരികളും അസൌമ്യ(രൂക്ഷ)ന്മാരും ദണ്ഡപാശങ്ങളേന്തിയവരും കറുത്തനിറമുള്ളവരുമായ പുരുഷന്മാരെ കാണുക; കറുത്തും വെളുത്തുമുള്ള കണ്ണുകളോടുകൂടിയവളും നീണ്ട കേശങ്ങളും നഖങ്ങളും സ്തനങ്ങളുമുള്ളവളും കാളരാത്രിസ്വരൂപിണിയുമായുള്ള സ്ത്രീയെ കാണുക; ഇങ്ങിനെയെല്ലാമുള്ള സ്വപ്നങ്ങൾ കാണുന്നവർ രോഗികളാണെങ്കിൽ ശീഘ്രമായും മരിക്കും. രോഗമില്ലാത്തവരാണെങ്കിൽതന്നെ ജീവിച്ചുപോരുമെന്നുള്ള സംശയമായിട്ടുള്ള നിലയിൽ വരും.

ഭവന്തി ചാത്ര —

മനോവഹാനാം പൂർണ്ണത്വാൽ സ്രോതസാം പ്രബലൈർമ്മലൈഃ
ദൃശ്യന്തേ ദാരുണാഃ സ്വപ്നാ വിനാശാഭിമുഖാത്മഭിഃ.

സാ—മനസ്സിനെ വഹിക്കുന്നവയായ സ്രോതസ്സുകൾ പ്രബലങ്ങളായ വാതാദിദോഷങ്ങളെക്കൊണ്ടു പൂർണ്ണങ്ങളായി ഭവിക്കുകയാലാണ് ഭയങ്കരങ്ങളായ സ്വപ്നങ്ങൾ കാണപ്പെടുന്നത്. ആരാൽ? വിനാശാഭിമുഖാത്മാക്കളാൽ. വിനാ.........ത്മക്കൾ—ആത്മാവിന്നു നാശമടുത്തിട്ടുള്ളവർ.

അകല്യാണമപി സ്വപ്നം ദൃഷ്ട്വാ തത്രൈവ യഃ പുനഃ
പശ്യേൽ സൗമ്യം ശുഭം തസ്യ ശുഭമേവ ഫലം ഭവേൽ.

സാ—അശുഭമായ സ്വപ്നത്തെ കണ്ടിട്ട് അപ്പോൾതന്നെ വീണ്ടും യാതൊരുവൻ സൌമ്യമായും ശുഭമായുമുള്ള സ്വപ്നത്തെ കാണുന്നുവോ അവന്നു ശുഭമായ ഫലംതന്നെ ഭവിക്കും. ശുഭങ്ങളായ സ്വപ്നങ്ങളെ താഴെ പറയുന്നു.

ദേവാൻ ദ്വിജാൻ ഗോവൃഷഭാൻ ജീവതസ്സുഹൃദോ നൃപാൻ
സാധൂൻ യശസ്വിനോ വഹ്നിമിദ്ധം സ്വച്ഛാൻ ജലാശയാൻ
കന്യാഃ കുമാരകാൻ ഗൌരാൻ ശുക്ലവസ്ത്രാൻ സുതേജസഃ
നരാശനം ദീപ്തതനും സമന്താദ്രുധിരോക്ഷിതം
യഃ പശ്യേല്ലഭതേ യോ വാ ഛത്രാദർശവിഷാമിഷം
ശുക്ലാസ്സുമനസോ വസ്ത്രമമേദ്ധ്യാലേപനം ഫലം
ശൈലപ്രാസാദസഫലവൃക്ഷസിംഹനരദ്വിപാൻ
ആരോഹേൽ ഗോശ്വയാനഞ്ച തരേന്നദ്ഹ്രദോദധീൻ
പൂർവ്വോത്തരേണ ഗമനമഗമ്യാഗമനം മൃതിഃ
സംബാധാന്നിഃസൃതിഃ സ്പർശസ്താരകാചന്ദ്രഭാസ്വതാം
രോദനം പതിതോത്ഥാനം ദ്വിഷതാഞ്ചാവമർദ്ദനം
യസ്യ സ്യാദായുരാരോഗ്യം വിത്തം ബഹു ച സോശ്നുതേ.

സാ—ദേവന്മാർ, ബ്രാഹ്മണർ, പശുക്കൾ, കാളകൾ, ജീവിച്ചിരിക്കുന്ന സുഹൃത്തുകൾ, രാജാക്കന്മാർ, സജ്ജനങ്ങൾ, കീർത്തിയുള്ളവർ, കത്തുന്ന തിയ്യ്, തെളിഞ്ഞ ജലാശയങ്ങൾ, കന്യകമാർ, ഗൌരവർണ്ണമുള്ളവരും ശുക്ലവസ്ത്രധാരികളും ശോഭനമായ തേജസ്സുള്ളവരുമായ ആൺകുട്ടികൾ, ദീപ്തദേഹനും ചോരപുരണ്ടവനുമായ രാക്ഷസൻ എന്നിവരെ കാണുക; കുട, കണ്ണാടി, വിഷം, മാംസം, വെളുത്ത പൂക്കൾ, വെളുത്ത വസ്ത്രം, അമേദ്ധ്യാലേപനം, ഫലം എന്നിവയെ ലഭിക്കുക; കുന്ന്, മാളിക, കായുള്ളമരം, സിംഹം, ആട്, ആന, ഗോയാനം, അശ്വയാനം എന്നിവയെ കയറുക; നദം, കയം, കടൽ എന്നിവ കടക്കുക; വടക്കുകിഴക്കവഴിയെ പോവുക, ഗമിപ്പാൻപാടില്ലാത്ത സ്ത്രീകളെ ഗമിക്കുക; മരിക്കുക; ആൾത്തിരക്കിൽനിന്നു വിട്ടുപോരുക; താരകാദികളെ സ്പർശിക്കുക; കരയുക; വീണേടത്തുനിന്നെഴുന്നേല്ക്കുക; ശത്രുക്കളെ മർദ്ദിക്കുക;—എന്നീ സ്വപ്നത്തിൽ ആർക്കു ഭവിക്കുന്നുവോ അവൻ ആയുസ്സിനേയും ആരോഗ്യത്തേയും വളരെ ധനത്തേയും അനുഭവിക്കും.

പിതൃദേവദ്വിജാദീനാം ക്രുദ്ധഭീതകൃശാത്മനാം
മലിനാംബരപുഷ്പാണാം ദർശനം ന പ്രശസ്യതേ.
തേഷാമേവ തു തുഷ്ടാനാം ശുദ്ധപുഷ്പാംബരാത്മനാം
ദർശനം ശസ്യതേ സ്വപ്നേ തൈശ്ച സംഭാഷണം ശുഭം.

സാ—പിതൃക്കൾ, ദേവന്മാർ, ബ്രാഹ്മണർ എന്നിവരെ ക്രോധിച്ചവരായും ഭയപ്പെട്ടവരായും കൃശന്മാരായും മുഷിഞ്ഞ വസ്ത്രവും പുഷ്പവും ധരിച്ചവരായും സ്വപ്നംകാണുന്നതു ഒരിക്കലും നല്ലതല്ല. എന്നാൽ അവരെത്തന്നെ സന്തുഷ്ടന്മാരായും ശുദ്ധമായ പുഷ്പവും വസ്ത്രവും ധരിച്ചവരും ശുദ്ധാത്മാക്കളുമായും സ്വപ്നത്തിൽകാണുന്നതും അവരുമായി സ്വപ്നത്തിൽ സംഭാഷണം ചെയ്യുന്നതും നല്ലതാകുന്നു.

ദൃഷ്ട്വാ സ്വപ്നാൻ ദാരുണാൻ ശോഭനാൻ വാ
പ്രാതഃ സ്നാതസ്സർഷപാനഗ്നിവർണ്ണാൻ
ഹുത്വാ സാവിത്ര്യാ സർപ്പിഷാക്താംസ്തിലാൻ വാ
പൂതഃ പാപൈർമ്മുച്യതേ വ്യാധിഭിശ്ച ॥

സാ—ഭയങ്കരങ്ങളായ സ്വപ്നങ്ങളെയോ ശോഭനങ്ങളായ സ്വപ്നങ്ങളെയോ കണ്ടാൽ പ്രഭാതത്തിൽ കുളിച്ച് അഗ്നിവർണ്ണമായ കടുകോ എള്ളോ നെയ്പുരട്ടി ഗായത്രീമന്ത്രംകൊണ്ട് തീയിൽ ഹോമിച്ച് ശുദ്ധനായിരുന്നാൽ പാപങ്ങളും വ്യാധികളും അകന്നുപോകും.

മംഗളാചാരസമ്പന്നഃ പരിവാരസ്തഥാതുരഃ
ശ്രദ്ധാനോനുകൂലശ്ച പ്രഭൂതദ്രവ്യസംഗ്രഹഃ
സത്വലക്ഷണസംയോഗോ ഭക്തിർവ്വൈദ്യദ്വിജാതിഷു
ചികിത്സായാമനിർവ്വേദസ്തദാരോഗ്യസ്യ ലക്ഷണം.

സാ—പരിവാരം ശുഭമായ ആചാരത്തോടുകൂടിയതായിരിക്കുക; അപ്രകാരംതന്നെ രോഗി ശ്രദ്ധയുള്ളവനും വൈദ്യന്ന് അനുകൂലനും ആയിരിക്കുക; ധാരാളം സമ്പത്തുണ്ടായിരിക്കുക; സത്വഗുണത്തിന്നു പറഞ്ഞ ലക്ഷണമുണ്ടായിരിക്കുക; വൈദ്യന്മാരിലും ബ്രാഹ്മണരിലും ഭക്തിയുണ്ടായിരിക്കുക; ചികിത്സയിൽ അനിർവ്വേദം (=മടുപ്പില്ലായ്മ) ഉണ്ടായിരിക്കുക; ഇങ്ങിനെയെല്ലാമായിരിക്കുന്നതു ആരോഗ്യത്തിന്റെ ലക്ഷണമാകുന്നു.

അനന്തരം ശാരീരമെന്ന ഈ സ്ഥാനത്തെ ഉപസംഹരിക്കുന്നു:—

ഇത്യത്രജന്മമരണം യതസ്സമ്യഗുദാഹൃതം
ശരീരസ്യ തതഃ സ്ഥാനം ശാരീരമിദമുച്യതേ.

സാ— ഇപ്രകാരം ഈ സ്ഥാനത്തിങ്കൽ ശരീരത്തിന്റെ ജനനം മുതൽ മരണംവരെയുള്ള എല്ലാ അവസ്ഥകളും വഴിപോലെ പറയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ സ്ഥാനം ശാരീരം എന്നു പറയപ്പെടുന്നു. ശാരീരം=ശരീരത്തെസംബന്ധിച്ചത്.

ഇത്യഷ്ടാംഗസംഗ്രഹേ ശാരീരസ്ഥാനേ
ദ്വാദശോദ്ധ്യായഃ
സമാപ്തഃ.

(സമാപ്തഞ്ചേദം ശാരീരസ്ഥാനമ്).

## വ്യാഖ്യാതൃശ്ലോകാഃ.

വിദിതമവിദിതം വാ യന്മയാത്ര പ്രമാദാ-
ല്ലിഖിതമഖിലമേതൽ ക്ഷന്തുമർഹന്തി സന്തഃ
യ ഇഹ തിലസമാനം മന്യതേ താലതുല്യം
പരഗുണമുരുകാരുണ്യേന ചേതോഗരിമ്ണാ ൧.

ഗുരുതരകരുണൈകാ സാധികാ സദ്ഗുണാനാ-
മൃതതരദുരിതാനാം ബാധികാ ദുർഗ്ഗുണാനാം
ദുരധിഗമതരാണാം ബോധികാർത്ഥാവലീനാ-
മുദമതു സതതാ മേ സാധികാ ചിത്തരംഗേ ൨.

ജയതു ജയതു തേജഃ കിഞ്ചിദീഢാപുരാംബാ-
പദസരസിജചഞ്ചച്ചഞ്ചരീകായമാണം
ഹൃതിതിമിരമശേഷം യേന നിഷ്കാസിതം മേ
സുഗമവിശദമാർഗ്ഗാഃ[illegible]ന്തരായമ് ൩.

( ശുഭം )

# വൈദ്യപുസ്തകങ്ങൾ.

ലളിതമായ മലയാളവ്യാഖ്യാനത്തോടുകൂടിയവ.

| | | | | |
|---|---|---|---|---|
| ചികിത്സാക്രമം (കെ. വി. യം.) | | 1 | 0 | 0 |
| ഗുണപാഠം | ടി | 0 | 6 | 0 |
| അഞ്ജനനിദാനം (പണ്ഡിത സി-കെ-വി-ശർമ്മാ) | | 0 | 8 | 0 |
| അഷ്ടസ്ഥാനപരീക്ഷയും മർമ്മവിഭാഗവും | ടി | 0 | 6 | 0 |
| സുഖസാധകം | ടി | 2 | 0 | 0 |
| ശാർങ്ഗധരസംഹിത | ടി | 2 | 0 | 0 |
| നിദാനം | | 0 | 1 | 0 |
| ബാലചികിത്സ | | 0 | 3 | 0 |
| പ്രയോഗസമുച്ചയം ഭാഷാവിഷവൈദ്യം (വിഷവൈദ്യൻ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്) | | 1 | 4 | 0 |
| വിഷവൈദ്യസാരസംഗ്രഹം | | 0 | 8 | 0 |
| വൈദ്യമനോരമ | | 1 | 4 | 0 |
| അഷ്ടാംഗസംഗ്രഹം—സൂത്രസ്ഥാനം | | 3 | 0 | 0 |
| ചരകസംഹിതാ—സൂത്രസ്ഥാനം | | 3 | 0 | 0 |
| ,, നിദാനസ്ഥാനം | | 0 | 10 | 0 |
| ,, വിമാനസ്ഥാനം | | 1 | 0 | 0 |
| ,, ശാരീരസ്ഥാനം | | 1 | 0 | 0 |
| ,, ഇന്ദ്രിയസ്ഥാനം | | 0 | 8 | 0 |
| ,, ചികിത്സിതസ്ഥാനം പൂർവ്വാർദ്ധം | | 3 | 8 | 0 |
| ,, ,, ഉത്തരാർദ്ധം | | 3 | 8 | 0 |
| ,, കല്പസ്ഥാനം | | 0 | 10 | 0 |
| ,, സിദ്ധിസ്ഥാനം | | 1 | 4 | 0 |

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

മാനേജർ, ഭാരതവിലാസം പ്രസ്സ്,

തൃശ്ശിവപേരൂർ